ഒത്തുചേർന്ന് രചിക്കാം
വൃത്തിയുള്ള കേരളം


കേരള സർക്കാർ
ഹരിതകേരളം മിഷൻ
[illegible]
www.haritham.kerala.gov.in
haritham@kerala.gov.in
harithakeralampkk@gmail.com



ശുചിത്വ മിഷൻ
[illegible]
www.sanitation.kerala.gov.in
sanitation.sm@kerala.gov.in
iec.sm@kerala.gov.in


ഹരിതകേരളം പ്രാദേശിക ശുചിത്വ മാതൃകകൾ

# ഹരിതകേരളം
# പ്രാദേശിക ശുചിത്വ മാതൃകകൾ

ഹരിതകേരളം മിഷൻ
ശുചിത്വ മിഷൻ

# ഹരിതകേരളം
# പ്രാദേശിക ശുചിത്വ മാതൃകകൾ

ഹരിതകേരളം മിഷൻ
ശുചിത്വ മിഷൻ

ഹരിതകേരളം
**പ്രാദേശിക ശുചിത്വ മാതൃകകൾ**

തയ്യാറാക്കിയത്
ഹരിതകേരളം മിഷൻ ടീം

കവർ ഡിസൈൻ &
ലേ-ഔട്ട്
പ്രദീപ് ഓർക്കാട്ടേരി

ഡി.ടി.പി.
ജില്ലാ മിഷനുകൾ
ഹരിതകേരളം മിഷൻ

പ്രസിദ്ധീകരിക്കുന്നത്
ഹരിതകേരളം മിഷൻ
റ്റി.സി. 2/3271(3)(4)
ഹരിതം, കുട്ടനാട് ലെയിൻ
പട്ടം പാലസ് പി.ഒ.
തിരുവനന്തപുരം 695004

ശുചിത്വമിഷൻ
സ്വരാജ് ഭവൻ, Base Floor (-1)
നന്തൻകോട്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695 003

അച്ചടി
ഗ്രാമലക്ഷ്മി മുദ്രാലയം

കോപ്പി : 3000
സൗജന്യ വിതരണത്തിന്
ജനുവരി 2020

# സന്ദേശം



**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

നം.43/പ്രസ്/സി.എം.ഒ/2020. ജനുവരി 13, 2020.

## സന്ദേശം

സ്വന്തം വീടും പരിസരവുമെന്ന പോലെ നമ്മുടെ ചുറ്റുപാടും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കാൻ നാം ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ സാമൂഹ്യ ഉത്തരവാദിത്തം സാധ്യമാക്കാനായി ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുവെന്നത് ശ്ലാഘനീയമായ കാര്യമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാൻ സാധിക്കും. ഈ ലക്ഷ്യത്തോടെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർ അനുവർത്തിച്ച പ്രവർത്തനങ്ങളും അതിനായി സ്വീകരിച്ച രീതിശാസ്ത്രവും മറ്റുള്ളവർക്ക് വഴികാട്ടിയാണ്. ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഹരിതകേരള മിഷൻ ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ശുചിത്വത്തിന്റെയും മാലിന്യസംസ്കരണത്തിന്റെയും രംഗത്ത് സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ നടന്ന പ്രവർത്തനങ്ങളുടെ നേർ സാക്ഷ്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള തുടർപ്രവർത്തനങ്ങൾ നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പുസ്തകം സഹായകരമാകുമെന്ന് പ്രത്യാശിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

# സന്ദേശം



**എ.സി.മൊയ്തീൻ**
**തദ്ദേശസ്വയംഭരണ**
**വകുപ്പ് മന്ത്രി**
**കേരള സർക്കാർ**

വികസന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും ഉത്തരവാദിത്വവും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. മാലിന്യ സംസ്കരണം,ജലസുരക്ഷയും സംരക്ഷണവും, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നീ മേഖലകൾ മുൻനിർത്തി ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ നടക്കുന്നതിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്.

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ശുചിത്വബോധം, ഹരിതനിയമ ബോധവൽക്കരണം, തുടങ്ങിയ ക്യാമ്പയിനുകൾ, അജൈവ മാലിന്യ ശേഖരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച ഹരിതകർമ്മസേന, എം.സി.എഫ്, ആർ.ആർ.എഫ് സംവിധാനങ്ങൾ, വിദ്യാലയങ്ങളുമുള്ള ഹരിതസഹായ സ്ഥാപനങ്ങൾ തുടങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിയ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ വലിയൊരു മാറ്റം സൃഷ്ടിച്ചു എന്നത് അഭിമാനാർഹമാണ്. ഈ മേഖലയിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾക്ക് തുടർച്ചയായ തുടർപ്രവർത്തനങ്ങളും നൂതന മാർഗ്ഗങ്ങൾ അവലംബിച്ചുള്ള മാലിന്യസംസ്കരണ രീതികളും അനിവാര്യമാണ്. പരിസ്ഥിതിയുടെ സുരക്ഷിതത്വവും ആരോഗ്യവും സംരക്ഷിക്കുന്നതിനുള്ള മാതൃകാ പ്രവർത്തനങ്ങൾ നടപ്പാക്കിയ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. അവയുടെ വിജയഗാഥകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുള്ള മികച്ച ആസൂത്രണത്തിന് ഈ പുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

**എ.സി മൊയ്തീൻ**

# അവതാരിക

**അ**ധികാര വികേന്ദ്രീകരണത്തിലും, മാനവ വികസന സൂചികകളിലും സൃഷ്ടിച്ച കേരള മാതൃകയുടെ തുടർച്ചയായി വികേന്ദ്രീകൃത മാലിന്യ സംസ്രണ മേഖലയിൽ സവിശേഷ പ്രാദേശിക ഇടപെടലുകളുടെ നവ കേരള മാതൃക സൃഷ്ടിക്കപ്പെടുകയാണ്. ഒറ്റപ്പെട്ട ഒരു ബൃഹത് പദ്ധതി യല്ല; പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ആസൂത്രണത്തിലും നടപ്പാക്കുന്ന ചെറുപദ്ധതികളാണ് ഈ സവിശേഷ മാതൃകയെ ശ്രദ്ധേയമാക്കുന്നത്. മാലിന്യത്തിന്റെ തരം തിരിച്ചുള്ള അളവ് നിശ്ചയിച്ച് അവയിൽ ഓരോയിനത്തിനും അനുയോ ജ്യമായ, പ്രാദേശിക സവിശേഷതകൾക്കിണങ്ങുന്ന സംസ്കരണ രീതി കൾ ആവിഷ്കരിച്ച ഇത്രയേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യ യിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഈ പ്രവർത്തനങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 82 എണ്ണം ഉൾപ്പെടുന്നതാണ് 'ഹരിതകേരളം-പ്രാദേശിക ശുചിത്വ മാതൃകകൾ' എന്ന ഈ പുസ്തകം.

വെള്ളം, വൃത്തി, വിളവ് എന്ന ആശയം കലർപ്പേതുമില്ലാതെ ഏവർക്കും അനുഭവവേദ്യമാക്കാനുള്ള തീവ്രയജ്ഞമാണ് ഹരിതകേരളം മിഷൻ നടത്തി വരുന്നത്. പൊതുജന ബോധവത്കരണ പരിപാടികൾ ഉൾപ്പെടെ ഒട്ടേറെ കർമ്മപരിപാടികൾ ഇതിനായി മിഷൻ ആവിഷ്കരി ക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാ ക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം, പദ്ധതിക ളുടെ ആസൂത്രണം, പരിശീലനം തുടങ്ങിയവ സമയബന്ധിതമായി നിർവ ഹിക്കാൻ ഹരിതകേരളം മിഷൻ പ്രത്യേക ശ്രദ്ധ പുലർത്തുകയും ചെയ്തി ട്ടുണ്ട്. മിഷൻ വിഭാവന ചെയ്ത് നടപ്പാക്കിയ കാമ്പയിനുകളിലെല്ലാം വൻ ജനപങ്കാളിത്തം നേടിയെടുക്കാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. ഇതിന്റെ യെല്ലാം പിന്നിൽ ചാലകശക്തിയായി വർത്തിച്ചത് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഓരോ പദ്ധതിയും പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യു ന്നതിൽ അസാധാരണ മികവാണ് പല സ്ഥാപനങ്ങളും കാഴ്ചവച്ചത്. കക്ഷി രാഷ്ട്രീയ ഭേദമില്ലാതെയാണ് പ്രവർത്തനങ്ങളെല്ലാം നടന്നത്. കേര ളത്തിലെ മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങൾക്ക് മാതൃകയാക്കാവുന്ന പ്രവർത്തനങ്ങൾ പലയിടങ്ങളിലും നട ന്നത് രാജ്യ ശ്രദ്ധ നേടുകയുണ്ടായി. അജൈവ മാലിന്യ ശേഖരണത്തിന് തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയെ സജ്ജമാക്കിയതും അതിലെ അംഗങ്ങൾക്ക് മാന്യമായ വരുമാനം ലഭ്യമാക്കാനായതും ജൈവ

-അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാനായതും ഏറെ ശ്രദ്ധിക്കപ്പെട്ടു. കർഷകർക്ക് റോയൽറ്റി ഏർപ്പെടുത്തിയതുപോലെ വേറിട്ടതും വ്യത്യസ്തവുമായ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നമ്മുടെ നാട്ടിലുണ്ട് എന്ന കാര്യം പ്രത്യേകം സ്മരണീയം. ഇതിന്റെയെല്ലാം ഭാഗമായി കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടക്ക് 798 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്), 220 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്), 32003 അംഗങ്ങളുമായി 1033 ഹരിത കർമ്മ സേനകൾ എന്നിവ സംസ്ഥാനത്തൊട്ടാകെ നിലവിൽ വന്നുവെന്നതും അഭിമാനാർഹമാണ്.

പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിച്ചാൽ ശിക്ഷ കിട്ടുന്ന കുറ്റകൃത്യമാണെന്ന ബോധ്യം ജനങ്ങളിലെത്തിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈയിനത്തിൽ പല സ്ഥാപനങ്ങളും ഈടാക്കിയ പിഴത്തുക തന്നെ ഇതിന് തെളിവാണ്. ചില സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ നടപടികൾ വരെ എത്തിനിൽക്കുകയാണ്. ഇതെല്ലാം വ്യക്തമാക്കുന്നത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ശുചിത്വ -മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായൊരു അടിത്തറ പാകാനും അവിടെനിന്ന് ഏറെ മുന്നോട്ട് പോകാനും കഴിഞ്ഞിട്ടുണ്ട് എന്നാണ്. പ്രായോഗിക തലത്തിൽ ഇവ നേടിയെടുത്തതിൽ തദ്ദേശ സ്ഥാപനങ്ങളുടെ കാതലായ പങ്ക് ഒരിക്കൽക്കൂടി എടുത്തു പറയുന്നു. എന്നാൽ സമ്പൂർണ്ണ ശുചിത്വം, മാലിന്യ രഹിത സംസ്ഥാനം എന്നീ ലക്ഷ്യങ്ങൾ നേടാൻ ബഹുദൂരം ഇനിയും പോകാനുണ്ട്. ഈ യാത്രയിൽ മാർഗദർശകമാകാൻ ഈ പുസ്തകത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

# ഉള്ളടക്കം


വികേന്ദ്രീകൃത മാലിന്യസംസ്കരണം വിജയത്തിലേക്ക് ....... 11
ആന്തൂരിലെ പുതുമയാർന്ന സംരംഭങ്ങൾ ....... 17
പുനരുപയോഗത്തിന്റെ നവസാധ്യതകളുമായി വടകര ....... 21
ശുചിത്വ മികവിൽ കുന്നംകുളം നഗരസഭ ....... 27
ശുചിത്വമികവിന് പുതുമ തേടി പഴയന്നൂർ ....... 31
പ്ലാസ്റ്റിക്കിനെ തുരത്താൻ 'ജനകീയ റെയ്ഡ്' ....... 35
മാലിന്യപരിപാലനത്തിലെ ആമ്പല്ലൂർ മാതൃക ....... 41
സമ്പൂർണ ശുചിത്വത്തിലേക്ക് പെരിനാട് ഗ്രാമപഞ്ചായത്ത് ....... 45
കൊയിലാണ്ടിക്കിത് ശുചിത്വകാലം ....... 49
ശുചിത്വ മികവിൽ ചേമഞ്ചേരി ....... 53
കാവിലുംപാറയുടെ ശുചിത്വ വഴികൾ ....... 58
ശുചിത്വ മാതൃകകളുമായി കോഴിക്കോട് കോർപ്പറേഷൻ ....... 65
മേപ്പയ്യൂരിന്റെ ശുചിത്വപ്പെരുമ ....... 71
ജനപങ്കാളിത്തമേറിവരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ....... 76
തൈ നടാൻ തുണിസഞ്ചികൾ ബാലുശ്ശേരിയുടെ നവമാതൃക ....... 80
സമ്പൂർണ മാലിന്യ മുക്തമാവാൻ ശൂരനാട് തെക്ക് ....... 85
മാലിന്യമേഖല മലർവാടിയാക്കി കുളനട ഗ്രാമപഞ്ചായത്ത് ....... 91
മണലൂരിന്റെ മാലിന്യമുക്ത വഴികൾ ....... 94
'ഹരിത മുകുള'വുമായി കടയ്ക്കൽ ....... 97
ചരിത്രത്തിലേക്ക് വിത്തെറിഞ്ഞ് തുമ്പമൺ ....... 101
ശുചിത്വ സംരംഭങ്ങളുമായി കോന്നി ഗ്രാമപഞ്ചായത്ത് ....... 104
ശുചിത്വ മാതൃകകളുമായി കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് ....... 106
ഹരിത നിയമ ഗ്രാമസഭകളുമായി ചെന്നീർക്കര ....... 112
അഴിയൂർ സമ്പൂർണ ശുചിത്വത്തിലേക്ക് ....... 115
ഹരിതം,അരിക്കുളം ....... 121
ശുചിത്വമാർന്ന മലയാലപ്പുഴ ....... 126
ശുചിത്വം ഉറപ്പാക്കാൻ കർമ രംഗത്തേയ്ക്ക്... ....... 129
ക്രിയാത്മക നടപടികളുമായി കിനാനൂർ കരിന്തളം ....... 132
ശുചിത്വം: ഒരു ചെറുവത്തൂർ വിജയഗാഥ ....... 135
ശുചിത്വ മികവിൽ നീലേശ്വരം നഗരസഭ ....... 138
പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ശുചിത്വത്തിലേക്ക് ....... 143
ക്ലീൻ കൂരോപ്പട ....... 146
ശുചിത്വ രംഗത്ത് അയ്മനം മുന്നേറുന്നു ....... 150
മാലിന്യനിർമാർജനത്തിലെ ഞീഴൂർ മാതൃക ....... 154
ശുചിത്വ സംരംഭങ്ങളുമായി കാഞ്ഞിരപ്പള്ളി ....... 157
മാലിന്യമുക്തമാകുന്ന മാറഞ്ചേരി ....... 159
ശുചിത്വപ്പെരുമയിൽ കൊട്ടാരക്കര ....... 183
ശുചിത്വപാലം തീർത്ത് പുനലൂർ നഗരസഭ ....... 167
ശുചിത്വമികവിൽ കുറുമാത്തൂർ ....... 170
ബേഡഡുക്ക ഗ്രാമപഞ്ചായത്ത് ....... 175

ക്ലീനാകാൻ ചാലിയാർ ........ 179
'ക്ലീനാ'യി കരുളായി ........ 183
ചോറ്റാനിക്കരയുടെ ശുചിത്വ മികവുകൾ ........ 187
മുൻപേ ഗമിച്ച് വാരപ്പെട്ടി ........ 192
ആലപ്പുഴ നഗരം സമ്പൂർണ ശുചിത്വത്തിലേക്ക് ........ 196
മീനങ്ങാടി: ഒരുമയോടെ മികവിലേക്ക് ........ 200
ക്ലീൻ, ക്ലിയർ ആനാട് ........ 206
വ്യത്യസ്ത പദ്ധതികളുമായി ആറ്റിങ്ങൽ നഗരസഭ ........ 209
പ്രതിസന്ധികൾ തരണം ചെയ്ത് ചെമ്മരുതി ........ 214
ക്ലീൻ, ഗ്രീൻ കരകുളം ........ 216
ക്ലീൻ വർക്കല ........ 223
സമഗ്ര ഇടപെടലിലൂടെ ശുചിത്വ മികവിലേക്ക് ........ 227
ശുചിത്വം ശീലമാക്കൻ പാറശ്ശാല ........ 230
പൂ പോൽ പൂവച്ചൽ ........ 232
ഏലൂരിന്റെ നവ മാതൃക ........ 236
മാലിന്യ വിമുക്തി ലക്ഷ്യമിട്ട് മൂവാറ്റുപുഴ ........ 242
പുതുമാതൃകകളുമായി വടക്കൻ പറവൂർ ........ 244
പുതുവഴികളിലൂടെ പൂതൃക്ക ........ 250
തുവ്വൂരിന്റെ ഗ്രാമജ്യോതി ........ 253
നിശ്ശബ്ദ വിപ്ലവത്തിന്റെ നേർക്കാഴ്ച ........ 257
ജനപിന്തുണയേറുന്ന ശുചിത്വ മാതൃകകൾ ........ 260
നവമാതൃകയുമായി പുതുപ്പരിയാരം ........ 265
ശ്രീകൃഷ്ണപുരത്തെ ശുചിത്വത്തിളക്കം ........ 270
വെള്ളിനേഴിയുടെ 'അതിജീവന' പദ്ധതി ........ 273
ശുചിയാവുന്ന ഭരണിക്കാവ് ........ 276
മാലിന്യസംസ്കരണത്തിലെ പത്തിയൂർ വിശേഷങ്ങൾ ........ 280
'സ്മാർട്ട്' സംരംഭങ്ങളുമായി ആര്യാട് ........ 283
മാലിന്യപരിപാലനത്തിന്റെ കുമളി പാഠം ........ 288
മുമ്പേ പറന്ന് അടിമാലി ........ 293
മാലിന്യപരിപാലത്തിലെ തൊഴിലുറപ്പ് സാധ്യതകൾ ........ 297
ശുചിത്വ മികവിൽ എരമം കുറ്റൂർ ........ 300
ബോധവത്കരണം വിജയത്തിലേക്ക് ........ 304
ശുചിത്വ മികവിലേക്ക് കതിരൂർ ........ 308
സമ്പൂർണ ഉറവിട മാലിന്യ സംസ്കരണ നഗരത്തിലേക്ക് ........ 312
'സ്റ്റുഡന്റ് ഡോക്ടർ' പദ്ധതിയുമായി പായം ........ 315
പരിയാരം ഹരിതയോരം ........ 318
ഉദയഗിരി ഗ്രാമപഞ്ചായത്ത് ........ 323
ഹരിത സഭയിലൂടെ ശുചിത്വ മികവിലേക്ക് ........ 327
ജില്ലകളിൽ നടന്ന സവിശേഷ പ്രവർത്തനങ്ങൾ ........ 331
ഇടുക്കി ........ 333
കോട്ടയം ........ 336
കാസർഗോഡ് ........ 340
കണ്ണൂർ ........ 345
എറണാകുളം ........ 350



# വികേന്ദ്രീകൃത മാലിന്യ സംസ്കരണം വിജയത്തിലേക്ക്

കേരളത്തിലെ ഏറ്റവും വലുതും കൂടുതൽ ജനസംഖ്യയുള്ളതുമായ തിരുവനന്തപുരം ജില്ലയിലെ മുനിസിപ്പൽ കോർപ്പറേഷൻ ആണ് തിരുവനന്തപുരം. നെയ്യാറ്റിൻകര, തിരുവനന്തപുരം താലൂക്കുകളിലും ആറ് നിയോജകമണ്ഡലങ്ങളിലും തിരുവനന്തപുരം ലോകസഭ മണ്ഡലത്തിലും ഉൾപ്പെട്ട 100 വാർഡുകളുള്ള 214.86 ചതുരശ്രകിലോ മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഇവിടത്തെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 9,55,494 ആണ്. 1940 ഒക്ടോബർ 30-ന് രൂപംകൊണ്ട പൂർണ്ണ നഗരസ്വഭാവമുള്ളതും ഗ്രാമീണ സവിശേഷതകൾ നിലനിർത്തുന്നതുമായ ഇവിടെ 272,820 വാസഗൃഹങ്ങളും 19,851 വ്യാപാര സ്ഥാപനങ്ങളും പ്രതിദിനം 100 കിലോഗ്രാമിൽ കൂടുതൽ മാലിന്യമുണ്ടാകുന്ന ആഡിറ്റോറിയം ഉൾപ്പടെ 168 സ്ഥാപനങ്ങളും ഉണ്ട്.

സ്വച്ഛ് ഭാരത് മിഷൻ അംഗീകരിച്ച ഡി.പി.ആർ. പ്രകാരം 210 ടൺ ജൈവമാലിന്യവും 143 ടൺ അജൈവമാലിന്യവുമായി 353 ടൺ മാലിന്യമാണ് പ്രതിദിനം ഇവിടെ രൂപപ്പെടുന്നത്. 2011 ഡിസംബർ 21-ന് വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം നിറുത്തലാക്കിയതിനു ശേഷം എന്റെ നഗരം സുന്ദരനഗരം എന്ന പേരിൽ വിവിധ രീതികളിലുള്ള വികേന്ദ്രീകൃത മാലിന്യ പരിപാലന സംവിധാനങ്ങളാണ് തിരുവനന്തപുരം കോർപ്പറേഷൻ നടപ്പിലാക്കിയത്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

ഗാർഹിക ജൈവമാലിന്യ സംസ്കരണത്തിനായി 87000 പൈപ്പ് കമ്പോസ്റ്റുകൾ, 7000 കിച്ചൻ ബിന്നുകൾ, 3982 ബയോ









ഗ്യാസ് പ്ലാന്റുകൾ എന്നിവ നൽകുകയും ഇപ്പോൾ 50000 കുടുംബങ്ങൾക്ക് ബയോകമ്പോസ്റ്റർ ബിന്നുകൾ നൽകുന്നതിന്റെ ഭാഗമായി 15833 എണ്ണം വിതരണം നടത്തുകയും ഇതിന്റെ പരിപാലനത്തിനായി അംഗീകൃത സേവന ദാതാക്കളെ ചുമതലപ്പെടുത്തുകയും ചെയ്തു. 1,13,706 വീടുകളിലും 109 ഫ്ളാറ്റുകളിലും ഇത്തരത്തിൽ മാലിന്യ സംസ്കരണം നടക്കുന്നു. പ്രതിദിനമുള്ള 210 ടണ്ണിൽ 126 ടണ്ണും ഗാർഹിക മാലിന്യമാണ്. ഉറവിട മാലിന്യപരിപാലനത്തിലൂടെ 80 മുതൽ 90 ടൺ വരെയും ബാക്കിയുള്ളത് കമ്മ്യൂണിറ്റി കമ്പോസ്റ്റിംങ് സംവിധാനത്തിലൂടെയും പരിപാലിക്കുന്നു.

27 സ്കൂളുകൾ, 16 പൊതുചന്തകൾ എന്നിവിടങ്ങളിലായി പ്രതിദിനം 40 ടൺ ശേഖരണശേഷിയുള്ള 28 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും നാല് മത്സ്യ മാർക്കറ്റുകളിൽ മലിനജല സംസ്കരണ സംവിധാനവും കരിയില കത്തിക്കുന്നത് ഒഴിവാക്കികൊണ്ട് കരിയില ശേഖരണത്തിനായി മൂന്ന് കരിയില സംഭരണികളും ഉണ്ട്. 54 കേന്ദ്രങ്ങളിലായി 828 ടൺ സംസ്കരണശേഷിയുള്ള 414 എയ്റോബിക് ബിന്നുകളും 17 കേന്ദ്രങ്ങളിലായി നഗരസഭ വികസിപ്പിച്ചെടുത്ത 308 ടൺ സംസ്കരിക്കാൻ കഴിയുന്ന 154 പോർട്ടബിൾ എയ്റോബിക്ബിൻ യൂണിറ്റുകളും ഒരു റസിഡൻഷ്യൽ കോളനിയിൽ പ്രതിദിനം 0.5 ടൺ ജൈവമാലിന്യം സംസ്കരിക്കാവുന്ന 2 ഓർഗാനിക്ക് വേസ്റ്റ് കൺവെർട്ടർ യൂണിറ്റുകളും 109 ബയോബിന്നുകളും പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള കമ്മ്യൂണിറ്റി സംവിധാനങ്ങളിലൂടെ പ്രതിദിനം 120 ടൺ ജൈവമാലിന്യം സംസ്കരിക്കപ്പെടുന്നു. സ്ഥാപനങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങളും കോഴി മാലിന്യവും അംഗീകൃത ഏജൻസികൾ വഴി ശേഖരിക്കുന്നു.

നഗര വാസികൾക്ക് സെപ്റ്റേജ് മാറ്റുന്നതിനായി ഓൺലൈൻ ബുക്കിംഗ് സൗകര്യവും സെപ്റ്റേജ് കളക്ഷൻ, മാലിന്യ സംസ്

കരണം എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് രാവിലെ 7 മുതൽ രാത്രി 7 വരെ പ്രവർത്തിക്കുന്ന കാൾസെന്റർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനും മേൽനോട്ടത്തിനുമായി ശുചിത്വ പരിപാലന സമിതിയും പ്രവർത്തിക്കുന്നു.

കോർപ്പറേഷനിലെ 100 -ൽ 57 വാർഡുകളിൽ അജൈവ മാലിന്യ ശേഖരണത്തിനായി 90 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. വീടുകളിൽ നിന്നും 100 മുതൽ 200 രൂപ വരെ യൂസർഫീ വാങ്ങുന്നു. സ്ഥാപനങ്ങളിൽ നിന്നും ജൈവ മാലിന്യം പ്രതിദിനം കിലോയ്ക്ക് അഞ്ച് രൂപ നിരക്കിലും അഞ്ച് കിലോയ്ക്ക് മുകളിൽ 1200 രൂപ, ആറ് മുതൽ 10 വരെ 1500 രൂപ, 11 മുതൽ 20 വരെ 2500 രൂപ, 21 മുതൽ 50 വരെ 4000 രൂപ എന്ന നിരക്കിലും കോഴി മാലിന്യം ഏഴ് രൂപ നിരക്കിലും ആണ് യൂസർഫീ വാങ്ങുന്നത്. അജൈവ മാലിന്യങ്ങൾ കൈമാറുന്ന 36500 വീടുകളും 1450 വ്യാപാര സ്ഥാപനങ്ങളും ആണുള്ളത്. പാളയത്തും ശാസ്തമംഗലത്തും സെഗ്രിഗേറ്റ് ചെയ്ത ഡ്രൈവേസ്റ്റ് ശേഖരിക്കുന്നതിനായി ഹബ്ബുകൾ പ്രവർത്തിക്കുന്നു. 10000 മുതൽ 15000 വരെയാണ് അംഗങ്ങളുടെ പ്രതിമാസ വേതനം.

അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനായി നഗരസഭ ഒരു കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അജൈവമാലിന്യ ശേഖരണത്തിനായി 41 മിനി എം.സി.എഫുകളും 3 എം.സി. എഫുകളും രാവിലെ 5 മണി മുതൽ രാത്രി 9 മണി വരെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. നിലവിൽ എം.സി.എഫുകൾ ഇല്ലാത്ത സ്ഥലങ്ങളിലെ ജനങ്ങൾക്കായി സ്പെഷ്യൽ കളക്ഷൻ ഡ്രൈവുകൾ സംഘടിപ്പിച്ചു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 22 ഡ്രൈവിലൂടെ 390 ടൺ പ്ലാസ്റ്റിക്, ആറ് ഡ്രൈവിലൂടെ 200 ടൺ പഴയ ചെരുപ്പും ബാഗും, 18 ഡ്രൈവിലൂടെ 460 ടൺ ചില്ലുമാലിന്യം, മൂന്ന് ഡ്രൈവിലൂടെ 25 ടൺ ഇ- മാലിന്യം, നാല് ഡ്രൈവിലൂടെ 10 ടൺ തുണി മാലിന്യം, രണ്ട് ഡ്രൈവിലൂടെ 1.4 ടൺ മരുന്ന് സ്ട്രിപ്പുകൾ, ഒരു തവണ എട്ട്

'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പരിപാടിയുടെ ഭാഗമായി മൂന്ന് റൗണ്ട് ഗൃഹസന്ദർശനം, കോർണർ മീറ്റിംഗുകൾ, പ്രതിജ്ഞ, ചുവരെഴുത്ത്, പോസറ്ററുകൾ, സ്ലൈഡ് പ്രദർശനം, മൈക്ക് അനൗൺസ്മെന്റ്, ശുചീകരണം, ദീപംതെളിയിക്കൽ, വിദ്യാർത്ഥികൾക്കായി ഹരിത നഗരോത്സവങ്ങളും, ജൈവ-അജൈവ മാലിന്യപരിപാലനം, ഗ്രീൻ പ്രോട്ടോക്കോൾ, കൃഷി എന്നീ വിഷയങ്ങളിൽ പഠനക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു.
ശുചിത്വ-മാലിന്യപരിപാലനത്തിനായി കലാലയങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഹരിതനഗരയാത്രയും 100 വാർഡുകളിലും തെരുവുനാടകവും വിഷയാവതരണവും സ്മാർട്ട് ട്രിവാൻഡ്രം മൊബൈൽ ആപ്ലിക്കേഷൻ, കിള്ളിയാർ ആപ്, ഗ്രീൻ കോൺഗ്രസ്, സൈക്കിൾ റാലി, ഹരിത വിസ്മയ അനന്തപുരി എന്ന മാജിക്ക് പരിപാടിയും ഹരിതകർമ്മ സേനാംഗങ്ങളുടെ ഹരിത സംഗമവും സംഘടിപ്പിച്ചു.



ടൺ റബ്ബർ മാലിന്യം എന്നിവ ശേഖരിച്ച് പുനരുപയോഗത്തിനും പുന.ചംക്രമണത്തിനുമായി കൈമാറി. രണ്ട് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ ഷ്രെഡ്ഡ് ചെയ്യുന്ന പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും അവിടെ നിന്നും റോഡ് ടാറിംഗിനായി ഉപയോഗിക്കുകയും ചെയ്തു. ഗ്ലാസ്, പ്ലാസ്റ്റിക് എന്നിവ പുനചംക്രമണം ചെയ്യുന്നതിന് വേണ്ടി ആറ് സ്വകാര്യ ഏജൻസികളുടെ സഹായവും ലഭ്യമാക്കുന്നു. പുനരുപയോഗത്തിലൂടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി കഴക്കൂട്ടത്ത് സ്വാപ്ഷോപ്പും ആരംഭിച്ചു.






## ഹരിതചട്ട പരിപാലനം

2015 ലെ ആറ്റുകാൽ പൊങ്കാലയ്ക്കുണ്ടായ മാലിന്യം 400 ടണ്ണിലധികമായിരുന്നു. 2016 മുതൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയതിന്റെ ഫലമായി 2019-ലെ പൊങ്കാലയിൽ 65 ടണ്ണിലേയ്ക്കെത്തി. ഹരിത ചട്ടം പാലിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന എല്ലാ പരിപാടികൾക്കും ആവശ്യമായ സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും കോർപ്പറേഷൻ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മാസവും നടക്കുന്ന 100-ലധികം പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. പ്ലാസ്റ്റിക്, ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം നിരോധിക്കുകയും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പാക്കുകയും ചെയ്തതിലൂടെ നഗരത്തിലെ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

### ഹരിത നിയമ നടപടികൾ

മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ, ഒഴുക്കിവിടൽ എന്നിവയ്ക്കെതിരെ 2621 പേർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും 1490466 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി മൂവബിൾ സ്മാർട്ട് ക്യാമറകൾ സ്ഥാപിക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽത്ത് സ്ക്വാഡ് സംവിധാനം പ്രവർത്തനക്ഷമമാക്കുകയും ചെയ്തു.

## ഗ്രീൻ ആർമി

എന്റെ നഗരം സുന്ദര നഗരം എന്ന പദ്ധതിയുടെ പ്രചരണത്തിന്റെ ഭാഗമായി നിരവധി എൻ.ജി.ഒ.കൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, റിട്ടയേർഡ് ഉദ്യോഗസ്ഥർ ഉൾപ്പടെ 100 പേരാണ് ഗ്രീൻ ആർമിയിലുള്ളത്. നഗരത്തിലെ മുഴുവൻ ഹൈസ്കൂളുകളിലും തിരഞ്ഞെടുക്കപ്പെട്ട കോളേജുകളിലും ഗ്രീൻ ആർമി യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നടക്കുന്നു. നഗരത്തിലെ സന്നദ്ധസംഘടനാ പ്രവർത്തകരും പരിസ്ഥിതി പ്രവർത്തകരുമാണ് ഗ്രീൻ ആർമിയുടെ മെന്റർമാർ. വേർതിരിച്ചെടുത്ത മാലിന്യത്തിന്റെ സംസ്കരണം, ഗ്രീൻ പ്രോട്ടോക്കോൾ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയെക്കുറിച്ച് സ്കൂൾ കുട്ടികൾക്ക് ബോധവത്കരണം നൽകുകയും സ്കൂളിൽ ഹരിത സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് ഓരോ സ്കൂളിനും ഉപദേഷ്ടാവിനെ അനുവദിക്കുകയും ഗ്രീൻ ആർമി യൂണിറ്റുകളിലേക്ക് വിദ്യാർത്ഥികളെ ചേർക്കുകയും അവർ സ്കൂൾ പരിസരത്തെ കമ്പോസ്റ്റ് വേർതിരിക്കലിന് സഹായിക്കുകയും ചെയ്യുന്നു. 30 സ്കൂളുകളിൽ ബോധവത്കരണം നൽകുകയും അവരിൽ പലരും തങ്ങളുടെ സ്കൂളിന് സമീപമുള്ള റസിഡൻഷ്യൽ കമ്മ്യൂണിറ്റികളിൽ പ്രചാരണം നടത്തുകയും നിരവധി പ്രധാനപ്പെട്ട പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോളും പ്ലാസ്റ്റിക് അറസ്റ്റും നടപ്പിലാക്കാൻ സന്നദ്ധരാകുകയും ചെയ്യുന്നു. ഗ്രീൻആർമി യൂണിറ്റുകളെ നയിക്കുന്ന സന്നദ്ധപ്രവർത്തകരുടെ മാർഗ്ഗനിർദ്ദേശപ്രകാരം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാനും ഡിസ്പോസിബിൾ പ്ലാസ്റ്റിക്കുകളിൽ നിന്നും മാറാനും 30 സ്കൂളുകളും നടപടികൾ സ്വീകരിച്ചു. വിദ്യാർത്ഥികളുടെ വീടുകളിലും സുകൂളുകളിലും അയൽസമൂഹത്തിലും പൊതുജനങ്ങൾക്കിടയിലും വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിൽ വളരെയധികം സ്വാധിനം ചെലുത്താനും പരിസ്ഥിതി സംരക്ഷണത്തോടൊപ്പം മാലിന്യപരിപാലന പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കാനും ഗ്രീൻ ആർമിക്ക് സാധിച്ചു.

### ബോധവത്കരണ കാമ്പയിൻ

'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പരിപാടിയുടെ ഭാഗമായി മൂന്ന് റൗണ്ട് ഗൃഹസന്ദർശനം, കോർണർ മീറ്റിംഗുകൾ, പ്രതിജ്ഞ, ചുവരെഴുത്ത്, പോസറ്ററുകൾ, സ്ലൈഡ് പ്രദർശനം, മൈക്ക് അനൗൺസ്മെന്റ്, ശുചീകരണം, ദീപംതെളിയിക്കൽ, വിദ്യാർത്ഥികൾക്കായി ഹരിത നഗരോത്സവങ്ങളും, ജൈവ-അജൈവ മാലിന്യപരിപാലനം, ഗ്രീൻ പ്രോട്ടോക്കോൾ, കൃഷി എന്നീ വിഷയങ്ങളിൽ



പഠനക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു. ശുചിത്വ-മാലിന്യപരിപാലനത്തിനായി കലാലയങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഹരിതനഗരയാത്രയും 100 വാർഡുകളിലും തെരുവുനാടകവും, വിഷയാവതരണവും, സ്മാർട്ട് ട്രിവാൻഡ്രം മൊബൈൽ ആപ്ലിക്കേഷൻ, കിള്ളിയാർ ആപ്, ഗ്രീൻ കോൺഗ്രസ്, സൈക്കിൾ റാലി, ഹരിത വിസ്മയ അനന്തപുരി എന്ന മാജിക്ക് പരിപാടിയും ഹരിതകർമ്മ സേനാംഗങ്ങളുടെ ഹരിത സംഗമവും സംഘടിപ്പിച്ചു. വേളി മുതൽ വിഴിഞ്ഞം വരെയുള്ള തീരദേശ മേഖലയിൽ 2019 മാർച്ച് 16-ന് നഗരസഭാ തൊഴിലാളികളും സന്നദ്ധ പ്രവർത്തകരും ഉൾപ്പടെ നാലായിരത്തിലധികം പേർ പങ്കെടുത്തുകൊണ്ട് ശുചീകരണ പ്രവർത്തനം നടത്തി. വികേന്ദ്രീകൃത മാലിന്യ പരിപാലനം പൂർണ്ണതയിലെത്തിക്കുന്നതിന് ഗ്രീൻ ട്രിവാഡ്രം മൊബൈൽ ആപ്പിന്റെ സഹായത്തോടെ വാർഡുകളിൽ സർവ്വേ പൂർത്തിയാക്കുകയും തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

## വെല്ലുവിളികൾ – പരിഹാരശ്രമങ്ങൾ

എയറോബിക് യൂണിറ്റുകൾ സൗന്ദര്യവത്കരിക്കുകയും അതിനോട് ചേർന്ന് പൂന്തോട്ടങ്ങളും പാർക്കുകളും സ്ഥാപിക്കുകയും ചെയ്തതിന്റെ ഫലമായി എയറോബിക് യൂണിറ്റുകളോട് ജനങ്ങൾക്കുണ്ടായിരുന്ന എതിർപ്പ് ഒഴിവാക്കുന്നതിനും സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ശുചിത്വ വാർഡ് ചലഞ്ചിലൂടെ നഗരത്തിലെ പകുതിയോളം വാർഡുകൾ ശുചിത്വ വാർഡുകളായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. പ്രതിദിനം 350 ടൺ മാലിന്യമുണ്ടാകുന്ന ഇവിടെ ഒരു കേന്ദ്രീകൃത സംസ്കരണ സംവിധാനവും ഇല്ലാതെ വികേന്ദ്രീകൃത സംവിധാനത്തിലൂടെ മാലിന്യ പരിപാലനം നടത്താനും മാലിന്യ സംസ്കരണ രംഗത്ത് നേരിട്ട വെല്ലുവിളികൾ ഒരു പരിധിവരെ ബോധവത്കരണത്തിലൂടെ തരണം ചെയ്യുന്നതിനും കഴിഞ്ഞു. ഇതുവരെ നടത്തിയ പ്രവർത്തനങ്ങളിലൂടെ മാലിന്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് തിരുവനന്തപുരം കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.





# ആന്തൂരിലെ പുതുമയാർന്ന സംരംഭങ്ങൾ

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ താലൂക്കിൽ ഉൾപ്പെടുന്ന ആന്തൂർ നഗരസഭ തളിപ്പറമ്പ വിഭജിച്ചതിന്റെ ഭാഗമായി 2015 ലാണ് രൂപീകൃതമായത്. 24.84 ച.കി.മി വിസ്തീർണമുള്ള നഗരസഭ പരിധിയിൽ 2011 ലെ സെൻസെസ് കണക്ക് പ്രകാരം ഉള്ള ജനസംഖ്യ 32693 ആണ്. നഗരസഭാ പരിധിയിൽ 8460 വീടുകളും 944 മറ്റു സ്ഥാപനങ്ങളും ഇപ്പോൾ നിലവിലുണ്ട് .ഇവിടെ നിന്നും പ്രതിദിനം 7.5 ടൺ ജൈവമാലിന്യവും ഒരു ടൺ അജൈവ മാലിന്യവും രൂപപ്പെടുന്നതായി 2017 ആഗസ്ത് മാസത്തിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ക്യാമ്പെയിന്റെ ഭാഗമായി നടത്തിയ സർവേയിലൂടെ കണ്ടെത്തിയിട്ടുണ്ട്.

## മാലിന്യസംസ്കരണ രംഗത്തെ ഇടപെടലുകൾ

ജൈവമാലിന്യം - ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനായി 4000 റിംഗ് കമ്പോസ്റ്റുകളും, 84 ബയോഗ്യാസ് പ്ലാന്റുകളും ഗാർഹിക തലത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. 2020 മാർച്ച് മാസത്തോടെ സീറോ വെയ്സ്റ്റ് നഗരസഭയാക്കുന്നതിന്റെ ഭാഗമായി റിംഗ്, ബയോഗ്യാസ്, കിച്ചൺബിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഇനി എത്ര വീടുകൾ/സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കണം - 2360 വീടുകൾ. സ്ഥാപനങ്ങൾ 0. പൊതു സ്ഥലങ്ങളിലെ ജൈവ മാ





ലിന്യങ്ങൾ സംസ്കരിക്കുന്നതിനായി രണ്ട് കേന്ദ്രങ്ങളിൽ തുമ്പൂർമൂഴി മോഡൽ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അഞ്ച് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## അജൈവമാലിന്യം

അജൈവ മാലിന്യങ്ങൾ ഹരിതസേന മുഖാന്തരം കലണ്ടർ തയ്യാറാക്കിവീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് എം.സി.എഫിൽ എത്തിച്ച് തരം തിരിച് ആർ.ആർ.എഫിൽ നിന്നും ബയിലിങ്ങും ഷ്റെഡിങ്ങും ചെയ്ത് അക്രെഡിറ്റഡ് ഏജൻസികൾക്ക് കൈമാറുന്നു.

ഹരിതകർമ സേന – അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിന് കുടുംബശ്രീ സംവിധാനത്തിലൂടെ 28 വാർഡുകളിലായി 28 പേരടങ്ങുന്ന ഭൂമിക ഹരിതസേന സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാഹനം ഉപയോഗിച്ച് നഗരസഭയുടെ എംസിഎഫിൽ സംഭരിക്കുന്നു.മാലിന്യ ശേഖരണത്തിനായി നഗരസഭാ വാഹനം, എംസിഎഫ്, ആർ.ആർ.എഫ്, ഹരിത കർമ സേന അംഗങ്ങളുടെ, ആരോഗ്യസംരക്ഷണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ജൈവവള നിർമാ

ഉറവിട മാലിന്യ സംസ്കരണമാണ് നഗരസഭ നടപ്പിലാക്കി വരുന്നത്. ശീലമാറ്റത്തിന് ജനം വിമുഖത കാണിക്കുന്ന ഘട്ടത്തിലാണ് ഹരിതകർമസേനയുടെ സേവനം നഗരസഭ ഏർപ്പെടുത്തിയത്. ആദ്യകാലങ്ങളിൽ പൊതുജനങ്ങൾ ഇത് ഉൾക്കൊള്ളാൻ തയ്യാറായില്ല എന്ന് മാത്രമല്ല, നഗരസഭയ്ക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനാണ് ഈ സംവിധാനമെന്ന ചർച്ചയും മാലിന്യസംസ്കരണം നഗരസഭയുടെ മാത്രം ഉത്തരവാദിത്വമാണെന്ന തെറ്റിദ്ധാരണയുമുണ്ടായിരുന്നു. എന്നാൽ കുടുംബശ്രീ സംവിധാനത്തെ ഉൾപ്പെടുത്തി ക്ലസ്റ്റർതല യോഗങ്ങളുടെ അടിസ്ഥാനത്തിലും സേനയുടെ പൊതുജനങ്ങളുമായുള്ള നിരന്തര ഇടപെടലിന്റെയും ഭാഗമായി മാലിന്യ സംസ്കരണം അവരവരുടെ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവ് ഉണ്ടാക്കാനും മാലിന്യം കൈയൊഴിയുന്നതിന് യൂസർഫീസ് നൽകുകയെന്നത് നമ്മുടെ കടമയാണെന്നുമുള്ള തിരിച്ചറിവ് പൊതുജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു.

## പാഴ്ത്തുണിയിൽ നിന്ന് പൂച്ചട്ടി

ഹരിതകർമ്മസേനയുടെ നൂതന ആശയമാണ് പാഴ്ത്തുണികളിൽ നിന്നും അലങ്കാര വസ്തുക്കൾ ഉണ്ടാക്കുക എന്നത്. അലങ്കാര വസ്തുക്കൾ പാരമ്പര്യ രീതിയിൽ ഉണ്ടാക്കുന്നതിന് പകരം കട്ടി കൂടിയ പാഴ്തുണികളുപയോഗിച്ച് വ്യത്യസ്ത ആകൃതികളിലുള്ള പൂച്ചട്ടികൾ ഗുണഭോക്താവിന്റെ ആവശ്യാനുസരണം നിർമിച്ച് നൽകാൻ സാധിക്കുന്നു. വ്യത്യസ്ത അച്ചുകളിൽ പാഴ്തുണിയും സിമന്റ് പേസ്റ്റും ഉപയോഗിച്ച് ആകൃതിപ്പെടുത്തുകയും ടെറാക്കോട്ട പെയിന്റിംഗ് നടത്തി ആകർഷകമാക്കുകയും ചെയ്യുന്നു. ഏറെ വിപണി സാധ്യതയുള്ളതും സാങ്കേതിക വിദ്യ ആവശ്യമില്ലാത്തതുമായ ഈ പദ്ധതി തൊഴിൽരഹിതർക്ക് വരുമാന ഉപാധി, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നം എന്നീ നിലകളിലും എടുത്തുകാട്ടാവുന്നതാണ്.

ണം, പാഴ്തുണികൾ കൊണ്ടുള്ള പൂച്ചട്ടി നിർമാണം, റിപ്പയർ ഷോപ്പ് എന്നീ പ്രവർത്തനങ്ങൾ ആരംഭിച്ച് തുടങ്ങിയവ നടന്നു വരുന്നു. ഹരിതകർമ സേന വീടുകളിൽ നിന്ന് 30 രൂപയും, കടകളിൽ നിന്ന് 50 രൂപയുമാണ് യൂസർഫീ ഈടാക്കുന്നത്. ആകെയുള്ള 8460 വീടുകളിൽ 7000 വീടുകളിൽ 994 സ്ഥാപനങ്ങളിൽ 910 ൽ നിന്നും യൂസർ ഫീ ലഭിക്കുന്നു. ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്ക് ഒരു വർഷക്കാലയളവിലേക്ക് 14,27,600 രൂപ ചെലവ് വരുന്നു. ഹരിത കർമസേനയുടെ ആകെ വരുമാനം 3293830/- രൂപയും, സേനാംഗങ്ങളുടെ ശരാശരി പ്രതിമാസ വരുമാനം 7000 രൂപയുമാണ്.





നിരോധിച്ച പ്ലാസ്റ്റിക് ക്യാരിബേഗ് വിതരണം, മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കൽ, കത്തിക്കൽ തുടങ്ങിയ നിയമലംഘനങ്ങൾ സ്‌ക്വാഡ് പ്രവർത്തനത്തിലൂടെ കണ്ടെത്തി 2019 സെപ്റ്റംബർ 30 വരെ 26 കേസുകളിലായി 68000 രൂപ പിഴയിനത്തിൽ ഈടാക്കി.യിട്ടുണ്ട്.


## മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ

കേരളം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളിയാണ് മാലിന്യപ്രശ്നം. കേന്ദ്രീകൃതമായ മാലിന്യസംസ്കരണം സമൂഹം അംഗീകരിക്കാത്തതുമാണ്. ഇതേ പ്രശ്നം തന്നെയാണ് ആന്തൂർ നഗരസഭയിൽ നേരിടുന്നത്.


ഇത് പരിഹരിക്കാനായി വികേന്ദ്രീകൃതമായ മാലിന്യസംസ്കരണം അഥവാ ഉറവിട മാലിന്യ സംസ്കരണമാണ് നഗരസഭ നടപ്പിലാക്കി വരുന്നത്. ശീലമാറ്റത്തിന് ജനം വിമുഖത കാണിക്കുന്ന ഘട്ടത്തിലാണ് ഹരിതകർമസേനയുടെ സേവനം നഗരസഭ ഏർപ്പെടുത്തിയത്. ആദ്യകാലങ്ങളിൽ പൊതുജനങ്ങൾ ഇത് ഉൾക്കൊള്ളാൻ തയ്യാറായില്ല എന്ന് മാത്രമല്ല, നഗരസഭയ്ക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനാണ് ഈ സംവിധാനമെന്ന ചർച്ചയും മാലിന്യ സംസ്കരണം നഗരസഭയുടെ മാത്രം ഉത്തരവാദിത്വമാണെന്ന തെറ്റിദ്ധാരണയുമുണ്ടായിരുന്നു. എന്നാൽ കുടുംബശ്രീ സംവിധാ

## ചകിരിച്ചോറിൽനിന്നും ജൈവ വളം

നഗരസഭയുടെ ചകിരി യൂണിറ്റിൽനിന്നും ലഭിക്കുന്ന ചകിരിച്ചോറ് ഉപയോഗിച്ച് നിർമിക്കുന്ന ജൈവവളം നഗരസഭയുടെ കാർഷിക രംഗത്ത് പുതുവിപ്ലവം സൃഷ്ടിക്കുകയാണ്. ചകിരിച്ചോറും, കുമിൾവിത്തും (പിത്ത്പ്ലസ്), ഇനോക്കുലവും, ചാണകപ്പൊടിയും ചേർത്ത് ജൈവവളമാക്കുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്. ഇങ്ങനെ തയ്യാറാക്കുന്ന ജൈവവളം വിപണനമേളകളിലൂടെ നഗരസഭാപരിധിയിലുള്ള ആവശ്യക്കാർക്ക് മിതമായ വിലയ്ക്ക് എത്തിച്ചു നൽകുന്നു. ഇതിലൂടെ പച്ചക്കറി കൃഷിയെയും, കാർഷിക രംഗത്തെയും ശക്തിപ്പെടുത്താൻ സാധിക്കുന്നു.







നത്തെ ഉൾപ്പെടുത്തി ക്ലസ്റ്റർതല യോഗങ്ങളുടെ അടിസ്ഥാനത്തിലും സേനയുടെ പൊതുജനങ്ങളുമായുള്ള നിരന്തര ഇടപെടലിന്റെയും ഭാഗമായി മാലിന്യ സംസ്കരണം അവരവരുടെ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവ് ഉണ്ടാക്കാനും മാലിന്യം കൈയൊഴിയുന്നതിന് യൂസർഫീസ് നൽകുകയെന്നത് നമ്മുടെ കടമയാണെ ന്നുമുള്ള തിരിച്ചറിവ് പൊതുജനങ്ങളിൽ എത്തിക്കുന്നതിനും സാധിച്ചു. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ, ക്ലസ്റ്റർ യോഗങ്ങളിലൂടെ, ഹരിത വാർഡ് സഭകളിലൂടെ നടത്തിയ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിലെ ചെറുതും വലുതുമായ എല്ലാ ചടങ്ങുകളിലും ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുകയും ഹരിത വിവാഹങ്ങൾക്ക് ഹരിതശ്രീ സാക്ഷ്യപത്രം നൽകുകയും ചെയ്യുന്നു



# പുനരുപയോഗത്തിന്റെ നവസാധ്യതകളുമായി വടകര

കോഴിക്കോട് ജില്ലയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന തീരദേശ നഗരസഭയാണ് വടകര. അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ടനഗരങ്ങളിൽ ഒന്നായ വടകരയിൽ 2011 ലെ സെൻസസ് പ്രകാരം 75295 ജനങ്ങൾ അധിവസിക്കുന്നു. 21 ച.കി.മി വിസ്തൃതിയുള്ള നഗരസഭയിലെ 47 വാർഡുകളിലായി ജനവാസമുള്ള 18000 വീടുകളും ലൈസൻസുള്ള 5798 വ്യാപാരസ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. വടകര താലൂക്കിന്റെയും വടകര അസംബ്ലി ലോകസഭാ നിയോജക മണ്ഡലങ്ങളുടെയും പരിധിയിൽ വരുന്ന നഗരസഭയിലെ ജനങ്ങളുടെ ഉപജീവനോപാധി പ്രധാനമായും കൃഷി കച്ചവടം, മത്സ്യബന്ധനം എന്നിവയാണ്. മാലിന്യസംസ്കരണ രംഗത്ത് കഴിഞ്ഞ രണ്ട് വർഷക്കാലമായി മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ശരാശരി 7.50 ടൺ ജൈവമാലിന്യങ്ങളും 9.5 ടൺ അജൈവമാലിന്യങ്ങളും പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്ന നഗരസഭയിൽ ഉറവിട മാലിന്യസംസ്കരണത്തിൽ ഊന്നിയ പ്രവർത്തനത്തിനാണ് പ്രാധാന്യം നൽകുന്നത്.

## മാലിന്യ നിർമ്മാർജ്ജനം – മുനിസിപ്പാലിറ്റി നടത്തിയ ഇടപെടലുകൾ

ജനകീയപങ്കാളിത്തത്തിന്റെ മാതൃകാപരമായചരിത്രം തീർത്തുകൊണ്ട് നഗരമാലിന്യ സംസ്കരണത്തിന് പുതുവഴിതീർത്തിരിക്കുകയാണ് വടകര നഗരസഭയുടെ 'ക്ലീൻ സിറ്റി ഗ്രീൻ



വടകര നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി ആളുകളാണ് ഇവിടെ എത്തുന്നത്. ഇവർക്ക് ആവശ്യമായ പ്രായോഗിക പരിശീലനങ്ങൾ നൽകുന്നതിനുവേണ്ടി എല്ലാവിധ മാലിന്യസംസ്കരണ സംവിധാനങ്ങളും ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചുകൊണ്ട് ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിക്കുകയാണ്.
ഇതിനായി 5,000 ച.അടിയുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. മാലിന്യസംസ്കരണം സംബന്ധിച്ച എല്ലാവിധ പരിശീലനങ്ങളും ഗ്രീൻ ടെക്നോളജി സെന്റർ വഴി നൽകും. നഗരസഭ കാർബൺ സന്തുലിതമാകുന്നതിന്റെ ഭാഗമായി ഇവിടെ അപ്സൈക്ലിംഗ് ക്ലിനിക്, വാട്ടർ ക്ലിനിക്, എനർജി ക്ലിനിക്, അഗ്രി ക്ലിനിക് എന്നീ സംവിധാനങ്ങളാണ് ഒരുക്കുന്നത്.

സിറ്റി– സീറോവേസ്റ്റ് വടകര' പദ്ധതി. ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി മറ്റു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് മാതൃകയാവുന്ന പ്രവർത്തനങ്ങളാണ് ക്ലീൻസിറ്റി ഗ്രീൻ സിറ്റി സീറോവേസ്റ്റ് പദ്ധതിയുടെ ഭാഗമായി ഹരിയാലി ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ 47 വാർഡുകളിലായി നടന്നുകൊണ്ടിരിക്കുന്നത്.

## ജൈവമാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണത്തിന് ഉറവിട മാലിന്യ സംസ്കരണസാമഗ്രികൾ സ്ഥാപിച്ചുകൊണ്ടാണ് പരിഹാരം കാണുന്നത്. പൈപ്പ് കമ്പോസ്റ്റിങ്, കമ്പോസ്റ്റ്, ബയോബിൻ, ബക്കറ്റ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ 8,817 കുടുംബങ്ങളിലേക്ക് ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. അതായത് 49% വീടുകളിൽ ഇവ പ്രാവർത്തികമാക്കാൻ കഴിഞ്ഞു. അടുത്ത ഒരു വർഷം കൊണ്ട് മുഴുവൻ വീടുകളിലും ജൈവമാലിന്യ സംസ്കരണ ഉപാധികൾ എത്തിക്കാനുള്ള ലക്ഷ്യത്തിലാണ് നഗരസഭ. ജൈവമാലിന്യങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്ന മുഴുവൻ കച്ചവടസ്ഥാപനങ്ങളിലും, മാർക്കറ്റുകളിലും നഗരശുചീകരണത്തിന്റെ ഭാഗമായും വരുന്നവയ്ക്ക് വിവിധതരത്തിലുള്ള സംസ്കരണ സാമഗ്രികൾ സ്ഥാപിക്കുകയും മലിനജലം ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിൽ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റും മലിനജല കുഴികളും സ്ഥാപിച്ചു മലിനജലം പുറത്തേക്ക് ഒഴുകുന്നില്ല എ



ന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നാല് സ്ഥലങ്ങളിലായി (പച്ചക്കറി ച്ചന്ത, മുൻസിപ്പൽ ഓഫീസ് പരിസരം, പുതിയ ബസ്സ്റ്റാന്റ്, സൈക്ലോൺഷെൽട്ടർ) 20 എയ്റോബിക് കമ്പോസ്റ്റുകൾ നിർമ്മിച്ചു കഴിഞ്ഞു.

## അജൈവമാലിന്യ സംസ്കരണം

വടകര നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനം തികച്ചും ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. വാർഡ് തലങ്ങളിൽ മൊത്തം വീടുകളെ 40 വീതമുള്ള ക്ലസ്റ്ററുകളാക്കിതിരിച്ച് ഓരോ ക്ലസ്റ്ററിനും ഒരു ക്ലസ്റ്റർ ലീഡർ, അദ്ദേഹത്തെ സഹായിക്കാൻ അഞ്ചുപേരുള്ള ശുചിത്വസേന, വാർഡതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു ഗ്രീൻവാർഡ് ലീഡർ, വാർഡ് തല ശുചിത്വ കമ്മറ്റി, നഗരസഭതല പ്രവർത്തന ഏകോപനത്തിന് മുൻസിപ്പൽതല മോണിറ്ററിംഗ് സമിതി എന്നിവ പ്രവർത്തിക്കുന്നു. മാലിന്യ ശേഖരണ സമയത്ത് വീടുകളിൽ നിന്നുതന്നെ ഒന്നാംഘട്ട തരംതിരിക്ക



ലിനു വിധേയമാവുന്നു. ഓരോ വാർഡിലും ക്ലസ്റ്ററുകൾ കേന്ദ്രീകരിച്ചാണ് ശേഖരിച്ച അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നത്. വാർഡ് തലത്തിൽ ഓരോ ക്ലസ്റ്ററുകളിലും ശുചിത്വസേന മുഖേന കണ്ടെത്തിയ സ്ഥലങ്ങളിലാണ് അജൈവ മാലിന്യം ശേഖരിച്ച് വെക്കുന്നത്. 20 മിനി മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സെന്റർ വാർഡ് തലത്തിൽ വടകര മുനിസിപ്പാലിറ്റിയിലുണ്ട്. 18,000 വീടുകളിൽ 13,500 വീടുകളിൽ നിന്നും (75%), 5938 സ്ഥാപലങ്ങളിൽ നിന്ന് 2260 പേരിൽ നിന്നും (51%) ശരാശരി യൂസർ ഫീ ലഭിച്ചു വരുന്നു. ഇവ 100%ത്തിൽ എത്തിക്കാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് നഗരസഭ.

MRF എത്തിക്കുന്ന മുഴുവൻ പാഴ്വസ്തുക്കളും തരം തിരിക്കലിന് വിധേയമാക്കുന്നു. പ്ലാസ്റ്റിക്കുകൾ, ബോട്ടിലുകൾ എന്നിവ PET, BSK, KDK, എന്നിങ്ങനെയും, കവറുകൾ-LDPE Print, LDPE (plain), PP, (print), PP(plain), PVC, HDPE എന്നിങ്ങനെയും തുണികളും ഇ-വേസ്റ്റും പ്രത്യേകമായും, Hard Board, BB, News paper, Note book, Text book, Other papers എന്നിങ്ങനെയും ചില്ലു കുപ്പികൾ-കളർ, വൈറ്റ് എന്നിവയായും വേർതിരിച്ച ശേഷം നഗരസഭ ക്വട്ടേഷൻ ക്ഷണിച്ച് കണ്ടെത്തിയ സ്ഥാപനത്തിന് നൽകുകയാണ് ചെയ്യുന്നത്. യാതൊരു തരത്തിലും പുനരുപയോഗത്തിന് സാദ്ധ്യമല്ലാത്ത മാലിന്യങ്ങൾ ശാസ്ത്രീയ സംസ്കരണത്തിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നു. ഷ്രഡ്ഡിങ് മെഷീനും ബെയിലിംഗ് മെഷീനും സ്ഥാപിച്ചുകൊണ്ട് പ്ലാസ്റ്റിക്കുകൾ ചെറുതാക്കി ഷ്രെഡ്ഡ് ചെയ്ത് റോഡ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നു.ഈ രീതിയിൽ നാല് റോഡുകൾ നഗരസഭയിൽ ഇപ്പോൾ നിർമ്മിച്ചു കഴിഞ്ഞു.

ഈ സംവിധാനത്തെ ഉപയോഗപ്പെടുത്തിയാണ് 63 പേരുള്ള ഹരിതകർമ്മസേന ഗ്രൂപ്പുകളായിതിരിച്ച് ഒരു ദിവസം രണ്ട് വാർഡുകളിലെ അജൈവ മാലിന്യ ശേഖരണം പൂർത്തീകരിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ മാലിന്യ ശേഖരണ കലണ്ടർ പ്രകാരമാണ് 2018 ജനുവരി 1 മുതൽ മാലിന്യ ശേഖരണ പ്രവർത്തനം ആരംഭിച്ചത്. ജനുവരി മാസത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഫിബ്രവരിയിൽ പേപ്പറുകൾ, മാർച്ച് മാസത്തിൽ ഗ്ലാസുകൾ, ഏപ്രിലിൽ ഇ.വെയ്സ്റ്റ്, മെയ് മാസത്തിൽ പ്ലാസ്റ്റിക് ബോട്ടിൽസ്, ജൂൺമാസത്തിൽ ചെരിപ്പ്, തുടങ്ങിയവ വാർഡിലെ മിനി എം.സി.എഫുകളിൽ ശേഖരിച്ച് അവിടെ നിന്ന് വാഹനത്തിൽ എം.ആർ.എഫിൽ എത്തിക്കുന്നു. അവിടെ നിന്ന് ഹരിതകർമ്മ സേനാംഗങ്ങളെ ഉപയോഗിച്ച് തരംതിരിച്ച് റീസൈക്ലിംഗ് സെന്ററിലേക്ക് അയക്കുന്ന പ്ര





വർത്തനങ്ങൾ തുടർച്ചയായി നടക്കുന്നു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോടൊപ്പം തന്നെ മാലിന്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നഗരസഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. സ്വന്തമായി ഒരു ബോട്ട് വാങ്ങി ജലസ്രോതസ്സുകളിൽ നിന്ന് ഇപ്പോൾ ഖരമാലിന്യങ്ങൾ ശേഖരിച്ച് എം.ആർ.എഫ്-ൽ എത്തിക്കുന്നുണ്ട്.

## സവിശേഷ ഇടപെടലുകൾ

### ഗ്രീൻഷോപ്പ് (പരിസ്ഥിതി സൗഹൃദ ഉത്പന്ന നിർമ്മാണ യൂണിറ്റ്)

ഹരിതകർമ്മസേനാംഗങ്ങളിൽ തുന്നൽ അറിയാവുന്ന അഞ്ച് പേർ ആരംഭിച്ച പ്രസ്തുത യൂണിറ്റിന്റെ കീഴിൽ വിവിധതരം തുണിസഞ്ചികൾ വിപണിയിൽ എത്തിക്കുന്നുണ്ട്. പഴ്സ് ബാഗ്, മൾട്ടി ഷോപ്പർ ബാഗ്, മീൻസഞ്ചി, ഷോപ്പർ, സാധാരണസഞ്ചി തുടങ്ങിയ വിവിധ ഇനം സഞ്ചികളാണ് ഹരിതകർമ്മസേനാംഗങ്ങൾ നിർമ്മിക്കുന്നത്. ഇനി സ്കൂൾ തലത്തിൽ പ്ലാസ്റ്റിക്/ലെതർ ബാഗിന് ബദലായും തുണികൊണ്ടുള്ള സ്കൂൾ ബാഗ്/കോളജ് ബാഗ് ഇവ നടപ്പിലാക്കും. യൂണിറ്റിൽ നിർമ്മിക്കുന്ന എല്ലാതരം സഞ്ചികൾക്കും ആവശ്യക്കാർ ഏറെയാണ്

### റിപ്പയർ ഷോപ്പ്

ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ റിപ്പയർഷോപ്പ് പ്രവർത്തിക്കുന്നു. വാർഡുകളിൽ നിന്നും ശേഖരിച്ച ഇ-വേസ്റ്റിൽ മിക്കതും പുനരുപയോഗ സാധ്യതയുള്ളതാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വടകര പോളി ടെക്നിക്കിലെ വിദ്യാർത്ഥികളുടെ സാങ്കേതിക സഹായത്തോടെ ഹരിതകർമ്മ സേനാംഗങ്ങൾ ഇ-വേസ്റ്റിലെ എൽ.ഇ.ഡി ബൾബ്, ടോർച്ച്, ടി.വി,കൊതുക് ബാറ്റ് തുടങ്ങിയവ റിപ്പയർ ചെയ്തു നൽകുന്നു.

## റിപ്പയർ ഷോപ്പ് നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ

- ടി.വി.റിപ്പയറിംഗ്
- എൽ.ഇ.ഡി ബൾബ് റിപ്പയറിംഗ്
- കമ്പ്യൂട്ടർ റിപ്പയറിംഗ്
- ക്ലോക്ക് റിപ്പയറിംഗ്
- മൊബൈൽ ഫോൺ റിപ്പയറിംഗ്
- ടോർച്ച് റിപ്പയറിംഗ്
- കൊതുക് ബാറ്റ് റിപ്പയറിംഗ്

### സ്വാപ്പ്ഷോപ്പ്

ചെറിയ റിപ്പയറിംഗിനു ശേഷവും അല്ലാതെയും ശേഖരിച്ച പാഴ്വസ്തുക്കളിൽ നിന്നും വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന

### ദേ, നോക്കടാ, പാട്ടപെറുക്കുന്ന അണ്ണാച്ചി വരുന്നുണ്ട്...

മാലിന്യം ശേഖരിക്കാൻ പോയ ഹരിയാലി ഹരിതകർമ്മ സേനയിലെ മിക്കവരും ഈ വിളി സ്കൂൾ കുട്ടികളിൽ നിന്നു പോലും ആദ്യനാളുകളിൽ കേട്ടിരുന്നു. ചിലർ ആക്രിക്കാരെന്നു വിളിച്ചു. മറ്റുതരത്തിലും പലവിധ എതിർപ്പുകളുണ്ടായി. പക്ഷേ ഇതിനെയൊക്കെ തരണം ചെയ്ത് തളരാതെ നിന്ന 53 ഹരിതസേനാംഗങ്ങൾ ഇപ്പോൾ 63 പേരായി വർദ്ധിച്ചു. രണ്ട് വർഷമായി വടകരയിലെ മാലിന്യത്തിതെിരെ യുദ്ധം ചെയ്യുന്ന സേനാംഗങ്ങൾ സുസ്ഥിരവരുമാനം ലഭിക്കുക വഴി നാടിനുവേണ്ടി ചെയ്യുന്ന ഈ സേവനം ആസ്വദിച്ച് ജീവിക്കുകയാണിപ്പോൾ.

വസ്തുക്കൾ കൈമാറുന്നതിനുവേണ്ടി സ്വാപ്പ് ഷോപ്പ് പ്രവർത്തിക്കുന്നു.

### സ്വാപ്പ് ഷോപ്പ് വഴി കൈമാറിയ ഇനങ്ങൾ

- സാരികൾ
- ചുരിദാറുകൾ
- ഷർട്ടുകൾ
- എൽ.ഇ.ഡി ബൾബ്
- മൊബൈൽ ഫോൺ
- ടി.വി
- കളിപ്പാട്ടങ്ങൾ
- റേഡിയോ

### റെന്റ് ഷോപ്പ്

ഡിസ്പോസിബിൾ ഉൽപ്പന്നങ്ങളുടെ മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ വാടകയ്ക്ക് നൽകുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. പാത്രങ്ങൾ കഴുകി ഉപയോഗിക്കുന്നതിനുള്ള സമയക്കുറവും മടിയുമാണ് ജനങ്ങളെ ഡിസ്പോസിബിൾ പാത്രങ്ങൾ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുന്നത്. ചടങ്ങുകൾക്കാവശ്യമായ പാത്രങ്ങൾ കഴുകി നൽകുന്ന രീതി ഇവിടെ സ്വീകരിച്ചു വരുന്നുണ്ട്.

മുകളിൽ പ്രവർത്തിക്കുന്ന എല്ലാ അനുബന്ധ സംരഭങ്ങളും കുടുംബശ്രീയുടെ പ്രത്യേക സംരഭമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നത്.

### ക്ലീൻ ലിനൻസ് സെന്റർ

ജൈവമാലിന്യ സംസ്കരണോപാധികൾ ലഭ്യമാകുന്ന ഒരു സെന്റർ ഹരിതകർമ്മസേനയുടെ അംഗങ്ങൾ നടത്തുന്നു. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്ന ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും പ്രാദേശികമായി ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി പ്രത്യേക കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

### ഗ്രീൻ ടെക്നോളജി സെന്റർ

വടകര നഗരസഭയിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി ആളുകളാണ് ഇവിടെ എത്തുന്നത്. ഇവർക്ക് ആവശ്യമായ പ്രായോഗിക പരിശീലനങ്ങൾ നൽകുന്നതിനുവേണ്ടി എല്ലാവിധ മാലിന്യസംസ്കരണ സംവിധാനങ്ങളും ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചുകൊണ്ട് ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിക്കാൻ പോവുകയാണ്. ഇതിനായി 5,000 ച.അടിയുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. മാലിന്യസംസ്കരണം സംബന്ധിച്ച എല്ലാവിധ പരിശീലനങ്ങളും ഗ്രീൻ ടെക്നോളജി സെന്റർ വഴി നൽകും. നഗരസഭ കാർബൺ സന്തുലിതമാകുന്നതിന്റെ ഭാഗമായി ഇവിടെ അപ്സൈക്ലിംഗ് ക്ലിനിക്, വാട്ടർ ക്ലിനിക്, എനർജി ക്ലിനിക്, അഗ്രി ക്ലിനിക് എന്നീ സംവിധാനങ്ങളാണ് ഒരുക്കുന്നത്.

### ബഹുജന ബോധവത്കരണ പരിപാടികൾ

- വാർഡ്സഭ യോഗം (47 എണ്ണം)
- 50 വീടുകൾ കേന്ദ്രീകരിച്ച് ക്ലസ്റ്റർതല യോഗം.
- കച്ചവടക്കാരുടെ യോഗം.



- രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം.
- സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകളുടെ യോഗം.
- റസിഡൻസ് അസോസിയേഷനുകളുടെ യോഗം.
- അമ്പലം, പള്ളി ഭാരവാഹികളുടെ യോഗം
- വിദ്യാലയ മേധാവികളുടെ യോഗം.
- ഓഫീസ് മേധാവികളുടെ യോഗം.
- ബാർബർഷോപ്പ് ഉടമകളുടെ യോഗം.
- വർക്ഷോപ്പ് ഉടമകളുടെ യോഗം
- ടെയിലർമാരുടെ യോഗം

## സ്വീകരിച്ച നിയമനടപടികൾ

| കത്തിച്ചത് | | |
|---|---|---|
| വർഷം | എണ്ണം | പിഴ |
| 2017–18 | 36 | 55000 |
| 2018–19 | 23 | 46000 |
| 2019–20 | 5 | 10000 |
| **വലിച്ചെറിഞ്ഞത്** | | |
| വർഷം | എണ്ണം | പിഴ |
| 2017–18 | 85 | 105000 |
| 2018–19 | 145 | 225000 |
| 2019–20 | 39 | 59000 |
| **ഒഴുക്കിവിട്ടത്** | | |
| വർഷം | എണ്ണം | പിഴ |
| 2017–18 | 120 | 170000 |
| 2018–19 | 185 | 305000 |
| 2019–20 | 48 | 79000 |

## ഗ്രീൻ പ്രോട്ടോക്കോൾ– നഗരസഭയിൽ നടത്തിയ ചടങ്ങുകൾ

- ആഘോഷപരിപാടികൾ 25
- കല്ല്യാണങ്ങൾ 86
- ഓഫീസ് സർക്കാർ സ്ഥാപന ചടങ്ങുകൾ 55

ഹരിതകർമ്മസേനയ്ക്ക് നാളിതുവരെയായി 1,11,60,0617 രൂപയുടെ ടേൺ ഓവറാണ് ലഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയും (മാലിന്യത്തിന്റെ അളവനുസരിച്ച് തുക വ്യത്യാസപ്പെടും) കൂടാതെ മാലിന്യങ്ങൾ തരംതിരിച്ച് വിറ്റ വകയിൽ 11,25,000 രൂപയും ഹരിതകർമ്മസേനക്ക് വരുമാനമായി വന്നിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്ത് കുറഞ്ഞകാലയളവിനുള്ളിൽ തന്നെ നബാർഡ് മലയാള മനോരമ അവാർഡ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് 2017–18, 2018–19 അവാർഡ്, പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾക്ക് ഒഡീഷ സർക്കാരിന്റെ ഇന്നവേറ്റീവ് അവാർഡ്, മലയാള മനോരമ പെണ്ണൊരുമ അവാർഡ് ജില്ലാതലം, സംസ്ഥാനതലം ഒട്ടനവധി അംഗീകാരങ്ങൾ നേടുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.







# ശുചിത്വ മികവിൽ കുന്നംകുളം നഗരസഭ

കുന്നംകുളം നഗരസഭ തൃശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലും നിയോജക മണ്ഡലത്തിലും സ്ഥിതി ചെയ്യുന്നു. 13156 വീടുകളും 3351 സ്ഥാപനങ്ങളും ഉള്ള നഗരസഭയുടെ ആകെ വിസ്തൃതി 34.61 ചതുരശ്ര കിലോമീറ്ററാണ്. 54007 ജനസംഖ്യയുള്ള നഗരസഭയുടെ ജനസാന്ദ്രത 1463 സ്ക്വയർ കിലോമീറ്ററാണ്. നഗരസഭയിൽ പ്രതിദിനം 5.196 ടൺ ജൈവ മാലിന്യവും 0.194 ടൺ അജൈവ മാലിന്യവും രൂപപ്പെടുന്നുണ്ട്. ശുചിത്വമാലിന്യ സംസ്കരണത്തിൽ തങ്ങളുടേതായ പ്രവർത്തന ശൈലിയുള്ള കുന്നംകുളം മുനിസിപ്പാലിറ്റിക്ക് ഹരിത കേരളം മിഷൻ 2019ലെ മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് സംസ്ഥാന തലത്തിൽ മുനിസിപ്പാലിറ്റി വിഭാഗത്തിൽ മൂന്നാം സ്ഥാനം ലഭിച്ചത് നഗരസഭയുടെ പ്രവർത്തനമികവ് തെളിയിക്കുന്നു.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടലുകൾ

നഗരസഭയിലെ 60 ശതമാനം വീടുകളിൽ ഹരിത കർമ്മ സേനാംഗങ്ങൾ നേരിട്ടെത്തി ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു. ഗാർഹികതല ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഉള്ള വീടുകൾ 9500 ആണ്. 6972 വീടുകളിൽ കിച്ചൻ ബിന്നുകളും 195 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും ബാക്കിയുള്ള വീടുകളിൽ കമ്പോസ്റ്റ് പിറ്റുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇവ ശേഖരിച്ച് കുറുക്കൻപാറയിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ എത്തിച്ച് ജൈവവളമാക്കി മാറ്റുന്നു. ഇങ്ങനെ പ്ര



കാലാവസ്ഥാ വ്യതിയാനം ചർച്ച വിഷയമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് മറുപടി നല്കാൻ ശ്രമിക്കുകയാണ് കുന്നംകുളം നഗരസഭ. പ്ലാസ്റ്റിക് വസ്തുക്കൾ കത്തിക്കുന്നതും വലിച്ചെറിയുന്നതും നിരോധിക്കുകയും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന ശിക്ഷ നടപടികൾ എടുക്കുകയും ചെയ്യുന്നു. കൂടാതെ ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയിലൂടെ വനവത്കരണവും നടത്തുന്നു.

തിമാസം 20 ടൺ വളം നഗരസഭയുടെ ജൈവമാലിന്യത്തിൽ നിന്നും ഉൽപാദിപ്പിക്കുന്നു. ഉത്തമമായ ഈ വളം പ്രദേശത്തെ കൃഷിക്കായി ഉപയോഗപ്പെടുത്തുന്നതിന് കൃഷി വികസന പദ്ധതിയുമായി സബ്സിഡി നിരക്കിൽ പ്രദേശത്തുള്ളവർക്ക് കിലോഗ്രാമിന് 12 രൂപ നിരക്കിലും നഗരസഭയ്ക്ക് പുറത്തുള്ളവർക്ക് കിലോഗ്രാമിന് 15 രൂപ നിരക്കിലും നൽകുന്നു.





5,500 വീടുകളിൽ നിന്നും 1500 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 56 ഹരിത കർമ്മ സേനാംഗങ്ങൾ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. വീടുകളിൽ നിന്ന് 60 രൂപയും സ്ഥാപനങ്ങളിൽനിന്ന് 100/200 രൂപയും യൂസർ ഫീ ആയി ലഭിക്കുന്നു. ഈ ഇനത്തിൽ ഹരിത കർമ്മസേനാംഗങ്ങളുടെ പ്രതിമാസ ശരാശരി വരുമാനം 9000 രൂപയാണ്. കൂടാ

തെ ഹരിതകർമ്മസേനാംഗങ്ങളുടെ നേതൃത്വത്തിൽ ഒരു തുണിസഞ്ചി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. ലഭിക്കുന്ന ഓർഡറുകൾക്ക് അനുസരിച്ച് ഇവർ തുണിസഞ്ചികൾ തയ്ച്ചു നൽകുന്നു. ഇതിൽ നിന്നുള്ള വരുമാനം ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഹരിത കർമ്മസേന അംഗങ്ങൾ മാസത്തിൽ ഒരു തവണ എന്ന നിലയിൽ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് 6000 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള എം സി എഫിൽ വച്ച് തരംതിരിക്കുകയും നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ആർ ആർ എഫിലേക്ക് എത്തിച്ച് പൊടിച്ച് റീസൈക്കിൾ ചെയ്യാൻ ഉള്ള പെല്ലെറ്റുകളാക്കി മാറ്റുകയും ചെയ്യുന്നു. ഇവ ഐ ർആർ ടി സി യ്ക്ക് കൈമാറുന്നു. കൂടാതെ തരംതിരിക്കുന്ന പ്ലാസ്റ്റിക്, പേപ്പർ തുടങ്ങിയവ സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുകയും ലഭിക്കുന്ന വരുമാനം ഹരിതകർമസേനയുടെ തന്നെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നാണ് ഇവരുടെ പ്രവർത്തന ചെലവ് കണ്ടെത്തുന്നത്. 2019 ജൂലായ് മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 4400കിലോ ഗ്രാം പ്ലാസ്റ്റിക് കവറുകൾ, പെറ്റ് ബോട്ടിലുകൾ, ചട്ട കടലാസുകൾ തുടങ്ങിയവ സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറിയിട്ടുണ്ട്.

## ശീലവത്കരണം

എല്ലാ പൊതുപരിപാടികളും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചാണ് നടത്തുന്നത്. 12 ഘടക സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി. ഉത്സവങ്ങൾ, വിവാഹങ്ങൾ എന്നിവ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നു. സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും ശീലവത്കരണത്തിനുമായി നിരവധി ബഹുജന വിദ്യാഭ്യാസ പരിപാടികൾ നഗരസഭ സംഘടിപ്പിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം, ഗ്രീൻ പ്രോട്ടോക്കോൾ, കാർബൺ ന്യൂട്രൽ സംവിധാനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേകം വാർഡ് സഭകൾ 37 വാർഡുകളിലും നടത്തി. സ്കൂൾതലത്തിൽ എല്ലാ ക്ലാസ്സുകളിലും നഗരസഭയിലെ ജീവനക്കാരും സന്നദ്ധ പ്രവർത്തകരും നേരിട്ട് എത്തി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്. 'CATCH THE YOUNG" എന്ന പേരിലാണ് ഈ





പരിപാടി നടത്തുന്നത്. 2018 –19 കാലയളവി ലായി മാലിന്യം വലിച്ചെറിയൽ/കത്തിക്കൽ/ ഒഴുക്കിവിടൽ എന്നിവയ്ക്കെതിരെ കർശന മായ നിയമ നടപടികൾ സ്വീകരിക്കുകയും 174 നിയമനടപടികളിലൂടെ 198850 രൂപ പിഴ ഈടാക്കുകയും ചെയ്തു.

## സവിശേഷ ഇടപെടലുകൾ

### സമത ഗ്രീൻ പാർക്ക്

തൃശ്ശൂർ കുറുക്കൻപാറ ട്രഞ്ചിങ് ഗ്രൗണ്ടി ന് വന്ന മാറ്റം മാതൃകാപരമാണ്. മുൻകാല ങ്ങളിലെ ദുർഗന്ധവും ചീഞ്ഞളിയലും മലി നജലം ഒലിച്ചിറങ്ങലും ഇല്ലാതായതോടെ ഗ്രൗണ്ട് സുന്ദരമായി. ഭീമമായ മുതൽ മുട ക്കുപയോഗിച്ചാണ് കോർപ്പറേഷനുകളും ന ഗരസഭകളും മാലിന്യ സംസ്കരണപ്ലാന്റു കൾ നിർമ്മിക്കുന്നത്. ഇതിനു വിപരീതമാ യി കുറുക്കൻപാറയിലെ മാലിന്യ സംസ്ക രണ പ്ലാന്റിന് യന്ത്രങ്ങളും കെട്ടിടവും ഉൾ പ്പെടെ ചെലവഴിക്കേണ്ടി വന്നത് 50 ലക്ഷം രൂപ മാത്രമാണ്. ഇതിൽ നിന്ന് ഉണ്ടായത് സമത ഗ്രീൻ എന്ന പുതിയ കുടുംബശ്രീ യൂണിറ്റാണ്. പ്രതിഷേധങ്ങളെയും എതിർ പ്പുകളെയും മറികടന്ന് 2016–ലാണ് എയറോ ബിക്സ് സംവിധാനത്തിൽ മാലിന്യസംസ് കരണം തുടങ്ങിയത്. ഇപ്പോഴിത് ഐആർടി സിയുടെ സഹകരണത്തോടെയുള്ള മികച്ച ജൈവവള ഉത്പാദന കേന്ദ്രമാണ്. ജൈവ മാലിന്യങ്ങൾ ചെലവ് കുറഞ്ഞ രീതിയിൽ എങ്ങനെ സംസ്കരിക്കാം എന്നതിന് കുറു ക്കൻപാറ ഗ്രീൻ പാർക്ക് ഒരു ഉത്തമ ഉദാഹ രണമാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഒരിക്കൽപോലും നാട്ടുകാർക്ക് പ്രതിഷേധ ത്തിന്റെ നേരിയ സ്വരം പോലും ഉയർത്തേ ണ്ടി വന്നിട്ടില്ല. ദിവസം 550 രൂപ നിരക്കിൽ ആറ് പേർ ഇവിടെ ജോലി ചെയ്യുന്നു.

### കാർബൺ ന്യൂട്രാലിറ്റി

കാലാവസ്ഥാ വ്യതിയാനം ചർച്ച വിഷ യമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പാ രിസ്ഥിതിക പ്രശ്നങ്ങൾക്ക് മറുപടി നല്കാൻ ശ്രമിക്കുകയാണ് കുന്നംകുളം നഗരസഭ. പ്ലാ സ്റ്റിക് വസ്തുക്കൾ കത്തിക്കുന്നതും വലി ച്ചെറിയുന്നതും നിരോധിക്കുകയും ഇത് ലം ഘിക്കുന്നവർക്കെതിരെ കർശന ശിക്ഷ നട പടികൾ എടുക്കുകയും ചെയ്യുന്നു. കൂടാതെ ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധ തിയിലൂടെ വനവൽക്കരണവും നടത്തുന്നു.



# പഴയന്നൂർ ഗ്രാമപഞ്ചായത്ത്

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ചേലക്കര നിയോജക മണ്ഡലത്തിൽ 59.03 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് പഴയന്നൂർ ഗ്രാമപഞ്ചായത്ത്. ഹരിത കേരളം മിഷന്റെ 2019 ലെ മുഖ്യമന്ത്രിയുടെ ഹരിത അവാർഡിൽ സംസ്ഥാന തലത്തിൽ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം നേടിയ പഴയന്നൂർ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്ഇതേ അവാർഡിൽ ജില്ലാതലത്തിൽ മികച്ച പഞ്ചായത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. താരതമ്യേന ജനസാന്ദ്രത കുറവായ പഞ്ചായത്തിലെ ആകെ ജനസംഖ്യ 40,256 ആണ്. 13,680 വീടുകളും 516 സ്ഥാപനങ്ങളും ഉള്ള പഞ്ചായത്തിൽ പ്രതിദിനം 450 കിലോഗ്രാം ജൈവമാലിന്യവും 50 കിലോഗ്രാം അജൈവമാലിന്യവും രൂപപ്പെടുന്നു. 2017–'19 കാലഘട്ടത്തിലാണ് പഴയന്നൂർ പഞ്ചായത്ത് മാലിന്യ സംസ്കരണ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്. എന്നിരുന്നാലും ഈ മേഖലയിൽ ശക്തമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടലുകൾ

ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ആണ് പ്രധാനമായും പഞ്ചായത്ത് പരിധിയിൽ സ്വീകരിച്ചിരിക്കുന്നത്. 200 ഗാർഹിക തല പൈപ്പ് കമ്പോസ്റ്റ്കളും 400 ബയോ ബിന്നുകളും ഇതുവരെ നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ 45 ഗാർഹിക കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചിട്ടു



CLEAN Pazhayannur GREEN Pazhayannur

ണ്ട്. ബാക്കിയുള്ള വീടുകളിലും തൊഴിലുറപ്പിന്റെ സഹായത്തോടെ പിറ്റ് നിർമ്മാണം നടത്തുന്നതിനായി പദ്ധതിയുണ്ട്. ഇതിനൊപ്പം 125 ഗാർഹിക തല ബയോ ബിന്നുകൾക്കും പദ്ധതി ആയിട്ടുണ്ട്. പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണം 2019 - 2020 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഗാർഹിക ഉറവിട മാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുന്ന ജൈവ ഭരണി സബ്സിഡി മുഖേന ഗുണഭോക്താക്കൾക്ക് നൽകുന്നു.

ഏഴ് സ്കൂളുകൾ, 12 ഘടകസ്ഥാപനങ്ങൾ, നാല് ആശുപത്രികൾ, നാല് മറ്റ് സ്ഥാപനങ്ങൾ പഴയന്നൂർ ടൗൺ, എളനാട് ടൗൺ, പഴയന്നൂർബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ 78 ബയോ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്.

പച്ചക്കറി കടകൾ, ഓഡിറ്റോറിയം, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്ന് മാത്രമാണ് ജൈവമാലിന്യങ്ങൾ ഇപ്പോൾ ശേഖരിക്കുന്നത്. എല്ലാദിവസവും ശേഖരിക്കുന്ന ജൈവ മാലിന്യം പഞ്ചായത്ത് ട്രാക്ടറിൽ ജൈവവള യൂണിറ്റിൽ കൊണ്ടുവന്ന് തുമ്പൂർമുഴി മാതൃകയിൽ സംസ്കരിച്ച് 'കൃഷി മിത്ര' എന്ന പേരിൽ വളം നിർമ്മിക്കുന്നു. പ്രതിമാസം 4000 കി.ഗ്രാം വളം ഇങ്ങനെ നിർമിക്കുന്നു. ഈ വളം 10 കിലോ, 25 കിലോ ചാക്കുകളിലായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എക്കോഷോപ്പിലൂടെ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. ഇതിന്റെ സുഗമമായ നടത്തിപ്പിനായി "ക്ലീൻ പഴയന്നൂർ ഗ്രീൻ പഴയന്നൂർ" എന്ന പേരിൽ ഒരു സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്. വളം വിൽക്കുന്നതിലൂടെ ലഭിക്കുന്ന തുക സൊസൈറ്റിയുടെ അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്."മാലിന്യത്തിലൂടെ വരുമാനം" എന്നതാണ് ഈ സൊസൈറ്റിയുടെ ലക്ഷ്യം. ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് വളം ആക്കുന്ന പദ്ധതി 2016-17, 2017-18 കാലയളവിലെ പഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആക്രഡിറ്റഡ് ഏജൻസിയായ ഐ ആർ ടി സി മുണ്ടൂർ എന്ന സ്ഥാപനത്തിന്റെ സഹായത്തോടെയാണ് പൂർത്തീകരിച്ചത്. സൊസൈറ്റിക്ക് കീഴിൽ ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിൽ നിന്നും രണ്ട് പേരെ വീതം തിരഞ്ഞെടുത്ത് 44 പേർ അടങ്ങുന്ന ഗ്രീൻ ടെക്നീഷ്യൻസ് ഗ്രൂപ്പ് രൂപീകരി







ച്ചു. ഈ സൊസൈറ്റി പഞ്ചായത്തിലെ ഹരിത കർമ്മ സേനയായി പ്രവർത്തിക്കുന്നു.മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പ്രത്യേക പരിശീലനവും സർക്കാർ മുഖാന്തരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി ചെയ്യുന്ന 4 ഹരിത കർമ്മസേന അംഗങ്ങൾക്ക് അതിൽനിന്നും 350 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ പതിനായിരം രൂപ ശരാശരി വരുമാനം ലഭിക്കുന്നു.



അജൈവ മാലിന്യ സംസ്കരണത്തിനായി പഞ്ചായത്തിൽ 1200 സ്ക്വയർ ഫീറ്റിസ് തൃതിയിൽ ഒരു MCF പ്രവർത്തിക്കുന്നു. 2018-19 പഞ്ചായത്തിൻറെ തനത് ഫണ്ട് 17 ലക്ഷം രൂപ ഉപയോഗിച്ചാണ്ങഇഎളം ജൈവ വള നിർമ്മാണ യൂണിറ്റും നിർമ്മിച്ചത്. ഹരിത കർമ്മസേനയിലെ 40 അംഗങ്ങൾ മാസത്തിൽ ആറ് തവണ 6200 വീടുകളിൽ നിന്നും 250 കടകളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുകയും ങഇഎൽ വെച്ച് തരംതിരിച്ച് പഴയന്നൂർ ബ്ലോക്കിലെ RRF ലേക്ക് കൊണ്ടുപോവുകയും ചെയ്യുന്നു. ഞഞഎൽ ഷ്രഡ്ചെയ്ത പ്ലാസ്റ്റിക്റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. ഹരിത കർമ്മ സേന അംഗങ്ങൾക്ക്പ്രതിദിനം ലഭിക്കുന്ന ശരാശരി വേതനം 750രൂപയും പ്രതിമാസം 4500 രൂപയും ആണ്. വീടുകളിൽ നിന്നും 50 രൂപയും വ്യാപാരിവ്യവസായി ഏകോപനസമിതി എല്ലാ കടകൾക്കുമായി പ്രതിമാസം 32000രൂപയും യൂസർഫീ ഇനത്തിൽ നൽകുന്നു. പ്ലാസ്റ്റിക് നിരോധനത്തിൻറെ ഭാഗമായി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എക്കോ ഷോപ്പ് വഴി തുണിസഞ്ചികൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളിലേക്ക്

പച്ചക്കറിക്കടകൾ, ഓഡിറ്റോറിയം, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്ന് മാത്രമാണ് ജൈവ മാലിന്യങ്ങൾ ഇപ്പോൾ ശേഖരിക്കുന്നത്. എല്ലാദിവസവും ശേഖരിക്കുന്ന ജൈവമാലിന്യം പഞ്ചായത്ത് ട്രാക്ടറിൽ ജൈവ വള യൂണിറ്റിൽ കൊണ്ടുവന്ന് തുമ്പൂർമുഴി മാതൃകയിൽ സംസ്കരിച്ച് 'കൃഷി മിത്ര' എന്ന പേരിൽ വളം നിർമ്മിക്കുന്നു. പ്രതിമാസം 4000 കി.ഗ്രാം വളം ഇങ്ങനെ നിർമിക്കുന്നു. ഈ വളം 10 കിലോ, 25 കിലോ ചാക്കുകളിലായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എക്കോ ഷോപ്പിലൂടെ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. ഇതിന്റെ സുഗമമായ നടത്തിപ്പിനായി "ക്ലീൻ പഴയന്നൂർ ഗ്രീൻ പഴയന്നൂർ" എന്ന പേരിൽ ഒരു സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്. വളം വിൽക്കുന്നതിലൂടെ ലഭിക്കുന്ന തുക സൊസൈറ്റിയുടെ അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്."മാലിന്യത്തിലൂടെ വരുമാനം" എന്നതാണ് ഈ സൊസൈറ്റിയുടെ ലക്ഷ്യം.

## സവിശേഷ ഇടപെടലുകൾ

ജൈവ മാലിന്യ സംസ്കരണത്തിനാണ് പഴയന്നൂർ പഞ്ചായത്ത് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഇതിന്റെ ഭാഗമായി മാലിന്യത്തിൽ നിന്നും വരുമാനം എന്ന ലക്ഷ്യത്തോടെ "കൃഷി മിത്ര" എന്ന പേരിൽ വളം നിർമ്മിച്ച് വിതരണം ചെയ്യുന്നു.

## വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നേരിട്ട പ്രധാന പ്രശ്നം മാലിന്യം വലിച്ചെറിയുന്നതായിരുന്നു. ഇതിനെ തുടർന്ന് ജനങ്ങൾക്ക് കൃത്യമായ ബോധവൽക്കരണം നടത്തി ജൈവ മാലിന്യങ്ങൾ സംഭരിച്ച് വളമാക്കി മാറ്റുന്നതിനും അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽസംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. പ്രധാനമായും പ്ലാസ്റ്റിക്മാലിന്യങ്ങൾ സംഭരിക്കുന്നതിന് ജനങ്ങളുമായി നേരിട്ട് സംസാരിക്കുകയും നോട്ടീസ് വിതരണം നടത്തി പൊതു പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ 50മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് പൂർണമായും നിരോധിച്ചു. നിരന്തരമായി നടത്തിയ ക്യാമ്പയിനുകളുടെ ഫലമായി മാലിന്യം വലിച്ചെറിയുന്ന പ്രവണത കുറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ രണ്ട് കേസുകൾ 2018 ൽ പ്രോസിക്യൂഷൻ നടപടികളിൽ ആകുകയും ചെയ്തിട്ടുണ്ട്.



ബദൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനായി കുടുംബശ്രീ വഴി 2 ബദൽ ഉൽപന്ന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ജൈവവള യൂണിറ്റിലേക്കും എം.സി.എഫിലേക്കും മാലിന്യം നൽകണം എന്ന നിബന്ധനയോടുകൂടിയാണ് കടകൾക്ക് ലൈസൻസ് നൽകുന്നത്. ഇതിനായി മുഴുവൻ വ്യാപാരികളെയും ഉൾപ്പെടുത്തി കമ്മിറ്റി വിളിക്കുകയും കൃത്യമായ ബൈലോ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

തൃശൂർ ജില്ലയിലെ മാത്രമല്ല എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മാതൃകയാക്കാവുന്ന വിധത്തിലുള്ള 'ഖരമാലിന്യസംസ്കരണ പ്ലാന്റ് - ജൈവമാലിന്യ പാർക്ക്' എന്ന ആശയത്തിനാണ് പഴയന്നൂർ ഗ്രാമപഞ്ചായത്ത് രൂപം നൽകിയിരിക്കുന്നത്.

### ശീലവൽക്കരണം

പഞ്ചായത്തും പഞ്ചായത്തിലെ 53 ഘടക സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ കൃത്യമായി പാലിക്കുന്നു. ഇതിനായി പൊതുപരിപാടികളിൽ കുടുംബശ്രീ വഴി സ്റ്റീൽ ഗ്ലാസുകളും പ്ലേറ്റുകളും വാടകയ്ക്ക് നൽകുന്നു. ഇതിലൂടെ ഒരു കുടുംബശ്രീ യൂണിറ്റിന് അവരുടെ വരുമാനം വർധിപ്പിക്കാൻ കഴിയുന്നു. പൊതുപരിപാടികളിൽ പ്ലാസ്റ്റിക് പേനകൾ നൽകുന്നത് ഒഴിവാക്കി പഴയന്നൂർ പ്രിയദർശിനി ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിലെ ഭിന്നശേഷിക്കാരായ കുട്ടികൾ നിർമ്മിക്കുന്ന സീഡ് പേനകൾ നൽകുന്നു.

പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം കണ്ടു മനസ്സിലാക്കുന്നതിനായി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവസരം നൽകുന്നു. സമഗ്ര മാലിന്യ സംസ്കരണ സന്ദേശം ജനങ്ങളിൽ എത്തിക്കാനായി നിരവധി വിദ്യാഭ്യാസ പരിപാടികൾ നടത്തുകയുണ്ടായി. പഞ്ചായത്തിൽ നടത്തിയ പെൻസിൽ പ്രോഗ്രാം, ഹരിത കേരള മിഷൻ സംഘടിപ്പിച്ച ഹരിത നിയമാവലി ക്യാമ്പയിൻ തുടങ്ങിയവയുടെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഹരിത നിയമാവലി പരിശീലനം നൽകി.



# പ്ലാസ്റ്റിക്കിനെ തുരത്താൻ 'ജനകീയ റെയ്ഡ്'

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ സ്ഥിതി ചെയ്യുന്ന പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് ഇരിക്കൂർ ബ്ലോക്കിൽ ഉൾപ്പെടുന്നു. 2011-ലെ കനേഷുമാരി അടിസ്ഥാനപ്പെടുത്തിയാൽ 25640 ആണ് ജനസംഖ്യ. 55.04 ച.കി.മി വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 5250 വീടുകളാണുള്ളത്. 380 മറ്റ് സ്ഥാപനങ്ങളും ഉണ്ട്. എട്ട് ആദിവാസി കോളനികളും ഒരു പട്ടികജാതി കോളനിയും ഈ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രതിദിനം 1.5 ടൺ മാലിന്യം ഉൽപാദിപ്പിക്കപ്പെടുന്നതായി 2017-ൽ നടത്തിയ സർവ്വേയിലൂടെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. പ്രതിദിനം ഉൽപാദിപ്പിക്കുന്ന 1.5 ടൺ മാലിന്യത്തിൽ 1.1 ടൺ ജൈവ മാലിന്യവും 0.4 ടൺ അജൈവ മാലിന്യവുമാണ്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

### 'ആരാമം' പടിയൂർ

'മണ്ണിന് മനുഷ്യന് ഭാവിക്ക്' എന്ന തലക്കുറിയുമായ് പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് വൃത്തിക്കും വെള്ളത്തിനും അന്നത്തിനുമായൊരു ജനകീയ പ്രസ്ഥാനം എന്ന നിലയിലാണ് 2016 ജനുവരി 30-ന് 'ആരാമം പടിയൂർ' എന്ന പദ്ധതി ആരംഭിക്കുന്നത്. കുടുംബശ്രീ ആയിരുന്നു ആദ്യഘട്ടത്തിൽ ഇതിന്റെ സന്നദ്ധസേന. ജൈവ, ഖര, ഇ-മാലിന്യങ്ങളായിരുന്നു എല്ലായിടങ്ങളിലെയും പോലെ ഈ പഞ്ചായത്തിന്റെയും വെല്ലുവിളി. ആദ്യഘട്ടം ജനകീയ ബോധവത്ക



ജനകീയ ശീലവത്കരണത്തിലൂടെ ബദൽ ഉത്പന്നങ്ങൾ ജനങ്ങളിലെത്തിക്കുന്നു. പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഡിസ്പോസിബിൾ പെൻ ബൂത്തുകൾ ആരംഭിച്ചിരിക്കുന്നു. മറ്റു പ്രദേശങ്ങളിൽനിന്നും ലോഡ് ചെയ്ത് വലിച്ചെറിയുന്ന വിജന പ്രദേശങ്ങളിൽ ആന്റി പ്ലാസ്റ്റിക്ക് സർവൈലൻസ് സ്ക്വാഡ് രൂപീകരിച്ച് വാഹനങ്ങൾ പിടികൂടുന്നു. ആരാമം പദ്ധതിയെ പരിഗണിച്ചാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ദേശീയ സ്വച്ഛ് ഭാരത് പുരസ്കാരം ലഭ്യമായത്. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പ്രഥമ ഹരിത അവാർഡ് പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിനാണ് ലഭിച്ചത്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ മുമ്പാകെ സംസ്ഥാന സർക്കാർ ശുചിത്വമാലിന്യ പരിപാലന മാതൃകയായി തെരഞ്ഞെടുക്കപെട്ടിട്ടുള്ള ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് പടിയൂർ.

രണ പരിപാടികളാണ് നടത്തിയത്. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഈ പ്രവർത്തനങ്ങളോട് സാമ്പത്തികമായും പ്രവർത്തനം കൊണ്ടും സജീവമായി സഹായിക്കുകയുണ്ടായി. പഞ്ചായത്തു പരിധിയിലെ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, വ്യാപാരി വ്യവസായ പ്രതിനിധികൾ, വായനശാല, ആരാധനാലയങ്ങളുടെ ഭാരവാഹികൾ, യുവജന സംഘടനകൾ എന്നിവരുടെ യോഗം ചേർന്ന് പിന്തുണ തേടുകയും അവരുടെ പരിപാടികളിലെ ഫ്ളക്സ് ബോർഡുകൾ പൂർണ്ണമായും ഒഴിവാക്കാൻ സഹകരിക്കുകയും ചെയ്തു. പിന്നീടതൊരു വലിയ തരംഗമായി മാറി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് പഞ്ചായത്തിലെ മുഴുവൻ ഫ്ളക്സ് ബോർഡുകളും നീക്കം ചെയ്തു. വലിയ സംഘർഷങ്ങൾ ഉണ്ടായെങ്കിലും ഇന്ന് സമ്പൂർണ്ണ ഫ്ളക്സ് രഹിത പഞ്ചായത്തായി മാറിയിരിക്കുന്നു..



ആരാമം പടിയൂർ പദ്ധതിയുടെ ആരംഭഘട്ടത്തിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 85 വെയിസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ ശേഖരണത്തിനു തുടക്കമിട്ടു. 2017 നവംബർ 1 ന് ഹരിത കർമ്മ സേന രൂപീകരിച്ചു. 17 അംഗ സേന കഴുകി ഉണക്കിയ പ്ലാസ്റ്റിക്ക് കവറുകൾ, ചെരുപ്പ്, തുകൽ ഉൽപ്പന്നങ്ങൾ, കുപ്പികൾ എന്നിവ ഒന്നിടവിട്ട മാസങ്ങളിൽ ശേഖരിച്ചു. വീടുകളിൽ നിന്നും 30 രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയും യൂസർഫീ ഈടാക്കി വരുന്നു. ഈ ഇനത്തിൽ 125000 രൂപയിൽ അധികം മാസത്തിൽ വരുമാനം ലഭിക്കുന്നു. ഹരിത കർമ്മസേനയുടെ ശാക്തീകരണത്തിനായി ചില അനുബന്ധ പ്രവർത്തനങ്ങൾ

പഞ്ചായത്ത് നടത്തിവരുന്നു. പ്ലാസ്റ്റിക്ക് ഡിസ്പോസിബിൾ ഇല, പ്ലേറ്റ് എന്നിവയ്ക്ക് ബദലായി കുടുംബശ്രീ, ജെ.എ.ജി ഗ്രൂപ്പുകൾ 80 ഏക്കറിൽ ഇലവാഴ കൃഷി നടത്തുന്നു. ഒരിലയ്ക്ക് രണ്ട് രൂപ ഈടാക്കി ആവശ്യക്കാരന് എത്തിച്ചു നൽകുന്നു. തുണി സഞ്ചികൾ, ഇനോക്കുലം വിൽപ്പന, വിവാഹങ്ങൾ, ഗൃഹപ്രവേശനം എന്നിവയ്ക്ക് പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ് എന്നിവയും എത്തിച്ചു നൽകുന്നു. ആഘോഷങ്ങളെയും പൊതുചടങ്ങുകളെയും പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോളിലേക്ക് എത്തിക്കുന്നതിന്റെയും ഭാഗമായി പ്രതിമാസം 40000 രൂപയിൽ അധികം ഹരിത കർമ്മ സേന സമ്പാദിക്കുന്നു. ഇതുവഴി ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ഏഴായിരത്തി അഞ്ഞൂറ് രൂപയോളം ഓണറേറിയം നൽകാൻ സാധിക്കുന്നു. സേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് എം.സി.എഫ് ആരംഭിച്ച് അതിൽ സംഭരിക്കുകയും ബ്ലോക്ക് പഞ്ചായത്ത് ഈ പഞ്ചായത്തിൽ തന്നെ സ്ഥാപിച്ച ഊരത്തൂർ ആർ.ആർ.എഫ് കേന്ദ്രത്തിലേക്ക് ഈ വസ്തുക്കൾ അവിടെ വെച്ച് ഷ്രഡ്ഡിംഗും ബെയിലിംഗും നടത്തുകയും ചെയ്യുന്നു. 2800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള എം.സി.എഫ് നിലവിലുണ്ട്. വാർഡുതലത്തിൽ മിനി എം.സി.എഫും ഹരിത കർമ്മസേന ഓഫിസും നിലവിലുണ്ട്. പാഴ്വസ്തുക്കൾ, ചില്ല്, കുപ്പി, ചെരിപ്പ് മുതലായ അജൈവ മാലിന്യങ്ങൾ അംഗീകൃത സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു. ഈ ഇനത്തിൽ 15000 രൂപയോളം ഒരു മാസം ലഭിക്കുന്നുണ്ട്.

### ജൈവമാലിന്യം

ജൈവ മാലിന്യം ഗാർഹിക മാലിന്യങ്ങൾ എന്നിവയ്ക്ക് വിവിധ ഉറവിട സംസ്കരണ ഉപാധികൾ പഞ്ചായത്ത് വിതരണം ചെയ്തിട്ടുണ്ട്. പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, തുമ്പൂർമുഴി കേന്ദ്രം എന്നിവ പഞ്ചായത്ത് പ്രാവർത്തികമാക്കി. 3800 വീടുകളിൽ പഞ്ചായത്ത് ഗ്രാന്റ് നൽകിയ റിംഗ് കമ്പോസ്റ്റോ പൈപ്പ് കമ്പോസ്റ്റോ, കമ്പോസ്റ്റ് പിറ്റോ നിലവിലുണ്ട്. കൃത്യമായ പരിചരണം ഹരിതകർമ്മ സേന ഉറപ്പു വരത്തുന്നുണ്ട്. ഇതിൽ 1000 വീടുകൾക്ക് പൈപ്പ് കമ്പോസ്റ്റ്, 1500 വീടു



കൾക്ക് റിംഗ് കമ്പോസ്റ്റ്, 1300 എൻ.ആർ.ഇ.ജി കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിച്ചു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികൾ ഇതിലൂടെ വൃത്തിയുടെ കേന്ദ്രമായി മാറിയിട്ടുണ്ട്. ശേഷിക്കുന്ന 1450 വീടുകൾക്ക് കമ്പോസ്റ്റ് പിറ്റുകളും റിംഗ് കമ്പോസ്റ്റുകളും നിർമ്മിക്കുന്നതിന് ഈ വർഷത്തെ വാർഷിക പദ്ധതിയിലും എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലും ആവശ്യമായ പ്രോജക്റ്റുകൾ ജൈവ വളം അടുക്കളത്തോട്ടത്തിലും ഇലവാഴ കൃഷിക്കും ഉപയോഗിക്കുകയും ചെയ്യുന്നു. ഹരിത കർമ്മസേന ഇവയക്ക് വേണ്ട മേൽനോട്ടം വഹിക്കുന്നു. ഒരു തുമ്പൂർമൂഴി മോഡൽ പൊതു ജൈവമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു. ഹരിതസേനയ്ക്കാണ് നടത്തിപ്പു ചുമതല. പ്രവർത്തനം ആരംഭിച്ചിട്ടേ ഉള്ളൂ. ഈ മാസം അവസാനത്തോടുകൂടി ജൈവവളം ശേഖരിക്കാൻ സാധിക്കും.

### വീണ്ടും പ്ലാസ്റ്റിക്കിലേക്കു തന്നെ

പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക്കിനെ തുരത്താൻ വലിയൊരു ജനകീയ റെയ്ഡ് നടത്തിയതിലൂടെ 135000 രൂപ 12 കേസുകളിലായി പിഴ ഈടാക്കി. തുണിസഞ്ചി വിതരണം നടത്തി. 2017–18ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉള്ള 1500 കുട്ടികൾക്ക് തുണിയുടെ സ്കൂൾ ബാഗ്, പ്ലാസ്റ്റിക്ക് വാട്ടർ ബോട്ടിലിനു പകരം സ്റ്റീൽ വാട്ടർ ബോട്ടിൽ മഷിപ്പേന എന്നിവ ഒൻപത് ലക്ഷം രൂപ മുടക്കി വിതരണം ചെയ്തു. കുഞ്ഞുങ്ങളിൽ ശീലവൽക്കരണത്തിന്റെ ഭാഗമായി ഈ പ്രവർത്തനം ഇപ്പോഴും തുടരുന്നു. സ്കൂളുകളിൽ ഇതിന്റെ



ഭാഗമായി രണ്ട് തവണ ശുചിത്വ പാർലമെന്റ് സംഘടിപ്പിച്ച് ശുചിത്വ സന്ദേശം നൽകി. കാൽനടയായി പഞ്ചായത്തിലാകെ എം.പി, ബ്ലോക്ക് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഉൾപ്പെടെ ജനപ്രതിനിധികൾ നേതൃത്വം നല്കിയ 'ശുചിത്വ സന്ദേശയാത്ര' സംഘടിപ്പിച്ചു. ഒരേസമയം 400 പേർ ജാഥയിൽ പങ്കാളികളായി. എല്ലാ വാർഡിലും സ്വീകരണം, കലാപരിപാടികൾ, പ്രഭാഷണങ്ങൾ, ശുചിത്വ ഓട്ടംതുള്ളൽ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

### പകരമെന്ത്?

ഫ്ളക്സ് ബോർഡിന് പകരമെന്ത് എന്ന ചോദ്യത്തിനുത്തരമായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ കലാകാരൻമാരെ വിളിച്ചുകൂട്ടി ബ്ലാത്തൂരിൽ ഒരു തുണി ബാനർ/ബോർഡ് എഴുത്ത് പരിശീലനകേന്ദ്രവും ആരംഭിച്ചു. ഇതിനോടകം 15 പേർ ഉവിടെ പരിശീലനം നേടിക്കഴിഞ്ഞു.

### ഗ്രീൻ പ്രോട്ടോക്കോളും ഹരിത മാംഗല്യവും

പഞ്ചായത്ത് പരിധിയിലെ മുഴുവൻ ഉൽസവങ്ങളും പൊതു ചടങ്ങുകളും വിവാഹങ്ങളും ഹരിത പെരുമാറ്റചട്ടം പാലിക്കുന്നു. ഹരിത മംഗല്യം പദ്ധതി നടപ്പിലാക്കിൽ അതിനാവശ്യമായ ഇല, സ്റ്റീൽ പ്ലെയിറ്റ്, ഗ്ലാസ്, കുട്ടകൾ എന്നിവ ഹരിത കർമ്മസേന ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കുന്നു. വിവാഹ രജിസ്ട്രേഷൻ സമയത്ത് ഹരിത സാക്ഷ്യപത്രം നിർബന്ധമാക്കിയപ്പോൾ ജനം ഹരിത പ്രോട്ടോക്കോൾ പാലിച്ചു തുടങ്ങിയിട്ടുണ്ട്.

## പ്ലാസ്റ്റിക്കിനെ തുരത്തി പടിയൂരിലെ കുട്ടികൾ

പടിയൂർ: സ്കൂളുകളിൽ നിന്നും പ്ലാസ്റ്റിക്കിനെ അകറ്റിനിർത്തുക എന്ന ലക്ഷ്യവുമായി രണ്ടുവർഷം മുൻപ് ആരംഭിച്ച പ്ലാസ്റ്റിക്ക് മുക്ത പദ്ധതി പടിയൂർ ഗ്രാമപഞ്ചായത്തിൽ യാഥാർത്ഥ്യമാവുന്നു. രണ്ടുവർഷമായി പടിയൂർ പഞ്ചായത്തിൽ ഒരു കുട്ടി പോലും പ്ലാസ്റ്റിക്ക് ബാഗോ, പ്ലാസ്റ്റിക്ക് കൊണ്ടുള്ള വാട്ടർബോട്ടിലോ ഉപയോഗിക്കുന്നില്ല. പഞ്ചായത്തിൽ ഒന്നു മുതൽ 8 വരെ ക്ലാസുകളിലുള്ള 1500 വിദ്യാർത്ഥികൾക്കും തുണി സഞ്ചിയും സ്റ്റീൽ കൊണ്ടുള്ള വാട്ടർബോട്ടിലും സൗജന്യമായി വിതരണം ചെയ്താണ് നടപ്പിലാക്കിയത്.

സ്കൂൾ പ്രവേശന സമയത്ത് തന്നെ പ്ലാസ്റ്റിക്ക് കൊണ്ടുള്ള സാധനങ്ങൾ സ്കൂളിൽ കൊടുത്തുവിടാൻ പാടില്ല എന്ന കർശന നിർദ്ദേശം രക്ഷിതാക്കൾക്ക് നൽകുന്നു.



ഈ അധ്യയന വർഷം പുതുതായി സ്കൂളിൽ പ്രവേശിച്ച കുട്ടികൾക്ക് സ്റ്റീൽ വാട്ടർബോട്ടിലിന്റെയും തുണിസഞ്ചിയുടെയും ഈ വർഷത്തെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കെ ശ്രീജ നിർവ്വഹിച്ചു. പഞ്ചായത്ത് സ്ഥിരംസമിതി അദ്ധ്യക്ഷൻ വി.വി രാജീവ്, വി.ഇ.ഒ ഒ.സി അബ്ദുള്ള, പ്രധാനാധ്യാപിക ഇ.കെ ശീതള തുടങ്ങിയവർ പ്രസംഗിച്ചു.



## ജനങ്ങളിലേക്ക്

വിവേചനരഹിതമായി പ്ലാസ്റ്റിക് ഉപയോഗം ജീവരാശിയുടെ അന്തകനാകുമെന്ന തിരിച്ചറിവിന്റെ ഭാഗമായി Reduce, Reuse, Recycle പ്രക്രിയ പഞ്ചായത്തിൽ ശീലമാക്കി. ജനകീയ ശീലവത്കരണനത്തിലൂടെ ബദൽ ഉത്പന്നങ്ങൾ ജനങ്ങളിലെത്തിക്കുന്നു. പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഡിസ്പോസിബിൾ പെൻ ബൂത്തുകൾ ആരംഭിച്ചിരിക്കുന്നു. മറ്റു പ്രദേശങ്ങളിൽനിന്നും ലോഡ് ചെയ്ത് വലിച്ചെറിയുന്ന വിജന പ്രദേശങ്ങളിൽ ആന്റി പ്ലാസ്റ്റിക്ക് സർവൈലൻസ് സ്ക്വാഡ് രൂപീകരിച്ച് വാഹനങ്ങൾ പിടികൂടുന്നു. 12 കേസുകൾ പിടിച്ചിട്ടുണ്ട്. എട്ട് എണ്ണം നിയമ നടപടി സ്വീകരിച്ചു. 212000 രൂപ പിഴ ഈടാക്കി. ഒരു കേസ് കോടതിയിലുണ്ട്. ബാക്കി എല്ലാം പോലീസ് സ്റ്റേഷൻ മുഖാന്തിരം പിഴ ഈടാക്കി അവസാനിപ്പിച്ചു. ഇവയ്ക്കെല്ലാം പൊതുസമൂഹത്തിന്റെ നല്ല പിന്തുണ ലഭ്യമാവുന്നുണ്ട്. ആരാമം പദ്ധതിയെ പരിഗണിച്ചാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ദേശീയ സ്വച്ഛ് ഭാരത് പുരസ്കാരം ലഭ്യമായത്. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പ്രഥമ ഹരിത അവാർഡ് പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിനാണ് ലഭിച്ചത്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ മുമ്പാകെ സംസ്ഥാന സർക്കാർ ശുചിത്വമാലിന്യ പരിപാലന മാതൃകയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് പടിയൂർ.

## പ്രധാന വെല്ലുവിളികൾ

വീടുകളിലെ ജൈവ മാലിന്യ സംസ്കരണം പ്ലാസ്റ്റിക്ക് പൂർണ്ണമായും ഹരിത കർമ്മസേനയ്ക്ക് നൽകൽ, സമ്പൂർണ്ണ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ എന്നിവയിൽ ഇനിയും നമുക്ക് മുന്നേറാനുണ്ട്. കുടുംബശ്രീ ശുചിത്വ മാപ്പിംഗ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ സേവനങ്ങൾ ലഭ്യമാകണമെങ്കിൽ ഞാൻ എന്റെ വീട്ടിൽ/സ്ഥാപനത്തിൽ ഹരിത നിയമങ്ങൾ പാലിച്ചിട്ടുണ്ട് എന്ന ഗ്രീൻ അഫിഡവിറ്റ് ഹാജരാക്കണം എന്ന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ഇത് ഹരിത കർമ്മസേനയുടെ സാക്ഷ്യപ്പെടുത്തലാവണം. ഇതുപോലെ തന്നെ വാർഡ് കേന്ദ്രങ്ങളിൽ ഗ്രീൻ ബുള്ളറ്റിൻ ചുമർപത്രിക പുറത്തിറക്കും. അതതുമാസം ഗ്രീൻ ശുചിത്വ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പുറത്തിറക്കും. അതിൽ സഹകരിക്കാത്തവരുടെ പേരും ഉൾപ്പെടുത്തുന്നതാണ്. തുമ്പൂർമൂഴി ഓരോ ജനവാസ കേന്ദ്രത്തിലും സ്ഥാപിക്കണം തുടങ്ങിയ കാര്യങ്ങൾ കൂടി നടപ്പിലായാൽ ഒരു സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി പടിയൂർ കല്ല്യാട് മാറും.

## ബോധവത്കരണത്തിലൂടെ ശീലവത്കരണത്തിലേക്ക്

1.ആരാമം പടിയൂർ എന്ന കാമ്പയിൻ ആരംഭിച്ചത് മുതൽ അയൽസഭകളിലൂടെയും ഗ്രാമസഭകളിലൂടെയും മാലിന്യങ്ങൾ വലിചെറിയുന്നതിനെതിരെ നിരന്തരം ബോധവത്കരണ കാമ്പയിനുകൾ സംഘടിപ്പിച്ചു.

2. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഉൾപ്പെടെ നൂറു കണക്കിന് ആളുകൾ പങ്കെടുത്ത കാൽനട ജാഥ സംഘടിപ്പിച്ചു. എല്ലാ വാർഡുകളിലും ഒരുക്കിയ സ്വീകരണ കേന്ദ്രങ്ങളിൽ ഉയർന്ന പങ്കാളിത്തം ഉണ്ടായി. ലഘുഭാഷണങ്ങളിലൂടെയും ഓട്ടൻതുള്ളൽ മുതലായ കലാ പരിപാടികളിലൂടെയും ആശയസംവാദം നടത്തി.

3.ബഹുജനങ്ങളെ അണിനിരത്തി പൊതുസ്ഥലങ്ങളിൽ ശുചീകരണ കാമ്പയിനുകൾ, ശുചിത്വചങ്ങല എന്നിവ സംഘടിപ്പിച്ചു.


4. കുട്ടികളിൽ പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിക്കാനായി മുഴുവൻ കുട്ടികൾക്കും സ്റ്റീൽ വാട്ടർബോട്ടിലും തുണി കൊണ്ടുള്ള സ്കൂൾ ബാഗും നല്കി.

5. പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിയുന്നതിനും കത്തിക്കുന്നതിനുമെതിരെ സ്കൂളുകളിൽ രണ്ട്തവണ പ്രത്യേക അസംബ്ലികളും സ്കൂൾ പാർലിമെന്റും സംഘടിപ്പിച്ചു. സ്കൂളുകളിൽ പെൻ ബൂത്ത് സ്ഥാപിച്ചു.

6. 2017 നവംബർ ഒന്ന് മുതൽ പഞ്ചായത്തിൽ ഫ്ളെക്സിനും മൾട്ടിലെയർ പ്ലാസ്റ്റിക്കിനും സമ്പൂർണ നിരോധനം നടപ്പിലാക്കി.

7. ശുചിത്വ ഡയറക്ടറി എന്ന പേരിൽ ഹരിത നിയമങ്ങളും ശിക്ഷാനടപടികളും ഹരിത പെരുമാറ്റച്ചട്ടവും പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച വിജ്ഞാപനവും ഉൾപ്പെടുന്ന ബുക്ക്ലെറ്റുകൾ അച്ചടിച്ച് എല്ലാ വീടുകളിലും നല്കി.

8. പൊതു നിരത്തുകളിൽ ഓരോ കിലോമീറ്റർ ഇടവിട്ട് പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു.







9. തുടർച്ചയായ റെയ്ഡുകളും നിയമനടപടികളും വഴി പ്ലാസ്റ്റിക് ക്യാരിബാഗുകളും നിരോധിച്ച പ്ലാസ്റ്റിക് ഉത്പന്നങ്ങളും പഞ്ചായത്ത് പരിധിയിൽ നിനും മാറ്റി നിർത്തി.

10. ബദൽ ഉത്പന്നങ്ങൾക്കായി ഇലവാഴക്കൃഷി, തുണിസഞ്ചി യൂനിറ്റ്, പേപർബാഗ് യൂണിറ്റ് എന്നിവ ആരംഭിച്ച് ഉത്പാദനം വ്യപകമാക്കി.

11. പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഫൈബർ പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ, ഐസ്ക്രീംബൗളുകൾ എന്നിവ സമാഹരിച്ച് പഞ്ചായത്തിൽ വിതരണം ചെയ്തു.

12. നിയമലംഘനം ശ്രദ്ധയിൽപെട്ടാൽ ജനങ്ങൾതന്നെ അധികാര സ്ഥാനങ്ങളിൽ അറിയിക്കുന്ന സ്ഥിതി ഉണ്ടാക്കാൻ സാധിച്ചു.



# മാലിന്യപരിപാലനത്തിലെ ആമ്പല്ലൂർ മാതൃക

എറണാകുളത്തിന്റെ തെക്കേ അതിർത്തിയിൽ കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി ബ്ലോക്കിൽ കോട്ടയം ജില്ലയോട് ചേർന്നു കിടക്കുന്ന ആമ്പല്ലൂർ പഞ്ചായത്ത്, ആയിരക്കണക്കിന് ഏക്കർ നെൽപ്പാടങ്ങളും പുഴകളും ചിറകളും കുളങ്ങളും ധാരാളമായുള്ള പ്രദേശമാണ്. വടക്ക്പഞ്ചായത്ത് അതിർത്തിയായ പാണാർപ്പാലം മുതൽ തെക്കുനീർപ്പാറ വരെ 9 കിലോമീറ്റർ നീളത്തിലും, ഒന്നു മുതൽ മൂന്ന് വരെ കിലോമീറ്റർ വീതിയിലും ഈ പ്രദേശം വ്യാപിച്ചു കിടക്കുന്നു. 22.59 ച കിലോമീറ്റർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിൽ 8268 വീടുകളും 620 സ്ഥാപനങ്ങളും ഉണ്ട്. ജനസംഖ്യ 2011 സെൻസെസ് പ്രകാരം 25,268 ആണ്.

## മാലിന്യസംസ്കരണ രംഗത്തെ ഇടപെടലുകൾ

2017 ലെ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം സർവ്വേ പ്രകാരം പഞ്ചായത്തിൽ പ്രതിദിനം 303 കി.ഗ്രാം അജൈവ മാലിന്യങ്ങളും,7277 കി ഗ്രാം ജൈവ മാലിന്യങ്ങളും ഉണ്ടാകുന്നു. ജൈവ അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ജില്ലയിൽ മാതൃകാപരമായി മുന്നോട്ടു വന്നിട്ടുള്ള പഞ്ചായത്താണ് ആമ്പല്ലൂർ. അരയങ്കാവിലും കാഞ്ഞിരമറ്റവും പൊതുമാലിന്യ സംസ്കരണത്തിനായി സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റി ബയോഗ്യസ്പ്ലാന്റുകൾ പ്രവർത്തനരഹിതമായിരുന്നത് 2017-18 കാലഘട്ടത്തിൽ തകരാറുകൾ പരിഹരിച്ച് പുനരുജ്ജീവിപ്പിക്കാനായത് മാർക്കറ്റിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരമായി. നാളിതുവരെ ഗാർഹിക ജൈവ മാലിന്യ





സംസ്കരണത്തിനായി 162 ബയോഗ്യാസ് പ്ലാന്റുകളും 110 വേസ്റ്റ്പിറ്റുകളും പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുണ്ട്. 15 അങ്കണവാടികളിലും ഏഴ് സ്കൂളുകളിലും ജൈവമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട്.

അജൈവമാലിന്യസംസ്കരണത്തിനായി 25-10-2017 3 എം ഇ ഗ്രൂപ്പുകളിലായി 18 പേരടങ്ങുന്ന ഹരിതകർമസേന രൂപീകരിച്ചു. 1000 ചതുരശ്ര അടി വരുന്ന സൗകര്യപ്രദമായ അജൈവ മാലിന്യസംഭരണ കേന്ദ്രം (എം.സി.എഫ്) അരയങ്കാവിൽ സ്ഥാപിച്ചു.

യൂസർഫീ വീടുകളിൽനിന്നും 40 രൂപയും, കടകളിൽ നിന്ന് 100 രൂപയും ശേഖരിക്കുന്നു.

ഹരിത കർമസേന അംഗങ്ങൾക്ക് 4000 രൂപ വരെ പ്രതിമാസം വരുമാനം ലഭിക്കുന്നുണ്ട്. അജൈവമാലിന്യങ്ങൾ മൂല്യവർധനവിനുതകുന്ന തരത്തിൽ എട്ട് ഇനങ്ങളിലായി തരംതിരിക്കുന്നു. ഹരിത കർമ്മസേനയ്ക്ക് സാ





ങ്കേതിക സഹായം നൽകുന്നതിനായി ഹരിത സഹായസ്ഥാപനത്തെ നിയോഗിച്ചിരിക്കുന്നു.

2800 വീടുകളിൽ നിന്നായി പ്രതിമാസം രണ്ട് ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

## സവിശേഷ ഇടപെടലുകൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തി, അജൈവമാലിന്യങ്ങളുടെ ശേഖരണം കാര്യക്ഷമമാക്കുന്നതിന് വാർഡുതലത്തിൽ 50 വീടുകളുടെ ക്ലസ്റ്റർ യോഗങ്ങളും, പഞ്ചായത്തുതലത്തിൽ റെസിഡൻസ് അസോസിയേഷൻ, വ്യാപാരി-വ്യവസായികൾ എന്നിവരുടെ യോഗങ്ങളും നടന്നു. ഹരിതനിയമങ്ങൾ സംബന്ധിച്ചു പഞ്ചായത്തു തല



ത്തിൽ വിപുലമായ ഒരു യോഗവും വാർഡുതലത്തിൽ 16 ക്ലാസ്സുകളും നടന്നു. ക്ലസ്റ്ററുകളിലായി 32 ക്ലാസ്സുകളും റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾക്കായി ഒരു യോഗവും വിവിധ റെസിഡൻസ് അസ്സോസ്സിയേഷനുകളിലായി അഞ്ച് യോഗങ്ങളും വ്യാപാരി വ്യവസായി സംഘടനകളുടെ അംഗങ്ങൾക്കായി മൂന്ന് യോഗങ്ങളും, ഓഡിറ്റോറിയം കാറ്ററിങ് ഉടമകൾക്കായി ഒരു യോഗവും ഇതുവരെ നടന്നിട്ടുണ്ട്. റെസിഡൻസ് അസോസിയേഷൻ കേന്ദ്രീകരിച്ച് തുടർന്നും ക്ലാസുകൾ നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. നിയമലംഘനം നടത്തുന്നവരെ കണ്ടെത്താൻ കർശനമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തി, വ്യാപകമായി നോട്ടീസുകൾ നൽകി.

പഞ്ചായത്ത് ഓഫീസിലും അനുബന്ധസ്ഥാപനങ്ങളുടെ ഓഫീസിലും പൊതുപരിപാടികൾ ഹരിത പ്രോട്ടോക്കോൾ അനുസരിച്ചാണ് നടത്തപ്പെടുന്നത്. നാട്ടിൽ നടക്കുന്ന വിവാഹങ്ങളും മറ്റ് പരിപാടികളും ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് നടത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരികയാണ്. കാഞ്ഞിരമറ്റം പള്ളിയിൽ നടക്കുന്ന കൊടികുത്ത് ചന്ദനക്കുടം മഹോത്സവം വളരെ പ്രസിദ്ധമാണ്. ഈ വർഷം ജനുവരിമാസത്തിൽ നടക്കുന്ന പ്രസ്തുത ഉത്സവം പൂർണമായും ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് നടത്താമെന്ന് പള്ളിക്കമ്മറ്റി സമ്മതിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കൂടെ പൂർണ്ണമായ സഹകരണത്തോടെ ഉത്സവം ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരികയാണ്.



## വെല്ലുവിളികൾ

എം സി ഫിൽ തരം തിരിക്കുന്ന അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ റീസൈക്കിളേഴ്സ്സിനു കൈമാറുന്നതു നിലവിൽ വെല്ലുവിളിയാണ്.ആമ്പല്ലൂർ പഞ്ചായത്ത് ഉൾപ്പെടുന്ന മുളന്തുരുത്തിബ്ലോക്കിന്റെ ആർ.ആർ. എഫ് പ്രവർത്തന സജ്ജമാകുന്നതോടെ, പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടും. ആമ്പലൂർ പഞ്ചായത്തിലൂടെ കടന്നു പോകുന്ന എറണാകുളം കോട്ടയം റോഡിൽ കാഞ്ഞിരമറ്റം ഭാഗത്ത്, പാതയോരത്തുള്ള മില്ലുങ്ങൽ തോടിൽ വൻതോതിൽ മാലിന്യ നിക്ഷേപം നടത്തുന്ന പ്രവണതയുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ, പൊതുജനങ്ങളുടെ സഹായത്തോടെ, പോലീസിനെക്കൂടി ഉൾപ്പെടുത്തി കർശന നിരീക്ഷണം നടത്തുകയും, മാലിന്യ നിക്ഷേപം നടത്തുന്നവരെ കണ്ടെത്തി പിഴ ചുമത്തുകയും ചെയ്യുന്നു. പ്രസ്തുത തോട്ടിലെ മാലിന്യങ്ങൾ നീക്കി പുനരുജ്ജീവിപ്പിക്കുന്ന പരിപാടിയും നിലവിൽ നടന്നു വരുന്നു. ശക്തമായ പെട്രോളിങ്, ബഹുജനങ്ങളേയും റെസിഡൻസ് അസ്സോസ്സിയേഷൻ ഭാരവാഹികളെയും ഉൾപ്പെടുത്തി നടത്തുന്നുണ്ട്. ആറ് പേർക്കെതിരെ നിയമനടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഓഫീസിലും അനുബന്ധ സ്ഥാപനങ്ങളുടെ ഓഫീസിലും പൊതുപരിപാടികൾ ഹരിത പ്രോട്ടോകോൾ അനുസരിച്ചാണ് നടത്തപ്പെടുന്നത്. നാട്ടിൽ നടക്കുന്ന വിവാഹങ്ങളും മറ്റ് പരിപാടികളും ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് നടത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരികയാണ്. കാഞ്ഞിരമറ്റം പള്ളിയിൽ നടക്കുന്ന കൊടികുത്ത് ചന്ദനക്കുടം മഹോത്സവം വളരെ പ്രസിദ്ധമാണ്. ഈ വർഷം ജനുവരിമാസത്തിൽ നടക്കുന്ന പ്രസ്തുത ഉത്സവം പൂർണമായും ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് നടത്താമെന്ന് പള്ളിക്കമ്മിറ്റി സമ്മതിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കൂടെ പൂർണ്ണമായ സഹകരണത്തോടെ ഉത്സവം ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരികയാണ്. കൂടാതെ പഞ്ചായത്തിലുള്ള ക്ഷേത്രങ്ങളിലും പള്ളികളിലും നടക്കുന്ന ഉത്സവങ്ങൾ ഹരിത പ്രോട്ടോക്കോൾ അനുസരിച്ച് നടത്തുന്നതിനുള്ള തീവ്ര യജ്ഞത്തിലാണ് ഭരണസമിതി.



# സമ്പൂർണ ശുചിത്വത്തിലേക്ക് പെരിനാട് ഗ്രാമപഞ്ചായത്ത്

കൊല്ലം നഗരത്തിൽ നിന്ന് ഏകദേശം 11 കി.മീ കിഴക്കായി അഷ്ടമുടിക്കായലിന്റെ തീരത്തോടു ചേർന്ന് 13.86 ച.കി.മീ വിസ്തൃതിയിൽ പെരിനാട് എന്ന ഗ്രാമം സ്ഥിതിചെയ്യുന്നു. കുണ്ടറ നിയോജക മണ്ഡലത്തിലെ ചിറ്റുമല ബ്ലോക്ക് പരിധിയിലാണ് പെരിനാട് പഞ്ചായത്ത് ഉൾപ്പെടുന്നത്. 13412 കുടുംബങ്ങളിലായി 35,173 ജനങ്ങൾ 20 വാർഡുകളുള്ള പഞ്ചായത്തിൽ അധിവസിക്കുന്നു. 1225 വ്യാപാരസ്ഥാപനങ്ങളും, 12 ചെറുകിട വ്യവസായ യൂണിറ്റുകളും, എട്ട് സ്കൂളുകളും, ഏഴ് സർക്കാർ സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽപ്രവർത്തിക്കുന്നു. പരമ്പരാഗത കയർവ്യവസായവും കശുവണ്ടിസംസ്കരണവുമാണ് പ്രധാനപ്പെട്ട വ്യവസായങ്ങൾ. കൃഷിയും മത്സ്യബന്ധനവും ഉപതൊഴിലുകളായി വർത്തിക്കുന്നു.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

ഗ്രാമീണ മേഖലയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത്പ്രദേശത്ത് മാലിന്യം ഒരു വൻവിപത്തായി മാറുന്നില്ല. ദൈനംദിന പ്രവർത്തനങ്ങളിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക്, ജൈവ അജൈവ മാലിന്യങ്ങൾ മറ്റ് നഗരസ്വഭാവത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിലെന്നപോലെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുമില്ല. ഹരിതകേരളം മിഷന്റെ പ്രവർത്തനത്തിന് ചുവടുപിടിച്ച് ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് കഴിഞ്ഞ ഒന്നര വർഷമായി മുന്തിയ പരിഗണനയാണ് നൽകുന്നത്. ശുചിത്വ സർവ്വേയോ



ടെ 2017 മെയ് മാസത്തിൽ പ്ലാസ്റ്റിക് സംസ്കരണ പദ്ധതിക്ക് തുടക്കം കുറിച്ചു. 2017 ആഗസ്റ്റ് മാസത്തിൽ 40 പേരടങ്ങിയ ഹരിതകർമ്മസേന രൂപീകൃതമായി. അതോടൊപ്പം തന്നെ എം.സി.എഫ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവയ്ക്കും തുടക്കമായി. തുടക്കത്തിൽ വീടുകളിൽ നിന്നും 20 രൂപ നിരക്കിലാണ് യൂസർഫീയായി ഈടാക്കിയിരുന്നത്. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 30 രൂപയും, ഈടാക്കിയിരുന്നു. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അടിസ്ഥാന സൗകര്യ സജ്ജീകരണത്തിന് വേണ്ടി ചെലവഴിച്ചു. 2019 സെപ്തംബർ മാസം മുതൽ 40 രൂപ വീടുകൾക്കും 50 രൂപ വ്യാപാര സ്ഥാപനങ്ങൾക്കും ആഡിറ്റോറിയങ്ങൾ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് 100 രൂപ നിരക്കിലും യൂസർ ഫീ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയിൽ നിലവിൽ 35 അംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ഓരോ അംഗത്തിനും 6000 രൂപ മുതൽ 7000 രൂപ വരെ മാസവരുമാനമായി ലഭിക്കുന്നു. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ അടക്കം 11 പേർ ചേർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഹരിതകർമ്മസേനയുടെ ഭരണപരമായ തീരുമാനങ്ങൾ പഞ്ചായത്തിന്റെ അംഗീകരത്തോടെ നടപ്പാക്കുന്നത്. ബെയിലിംഗ് മെഷീൻ, ഷ്രെഡ്ഡിംഗ് മെഷീൻ, വാഷിംഗ് മെഷീൻ എന്നിവ ക്രമീകരിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ മാനേജർ, മെഷീൻ ഓപ്പറേറ്റർ, യൂണിറ്റ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ സ്ഥിരമായി മൂന്ന് അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്ലാസ്റ്റിക് ശേഖരണത്തിന് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്ന് 5,32,000 രൂപ ചെലവഴിച്ച് വാങ്ങിയ വാഹനവും ഉപയോഗിച്ചു വരുന്നു. പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഏകദേശം 18 ലക്ഷം രൂപയോളം പഞ്ചായത്ത് പ്ലാൻഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 80ശതമാനം സ്ഥാപനങ്ങളിലും ഹരിത കർമ്മസേന അംഗങ്ങൾ അജൈവമാലിന്യങ്ങൾ എല്ലാ ആഴ്ചാവസാന ദിവസങ്ങളിലും ശേഖരിച്ച് സംഭരണ കേന്ദ്രത്തിലേക്ക് മാറ്റുന്നു.



പുനരുപയോഗസാധ്യമല്ലാത്ത പ്ലാസ്റ്റിക് കവറുകളുടെ നിയന്ത്രണവും ഹോട്ടൽ വേയ്സ്റ്റ്, പൗൾട്രി വേയ്സ്റ്റ് സംസ്കരണവുമാണ് പഞ്ചായത്ത് നേരിട്ട ആദ്യവെല്ലുവിളി. എന്നാൽ കഴിഞ്ഞ ഒന്നര വർഷത്തിലെ പ്രവർത്തനത്തിലൂടെ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപഭോഗത്തിൽ വലിയ കുറവാണ് വന്നിട്ടുള്ളത്. മാത്രവുമല്ല 50മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കുന്നതിന് കർശന നിയന്ത്രണം നിലവിലുണ്ട്. ഇതു സംബന്ധിച്ച അവബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. റോട്ടറി ക്ലബ്ബുമായി സഹകരിച്ച് 3000 തുണിസഞ്ചികൾ വീടുകളിൽ ഉപയോഗത്തിന് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വീടുകളിലും സൗജന്യമായി തുണിസഞ്ചി നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് വരുന്നു. ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ശക്തമായ പിന്തുണയും ക്ലീൻ കേരള കമ്പനിയുടെ സഹകരണവും പരിപാടിയുടെ വിജയത്തിന് സഹായകരമാണ്.

ഇതോടൊപ്പം തന്നെ മാസത്തിലൊരു ദിവസം ഏതെങ്കിലുമൊരു തരത്തിൽപ്പെട്ട അജൈവമാലിന്യം വ്യാപകമായി ശേഖരിച്ച് ക്ലീൻകേരള കമ്പനി മുഖാന്തിരം കൈമാറുന്നു. 2019 സെപ്തംബർ 30 ന് മാസ് കാമ്പയിന്റെ ഭാഗമായി പാഴായ ഇലക്ട്രോണിക് ഉപകരണങ്ങൾ, ശേഖരിച്ച് ക്ലീൻ കേരള കമ്പനി മുഖാന്തിരം കൈമാറ്റം നടത്തിയിരുന്നു. 2019 ഒക്ടോബർ 20 ന് ചെരുപ്പുകൾ, ബാഗുകൾ മറ്റ് ലെതർ ഉത്പന്നങ്ങൾ എന്നിവ എട്ട് ടണ്ണിലധികം ശേഖരിച്ച് കൈമാറ്റം ചെയ്യുന്നതിന് തയ്യാറായിട്ടുണ്ട്. നവംബർ 17 ന് കേടായ എൽ.ഇ.ഡി ലൈറ്റുകളും, ട്യൂബ് ലൈറ്റുകളും, കുപ്പികളും ശേഖരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.



ജൈവമാലിന്യ സംസ്കരണത്തിനും വലിയ പ്രാധാന്യമാണ് മാലിന്യപരിപാലന നിയമങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊല്ലം ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള പെരിനാട് പഞ്ചായത്തിൽ നടപ്പാക്കി വരുന്നത്. ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ അയൽസഭകളിൽ നിന്ന് ആരംഭിച്ച ശുചിത്വമാലിന്യസംസ്കരണ കാമ്പയിൻ 18-ാം വാർഡിനെ സമ്പൂർണ്ണ ശുചിത്വ വാർഡായി പ്രഖ്യാപിച്ചുകൊണ്ട് ഒക്ടോബർ 2 ന് സമാപിച്ചു. ഇതിന്റെ ഭാഗമായി 300 ബയോകമ്പോസ്റ്റർ, ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 100 കമ്പോസ്റ്റ് പിറ്റുകൾ എന്നിവ നിർമ്മിച്ചു നൽകി. എല്ലാ വീടുകളിലും ഏതെങ്കിലുമൊരു മാലിന്യസംസ്കരണ ഉപാധി ലക്ഷ്യംവയ്ക്കുന്നു. ഇതിന്റെ ചുവടുപിടിച്ച് മറ്റ് വാർഡുകളിലെയും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

അജൈവമാലിന്യ സംസ്കരണത്തിന് എല്ലാ വാർഡുകളിലുമായി 20 എം.സി.എഫ് യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻപ്ലാനിൽ 5000 കമ്പോസ്റ്റ് പിറ്റുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. നൂറിലധികം കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ 1234 ബയോകമ്പോസ്റ്ററുകളും, സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് അഞ്ച് ബയോഗ്യാസ് പ്ലാന്റുകൾക്കും പദ്ധതി തുക വകയിരുത്തിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും, പൗൾട്രി ഷോപ്പുകളിൽ നിന്നും ജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് നാല്



കമ്മ്യൂണിറ്റി ബേയ്സ്ഡ് ബയോകമ്പോസ്റ്റിങ് ഫെസിലിറ്റി കേരളപുരം, ചെറുമൂട്, പെരിനാട്, ഐ.ടി.ഐ ചന്ദനത്തോപ്പ് എന്നിവിടങ്ങളിൽ തയ്യാറായിവരുന്നു.

സമ്പൂർണ്ണ മാലിന്യ ശുചിത്വപരിപാലന പഞ്ചായത്തായി നവംബർ 30-ഓടെ പ്രഖ്യാപിക്കാൻ തയ്യാറെടുക്കുന്ന പഞ്ചായത്ത ബോധവത്കരണ പ്രവർത്തനങ്ങൾക്കും തത്തുല്യ പ്രാധാന്യമാണ് നൽകുന്നത്. ഒന്നിടവിട്ട എല്ലാ ഞായറാഴ്ചകളിലും പൊതുജന ബോധവത്കരണാർത്ഥം മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യവും നിയമങ്ങളും സംബന്ധിച്ച് അനൗൺസ്മെന്റ് നടത്തിയിരുന്നു. എല്ലാ വാർഡുകളിലും 25 മുതൽ 50 വരെ അംഗങ്ങളടങ്ങിയ അയൽസഭകൾ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രചരണാർത്ഥം നടന്നുവരുകയാണ്. മാലിന്യം അല

## ഹരിതചട്ട പരിപാലനത്തിൽ മാതൃകയായി പെരിനാട് ഗ്രാമം



ഹരിതചട്ട പരിപാലനത്തിൽ ജില്ലയ്ക്ക് മാതൃകയാവുകയാണ് പെരിനാട് ഗ്രാമപഞ്ചായത്ത്. പെരിനാട് പഞ്ചായത്തിൽ 100 അധികം പേർ പങ്കെടുക്കുന്ന എല്ലാ ആഘോഷ ഉത്സവ പരിപാടികൾക്കും ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാണ്. ഇത്തരം പരിപാടികൾക്ക് പഞ്ചായത്ത് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരിപാടികൾക്ക് ആവശ്യമായ സ്റ്റീൽ ഗ്ലാസ്, പാത്രങ്ങൾ എന്നിവ കുടുംബശ്രീയും, ഹരിതകർമ്മസേനയും വാടകയ്ക്ക് ലഭ്യമാക്കുന്നു. കൂടാതെ ഇത്തരം സ്ഥലങ്ങളിലെ ജൈവ-അജൈവമാലിന്യങ്ങളുടെ സംസ്കരണം ഹരിതകർമ്മസേനയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടത്തുന്നത്. ഇതിലൂടെ ഒരു ശുചിത്വസംസ്കാരം വളർത്തിയെടുക്കുന്നതിനും ഹരിതകർമ്മസേനയുടെ വരുമാനവർദ്ധനവിനും അവസരമൊരുങ്ങുന്നു.

ക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നിയമനടപടികളും സ്വീകരിച്ചുവരുന്നു. ഇതിനായി നാല് ക്യാമറകളടങ്ങിയ പോർട്ടബിൾ ക്യാമറ സർവ്വെയിലൻസ് സിസ്റ്റം മാലിന്യം വലിച്ചെറിയുന്ന പ്രദേശം കേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കുന്നു. കഴിഞ്ഞ മൂന്ന് മാസങ്ങളിലായി 23000 ത്തിലധികം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. അഷ്ടമുടിക്കായലിന്റെ മലിനീകരണം തടയുന്നതിന് 37 വീടുകളിൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി കായലിലേക്ക് തുറന്നിരിക്കുന്ന സാനിറ്റേഷൻ പൈപ്പുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു. 17 വീടുകൾ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു.

ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ മാലിന്യസംസ്കരണ ഉപാധികളുടെ പ്രദർശനവും വില്പനയും, നടത്തുന്നതിന് ചെറുമൂട് ഗ്രീൻ സ്പെയ്സ് എന്ന പേരിൽ റീടെയിൽ ഔട്ട്ലെറ്റ് പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ഇവിടെ നിന്നും പഞ്ചായത്തിന്റെ സബ്സിഡി കൂടാതെ നേരിട്ട് മാലിന്യസംസ്കരണ ഉപകരണങ്ങൾ വാങ്ങാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് വലിയൊരു സ്വീകാര്യതയാണ് ഈ സംരംഭത്തിന് ലഭിച്ച് വരുന്നത്

### നേരിടുന്ന വെല്ലുവിളികൾ

പുനരുപയോഗസാധ്യമല്ലാത്ത പ്ലാസ്റ്റിക് കവറുകളുടെ നിയന്ത്രണവും ഹോട്ടൽ വേയ്സ്റ്റ്, പൗൾട്രി വേയ്സ്റ്റ് സംസ്കരണവുമാണ് പഞ്ചായത്ത് നേരിട്ട ആദ്യവെല്ലുവിളി. എന്നാൽ കഴിഞ്ഞ ഒന്നര വർഷത്തിലെ പ്രവർത്തനത്തിലൂടെ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപഭോഗത്തിൽ വലിയ കുറവാണ് വന്നിട്ടുള്ളത്. മാത്രവുമല്ല 50മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കുന്നതിന് കർശന നിയന്ത്രണം നിലവിലുണ്ട്. ഇതു സംബന്ധിച്ച അവബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. റോട്ടറി ക്ലബ്ബുമായി സഹകരിച്ച് 3000 തുണിസഞ്ചികൾ വീടുകളിൽ ഉപയോഗത്തിന് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വീടുകളിലും സൗജന്യമായി തുണിസഞ്ചി നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് വരുന്നു. ഹരിതകേരള മിഷന്റെയും ശുചിത്വ മിഷന്റെയും ശക്തമായ പിന്തുണയും ക്ലീൻ കേരള കമ്പനിയുടെ സഹകരണവും പരിപാടിയുടെ വിജയത്തിന് സഹായകരമാണ്.



# കൊയിലാണ്ടിക്കിത് ശുചിത്വകാലം

കോഴിക്കോട് ജില്ലയുടെ ഹൃദയ ഭാഗത്തായി 29.055 ച.കി.മി വിസ്തൃതിയിൽ വ്യാപിപ്പിച്ചു കിടക്കുന്ന നഗരസഭയാണ് കൊയിലാണ്ടി. കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെയും കൊയിലാണ്ടി താലൂക്കിന്റെയും പരിധിയിലുള്ള നഗരസഭയിൽ ആകെ 44 വാർഡുകളാണുള്ളത്. മത്സ്യ ബന്ധനം, കൃഷി വ്യാപാരം എന്നിവയാണ് കൊയിലാണ്ടി പ്രദേശത്തെ മുഖ്യ സാമ്പത്തിക പ്രവർത്തനം. ഏതാണ്ട് മൂവായിരത്തോളം വ്യാപാരസ്ഥാപനങ്ങളാണ് നഗരസഭ പരിധിയിലുള്ളത്. ഇതിൽ ഹോട്ടലുകൾ, പച്ചക്കറി, പഴം വ്യാപാരം, സൂപ്പർ മാർക്കറ്റുകൾ, മറ്റു വ്യാപാരങ്ങൾ എന്നിവ ഉൾപ്പെടുന്നു.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടൽ

കൊയിലാണ്ടി നഗരസഭ പരിധിയിലെ ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന് കേന്ദ്രീകൃതവും-വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് നഗരസഭ സജ്ജമാക്കിയിട്ടുള്ളത്. ഏകദേശം 15 ടൺ മാലിന്യമാണ് ഇവിടെ പ്രതിദിനം ഉത്പാദിക്കപ്പെടുന്നത്. എന്നാൽ സിറ്റി സാനിറ്റേഷൻ പ്ലാൻ തയാറാക്കുന്നതിന് നടത്തിയ പഠന പ്രകാരം നഗരസഭയിലെ പ്രതിദിന മാലിന്യ ഉത്പാദനം 10 ടൺ ആണ്. ഇതിൽ 72% ജൈവമാലിന്യവും 15% പുനരുപയോഗസാധ്യതയുള്ളതും 13% മറ്റിനങ്ങളിൽ പെടുന്നവയുമാണ്. ആകെ മാലിന്യ ഉത്പാദനത്തിന്റെ 50% ഗാർഹിക മേഖലയിൽ നിന്ന് ഉത്പാദിക്കപ്പെടുന്നതായും കണ്ടെത്തിയിട്ടു



മാലിന്യം ഉറവിടത്തിൽതന്നെ തരം തിരിക്കാൻ കഴിയാത്തത് ഈ രംഗത്തെ പ്രധാന വെല്ലുവിളിയാണ്. മാലിന്യസംസ്കരണത്തിന് കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിനുള്ള സ്ഥല ലഭ്യതയും പ്രധാന പ്രശ്നമാണ്. ഉപഭോഗസംസ്കാരത്തിന്റെ ബാക്കി പത്രമായ വലിച്ചെറിയൽ സംസ്കാരവും നഗരസഭയെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും നഗരസഭയുടെയും പങ്കാളിത്തത്തോടെയുള്ള 4.75 കോടിയുടെ മാലിന്യ സംസ്കരണ പദ്ധതി, ശുചിത്വ മിഷൻ എന്നിവയുടെ നിരന്തരമായ ഇടപെടൽ വലിയ പിന്തുണയാണ് നഗരസഭയ്ക്ക് ലഭിച്ചു വരുന്നത്. ക്ളീൻ ആന്റ് ഗ്രീൻ കൊയിലാണ്ടി എന്ന പേരിൽ നഗരസഭ സ്വന്തമായി ആവിഷ്കരിച്ചുവരുന്ന മാലിന്യ സംസ്കരണ ഹരിതവത്കരണ ക്യാമ്പയിനും ബഹുജന പങ്കാളിത്തം ഉറപ്പിച്ചു. ഇതിന്റെ ഭാഗമായി വിപുലമായ പ്രചാരണ ബോധവത്കരണ പരിപാടികളെ പൊതുജനം ഏറ്റെടുത്തു കഴിഞ്ഞു.

ണ്ട്. രാസമാലിന്യങ്ങൾ വലിയ തോതിൽ ഉത്പാദിക്കപ്പെടുന്ന വ്യവസായ സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നില്ല.

## ജൈവമാലിന്യ സംസ്കരണം

നഗരത്തിലെ ജൈവമാലിന്യ സംസ്കരണത്തിന് കേന്ദ്രീകൃതമായ രീതി അവലംബിക്കുന്നുണ്ട്. ഇതിനായി 30 യൂണിറ്റ് തുമ്പൂർമുഴി മോഡൽ കംപോസ്റ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. 5 യൂണിറ്റുകൾ കൂടി ഈ വർഷം സ്ഥാപിക്കും. മണമില്ലാ മാലിന്യസംസ്കരണം എന്ന പേരിൽ നഗരമധ്യത്തിലും പരിസരങ്ങളിലുമായാണ് ഇവ ഇടം പിടിച്ചിരിക്കുന്നത്. ജൈവമാലിന്യം വളമായി നേരിട്ട് തെങ്ങിൻ തോപ്പുകളിൽ എത്തിക്കുന്നു. കംപോസ്റ്റ് ചെയ്യപ്പെടുന്ന ജൈവവളം കൃഷിക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. നേരത്തെ ഇന്റഗ്രേറ്റഡ് ലോകോസ്റ്റ് സാനിറ്റേഷൻ (ഐ.എൽ.സി.എസ്) പദ്ധതി പ്രകാരം നൽകിയ 264 എണ്ണം ബയോ ടോയ്‌ലറ്റുകൾക്ക് പുറമെ പൈപ്പ് കംപോസ്റ്റ്, റിംഗ് കംപോസ്റ്റ്, മൾട്ടിലെയർ ബിൻ, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് എന്നിങ്ങനെ വിവിധതരം രീതികൾ സംയോജിപ്പിച്ചുള്ള വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണ രീതികളാണ് നഗരസഭ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഹരിത കേരളം മിഷൻ ഈ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും പ്രചോദനവുമാണ്.

### അജൈവ മാലിന്യസംസ്കരണം

വീടുകളിൽ നിന്ന് കൃത്യമായ ഇടവേളകളിൽ പ്ളാസ്റ്റിക്, കുപ്പി, റക്സിൻ, ബാഗ്, ചെരുപ്പ് തുടങ്ങിയ അജൈവ വസ്തുക്കൾ ശേ







ഖരിച്ച് മാർക്കറ്റിലുള്ള എംസിഎഫിൽ എത്തിക്കുകയും അവിടെ നിന്നും തരംതിരിച്ച് ഷ്രെഡിംഗ്, ബെയിലിംഗ് തുടങ്ങിയ പ്രക്രിയകൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. 100 അംഗങ്ങളുള്ള ഹരിതകർമസേനയാണ് നാടിന്റെ വൃത്തിക്കായുള്ള പോരാട്ടങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വാർഡുകളിൽ രണ്ട് പേർ വീതം 88 പേരും നഗരത്തിലെ ദൈനംദിന ജൈവ-അജൈവ മാലിന്യശേഖരണത്തിന് 12 പേരും പ്രവർത്തിക്കുന്നു. ഒരു വീടിന് 50 രൂപയാണ് യൂസർ ഫീ ഇനത്തിൽ ശേഖരിക്കുന്നത്. നഗരത്തിൽ മാലിന്യത്തിന്റെ അളവനുസരിച്ച് 50 മുതൽ 300 രൂപ വരെ ഈടാക്കുന്നു. ഹരിത കർമ സേനാംഗത്തിന് 6000 രൂപ മുതൽ 8000 രൂപ വരെയാണ് ശരാശരി പ്രതിമാസ വരുമാനം. നഗരസഭയിലെ 17065 വീടുകളിൽ നിന്നും മാലിന്യ ശേഖരണം നടപ്പിലാക്കുന്നത് ഉറപ്പുവരുത്താനായി പ്രത്യേക ശുചിത്വ കാർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രതിമാസം 10 ലക്ഷം രൂപയോളമാണ് ഹരിത കർമസേനയുടെ പ്രവർത്തനത്തിന് ചെലവു വരുന്നത്. മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട് ഇക്കാലയളവിൽ 40,000 രൂപ പിഴ ചുമത്തിയിട്ടുണ്ട്.

## ഹരിത കർമസേന വൈവിധ്യവത്കരണവും ഗ്രീൻ പ്രോട്ടോക്കോൾ പാലനവും

മാലിന്യങ്ങളുടെ അളവു കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് 44 വാർഡുകളിലും കുടുംബശ്രീ, ഹരിത കർമ സേന എന്നിവ സംയുക്തമായി ഹരിതം ഗ്രൂപ്പുകൾ രൂപീകരിച്ച് അവർക്ക് നഗരസഭ 400 വീതം സ്റ്റീൽ പ്ളേറ്റ്കളും ഗ്ളാസുകളും വിതരണം ചെയ്തു. പ്രാദേശിക ചടങ്ങുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്നതിന് ഇവ സഹായകമാവുന്നു. ഈ വർഷം ഇവ 500 എണ്ണമായി ഉയർത്തുകയും ചെയ്യും. പ്ളാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം അവയുടെ അളവു ഗണ്യമായി കുറയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ട്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മൈക്രോ എംആർഎഫ് കളും ബോട്ടിൽ ബൂത്തുകളും വലിച്ചെറിയൽ ശീലത്തിന് മാറ്റം വരുത്തിയിട്ടുണ്ട്. ഹരിത കർമസേനയുടെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി 'സഹയോഗ്' എന്ന പേരിൽ തുണി സഞ്ചിനിർമാണ യൂണിറ്റും ആരംഭിച്ചു കഴിഞ്ഞു. പുനരുപയോഗസാധ്യമായ പാത്രങ്ങൾ വാർഡുകളിൽ ലഭ്യമാക്കുന്ന പദ്ധതി ജനങ്ങൾക്കിടയിൽ മികച്ച പ്രതികരണമാണ് ഉളവാക്കിയത്. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് ഈ പദ്ധതി ഏറെ സഹായകരമായിട്ടുണ്ട്.

## പ്രതിസന്ധികൾ

മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കാൻ കഴിയാത്തത് ഈ രംഗത്തെ പ്രധാന വെല്ലുവിളിയാണ്. മാലിന്യസംസ്കരണത്തിന് കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിനുള്ള സ്ഥല ലഭ്യതയും പ്രധാന പ്രശ്നമാണ്. ഉപഭോഗസംസ്കാരത്തിന്റെ ബാക്കി പത്രമായ

## മണമില്ലാ മാലിന്യ സംസ്കരണം കൊയിലാണ്ടി മോഡൽ



തുമ്പൂർമുഴി യൂണിറ്റുകൾ നാട്ടിലെങ്ങും വ്യാപിപ്പിച്ചു കൊണ്ട് ജൈവമാലിന്യ സംസ്കരണത്തിന് ഉദാത്ത മാതൃക സൃഷ്ടിച്ചിരിക്കയാണ് കൊയിലാണ്ടി നഗരസഭ. മാലിന്യ സംസ്കരണ ഉപാധികളോടുള്ള വ്യക്തി മനോഭാവം മാറ്റുവാനും അതിന്റെ ആവശ്യകത പൂർണ്ണമായ അർത്ഥത്തിൽ മനസ്സിലാക്കിക്കൊടുക്കുവാനും നഗരമധ്യത്തിലെ ഈ തുമ്പൂർമുഴി യൂണിറ്റുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് നിസ്സംശയം പറയാം. ബസ് സ്റ്റാൻഡിലുള്ള 20 യൂണിറ്റ് തുമ്പൂർമുഴിയാണ് ആദ്യ പടിയായി നിർമിച്ചത്. ഇങ്ങനെ സ്ഥാപിച്ച യൂണിറ്റിന് സമീപം സാംസ്കാരിക പരിപാടികൾ, പുസ്തകമേളകൾ എന്നിവ സംഘടിപ്പിക്കുന്നതിലൂടെ പൊതുജനങ്ങൾക്കുള്ള ആശങ്കകളും അകറ്റുന്നു. തുടർന്ന് 5 യൂണിറ്റുകൾ മാർക്കറ്റിലും ഒരു യൂണിറ്റ് മിനി സിവിൽസ്റ്റേഷനിലും രണ്ട് യൂണിറ്റ് താലൂക്ക് ആശുപത്രിയിലും നാല് യൂണിറ്റ് സ്കൂളുകളിലും സ്ഥാപിച്ചതോടെ ജൈവമാലിന്യസംസ്കരണ രംഗത്ത് പുതുചരിത്രം രചിച്ചിരിക്കുകയാണ് കൊയിലാണ്ടി നഗരസഭ.



വലിച്ചെറിയൽ സംസ്കാരവും നഗരസഭയെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും നഗരസഭയുടെയും പങ്കാളിത്തത്തോടെയുള്ള 4.75 കോടിയുടെ മാലിന്യ സംസ്കരണ പദ്ധതി, ശുചിത്വ മിഷൻ എന്നിവയുടെ നിരന്തരമായ ഇടപെടൽ വലിയ പിന്തുണയാണ് നഗരസഭയ്ക്ക് ലഭിച്ചു വരുന്നത്. ക്ലീൻ ആന്റ് ഗ്രീൻ കൊയിലാണ്ടി എന്ന പേരിൽ നഗരസഭ സ്വന്തമായി ആവിഷ്കരിച്ചു വരുന്ന മാലിന്യ സംസ്കരണ ഹരിതവത്കരണ ക്യാമ്പയിനും ബഹുജന പങ്കാളിത്തം ഉറപ്പിച്ചു. ഇതിന്റെ ഭാഗമായി വിപുലമായ പ്രചാരണ ബോധവത്കരണ പരിപാടികളെ പൊതുജനം ഏറ്റെടുത്തു കഴിഞ്ഞു. ഈ പ്രതിസന്ധികളെയെല്ലാം മറികടന്ന് ഹരിത നഗരസഭയായി മുന്നോട്ടു കുതിക്കാനുള്ള പ്രയാണത്തിലാണ് കൊയിലാണ്ടി നഗരസഭ.





# ശുചിത്വ മികവിൽ ചേമഞ്ചേരി

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ പന്തലായനി ബ്ലോക്കിലാണ് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്. ഈ ഗ്രാമപഞ്ചായത്ത് വടകര പാർലമെന്റ് മണ്ഡലത്തിലും കൊയിലാണ്ടി നിയമസഭാ മണ്ഡലത്തിലും ഉൾപ്പെട്ടിരിക്കുന്നു. 16.76 ച.കി.മി വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്തിന്റെ മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു അർദ്ധദ്വീപാണ്. കിഴക്കും തെക്കും കോരപ്പുഴയും പടിഞ്ഞാറ് അറബിക്കടലും അതിരുകൾ പങ്കിടുന്നു. വടക്ക് ഭാഗം കുന്നിൻ പ്രദേശമാണ്. 2011-ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 40149 ആണ്. ഇപ്പോൾ ജനസംഖ്യ ഏകദേശം 50000 ത്തിന് മുകളിൽ വരും. 8000 വീടുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 10000-ത്തിന് മുകളിലാണ്. ഇതിൽ ഏതാണ്ട് 860 വീടുകൾ ആൾത്താമസമില്ലാത്തതാണ്.

വൻകിടവ്യവസായശാലകളോ, വിപണനകേന്ദ്രങ്ങളോ ഇവിടെയില്ല. പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സിന്റെ ഒരു ആധുനിക കാലിത്തീറ്റ ഫാക്ടറിയും സ്ഥിതിചെയ്യുന്നത് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലാണ്. അഞ്ച് അങ്ങാടികളാണ് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ളത്. ഇവിടെ നാനൂറിനടുത്ത് കച്ചവട സ്ഥാപനങ്ങളുണ്ട്.

മത്സ്യബന്ധനം, കയർ, കൈത്തറി എന്നീ പരമ്പരാഗത തൊഴിൽമേഖലയും കൃഷിയുമാണ് പ്രധാനപ്പെട്ട വരുമാന സ്രോതസ്. അതുകൊണ്ടുതന്നെ ചെറിയ ശതമാനം വീടുകളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നുമാണ് പ്രധാനമായും ജൈ



വ-അജൈവ മാലിന്യങ്ങൾ ഉദ്പാദിപ്പക്കപ്പെടുന്നത്. നാഷണൽ ഹൈവെ, കാപ്പാട് ടൂറിസ്റ്റ് കേന്ദ്രം എന്നിവയും മാലിന്യത്തിന്റെ ഉറവിടങ്ങളാണ്. ജൈവമാലിന്യങ്ങളെക്കാൾ അജൈവമാലിന്യങ്ങളാണ് ഏറെ പ്രശ്നങ്ങളുണ്ടാക്കുന്നത്. നിയമംകൊണ്ടോ ബോധവത്കരണം കൊണ്ടോമാത്രം പരിഹരിക്കപ്പെടാവുന്ന പ്രശ്നം അല്ല ഇത്. ഈ തിരിച്ചറിവിൽ നിന്നാണ് ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് 'ജനപങ്കാളിത്തത്തോടെ മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന ആശയത്തിലേക്ക് എത്തുന്നത്. കുട്ടികൾ മുതൽ മുതിർന്ന പൗരൻമാർവരെ പങ്കാളികളാവുമ്പോൾ മത്രമേ മാലിന്യമുക്തകേരളമെന്ന ലക്ഷ്യം നമുക്കു നേടാൻ കഴിയൂ.

## ജൈവ അജൈവ മാലിന്യ സംസ്കരണം പഞ്ചായത്തിന്റെ ഇടപെടൽ

വീടുകളിലേയും സ്ഥാപനങ്ങളിലെയും അജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിന് അയക്കുക എന്നതായിരുന്നു രണ്ടാം ഘട്ടം. ഇതിനായി ഓരോ വാർഡിൽ നിന്നും രണ്ട് പേരെ വീതം തെരഞ്ഞെടുത്ത് നാൽപ്പത് പേരടങ്ങുന്ന ഹരിതകർമ്മ സേനയ്ക്ക് ഗ്രാമപഞ്ചായത്ത് രൂപം നൽകി. ഇവർക്ക് ആവശ്യമായ യൂണിഫോം, ബാഡ്ജ്, കയ്യുറകൾ, തൊപ്പി തുടങ്ങിയവ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തി. ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യനിർമ്മാർജ്ജനത്തിൽ സമാന്തരമായി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 'ഗ്രീൻ വേംസ്' എന്ന ഹരിത സഹായ സ്ഥാപനവുമായി ഉടമ്പടി ഉണ്ടാക്കി. വീടുകളിൽനിന്നും കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് 600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള എം.സി.എഫ് ഒരുക്കാനായതും ശുചിത്വ പ്രവർത്തനത്തിന്റെ വിജയത്തിൽ ഏറെ സഹായകമായി. അതോടൊപ്പം വാർഡുകളിൽ ശേഖരിക്കുന്ന അജൈവ മാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിന് ഒരു വാഹനം സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കിയതും പദ്ധതിയുടെ വിജയത്തിന് ആക്കം കൂട്ടി. കഴിഞ്ഞ ഒരു വർഷം 2573 ക്വിന്റൽ അജൈവമാലിന്യവും 816 ക്വിന്റൽ ജൈവ മാലിന്യവും പൊതുഇടങ്ങളിൽ നിന്നും വീടുകളിൽ നിന്നുമായി ശേഖരിക്കുകയുണ്ടായി.

യൂസർഫീസായി 30രൂപയാണ് ഒരു വീട്ടിൽ നിന്നും ഈടാക്കുന്നത്. കടകളിൽനിന്ന് നൂറ് രൂപയും ഈടാക്കുന്നു. സ്കൂളുകൾ മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് യൂസർഫീസ് ഈടാക്കാറില്ല. രണ്ട് മാസത്തിൽ ഒരിക്കലാണ് മാലിന്യ ശേഖരണം നടക്കുക. 80.37 % വീടുകളിൽ നിന്നും 100 ശതമാനം കടകളിൽനിന്നും മാലിന്യം ലഭിക്കുന്നുണ്ട്. ഇതുവഴി ഹരിതകർമ്മ സേനാംഗങ്ങൾക്ക് 6000 രൂപ പ്രതിഫലമായി ലഭിക്കുന്നു. കഴിഞ്ഞ് മൂന്നുവർഷമായി ഈ പ്രവർത്തനം വിജയകരമായി തുടരുന്നു. ഏറ്റവും നല്ല ശുചീകരണ പ്രവർത്തനം നടത്തുന്ന റസിഡൻസ് അസോസിയേഷന് ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ അവാർഡും നൽകിവരുന്നു.

പൊതുഇടങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് നേരിട്ട മറ്റൊരു പ്രശ്നം. ഏതാണ്ട് ഏഴ് കിലോമീറ്റർ നീണ്ടു കിടക്കുന്ന നാഷണൽ ഹൈവെയിൽ യാത്രക്കാർ അടക്കമുള്ളവർ വലിച്ചെറിയുന്ന മാലിന്യം ശേഖരിച്ച് സംസ്കരിക്കുക ഏറെ പ്രയാസകരമായിരുന്നു. ജനപങ്കാളിത്തത്തോടെ വർഷത്തിൽ രണ്ട് തവണ (മഴയക്ക് മുമ്പും മഴയ്ക്ക് ശേഷവും) ഇവ ശേഖരിച്ച് വൃത്തി





യാക്കി റീസൈക്ലിങ്ങിനയക്കുകയാണ് ചെയ്യുന്നത്. ഒറ്റ ദിവസത്തെ സേവനപ്രവർത്തനങ്ങളിൽ ആയിരങ്ങൾ പങ്കെടുക്കുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. രണ്ടുവർഷം കൊണ്ട് 33 വലിയ ലോറികളിൽ അജൈവമാലിന്യം പൊതുയിടങ്ങളിൽ നിന്ന് നീക്കം ചെയ്യാൻ സാധിച്ചു.

മറ്റൊരു പ്രധാനപ്പെട്ട പൊതുസ്ഥലം ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട് ബീച്ചാണ്. സഞ്ചാരികൾ വലിച്ചെറിയുന്ന മാലിന്യങ്ങൾക്ക് പുറമെ കടലിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളും കൂടി വലിയൊരു കൂമ്പാരം തന്നെ ഇവിടെ ഉണ്ടായിരുന്നു. ഗ്രാമ പഞ്ചായത്തും കുടുംബശ്രീയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും 'എ ടു സെഡ്' എന്ന എൻ.ജി.ഒ യു സംയുക്തമായി ഈ വെല്ലുവിളി ഏറ്റെടുത്തു. നാൽപ്പത് വളണ്ടിയർമാർ ദിവസവും രാവിലെയും വൈകുന്നേരവും കടപ്പുറത്തടിയുന്ന മാലിന്യങ്ങൾ ശേഖരിക്കുകയും ജൈവം അജൈവം എന്നിങ്ങനെ വേർതിരിച്ച് സംസ്കരണത്തിന് അയക്കുകയും ചെയ്യുന്നു. ആധുനിക സംവിധാനത്തിന്റെ സഹായത്തോടെ പൂഴിയിൽ ആഴ്ന്നുകിടക്കുന്ന മാലിന്യങ്ങൾ പുറത്ത് കൊണ്ടുവന്ന് ശേഖരിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

ഹരിത ചട്ടം നടപ്പിലാക്കി വരുന്ന ഗ്രാമ പഞ്ചായത്താണ് ചേമഞ്ചേരി. ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുണ്ട്. 15 സ്ക്കൂളുകൾ, 1 പൊതു മേഖലാ സ്ഥാപനം, 10 സർക്കാർ ഓഫീസുകൾ, 34 അങ്കണവാടികൾ എന്നിവ ഇതിൽ പെടുന്നു. 2018 ജനുവരി 1 മുതൽ മുഴുവൻ പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി വരുന്നു. പഞ്ചായത്ത് ഓഫീസ് അടക്കമുള്ള സ്ഥാപനങ്ങളിൽ ഇത് നലവിൽ വന്ന് കഴിഞ്ഞു. പൊതു ചടങ്ങുകളിലും റസിഡൻസ് അസോസിയേഷന്റെയും കുടുംബശ്രീയുടെയും ആരോഗ്യവിഭാഗത്തിന്റെയും സഹകരണത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി വരികയാണ്. ഡിസ്പോസിബിൾ പാത്രങ്ങളും ഗ്ലാസുകളും പരമാവധി നിരുത്സാഹപ്പെടുത്തി വിജയ പഥത്തിലേക്ക് നീങ്ങുകയാണ് പഞ്ചായത്ത്. ഹരിതാഭമായ ഗ്രാമപഞ്ചായത്ത് ഓഫീസ് തന്നെ ഇതിന് മാതൃകയാണ്. വൃത്തിയുള്ള രണ്ട് പൊതു ശൗചാലയങ്ങളും ആധുനിക രീതിയിലുള്ള ശ്മശാനവും ശുചിത്വ പ്രവർത്തനങ്ങൾക്ക് മാറ്റ്കൂട്ടുന്നു.

## സവിശേഷ ഇടപെടൽ

കുട്ടികളുടെ പങ്കാളിത്തത്തിനായി സ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ പ്രത്യേക യോഗങ്ങൾ ചേരുകയും മാലിന്യ നിർമ്മാർജ്ജനത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്തു. കുടുംബശ്രീ ബാലസ

ഭകളെയും ഈ പ്രവർത്തനങ്ങളിൽ ചേർത്ത് നിർത്തി. യുവജന സംഘടനകൾ, സാംസ്കാരിക സംഘടനകൾ, സ്വയം സഹായസംഘങ്ങൾ എന്നിവയുടെ സജീവ ഇടപെടൽ ഉറപ്പ് വരുത്തി ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി. കുടുംബശ്രീ, ഗ്രാമസഭകൾ, അയൽസഭകൾ എന്നീ സംവിധാനങ്ങളെയും കാര്യക്ഷമമായി ഇടപെടുവിക്കാൻ കഴിഞ്ഞു. ഏറെ സാഹായകമായത് റസിഡൻസ് അസോസിയേഷനുകളുടെ പങ്കാളിത്തമാണ്. ഓരോ വീട്ടിലും ശുചിത്വ സന്ദേശം എത്തിക്കാനും തങ്ങളുടെ പരിധിയിലെ വീടുകളിലെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതും അജൈവമാലിന്യങ്ങൾ വലിച്ചെറിയാതെ ശേഖരിച്ച് വെക്കുന്നതിനും ഇവരുടെ സേവനം ഏറെ ഉപകരിച്ചു.

അജൈവമാലിന്യങ്ങൾ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്ന വീടുകളും ഏറെയുണ്ട്. പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല എന്ന പല്ലവിയാണ് ഇവർ ഹരിതകർമ്മ സേനാംഗങ്ങളോട് പറയാറ്. എന്നാൽ ഇത് തികച്ചും അവാസ്തവമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്. ഇവരിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിനും കത്തിക്കലും വലിച്ചറിയലും ഇല്ലാതാക്കുന്നതിനും ഭഗീരഥ ശ്രമമാണ് ഗ്രാമ പഞ്ചായത്ത് നടത്തിവരുന്നത്.

പാകംചെയ്ത ഭക്ഷ്യവസ്തുക്കൾ വിൽപ്പന നടത്തുന്ന ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പതിവ് പരിശോധനകൾക്ക് പുറമെ മിന്നൽ പരിശോധനയും നടത്താറുണ്ട്.



അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ബ്ലൂ ഫ്ളാഗ് സർട്ടിഫിക്കേഷന് വേണ്ടി കേരളത്തിൽ നിന്ന് തെരഞ്ഞെടുത്ത ഏക ടൂറിസം ഡസ്റ്റിനേഷൻ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ കാപ്പാട് കടൽതീരമാണ്.

റസിഡൻസ് അസോസിയേഷൻ പരിധിയിലെ പൊതുവഴികളും പൊതുഇടങ്ങളും ശുചിത്വമുള്ളതാക്കാനും ഇതുവഴി കട്ടിയുള്ള പ്ലാസ്റ്റിക് കേരീബാഗുകൾക്ക് പകരം തുണിസഞ്ചികൾ റസിഡൻസ് അസോസിയേഷനുകളിലെ വീടുകളിൽ വിതരണംചെയ്ത് പ്ലാസ്റ്റിക്ക് ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇവരുടെ നേതൃത്വത്തിൽ നടത്തി.

മേൽപ്പറഞ്ഞ ക്യാമ്പയിനുകളും സംഘടനാ സംവിധാനങ്ങളും ഒരുക്കുന്നതിന് സമാന്തരമായി ജൈവ അജൈവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനവും സമയ ബന്ധിതമായി നടപ്പിലാക്കി. രണ്ട് വർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളിലൂടെയും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തിയും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കി. പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്, കിച്ചൻ ബിൻ കമ്പോസ്റ്റിങ്ങ്, പൈപ്പ് കമ്പോസ്റ്റിങ്ങ്, നടേപ്പ് കമ്പോസ്റ്റിങ്ങ് കുഴികൾ എന്നിവ ഇതിൽപ്പെടുന്നു. രണ്ട് വാർഡുകൾ പൂർണ്ണമായും മറ്റ് വാർഡുകളിൽ എൺപത് ശതമാനം ജൈവമാലിന്യ സംസ്കരണം നടക്കുന്നത് ഈ സംവിധാനത്തിലൂടെയാണ്.

## വെല്ലുവിളികളും പരിഹാരങ്ങളും

അജൈവമാലിന്യങ്ങൾ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്ന വീടുകളും ഏറെയുണ്ട്. പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല എന്ന പല്ലവിയാണ് ഇവർ ഹരിതകർമ്മ സേനാംഗങ്ങളോട് പറയാറ്. എന്നാൽ ഇത് തികച്ചും അവാസ്തവമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്. ഇവരിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിനും കത്തിക്കലും വലിച്ചറിയലും ഇല്ലാതാക്കുന്നതിനും ഭഗീരഥ ശ്രമമാണ് ഗ്രാമ പഞ്ചായത്ത് നടത്തിവരുന്നത്.

പാകംചെയ്ത ഭക്ഷ്യവസ്തുക്കൾ വിൽപ്പന നടത്തുന്ന ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പതിവ് പരിശോധനകൾക്ക് പുറമെ മിന്നൽ പരിശോധനയും നടത്താറുണ്ട്. ഇങ്ങനെയുള്ള പരിശോധനകളിൽ കണ്ടെത്തുന്ന പിഴവുകൾക്ക് പിഴ ഈടാക്കുകയും പിഴവുകൾ പരിഹരിക്കുംവരെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചെയ്യാറുണ്ട്. മത്സ്യവിൽപ്പന കേന്ദ്രങ്ങൾ, ഇറച്ചിവിൽപ്പന കേന്ദ്രങ്ങൾ എന്നിവയും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കുന്നു. കുടിവെള്ള പദ്ധതികളിലെ വെള്ളം പരിശോധിച്ച് ശുചിത്വം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു. കഴിഞ്ഞ വർഷം പിഴ ഇനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നുമായി 25000 രൂപ ഈടാക്കിയിട്ടുണ്ട്.

ശുചിത്വത്തിന്റെ സന്ദേശം ഓരോ വീട്ടിലും എത്തിക്കുന്നതിനായി റസിഡൻസ് അസോസിയേഷനുകൾക്കിടയിൽ മത്സരം നടത്തി. ആ മത്സരത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച റസിഡൻസ് അസോസിയേഷന് പുരസ്കാരം നൽകുകയുണ്ടായി.

ഈ പ്രവർത്തനങ്ങൾക്കൊക്കെ പിന്തുണാ സംവിധാനമായി ഗ്രാമപഞ്ചായത്ത് ശുചിത്വ സമിതിയും വാർഡ്തല ശുചിത്വ സമിതിയും എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കുന്നു. യഥാസമയവും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഇടപെടേണ്ട ഇടങ്ങളിൽ ഇടപെട്ടും കർമ്മനിരതമാണ് ഈ സമിതികൾ. ശുചിത്വ പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് ജില്ലാ ഭരണ കൂടത്തിന്റെ അംഗീകാരം നേടാൻ കഴിഞ്ഞതും ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് ലഭിച്ചതും ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമാവുന്നു.



# കാവിലുംപാറയുടെ ശുചിത്വ വഴികൾ

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽപ്പെട്ട കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിലെ കിഴക്കൻ മലയോര ഗ്രാമപഞ്ചായത്താണ് കാവിലുംപാറ. ഈ ഗ്രാമപഞ്ചായത്ത് നാദാപുരം നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നു. കുറ്റ്യാടി ചുരം ഹരിത ഭംഗി നൽകിയ ഈ ഗ്രാമത്തിന് 84.81 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്.. ഇതിൽ 13 ചതുരശ്ര കിലോമീറ്റർ നിബിഡ വനമേഖലയാണ്. വർഷത്തിൽ 320 മുതൽ 450 സെന്റീമീറ്റർ വരെ മഴ ലഭിച്ചിരുന്ന ചൂരണി പ്രദേശവും മലബാറിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ നാദാപുരം മുടി ഉൾപ്പടെയുള്ള പ്രദേശവും കാവിലുംപാറയുടെ ഭാഗമാണ്. മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ജനസംഖ്യ കുറവാണെങ്കിലും ഭൂമിശാസ്ത്രപരമായി വലുപ്പം കൊണ്ട് ജില്ലയിൽ രണ്ടാം സ്ഥാനത്താണ് കാവിലുംപാറ. പഞ്ചായത്തിൽ 11686 സ്ത്രീകളും 11142 പുരുഷൻമാരും ഉൾപ്പടെ 22828 പേർ ജീവിച്ചു വരുന്നു. ആൾത്താമസമുള്ള 7466 വീടുകളും 1958 സ്ഥാപനങ്ങളുമുള്ള ഈ പഞ്ചായത്തിന്റെ മുഖ്യ വരുമാനം കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവയാണ്.

മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ 'ക്ലീൻ ഗ്രീൻ കാവിലുംപാറ' എന്ന സന്ദേശത്തോടെ തുടങ്ങിയ പ്രവർത്തനം കാവിലുംപാറയിൽ പൂർണ്ണ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നു തന്നെ പറയാം. ഇപ്പോഴും ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നു വരുന്നു. പഞ്ചായത്തി



ലെ 8181 ഹെക്ടർ ഭൂമി ഹൈലാന്റ് അഥവാ മലനാട് വിഭാഗത്തിൽപ്പെടുന്നവയാണ്.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

'ക്ലീൻ ഗ്രീൻ കാവിലുംപാറ' എന്ന സന്ദേശം പൂർണ്ണമായും നടപ്പാക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റെ മൂന്ന് സ്ഥലങ്ങളിലായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു വരുന്നു. കൂടാതെ വിവിധ ഭാഗങ്ങളിലായി ജൈവ മാലിന്യ സംസ്കരണത്തിനായി മൂന്ന് യൂണിറ്റ് തുമ്പൂർമൂഴി മോഡൽ എയ്റോബിക് കംമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഒരു മാസം ഏകദേശം എട്ട് ടൺ അജൈവ മാലിന്യങ്ങളും ഒരു ടൺ ജൈവ മാലിന്യങ്ങളും പഞ്ചായത്തിന്റെ പരിധിയിൽ ഉദ്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് 32 അംഗ ഹരിതകർമ്മസേനയെ നിയോഗിക്കുകയും മാലിന്യത്തിൽ നിന്നുമുള്ള മോചനത്തിനായി തീവ്ര ശ്രമം നടന്നു വരികയും ചെയ്യുന്നു. 2018-19 വർഷത്തിൽ നിറവ് വേങ്ങേരിയുമായി സഹകരിച്ച് 49 ലോഡ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

വീടുകളിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി ഞങ്ങളുടെ പ്രവർത്തന രീതി ഇപ്രകാരമാണ്. ശുചിത്വ അയൽക്കൂട്ടതല യോഗത്തിൽ തുടങ്ങി ഗ്രാമസഭ വരെയുള്ള ബോധവത്കരണമായിരുന്നു ആദ്യ ഘട്ടത്തിൽ നടത്തിയിരുന്നത്. ഈ പ്രവർത്തനം വഴി പഞ്ചായത്തിലെ 80 ശതമാനം പേരും അജൈവ മാലിന്യ വിപത്തിനെതിരെ ബോധവാ ൻമാരായി മാറി. ഇക്കാരണം കൊണ്ട് തന്നെ ഹരിത കർമ്മസേനയ്ക്ക് വീടുകളിൽ നിന്നും അജൈവ വസ്തുക്കൾ ശേഖരിക്കുന്നതിനും, വീടുകളിൽ നിന്നും ശേഖരിക്കുന്ന 50 രൂപ ഫീസ് ഈടാക്കുന്നതിനും യാതൊരു ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നിട്ടില്ല. ഈ പ്രവർത്തനങ്ങൾ വഴി 'നിർമ്മല ഭവന പഞ്ചായത്ത്' എന്ന സ്വപ്നത്തിലേയ്ക്കു

ഹരിതകേരളം മിഷന്റെ യഥാസമയങ്ങളിലുള്ള ഇടപെടലുകളും നിർദ്ദേശങ്ങളും വഴി പഞ്ചായത്ത് മാലിന്യമുക്തമാകുന്ന പ്രക്രിയയിൽ ഒരുപാട് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയുടെ സഹായവും സാങ്കേതിക പിന്തുണയും ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ നിറവ് വേങ്ങേരിയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിക്കുകയുണ്ടായി. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമസഭവഴി സംഭരിച്ച പ്ലേറ്റുകളും ഗ്ലാസ്സുകളും പൊതുപരിപാടികൾക്ക് ആവശ്യമുള്ളവർക്ക് ഹരിതകർമ്മസേന മുഖാന്തിരം എത്തിക്കുന്ന നടപടികൾ രണ്ട് വർഷത്തോളമായി തുടർന്നു വരുന്നു. കൂടാതെ 2020-21 വാർഷിക പദ്ധതിയിൽ സ്റ്റീൽ ഗ്ലാസ്സും പ്ലേറ്റും നൽകുകയും ഹരിതകർമ്മസേനയെ ഒരു ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പായി മാറ്റുന്നതിനും പദ്ധതി പഞ്ചായത്ത് ആവിഷ്കരിക്കുന്നുണ്ട്. ഇതുവഴി ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനത്തിലും വർദ്ധനവ് സാധ്യമാവും.







ള്ള മുന്നേറ്റം നടത്തുന്നതിനും പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ഹരിതഭവനങ്ങളാണെന്നുള്ള സ്റ്റിക്കർ പതിപ്പിച്ചതുവഴി മറ്റ് പഞ്ചായത്തുകളിൽ നിന്നുള്ളവർ പോലും കാവിലുംപാറയുടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മാതൃകയായി മാറുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു വർഷം ശരാശരി അഞ്ച് ലക്ഷം രൂപ വേണ്ടിവരുന്നു. ഒരു സേനാംഗത്തിന് ശരാശരി പ്രതിമാസ വരുമാനം 3000 രൂപ വരെ ലഭിക്കുന്നു. പഞ്ചായത്തിൽ ഒരു വാർഡിൽ എട്ട് എന്ന തോതിൽ ക്ലസ്റ്ററുകളും 16 വാർഡ്തല സമിതികളും മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ 22 അംഗ പഞ്ചായത്ത്തല മോണിറ്ററിംഗ് സമിതിയും പ്രവർത്തിച്ചു വരുന്നു. മാലിന്യപരിപാലന ബോധവത്കരണം പുതുതലമുറയിൽ നിന്നും ആരംഭിക്കണമെന്ന ആശയത്തോടെ കാവിലുംപാറയിലെ എല്ലാ വിദ്യാലയങ്ങളും ഹരിത വിദ്യാലയങ്ങളാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു ഏകോപനം സാധ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് വിശദമായി ചർച്ച ചെയ്യുകയും തുടർന്ന് ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായം അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ മാലിന്യപരിപാലന മേഖലയിൽ ഐ.ആർ.ടി.സി മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്നു.

മാലിന്യ സംസ്കരണ രംഗത്ത് പഞ്ചായത്തിന്റെ ഇടപെടലുകൾ സജീവമാക്കി നിലനിർത്തുന്നതിനും ഹരിതകേരള മിഷന്റെ ലക്ഷ്യങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ടൗണിലെയും ഏല്ലാ കടകളിലുമുള്ള ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 1.2 മീറ്റർ ഉയരവും നീളവും വീതിയുമുള്ള 1700 ലിറ്റർ വ്യാപ്തിയുള്ള രണ്ട് പെട്ടികൾ അടങ്ങുന്ന മൂന്ന് തുമ്പൂർമുഴി മോഡൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി 90% കടകളിലെ ജൈവ മാലിന്യം സംസ്കരിക്കാൻ കഴിയുന്നു. കൂടാതെ ജലനിധി പദ്ധതി സ്പോൺസർ ചെയ്ത ജൈവ അജൈവ മാലിന്യ സംഭരണികൾ 50% കടകൾക്ക് നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 80% വീടുകളിലും മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പിറ്റുകൾ ഒരുക്കി നൽകിയിട്ടുണ്ട്. വീടുകളിൽ ബക്കറ്റ് കമ്പോസ്റ്റ് നൽകുന്നതിനുള്ള പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാക്കി. ആയത് നടപ്പാക്കിവരുന്നു. 100% വീടുകളിലും കടകളിലും സ്ഥാപനങ്ങളിലും ഹരിത കർമ്മസേനയെ ഉപയോഗിച്ച് വാതിൽപ്പടി മാലിന്യശേഖരണം നടത്തുന്നു. അജൈവ മാലിന്യത്തിൽ നിന്നും പുന:ചംക്രമണം സാധ്യമായവ വില്പന നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

ചന്തകൾ,കടകൾ, പൊതു സ്ഥലങ്ങളിൽ എന്നിവിടങ്ങളിൽ നിന്നും ഉണ്ടാകുന്ന ജൈ

വ മാലിന്യം സംസ്കരിക്കുന്നതിന് മൂന്ന് തുമ്പൂർമുഴി യൂണിറ്റുകൾ ഉണ്ട്. ഒരു യൂണിറ്റിന്റെ കപ്പാസിറ്റി 2000 കിലോ ആണ്. ഇതിൽ നിന്നും ജൈവവളം നിർമ്മിക്കുന്ന ഘട്ടത്തിലാണ്. പഞ്ചായത്തിലെ കുല്ലുതോടിൽ പ്രവർത്തിക്കുന്ന അഞ്ച് അംഗങ്ങൾ അടങ്ങിയ തുണിസഞ്ചി നിർമ്മാണ യൂണിറ്റ് വഴി 9100 തുണിസഞ്ചികൾ ഇതുവരെ പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. ബഡ്സ് സ്കൂൾ കുട്ടികൾ നിർമ്മിക്കുന്ന പേപ്പർ പേനകൾ ഒരുമാസം 300 ഓളം വീടുകളിലേക്ക് വില്പന നടത്താൻ കഴിയുന്നുണ്ട്. ഇതുവഴിയും മാലിന്യത്തിന്റെ തോത് കുറയുന്നു.







## സവിശേഷ ഇടപെടലുകൾ

ഏകദേശം 3400 ഓളം ആളുകളെ പങ്കെടുപ്പിച്ച് മുൻ ജില്ലാകലക്ടർ യു.വി ജോസ് ഉദ്ഘാടനം ചെയ്ത 'ചുരം സൗന്ദര്യവത്കരണം' പദ്ധതി ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഏകദേശം നാല് മണിക്കൂറ് കൊണ്ട് നാല് ടൺ മാലിന്യങ്ങൾ പുന:ചക്രമണത്തിന് അയക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കുറ്റ്യാടി പുഴയുടെ ഉദ്ഭവ സ്ഥാനം തുടങ്ങി പഞ്ചായത്ത് പരിധി അവസാനിക്കുന്നത് വരെയുള്ള അഞ്ചര കി.മീ ദൂരം വിദ്യാർത്ഥികളുൾപ്പടെ 1400 ഓളം പേരെ പങ്കെടുപ്പിച്ച് പുഴ സംരക്ഷണവും നവീകരണവും ശുചീകരണവും നടന്നു. പ്രവർത്തനങ്ങൾക്ക് പുഴ സംരക്ഷണ സമിതി നേതൃത്വം നൽകി. കാവിലുംപാറയിലെ ഏക ഗവൺമെന്റ് എൽ.പി സ്കൂളായ കൂടലിൽ ഗവൺമെന്റ് എൽ.പി സ്കൂളിന് 2017-18 വർഷത്തെ സ്വച്ഛ്ഭാരത് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. അവാർഡ് ഡൽഹിയിൽ വെച്ച് നടന്ന ചടങ്ങിൽ കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് മന്ത്രി പ്രകാശ് ജാവ്ദേക്കറിൽ നിന്നും സ്കൂൾ ലിഡറും, പ്രധാന അദ്ധ്യാപകനും ഏറ്റു വാങ്ങുകയുണ്ടായി. ഈ അവാർഡ് കേരളത്തിലെ രണ്ട് സ്കൂളുകൾക്ക് മാത്രമാണ് ലഭിച്ചത്. ഗ്രാമപഞ്ചായത്തിലെ ഗ്രീൻ പ്രോട്ടോക്കോൾ അംബാസ്സിഡറായി തെരഞ്ഞെടുത്ത ആമിനതാത്തയുടെ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് പഞ്ചായത്തിലെ എല്ലാ ആഘോഷ പരിപാടികളും ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കി വരുത്തുന്നതിന്റെ ഭാഗമായി വിവിധ ചടങ്ങുകൾക്കുള്ള ക്ഷണക്കത്തുകളും ഉടമ്പടികളും പഞ്ചായത്തിൽ ലഭിച്ചുവരുന്നു. ഗ്രാമപഞ്ചായത്തിൽ നടക്കുന്ന പൊതുപരിപാടികളിൽ പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഹരിതചട്ടം പാലിക്കാത്ത ചടങ്ങുകളിൽ നിന്നും വിട്ട് നിൽക്കാറുണ്ട്.

## നിയമ നടപടികൾ

പഞ്ചായത്തും ആരോഗ്യ വിഭാഗവും ചേർന്ന് പൊതു-സ്വകാര്യ സ്ഥലങ്ങളിലെ മാലി



ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ ഒരു മുസ്ലിം കുടുംബത്തിലെ 70 വയസ്സ് പ്രായമുള്ള ഒരു സ്ത്രീയാണ് ആമിന താത്ത. അവർ ഒരു ദിവസം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മുറിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിനോടും വാർഡ് മെമ്പറോടുമൊപ്പം കയറി വന്നു. അവരുടെ ചെറുമകളുടെ വിവാഹത്തിന് ക്ഷണിക്കാനാണ് വന്നത്. ക്ഷണപത്രത്തോടൊപ്പം ഒരു പ്രത്യേക കത്തും ഉണ്ടായിരുന്നു. കഴിഞ്ഞ ദിവസം ഗ്രാമസഭയിൽ കേട്ട ഹരിത നിയമാവലി കേട്ട് വിവാഹം പൂർണ്ണമായും ഹരിതാഭമായി നടത്തുമെന്നായിരുന്നു ഈ കത്തിലുണ്ടായിരുന്നത്. അവർക്ക് ഒരു ആവശ്യം കൂടിയുണ്ടായിരുന്നു. ഈ കത്ത് സെക്രട്ടറിയ്ക്ക് തരുന്ന ഫോട്ടോ എടുക്കണമെന്ന്. ഹരിതകേരള മിഷന്റെ പ്രവർത്തനം ജനങ്ങളിലേയ്ക്കെത്തുന്നു എന്നതിന്റെ ഇതിലും മികച്ച ഉദാഹരണം ഇനി എന്തു വേണം. ആമിനതാത്തയെ പഞ്ചായത്തിന്റെ ഹരിത അംബാസ്സിഡറായി ഏറ്റെടുത്ത് കൊണ്ട് സമൂഹ മാധ്യമങ്ങളിൽ ശ്രദ്ധേയമായ വാർത്ത നൽകി. ഈ വാർത്ത കേരള സർക്കാറിന്റെ 'മാലിന്യ വിമുക്ത കേരളം' എന്ന പദ്ധതിയുടെ ലക്ഷ്യത്തിലേയ്ക്കുള്ള ജനങ്ങൾക്കുള്ള ഒരു സന്ദേശം കൂടിയാണ്. 2019 സെപ്തംബർ 11 ന് നടന്ന വിവാഹത്തിൽ ഹരിതകേരളം ജില്ലാ മിഷൻ കോർഡിനേറ്റർ പി. പ്രകാശ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുകയും ഹരിതകേരളം മിഷൻ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ചീഫ് കോർഡിനേറ്റർ ജില്ലാ കലക്ടർ, ഹരിതകേരളം മിഷൻ കോർഡിനേറ്റർ എന്നിവർ ഒപ്പിട്ട സാക്ഷ്യപത്രം നൽകുകയും ചെയ്തു.

ന്യ നിക്ഷേപം, പൊതു ജലാശയങ്ങളിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കി വിടൽ, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വിൽപ്പന എന്നിവയ്ക്കെതിരെ പിഴ ഈടാക്കിയിട്ടുണ്ട്. 2018-19 വർഷം ഇരുപത്തി അയ്യായിരം രൂപയും 2019-20 വർഷം പതിനേഴായിരം രൂപയുമാണ് വിവിധ കേസുകളിലായി ഈടാക്കിയ പിഴ. സ്വീകരിച്ച നടപടികൾ സംബന്ധിച്ച പത്രവാർത്തകൾ ജനങ്ങളെ ബോധവാൻമാരാക്കി. പൊതുസ്ഥലത്തേയ്ക്ക് അഭിമുഖമായി ക്യാമറ വച്ച് കൊണ്ട് മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുവാനായി ക്ലോസ്ഡ് സർക്യൂട്ട് ടിവികൾ സ്ഥാപിക്കണമെന്ന് സ്വകാര്യ വ്യക്തികളോട്, പഞ്ചായത്ത് ആവശ്യപ്പെടുകയും ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ ക്യാമറ ദൃശ്യങ്ങൾ പഞ്ചായത്ത് ആഴ്ചയിൽ ഒരിക്കൽ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

ക്ലീൻ ഗ്രീൻ കാവിലുംപാറ പദ്ധതിയുടെ വിജയത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് ശുചിത്വ സന്ദേശങ്ങളും നിർദ്ദേശങ്ങളും കൈമാറിവരുന്നു. വീടുകളിൽ നിന്നും ശേഖരിക്കുന്ന പാഴ്തുണികളും പ്ലാസ്റ്റിക്ക് പാഴ്വസ്തുക്കളും ഉപ








യോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

## വെല്ലുവിളികളും പരിഹാരങ്ങളും

കുറ്റ്യാടി ചുരത്തിന്റെ ഇരുഭാഗങ്ങളിലും വിനോദ സഞ്ചാരികൾ അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യങ്ങൾ പഞ്ചായത്തിന് ഒരു ശാപമായിരുന്നു. കൂടാതെ ഗ്രാമത്തിലുള്ള ചെറിയ ടൗണായ തൊട്ടിൽപ്പാലത്തുള്ള കടകളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ, എല്ലാ പ്രദേശത്തെയും വീടുകളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുക എന്നതും പഞ്ചായത്ത് നേരിട്ട വെല്ലു വിളിയായിരുന്നു.

പതിനൊന്ന് ഹെയർപിൻ വളവുകളുള്ള പക്രംതളം ചുരത്തിൽ ദിവസേന ധാരാളം വിനോദ സഞ്ചാരികളെത്തുന്നുണ്ട്. ഇവർ അലക്ഷ്യമായി വലിച്ചെറിയുന്ന പാഴ്‌വസ്തുകൾ നീക്കം ചെയ്യുക, സംസ്കരിക്കുക എന്നത് പഞ്ചായത്ത് നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. ഇത് അതിജീവിക്കുന്നതിന് വിവിധ വ്യൂപോയിന്റുകളിലായി ബോട്ടിൽ ബൂത്തുകളും മിനി വേസ്റ്റ് ബോക്സുകളും സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. മറ്റൊരു പ്രധാന വെല്ലുവിളി കടകളിലെ അജൈവ വസ്തുക്കളുടെ സംസ്കരണമാണ്. ഇത് അതിജീവിക്കുന്നതിന് പഞ്ചായത്ത് ബോധവത്കരണവും അതിനോടൊപ്പം ശക്തമായ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. 2017 ജനുവരി 1-ലെ പുതുവത്സര ദിനത്തിൽ ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചു കൊണ്ടുള്ള പ്രഖ്യാപനം നാദാപുരം എം.എൽ.എ ഇ. കെ. വിജയൻ നിർവ്വഹിച്ചിരുന്നു. ഏഴ് കിലോമീറ്റർ വരുന്ന പക്രംതളം ചുരം കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർ ചേർന്ന് ഏകദിന ശുചിത്വ ക്യാമ്പയിനായി ശുചീകരണം നടത്തുകയുണ്ടായി. കുറ്റ്യാടി പുഴ ഉദ്ഭവിക്കുന്നത് കാവിലുംപാറ പഞ്ചായത്തിലെ പക്രന്തളം എന്ന സ്ഥലത്ത് നിന്നാണ്. 13 കിലോമീറ്റർ ദൂരത്തിലൂടെ കടന്നു പോകുന്ന ഈ പുഴയിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതും ഉരുൾപൊട്ടൽ വഴി പുഴ മലിനമാകുന്നതും പഞ്ചായത്ത് നേരിടുന്ന മറ്റൊരു



വെല്ലുവിളിയാണ്. ഈ മലിനീകരണം കൃത്യമായ ആസൂത്രണ പരിപാടികളിലൂടെ പഞ്ചായത്ത് ഒരു പരിധിവരെ അതിജീവിച്ചിട്ടുണ്ട്. ഇതും ജനകീയ കൂട്ടായ്മ യിലൂടെയാണ് സാധ്യമായിട്ടുള്ളത്.

ഹരിതകേരളം മിഷന്റെ യഥാസമയങ്ങളിലുള്ള ഇടപെടലുകളും നിർദ്ദേശങ്ങളും വഴി പഞ്ചായത്ത് മാലിന്യമുക്തമാകുന്ന പ്രക്രിയയിൽ ഒരുപാട് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സിയുടെ സഹായവും സാങ്കേതിക പിന്തുണയും ലഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ നിറവ് വേങ്ങേരിയുടെ നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ ലഭിക്കുകയുണ്ടായി. ഹരിത കർമ്മ സേനയുടെ പ്രതിമാസ വരുമാനം 3000 രൂപയിൽ നിന്നും ഉയർത്തുന്നതിന് മാലിന്യതോത് അനുസരിച്ച് യൂസർഫീ ഈടാക്കുകയും പ്ലാസ്റ്റിക് വിൽക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം ഹരിത കർമ്മസേന അംഗങ്ങൾക്ക് നീക്കിവെക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമസഭവഴി സംഭരിച്ച പ്ലേറ്റുകളും ഗ്ലാസ്സുകളും പൊതുപരിപാടികൾക്ക് ആവശ്യമുള്ളവർക്ക് ഹരിതകർമ്മസേന മുഖാന്തിരം എത്തിക്കുന്ന നടപടികൾ രണ്ട് വർഷത്തോളമായി തുടർന്നു വരുന്നു. കൂടാതെ 2020-21 വാർഷിക പദ്ധതിയിൽ സ്റ്റീൽ ഗ്ലാസ്സും പ്ലേറ്റും നൽകുകയും ഹരിതകർമ്മസേനയെ ഒരു ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പായി മാറ്റുന്നതിനും പദ്ധതി പഞ്ചായത്ത് ആവിഷ്കരിക്കുന്നുണ്ട്. ഇതുവഴി ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനത്തിലും വർദ്ധനവ് സാധ്യമാവും.



# ശുചിത്വ മാതൃകകളുമായി കോഴിക്കോട് കോർപ്പറേഷൻ

കേരളത്തിലെ ആറ് കോർപ്പറേഷനുകളിൽ പ്രധാനപ്പെട്ടതും ഏറ്റവും പഴക്കം ചെന്നതുമാണ് കോഴിക്കോട് കോർപ്പറേഷൻ. 1962 നവംബർ ഒന്നിനാണ് കോഴിക്കോട് കോർപ്പറേഷൻ നിലവിൽ വന്നത്. 118.59 ച.കി.മീ വ്യാപിച്ചുകിടക്കുന്ന കോർപ്പറേഷനിൽ കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, ബേപ്പൂർ, എലത്തൂർ എന്നീ നിയോജക മണ്ഡലങ്ങൾ ഉൾപ്പെടുന്നു. വളരെയധികം ചരിത്ര പ്രാധാന്യമുള്ള ഒരു ടൂറിസ്റ്റ് നഗരം കൂടിയാണിത്. 75 വാർഡുകളായി തിരിച്ചിട്ടുള്ള കോഴിക്കോട് കോർപ്പറേഷനിൽ 125621 വീടുകൾക്ക് പുറമെ ഫ്ളാറ്റ് സമുച്ചയങ്ങളിലുമൊക്കെയായി 6.09 ലക്ഷം (2011 ലെ സെൻസസ്) ജനങ്ങളാണ് താമസിച്ചുവരുന്നത്. വലുതും ചെറുതുമായ നിരവധി മാർക്കറ്റുകളും ഷോപ്പിംഗ് മാളുകളിലുമായി 30120 സ്ഥാപനങ്ങൾ ഉൾപ്പെട്ട വിശാലമായതും ജനനിബിഡമായതുമായ ഒരു നഗരമാണ് കോഴിക്കോട് ടൗൺ.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

കോഴിക്കോട് നഗരത്തിൽ പ്രതിദിനം ഉൽപാദിപ്പിക്കുന്ന മാലിന്യങ്ങളിൽ 195 ടൺ ജൈവ മാലിന്യങ്ങളും 105 ടൺ അജൈവമാലിന്യങ്ങളുമാണ്. ജൈവമാലിന്യങ്ങൾ ഞെളിയൻപറമ്പിന്റെ വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിൽ വെച്ച് കമ്പോസ്റ്റ് ആക്കി മാറ്റുന്നു. പ്രതിദിനം 90 ടൺ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നു. കോർപ്പറേഷൻ അതിർത്തിക്കുള്ളിലെ കോഴിസ്റ്റാളുകളിൽ നിന്നും ഉണ്ടാവുന്ന കോഴിമാലിന്യങ്ങൾ ഫ്രഷ്








കട്ട് എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിന്റെ അടി സ്ഥാനത്തിൽ ചിക്കൻ റെന്ററിംഗ് യൂണിറ്റിലേക്ക് പ്രതിദിനം എട്ടു മുതൽ 10 ടൺ കോഴി മാലിന്യം സംസ്കരണത്തിനായി അയയ്ക്കുന്നു. കോഴി മാലിന്യങ്ങൾ കോഴി സ്റ്റാളുകളിൽ ഫ്രീസറിൽ സൂക്ഷിക്കുകയും ആയത് നേരിട്ട് ഫ്രീസർ സംവിധാനമുള്ള വാഹനങ്ങളിൽ ചിക്കൻ റെന്ററിംഗ് യൂണിറ്റിലേക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നു. കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ കോഴിമാലിന്യം കൊണ്ടുണ്ടാവുന്ന പൊതു ശല്യത്തിൽ നിന്നും പൂർണ്ണമായും മുക്തമായിട്ടുണ്ട്.

## അജൈവ മാലിന്യ സംസ്കരണം

കോർപ്പറേഷൻ അതിർത്തിക്കുള്ളിലെ മുഴുവൻ വീടുകളിൽ നിന്നും അജൈ വമാലിന്യ ശേഖരണത്തിനായി 602 ഹരിതകർമ്മസേനാംഗങ്ങളെ വിന്യസിക്കുകയും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കലണ്ടർ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് സാധനങ്ങൾ, കുപ്പികൾ, കുപ്പിച്ചില്ലുകൾ, ഇലക്ട്രിക്ക് ഇലക്ട്രോണിക്ക് മാലിന്യങ്ങൾ വീടുകളിലെ അപകടരമായ മാലിന്യങ്ങൾ, പഴയ തുണിത്തരങ്ങൾ, പേപ്പറുകൾ എന്നിങ്ങനെ വേർതിരിച്ച് ശേഖരിച്ച് വെസ്റ്റ്ഹിൽ വ്യവസായപാർക്കിലെ എം.ആർ.എഫ് കേന്ദ്രത്തിൽ എത്തിച്ച് പ്ലാസ്റ്റിക്ക് ബെയിലിംഗ്/ഷ്രെഡിംഗ് നടത്തുകയും, റീസൈക്ലിംഗിന് കയറ്റി അയയ്ക്കുകയും ചെയ്യുന്നു. മാലിന്യം കലർന്ന പ്ലാസ്റ്റിക് സിമന്റ് പ്ലാന്റിലേക്ക് കയറ്റി ഇന്ധനമായി ഉപയോഗിക്കാൻ കയറ്റി അയയ്ക്കുന്നു. വാർഡ്തലത്തിൽ ഗ്രൂപ്പുകളായും കോർപ്പറേഷൻ തലത്തിൽ കൺസോഷ്യ ആയിട്ടുമാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

ഹരിതകേരളം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ശുചിത്വമാലിന്യ സംസ്കരണ ത്തിനായി വീടുകളെ 50 മുതൽ 100 വീടുകൾ വരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിഭജിച്ച് രണ്ടു വളണ്ടിയർമാരെ തെരഞ്ഞെടുക്കുകയും ഹരിതകർമ്മസേനാംഗങ്ങളുടെ അജൈവ മാലിന്യ ശേഖരണത്തിന് സഹായിക്കുകയും ചെയ്യുന്നു. സ്ഥാപനതല/കച്ചവട തലത്തിൽ 100 മുതൽ 200 വരെയുള്ള ഗ്രൂപ്പുകളാക്കി വ്യാപാരസംഘടനകളുടെ സഹായത്തോടെ മാലിന്യശേഖരണം കുറ്റമറ്റ രീതിയിൽ നടത്തി വരുന്നു.

വീടുകൾക്ക് അജൈവമാലിന്യങ്ങൾ മാത്രം എടുക്കുന്നതിന് 60 രൂപയും, ജൈവ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് 250 രൂപയാണ് യൂസർ ഫീ നിശ്ചയി ച്ചിട്ടുള്ളത്. 60 എം സ്ക്വയറിൽ താഴെയുള്ള വീടുകൾക്കും, കോളനികളിലെ വീടുകൾക്കും 30 രൂപ യൂസർ ഫീ നിശ്ചയിച്ചിട്ടുണ്ട് സ്ഥാപനങ്ങൾക്ക് 200 രൂപ മുതൽ 10000 രൂപ വരെയും യൂസർ ഫീയായി നിശ്ചയിച്ചു. ഹരികതർമ്മസേനയുടെ വേതനമായി പ്രതിമാസം ശരാശരി വരുമാനം 10,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഹരിതനിയമങ്ങൾ നടപ്പിലാക്കി

യത് വഴി 34,00,000 രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തു.

പൊതുസ്ഥലങ്ങളിൽ നിന്നും കോർപ്പറേഷൻ കണ്ടിജൻസി ജീവനക്കാർ ശേഖരിക്കുന്ന മാലിന്യങ്ങൾ അതത് സ്ഥലത്ത് നിന്ന് തന്നെ വേർതിരിച്ച് ജൈവമാലിന്യങ്ങൾ വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിലേക്കും അജൈവ മാലിന്യങ്ങൾ വെസ്റ്റ്ഹിൽ എം.ആർ.എഫ് കേന്ദ്രങ്ങളിലേക്ക് സംസ്ക്കരണത്തിനായി കയറ്റി അയയ്ക്കുന്നു. ടെണ്ടർ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത നിറവ് ഹരിതസഹായ സ്ഥാപനമാണ് ആർ.ആർ.എഫ് നിയന്ത്രിക്കുന്ന ഏജൻസിയായി പ്രവർത്തിക്കുന്നത്. പ്രതിദിനം രണ്ട് ടൺ ആണ് ഈ ആർ.ആർ.എഫിന്റെ കപ്പാസിറ്റി.

### ജൈവ മാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണത്തിനായി നിലവിൽ ഗാർഹിക ജൈവമാലിന്യ സംസ്കരണ ഉപാദികൾ സ്ഥാപിച്ചിട്ടുണ്ട്. 289 കമ്പോസ്റ്റ് പിറ്റുകൾ, 444 ബയോഗ്യാസ് പ്ലാന്റുകൾ, 10251 കിച്ചൺ ബിന്നുകൾ എന്നിവയാണ് നിലവിൽ സ്ഥാപിച്ചവ. ബാക്കിയുള്ള വീടുകളിലും ഗാർഹികോപാധികൾ സ്ഥാപിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. നിലവിൽ 36 സ്ഥാപനങ്ങളിൽ സ്ഥാപനതല ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ രണ്ട് ബയോഗ്യാസ് പ്ലാന്റുകളും 26 യൂണിറ്റ് തുമ്പൂർമുഴി ജൈവമാലിന്യ സംസ്കരണ സംവിധാനവും കമ്യൂണിറ്റിതലത്തിൽ വിവിധ ഇടങ്ങളിലായി പ്രവർത്തിച്ചുവരുന്നുണ്ട്.

## സവിശേഷ ഇടപെടലുകൾ

കോർപ്പറേഷനിൽ 2016 ഖരമപരിപാലന ചട്ടങ്ങൾ, പ്ലാസ്റ്റിക്ക് മാലിന്യപരിപാലന ചട്ടങ്ങൾ 2016 ലെ കെട്ടിടനിർമ്മാണം പൊളിൻ മാലിന്യ പരിപാലനചട്ടങ്ങൾ 2016 ലെ ഇ മാലിന്യപരിപാലന ചട്ടങ്ങൾ അനുസരിച്ച് ബൈലോ ഫ്രെയിം ചെയ്ത് നടപ്പാക്കി വരുന്നു. ജൈവമാലിന്യങ്ങൾ ബയോമെതനൈസേഷൻ വഴിയും അജൈവമാലിന്യങ്ങൾ പൈറോളിസിസ് വഴിയും വൈദ്യുതി ഉണ്ടാക്കുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപി

കോർപ്പറേഷൻ അതിർത്തിക്കുള്ളിലെ മാലിന്യങ്ങൾ തരംതിരിക്കാതെ ലഭിക്കുന്നതുമൂലം സംസ്കരണ രംഗത്ത് വലിയ വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്. കനോലി കനാൽ, കല്ലായിപ്പുഴ തുടങ്ങിയവയുടെ മലീനീകരണം തടയേണ്ട ആവശ്യാർത്ഥം കനാലും കല്ലായിപ്പുഴയും ജനകീയപങ്കാളിത്തത്തോടെ ശുചീകരണം നടത്തി കനാലിലേക്കും പുഴയിലേക്കും മാലിന്യങ്ങൾ ഒഴുക്കിവിടുന്നവർക്കെതിരെയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെയും നോട്ടീസ് നൽകി നിയമനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മലീനീകരണത്തിന്റെ തോത് പരമാവധി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പുഴയുടെയും തോടിന്റെയും സംരക്ഷണം പ്രത്യേക സെക്ടറുകളാക്കി വിവിധ സന്നദ്ധ സംഘടനകൾക്കും എൻജിഒ കൾക്കും ചുമതല ഏൽപ്പിച്ചു നൽകി സംരക്ഷിച്ചു വരുന്നു.



ക്കുന്നതിനും, സ്ഥലം കെഎസ്ഐഡിസിക്ക് കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം 300 ടൺ മാലിന്യങ്ങൾ പ്രതിദിനം സംസ്കരിച്ച് വൈദ്യുതോർജ്ജമാക്കി മാറ്റുന്ന പ്ലാന്റ് കോർപ്പറേഷൻ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ 250 കോടി മുതൽ മുടക്കി രണ്ടു വർഷത്തിനകം ആരംഭിക്കും. 2020 ജനുവരി 6 ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർമ്മാണ ഉദ്ഘാടനം നടത്തി.

കോഴിക്കോട് കടൽതീരം മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് വിവിധ ഘട്ടങ്ങളിലായി ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകരുടെ അകമഴിഞ്ഞ സഹായത്തോടെ പ്ലാസ്റ്റിക് ഉൾപ്പെടെ നീക്കം ചെയതു ശുചീകരിക്കുകയും ചെയ്തു. ജലായശയങ്ങൾ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ബോധവത്കരണത്തിന്റെ ഭാഗമായി ബോർഡുകൾ എഴുതി പ്രദർശിപ്പിക്കുകയും, മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് വേലി കെട്ടി സംരക്ഷിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

പ്ലാസ്റ്റിക്മുക്ത കോഴിക്കോടിന്റെ ഭാഗമായി പൊതുസ്ഥലത്ത് നിക്ഷേപിച്ച മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങളും നീക്കംചെയ്ത് എംആർഎഫ് കേന്ദ്രത്തിൽവച്ച് ഷ്രെഡ് ചെയ്തും ബെയിൽചെയ്തും സംസ്കരണം നടത്തി പ്ലാസ്റ്റിക് മുക്തമാക്കിവരുന്നു.

ഖരമാലിന്യ പരിപാലനം ചിട്ടയായും,നിയമവിധേയമായി കൈമാറ്റം ചെയ്യലിലൂടെ, സമയബന്ധിതമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി കൗൺസിൽ ഖരമാലിന്യ പരിപാലന ബൈലോ പാസാക്കുകയും നിയമാവലിയിൽ യൂസർഫീ പിരിച്ച് മാലിന്യപരിപാലനത്തിനുള്ള വരുമാനം കണ്ടെത്തുകയും മാലിന്യ പരിപാലനച്ചെലവ് നിർവഹിക്കുന്നതിന് കഴിയത്തക്ക രീതിയിൽ ശാസ്ത്രീയ കാഴ്ചപ്പാടോടെ മാലിന്യം ഉൽപ്പാദിപ്പിക്കുന്നതവരുടെ ചുമതലയിൽ മാലിന്യം സംസ്ക്കരിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

### ഹരിത ചട്ടം

അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനം ആദ്യഘട്ടം എന്ന രീതിയിൽ ഓഡിറ്റോറിയങ്ങൾ, കല്യാണ മണ്ഡപങ്ങൾ, പൊതുചടങ്ങുകൾ എന്നിവിടങ്ങളിൽ നടപ്പാക്കിവരുന്നു. മാളുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗകുറവ് ചെയ്യുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക്ക് പാക്കിംഗ് മെറ്റീരിയലുകൾ ഒഴിവാക്കുന്നതിനുള്ള സഹകരണം അഭ്യർത്ഥിക്കുകയും ആയത് 2020 ജനുവരി ഒന്നു മുതൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## മാലിന്യത്തിൽ നിന്നും വൈദ്യുതി

### സംയോജിത മാലിന്യ സംസ്കരമാണ പദ്ധതി

ജൈവമാലിന്യങ്ങൾ ബയോമെതനൈസേഷൻ വഴിയും അജൈവമാലിന്യങ്ങൾ പൈറോളിസിസ് വഴിയും വൈദ്യുതി ഉണ്ടാക്കുന്ന കേരളത്തിലെ ആദ്യത്തെ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം കെഎസ്ഐഡിസിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. പ്രതിദിനം 300 ടൺ മാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതോർജ്ജമാക്കി മാറ്റുന്ന പ്ലാന്റ് 250 കോടി മുതൽ മുടക്കി 2 വർഷത്തിനകം ഞെളിയൻ പറമ്പിൽ കോർപ്പറേഷൻ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ പൂർത്തിയാക്കും. കേരളത്തിലെ മാലിന്യസംസ്കരണ മേഖലയെ ആധുനിക വൽക്കരിക്കുന്നതിന് മാതൃകയാകുന്ന പ്രസ്തുത പദ്ധതിയുടെ നിർമാണ പ്രവർത്തികളുടെ ഉദ്ഘാടനം 2020 ജനുവരി 6 ന് ബഹു. മുഖ്യമന്ത്രി



പിണറായി വിജയൻ നിർവഹിച്ചു. ചടങ്ങിൽ 800 കോടിയുടെ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റ്മെന്റ് കമ്പനി ഉടമകൾ കൈമാറി. വൈദ്യുതി - സംയോജിത മാലിന്യ സംസ്കരണ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ആറ് മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് ലഭ്യമാകും

സർക്കാർ സ്വകാര്യ സ്ഥാപനതലത്തിലെല്ലാം തന്നെ ഗ്രീൻ പ്രോട്ടോകോൾ സംബന്ധിച്ച ക്ലാസുകളും ബോധവൽകരണ പരിപാടികളും നടത്തിയിട്ടുണ്ട്. ഇതു പ്രകാരം കോർപ്പറേഷനു കീഴിൽ വരുന്ന 473 സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപിച്ചിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ നടന്ന ജില്ലാ സബ്ജില്ലാ സ്കൂൾ കലോത്സവങ്ങൾ എല്ലാം തന്നെ പൂർണ്ണമായും ഹരിതചട്ടംപാലിച്ചുകൊണ്ട് നടത്തുവാനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

### നിയമ നടപടികൾ

കോർപ്പറേഷൻ ഹരിതനിയമം നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ 451 കേസുകളിലായി 36 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കുകയും ഹരിത നിയമങ്ങൾ ലംഘിക്കുന്നവർക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് പരാതി സമൂഹ്യമാധ്യമമായ വാട്സ്ആപ്പ് വഴി അയക്കുന്ന നിയമ ലംഘനങ്ങൾക്കെതിരെ 24 മണിക്കൂറിനകം നടപടി സ്വീകരിക്കുകയും നിയമലംഘനം നടത്തിയതു സംബന്ധിച്ച ഫോട്ടോ, വീഡിയോ എന്നിവ അയച്ചു തരുന്ന പരാതിക്കാരന് പിഴ സംഖ്യയുടെ 15 ശതമാനം തുക പാരിതോഷികമായി നൽകുകയും ചെയ്തുവരുന്നു.

### നേരിടുന്ന വെല്ലുവിളികളും അതിജീവനവും

കോർപ്പറേഷൻ അതിർത്തിക്കുള്ളിലെ മാലിന്യങ്ങൾ തരംതിരിക്കാതെ ലഭിക്കുന്നതുമൂലം സംസ്കരണ രംഗത്ത് വലിയ വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്. കനോലി കനാൽ, കല്ലായിപ്പുഴ തുടങ്ങിയവയുടെ മലീനീകരണം തടയേണ്ട ആവശ്യാർത്ഥം കനാലും കല്ലായിപ്പുഴയും ജനകീയപങ്കാളിത്തത്തോടെ ശുചീകരണം നടത്തി കനാലിലേക്കും പുഴയിലേക്കും മാലിന്യങ്ങൾ ഒഴുക്കിവിടുന്നവർക്കെതിരെയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെയും നോട്ടീസ് നൽകി നിയമനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മലീ





നീകരണത്തിന്റെ തോത് പരമാവധി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പുഴയുടെയും തോടിന്റെയും സംരക്ഷണം പ്രത്യേക സെക്ടറുകളാക്കി വിവിധ സന്നദ്ധ സംഘടനകൾക്കും എൻജിഒ കൾക്കും ചുമതല ഏൽപ്പിച്ചു നൽകി സംരക്ഷിച്ചു വരുന്നു.

കോർപ്പറേഷനിലെ ഫ്ളാറ്റുകൾ, മാളുകൾ, മാർക്കറ്റുകൾ, വില്ലകൾ, ഗേറ്റഡ് കമ്മ്യൂണിറ്റികൾ, മാർക്കറ്റുകൾ, ബസ്സ്റ്റാന്റുകൾ, എന്നിവയ്ക്ക് പ്രത്യേകമായി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വേർതിരിച്ച് സൂക്ഷിച്ച് കൈമാറുന്ന തിനുള്ള എം.ആർ. എഫ്/എം.സി.എഫ് കേന്ദ്രങ്ങൾ, കോർപ്പറേഷൻ അതിർത്തിക്കുള്ളിലെ 75 വാർഡുകളിലും അജൈവമാലിന്യ ശേഖരണത്തിനായി ഒരു വാർഡിന് ഒരെണ്ണം വീതം 75 എം.സി.എഫ് സ്ഥാപിക്കുന്നപ്രവർത്തി 31.03.2019 നകം പൂർത്തീകരിക്കും.

കോർപ്പറേഷനെ അഞ്ച് സോണലുകളാക്കി തിരിച്ച് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അപകടകരമായി മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിച്ച് കൈമാറുന്നതിന് മാത്രമായി അഞ്ച് എം. ആർ. എഫ് /എം. സി. എഫ് കേന്ദ്രങ്ങൾ 2020 മാർച്ച് 30-നകം പൂർത്തീകരിക്കും. ഈ രീതിയിൽ മാലിന്യ സംസ്കരണ രംഗത്തെ ഓരോ വെല്ലുവിളികളും ഏറ്റെടുത്ത് ഓരോന്നിനും പരിഹാരം കണ്ടെത്തി മുന്നേറുകയാണ് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.



# മേപ്പയ്യൂരിന്റെ ശുചിത്വപ്പെരുമ

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ മേലടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലായാണ് മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ജില്ലയുടെ ഏതാണ്ട് മധ്യഭാഗത്ത് തീര പ്രദേശത്ത് നിന്ന് 10 കിലോമീറ്റർ കിഴക്കുമാറിയാണ് മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്. കൊഴുക്കല്ലൂർ വില്ലേജിൽ 1282.68 ഹെക്ടറും മേപ്പയ്യൂർ വില്ലേജിൽ 1054.78 ഹെക്ടറും ചേർന്ന് 2337.40 ഹെക്ടറുകളിലായി 17 വാർഡ് പരിധിയിൽ പരന്നു കിടക്കുകയാണ് പഞ്ചായത്ത്. 2017 മാർച്ചിൽ പഞ്ചായത്ത് ആസൂത്രണ സമിതി നടത്തിയ പ്രാഥമിക വിവരശേഖരണമനുസരിച്ച് മൊത്തം ജനസംഖ്യ 28806 ആണ്. ഇതിൽ 14298 പുരുഷന്മാരും 14505 സ്ത്രീകളുമാണ്. 7308 വീടുകളിലായാണ് ഇവർ അധിവസിക്കുന്നത്.

## മാലിന്യ നിർമാർജനത്തിന് പഞ്ചായത്തിന്റെ കയ്യൊപ്പ്

'ശുചിത്വം സുന്ദരം എന്റെ മേപ്പയ്യൂർ' പദ്ധതിയിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വേറിട്ട പ്രവർത്തനങ്ങൾ ചെയ്തു വരികയാണ് പഞ്ചായത്ത്. മാലിന്യ സംസ്കരണത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മേപ്പയ്യൂർ ടൗണിൽ തന്നെ പഞ്ചായത്തിന്റെ 10 സെന്റ് സ്ഥലത്ത് എംസിഎഫ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പദ്ധതി ഫണ്ടിലെ 12 ലക്ഷം രൂപ ചെലവഴിച്ചാണ് കെട്ടിട നിർമാണം പൂർത്തീകരിച്ചത്. എംസിഎഫ് പ്രവർത്തനക്ഷമമായത് 2019 നവംബർ 26നാണ്. തൊഴിലുറപ്പ് പദ്ധതിയി



23 അംഗങ്ങളുള്ള ഹരിത കർമ സേനയാണ് പ്രവർത്തന ങ്ങളുടെ നട്ടെല്ല്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നി ന്നും മാലിന്യ ശേഖരണം ഇവരു ടെ ചുമതലയാണ്. ഓരോ മാസ വും ഇടവിട്ട് മാലിന്യ ശേഖര ണം നടത്തുന്ന പദ്ധതിയാണ് ന ടപ്പാക്കുന്നത്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിച്ചി ട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസി ഡന്റിനും കോർഡിനേറ്റർമാർ ക്കുമാണ് മുഖ്യ ചുമതല. വാർഡ് തലത്തിൽ ഹരിത അംബാസിഡറും ഗ്രീൻ വാർഡ് ലീഡറും നേതൃത്വം നൽകുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. 35 മുതൽ 40 വരെ വീടുകൾ അടങ്ങുന്ന 134 ക്ലസ്റ്ററുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലസ്റ്ററു കൾക്ക് ഒരു കൺവീനറും അഞ്ച് അംഗങ്ങളും ഉൾപ്പെടുന്ന കമ്മിറ്റി പ്രവർത്തിക്കുന്നു.

ലുൾപ്പെടുത്തി വാർഡുകളിൽ മിനി എംസിഎ ഫ് യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനമെടു ത്തു. അത് നടപ്പാക്കുന്നതുവരെ സംഭരണ ത്തിനായി താൽക്കാലിക സംവിധാനം ഒരു ക്കി വരുന്നു. മിനി എംസിഎഫ് യൂണിറ്റിൽ നിന്നും ടൗണിലെ പ്രധാന യൂണിറ്റിലേക്കെ ത്തിക്കാൻ വാഹന സൗകര്യം ഏർപ്പെടുത്തി യിട്ടുണ്ട്. ഇതിനായി പദ്ധതി ഫണ്ട് ഉപയോ ഗിക്കുന്നു. ടൗണിലെ കടകളിൽ നിന്നും അ തത് ദിവസം മാലിന്യം ശേഖരിച്ചു വരുന്നു.

23 അംഗങ്ങളുള്ള ഹരിത കർമ സേനയാ ണ് പ്രവർത്തനങ്ങളുടെ നട്ടെല്ല്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യ



ശേഖരണം ഇവരുടെ ചുമതലയാണ്. ഓരോ മാസവും ഇടവിട്ട് മാലിന്യശേഖരണം ന ടത്തുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കാൻ പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീ കരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റി നും കോർഡിനേറ്റർമാർക്കുമാണ് മുഖ്യചുമ തല. വാർഡ് തലത്തിൽ ഹരിത അംബാസി ഡറും ഗ്രീൻ വാർഡ് ലീഡറും നേതൃത്വം നൽകുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. 35 മുതൽ 40 വരെ വീടു കൾ അടങ്ങുന്ന 134 ക്ലസ്റ്ററുകൾ പഞ്ചായ ത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലസ്റ്ററുകൾക്ക് ഒരു കൺവീനറും അഞ്ച് അംഗങ്ങളും ഉൾ പ്പെടുന്ന കമ്മിറ്റി പ്രവർത്തിക്കുന്നു.

വീടുകളിൽ നിന്ന് മാസത്തിൽ 40 രൂപ യും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും യൂ സർഫീ ആയി ശേഖരിച്ചു വരുന്നു. ഈ ഇ നത്തിൽ 270000 രൂപ മാസത്തിൽ വരുമാന

## ജനമുന്നേറ്റത്തിന് മേപ്പയ്യൂരിന്റെ മാതൃക

മേപ്പയ്യൂർ പഞ്ചായത്തിന്റെ പടിഞ്ഞാറു അറ്റത്ത് തുടങ്ങി കിഴക്ക് കരുവോട് ചിറയിൽ അവസാനിക്കുന്ന 108 കിലോമീറ്റർ നീളമുള്ള ആച്ചികുളങ്ങര കണ്ടംചിറ തോട് മാലിന്യ മുക്തമാക്കി നവീകരിച്ചത് പഞ്ചായത്തിന്റെ ചരിത്രത്തിൽ ഇടം പിടിക്കുന്നതായി. ബഹുജനങ്ങൾ പങ്കാളികളായ ഈ പ്രവർത്തനം മാതൃകാപരമായിരുന്നു. 16 ഗ്രൂപ്പുകളായി തരംതിരിച്ചായിരുന്നു പ്രവർത്തനം.




ടൺ കണക്കിന് മാലിന്യങ്ങളാണ് ഇതോടെ നീക്കം ചെയ്യപ്പെട്ടത്. 9 കേന്ദ്രങ്ങളിലായാണ് പ്രവർത്തനം സംഘടിപ്പിച്ചത്. ഭക്ഷണം ഉൾപ്പെടെ മുഴുവൻചെലവും പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുകയായിരുന്നു. ഇതിന് ശേഷം പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 10 തടയണ തുടർപ്രവർത്തനമെന്നോണം നിർമിച്ചിട്ടുണ്ട്. മാലിന്യമുക്ത പ്രവർത്തനങ്ങൾക്ക് സ്മാരകമായി തോട് ഇപ്പോഴും നിറഞ്ഞൊഴുകുന്നു.

മായി ലഭിക്കുന്നു. അങ്ങനെ ഹരിത കർമ സേന അംഗങ്ങൾക്ക് പ്രതിമാസം 5200 രൂപ വരുമാനമായും ലഭിക്കുന്നു. മേപ്പയ്യൂർ ടൗണിൽ ശാസ്ത്രീയമായ രീതിയിൽ മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി കമ്പോസ്റ്റ് സ്ഥാപിക്കാനുളള നടപടികൾക്കായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് 1,00,000 രൂപ നീക്കി വെച്ചിട്ടുണ്ട്.

## ഹരിത പെരുമാറ്റച്ചട്ടം

സ്കൂളുകളിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ മേധാവികളുടെ പങ്കാളിത്തം ഉറപ്പു വരുത്തി പഞ്ചായത്തിലെ 16 സ്കൂളുകളിലും അധ്യാപകരും പിടിഎ ഭാരവാഹികളും ക്ലാസ് ലീഡർമാരുമടങ്ങുന്ന സമിതി രൂപീകരിച്ചു. സ്പോൺസർഷിപ്പിലൂടെ മാലിന്യ ശേഖരണ സാമഗ്രികൾ ഉറപ്പു വരുത്തി. സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി മുഴുവൻ സ്ഥാപന മേധാവികളുടെ യോഗങ്ങൾ സംഘടിപ്പിച്ചു. പൊതു ചടങ്ങുകൾ പ്ലാസ്റ്റിക് മുക്തമാക്കാൻ തീരുമാനമായി പകരം ഓരോ വാർഡിലും കുടുംബശ്രീ പ്രവർത്തകർ പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങൾ ചടങ്ങുകളിലെത്തിക്കും.ഇതിനായി കുടുംബശ്രീ അംഗങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും നടപടികളായി.

പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകി ഉറവിട മാലിന്യ സംസ്കരണം എല്ലായിടത്തും ഉറപ്പാക്കാനും പ്ളാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാനും നിരവധി ബോധവത്കരണ ക്ളാസുകൾ നടത്താറുണ്ട്. ഇതിനുശേഷവും പ്ളാസ്റ്റിക് കത്തിക്കുകയും മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ വലിച്ചെറിയുകയും ചെയ്താൽ കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആറ് കേസുകളിലായി 72000 രൂപ പിഴയായി ഇതിനകം ഈടാക്കിയിട്ടുണ്ട്. ഒപ്പംതന്നെ അന്തർ സംസ്ഥാന തൊഴിലാളികളുടെ വാസ സ്ഥലം പരിശോധനയ്ക്ക് വിധേയമാക്കി പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാത്തവർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ക്ളീൻ മേപ്പയ്യൂർ

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് മേപ്പയ്യൂരിന്റെ സംഭാവനയായിരുന്നു 1998ൽ നടപ്പിലാക്കിയ ക്ളീൻ മേപ്പയ്യൂർ പദ്ധതി. ഇതിന്റെ തുടർച്ചയെന്നോണം മാലിന്യ സംസ്കരണ യജ്ഞത്തിന് ഊർജ്ജം പകർന്നു നടപ്പു വർഷം നടന്ന ടൗൺ ശുചീകരണത്തിൽ വലിയ ജനപങ്കാളിത്തം പ്രകടമായി. വിദ്യാർത്ഥികൾ, സ്കൗട്ട്, ഗൈഡ്സ്, കച്ചവടക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, ആരോഗ്യ വിഭാഗം ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവർ ഒറ്റക്കെട്ടായി നടത്തിയ പ്രവർത്തനം വലിയ മതിപ്പുളവാക്കുന്നതായി.



പഞ്ചായത്തിന്റെ ഏതാണ്ട് മധ്യ ഭാഗത്തായാണ് പൊതുമാർക്കറ്റായ മേപ്പയ്യൂരങ്ങാടി. കൊമേഴ്സ്യൽ കോംപ്ളക്സും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളും നാലായിരത്തിലേറെ വിദ്യാർത്ഥികൾ പഠിക്കുന്ന മേപ്പയ്യൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളും 4 പള്ളികളും ഒരു അമ്പലവും ഹോട്ടലുകളുമുൾപ്പെടെ നിരവധി കടകൾ അങ്ങാടിക്ക് ജീവൻ പകരുന്നു. അങ്ങാടിയിൽ നിന്നുയരുന്ന പ്രധാന വെല്ലുവിളി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന ഏതാണ്ട് 5.11 മെട്രിക് ടൺ മാലിന്യമാണ്. മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്ളാസ്റ്റിക് നിരോധനത്തിനായ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരിൽ നിന്നും ഹരിത ചട്ട ലംഘനങ്ങൾക്കായി 121250 രൂപ ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## പ്രതിസന്ധികളെ തരണം ചെയ്തു മുന്നോട്ട്

വിവിധ ഘട്ടങ്ങളിൽ ഉയർന്നുവന്ന പ്രതിസന്ധികളെ ജനകീയ കൂട്ടായ്മയിലൂടെ അതിജീവിക്കാൻ കഴിഞ്ഞു. മാസങ്ങൾ നീണ്ട ബോധവത്കരണ പ്രക്രിയയാണ് പഞ്ചായത്ത് നടപ്പിലാക്കിയത്. മൂവായിരത്തിലേറെ പേർ പങ്കെടുത്ത മാലിന്യ സംസ്കരണ സന്ദേശ യാത്രയും പ്രതിജ്ഞയും മുഴുവൻ സ്കൂളുകളിലും പ്രത്യേക അസംബ്ലി വിളിച്ചു ചേർത്തതും പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിച്ചതും ശ്രദ്ധേയമായി. മാലിന്യ വിമുക്ത സന്ദേശത്തിന്റെ ഭാഗമായി വിളംബര ജാഥകളും വീടുകളിലും സ്ഥാപനങ്ങളിലും നടത്തിയ മാലിന്യമുക്ത സന്ദേശദീപം തെളിയിക്കലും ജനുസ്സുകളിൽ ഇടംപിടിച്ചു. ഉറവിട മാലിന്യ സംസ്കരണം എന്ന ആശയം അവത

രിപ്പിച്ചപ്പോൾ ഉയർന്നുവന്ന കടുത്ത എതിർപ്പിനെ ഇത്തരം പ്രവർത്തനങ്ങളിലൂടെ പരിഹരിക്കാൻ സാധിച്ചു. യൂസർഫീ നൽകുന്നത് സംബന്ധിച്ച് അഭിപ്രായ ഭിന്നത ചിലയിടങ്ങളിൽ പ്രകടമായി. ചിട്ടയായ പ്രവർത്തനങ്ങൾ മുന്നോട്ടു പോയതോടെ പരിഹാരം കണ്ടെത്താനായി.

## സാങ്കേതിക സഹായം

പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരുന്ന ഘട്ടത്തിലാണ് വടകര നഗരസഭയുടെ ഹരിയാലി ഹരിത സഹായ സ്ഥാപനം പഞ്ചായത്തിലെത്തുന്നത്. നേട്ടങ്ങളുടെ വലിയൊരളവ് അവർക്ക് കൂടെ അർഹതപ്പെട്ടതാണ്. പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനും സമയബന്ധിതമായി അവ നടപ്പിലാക്കുന്നതിലും 'ഹരിയാലി' മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. പ്രാഥമിക പ്രവർത്തനങ്ങൾക്ക് നിറവ് നൽകിയ സഹായവും എടുത്തു പറയേണ്ടവയാണ്. ശുചിത്വ മിഷൻ കൈയയച്ച് സഹായം നൽകുന്നു.

'ശുചിത്വം സുന്ദരം എന്റെ മേപ്പയ്യൂർ' എന്ന തനത് പദ്ധതിയിലൂടെ വേറിട്ട പ്രവർത്തനങ്ങളാണ് പഞ്ചായത്ത് കാഴ്ച വയ്ക്കുന്നത്.





# ജനപങ്കാളിത്തമേറിവരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ നിയോജകമണ്ഡലത്തിലുൾപ്പെട്ട പഞ്ചായത്താണ് ഏറാമല ഗ്രാമപഞ്ചായത്ത്. വടകര ബ്ലോക്ക് പഞ്ചായത്തിൽ വിസ്തൃതിയിൽ ഒന്നാം സ്ഥാനത്ത് (19.06 ച.കി.മി) നിൽക്കുന്ന ഈ പഞ്ചായത്തിലെ 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 34678 ആണ്. ആകെ 9120 വീടുകളും 2886 വാണിജ്യസ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്.

2017-ൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന സർവ്വെ നടത്തിയതിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് ഏറാമല ഗ്രാമപഞ്ചായത്തിൽ വർഷത്തിൽ 123 ടൺ അജൈവ മാലിന്യവും 54 ടൺ ജൈവമാലിന്യവും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഇവ സംസ്കരിക്കുന്നതിന് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലും മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

## മാലിന്യസംസ്കരണ രംഗത്തെ ഇടപെടലുകൾ

പത്തൊമ്പത് വാർഡുകളിൽ നിന്നും രണ്ടുപേരെ വീതം തെരഞ്ഞെടുത്ത് ആകെ 38 ഹരിതസേനാംഗങ്ങളാണ് ഉള്ളത്. ഹരിതസേനാ അംഗങ്ങൾ എല്ലാ മാസവും മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും (മാസത്തിൽ ഒരു തവണ) അജൈവ മാലിന്യം ശേഖരിക്കുന്നു. വർഷത്തിൽ ഒരു തവണ കുപ്പി/ കുപ്പിചില്ലുകൾ ഉപയോഗം കഴിഞ്ഞ പഴയ ഡ്രസ്സുകൾ ചെരുപ്പുകൾ/ ബാഗുകൾ/ ഫ്ളക്സുകൾ/ ടയർ



എന്നിവയും ശേഖരിച്ചുവരുന്നുണ്ട്. ഹരിതകർമ്മസേനക്കാവശ്യമായ യൂണിഫോം, ഗ്ലൗസ്, ഷൂസുകൾ, മാസ്കുകൾ, തൊപ്പികൾ, ഐഡന്റിറ്റി കാർഡ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

ഏറാമല ഗ്രാമപഞ്ചായത്തിൽ ആകെ താമസമുള്ള വീടുകൾ 9120,സ്ഥാപനങ്ങൾ 856, വീടുകളിൽ നിന്ന് 30 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 50 രൂപയും യൂസർഫീ ഇനത്തിൽ ലഭിക്കുന്നുണ്ട്. ഒരു ഹരിതകർമ്മസേനാ അംഗത്തിന് പ്രതിമാസ വരുമാനം 7,500 രൂപ പ്രകാരം 33 പേർക്ക് 2,47,500 രൂപ നൽകുന്നു. മാലിന്യ ശേഖരണത്തിന് പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ട്.

## ജൈവമാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണത്തിന് ഐആർടിസിയുടെ സഹായത്തോടെ 3991760/രൂപ ചെലവഴിച്ച് ജൈവമാലിന്യ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ അഞ്ച് തൊഴിലാളികളും ഒരു കോഡിനേറ്ററും അടക്കം ആറ് പേർ ജോലി ചെയ്തു വരുന്നു. പ്രസ്തുത തൊഴിലാളികൾക്ക് ഐആർടിസിയിൽ നിന്നും അഞ്ച് ദിവസത്തെ പരിശീലനം ലഭിച്ചിട്ടുണ്ട്. ഏറാമല ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും പൊതുപരിപാടികളിലെയും ജൈവമാലിന്യം പ്ലാന്റിൽ എത്തിച്ച് സംസ്കരിച്ച് വളമാക്കി മാറ്റുന്നു. ഈ വളമാണ് പഞ്ചായത്തിന്റെ പദ്ധതിയിൽ വിതരണം ചെയ്യുന്നത്.

2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ വീടുകൾക്കും ബയോബിൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചു. 2017-18 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി 1245623 രൂപയുടെ കമ്പോസ്റ്റ് കുഴി/നടേപ്പ് കമ്പോസ്റ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 2018-19 ൽ 378300 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## അജൈവമാലിന്യ സംസ്കരണവും അടിസ്ഥാന സൗകര്യങ്ങളും

അജൈവമാലിന്യ സംസ്കരണത്തിന് ഗ്രാമപഞ്ചായത്തിൽ 14 മിനി എംസിഎഫ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2018 നവംബർ 1 മുതൽ എല്ലാ മാസവും അജൈവമാലിന്യ ശേഖരണം നടത്തിവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള സംസ്കരണ പ്ലാന്റ് വിപുലീകരിക്കുന്നതിന് 21,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മുഴുവൻ വീടുകൾക്കും സ്ഥാപനങ്ങൾക്കും യൂസർഫീ രേഖപ്പെടുത്തുന്നതിനുള്ള കാർഡും ബോധവത്കരണത്തിന് ബ്രോഷറും വിതരണം ചെയ്തിട്ടുണ്ട്.



ഷ്രെഡിങ് മെഷീൻ ഉപയോഗിച്ച് ജൈവമാലിന്യങ്ങൾ ഷ്രെഡ് ചെയ്യുകയും Motorized rotory Sieve (അരിപ്പ) ഉപയോഗിച്ച് അരിച്ച് വളമാക്കി മാറ്റുകയും ചെയ്യുന്നു. ബയോഗ്യാസ് പ്ലാന്റ്-ഹരിതസേനാംഗങ്ങൾക്ക് ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിക്കുന്നു. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ബെയിൽ ചെയ്ത് വിൽക്കുന്നു.

പുനഃചംക്രമണം ചെയ്യാൻ കഴിയുന്ന അജൈവമാലിന്യം തരംതിരിച്ച് ബെയിലിങ് നടത്തി വിലയ്ക്ക് നൽകിവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനത്തിന്റെ ഭാഗമായി 2018-19 ൽ 295000 രൂപ വരുമാനമായി ലഭിച്ചു. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ-52.3 ടൺ, ചില്ല്-41 ടൺ,തുണികൾ-4 ടൺ ഉൾപ്പെടെ 97.3 ടൺ അജൈവമാലിന്യം റീസൈക്ലിങ് യൂണിറ്റിന് കൈമാറി.

## സവിശേഷ ഇടപെടലുകൾ

ഹരിതകേരളം മിഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വാർഡുകൾ തോറും ജനകീയ കൺവെൻഷനുകൾ വിളിച്ചുചേർത്തു. വാർഡുതലത്തിൽ ശുചിത്വ മാലിന്യ സംസ്കരണ കമ്മിറ്റികളുണ്ടാക്കി ഈ കമ്മിറ്റികളുടെ നേതൃത്വത്തിൽ 19 വാർഡുകളിൽ നിന്നുമായി 1856000 രൂപ പിരിച്ചെടുത്തു. അന്നുവരെ ഉണ്ടായിരുന്ന 78 ലോഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ കർണ്ണാടകയിലേക്ക് അയക്കുകയുണ്ടായി. വലിയ ജനപങ്കാളിത്തമാണ് ഇതുവഴി ഉണ്ടാക്കാൻ സാധിച്ചത്.

മാലിന്യസംസ്കരണം ലക്ഷ്യമിട്ടുകൊണ്ട് വർഷങ്ങൾക്കു മുമ്പുതന്നെ ചെറുതും വലുതുമായ നിരവധി ഇടപെടലും ശ്രമങ്ങളും പഞ്ചായത്ത് നടത്തുകയുണ്ടായി. പഞ്ചായത്തിന്റെ കേന്ദ്രമായ ഓർക്കാട്ടേരി ടൗണിലെ മാലിന്യ സംസ്കരണത്തിന് 50 സെന്റ് സ്ഥലം സ്വന്തമായി വാങ്ങിയിരുന്നു. പഞ്ചായത്ത് ജനപ്രതിനിധികളും, ആരോഗ്യ പ്രവർത്തകരും വ്യാപാരി സംഘടനാ പ്രതിനിധികളും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളും അടങ്ങുന്ന വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ മാലിന്യത്തിന്റെ അളവനുസരിച്ച് തുക ഈടാക്കി (കുറഞ്ഞത് 50 രൂപ) ടൗണിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നു. ഈ തുക കൊണ്ടാണ് ദിവസക്കൂലിക്ക് മൂന്ന് തൊഴിലാളികളെ അധികമായി വെച്ചുകൊണ്ട് മാലിന്യം നീക്കം ചെയ്തിരുന്നത്. നിരവധി തവണ കച്ചവടക്കാരുടെ ജനറൽ ബോഡി മീറ്റിംഗും, ജനപ്രതിനിധികളടങ്ങുന്ന മീറ്റിംഗും നടത്തിയിരുന്നു. ഇപ്പോൾ ഈ മാലിന്യം വേർതിരി

മാലിന്യസംസ്കരണം ലക്ഷ്യമിട്ടുകൊണ്ട് വർഷങ്ങൾക്കു മുമ്പുതന്നെ ചെറുതും വലുതുമായ നിരവധി ഇടപെടലും ശ്രമങ്ങളും പഞ്ചായത്ത് നടത്തുകയുണ്ടായി. പഞ്ചായത്തിന്റെ കേന്ദ്രമായ ഓർക്കാട്ടേരി ടൗണിലെ മാലിന്യ സംസ്കരണത്തിന് 50 സെന്റ് സ്ഥലം സ്വന്തമായി വാങ്ങിയിരുന്നു. പഞ്ചായത്ത് ജനപ്രതിനിധികളും ആരോഗ്യ പ്രവർത്തകരും വ്യാപാരി സംഘടനാ പ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും അടങ്ങുന്ന വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ മാലിന്യത്തിന്റെ അളവനുസരിച്ച് തുക ഈടാക്കി (കുറഞ്ഞത് 50 രൂപ) ടൗണിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നു. ഈ തുക കൊണ്ടാണ് ദിവസക്കൂലിക്ക് മൂന്ന് തൊഴിലാളികളെ അധികമായി നിയോഗിച്ചുകൊണ്ട് മാലിന്യം നീക്കം ചെയ്തിരുന്നത്.







ക്കുന്നതും കയറ്റിക്കൊണ്ടുപോകുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഏഴ് അംഗങ്ങൾ വീതമുള്ള അഞ്ച് സബ്കമ്മിറ്റികൾ കച്ചവടക്കാരുടേതു മാത്രമായി ടൗണിൽ പ്രവർത്തിക്കുന്നു. ടൗണിലും വാർഡുകളിലുമായി 145 ക്ലസ്റ്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. വലിയ ജനകീയ പങ്കാളിത്തമാണ് ഏറാമലയുടെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടിട്ടുണ്ടായത്. അജൈവമാലിന്യങ്ങളുടെ അളവ് കുറയ്ക്കൽ ഗ്രാമപഞ്ചായത്തിലേയും അനുബന്ധ സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി ഹാളിലും പൊതുപരിപാടികൾ ഹരിത പ്രോട്ടോകോൾ പാലിച്ച് നടന്നുവരുന്നു

ഹരിതസഹായ സ്ഥാപനമായ ഐ.ആർ.ടി.സിയിൽ നിന്നും ഹരിതകർമ്മസേന പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക/സാങ്കേതികേതര സഹായവും ലഭിച്ചുവരുന്നു. സർക്കാറിൽ നിന്ന് ഹരിതകർമ്മസേന പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ ഹരിതകേരള മിഷന്റെയും ശുചിത്വമിഷന്റെയും പരിപൂർണ്ണ പുന്തുണയും സഹകരണവും സഹായവും ലഭിച്ചുവരുന്നുണ്ട്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ ഏറാമലയിലെ മാലിന്യസംസ്കരണ പദ്ധതികൾ കണ്ടുമനസ്സിലാക്കാൻ എത്തിയിരുന്നു.

## മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വെല്ലുവിളികളും പ്രതിവിധികളും

തരംതിരിച്ച് ശേഖരിച്ച് വെച്ച അജൈവ മാലിന്യത്തിന് ന്യായമായ വില ലഭിക്കുന്ന ഏജൻസികളുടെ അഭാവവും റീസൈക്ലിൾ ചെയ്യാൻ പറ്റാത്ത പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വർദ്ധനവും വെല്ലുവിളികൾ ആയി നിൽക്കുന്നുണ്ടെങ്കിലും കൂട്ടായ പ്രവർത്തനത്തിലൂടെയും ജനകീയ ഇടപെടലുകളിലൂടെയും ഇതിനെ മാറി കടക്കാൻ ശ്രമിക്കുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യം ഉയർത്തുന്ന പ്രശ്നങ്ങൾക്ക് 2020 ജനുവരി 1 മുതലുള്ള ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കളുടെ സമ്പൂർണ്ണ നിരോധനം പരിഹാരമാകുമെന്ന പ്രതീക്ഷയിൽ ബദൽ ഉൽപ്പന്നങ്ങളുടെ നിർമാണം ഉൾപ്പെടെ ഏറ്റെടുക്കേണ്ടതുണ്ട്. ഇതോടൊപ്പം നിയമ ലംഘനങ്ങൾക്കെതിരെ ഉടനടി നിയമനടപടികൾ എടുക്കുകയും പിഴ ചുമത്തുകയും വഴി ശുചിത്വ മാലിന്യസംസ്കരണ സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും.



# തൈ നടാൻ തുണിസഞ്ചികൾ ബാലുശ്ശേരിയുടെ നവമാതൃക

കോഴിക്കോട് ജില്ലയിൽ ചരിത്രപ്രസിദ്ധമായ കോഴിക്കോട് നഗരത്തിൽ നിന്നും 25 കി.മീ വടക്കുമാറി കൊയിലാണ്ടി താലൂക്കിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്താണ് ബാലുശ്ശേരി. സ്വതന്ത്രപൂർവ്വ ഇന്ത്യയിൽ (1937) രൂപം കൊണ്ട തദ്ദേശഭരണ സ്ഥാപനമാണ് ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്. പടിഞ്ഞാറ് ഉള്ളിയേരി-അത്തോളി ഗ്രാമപഞ്ചായത്തുകളും, തെക്ക് നന്മണ്ട ഗ്രാമപഞ്ചായത്തും, കിഴക്ക് പനങ്ങാട് ഗ്രാമപഞ്ചായത്തും, വടക്ക് മഞ്ഞപ്പുഴയുമാണ് പഞ്ചായത്തിന്റെ അതിരുകൾ. നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തിന്റെ മുഖ്യ ഉപജീവന മാർഗ്ഗം കാർഷികവൃത്തിയാണ്. 2011 ലെ സെൻസസ് പ്രകാരം 26162 ആണ് ജനസംഖ്യ. 22.44 ച.കി.മീ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ ജനസാന്ദ്രത 1165 ആണ്. 17 വാർഡുകളിലായി 8779 വീടുകളും 3538 ഷോപ്പുകളുമാണ് ഉള്ളത്. 2018-19 വർഷത്തെ സീറോ വേയ്സ്റ്റ് പദ്ധതി പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരവും നിർമ്മല പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ ബാലുശ്ശേരി ടൗണിനു സമീപം സ്റ്റേഡിയത്തിനടുത്തായാണ് പഞ്ചായത്ത് തല എം.സി.എഫും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും നിലവിൽ പ്രവർത്തിച്ചു വരുന്നത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മിനി എം.സി.എഫ് നിലവിലുണ്ട്. 21 ഹരിത



കർമ്മസേനാംഗങ്ങൾ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. സ്ഥാപനങ്ങൾക്കും വീടുകൾക്കും ശുചിത്വകാർഡ് നൽകിയിട്ടുണ്ട്. മാലിന്യം എടുക്കുന്ന തിയ്യതിയും യൂസർഫീയും കാർഡിൽ രേഖപ്പെടുത്തുന്നുണ്ട്. സ്ഥാപനങ്ങളിൽ നിന്നും 200, 150, 100 എന്നീ നിരക്കിലും വീടുകളിൽ നിന്ന് ഒരു ചാക്കിന് 40 രൂപയും അധികചാക്കിന് 30 രൂപയും യൂസേഴ്സ് ഫീ ആയി ഈടാക്കുന്നു. ഗ്രാമപഞ്ചായത്താണ് ആവശ്യമായ ചാക്കുകൾ വിതരണം ചെയ്യുന്നത്. പ്രതിദിനം ഏകദേശം 2.5 ടൺ ജൈവമാലിന്യവും ഒരു ടൺ അജൈവമാലിന്യവും ഉത്പാദിപ്പിക്കപ്പെടുന്നു. ഹരിതകർമ്മ സേനാംഗങ്ങൾ എം.സി.എഫ് അജൈവമാലിന്യങ്ങൾ ദിവസവും തരംതിരിക്കുന്നു. ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ഓണറേറിയമായി 7,500 രൂപയും നൽകുന്നു. ഐ.ഡി കാർഡ്, യൂണിഫോം, ഗ്ലൗസ് എന്നിവ സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. എം.സി.എഫ് ന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 4,50,000 രൂപ പദ്ധതി ഉൾപ്പെടുത്തി എം.സി.എഫ് നവീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ട്രാക്ടർ ടൗണിൽ നിന്നും മിനി എം.സി.എഫിൽ നിന്നും അജൈവമാലിന്യങ്ങൾ കേന്ദ്രീകൃത എം.സി.എഫിലേക്ക് അതത് സമയം നീക്കംചെയ്യുന്നു. കരാറടിസ്ഥാനത്തിൽ 17,000 രൂപ മാസവേതനമായി ട്രാക്ടർ ഡ്രൈവർക്ക് നൽകുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ 90% വീടുകളിൽ നിന്നും 95% വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാലിന്യ ശേഖരണം നടത്തിയിട്ടുണ്ട്.

നിലവിൽ 80% വീടുകളിലും 90% സ്ഥാപനങ്ങളിലും ജൈവമാലിന്യം സംസ്കരിക്കാനുള്ള സംവിധാനങ്ങളുണ്ട്. ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം ഉയർത്തുന്നതിന് എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ-ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ എല്ലാ ദിവസവും എടുത്ത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിച്ചുവരുന്നു.



ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ഹരിതനിയമാവലി സന്ദേശം നൽകുന്നതിനു എല്ലാ മേഖലയിലുമുള്ള പൊതുജനങ്ങൾക്കും സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്കും ബോധവത്കരണ പരിപാടികൾ നടത്തി. പ്ലാസ്റ്റിക് ക്യാരി ബാഗ് നിരോധനം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രീൻപ്രോട്ടോകോൾ ചാർട്ട് എല്ലാ സ്ഥാപനങ്ങൾക്കും നൽകി. ഹരിതനിയമാവലിയുടെ പിഴയെ സംബന്ധിച്ച് പഞ്ചായത്തിലുടനീളം ബോധവത്കരണക്ലാസുകൾ നൽകി. ഗ്രാമസഭകളിലും വിഷയം ചർച്ച ചെയ്തിട്ടുണ്ട്. 36-ഓളം കേസുകളിലാണ് പിഴ ഈടാക്കിയത്. ഹരിത നിയമ ലംഘനത്തിനെതിരെ 80,300 രൂപ പിഴ ചുമത്തി. ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതും മറ്റ് ഘടക സ്ഥാപനങ്ങളിൽ വെച്ച് നടക്കുന്നതുമായ എല്ലാ പരിപാടികളും ഗ്രീൻ പ്രോട്ടോകോൾ പ്രകാരം ആണ്. സർക്കാർ സ്ഥാപനങ്ങൾ ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കി വരുന്നു.

## അജൈവ മാലിന്യ സംസ്കരണവും അടിസ്ഥാന സൗകര്യങ്ങളും

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് കോഴിക്കോട് ജില്ലയിൽ തന്നെ നന്നായി പ്രവർത്തിക്കുന്ന ഒരു യൂണിറ്റാണ്. നിലവിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് കവറുകൾ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും നിർബന്ധമായും ഹരിത കർമ്മസേനയ്ക്ക് നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അത് പഞ്ചായത്ത്തലത്തിൽ സംസ്കരിക്കുകയും ചെയ്യുന്നു. 4200 കി.ഗ്രാം പ്ലാസ്റ്റിക് പൊടിക്കുകയും അതിൽ 2840 കി.ഗ്രാം ക്ലീൻകേരള മുഖേന മറ്റു പഞ്ചായത്തുകൾക്ക് നൽകുകയും ആയതിൽ 42,600 രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 320 കി.ഗ്രാം പ്ലാസ്റ്റിക് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെതന്നെ മൂന്ന് റോഡുകളുടെ ടാറിംഗിന് ഉപയോഗിച്ചിട്ടുണ്ട്. എം.സി.എഫ് മാലിന്യങ്ങൾ എത്തിക്കുന്നതിന് നിലവിൽ ഗ്രാമപഞ്ചായത്തിന് ട്രാക്ടറും ഡ്രൈവറും ഉണ്ട്. കഴിഞ്ഞ വർഷത്തിൽ 4,50,000 രൂപ ചെലവഴിച്ച് യൂണിറ്റ് നവീകരിച്ചിട്ടുണ്ട്. വേങ്ങേരിയിൽ പ്രവർത്തിക്കുന്ന നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റുമായി കൺസൾട്ടൻസി കരാറിൽ ഒപ്പുവെക്കുകയും മൂല്യമില്ലാത്ത പാഴ്വസ്തുക്കൾ നിറവ് ഏജൻസിക്ക് കൈമാറുകയും ചെയ്യുന്നു. മാലിന്യ സംസ്കരണ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും ഹരിതസഹായ സ്ഥാപനമായ വേങ്ങേരി നിറവ് സീറോ വേസ്റ്റ് ഏജൻസിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

## ജൈവ മാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിലായി 377 റിംഗ് കമ്പോസ്റ്റ്, 85 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്, 3650 കമ്പോസ്റ്റ് പിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 29 അംഗനവാടികളിലും എസ്.സി/എസ്.ടി കോളനികളിലും പൈപ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ചു വരുന്നു. പഞ്ചായത്തിലെ 3 സ്ഥലങ്ങളിലായി തുമ്പൂർമൂഴി കമ്പോസ്റ്റിങ് പദ്ധതിക്കായി തുക വകയിരുത്തി, ഐ.ആർ.ടി.സി



മുഖേന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പഞ്ചായത്തിലെ 10 ക്ഷീര കർഷകരെ തെരഞ്ഞെടുത്ത് കേരളത്തിൽ സുപരിചിതമല്ലാത്ത ഉത്തരേന്ത്യയിൽ ഉപയോഗിച്ചുവരുന്ന ജൈവവള നിർമ്മാണ രീതി എന്നുള്ള നിലയിൽ നടേപ്പ് കമ്പോസ്റ്റ് സ്ഥാപിച്ചു.

## ജൈവമാലിന്യം വളമാക്കി കൃഷിയിലേക്ക്

ജൈവപച്ചക്കറി എന്ന ആശയത്തിൽ നിന്നും കുടുംബശ്രീയുമായി സംയോജിപ്പിച്ച് ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവവളമായ ചാണകപ്പൊടി, നടേപ്പ് കമ്പോസ്റ്റ് എന്നിവയുടെ ഉൽപ്പാദനവും വിതരണവും നടത്തിവരുന്നു.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ ജൈവകൃഷിരീതി വളർത്തിക്കൊണ്ടുവരാൻ അയൽപ്പക്കസദസ്സിൽ ചർച്ച ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ 2018-19 2.5 ഏക്കറിലും ഈ വർഷം 5 ഏക്കറിലും ജൈവപച്ചക്കറി കൃഷി ജനകീയ കൂട്ടായ്മയിൽ കൃഷി നടത്തി. വിത്തിടൽ കർമ്മം കോഴിക്കോട് ജില്ലാ പഞ്ചായത്ത്പ്രസിഡന്റ് ബാബു പറശ്ശേരിയും വിളവെടുപ്പുൽസവം ബഹു. ഗതാഗത വകുപ്പു മന്ത്രി എ.കെ.ശശീന്ദ്രനും നിർവ്വഹിച്ചു.

## സവിശേഷ ഇടപെടലുകൾ

ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ഹരിതനിയമാവലി സന്ദേശം നൽകുന്നതിനു എല്ലാ മേഖലയിലുമുള്ള പൊതുജനങ്ങൾക്കും സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്കും ബോധവത്കരണ പരിപാടികൾ നടത്തി. പ്ലാസ്റ്റിക് ക്യാരി ബാഗ് നിരോധനം

നടപ്പിലാക്കിയിട്ടുണ്ട്. ഗ്രീൻപ്രോട്ടോകോൾ ചാർട്ട് എല്ലാ സ്ഥാപനങ്ങൾക്കും നൽകി. ഹരിതനിയമാവലിയുടെ പിഴയെ സംബന്ധിച്ച് പഞ്ചായത്തിലുടനീളം ബോധവത്കരണക്ലാസുകൾ നൽകി. ഗ്രാമസഭകളിലും വിഷയം ചർച്ച ചെയ്തിട്ടുണ്ട്. 36-ഓളം കേസുകളിലാണ് പിഴ ഈടാക്കിയത്. ഹരിതനിയമ ലംഘനത്തിനെതിരെ 80,300 രൂപ പിഴ ചുമത്തി. ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതും മറ്റ് ഘടകസ്ഥാപനങ്ങളിൽ വെച്ച് നടക്കുന്നതുമായ എല്ലാ പരിപാടികളും ഗ്രീൻ പ്രോട്ടോകോൾ പ്രകാരം ആണ്. സർക്കാർ സ്ഥാപനങ്ങൾ ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കി വരുന്നു. മാലിന്യസംസ്കരണത്തിന്റെ ഭാഗമായി സലൂൺ, ബ്യൂട്ടിപാർലർ, കോഴി വിൽപ്പനക്കാർ, കൂൾബാർ, ടീസ്റ്റാൾ എന്നിവരുടെ യോഗത്തിൽ കർശനമായും ഗ്രീൻ പ്രോട്ടോകോളിന്റെ പ്രാധാന്യം ഉറപ്പുവരുത്തിയിട്ടുണ്ട്. ബോധവത്കരണത്തിലൂടെ എല്ലാ വാർഡുകളിലും ഹരിത വിവാഹങ്ങൾ നടന്നു വരുന്നു. ആയതിന്റെ പഞ്ചായത്ത്തല ഉദ്ഘാടനം വാർഡ് അഞ്ചിസ് നടന്നു. ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളുടെ ഭാഗമായി ബാലുശ്ശേരി സാന്ത്വനം ഭിന്നശേഷി സ്കൂളിലെ കുട്ടികൾക്ക് പേപ്പർ പേനകൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുകയും, പരിശീലനങ്ങൾക്കും യോഗങ്ങൾക്കും മറ്റും ആവശ്യമുള്ള പേനകൾ അവരുടെ കൈയിൽ നിന്ന് വാങ്ങിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു.

## ബാലുശ്ശേരി 17 ാം വാർഡ് 'എന്റെ നാട്'

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡ് ആവിഷ്കരിച്ച തനത് പദ്ധതിയാണ് 'എന്റെ നാട്'. ശുചിത്വം, ആരോഗ്യം, കുടിവെള്ളം എന്നീ മേഖലകളിൽ വാർഡിന്റെ ഉന്നമനം ലക്ഷ്യമാക്കി 7.5 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. വാർഡിലെ 457 വീട്ടുകാരെയും ബന്ധപ്പെടുത്തി നടത്തിയ അയൽപക്ക സദസ്സുകൾ ശ്രദ്ധേയമായി. അഞ്ച് മുതൽ 10 വരെ വീടുകളെ കേന്ദ്രീകരിച്ച് നടത്തിയ അയൽപക്ക സദസ്സിൽ മൊത്തം 957 പേർ പങ്കെടുത്തു. വാർഡിലെ മുഴുവൻ വീടുകളിലും 65 രൂപ വിലയുള്ള ഗുണമേൽയുള്ള തുണിസഞ്ചികൾ സൗജന്യമായി വിതരണം ചെയ്തു. കുടുംബശ്രീ യൂണിറ്റുകൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കില്ല എന്ന് പ്രതിജ്ഞയെടുത്തു. രണ്ട് തെരുവ്നാടകങ്ങളും ഒരു സംഗീതശിൽപവും തയ്യാറാക്കി പഞ്ചായത്തിലുടനീളം സഞ്ചരിച്ച് ജനങ്ങളെ ശുചിത്വമാലിന്യ സംസ്കരണത്തെക്കുറിച്ചു ബോധവത്കരിക്കാൻ സാധിച്ചു. സംഗീതശിൽപം ബഹുജന ബോധവത്കരണത്തിൽ വലിയ പങ്കുവഹിച്ചു.



## സമ്പൂർണ്ണ മാലിന്യ മുക്ത ഗ്രാമം

ഒന്നാം വാർഡായ കാഞ്ഞികാവ് സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമമായി 2019 ഡിസംബർ 23 ന് ബാലുശ്ശേരി എം.എൽ.എ പുരുഷൻ കടലുണ്ടി പ്രഖ്യാപിച്ചു. വാർഡിലെ 460 വീടുകളിൽ ഏതെങ്കിലും രീതിയിലുള്ള ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഇതിൽ 360 വീടുകളിൽ കമ്പോസ്റ്റ് കുഴിയും 18 വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് കുഴികളും ഏഴ് ബയോഗ്യാസ് കമ്പോസ്റ്റും 28 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളുമാണ് നൽകിയത്. ബാക്കിയുള്ള വീടുകളിൽ താമസമില്ലാത്തതാണ്. ഈ പ്രഖ്യാപനം നടത്തുന്നതിന് മുന്നോടിയായി എല്ലാ വീടുകളിൽ നിന്നും അജൈവ മാലിന്യ ശേഖരണം വാർഡുകളിലെ മുഴുവൻ നീർച്ചാലുകളും പൊതു സ്ഥലങ്ങളുടേയും ശുചീകരണം എല്ലാ പൊതു സ്ഥാപനങ്ങളുടേയും ചടങ്ങുകളുടേയും ഗ്രീൻ പ്രോട്ടോകോൾ മുന്നൊരുക്കമായുള്ള സർവ്വേയും ബോധവൽക്ക പ്രവർത്തനങ്ങൾക്കുമായി നാല് തവണ സന്നദ്ധ പ്ര

## പ്ലാസ്റ്റിക് നഴ്സറി ബാഗുകൾക്ക് പകരം തുണി സഞ്ചികൾ

വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് പ്ലാസ്റ്റിക് കവറിന് പകരം പ്രളയത്തിൽ ശേഖരിച്ച മാലിന്യങ്ങളിൽ നിന്നും വേർതിരിച്ച പാഴ്തുണികളിൽ നിന്ന് വൃക്ഷത്തൈകൾക്ക് വേണ്ടിയുള്ള നഴ്സറി ബാഗുകൾ നിർമിക്കുകയും തൈകൾ സഞ്ചികളിൽ ഉൽപാദിപ്പിച്ചതും വേറിട്ട പ്രവർത്തനമായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്ന പ്രവർത്തനത്തിൽ പാഴ്തുണികളിൽനിന്ന് തൈ നടാനുള്ള 6000 ൽ അധികം വരുന്ന ചെറിയ തുണി സഞ്ചികൾ നിർമിച്ചതും തൊഴിലുറപ്പ് തൊഴിലാളികൾ തന്നെയാണ്. ഈ രീതിയിൽ പഞ്ചായത്തിൽ ഒന്നാകെ 6000 ആര്യവേപ്പ്, കറിവേപ്പ് തൈകൾ പ്ലാസ്റ്റിക് കൂടിന് പകരം തുണി സഞ്ചികളിലാക്കി ഉൽപാദിപ്പിച്ച് വിതരണം ചെയ്തു.



വർത്തകർ ഓരോ വീടുകളിലും സമ്പൂർണ്ണ മാലിന്യ മുക്ത ഗ്രാമത്തിന്റെ സന്ദേശമെത്തിച്ചു. വാർഡിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ് വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കാനുള്ള ബോർഡുകൾ സ്പോൺസർ ചെയ്തത്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി ഉത്സവാന്തരീക്ഷത്തിലാണ് പ്രഖ്യാപനം നടത്തിയത്.

## വെല്ലുവിളികളും പ്രതിവിധികളും

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രശ്നങ്ങളിൽ ഒന്ന് നിത്യോപയോഗ സാധനങ്ങൾ പ്ലാസ്റ്റിക് കവറിലാണ് ലഭിക്കുന്നത് എന്നതാണ്. ഗവ: അംഗീകൃത സംവിധാനങ്ങളായ മാവേലിസ്റ്റോർ, തൃവേണി മുതലായ സ്ഥാപനങ്ങളിൽ എല്ലാ പാക്കറ്റ് ഉത്പന്നങ്ങളും പ്ലാസ്റ്റിക് കവറുകളിലാണ്. പ്ലാസ്റ്റിക് നിരോധനത്തോടൊപ്പം ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ട് ചിട്ടയായ പ്രവർത്തങ്ങളിലൂടെ ഇതിനെ മറികടക്കാനും മാലിന്യത്തിൽ നിന്നും പൂർണ്ണമായും സ്വാതന്ത്രമാകാനും, പൊതുജനങ്ങളിലേക്ക് എത്തിക്കാനും ശീലവത്കരണത്തിലൂടെ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാനും പ്രതിജ്ഞാബന്ധമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഭാവി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു.



# സമ്പൂർണ മാലിന്യ മുക്തമാവാൻ ശൂരനാട് തെക്ക്

കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ബ്ലോക്കിൽ കുന്നത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ശൂരനാട് തെക്കു ഗ്രാമ പഞ്ചായത്ത് സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വളരെയേറെ ശ്രദ്ധേയമായ പഞ്ചായത്താണ്. ശൂരനാട് കുഞ്ഞൻ പിള്ള, കഥകളി നടൻ ഇഞ്ചക്കാട് രാമചന്ദ്രൻ പിള്ള, ശാസ്താംകോട്ട ബാലകൃഷ്ണൻ എന്നിവർ ഈ നാടിന്റെ സംഭാവനകളാണ്. 17.17 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള പഞ്ചായത്തിൽ 6771 വീടുകളിലായി 24766 പേർ അധിവസിക്കുന്നു. കൂടാതെ 275 സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷിയും അനുബന്ധ തൊഴിലുകളുമാണ് ജനങ്ങളുടെ പ്രധാന ഉപജീവന മാർഗങ്ങൾ. പ്രതിദിനം 11.86 ടൺ മാലിന്യം സൃഷ്ടിക്കുന്നു എന്ന് കരുതപ്പെടുന്നു.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

മാലിന്യസംസ്കരണത്തെ സംബന്ധിച്ച് സമഗ്രവും വ്യക്തവുമായ കാഴ്ചപ്പാടാണ് ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്തിനുള്ളത്. ഇത് സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന് പ്രത്യേക രീതിയിലുള്ള സംസ്കരണ സംവിധാനമാണ് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്നത്. മാലിന്യ സംസ്കരണത്തിൽ ഗ്രാമപഞ്ചായത്ത് ആണിക്കല്ലായി ഉപയോഗിക്കുന്നത് ഹരിതസേനയെ ആണ്. 26 പേരടങ്ങിയ മാലിന്യസംസ്കരണ



പ്രവർത്തനത്തിൽ പ്രത്യേകം പരിശീലനം നേടിയ വനിതാസംഘമാണ് ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ ഹരിതസേന.

## അജൈവമാലിന്യ സംസ്കരണം

ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതസേനയെ ഉപയോഗിച്ച് ഗൃഹസന്ദർശനവും, ബിറ്റ് നോട്ടീസ് വിതരണവും വിവരശേഖരണവും ആദ്യഘട്ടത്തിൽ നടത്തുകയുണ്ടായി. ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്നും 30 രൂപ യൂസർഫീസ് ഒരു മാസം ഈടാക്കിയും കടകളിൽ നിന്നും ഒരു മാസം 50 രൂപ ഈടാക്കിയുമാണ് അജൈവമാലിന്യം ശേഖരിക്കുന്നത്. ആദ്യഘട്ടത്തിൽ കഴുകി ഉണക്കി വീടുകളിലും കടകളിലും സൂക്ഷിക്കുന്ന പ്ലാസ്റ്റിക് മാലിന്യമാണ് ശേഖരിക്കുന്നത്. ഇവ ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ എത്തിച്ച് തരംതിരിക്കുന്നു. ഇതിനായി ഹരിതസേന അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ തരംതിരിച്ച പ്ലാസ്റ്റിക് പുന:ചംക്രമണംത്തിനായി ഗ്രാമപഞ്ചായത്ത് കൈമാറുന്നു.

ഹരിതസേനയെ ഉപയോഗിച്ച് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഉപയോഗിച്ച് അതിനെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളും നടന്ന് വരുന്നു. ഇത്തരത്തിൽ തുണി സഞ്ചി, ചവിട്ടി, അലങ്കാരവസ്തുക്കൾ, പേന എന്നിവയുടെ നിർമ്മാണവും നടന്ന് വരുന്നു. ഹരിതസേനയെ ഗ്രൂപ്പായി രജിസ്റ്റർ ചെയ്ത് ഈ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. പ്ലാസ്റ്റിക്കും മറ്റും അജൈവവസ്തുക്കളും ശേഖരിക്കുന്നകതിന് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും ഗവൺമെന്റ് സ്കൂളുകളിലും മിനി എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പദ്ധതിയുടെ കൂടെ ചേർന്നാണ് എം.സി.എഫ് സ്ഥാപിക്കുന്നത്. ഈ പദ്ധതികൾ പ്രവർത്തനസജ്ജമാകുമ്പോൾ അജൈവമാലിന്യ സംസ്കരണത്തിൽ 100%

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. ഇതിൽ ഏറ്റവും പ്രധാനം പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങളോടുള്ള ജനങ്ങളുടെ എതിർപ്പും ഹരിതസേനയുടെ പ്രവർത്തനത്തെ അംഗീകരിക്കുന്നതിനുള്ള ജനങ്ങളുടെ താത്പര്യക്കുറവുമായിരുന്നു. പൊതുജനങ്ങളിൽ ഇതിനെപ്പറ്റിയെല്ലാം വ്യക്തമായ ധാരണ നൽകുക എന്നത് മാത്രമാണ് ഇതിനെല്ലാം പരിഹാരം എന്ന് പഞ്ചായത്ത് കമ്മറ്റി വിലയിരുത്തി. ആദ്യഘട്ടത്തിൽ വിവിധ രാഷ്ട്രീയ കക്ഷികൾ, വ്യാപാരി വ്യവസായികൾ, യൂത്ത് ക്ലബ്ബുകൾ, യുവജന സംഘടനകൾ, എന്നിവരുമായി കർമ്മപദ്ധതി ചർച്ച ചെയ്തു.

വിജയം നേടുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുന്നതാണ്.





## ജൈവമാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കണത്തിൽ ഉറവിട മാലിന്യ സംസ്കരണം തന്നെയാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ ഹരിത സേനയെ ഉപയോഗിച്ച് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ തന്നെ ഓരോ വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ജൈവമാലിന്യ സംസ്കരണത്തെ സംബന്ധിച്ച് വിവരങ്ങൾ തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വീടുകളും ജൈവമാലിന്യ സംസ്കരണ ഉപാധി എന്ന ലക്ഷ്യത്തോടെ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ശാസ്ത്രീയ ഖരമാലിന്യ സംസ്കരണത്തിനായ് 1000000 രൂപയുടെ ജൈവമാലിന്യ സംസ്കരണ ഉപാധികൾ 1000 കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റിംഗ് സംവിധാനം നിർമ്മിച്ച് നൽകുന്നു. പൊതു മാലിന്യ സംസ്കരണത്തിനായി 1250000 രൂപയുടെ എയറോബിക് കമ്പോസ്റ്റിംഗിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.





ഈ വിധത്തിൽ ജൈവമാലിന്യങ്ങൾ വീടുകളിലും പൊതുമാലിന്യ സംസ്കരണ കേന്ദ്രത്തിലും നിക്ഷേപിച്ച് മൂല്യമുള്ള ജൈവവളം ആക്കി മാറ്റുക എന്നതാണ് പഞ്ചായത്ത് ഉദ്ദേശിച്ചിരിക്കുന്നത്..എയറോബിക് കമ്പോസ്റ്റുകളുടെ പൂർണ്ണ ഉത്തരവാദിത്വം ഹരിത സേനയ്ക്കാണ്. ഇതിന്റെ മുഴുവൻ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് ഹരിതസേന ആയിരിക്കും. ഇതിൽ നിന്നും ഉത്പാദിപ്പിക്കുന്ന ജൈവവളം പാക്കറ്റുകളിലാക്കി ഗ്രാമപഞ്ചായത്തിന്റെ എക്കോ ഷോപ്പ് മുഖേന കർഷകരിൽ എത്തിക്കുന്ന സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിൽ നിന്ന് വരുന്ന വരുമാനവും ഹരിതസേനയ്ക്ക് ലഭ്യമാക്കുന്നതിനാണ് പഞ്ചായത്ത് തീരുമാനിച്ചിരിക്കുന്നത്.

വീടുകളിൽ നൽകുന്ന മാലിന്യസംസ്കരണ ഉപാധികൾ കാലക്രമത്തിൽ ഉപയോഗശൂന്യമാകുന്ന അവസ്ഥയാണ് പൊതുവിൽ കണ്ട് വരുന്നത്. ഇതിന് പരിഹാരമായി ഈ സംവിധാനങ്ങളുടെ പീരിയോഡിക്കൽ മെയിന്റനൻസ് ചുമതല ഒരു ചെറിയ യൂസർഫീസ് ഈടാക്കി ഹരിതസേന നിർവ്വഹിക്കും. ഈ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണ് എ

ന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം ഹരിതസേനയ്ക്കാണ്. ഇതിൽ നിന്നും ഉത് പാദിപ്പിക്കുന്ന ജൈവവളം ആ വീടുകളിൽത ന്നെ ജൈവപച്ചക്കറി കൃഷി നടത്തുന്നതിന് ഉപയോഗിക്കും. ഇതിന് ആവശ്യമായ പച്ച ക്കറി വിത്തുകൾ കൂടി ആഫീസ് മുഖേന ല ഭ്യമാക്കും. ഇവിടെയും അധികം വരുന്ന ജൈ വവളം പാക്കറ്റുകളിലാക്കി എക്കോഷോപ്പ് മു ഖേന കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ന ടപടി സ്വീകരിക്കും. ഇതോടെ അടുക്കള മാ ലിന്യത്തിൽ നിന്ന് അടുക്കളത്തോട്ടത്തിലേ ക്ക് എന്ന പഞ്ചായത്തിന്റെ കാഴ്ച്ചപ്പാട് സാ ധ്യമാകും.

നിലവിൽ 50% വീടുകളും 40% സ്ഥാപന ങ്ങളും കൃത്യമായി യൂസർഫീസ് നൽകി സ ഹകരിക്കുന്നു. മാർച്ച് മാസം 39710 രൂപയാ യിരുന്ന യൂസർഫീസ് ഇപ്പോൾ 88085 രൂപ യാണ്. ആകെ 528022 രൂപ യൂസർഫീസാ യി ഹരിതസേനയ്ക്ക് ലഭിച്ചിട്ടുണ്ട്. മാസം നിലവിൽ 4000 രൂപയാണ് ഹരിതസേന അം ഗങ്ങൾക്ക് നൽകി വരുന്നത്. ഓണാഘോഷ സമയത്ത് 5000 രൂപ നൽകിയിരുന്നു. ഇത് അടുത്ത മാസം തന്നെ 5000 രൂപയായി ഉ യർത്തുന്നതിന് സാധിക്കുന്നതാണ്. യൂണി ഫോം, മാസ്ക്,ഗ്ലൗസ്സ്, ഐഡന്റിറ്റികാർഡ് നൽകി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങ ളോടെയുമാണ് ഹരിതസേന പ്രവർത്തിക്കു ന്നത്. ഹരിതസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുകയും പഞ്ചായത്ത് നീക്കി വെച്ചിട്ടുണ്ട്. ജൈവ അജൈവ മാലിന്യസംസ് കരണ സംവിധാനത്തിലൂടെയും മൂല്യവർ ദ്ധിത ഉത്പന്നങ്ങളിലൂടെയും ഉള്ള വരുമാനം കൂടി വരുന്നതോടെ ഹരിതസേനയുടെ വരു മാനം നല്ല രീതിയിൽ വർദ്ധിപ്പിക്കുവാൻ കഴിയും എന്ന് ഗ്രാമപഞ്ചായത്ത് പ്രതീക്ഷി ക്കുന്നു.

## സമ്പൂർണ്ണ മാലിന്യമുക്ത ഹരിത പഞ്ചായത്ത്

ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്തിനെ സ മ്പൂർണ്ണ മാലിന്യമുക്ത ഹരിത പഞ്ചായത്താ ക്കി മാറ്റുക എന്ന ലക്ഷ്യമാണ് ഭരണസമിതി ഏറ്റെടുത്തിരിക്കുന്നത്. ഇത് സാധ്യമാക്കണ മെങ്കിൽ പൊതുജനങ്ങളിൽ ശുചിത്വബോധം ഉണർത്തുക എന്നതാണ് അടിസ്ഥാനം എ ന്ന് ഗ്രാമപഞ്ചായത്ത് വിലയിരുത്തി. ജനങ്ങ ളിൽ വലിയ ഒരു ശീലമാറ്റമാണ് സാധ്യമാ ക്കേണ്ടത് എന്നും ഗ്രാമപഞ്ചായത്ത് മനസ്സി ലാക്കി. ഇത് സാധ്യമാക്കുന്നതിന് സമഗ്രമാ യ കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതിനോ ടൊപ്പം ജനങ്ങളിൽ കൃത്യമായ അവബോ ധം വളർത്തുന്നതിനാവശ്യമായ പദ്ധതികളും നടപ്പിലാക്കി. പഞ്ചായത്തിന്റെ വിവിധ പ്രദേ ശങ്ങളിൽ ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കുകയും അതിനോടൊപ്പം ഗ്രാമപ ഞ്ചായത്തിന്റെ എല്ലാ യോഗങ്ങളിലും പൊ തുപരിപാടികളിലും ഗ്രാമസഭകളിലും എല്ലാം തന്നെ ഹരിതസേനയെക്കുറിച്ചും ഗ്രാമപഞ്ചാ യത്തിന്റെ മാലിന്യ സംസ്കരണത്തിന് വേ ണ്ടിയുള്ള കർമ്മപദ്ധതിയെക്കുറിച്ചും വിശദീ കരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത് ഇ







ഹരിതകർമസേന പ്രവർത്തനം ആരംഭിച്ച് നാളിതുവരെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്നും ഏകദേശം 13.6 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അതിൽ നിന്നും 2 ടൺ ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനായി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് കൈമാറുകയും 8 ടൺ തരംതിരിക്കാത്ത മാലിന്യങ്ങൾ റീസൈക്കിളിംഗിനായി സ്വകാര്യ ഏജൻസികൾ മുഖേന നൽകിയിട്ടുള്ളതും 3.6 ടൺ അജൈവമാലിന്യങ്ങൾ തരംതിരിക്കുന്നതിനായി എം.സി.എഫിൽ ശേഖരിച്ച് വെച്ചിട്ടുള്ളതുമാണ്.

പ്പോഴും തുടർന്ന് വരുന്നു. ഇപ്പോൾ ഈ ആശയം ജനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞു. ഇതോടൊപ്പം ആദ്യഘട്ടത്തിൽ പ്ലാസ്റ്റിക് കത്തിക്കുക മാലിന്യം കത്തിക്കുക എന്ന പരാതിയിൽ നോട്ടീസ് നൽകുകയും ഗ്രാമപഞ്ചായത്തിലേയും ആരോഗ്യ വകുപ്പിലേയും ഉദ്യോഗസ്ഥർ അവരുടെ വീട് സന്ദർശിച്ച് അവബോധം നടത്തുകയുണ്ടായി. ഇത്തരത്തിലുള്ള സന്ദർശനത്തിലൂടെ തന്നെ ഗ്രാമപഞ്ചായത്തിന്റ ഇതിലുള്ള ഗൗരവം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിച്ചു. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ഗ്രാമപഞ്ചായത്തിൽ പതിവ് സംഭവമായിരുന്നു. പോലീസിന്റെ സഹായത്തോടെ ഇത്തരത്തിലുള്ള വാഹനം പിടികൂടുകയും കേസ് ചാർജ്ജ് ചെയ്ത് പിഴ ഈടാക്കുകയും ചെയ്തതോടെ ഇത്തരത്തിലുള്ള പ്രവണത ഇല്ലാതായി. ഇത്തരത്തിൽ സ്ഥിരം മാലിന്യം നിക്ഷേപിക്കുന്ന സ്ഥലത്ത് പൊതുജനങ്ങളുടെ സഹായത്തോടെ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. ഇതിൽ ഏറ്റവും പ്രധാനം പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങളോടുള്ള ജനങ്ങളുടെ എതിർപ്പും ഹരിത സേനയുടെ പ്രവർത്തനത്തെ അംഗീകരിക്കുന്നതിനുള്ള ജനങ്ങളുടെ താത്പര്യക്കുറവുമായിരുന്നു. പൊതുജനങ്ങളിൽ ഇതിനെപ്പറ്റിയെല്ലാം വ്യക്തമായ ധാരണ നൽകുക എന്നത് മാത്രമാണ് ഇതിനെല്ലാം പരിഹാരം എന്ന് പഞ്ചായത്ത് കമ്മറ്റി വിലയിരുത്തി. ആദ്യഘട്ടത്തിൽ വിവിധ രാഷ്ട്രീയ കക്ഷികൾ, വ്യാപാരിവ്യവസായികൾ, യൂത്ത് ക്ലബ്ബുകൾ, യുവജന സംഘടനകൾ, എന്നിവരുമായി കർമ്മപദ്ധതി ചർച്ച ചെയ്തു. പിന്നീട് ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ സംവിധാനത്തിലും അതായത് ആശാവർക്കർമാർ, ആരോഗ്യ പ്രവർത്തകർ, തൊ

## സമ്പൂർണ്ണ മാലിന്യ പരിപാലനം 2019-20

സമ്പൂർണ്ണ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകൾ

| ക്രമ.നം | പ്രവൃത്തി | തുക |
|---|---|---|
| 1 | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ | 300000 |
| 2 | ഹരിതസഹായസ്ഥാപനത്തിന് വിഹിതം നൽകൽ | 260160 |
| 3 | ഹരിതകർമ്മസേന | 154680 |
| 4 | MRF ഷെഡ് നിർമ്മാണം | 500000 |
| 5 | വിവിധ സ്ഥലങ്ങളിൽ മിനി എം.ആർ.എഫ് ഷെഡ് സ്ഥാപിക്കൽ | 490000 |
| 6 | വിവിധ സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് ബിൻ നിർമ്മാണം | 1250000 |
| 7 | ശാസ്ത്രീയ ഖരമാലിന്യ സംസ്കരണം | 888800 |
| 8 | ശാസ്ത്രീയ ഖരമാലിന്യ സംസ്കരണം (SC) | 110910 |
| ആകെ | | 3954550 |









ഴിലുറപ്പ് മേറ്റുമാർ, അംഗനവാടി അധ്യാപകർ തുടങ്ങി എല്ലാവരുടേയും യോഗം വിളിച്ച് മാലിന്യസംസ്കരണത്തെപ്പറ്റിയുള്ള ഗ്രാമപഞ്ചായത്തിന്റെ കാഴ്ചപ്പാടും അതിനുവേണ്ടി ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികളെപ്പറ്റിയും ചർച്ച ചെയ്തു. ഇവരോരോരുത്തരും ഈ പദ്ധതി ഏറ്റെടുക്കുകയും അവരുടെ കർമ്മമേഖലയിൽ പ്രചരിപ്പിക്കുന്നതിന് ആഹ്വാനം നൽകുകയും ചെയ്തു. ഇത്തരത്തിൽ മേൽപ്പറഞ്ഞ വെല്ലുവിളികൾ ഇല്ലാതെയാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചു. ആദ്യഘട്ടത്തിൽ ഹരിത സേനയോട് തീരെ സഹകരിക്കാതിരുന്ന 15-ാം വാർഡിനെ പൈലറ്റ് വാർഡായി തെരഞ്ഞെടുത്ത് ജനപ്രതിനിധികളുടെ നേതൃത്ത്വത്തിൽ വിപുലമായ ഉത്ഘാടന പരിപാടി നടത്തി, ഗൃഹ സന്ദർശനം നടത്തുകയും പദ്ധതികൾ വിശദീകരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ആത്മാർത്ഥതയോടെയുള്ള പ്രവർത്തനങ്ങളാണ് ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്തിനെ ശുചിത്വ മാലിന്യസംസ്കരണത്തിൽ വളരെ അധികം മുന്നോട്ട് പോകുന്നതിന് സഹായിച്ചത്.



# മാലിന്യമേഖല മലർവാടിയാക്കി കുളനട ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലയിലെ ആറന്മുള നിയോജകമണ്ഡലത്തിൽ പന്തളം ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കുളനട ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 23800 ആണ്. പ്രതിദിനം ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ജൈവമാലിന്യത്തിന്റെ അളവ് 830 കി.ഗ്രാമും അജൈവ മാലിന്യത്തിന്റെ അളവ് 3 ടൺ ഉം ആണ്.

## മാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ

### ജൈവ മാലിന്യ സംസ്കരണം

ജൈവ മാലിന്യ സംസ്കരണത്തിനായി എല്ലാ വീടുകളിലും കമ്പോസ്റ്റ് പിറ്റുകളും 17 ബയോഗ്യാസ് പ്ലാന്റുകളും നിർമ്മിച്ചു നൽകി. ഇതുകൂടാതെ കുളനട ഗ്രാമപഞ്ചായത്തിലെ മത്സ്യച്ചന്തയിൽ ജൈവ മാലിന്യത്തെ വളമാക്കി മാറ്റുന്ന എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു. സ്കൂളുകളിൽ ജൈവ മാലിന്യ സംസ്കരണ ഉപാധിയായ ബയോഗ്യാസ് പ്ലാന്റുകൾ മൂന്ന് എണ്ണവും ഹോട്ടലുകളിൽ അഞ്ച് എണ്ണവും നിർമ്മിച്ചു നൽകി.

### അജൈവ മാലിന്യ സംസ്കരണം

കുളനട ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 34 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. അജൈവ മാലിന്യ ശേഖരണത്തിനായി എല്ലാ മാസവും 1 മുതൽ 7 വരെയുള്ള തീയതികളിൽ വീടുകളും സ്ഥാപനങ്ങളും സന്ദർ



പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനായി പഞ്ചായത്തിന്റെ എല്ലാ ഘടക സ്ഥാപനങ്ങളിലും സ്കൂളുകളിലും പേപ്പർ ബാഗ്, തുണി സഞ്ചി എന്നിവ നൽകിയിട്ടുണ്ട്. കുളനട ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 'അമല ഹരിതം' പദ്ധതിക്ക് തുടക്കം കുറിച്ചു. ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ 50 മൈക്രോണിൽ താഴെയുള്ള എല്ലാ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗവും നിരോധിച്ചു. ശിക്ഷാ നടപടികളുടെ ഭാഗമായി മാലിന്യസംസ്കരണം ശരിയായ രീതിയിൽ നടപ്പാക്കാത്ത ഒരു ഹോട്ടൽ പൂട്ടുകയും മൂന്ന് കടകളിൽ നിന്നും 2000 രൂപ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുകയും ചെയ്തു.

ശിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ കുളനട, ഉളനാട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന എം.സി.എഫിലേക്ക് മാറ്റുന്നു. തുടർന്ന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. പഞ്ചായത്തിലെ 8229 വീടുകളും 500 വ്യാപാരസ്ഥാപനങ്ങളിലുമായി പ്ലാസ്റ്റിക് ശേഖരണം നടത്തുന്നു. വീടുകളിൽ നിന്നും 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 200 രൂപയും യൂസർഫീ ആയി ലഭിക്കുന്നു. ഹരിതകർമ്മസേനയ്ക്ക് പ്രതിമാസം 3000 രൂപ വരുമാനം ലഭിക്കുന്നുണ്ട്. പഞ്ചായത്തിന്റെ എല്ലാ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

## സവിശേഷ നേട്ടങ്ങൾ

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനായി പഞ്ചായത്തിന്റെ എല്ലാ ഘടക സ്ഥാ

### പ്ലാസ്റ്റിക്കിന് വിട; ഉളനാട് ഹരിതഗ്രാമമാകുന്നു

കുളനട ഗ്രാമപഞ്ചായത്തിനെ മാലിന്യവിമുക്തമാക്കുന്നതിന്റെ ആദ്യ പടിയായി ഉളനാട് വാർഡിലെ കുടുംബശ്രീ പ്രവർത്തകർ, എൻ.എൻ.എസ് വോളന്റിയേഴ്സ്, രാഷ്ട്രീയ-മത സംഘടനയിൽ ഉള്ളവർ, ഹരിതകർമ്മസേനാംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വാർഡ് മുഴുവൻ ശുചീകരിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത ഗ്രാമമാക്കി പ്രഖ്യാപിച്ചു.



## കുപ്പണ്ണൂർ തീരം മാലിന്യത്തിൽ നിന്ന് മലർവാടിയിലേക്ക്



ഒന്നര വർഷം മുമ്പ് യാത്രക്കാരും നാട്ടുകാരും മൂക്കു പൊത്തി നടന്ന സ്ഥലം ഇന്ന് കുളിർകാറ്റ് വീശുന്ന ഉദ്യാനമായി മാറി. കുളനട ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ മാലിന്യ കൂമ്പാരമായിരുന്ന കുപ്പണ്ണൂർ പുഞ്ച ഹരിതകർമ്മസേനാംഗങ്ങൾ, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ കാടും മാലിന്യങ്ങളും നീക്കം ചെയ്ത് പൂന്തോട്ടം നിർമ്മിക്കുകയും കുട്ടികൾക്കായി പാർക്കും സ്ഥാപിച്ചു. മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താൻ വേണ്ടി നിരീക്ഷണ ക്യാമറയും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.

പനങ്ങളിലും സ്കൂളുകളിലും പേപ്പർ ബാഗ്, തുണി സഞ്ചി എന്നിവ നൽകിയിട്ടുണ്ട്. കുളനട ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 'അമല ഹരിതം' പദ്ധതിക്ക് തുടക്കം കുറിച്ചു. ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ 50 മൈക്രോണിൽ താഴെയുള്ള എല്ലാ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗവും നിരോധിച്ചു. ശിക്ഷാ നടപടികളുടെ ഭാഗമായി മാലിന്യസംസ്കരണം ശരിയായ രീതിയിൽ നടപ്പാക്കാത്ത ഒരു ഹോട്ടൽ പൂട്ടുകയും മൂന്ന് കടകളിൽ നിന്നും 2000 രൂപ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുകയും ചെയ്തു.

### വെല്ലുവിളികൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ പ്ലാസ്റ്റിക് ശേഖരണത്തിലും യൂസർഫീ ഈടാക്കുന്നതിലും കടുത്ത വെല്ലുവിളികൾ നേരിടേണ്ടി വന്നു. പൊതുജന ബോധവത്കരണവും വാർഡുകൾ കേന്ദ്രീകരിച്ച് സമ്പൂർണ്ണ അജൈവ മാലിന്യ ശേഖരണത്തിലൂടെയും ഈ പ്രതിസന്ധികളെ നേരിടാൻ സാധിച്ചു.





# മണലൂരിന്റെ മാലിന്യമുക്ത വഴികൾ

തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജക മണ്ഡലത്തിൽ 18.22 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 32,886 ആണ്. ചതുരശ്ര കിലോമീറ്ററിൽ 1804 ജനസാന്ദ്രതയുള്ള പഞ്ചായത്തിന്റെ മാലിന്യ ഉത്പാദനത്തിന്റെ അളവ് ശരാശരിയിലും കൂടുതലാണ്. പ്രതിദിനം ഉത്പാദിപ്പിക്കുന്ന ജൈവമാലിന്യ അളവ് 4.437 ടണ്ണും അജൈവമാലിന്യം 5.423 ടണ്ണും ആണ്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടലുകൾ

ഗ്രാമപഞ്ചായത്തിലെ 178 വീടുകളിൽ ഗാർഹികതല ഉറവിട ജൈവ മാലിന്യസംസ്കരണ ഉപാധികൾ ഉണ്ട്. കൂടാതെ 200 ബയോ ബിന്നുകൾക്കായി SC ഫണ്ട് ഉപയോഗിച്ച് പ്രൊജക്റ്റ് വെയ്ക്കുകയും തൊഴിലുറപ്പിൽ ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും കമ്പോസ്റ്റ് പിറ്റ് നിർമാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഏഴ് സ്കൂളുകൾ, മൂന്ന് ഘടക സ്ഥാപനങ്ങൾ, ഒരു ആശുപത്രി എന്നിവയിൽ ബയോബിന്നുകളും വേസ്റ്റ് ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്. തുമ്പൂർമുഴി മാതൃകയിൽ ഒരു ജൈവവള യൂണിറ്റ് പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വേസ്റ്റ് ബിന്നുകളിൽ നിന്ന് ജൈവമാലിന്യങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശേഖരിച്ച് തുമ്പൂർമുഴി മാതൃകയിൽ സംസ്കരിക്കുന്നു. ഇവിടെനിന്ന് ശേഖ



രിക്കുന്ന വളം പഞ്ചായത്തിലെ പച്ചക്കറി കൃഷിക്ക് വിതരണംചെയ്യുന്നു. പഞ്ചായത്തിന് കീഴിലുള്ള കാഞ്ഞാണി ബസ് സ്റ്റാൻഡിൽ തുമ്പൂർമുഴി മോഡൽ നിർമ്മിക്കാനായി പദ്ധതി ആയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് ഒരു ബ്രാൻഡഡ് വള നിർമാണ യൂണിറ്റ് നിർമിക്കാൻ പദ്ധതി വയ്ക്കുന്നതിന് തീരുമാനമായി.

അജൈവ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന, എംസിഎഫ്, ആർആർഎഫ് എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 38 അംഗങ്ങളടങ്ങിയ ഹരിത കർമ്മസേന എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. വീടുകൾക്ക് 50 രൂപയും വാണിജ്യ സ്ഥാപ



നങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീ നിരക്കുകൾ. ശേഖരിച്ച മാലിന്യങ്ങൾ പഞ്ചായത്തിന്റെ എംസിഎഫിൽ തരംതിരിച്ച് ആർ ആർ എഫിൽ എത്തിച്ച് ബെയ്ലിങ്, ഷ്രഡിങ് എന്നിവ നടത്തി സൂക്ഷിക്കുന്നുണ്ട്. പൊടിച്ച പ്ലാസ്റ്റിക് പഞ്ചായത്തിലെ റോഡുകൾ ടാർ ചെയ്യുന്നതിന് ഉപയോഗിക്കുന്നതോടൊപ്പം മറ്റ് പഞ്ചായത്തുകൾക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യുന്നു. പഞ്ചായത്തിലെ 1.456 കിലോമീറ്റർ റോഡ് പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്. മറ്റ് അജൈവ മാലിന്യങ്ങൾ ആയ കുപ്പി, ബാഗ്, ചെരുപ്പ് മുതലായവ ശേഖരിച്ച് കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. ഹരിത കർമ്മ സേനയുടെ ആകെ വരുമാനം 2019 ഒക്ടോബർ 31 വരെ 5,04,200 ആണ്. 10 ദിവസം പ്രവർത്തി ചെയ്യുന്ന ഒരു ഹരിതകർമ്മസേന അംഗത്തിന്റെ പ്രതിമാസ ശരാശരി വരുമാനം 7000 രൂപയാണ്.

38 അംഗങ്ങളടങ്ങിയ ഹരിതകർമ്മസേന എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. വീടുകൾക്ക് 50 രൂപയും വാണിജ്യ സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീ നിരക്കുകൾ. ശേഖരിച്ച മാലിന്യങ്ങൾ പഞ്ചായത്തിന്റെ എംസിഎഫിൽ തരംതിരിച്ച് ആർ ആർ എഫിൽ എത്തിച്ച് ബെയ്ലിങ്, ഷ്രഡിങ് എന്നിവ നടത്തി സൂക്ഷിക്കുന്നുണ്ട്. പൊടിച്ച പ്ലാസ്റ്റിക് പഞ്ചായത്തിലെ റോഡുകൾ ടാർ ചെയ്യുന്നതിന് ഉപയോഗിക്കുന്നതോടൊപ്പം മറ്റ് പഞ്ചായത്തുകൾക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യുന്നു. പഞ്ചായത്തിലെ 1.456 കിലോമീറ്റർ റോഡ് പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്. മറ്റ് അജൈവ മാലിന്യങ്ങൾ ആയ കുപ്പി, ബാഗ്, ചെരുപ്പ് മുതലായവ ശേഖരിച്ച് കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു.







## ശീലവത്കരണം

സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും ശീലവത്കരണത്തിനുമായി നടത്തിയ ബഹുജന വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി നോട്ടീസുകൾ അച്ചടിച്ച് വിതരണം ചെയ്തു. പഞ്ചായത്തിലെ എല്ലാ പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. അതിനൊപ്പം കുടുംബശ്രീ അംഗങ്ങൾക്ക് സ്റ്റീൽ പ്ലേറ്റും ഗ്ലാസും വാങ്ങുന്നതിനായി കുടുംബശ്രീ ലോൺ അനുവദിച്ചിട്ടുണ്ട്. ഇത്തരം ശീലങ്ങൾ പാലിക്കുന്നതിനായി പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചിട്ടുള്ള ഒരു കാറ്ററിങ് യൂണിറ്റ് ആരംഭിക്കുന്നുണ്ട്.



## വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും

മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ, ഒഴുക്കിവിടൽ എന്നിവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് കാഞ്ഞാണി ബസ്സ്റ്റാൻഡിന് അടുത്ത് പാതയോരത്ത് മാലിന്യം സ്ഥിരമായി കുന്നുകൂടുന്ന സ്ഥലത്ത് ക്യാമറ സ്ഥാപിച്ചു. ക്യാമറയിൽ തെളിഞ്ഞ വ്യക്തികളെ തിരിച്ചറിയാൻ കഴിയാത്തതിനാൽ ദൃശ്യങ്ങൾ അടങ്ങുന്ന സിഡി അന്തിക്കാട് പോലീസിന് കൈമാറി. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞ ഒരു വ്യക്തിക്ക് എതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തു. നിരോധിച്ച പ്ലാസ്റ്റിക് വിൽപ്പന നടത്തിയ 27 വ്യാപാരികളിൽനിന്ന് 9600 രൂപ പിഴ ഈടാക്കി. പഞ്ചായത്തും ജനമൈത്രി പോലീസും കൈകോർത്തുകൊണ്ട് സിസിടിവി ക്യാമറകളിലൂടെ സൂക്ഷ്മമായ നിരീക്ഷണം നടത്തി മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.



# 'ഹരിത മുകുള്'വുമായി കടയ്ക്കൽ

കൊല്ലം ജില്ലയിൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ കൊട്ടാരക്കര താലൂക്കിന്റെ കീഴിൽ വരുന്ന കടയ്ക്കൽ പഞ്ചായത്തിൽ ആകെ 18 വാർഡുകളാണുള്ളത് 29,492 ചതുരശ്ര. കി.മി.വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ജനസംഖ്യ 1011 ലെ സെൻസസ് പ്രകാരം 30719 ആണ്. 9800 വീടുകളും 3700 സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിലുണ്ട്. കിഴക്കൻ മേഖലയിലെ സുപ്രധാന പഞ്ചായത്തായ കടയ്ക്കൽ പഞ്ചായത്ത് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകി വരുന്നു.

പഞ്ചായത്തു പരിധിയിലെ 230 വീടുകളിൽ 2.5കിഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിച്ച് വരുന്നു. 2100 വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ നൽകിയിട്ടുണ്ട്. ശുചിത്വ വാർഡ് എന്ന ലക്ഷ്യം കൈവരിച്ച വാർഡ് 12 (തുമ്പോട് വാർഡ്) ൽ മാത്രം 120 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും 113 കമ്പോസ്റ്റ് പിറ്റുകളും 10 ബയോഗ്യാസ് പ്ലാന്റുകളും 204 ബയോബിന്നുകളും നൽകി. ഉറവിട മാലിന്യ സംസ്കരണം പ്രായോഗികമാക്കി, അഞ്ച് സ്ക്കൂളുകളിൽ വാട്ടർ ജാക്കറ്റോട് കൂടിയ നാല് ക്യൂബിക്ക് മീറ്റർ ബയോഗ്യാസ് പ്ലാന്റുകളും മൂന്ന് സ്ക്കൂളിൽ 50 കി.ഗ്രാം ഫ്ളോഗിംഗ് ടൈപ്പ് ബയോഗ്യാസ് പ്ലാന്റുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. കടയ്ക്കൽ പബ്ലിക്ക് മാർക്കറ്റിൽ പ്രവർത്തിച്ചുല്യവരുന്ന 50 ക്യൂബിക്ക് മീറ്റർ ശേഷിയുള്ള ഫിക്സഡ് ഡോം മാതൃകയിലുള്ള ബയോഗ്യാസ് പ്ലാന്റിൽ ഏകദേശം 70 സ്ഥാപനങ്ങളിൽ നിന്നുള്ള



ജൈവ മാലിന്യങ്ങൾ സംസ്ക്കരിച്ചുവരുന്നു. ഇതിൽ നിന്നും ഉല്പാദിപ്പിക്കുന്ന ബയോ ഗ്യാസ് പഞ്ചായത്തുവക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങൾക്ക് നൽകുന്നു.

അജൈവമാലിന്യങ്ങൾ ഫലപ്രദമായി ശേഖരിക്കുന്നതിനായി പഞ്ചായത്തിൽ 38 അംഗങ്ങൾക്കുള്ള സുശക്തവും കർമ്മനിരതവുമായ ഹരിതകർമ്മസേന പ്രവർത്തിച്ചുവരുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുവാനും വേർതിരിക്കുവാനുമായി 183 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള എം.സി.എഫ് നിലവിലുണ്ട്. ഇവിടെ പ്ലാസ്റ്റിക്ക് പൊടിച്ച് പ്ലാസ്റ്റിക്ക് ഗ്രാന്യൂളുകളാക്കി മാറ്റുവാനുള്ള ഷ്രെഡിങ് യൂണിറ്റും ബെയിലിംഗ് മിഷനും സ്ഥാപിച്ചിട്ടുണ്ട്. ബെയിൽ ചെയ്യുന്ന പ്ലാസ്റ്റിക്ക് സ്വാകാര്യ ഏജൻസിക്ക് വിൽക്കുന്നുമുണ്ട്. ഷ്രെഡിങ് യൂണിറ്റിൽ ഷ്രെഡ് ചെയ്ത 1580 കി.ഗ്രാം പ്ലാസ്റ്റിക്ക് ഇതിനോടകം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ച് കഴിഞ്ഞു. 4.56 കി.മി റോഡിന്റെ



നിർമ്മാണം ഇപ്രകാരം നടത്തിയിട്ടുണ്ട്. ഹരിതകർമ്മസേന വീടുകളിൽ നിന്നും യൂസർ ഫീസ് ഇനത്തിൽ 30 രൂപയും സ്ഥാപനങ്ങളിൽ നിന്നും 50 രൂപയും ആണ് ഈടാക്കി വരുന്നത്. 2019 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം 80% വീടുകളും ഹരിതകർമ്മ സേനയുമായി സഹകരിച്ചുവരുന്നു.

പഞ്ചായത്ത് പരിധിയിൽ ഗ്രീൻപ്രോട്ടോക്കോൾ ഫലപ്രദമായി ഏറെക്കുറെ എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വ്യാപാരി വ്യവസായികൾ ഉൾപ്പടെയുള്ള പൊതു സമൂഹത്തിനിടയിൽ വ്യാ

ജനങ്ങൾക്ക് ശരിയായ ബോധവത്കരണം നൽകുക എന്നത് തന്നെയായിരുന്നു എറ്റവും വലിയ വെല്ലുവിളി. നാപ്കിനുകളും ഡയപ്പറുകളും സംസ്കരിക്കാതിരിക്കുക, യൂസർ ഫീ നൽകിക്കൊണ്ട് പഞ്ചായത്തിന്റെ മാലിന്യ ശേഖരണ പരിപാടിയിൽ പങ്കാളികളാകുന്നതിൽ ചിലരെങ്കിലും കാണിക്കുന്ന വിമുഖത, ഹോട്ടലുകളിൽ നിന്നും റസ്റ്റോറന്റുകളിൽ നിന്നും ഭക്ഷണം പ്ലാസ്റ്റിക് പൊതികളിലും സഞ്ചികളിലും നൽകുന്നത്, വേസ്റ്റ് ഡംപിംഗിന് മതിയായ സ്ഥലം ഇല്ലാത്തത് തുടങ്ങിയവയാണ് പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളികൾ. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ജോലിഭാരത്തിന് ആനുപാതികമായ വേതനം ലഭിക്കുന്നില്ല എന്നതും ഈ രംഗത്തെ തുടർപ്രവർത്തനത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്.

## ഹരിതമുകുളം നവമുകുളം

ഏതൊരു മാറ്റവും വരുംതലമുറയിലൂടെ മാത്രമേ സാർത്ഥമാകൂ എന്നതിരിച്ചറിവിൽ നിന്നാണ് 50 കുട്ടികൾക്കും 17 അദ്ധ്യാപകർക്കും പരിശീലനം നൽകുകയും ചെയ്തു. ഈ കൂട്ടായ്മ പുത്തൻ മാലിന്യ സംസ്കരണ സംസ്കാരം രൂപീകരിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചുവരുന്നു. പൊതുബോധം ഇത്തരം പ്രവർത്തനങ്ങൾക്ക് അനുരൂപമാക്കി തീർക്കുവാനും പുതുശീലങ്ങളിലേക്ക് ഒരു തലമുറയെ കൈപിടിച്ച് നടത്തുവാനുമായി ഇവർ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തിവരുന്നു. ബോധവത്കരണ പ്രവർത്തനങ്ങൾ തെരുവ് നാടകങ്ങൾ, വാർഡുതല സന്ദർശനങ്ങൾ എന്നിവ നടത്തി പുതുതലമുറയ്ക്ക് പരിസ്ഥിതി സംരക്ഷണത്തിൽ ഉള്ള ജാഗ്രത പൊതുസമൂഹത്തെ ഇവർ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സാംസ്കാരിക സമൂഹ്യ രംഗങ്ങളിൽ വ്യക്തമായ സ്ഥാനം ഉറപ്പുവരുത്തിയ കടയ്ക്കൽ പഞ്ചായത്തിന്റെ പാര്യമ്പര്യത്തിനുകൂടി പൊൻതൂവൽ ചാർത്തുന്ന പ്രവർത്തനമാണ് ഹരിതമുകുളം ഗ്രൂപ്പിന്റേത്. ഹരിതകേരളം മിഷനുമായി ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇവർ മുന്നോട്ട് പോകുന്നു.

പകമായ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. ഹരിതനിയമങ്ങൾ കർശനമായി നടപ്പിൽ വരുത്തുവാനും പരിശ്രമിച്ചുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ വഴി പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

### ആധുനിക കംഫർട്ട് സ്റ്റേഷൻ

ഗ്രാമപഞ്ചായത്ത് വിഹിതം 1,95,000 രൂപയും സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ വിഹിതം 17,55,000 രൂപയും ഉൾപ്പെടെ 19,50,000 രൂപ അടങ്കൽ തുക വകയിരുത്തി പഞ്ചായത്ത് പൂർത്തിയാക്കിയ പ്രവൃത്തിയാണ് കടയ്ക്കൽ ബസ് സ്റ്റാൻഡിലെ ആധുനിക കംഫർട്ട് സ്റ്റേഷൻ നിർമ്മാണം. കംഫർട്ട് സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുള്ളതാണ്. കംഫർട്ട് സ്റ്റേഷന് മുന്നിൽ ഉദ്യാനവും ഇരിപ്പിടവും മറ്റ് സൗകര്യങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുണ്ട്. ഈ കംഫർട്ട് സ്റ്റേഷൻ മോഡേൺ എന്നതിനേക്കാൾ മോഡൽ കംഫർട്ട് സ്റ്റേഷൻ ആയി പ്രവർത്തിക്കുന്നു.

### ബയോഗ്യാസ് പ്ലാന്റ്

50 ക്യൂബിക് മീറ്റർ ശേഷിയുള്ള ഫിക്സഡ് ഡോം മാതൃകയിലുള്ള ബയോഗ്യാസ് പ്ലാന്റ് ആണ് സ്ഥാപിച്ചിട്ടുള്ളത്. ശുചിത്വമിഷൻ വിഹിതം 2138400 രൂപയും ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിഹിതമായ 165600 രൂപയും ഉൾപ്പെടെ 2304000 രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. സർക്കാർ അംഗീകൃത ഏജൻസിയായ ഐ.ആർ.ടി.സി മുഖേന നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്ലാന്റ് പ്രവർത്തിച്ചു തുടങ്ങി. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് പരീക്ഷണാടിസ്ഥാനത്തിൽ മാർക്കറ്റിലെ പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൂന്ന് കടകൾക്ക് നൽകി വരുന്നു.

### സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ്

ഗ്രാമപഞ്ചായത്തിലെ അഞ്ച് സ്കൂളുകളിൽ വാട്ടർ ജാക്കറ്റോട് കൂടിയ നാല് ക്യൂബിക് മീറ്റർ ബയോഗ്യാസ് പ്ലാന്റുകളും മൂന്ന് സ്കൂളുകളി 50 കി.ഗ്രാം ഫ്ളോട്ടിംഗ് ടൈപ്പ് ബയോഗ്യാസ് പ്ലാന്റും നൽകി. ഈ പ്ലാന്റുകളിൽ ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് സ്കൂളിലെ പാചക ആവശ്യങ്ങൾക്ക് ആണ് ഉപയോഗിക്കുന്നത്.

### ഹരിതകർമ്മസേന

ഒരു വാർഡിൽ രണ്ട് പേർ എന്ന രീതിയിൽ 38 അംഗങ്ങൾ ഉള്ള സുശക്തവും കർമ്മനിരതവുമായ ഹരിതകർമ്മ സേനയാണ്



ഗ്രാമപഞ്ചായത്തിനുള്ളത്. ഹരിത കർമ്മസേന വഴി വീടുകളിൽ നിന്നും കടകളിൽ നിന്നും ആശുപത്രികളിൽനിന്നും തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യം യൂസർഫീ ഈടാക്കിക്കൊണ്ട് ശേഖരിക്കുന്നു. ശേഖരിക്കുന്ന മാലിന്യം പഞ്ചായത്ത് വക ട്രാക്ടറിൽ എം.സി.



എഫ്-ൽ എത്തിച്ച് തരംതിരിച്ച് സംസ്കരിക്കുന്നു. ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വകയരുത്തിയിട്ടുള്ള പദ്ധതിയിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, ഐഡന്റിറ്റി കാർഡ്, യൂസർഫീ ഈടാക്കുന്നതിനുള്ള രസീത്, വീടുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിനുള്ള ഗ്രീൻ കാർഡ്, ജോലിക്കാവശ്യമായ മറ്റ് സാധനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

## വെല്ലുവിളികൾ, അതിജീവനം

ജനങ്ങൾക്ക് ശരിയായ ബോധവത്കരണം നൽകുക എന്നത് തന്നെയായിരുന്നു എറ്റവും വലിയ വെല്ലുവിളി. നാപ്കിനുകളും ഡയപ്പറുകളും സംസ്കരിക്കുക, യൂസർഫീ നൽകിക്കൊണ്ട് പഞ്ചായത്തിന്റെ മാലിന്യ ശേഖരണ പരിപാടിയിൽ പങ്കാളികളാകുന്നതിൽ പൊതുജനങ്ങളുടെ ഭാഗത്തു നിന്നുള്ള വിമുഖത, ഹോട്ടലുകളിൽ നിന്നും റസ്റ്റോറന്റുകളിൽ നിന്നും ഭക്ഷണം പ്ലാസ്റ്റിക് പൊതികളിലും സഞ്ചികളിലും നൽകുന്നത്, വേസ്റ്റ് ഡംപിംഗിന് മതിയായ സ്ഥലം ഇല്ലാത്ത അവസ്ഥ തുടങ്ങിയവയാണ് പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളികൾ. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ജോലിഭാരത്തിന് ആനുപാതികമായ വേതനം ലഭിക്കുന്നില്ല എന്നതും ഈ രംഗത്തെ തുടർപ്രവർത്തനത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്.

ഗ്രാമപഞ്ചായത്ത് കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, ജനപ്രതിനി



ധികൾ, സന്നദ്ധ പ്രവർത്തകർ, സ്കൂൾ വിദ്യാർത്ഥികൾ തുടങ്ങിയ സംവിധാനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി നടത്തിയ ഇടപെടലുകൾ വഴി വെല്ലുവിളികൾ ഒരു പരിധി വരെ മറികടന്ന് ജനപങ്കാളിത്തം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്.



# ചരിത്രത്തിലേക്ക് വിത്തെറിഞ്ഞ് തുമ്പമൺ

പത്തനംതിട്ട ജില്ലയിലെ അടൂർ നിയോജകമണ്ഡലത്തിൽ പന്തളം ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 7.84 ച.കി.മീറ്ററും ജനസംഖ്യ 81060 ഉം ആണ്. പഞ്ചായത്തിൽ ജൈവവും അജൈവവും പ്രതിദിനം 0.166 ടൺ ഉൽപ്പാദിപ്പിക്കുന്നു.

## ജൈവമാലിന്യ സംസ്കരണം

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ട് 1350 വീടുകൾക്ക് 2700 കമ്പോസ്റ്റ് പിറ്റുകളും മേൽക്കൂരയോടു കൂടിയ 20 കമ്പോസ്റ്റുകളും ഘടകസ്ഥാപനങ്ങൾക്ക് 18 റിംങ് കമ്പോസ്റ്റുകളും നിർമ്മിച്ചു നൽകി. പച്ചക്കറി ഉൾപ്പെടെയുള്ള ജൈവ മാലിന്യങ്ങൾ കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കുന്നതിന് വേണ്ടി തുമ്പൂർമുഴി പ്രവർത്തിച്ചുവരുന്നു.

## അജൈവമാലിന്യ സംസ്കരണം

അജൈവമാലിന്യ സംസ്കരണത്തിനായി തുമ്പമൺ ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി 26 ഹരിതകർമ്മസേനാംഗങ്ങൾ എല്ലാ മാസവും 1 മുതൽ 6 വരെയുള്ള തീയതികളിൽ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും സന്ദർശിച്ച് അജൈവ മാലിന്യങ്ങൾ പഞ്ചായത്തിന്റെ എം.സി.എഫിൽ എത്തിക്കുന്നു. പഞ്ചായത്തിലെ 1652 വീടുകളിൽ നിന്നും 164 സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരി



ക്കുന്നു. വീടുകൾക്കും സ്ഥാപനങ്ങൾക്കും യൂസർഫീ ആയി ഈടാക്കുന്നത് 60 രൂപയാണ്. ഹരിതകർമ്മസേനയ്ക്ക് പ്രതിമാസം 5000 രൂപ വരുമാനം ലഭിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടാതെ കുപ്പി ചില്ല്, തോൽ ഉൽപ്പന്നങ്ങൾ, ചെരുപ്പ്, ഇ-വേസ്റ്റ് തുടങ്ങിയ അജൈവ മാലിന്യങ്ങളും ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ഇതുവരെ എട്ട് ടൺ അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ നിന്നും കൊണ്ടു പോയിട്ടുണ്ട്.





### സവിശേഷ ഇടപെടലുകൾ

തുണി സഞ്ചി ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി തുമ്പമൺ ഗ്രാമപഞ്ചായത്തിലെ

തുണി സഞ്ചി ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി തുമ്പമൺ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റായ തുമ്പമൺ നേച്ചർ പ്രൊഡക്റ്റ്സ് ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും തുണിസഞ്ചി വിതരണം ചെയ്യുകയും മാലിന്യ സംസ്കരണം അശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കിയ നാല് പേർക്കെതിരെ നടപടികൾ സ്വീകരിക്കുകയും രണ്ട് പേരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്തു. പഞ്ചായത്തിന്റെ എല്ലാ പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി വരുന്നു. ഹരിത ചട്ടം പാലിച്ച് വിവാഹങ്ങൾ നടത്തുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്.

## ചരിത്രത്തിലേക്ക് വിത്തെറിഞ്ഞു...





തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനകളുടെ വരുമാന വർദ്ധനവിനും അവരെ സ്വയം സംരംഭത്തിലേക്ക് എത്തിക്കുന്നതിന്റേയും ഭാഗമായി തുമ്പമൺ മാവരയിൽ 25 ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് അഞ്ച് ഏക്കർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു. ഹരിതകർമ്മസേനകളുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കാതെ മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്താദ്യമായി ഈ പദ്ധതിക്ക് രൂപം കൊടുത്തത്. നെൽ കൃഷിയുടെ വിതയുത്സവ ഉദ്ഘാടനം 2018 ഡിസംബർ 15ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ നിർവ്വഹിക്കുകയും തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനാംഗങ്ങൾ കേരളത്തിലാദ്യമായി നെൽകൃഷി ചെയ്തത് ചരിത്രത്തിന്റെ ഭാഗമാകുമെന്നും വൈസ് ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

കുടുംബശ്രീ യൂണിറ്റായ തുമ്പമൺ നേച്ചർ പ്രൊഡക്റ്റ്സ് ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും തുണി സഞ്ചി വിതരണം ചെയ്യുകയും മാലിന്യ സംസ്കരണം അശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കിയ നാല് പേർക്കെതിരെ നടപടികൾ സ്വീകരിക്കുകയും രണ്ട് പേരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്തു. പഞ്ചായത്തിന്റെ എല്ലാ പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി വരുന്നു. ഹരിത ചട്ടം പാലിച്ച് വിവാഹങ്ങൾ നടത്തുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്.

## വെല്ലുവിളികൾ

തുമ്പമൺ ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കാൻ സാധിക്കാത്തത് പഞ്ചായത്ത് നേരിടുന്ന ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ മറികടക്കാൻ വേണ്ടി സ്കൂളുകൾ, മത സംഘടനകൾ, ക്ലബ്ബുകൾ, കുടുംബശ്രീ എന്നിവർ സഹകരിച്ച് ബോധവത്കരണം നടത്തുകയും റസിഡന്റ്സ് അസോസിയേഷൻ മുഖാന്തരം തുണി സഞ്ചികൾ വിതരണം ചെയ്യുകയും ചെയ്തു. വാർഡുതലത്തിൽ ഹരിതനിയമ സന്ദേശ റാലി നടത്തുകയും ചെയ്തു.



# ശുചിത്വ സംരംഭങ്ങളുമായി കോന്നി ഗ്രാമപഞ്ചായത്ത്

കോന്നി ലോക്സഭാമണ്ഡലത്തിലെ കോന്നി ബ്ലോക്കിലെ മലയോര ഗ്രാമപഞ്ചായത്താണ് കോന്നി. പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന ജൈവമാലിന്യത്തിന്റെ അളവ് ഒരു ടണ്ണും അജൈവ മാലിന്യത്തിന്റെ അളവ് 600 കിലോയും ആണ്.

## ജൈവ മാലിന്യ സംസ്കരണം

കോന്നി നരയന്നപുരം മാർക്കറ്റ് കേന്ദ്രീകരിച്ച തുമ്പൂർമൂഴി മോഡൽ എയറോബിക് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിലേയും ൗണിലെ കടകളിലേയും ജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഹരിതകർമ്മസേനാംഗങ്ങൾ ഇതിൽ നിക്ഷേപിച്ച് വളമാക്കുന്നു. ഒരു യൂണിറ്റ് തുമ്പൂർമുഴിയിൽ രണ്ട് ടൺ ജൈവ മാലിന്യം വരെ നിക്ഷേപിക്കാം. വളത്തിന്റെ ഘടനയെ സംബന്ധിച്ച് വെള്ളായണി കാർഷിക കോളേജ് പരിശോധന നടത്തി, വിളവിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തിയിരിക്കുന്നു. തുണിസഞ്ചിയിൽ പായ്ക്ക് ചെയ്ത് കർഷകർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അജൈവ മാലിന്യ സംസ്കരണം

പത്തനംതിട്ട ജില്ലയിൽ ആദ്യമായി ഹരിതകർമ്മസേന രൂപീകരിച്ച പഞ്ചായത്താണ് കോന്നി ഗ്രാമപഞ്ചായത്ത്. 15 ഹരിതകർമ്മസേനാംഗങ്ങൾ ആണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വീടുകൾക്ക് 60 രൂപയും കടകളിൽ നിന്ന് 100



രൂപയും യൂസർഫീ ആയി ഈടാക്കി വരുന്നു. മാലിന്യത്തിന്റെ അളവ് കൂടുതൽ ഉള്ള സ്ഥാപനത്തിൽ നിന്നും മാലിന്യത്തിന്റെ അളവ് അനുസരിച്ച് 250, 1000 എന്നീ നിരക്കുകളിലും യൂസർഫീ ഈടാക്കുന്നു. പ്രതിമാസം ശരാശരി 2000 രൂപ വേതനമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.

## സവിശേഷ ഇടപെടൽ

പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി ഠൗണിലെ കടകളിൽ ബോധവത്കരണ ക്ലാസുകൾ നടത്തുകയും തുണിസഞ്ചികൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. തുണിസഞ്ചികൾ ഗ്രാമപഞ്ചായത്ത് മുഴുവൻ വ്യാപിപ്പിക്കാൻ ഹരിതകർമ്മസേനാംഗങ്ങൾക്ക് തുണിസഞ്ചി നിർമ്മാണ യൂണിറ്റിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു.



## വെല്ലുവിളി

ടൗണിലെ കടകളിൽ നിന്നുണ്ടാകുന്ന ജൈവ മാലിന്യങ്ങളുടെ അളവ് കൂടുതലാണ്. ഇത്തരം മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുക എന്നതാണ് പ്രധാന വെല്ലുവിളി. വ്യാപാരികളുടേയും മറ്റുള്ളവരുടേയും ഏകോപനത്തിലൂടെയും ബോധവത്കരണത്തിലൂടെയും കഴിഞ്ഞ കടകളിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുന്നു. വാർഡുതലത്തിൽ മെമ്പർമാരുടെ നേതൃത്വത്തിൽ ഹരിതനിയമ ബോധവത്കരണം നടത്തി. നോട്ടീസുകൾ വിതരണം ചെയ്തു പൊതുജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്താൻ സാധിച്ചു.

ടൗണിലെ കടകളിൽ നിന്നുണ്ടാകുന്ന ജൈവ മാലിന്യങ്ങളുടെ അളവ് കൂടുതലാണ്. ഇത്തരം മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുക എന്നതാണ് പ്രധാന വെല്ലുവിളി. വ്യാപാരികളുടേയും മറ്റുള്ളവരുടേയും ഏകോപനത്തിലൂടെയും ബോധവത്കരണത്തിലൂടെയും കഴിഞ്ഞ കടകളിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുന്നു. വാർഡുതലത്തിൽ മെമ്പർമാരുടെ നേതൃത്വത്തിൽ ഹരിതനിയമ ബോധവത്കരണം നടത്തി. നോട്ടീസുകൾ വിതരണം ചെയ്തു. ഇതുവഴി പൊതുജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്താൻ സാധിച്ചു.





# ശുചിത്വ മാതൃകകളുമായി കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ കുന്നുമ്മൽ വില്ലേജിൽ 10.58 ച.കി.മീ. വിസ്തീർണ്ണമുള്ള ചെറിയ ഗ്രാമപഞ്ചായത്താണ് കുന്നുമ്മൽ ഗ്രാമപഞ്ചാൺയത്ത്. വടകര മുട്ടുങ്ങൾ പക്രംതളം റോഡിൽ മുട്ടുങ്ങലിൽ നിന്നും 15 കിലോമീറ്റർ കിഴക്കോട്ട് മാറിയാണ് കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ചെറുതും വലുതുമായ പതിനേഴ് കുന്നുകൾ ഈ പഞ്ചായത്തിലുണ്ട്. കുന്നുമ്മൽ എന്ന പേര് വരാൻ കാരണം കുന്നുകളുടെ ഒരു കൂട്ടം നിലവിലുള്ളത് കൊണ്ടാണെന്ന് പറയപ്പെടുന്നു. 10.58 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 4315 വീടുകളിലായി 19075 ജനങ്ങൾ ജീവിക്കുന്നു. 1962ൽ പഞ്ചായത്ത് നിലവിൽ വന്നു.സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കുന്നുമ്മൽ ഗാമപഞ്ചായത്തിനെ കോഴിക്കോട് ജില്ലയിലെ ബീക്കൺ പഞ്ചായത്തായി തെരഞ്ഞെടുത്തിരിക്കുകയാണ്. പഞ്ചായത്തിലെ കാർഷിക സംസ്കൃതി തിരികെ കൊണ്ടുവന്ന് പച്ചപ്പിലൂടെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി. പരിസര മലിനീകരണം കുറച്ച് തോടുകളും, കുളങ്ങളും, കിണറുകളും ജൈവ-അജൈവ മാലിന്യങ്ങൾ നീക്കംചെയ്തും ചെളിയും മണ്ണും നീക്കം ചെയ്തും തെളിനീരുള്ള ജലാശയമാക്കി മാറ്റിത്തീർക്കാൻ ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ പ്രവർത്തനം നടത്തിവരികയാണ്.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടൽ

ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെയും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനവഴി വീടുകളിൽ നിന്ന് ശേഖ



രിച്ച് ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ്. വഴി എം.ആർ.എഫിൽ എത്തിച്ച് പുരനുപയോഗത്തിനുവേി ശാസ്ത്രീയമായ രീതിയിൽ കയ്യൊഴിയുക എന്നതാണ് പഞ്ചായത്തിന്റെ പൊതണ്ുസമീപനം. ഇതിനായി ഗ്രാമപഞ്ചായത്തിൽ 26 ഹരിതകർമ്മണ്ടേസനാ അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മ സേനാ അംഗങ്ങൾക്ക് യൂണിഫോം, ഐഡന്റിറ്റി കാർഡ്, കയ്യുറ, ബൂട്ട് തുടങ്ങിയ സുരക്ഷാ സാധനങ്ങളും എം.സി.എഫിനോട് ചേർന്ന് അവരുടെ ഓഫീസും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വി.ഇ.ഒ. ചാർജ്ജ് ഓഫീസറായും പ്രവർത്തിക്കുന്നു. ആവശ്യമായ സാങ്കേതിക സഹായങ്ങൾ ഐ.ആർ.ടി.സിയിലൂടെ ലഭ്യമാക്കുന്നു. പ്രതിമാസം ഹരിത കർമ്മ സേനയുടെ യോഗങ്ങൾ ചേർന്ന് വരുന്നു. മാലിന്യപരിപാലനത്തിന്റെ വിവിധ സങ്കേതങ്ങൾ ഉൾപ്പെടുത്തിയുള്ള പരിശീലനങ്ങളും അധിക വരുമാനത്തിനായി മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങളും ഹരിത കർമ്മസേനയ്ക്ക് നൽകിവരുന്നുണ്ട്. അതോടൊപ്പം വ്യക്തിത്വ വികാസ പരിശീലനങ്ങളും നൽകിവരുന്നു. പഞ്ചായത്തിലെ മൂന്നാം വാർഡിൽ 800 സ്ക്വയർഫീറ്റ് വിസ്തൃതിയിൽ എം.സി.എഫും അതോടൊന്നിച്ച് ഭക്ഷണമുറിയും ഓഫീസും ടോയിലറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.







## ജൈവ-അജൈവ മാലിന്യ സംസ്കരണം

പ്രതിമാസമാണ് ഹരിതകർമ്മസേന വീടുകളിൽ നിന്നും കടകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ ശേഖരിക്കുന്നത്. പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന് ഐ.ആർ.ടി.സിയുടെ സഹായത്തോടെ പ്രത്യേക കളക്ഷൻ പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസത്തിൽ ഓരോ ഇനം ശേഖരിക്കുന്നത്. ഇങ്ങനെ ശേഖരിച്ച പാഴ് വസ്തുക്കൾ എം.സി.എഫിൽ വീും തരംതിരിച്ച് വില്പന നടത്തും. ആ വകയിൽ 60000 രൂപ ലഭിച്ചിട്ടുണ്ട്. എം.ആർ.എഫ് ആരംഭിച്ച ശേഷം ഇത് എം.ആർ.എഫിലേക്ക് നൽകുകയാണ് ചെയ്യുന്നത്. വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയും യൂസർഫീ സ്വീകരിക്കുന്നു. വീടുകളിൽ നിന്ന് 190000 രൂപയും കടകളിൽ നിന്ന് 16800 രൂപയുമാണ് യൂസർ ഫീയിൽ നിന്ന് ലഭിക്കുന്ന വരുമാനം. പ്രതിമാസം 6000 രൂപ ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൂലി നൽകി വരുന്നു.

പ്രതിമാസം 156000 രൂപ ഹരിതകർമ്മസേനാംഗങ്ങളുടെ വേതനവും വാർഡുകളിൽ നിന്ന് ശേഖരിച്ച സാധനങ്ങൾ എം.സി.എഫിൽ

എത്തിക്കുന്നതിന് വാഹനവാടക 30000 രൂപ യും ഉൾപ്പെടെ 186000 രൂപ പ്രതിമാസം ചെ ലവ് വരുന്നുണ്ട്.

അജൈവ മാലിന്യങ്ങളുടെ അളവ് കുറ യ്ക്കുന്നതിനു വേണ്ടി ബോധവത്കരണ ത്തോടൊപ്പം പഞ്ചായത്തിനകത്ത് പ്രവർത്തി ക്കുന്ന ക്ലബ്ബുകളെയും സന്നദ്ധ സംഘടനക ളെയും ഉൾപ്പെടുത്തി തുണി സഞ്ചികൾ പ്ര ചരിപ്പിക്കുന്ന പരിപാടികളും നടത്തിയിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനു വേണ്ടി തൊഴിലുറപ്പു മായി ചേർന്ന് കമ്പോസ്റ്റ് കുഴികളും സോക്ക് പിറ്റും നിർമ്മിച്ചു നൽകി. അതോടൊപ്പം 700 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും 638 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും വീടുകളിൽ സ്ഥാ പിച്ചു. 2020 ഓടു കൂടി മുഴുവൻ വീടുകളി ലും ഉറവിട മാലിന്യ സംസ്കരണ യൂണിറ്റു കൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ന ടപ്പിലാക്കി.

### നിയമ നടപടികൾ

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളി ലും വീടുകളിലും കടകളിലും ഗ്രീൻപ്രോട്ടോ കോൾ അനുസരിച്ചാണ് പ്രവർത്തിച്ചു വരു ന്നത്. പഞ്ചായത്തിനകത്തെ ഒരു കടകളിലും പേപ്പർ ഗ്ലാസ്സുകളോ പ്ലേറ്റുകളോ അത്തര ത്തിൽ ഉപയോഗശേഷം വലിച്ചെറിയുന്ന ഒ രു വസ്തുക്കളും വില്പന നടത്തുന്നില്ല. അ തുപോലെതന്നെ പഞ്ചായത്തിനകത്ത് നടക്കു ന്ന ഒരു പൊതുചടങ്ങിനും ഇത്തരം വസ്തു ക്കൾ ഉപയോഗിക്കുന്നില്ല. എല്ലാ സ്ഥാപന ങ്ങളിലും ജീവനക്കാർ ഉച്ചഭക്ഷണം കൊണ്ടു വരുന്നത് പാത്രങ്ങളിലാണ്. ഇതെല്ലാം തന്നെ പ്രത്യേകം പ്രത്യേകം യോഗങ്ങളിൽ തീരു മാനമെടുക്കുകയും അത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ പരിശോധന നടത്തു കയും ചെയ്യുന്നുണ്ട്. ഈ തീരുമാനത്തിന് വിരുദ്ധമായി പ്രവർത്തിച്ചവരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

നിരോധിത ഉത്പന്നങ്ങൾ വിറ്റവകയിൽ കടകളിൽ നിന്ന് 5000 രൂപയും കടയിലെ മാ ലിന്യങ്ങൾ പൊതുസ്ഥലത്ത് വലിച്ചെറിഞ്ഞ വകയിൽ 10000 രൂപയും, വീട്ടിലെ മാലിന്യ ങ്ങൾ റോഡിൽ ഉപേക്ഷിച്ചതിന് 2000 രൂപ

പി.ആർ.ജി. അംഗങ്ങൾക്ക് ഐ.ആർ.ടി.സിയുടെ നേതൃത്വ ത്തിൽ വിദഗ്ധ പരിശീലനം നൽകി. മാലിന്യ നിർമ്മാർജ്ജന ത്തിന്റെ നൂതന സങ്കേതങ്ങൾ മാലിന്യ നിർമ്മാർജ്ജനവും ക്ലസ്റ്ററുകളും തുടങ്ങിയ വിഷയ ങ്ങളിലാണ് പരിശീലനം നൽകി യത്. ഇതര സ്ഥാപനങ്ങളിൽ നി ന്നുള്ള സഹായം മാലിന്യ നിർ മ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഹരിതകേരളമിഷൻ ഐ.ആർ.ടി.സി. തുടങ്ങിയ സ്ഥാപനങ്ങൾ പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വപരമായ പങ്ക് വഹിക്കു ന്നുണ്ട്. ആരോഗ്യവകുപ്പും ആ ശാവർക്കർമാരും പഞ്ചായത്തി ന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായം നൽകിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ കച്ചവട സംഘടനകളുടെ യോഗം ചേരാ റുണ്ട്. പഞ്ചായത്തിലെ സ്ഥാപന മേധാവികളുടെ യോഗവും കൃ ത്യമായി വിളിച്ചു ചേർക്കുന്നു. മറ്റ് ഇതര ഏജൻസികളുടെ പങ്ക് ഏറെ ശ്രദ്ധേയമായ തായിരുന്നു.

യും വിവാഹ സൽക്കാരത്തിന്റെ ഭാഗമായുള്ള മാലിന്യങ്ങൾ പൊതുസ്ഥലത്ത് തള്ളിയതിന് 2500 രൂപയും ബാർബർ ഷാപ്പിലെ മുടി പൊതുസ്ഥലത്ത് തള്ളിയതിന് 10000 രൂപയും പഞ്ചായത്ത് പിഴ ഈടാക്കിയിട്ടുണ്ട്.

## ഗ്രാമ പഞ്ചായത്തിന്റെ സവിശേഷ ഇടപെടലുകൾ

പഞ്ചായത്തിലെ പതിനൊന്നാം വാർഡിനെ മോഡൽ വാർഡായി തെരഞ്ഞെടുത്ത് കമ്മിറ്റികൾ രൂപീകരിച്ചു. മോഡൽവാർഡിൽ 25 വീടുകൾക്ക് ഒരു ക്ലസ്റ്ററും മറ്റു വാർഡുകളിൽ 50 വീടുകൾക്ക് ഒരു ക്ലസ്റ്ററും രൂപീകരിച്ചു. ക്ലസ്റ്റർ ചെയർമാൻ ക്ലസ്റ്റർ കോഡിനേറ്റർ വീടണ്ടുകളുടെ ചുമതലക്കാർ ഉൾപ്പെടെ ഏഴ് പേരടങ്ങുന്ന ക്ലസ്റ്റർ കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലെ ജനപങ്കാളിത്തത്തിന്റെ ഏറ്റവും നല്ല തെളിവ് 96% കുടുംബങ്ങളും പങ്കെടുത്തുകൊണ്ടാണ് മിക്കവാറും ക്ലസ്റ്ററുകളിലും യോഗം ചർന്നുവന്നത്. ക്ലസ്റ്ററുകളിൽ റിസോഴ്സ് പേഴ്സന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. വീടും പരിസരവണ്ടും ശുചീകരിക്കുക, ആഴ്ചയിൽ ഒരു ദിവസം ഡ്രൈഡേ ആചരിക്കുക. മാലിന്യങ്ങളുടെ ശാസ്ത്രീയമായ കയ്യൊഴിൺയൽ ഇടവഴികൾ, റോഡുകൾ, പൊതുവഴികൾ ശുചീൺകരിക്കൽ എന്നിവയെല്ലാം ക്ലസ്റ്ററിന്റെ മുൻകൈയ്യോടെ തുടർച്ചയായി നടന്നുവരുന്നു.

പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസ് ക്ലസ്റ്റർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനു വേണ്ടി ഒരു വാർഡിൽ നിന്നും വിവിധ മേഖലകളിൽ കഴിവുള്ള 4 പേരെ ഉൾപ്പെടുത്തി റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചു. 55 പേരാണ് കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായി പ്രവർത്തിക്കുന്നത്. പി.ആർ.ജി. അംഗങ്ങളാണ് ക്ലസ്റ്റർ തല പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്നത്. പി.ആർ.ജി. അംഗങ്ങൾക്ക് ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം നൽകി. മാലിന്യ നിർമ്മാർജ്ജനത്തിന്റെ നൂതന സങ്കേതങ്ങൾ മാലിന്യ നിർമ്മാർജ്ജനവും ക്ലസ്റ്ററുകളും തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നൽകിയത്. ഇതര സ്ഥാപനങ്ങളിൽ നിന്നുള്ള സഹായം മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഹരിതകേരളമിഷൻ ഐ.ആർ.ടി.സി. തുടങ്ങിയ സ്ഥാപനങ്ങൾ പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വപരമായ പങ്ക് വഹിക്കുന്നുണ്ട്. ആരോഗ്യവകുപ്പും ആശാവർക്കർമാരും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായം നൽകിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ കച്ചവട സംഘടനകളുടെ യോഗം ചേരാറുണ്ട്. പഞ്ചായത്തിലെ സ്ഥാപന മേധാവികളുടെ യോഗവും കൃത്യമായി വിളിച്ചു ചേർക്കുന്നു. മറ്റ് ഇതര ഏജൻസികളുടെ പങ്ക് ഏറെ ശ്രദ്ധേയമായതായിരുന്നു.





### ഓൺലൈൻ ശുചിത്വ സർവ്വേ

ഐ.ആർ.ടി.സി. വികസിപ്പിച്ചെടുത്ത അപ്ലിക്കേഷൻ ഉപയോഗിച്ച് കുന്നുമ്മൽ ഗ്രാമപ

ഞ്ചായത്തിലെ മോഡൽ വാർഡായ 11-ാം വാർഡിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കി. ജി.പി.എസ്സിലെ ലൊക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയ ഈ അപ്ലിക്കേഷനിൽ വാർഡിലെ ഓരോ വീടിന്റെയും ലൊക്കേഷൻ കൃത്യമായി രേഖപ്പെടുത്തിക്കൊണ്ട് സർവ്വേ നടത്തിൺയത്. വീടുകളുടെയും സ്ഥാപനങ്ങളുടെയും വിവരശേഖരണം നടത്തുന്നതോടൊപ്പം തന്നെ അത് സ്ഥിതി ചെയ്യുന്ന സ്ഥലവും മേപ്പിൽ രേഖപ്പെടുത്തി. ഈ മേപ്പുപയോഗിച്ച് ജലക്ഷാമം ഉള്ള വീടുകൾ, ജലം സുലഭമായി ലഭിക്കുന്ന വീടുകൾ തുടങ്ങി വ്യത്യസ്ത നിറങ്ങളിലൂട മാപ്പിൽ നിന്നും വാർഡിന്റെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞു. പേപ്പർ പൂർണ്ണമായി ഒഴിവാക്കാനും ഡാറ്റ പെട്ടെന്ന് അറിയാനും ജി.പി.എസ്. ലൊക്കേഷൻ കൃത്യമായി അടയാളപ്പെടുത്തി നടത്തിയ ഓൺലൈൻ സർവ്വേയിലൂടെ സാധിച്ചിട്ടുണ്ട്. വാർഡിലെ 30 യുവതീയുവാക്കളാണ് സ്മാർട്ട്ഫോൺ ഉപയോഗിച്ച് സർവ്വേ നടത്തിയത്. രാവിലെ ആരംഭിച്ച സർവ്വേ വൈകുന്നേരം ആകുമ്പോഴേക്കും പൂർത്തിയായി എന്നതാണ് ഓൺലൈൻ സർവ്വേയുടെ പ്രത്യേകത.

## ബോട്ടിൽ ബൂത്ത്

പ്ലാസ്റ്റിക് കുപ്പികൾ ടൗണുകളിൽ വലിച്ചെറിയാതെ പ്രത്യേകം നിക്ഷേപിക്കുന്നതിന് പഞ്ചായത്തിലെ പ്രധാന ടൗണുകളായ കക്കട്ടിൽ, മൊകേരി, വട്ടോളി, പാതിരിപ്പറ്റ, കുളങ്ങരത്ത് പ്രദേശത്തെ പ്രത്യേകം തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്






## ആരോഗ്യസേന

ഒരു വാർഡിൽ നിന്ന് പത്ത് സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുത്ത് 13 വാർഡുകളിൽ നിന്ന് 130 അംഗങ്ങളുള്ള മികച്ച ആരോഗ്യസേനയെ പഞ്ചായത്ത് വാർത്തെടുത്തിട്ടുണ്ട്. 2019 ഒക്ടോബർ 12ന് രാവിലെ 10 മണി മുതൽ മൂന്ന് മണിവരെ ആരോഗ്യരംഗത്തെ വിദഗ്ദർ എൽ.സി.ഡി. പ്രൊജക്ടർ ഉപയോഗിച്ച് നടത്തിയ പരിശീലനവും ക്ലാസ്സും ആരോഗ്യസേനയ്ക്ക് പുതിയ അറിവും ഊർജ്ജവും കർമ്മരംഗത്ത് ഇറങ്ങാനുള്ള പ്രചോദനമായി മാറി. ആരോഗ്യസേനയുടെ പരിശീലനം പഞ്ചായത്ത് പ്രസിഡണ്ട് കെ.ടി. രാജൻ ഉദ്ഘാടനം ചെയ്തു. ഗ്രീൻ പ്രോട്ടോകോൾ 2016 ഏപ്രിൽ ഒന്നു മുതൽ ഗ്രാമപഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി. പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോകോളിലും നിർമ്മിതമായ ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തങ്ങുക്കൾ, പൂർണ്ണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും വൈമാലിന്യം വളമാക്കി മാറ്റിയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും വീടുകളെയും സ്ഥാപനങ്ങളെയും പൊതുസ്ഥലങ്ങളെയും ജലാശയങ്ങളെയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതിസൗഹൃദ പോംവഴിയാണ് 'ഗ്രീൻ പ്രോട്ടോക്കോൾ'.




## വെല്ലുവിളികളും പ്രതിസന്ധികളും

ഗ്രാമപഞ്ചായത്ത് മുന്നോട്ടുവെച്ച പൊതു സമീപനത്തിന്റെ അടിസ്ഥാനത്തിൽ ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിലും പുനരുപയോഗ സാധ്യമായ അജൈവ മാലിന്യങ്ങൾ എം.സി.എഫ്, എം.ആർ.എഫ് വഴിയും കയ്യൊഴിയുന്നതിന് പഞ്ചായത്തിന് സാധിക്കുന്നുണ്ട്. എന്നാൽ പുനരുപയോഗിക്കാൻ കഴിയാത്ത ബാഗുകൾ മറ്റ് റക്സിൻ ഉൽപ്പന്നങ്ങൾ, പഴകിയ തുണികൾ, ബൾബുകൾ എന്നിവ കയ്യൊഴിയുന്നതാണ് പഞ്ചായത്തിനെ അലട്ടുന്ന വലിയ പ്രശ്നം. അതോടൊപ്പം തന്നെ പുനരുപയോഗ സാധ്യമായ വസ്തുക്കൾ വൃത്തിഹീനമായി ലഭിക്കുന്നതും പഞ്ചായത്തിന് വളരെ ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ പ്രശ്നം ക്ലസ്റ്റർ വഴിയുള്ള ബോധവത്കരണത്തിലൂടെ ഒരു പരിധി വരെ പരിഹരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ റക്സിനന്റെയും ബാഗുകളുടെയും പഴയ തുണികളുടെയും കാര്യത്തിൽ ഒരു വ്യക്തമായ പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

ഇതുപ്രകാരം കുന്നുമ്മൽ പഞ്ചായത്തിനകത്ത് നടക്കുന്ന വിവാഹം, സൽക്കാരം, സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങി ആഘോഷപരിപാടികൾ ഗ്രീൻപ്രോട്ടോകോൾ പാലിച്ചായിരിക്കണം എന്ന് കർശന നിർദ്ദേശം നൽകി. ഇതിനുശേഷം ആഘോഷവേളകളിൽ ഉപയോഗിച്ച് വലിച്ചെറിയുന്ന സാധനങ്ങൾ പൂർണ്ണമായും അവസാനിച്ചു എന്നുപറയാം. ഇതിനുവേണ്ടി രാഷ്ട്രീയപാർട്ടികളുടെയും ക്ഷേത്രം, മഹല്ല് കമ്മിറ്റികളുടെയും, ക്ലബ്ബുകളുടെയും കല്ല്യാണത്തിനും മറ്റും ഭക്ഷണം വെക്കുകയും ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്ന ആളുകളുടെ പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർത്തു. കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് 2020 ഓടെ ജനപങ്കാളിത്തത്തോടെ സമ്പൂർണ്ണ മാലിന്യരഹിത പഞ്ചായത്തായി മാറും.



# ഹരിത നിയമ ഗ്രാമസഭകളുമായി ചെന്നീർക്കര

പത്തനംതിട്ട ജില്ലയിലെ ആറൻമുള നിയോജകമണ്ഡലത്തിൽ കോഴഞ്ചേരി താലൂക്കിൽ ഇലന്തൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്താണ് ചെന്നീർക്കര. പ്രതിദിനം ഉത്പാദിപ്പിക്കുന്ന ജൈവമാലിന്യത്തിന്റെ അളവ് 2.5 ടൺ, അജൈവമാലിന്യത്തിന്റെ അളവ് 150 കിലോ.

## മാലിന്യസംസ്കരണ മേഖലയിലെ ഇടപ്പെടലുകൾ

### ജൈവമാലിന്യ സംസ്കരണം

പഞ്ചായത്തിനകത്ത് നിലവിൽ 50 ബയോഗ്യാസ് പ്ലാന്റുകൾ, 350 റിംഗ്കമ്പോസ്റ്റുകൾ, 700 പൈപ്പ്കമ്പോസ്റ്റ്, 1945 കമ്പോസ്റ്റ് കുഴികൾ, 550 കിച്ചൺബിന്നുകൾ, 1600 സോക്പിറ്റ് എന്നിവ മാലിന്യസംസ്കരണത്തിനായി ഉണ്ട്.

### അജൈവമാലിന്യ സംസ്കരണം

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി 28 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നു. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങൾ നിന്നും ശേഖരിച്ച് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്ന എം.സി.എഫിൽ ശേഖരിക്കുന്നു. പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ക്ലീൻ കേരള കമ്പനിയുടെ സഹകരണത്തോടെ ആറൻമുള ആർ.ആർ.എഫിലേക്ക് കൈമാറുന്നു. വിപണന സാധ്യതയുള്ള അജൈവമാലിന്യങ്ങൾ കിലോഗ്രാമിന് ഏഴ് രൂപ നിരക്കിൽ വില ഈടാക്കി സ്ക്രാപ്പ് മർ



ച്ചന്റ് സിന് കൊടുക്കുന്നു. ചെന്നീർക്കര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ഹരിതകർമ്മസേനയും ആശാ പ്രവർത്തകരും വീടുകളിൽ നിന്ന് ശേഖരിക്കുന്ന ഉപയോഗ്യ ശൂന്യമായ മരുന്നുകൾ, ഉപയോഗിച്ച ഇൻസുലിൻ സിറിഞ്ചുകൾ എന്നിവ ഇമേജ് എന്ന സ്ഥാപനം മുഖേന നീക്കം ചെയ്യുന്നതിനുള്ള നൂതന പദ്ധതി 2019 ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ചു. 2019 മാർച്ച് മുതൽ വീടുകൾക്ക് 40 രൂപ കടകൾക്ക് 100 രൂപ എന്ന നിരക്കിൽ യൂസർഫീ ഈടാക്കുന്നു. പ്രതിമാസം ശരാശരി 3000 മുതൽ 3500 രൂപ വരെ ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം ലഭിക്കുന്നു.





## സവിശേഷ ഇടപെടലുകൾ

ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലാ വർഷവും നടന്നു വരുന്ന പ്രസിദ്ധമായ മഞ്ഞിനിക്കര തീർത്ഥാടന കാലത്ത് ദേവ

ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലാ വർഷവും നടന്നു വരുന്ന പ്രസിദ്ധമായ മഞ്ഞിനിക്കര തീർത്ഥാടന കാലത്ത് ദേവലയത്തിലും പരിസരപ്രദേശത്തും വലിച്ചെറിയപ്പെട്ട അജൈവമാലിന്യങ്ങൾ തൽസമയം തന്നെ നീക്കം ചെയ്തു. 2018 ലെ പ്രളയക്കാലത്ത് അച്ചൻകോവിലാറിന്റെ തീരത്തുള്ള മൂന്ന് വാർഡുകളെ പ്രളയം ബാധിക്കുകയും പ്രളയ ശേഷം ആറ്റുത്തീരത്ത് അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേനാംഗങ്ങൾ സന്നദ്ധ സേവനത്തിലൂടെ വ്യാപകമായി നീക്കം ചെയ്ത് ശ്രദ്ധ നേടി.



ലയത്തിലും പരിസരപ്രദേശത്തും വലിച്ചെറിയപ്പെട്ട അജൈവമാലിന്യങ്ങൾ തൽസമയം തന്നെ നീക്കം ചെയ്തു. 2018 ലെ പ്രളയക്കാലത്ത് അച്ചൻകോവിലാറിന്റെ തീരത്തുള്ള മൂന്ന് വാർഡുകളെ പ്രളയം ബാധിക്കുകയും പ്രളയ ശേഷം ആറ്റുത്തീരത്ത് അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേനാംങ്ങൾ സന്നദ്ധ സേവനത്തിലൂടെ വ്യാപകമായി നീക്കം ചെയ്ത് ശ്രദ്ധ നേടി.

## വെല്ലുവിളികൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളോട് പ്രദേശത്തെ പൊതുജനങ്ങളിൽ ചെറിയൊരു വിഭാഗം നിഷേധാത്മക സമീപനം പുലർത്തിയതും കൃത്യമായി യൂസർഫീ നൽകാത്തതും പഞ്ചായത്ത് നേരിട്ട പ്രധാന വെല്ലുവിളിയായിരുന്നു. ഇതിനുള്ള പരിഹാരമാർഗ്ഗമായി ഹരിതനിയമ സന്ദേശയാത്ര നടത്തുകയും ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും 2019 നവംബർ 7 മുതൽ 14 വരെ ഹരിതനിയമ ഗ്രാമസഭകൾ നടത്തി. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വീടുകളിൽ ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു.



# അഴിയൂർ സമ്പൂർണ ശുചിത്വത്തിലേക്ക്

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ അഴിയൂർ ബ്ലോക്ക് പരിധിയിലാണ് അഴിയൂർ ഗ്രാമപഞ്ചായത്ത്. വടകര ലോക്‌സഭാ മണ്ഡലത്തിലുള്ള വടകര നിയമസഭാ മണ്ഡലത്തിലെ പഞ്ചായത്താണ് അഴിയൂർ. 9.77 ചതുരശ്ര കി.മീ വിസ്തൃതിയുള്ള അഴിയൂർ പഞ്ചായത്തിൽ ആൾ താമസമുള്ള വീടുകളുടെ എണ്ണം 7000 ആണ്. ആകെ ജനസംഖ്യ 33341; ഇതിൽ 16,082 പുരുഷൻമാരും 17259 സ്ത്രീകളും ഉൾപ്പെടുന്നു. ഏഴ് തീരദേശവാർഡുകൾ ഉൾപ്പെടെ ആകെ 18 വാർഡുകളാണ് അഴിയൂർ പഞ്ചായത്തിലുള്ളത്. അഞ്ച് കി.മീ പുഴയോരവും ആറ് കി.മീ കടൽത്തീരവും ഉൾക്കൊള്ളുന്ന അഴിയൂരിൽ നാലു നീർത്തടങ്ങളും ഉണ്ട്. 3412 ചതുരശ്ര കി.മീ ആണ് ഇവിടത്തെ ജനസാന്ദ്രത.

അഴിയൂർ പഞ്ചായത്തിൽ ഏറിയ പങ്കും തീരദേശ മേഖലയാണ്. ദിവസവേതനത്തിൽ ജോലി ചെയ്ത് ജീവിക്കുന്നവരും ഇടത്തരം വരുമാനമുള്ള കുടുംബങ്ങളുമാണ് ഭൂരിഭാഗവും. ചെറുകിട വ്യവസായങ്ങൾ കുറവാണ്. കാർഷിക മേഖലയിലും മുന്നേറ്റമില്ല. എന്നാൽ ചിലയിടങ്ങളിൽ ഗൾഫ് സ്വാധീനം ദൃശ്യമാണ്.

## മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ ഇടപെടൽ

പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിലെ വായു, വെള്ളം, മണ്ണ് എന്നിവ മലിനമാകാതിരിക്കാനായി മാലിന്യ സംസ്കരണ പ്രവർത്തനത്തിന് പ്രധാന പരിഗണന നൽകി.



ബോധവൽക്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംസ്കരണ പ്രവർത്തനങ്ങൾ, ജൈവ മാലിന്യത്തിനും ഉറവിട മാലിന്യസംസ്കരണ മാർഗ്ഗങ്ങൾ, അജൈവ മാലിന്യ ശേഖരണവും സംസ്കരണവും, ഹരിതകർമ്മ സേന, മാലിന്യത്തിൽ നിന്നും വരുമാനം, മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം തുടങ്ങി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഈ രംഗത്ത് അഴിയൂർ ഗ്രാമ പഞ്ചായത്ത് നടത്തുകയുണ്ടായി. ജൈവ മാലിന്യവും അജൈവ മാലിന്യവും വെവ്വേറെ കൈകാര്യം ചെയ്യാൻ പ്രത്യേക ശ്രദ്ധ വച്ചു.

## മാലിന്യത്തിന്റെ അളവ്

അഴിയൂർ പഞ്ചായത്തിന്റെ ജനസാന്ദ്രത 3412 ചതുരശ്ര കി.മീ ആണ്. ഇത് 2011 ലെ സെൻസസ് അനുസരിച്ചുള്ള കേരളത്തിന്റെ ശരാശരി ജനസാന്ദ്രതയായ 860 ന്റെ നാലു മടങ്ങോളമാണ്. അഴിയൂരിൽ ജൈവ മാലിന്യത്തിന്റെ തോത് സ്വാഭാവികമായും കൂടുതലായിരിക്കുമെന്ന് ഈ സ്ഥിതി വിവരത്തിൽ നിന്നു തന്നെ വ്യക്തമാണ്.

2017-18 ൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിലെ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിനോടനുബന്ധിച്ചുള്ള സർവേയിലൂടെ പഞ്ചായത്തിൽ സൃഷ്ടിക്കപ്പെടുന്ന ജൈവ അജൈവ മാലിന്യങ്ങളുടെ അളവ് കണക്കാക്കുകയുണ്ടായി. ഇതനുസരിച്ച് പഞ്ചായത്തിൽ ഒരു മാസം സൃഷ്ടിക്കപ്പെടുന്ന ഗാർഹിക മാലിന്യം 210 ടൺ ആണ്. (ഒരു വീട്ടിൽ ഒരു ദിവസം ഒരു കി.ഗ്രാം എന്ന തോതിൽ 7000 വീടുകളിൽ 30 ദിവസം എന്ന കണക്കിൽ) വലിയ പട്ടണങ്ങളോ വലിയ കവലകളോ അഴിയൂരിൽ ഇല്ല. ആശുപത്രി മാലിന്യവും പഞ്ചായത്തിൽ ഇല്ല. അതിനാൽ തന്നെ പൊതു ഇടങ്ങളിലെ ജൈവ മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ പൊതു നിരത്തിൽ കോഴി മാലിന്യം വലിച്ചെറിയുന്ന പ്രവണതയുണ്ടായിരുന്നത് പഞ്ചായത്തിന്റെ സവിശേഷ ഇടപെടലിലൂടെ പരിഹരിക്കാനായി.

ഒരു വീട്ടിൽ നിന്നും അഞ്ച് കി.ഗ്രാം എന്ന തോതിൽ 7000 വീടുകളിൽ നിന്നായി പ്രതിമാസം 35 ടൺ അജൈവ മാലിന്യവും കടകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസം അഞ്ച് ടണ്ണും ചേർത്ത് പഞ്ചായത്തിൽ പ്രതിമാസം ആകെ 40 ടൺ അജൈവ മാലിന്യം സൃഷ്ടിക്കപ്പെടുന്നുവെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇതിനു പുറമേ കടൽത്തീരത്ത് എത്തുന്ന അജൈവ മാലിന്യവും അഴിയൂർ പഞ്ചായത്തിൽ കാണപ്പെടുന്നുണ്ട്.



## ജൈവ മാലിന്യ സംസ്കരണം

ഉറവിട മാലിന്യ സംസ്കരണമാണ് അഴിയൂർ പഞ്ചായത്ത് അവലംബിക്കുന്ന ജൈവ മാലിന്യ സംസ്കരണ മാർഗ്ഗം. ഇതിനായി തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി വീടുകളിൽ ജൈവ മാലിന്യം നിക്ഷേപിക്കാനായി വളക്കുഴി നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആകെ 18 വാർഡുകളിലായി ഓരോ വാർഡിലും ഒരു ലക്ഷം രൂപ വകയിരുത്തി 3000 വളക്കുഴികളാണ് നിർമ്മിച്ചത്. വീടുകളിലെ കക്കൂസ് മാലിന്യം സ്വയം സംസ്കരിക്കുന്നു. ഗാർഹിക മലിനജലം പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും ഒഴുക്കിവിടുന്നത് തടയുന്നതിനുവേണ്ടി 600 സോക്പിറ്റുകൾ നിർമ്മിച്ചു വരുന്നു.

## അജൈവ മാലിന്യം - ശേഖരണം-സംസ്കരണം

അജൈവ മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഹരിത കർമ്മസേനയുടെ സേവനമാണ് മുഖ്യമായും പഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നത്. 2017 ആഗസ്റ്റിലാണ് അഴിയൂർ പഞ്ചായത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചത്. 15 പേരാണ് ഹരിത കർമ്മ സേനയിലുള്ളത്. 10 പേർ റിസർവിലുമുണ്ട്.

അഞ്ച് പേരടങ്ങുന്ന മൂന്ന് ഗ്രൂപ്പുകളായി തിരിച്ചാണ് ഹരിതകർമ്മ സേന പ്രവർത്തിക്കുന്നത്. പ്രത്യേക പരിശീലനം നൽകിയ ഹരിത കർമ്മസേനയ്ക്ക് ആറുമാസം വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നുമാണ് വേതനം നൽകിയത്.

രണ്ട് ഹരിതകർമ്മ സേനാംഗങ്ങൾ ചേർന്ന് പ്രതിദിനം 65 വീടുകൾ/കടകൾ എന്നിവിടങ്ങളിൽ നിന്ന് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നു. 30 രൂപയാണ് അജൈവ മാലിന്യ ശേഖരണത്തിന് യൂസർഫീ ആയി ഈടാക്കിയിരുന്നത്. ആകെ 7000 വീടുകളുള്ളതിൽ 5000 മുതൽ 5500 വീടുകളിൽ നിന്നും ആകെ 500 ഷോപ്പുകളുള്ളതിൽ 400 ഷോപ്പുകളിൽ നിന്നും യൂസർഫീ ലഭിച്ചു വരുന്നുണ്ട്. ഹരിതകർമ്മ സേന പ്രവർത്തനമാരംഭിച്ചപ്പോൾ 50 ശതമാനം വീടുകളിൽ നിന്നും യൂസർഫീ നൽകിയിരുന്നത് ഇപ്പോൾ 78 ശതമാനമായി ഉയർന്നിട്ടുണ്ട്. യൂസർഫീ നൽകാത്തവരുടെ പേരു വിവരം ഗ്രാമസഭയിൽ വായിക്കുന്നത് പിന്തുണ വർദ്ധിക്കുന്നതിന് കാരണമാവുന്നുണ്ട്.

## അജൈവ മാലിന്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യങ്ങൾ

ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കുന്നതിനായി 15 ലക്ഷം രൂപ ചെലവിട്ട് മിനി എം.ആർ.എഫ് കെട്ടിടം നിർമ്മിച്ചു. സാധനങ്ങൾ സൂക്ഷിക്കാനായി രണ്ടര ലക്ഷം രൂപയ്ക്ക് കെട്ടിടം നിർമ്മിച്ചു നൽകി. 5 ലക്ഷം രൂപ ചെലവിട്ട് പഞ്ചായത്തു തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചു. എല്ലാ വീട്ടുകാർക്കും ഹരിത കർമ്മസേനയുടെ സന്ദർശനവും മാലിന്യശേഖരണവും യൂസർഫീ ഈടാക്കലും രേഖപ്പെടുത്താനായി ശുചിത്വ കാർഡ് അച്ചടിച്ചു നൽകി. കെട്ടിടങ്ങളുടെ കറണ്ട് ബില്ല് പഞ്ചായത്ത് ഒടുക്കി. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജനപ്രതിനിധികളുമടങ്ങുന്ന മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചു.



ഹരിതകർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യം സംഭരണ കേന്ദ്രത്തിൽ വേർതിരിക്കുന്നു. വേർതിരിച്ച പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനും മറ്റുമായി കൈമാറുന്നു. 2019 നവംബർ വരെ 4000 കി.ഗ്രാം പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

പ്രതിദിനം 400 രൂപയാണ് ഹരിതകർമ്മ സേനാംഗങ്ങൾക്ക് വേതനമായി നൽകുന്നത്. നിലവിലുള്ള അജൈവ മാലിന്യ ശേഖരണ സംസ്കരണ സംവിധാനം ഒരു ബിസിനസ് മാതൃകയാക്കി നിലനിർത്താൻ അഴിയൂർ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. സ്ഥിരമായി 10 പേർ ഫീൽഡിലും 5 പേർ ഷ്രെഡിംഗ് യൂണിറ്റിലും ജോലി ചെയ്യുന്നു. വാഹന വാടക, കറണ്ട് ചാർജ്ജ് എന്നിവ കഴിച്ച് പ്രതിദിനം 4750 രൂപ മിച്ചം ലഭിക്കും വിധമാണ് ഇപ്പോൾ പ്രവർത്തനം. ഇതിനു പുറമേ പ്ലാസ്റ്റിക്കിനെ മൂല്യ വർദ്ധിതമായ രീതിയിൽ വേർതിരിച്ച് നൽകാൻ പഞ്ചായത്ത് പുതുപ്പാടി കേന്ദ്രീകരിച്ചുള്ള ഒരു സ്റ്റാർട്ട് അപ് സംരംഭവുമായി 2019 ഏപ്രിൽ 1-ന് കരാറിൽ ഏർപ്പെട്ടു. ഇപ്രകാരം കൈമാറിയതിലൂടെ 4.5 ലക്ഷം രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്.

ഹരിത കർമ്മസേനാംഗങ്ങൾക്ക് നിലവിൽ നൽകുന്ന വേതനം 400 ൽ നിന്നും 450 രൂപയായി വർദ്ധിപ്പിക്കുന്നു. പഞ്ചായത്ത് തന്നെ ബൈലിംഗ് യന്ത്രം വാങ്ങി നൽകി മൂല്യാധിഷ്ഠിത അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് വേർതിരിച്ചു നൽകുന്നതിലൂടെ കൂടുതൽ വരുമാനമുണ്ടാക്കാനാകും. വേർതിരിച്ച പ്ലാസ്റ്റിക് ഗ്രാന്യൂൾ രൂപത്തിലാക്കാനും യന്ത്രങ്ങൾ സ്ഥാപിക്കും.

## സവിശേഷ പ്രവർത്തനങ്ങൾ

ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് നിരവധി സവിശേഷ പ്രവർത്തനങ്ങൾ അഴി

## കടലിലെ പ്ലാസ്റ്റിക് നീക്കം ചെയ്ത് പ്രിയേഷ് മാളിയേക്കൽ



അഴിയൂർ പഞ്ചായത്തിൽ സാമൂഹ്യ പ്രവർത്തനത്തിന് ഉത്തമമാതൃക തീർക്കുകയാണ് മത്സ്യത്തൊഴിലാളിയായ പ്രിയേഷ് മാളിയേക്കൽ. സ്വന്തം വള്ളമെടുത്ത് പ്രളയത്തിലകപ്പെട്ട് ചാലക്കുടിക്കാരെ രക്ഷപ്പെടുത്തിയ പ്രിയേഷിന് പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം ദിനചര്യയാണ്. കടലിലെ പ്ലാസ്റ്റിക് സ്വന്തം തോണിയും വലയുമുപയോഗിച്ച് ശേഖരിച്ച് കരയിലെത്തിച്ച് പുനചംക്രമണത്തിന് നൽകുകയാണ് പ്രിയേഷ് ചെയ്യുന്നത്. കടൽ തീരത്തുള്ള മാലിന്യം നീക്കം ചെയ്യുന്നതിനും ചോമ്പാൽ ഹാർബർ ശുചീകരണത്തിനും ലഹരി വിരുദ്ധ പ്രവർത്തനത്തിനും ലക്ഷ്യമിട്ടുള്ള വിമുക്തി പദ്ധതിയിലും പ്രിയേഷ് സദാ സജീവമാണ്.

യൂർ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ ശുചിത്വബോധം വളർത്താനായി മുത്തശ്ശിയോട് ചോദിക്കാം എന്ന പേരിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ശുചിത്വ ശീലം പ്രകൃതി സ്നേഹം ഇവ വിഷയമാക്കിയുള്ള ചോദ്യങ്ങൾ മുത്തശ്ശിമാരോട് ചോദിച്ച് സോഫ്ട് വെയറിൽ രേഖപ്പെടുത്തിയും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചുമാണ് ഇത് നടപ്പാക്കിയത്.

പഞ്ചായത്തിൽ പ്രത്യേക പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പഞ്ചായത്തിലെ അഞ്ച് കി.മീ ദൂരമുള്ള കടൽത്തീരത്തു നിന്ന് 13.5 ടൺ പ്ലാസ്റ്റിക് ശേഖരിച്ച് പുന:ചംക്രമണത്തിന് നൽകി. കടലിൽ നിന്ന് രണ്ട് കി.മീ ദൂരത്തും തീരപ്രദേശത്ത് പൂർണ്ണമായും പ്ലാസ്റ്റിക് നീക്കം ചെയ്തു. കല്ലാമല നീർത്തടത്തിലെ പ്ലാസ്റ്റിക് മുഴുവനും നീക്കം ചെയ്തു. പുഴയോര സഭ സംഘടിപ്പിച്ച് പുഴയെ മാലിന്യ വിമുക്തമാക്കുന്നതിന് ജനങ്ങൾക്ക് ബോധവൽക്കരണം നൽകി.

കോഴിമാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതി നടപ്പാക്കി. സ്വകാര്യ സംരംഭകരുമായി ചേർന്ന് പഞ്ചായത്തിലെ 13 കോഴിക്കടകളിൽ പ്രത്യേകം ഫ്രീസർ സ്ഥാപിക്കുകയും അതിൽ മാലിന്യം നിക്ഷേപിച്ച് എല്ലാ ദിവസവും രാവിലെ പ്രത്യേക വാഹനത്തിൽ താമരശേരിയിൽ കൊണ്ടുപോയി ഡോഗ് ഫുഡ് പ്രോഡക്ടാകുന്ന പ്രവർത്തനമാണിത്. നാളിതുവരെ ആറ് ടൺ കോഴി മാലിന്യം സംസ്കരിച്ചു. പഞ്ചായത്തിന് ഒരു കിലോയ്ക്ക് 10 പൈസ ലഭിക്കും. ഏഴ് രൂപ നിരക്കിലാണ് കടയിൽ നിന്നും കോഴിമാലിന്യം ഏജൻസി കൊണ്ട് പോകുന്നത്.

ശുചിത്വശീലം ജനങ്ങളിൽ എത്തിക്കുന്നതിന് ഹരിത വിവാഹം പ്രോത്സാഹിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തു. മലിനജലം കയറി ശുദ്ധജല സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ കുടിനീർ തെളിനീർ പദ്ധതി തുടങ്ങി. ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഹരിതപെരുമാറ്റച്ചട്ടം നടപ്പാക്കി. കുഞ്ഞിപള്ള മഖാം ഉറൂസ്, റംസാൻ വ്രതകാലം, ലോകസഭാ ഇലക്ഷൻ പ്രചാരണം തുടങ്ങിയവയിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കാനായി. പഞ്ചായത്തിന് കൈമാറിക്കിട്ടിയ 11 സ്ഥാപനങ്ങളിലും ഹരിതചട്ടം നടപ്പിലാക്കി. കൂടാതെ 28 അംഗണവാടികളിലും 15 സ്കൂളുകളിലും ഹരിതചട്ടം കർശനമായി നടപ്പിലാക്കി. 2 വി

ശുചിത്വശീലം ജനങ്ങളിൽ എത്തിക്കുന്നതിന് ഹരിത വിവാഹം പ്രോത്സാഹിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തു. മലിനജലം കയറി ശുദ്ധജല സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ കുടിനീർ തെളിനീർ പദ്ധതി തുടങ്ങി. ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഹരിതപെരുമാറ്റച്ചട്ടം നടപ്പാക്കി. കുഞ്ഞിപള്ള മഖാം ഉറൂസ്, റംസാൻ വ്രതകാലം, ലോക്സഭാ ഇലക്ഷൻ പ്രചാരണം തുടങ്ങിയവയിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കാനായി. പഞ്ചായത്തിന് കൈമാറിക്കിട്ടിയ 11 സ്ഥാപനങ്ങളിലും ഹരിതചട്ടം നടപ്പിലാക്കി. കൂടാതെ 28 അംഗണവാടികളിലും 15 സ്കൂളുകളിലും ഹരിതചട്ടം കർശനമായി നടപ്പിലാക്കി. 2 വിദ്യാലയങ്ങൾ വൈകാതെ ഹരിത വിദ്യാലയങ്ങളായി മറും.



ദ്യാലയങ്ങൾ വൈകാതെ ഹരിത വിദ്യാലയങ്ങളായി മറും. 2019 ൽ 300 ഹരിത വിവാഹങ്ങളും 36 പൊതു പരിപാടികളും ഹരിതചട്ടം പാലിച്ച് നടത്തി. പൊതു സ്ഥലങ്ങൾ ഉൾപ്പെടെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി എന്റെ അഴിയൂർ നിർമ്മല അഴിയൂർ പദ്ധതി ആരംഭിച്ചു. ഇതിന്റെ ഭാഗമായി ശുചിത്വ സർവേ നടത്തി. പരാതി പരിഹാരത്തിന് സ്വന്തമായി മൊബൈൽ ആപ്ലിക്കേഷൻ ഉണ്ടാക്കി. ഉറവിട മാലിന്യ സംസ്കരണം, പരിസര ശുചിത്വം, ജലമലിനീകരണം എന്നിവ വിഷയമാക്കി ബോധവത്കരണത്തിന് പുസ്തകം അച്ചടിച്ചു വിതരണം ചെയ്തു. ഹരിത നിയമ ബോധവത്കരണത്തിന് ഹരിത നിയമാവലി കാമ്പയിൻ സംഘടിപ്പിച്ചു.

മുടി മാലിന്യം സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതി ആരംഭിച്ചു. പഞ്ചായത്തിലെ 21 ബാർബർ ഷോപ്പുകളിൽ പ്രത്യേക സഞ്ചി സൂക്ഷിച്ച് അതിൽ മുടി മാലിന്യം നിക്ഷേപിക്കുകയും അത് പുതുപ്പാടി കേന്ദ്രീകരിച്ചുള്ള സ്വകാര്യ കമ്പനിക്ക് നൽകി. ശാസ്ത്രീയമായി സംസ്കരിക്കുന്നു. 40 കിലോ മുടി മാലിന്യത്തിന് 400 രൂപയാണ് ഇതിനുള്ള ഫീസ് നിരക്ക്.

## വെല്ലുവിളികൾ – പ്രതിവിധികൾ

പൊതു സ്ഥലങ്ങളിൽ ജൈവ അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കണ്ടുപിടിച്ച് തടയുന്നതിന് സി.സി.ടി.വി ക്യാമറ സ്ഥാപിച്ചും ജനകീയ കൂട്ടായ്മ സൃഷ്ടിച്ചും ഇതിന് പരിഹാരം തേടാമെന്ന് പ്രതീക്ഷിക്കുന്നു. മാലിന്യം കത്തിക്കുന്ന പ്രവണതയും കണ്ടുവ


Panchayat sells 13,000 kg shredded plastic for roads

## Azhiyur shows way


At least 1,800 wells to fall under pollution category in the panchayat

## Azhiyur GP to audit 5K wells


## അഴിയൂർ കല്ലാമല നീർത്തടത്തിലെ പ്ലാസ്റ്റിക് കുമ്പാരം നീക്കി

രുന്നത് നിരുത്സാഹപ്പെടുത്താനായി കൂടുതൽ ബോധവത്കരണം നടത്താൻ ശ്രമം നടത്തും. ഇപ്പോൾ സ്കൂളുകളിൽ മാത്രം സ്ഥാപിച്ചിട്ടുള്ള തുമ്പൂർ മൂഴി സംവിധാനം പൊതുഇടങ്ങളിൽ കൂടുതൽ വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്.

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ അംഗീകരിച്ചു കിട്ടേണ്ടതുണ്ട്. എങ്കിലേ ഫലപ്രദമായി ഈ വിഷയത്തിൽ ഇടപെടാൻ കഴിയുള്ളൂ. ഉറവിട മാലിന്യ സംസ്കരണ സർവ്വേയിൽ വീട്ടുകാർ ആവശ്യപ്പെട്ടതനുസരിച്ചുള്ള അനുയോജ്യമായ ഉറവിട മാലിന്യ സംസ്കരണ സംവിധാനം സബ്സിഡിയോടെ നൽകേണ്ടതുണ്ട്. ഈ രംഗത്ത് കൂടുതൽ കാര്യക്ഷമത ഇപ്രകാരം കൈവരിക്കാനാകും. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിലും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്താനുള്ള ശ്രമമുണ്ട്. നിയമലംഘനങ്ങൾക്കെതിരെ ഉടൻ തന്നെ പിഴ ചുമത്താനുള്ള അധികാരം സെക്രട്ടറിക്ക് ലഭിച്ചാൽ ശുചിത്വ മാലിന്യ സംസ്കരണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനാകും.

2020 ൽ സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി പ്രഖ്യാപിക്കാനുതകും വിധമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരികയാണ് അഴിയൂർ ഗ്രാമപഞ്ചായത്ത്.



# ഹരിതം, അരിക്കുളം

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ പേരാമ്പ്ര അസംബ്ലി മണ്ഡലം പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്താണ് അരിക്കുളം. 8653 പുരുഷന്മാരും 9727 സ്ത്രീകളുമായി പഞ്ചായത്തിലെ ആകെ ജനസംഖ്യ (2011 സെൻസസ് പ്രകാരം) 18378 ആണ്. 16.25 ച.കി.മീ ആണ് ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം. ഇവിടെ 4409 വാസഗൃഹങ്ങളും 1010 സ്ഥാപനങ്ങളുമുണ്ട്. വൻകിട വ്യവസായശാലകളോ ഫാക്ടറികളോ ഇല്ലാത്ത ഈ പഞ്ചായത്തിൽ വാസഗൃഹങ്ങൾ കൂടാതെ ചെറുകിട കച്ചവടസ്ഥാപനങ്ങൾ, സ്കൂളുകളും, സർക്കാർ ഓഫീസുകളുമാണ് ഉള്ളത്. കൃഷിയും കച്ചവടവുമാണ് ജനങ്ങളുടെ മുഖ്യതൊഴിൽ. മറ്റ് തദ്ദേശസ്ഥാപനങ്ങളെ അപേക്ഷിച്ച് ഇവിടെ ഉദ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് താരതമ്യേന കുറവാണ്. 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന സർവ്വേ പ്രകാരം ഉദ്ദേശം രണ്ട് ടൺ അജൈവ മാലിന്യമാണ് പ്രതിമാസം ഇവിടെ ഉണ്ടാവുന്നത്.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

അരിക്കുളം ഗ്രാമപഞ്ചായത്തിൽ ജൈവ, അജൈവ മാലിന്യ സംസ്കരണത്തിനായി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്ഥാപനങ്ങൾക്കും വാസഗൃഹങ്ങൾക്കും റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാൻറ് എന്നിവയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കുഴി കമ്പോസ്റ്റും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വാർഡിന് രണ്ട്



പേർ എന്ന തോതിൽ 23 അംഗങ്ങളുള്ള ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഈ സേന ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. താരതമ്യേന മാലിന്യങ്ങൾ കുറവായ പഞ്ചായത്തിൽ മൂന്ന് മാസത്തിലൊരിക്കൽസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും കയറി മാലിന്യം ശേഖരിക്കുകയും അവ എം.സി.എഫിൽ സൂക്ഷിച്ച് വേർതിരിച്ച് കയറ്റി അയക്കുകയുമാണ് ചെയ്യുന്നത്. ഹരിതകർമ്മസേന വിവിധ ഘട്ടങ്ങളിലായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്, കുപ്പിച്ചില്ലുകൾ, ചെരുപ്പ്, ബാഗ്, പ്ലാസ്റ്റിക് കുപ്പികൾ എന്നിവ ശേഖരിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ പൂർണ്ണമായും ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന ഗ്രാമപ്രദേശമായ പഞ്ചായത്തിൽ റിംഗ് കമ്പോസ്റ്റ് വഴി ജൈവ മാലിന്യം ഉപയോഗിച്ച് വളമാക്കി നിരവധി കുടുംബങ്ങൾ ജൈവപച്ചക്കറി കൃഷിക്ക് ഉപയോഗിച്ചുവരുന്നുണ്ട്.

### അജൈവ മാലിന്യ സംസ്കരണം

ആകെ 4409 ഓളം വരുന്ന വീടുകളിൽ 1720 വീടുകളിൽ നിന്നും 45 സ്ഥാപനങ്ങളിൽ നിന്നുമാണ് ഹരിതകർമ്മ സേനയ്ക്ക് അജൈവ മാലിന്യങ്ങൾലഭിച്ചുവരുത്. അജൈവ മാലിന്യം അതത് വാർഡുകളിലെ കേന്ദ്രങ്ങളിൽ സംഭരിക്കുന്നു. പിന്നീട് താത്കാലിക എം. സി.എഫിൽ വെച്ച് തരംതിരിക്കുന്നു. കോഴിക്കോട് ഗ്രീൻവേംസ് എന്ന സ്ഥാപനവുമായി ഉടമ്പടി വെച്ച് മൂന്നുമാസത്തിൽ ഉദ്ദേശം നാല്





ടൺ പ്ലാസ്ററിക്, പേപ്പർ തുണി ഉൾപ്പെടെ ഉള്ള അജൈവ മാലിന്യങ്ങൾ കയറ്റിഅയക്കുന്നു. നിലവിൽ ഹരിയാലി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് യൂസർ ഫീ ഈടാക്കുന്നത്. ഒരു തവണ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് കൂലിയായി ദിവസം 350 രൂപ വീതം 72,800 രൂപയും 26,000രൂപ വാഹനവാടക ഉൾപ്പെടെ ആകെ 98,800രൂപ ചെലവുവരുന്നു. ഈ ചെലവ് വഹിക്കുന്നതിന് ഫണ്ട് ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തനം നടത്തിവരുത്.

## ഗ്രാമപഞ്ചായത്തിന്റെ സവിശേഷ ഇടപെടലുകൾ

പ്ലാസ്റ്റിക് രഹിത അരിക്കുളം എന്ന ലക്ഷ്യത്തോടെ വിപുലമായ ക്യാമ്പയിനുകളാണ് പഞ്ചായത്ത് നടത്തിവരുന്നത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ 2014 മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കുകയും പരിശോധന നടത്തി പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പരിപാടികളുടെയും ക്യാമ്പയിനുകളുടെയും ഭാഗമായി തുണിസഞ്ചികൾ വിതരണം ചെയ്തുവരുന്നു. വിവാഹം, ഗൃഹപ്രവേശനം, ഉൾപ്പെടെ മുഴുവൻ പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുകയും, അതിനായി എല്ലാ വാർഡുകൾക്കും, കുടുംബശ്രീ, എ.ഡി.എസ്, ഹരിതകർമ്മസേനയുടെയും കൂട്ടുത്തരവാദിത്തത്തിൽ സ്റ്റീൽ ഗ്ലാസുകൾ വാങ്ങി നൽകുകയും ചെയ്തു. ഇതുവഴി ചടങ്ങുകളിൽ

പ്ലാസ്റ്റിക്ക്, പേപ്പർ ഗ്ലാസുകൾ പൂർണ്ണമായും ഒഴിവാക്കുന്നു. ഹരിതകർമ്മ സേനയാണ് ഇത് ഏറ്റെടുത്ത് നടത്തുന്നത്.

മാലിന്യ വിപത്തിനെതിരെ ഗ്രാമസഭകളിൽ ആരോഗ്യവകുപ്പ് മുഖാന്തിരം ബോധവത്കരണം, വാർഡ്സഭകളിൽ ബോധവത്കരണം, ഹരിത സഹായസ്ഥാപനമായ ഹരിയാലിയുടെ ആഭിമുഖ്യത്തിൽ വാർഡുകൾതോറും ക്ലസ്റ്റർ രൂപീകരിച്ച് ബോധവത്കരണം, ആരോഗ്യവകുപ്പ് പഞ്ചായത്ത് ജീവനക്കാർ എന്നിവരുടെ ആഭിമുഖ്യത്തിൽ പൊതുസ്ഥലങ്ങൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യത്തിനെതിരെ ആശയപ്രചരണം നടത്തുന്നുണ്ട്. മഴക്കാല പൂർവ്വശുചീകരണം കൃത്യമായി വർഷംതോറും നടത്താറുണ്ട്. വർഷത്തിലൊരിക്കൽ ജനകീയ പങ്കാളിത്തത്തോടെ ശുചിത്വ ഹർത്താൽ നടത്താറുണ്ട്.

ചടങ്ങുകൾ നടക്കുന്നതിനു 10 ദിവസത്തിനുമുമ്പ് പ്രസിഡണ്ടിന്റെ അഭ്യർത്ഥന കത്തുകൾ, ജനപ്രതിനിധികളും ആരോഗ്യ പ്രവർത്തകരും ചേർന്ന് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കുന്നു. പഞ്ചായത്തിന്റെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തങ്ങൾക്ക് ജനങ്ങളിൽ നിന്നും നല്ല പിന്തുണലഭിക്കുന്നു. ഭക്ഷണ വിതരണത്തിന് വാഴ ഇലകൾ, സ്റ്റീൽ പ്ലേറ്റ് എന്നിവ ഉപയോഗിക്കുന്നു.

'ഹരിതം അരിക്കുളം' പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 42 കേന്ദ്രങ്ങളിൽ അലസമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ നിക്ഷേപിക്കുന്നതിനായി ഗ്രാമപ്പെട്ടികൾ

മാലിന്യം എന്ന വിപത്തിനെക്കുറിച്ചും അവ സംസ്കരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുസമൂഹത്തിന് അവബോധം ഉണ്ടെങ്കിലും മാലിന്യ സംസ്കരണം നടപ്പിലാക്കാൻ വിമുഖത കാണിക്കുന്നത് പ്രശ്നമായി നിലനിൽക്കുന്നു. ഗ്രമസഭ, അയൽസഭ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ദേവാലയങ്ങൾ, വ്യാപാരികൾ, രാഷ്ട്രീയ യുവജന സംഘടനകളിലൂടെയും ജനകീയ സംവിധാനങ്ങളിലൂടെയും ജനപങ്കാളിത്തംഉറപ്പുവരുത്താനും വിപുലമായ പ്രചരണ സംവിധാനങ്ങളും ഇത് പരിഹരിക്കാനായി ഉപയോഗിക്കുന്നു.





സ്ഥാപിച്ചു. വീടുകളിലെ ജൈവ-അജൈവ മാലിന്യങ്ങൾ കുറക്കുന്നതിനായി 2018-19 മുതൽ അടുക്കാം പ്രകൃതിയോട് തടുക്കാം ദുരന്തങ്ങളെ' എന്ന സന്ദേശമുയർത്തി' എന്റെ ഭവനം ഹരിതഭവനം' പദ്ധതി നടപ്പിലാക്കിവരുന്നു. പഞ്ചായത്തിലെ വീടുകളിൽ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ ഒഴിവാക്കി ചില്ലു ഭരണികളാക്കി മാറ്റിയിട്ടുണ്ട്.

ഇതിനായി ഗ്രാമസഭകൾ പ്രത്യേകം ചേർന്നു. പഞ്ചായത്ത് തലത്തിലും, വാർഡ്, അയൽസഭ തലത്തിലും സംഗമങ്ങൾ നടത്തി വ്യത്യസ്ത കമ്മറ്റികൾ നിലവിൽവന്നു. മുഴുവൻ വീടുകളും ഹരിതഭവനം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുള്ള പ്രവർത്തങ്ങളിലാണ് ഇപ്പോൾ ഗ്രാമ പഞ്ചായത്ത്. ഇതിന്റെ ഭാഗമായി വീടുകളിൽ ഭക്ഷണ പൊടികൾ, പലചരക്ക് സാധനങ്ങൾ ഉൾപ്പെടെ സൂക്ഷിച്ചുവെക്കുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ ഒഴിവാക്കുന്നതിനായി വിപുലമായ ക്യാമ്പയിൻ നടത്തി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും അംഗങ്ങളും ഗൃഹസന്ദർശനം നടത്തുകയും ശുചിത്വസന്ദേശം വിതരണം ചെയ്യുകയും ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി 80% വീടുകളിലും സ്റ്റീൽ, കല്ല് ഭരണികൾ, ചില്ല് ഭരണികൾ കൊണ്ടുവരാൻ സാധിച്ചു. ഇതിനായി കുടുംബശ്രീ സംവിധാനത്തെ ഉപയോഗിച്ചു. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമായി 3550 വീടുകളിൽ 13,300 ചില്ലുഭരണികൾ കുടുംബശ്രീ, അയൽസഭ മുഖാന്തിരം വാങ്ങി മാറ്റി സ്ഥാപിച്ചു. ഇത് ഏറ്റെടുത്തു വീടുകളിലെ മുഴുവൻ പ്ലാസ്റ്റിക് പാത്രങ്ങളും മാറ്റി പ്ലാസ്റ്റിക്കിനെ കയ്യൊഴിയാൻ ജനങ്ങളും സ്വയം സദ്ധരായി.



ഇതിന്റെ തുടർച്ചയായി എന്റെ വിദ്യാലയം ഹരിതവിദ്യാലയം എന്ന പേരിൽ വിദ്യാലയങ്ങളിലേക്കും ഈ പ്രവർത്തനം ഏറ്റെടുത്തു നടത്തി. 'എന്റെ വിദ്യാലയം ഹരിതവിദ്യാലയം' പദ്ധതി പ്രകാരം വിദ്യാർത്ഥികൾ വെള്ളംകൊണ്ടുവരുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ ഒഴിവാക്കി സ്റ്റീൽബോട്ടിലുകളാക്കി മാറ്റി. ബോൾ പേനകൾക്ക് പകരം മഷി പേനകൾ സ്പോൺസർ വഴി വിതരണം ചെയ്തു. പ്ലാസ്റ്റിക്മുക്ത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യത്തോടെ നടത്തിയ ഈ ക്യാമ്പയിനിന്റെ പ്രചാരണത്തിനായി കലാജാഥ എല്ലാ സ്കൂളുകളിലും പര്യടനം നടത്തി. വിദ്യാർത്ഥികളും

## 'എന്റെ ഭവനം ഹരിതഭവനം'

വീടുകളിലെ ജൈവ-അജൈവ മാലിന്യങ്ങൾ കുറക്കുതിനായി 2018-19 മുതൽ 'അടുക്കാം പ്രകൃതിയോട്, തടുക്കാം ദുരന്തങ്ങളെ' എന്ന സന്ദേശമുയർത്തി 'എന്റെ ഭവനം ഹരിതഭവനം' പദ്ധതി നടപ്പിലാക്കിവരുന്നു. പഞ്ചായത്തിലെ വീടുകളിൽ ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ഒഴിവാക്കി ചില്ലുഭരണികളാക്കി മാറ്റിയിട്ടുണ്ട്. ഇതിനായി ഗ്രാമസഭകൾ പ്രത്യേകം ചേർന്നു. പഞ്ചായത്ത് തലത്തിലും, വാർഡ്, അയൽസഭ തലത്തിലും സംഗമങ്ങൾ നടത്തി വ്യത്യസ്ത കമ്മറ്റികൾ നിലവിൽ വന്നു. മുഴുവൻ വീടുകളും ഹരിതഭവനം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുള്ള പ്രവർത്തങ്ങളിലാണ് ഇപ്പോൾ ഗ്രാമപഞ്ചായത്ത്. ഇതിന്റെ ഭാഗമായി വീടുകളിൽ ഭക്ഷണ പൊടികൾ, പലചരക്ക് സാധനങ്ങൾ ഉൾപ്പെടെ സൂക്ഷിച്ചുവെക്കുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ ഒഴിവാക്കുന്നതിനായി വിപുലമായ ക്യാമ്പയിൻ നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അംഗങ്ങളും ഗൃഹസന്ദർശനം നടത്തുകയും ശുചിത്വസന്ദേശം വിതരണം ചെയ്യുകയും ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി 80% വീടുകളിലും സ്റ്റീൽ, കല്ല് ഭരണികൾ, ചില്ല് ഭരണികൾ കൊണ്ടുവരാൻ സാധിച്ചു. ഇതിനായി കുടുംബശ്രീ സംവിധാനത്തെ ഉപയോഗിച്ചു. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമായി 3550 വീടുകളിൽ 13,300 ചില്ലുഭരണികൾ കുടുംബശ്രീ, അയൽസഭ മുഖാന്തിരം വാങ്ങി മാറ്റി സ്ഥാപിച്ചു. ഇത് ഏറ്റെടുത്തു വീടുകളിലെ മുഴുവൻ പ്ലാസ്റ്റിക് പത്രങ്ങളും മാറ്റി പ്ലാസ്റ്റിക്കിനെ കയ്യൊഴിയാൻ ജനങ്ങളും സ്വയം സദ്ധരായി.

അധ്യാപകരും ജനപ്രതിനിധികളും നാട്ടുകാരും ഇതിന്റെ ഭാഗമായി. ഇതിന്റെ തുടർച്ചയായി വിദ്യാലയങ്ങളിലും പൊതുഇടങ്ങളിലും പൂന്തോട്ടങ്ങൾസ്ഥാപിച്ചു. വിദ്യാർത്ഥികളും പൊതു ജനങ്ങളും ഉൾപ്പെടെ ഒരു ഗ്രാമ പഞ്ചായത്ത് ഒട്ടാകെ പ്ലാസ്റ്റിക്കിനോട് വിട പറയുന്ന കാഴ്ച്ചയാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്.

## വെല്ലുവിളികൾ പരിഹാരങ്ങൾ

മാലിന്യം എന്ന വിപത്തിനെക്കുറിച്ചും അവ സംസ്കരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുസമൂഹത്തിന് അവബോധം ഉണ്ടെങ്കിലും മാലിന്യ സംസ്കരണം നടപ്പിലാക്കാൻ വിമുഖത കാണിക്കുന്നത് പ്രശ്നമായി നിലനിൽക്കുന്നു. എല്ലാ തലങ്ങളിലുമുള്ള ഇടപെടലുകളും, നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിലൂടെയും പ്രശ്നങ്ങളെ അതിജീവിക്കാൻ ശ്രമിക്കുന്നു. ഗ്രമസഭ, അയൽസഭ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ദേവാലയങ്ങൾ, വ്യാപാരികൾ, രാഷ്ട്രീയ യുവജന സംഘടനകളിലൂടെയും ജനകീയ സംവിധാനങ്ങളിലൂടെയും ജനപങ്കാളിത്തം ഉറപ്പുവരുത്താനും വിപുലമായ പ്രചരണ സംവിധാനങ്ങളും ഇതിനായി ഉപയോഗിക്കുന്നു.





# ശുചിത്വമാർന്ന മലയാലപ്പുഴ

പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മലയോരപ്രദേശമാണ് മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്. മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 17033 ആണ്. 27.53 ച.കി.മീ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 14 വാർഡുകളിലായി 5733 വീടുകളും 878 വാണിജ്യ സ്ഥാപനങ്ങളുമുണ്ട്. പഞ്ചായത്തിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന ജൈവമാലിന്യത്തിന്റെ അളവ് 400 ഗ്രാമും അജൈവ മാലിന്യത്തിന്റെ അളവ് 7.46 കി.ഗ്രാമും ആണ്.

### ജൈവ മാലിന്യ സംസ്കരണം

ജൈവ മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടി മണ്ണിര കമ്പോസ്റ്റ് ഒരെണ്ണം 961 കമ്പോസ്റ്റ് പിറ്റുകളും 127 റിങ്കമ്പോസ്റ്റും 10 സോക്പിറ്റും നിർമ്മിച്ചിട്ടുണ്ട്. ഇത് കൂടാതെ പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളായ രണ്ട് സ്കൂളുകളിൽ രണ്ട് കമ്പോസ്റ്റ് പിറ്റുകളും ജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.

### അജൈവ മാലിന്യ സംസ്കരണം

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലായി 28 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. ഹരിതകർമ്മസേനാംഗങ്ങൾ മാസത്തിൽ ഒരിക്കൽ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമായി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിന്റെ എം.സി.എഫിൽ എത്തിക്കുന്നു. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി



വീടുകളിൽ നിന്നും യൂസർഫീ ആയി 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ലഭിക്കുന്നുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിമാസം 6000 രൂപ വരുമാനം ലഭിക്കുന്നുണ്ട്.

## സവിശേഷ ഇടപെടലുകൾ

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ പ്രമുഖ വ്യവസായ സ്ഥാപനമായ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള കുമ്പഴ എസ്റ്റേറ്റിൽ 427 കുടുംബങ്ങളിലായി 1500 പേർ താമസിക്കുന്നുണ്ട്. റബ്ബർ അധിഷ്ഠിത തൊഴിൽ മേഖലയിൽ അറുനൂറോളം പേർ പങ്കെടുക്കുന്നു. ഇവിടങ്ങളിൽ ഹരി



കേരളത്തിന് അകത്തുനിന്നും പുറത്തുനിന്നും ദിനംപ്രതി ഭക്തജനങ്ങൾ എത്തിച്ചേരുന്ന പത്തനംതിട്ട ജില്ലയിലെ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ മലയാലപ്പുഴ ദേവീ ക്ഷേത്രത്തിൽ പൂജാസാധനങ്ങളും വഴിപാട് സാധനങ്ങളും ഉപയോഗശേഷം നിർമ്മാർജനം ചെയ്യുക എന്നത് വലിയ ബുദ്ധിമുട്ടാണ്. ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്തായി മാറ്റുന്നതിന്റെ ഭാഗമായി ക്ഷേത്രത്തിന്റെ അകത്തും പുറത്തും വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. ഇതുകൂടാതെ ക്ഷേത്രത്തിനോട് അനുബന്ധമായി നിൽക്കുന്ന വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ച് പ്രത്യേകം തയ്യാറാക്കിയ സോക് പിറ്റിൽ നിക്ഷേപിക്കുന്നു. സോക് പിറ്റിൽ നിറയുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പത്തനംതിട്ട നഗരസഭയുമായി ധാരണയിലെത്തുകയും മൂന്നുദിവസം കൂടുമ്പോൾ അവ നീക്കം ചെയ്യുകയും ചെയ്യുന്നു. ക്ഷേത്രത്തിലെ അപ്പം ഉൾപ്പെടെയുള്ള പ്രസാദങ്ങൾ പ്ലാസ്റ്റിക് കവറിന് പകരം പേപ്പർ കവറുകളിൽ നൽകുന്നു.





തകർമ്മസേനാംഗങ്ങളുടെ നേതൃത്വത്തിൽ എസ്റ്റേറ്റിലെ മുഴുവൻ പ്ലാസ്റ്റിക്കുകളും ശേഖരിക്കുകയും എല്ലാ വീടുകളിലും തുണി സഞ്ചി വിതരണം ചെയ്യുകയും ചെയ്തു. പ്ലാസ്റ്റിക് രഹിത ബോധവത്കരണത്തിന് ശേഷം ഇവിടെ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലും ഹരിതചട്ടം പാലിക്കുന്നു.

കേരളത്തിന് അകത്തുനിന്നും പുറത്തുനിന്നും ദിനംപ്രതി ഭക്തജനങ്ങൾ എത്തിച്ചേരുന്ന പത്തനംതിട്ട ജില്ലയിലെ പ്രശസ്തമായ തീർത്ഥാടന കേന്ദ്രമായ മലയാലപ്പുഴ ദേവീ ക്ഷേത്രത്തിൽ പൂജാസാധനങ്ങളും വഴിപാട് സാധനങ്ങളും ഉപയോഗശേഷം നിർമ്മാർജനം ചെയ്യുക എന്നത് വലിയ ബുദ്ധിമുട്ടാണ്. ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്തായി മാറ്റുന്നതിന്റെ ഭാഗമായി ക്ഷേത്രത്തിന്റെ അകത്തും പുറത്തും വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. ഇതുകൂടാതെ ക്ഷേത്രത്തിനോട് അനുബന്ധമായി നിൽക്കുന്ന വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ച് പ്രത്യേകം തയ്യാറാക്കിയ സോക് പിറ്റിൽ നിക്ഷേപിക്കുന്നു. സോക് പിറ്റിൽ നിറയുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി പത്തനംതിട്ട നഗരസഭയുമായി ധാരണയിലെത്തുകയും മൂന്നുദിവസം കൂടുമ്പോൾ അവ നീക്കം ചെയ്യുകയും ചെയ്യുന്നു. ക്ഷേത്രത്തിലെ അപ്പം ഉൾപ്പെടെയുള്ള പ്രസാദങ്ങൾ പ്ലാസ്റ്റിക് കവറിന് പകരം പേപ്പർ കവറുകളിൽ നൽകുന്നു.

## വെല്ലുവിളികൾ

വ്യാപാര സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വലിച്ചെറിയുന്നതും ഹരിതകർമ്മസേനാംഗങ്ങളോട് സഹകരിക്കാത്തതും പഞ്ചായത്ത് നേരിടുന്ന പ്രതിസന്ധികളാണ്. ഈ വെല്ലുവിളികൾ തരണം ചെയ്യാൻ വേണ്ടി എല്ലാ വാർഡുകളിലും ഹരിതനിയമ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വിൽക്കുന്നതിനെതിരെ നോട്ടീസ് നൽകി കൊണ്ട് ജനങ്ങളെ ബോധവത്ക്കരിക്കാൻ സാധിക്കുകയും ചെയ്തു.

# ശുചിത്വം ഉറപ്പാക്കാൻ കർമ രംഗത്തേയ്ക്ക്...

കാസറഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ കാഞ്ഞങ്ങാട് ബ്ലോക്കിൽ ഉൾപ്പെട്ട പഞ്ചായത്താണ് പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്. 63.25 ച.കി.മി വ്യാപ്തിയുള്ള പഞ്ചായത്തിൽ 26814 ആണ് ജനസംഖ്യ. ഹരിതകർമ്മസേന പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഏകദേശം 700 കി.ഗ്രാം അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്.

## മാലിന്യ സംസ്കാരണരംഗത്തെ ഇടപെടലുകൾ

### ജൈവമാലിന്യ സംസ്കരണം

ജൈവമാലിന്യസംസ്കരണത്തിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1000 കമ്പോസ്റ്റ് കുഴി, വളക്കുഴികൾ, വാട്ടർഷെഡ്സ് എന്നീ പ്രവർത്തികൾ ചെയ്തിട്ടുണ്ട്.കൂടാതെ 420



പുല്ലൂർ-പെരിയ പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ, സ്കൂൾ, അംഗൻവാടി, ഉത്സവങ്ങൾ എന്നിവ ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് പ്രവർത്തിക്കുന്നു.

പൈപ്പ് കംമ്പേസ്റ്റ്, സ്കൂളുകളിൽ മാലിന്യ ക്കിറ്റ് എന്നിവ പഞ്ചായത്ത് പദ്ധതിയിൽ ഉൾ പ്പെടുത്തി ചെയ്തിട്ടുണ്ട്.ആരോഗ്യ പ്രവർത്ത കരുടെ നേതൃത്വത്തിൽ വ്യാപാര സ്ഥാപന ങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുന്ന തിനുള്ള നടപടികളും പഞ്ചായത്ത് സ്വീക രിച്ചു വരുന്നുണ്ട്. ഒരു ദിവസം 450 കിലോ ഗ്രാമോളം ജൈവമാലിന്യങ്ങളാണ് പഞ്ചാ യത്തിൽ സംസ്കരിക്കുന്നത്. കൂടാതെ തൊ ഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുക ളിൽ നിർമ്മിച്ച കമ്പോസ്റ്റ് കുഴികളിൽ നി ന്നുള്ള വളങ്ങൾ കൃഷി ആവശ്യങ്ങൾക്ക് ഉ പയോഗിക്കുന്നു.

### അജൈവമാലിന്യ സംസ്കരണം

പഞ്ചായത്തിലെ തെരഞ്ഞെടുത്ത 34 ഹ രിതകർമ്മസേന അംഗങ്ങൾ പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് തരംതിരിച്ച് എംസിഎഫിൽ നി ന്നും ഏജൻസികൾക്ക് കൈമാറി വരുന്നു ണ്ട്. കടകളിൽ നിന്ന് പ്ലാസ്റ്റിക്കുകൾ ശേഖ രിക്കുന്നതിന് പ്രധാനപ്പെട്ട ടൌണുകൾ കേ ന്ദ്രീകരിച്ച് വേസ്റ്റ് ബോക്സുകൾ നൽകിയി ട്ടുണ്ട്. പഞ്ചായത്തിലെ 10500 വീടുകളിൽ 10150 വീടുകളിൽ നിന്നും ഹരിതകർമ്മസേ നാംഗങ്ങൾ പ്ലാസ്റ്റിക്കുകൾ ശേഖരിച്ചു വരു ന്നുണ്ട്. വീടുകൾക്ക് 30 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 50 രൂപയുമാണ് യൂസർ ഫീ ഇനത്തിൽ ഈടാക്കി വരുന്നത്. എ









സ്.സി,എസ്.ടി കുടുംബങ്ങളെ യൂസർഫീ വാങ്ങുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രതിമാസം ഹരിതകർമ്മസേന അംഗത്തിന് 5000 രൂപ ലഭിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേന 1000 ടണ്ണോളം അജൈവമാലിന്യങ്ങളാണ് ശേഖരിച്ച് എം സി എഫ് കേന്ദ്രത്തിലെത്തിക്കുന്നത്.

## മാലിന്യങ്ങളുമായി ബന്ധപ്പെട്ട നിയമ നടപടികൾ

ചാലിങ്കാൽ പതിന്നാലാം വാർഡിൽ ഒരു വ്യക്തിയുടെ പറമ്പിൽ പുറത്തുനിന്ന് കൊണ്ടു വന്ന പ്ലാസ്റ്റിക് വിഷവാതകങ്ങൾ ഉൾപ്പെടുന്ന ബോട്ടിലുകൾ തുടങ്ങിയവ നിക്ഷേപിച്ചത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ നിയമ നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് സ്റ്റേഷനിൽ കത്ത് നൽകിയിരുന്നു. സ്ഥലമുടമയെ പഞ്ചായത്തിൽ നേരിട്ട് വിളിച്ച് പ്രശ്ന പരിഹാരത്തിന് ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും, പഞ്ചായത്ത്, സ്ഥലമുടമ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നില്ല.

## ശീലവത്കരണത്തിനുള്ള ഇടപ്പെടലുകൾ

പുല്ലൂർ-പെരിയ പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ, സ്കൂൾ, അംഗൻവാടി, ഉത്സവങ്ങൾ എന്നിവ ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് പ്രവർത്തിക്കുന്നു.



# ക്രിയാത്മക നടപടികളുമായി കിനാനൂർ കരിന്തളം

കാസറഗോഡ് ജില്ലയുടെ കിഴക്കൻമേഖലയിലുള്ള മലയോര പഞ്ചായത്താണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്.കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പരപ്പ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്നപഞ്ചായത്തിൻറെ വിസ്തീർണം 77.49 ച.കി.മീറ്ററാണ്. 9628 വാസഗൃഹങ്ങളിലായി 32866 ജനങ്ങൾ പഞ്ചായത്തിലുണ്ട്. പ്രതിവർഷം വീടുകളിൽ നിന്നുള്ള 9.6 ടൺ ഉൾപ്പെടെ 15 ടൺ പ്ലസ്റ്റിക് മാലിന്യങ്ങളും, വീടുകളിൽ നിന്നുള്ള 133 ടൺ ഉൾപ്പെടെ 1754 ടൺ ജൈവമാലിന്യങ്ങളും 92 കിലോഗ്രാം മാലിന്യങ്ങളും 620 കിലോഗ്രാം ബയോമെഡിസിൻ മാലിന്യങ്ങളും പഞ്ചായത്തിൽ രൂപപ്പെടുന്നു

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപ്പെടൽ

### ജൈവമാലിന്യ സംസ്കരണം

ഗാർഹിക ജൈവമാലിന്യ പരിപാലനത്തിന് 1400 വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും 60 ബയോഗ്യാസ് പ്ലാൻറുകളും സ്ഥാപിച്ചിട്ടുണ്ട്. ജൈവവളം അതത് വീടുകളിൽ കാർഷിക ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നു. പുതിയതായി 500 ഗാർഹിക ജൈവ കമ്പോസ്റ്റ് യൂണിറ്റുകളും മാലിന്യപരിപാലനത്തിന് 500 വീടുകളിൽ സോക്പിറ്റ് യൂണിറ്റും അധികമായി സ്ഥാപിക്കുന്നുണ്ട്.പ്രതിവർഷം 620 കിലോഗ്രാം ബയോ മെഡിക്കൽ മാലിന്യങ്ങൾ കുടുബാരോഗ്യകേന്ദ്രങ്ങളിൽ നിന്നും ഇമേജ് എന്ന അംഗീകൃത ഏജൻ



സിക് കൈമാറി വരുന്നുണ്ട്. സഹകരണ മേഖലയിൽ കോഴി മാലിന്യങ്ങൾ ,സംസ്ക രിച്ച് ജൈവവളമാക്കി മാറ്റുന്ന ആധുനിക സംസ്കരണ കേന്ദ്രവും പ്രവർത്തിക്കുന്നു. ചകിരി സംസ്കരണ യൂണിറ്റിലെ ചകിരി ച്ചോറ് ജൈവവള നിർമ്മാണത്തിനായി. സം രഭകർക്ക് പ്രതിമാസം 12 ടൺ എന്ന രീതി യിൽ ലഭ്യമാക്കുന്നുണ്ട്.

### അജൈവമാലിന്യ സംസ്കരണം

34 ഹരിതകർമ്മസേന അംഗങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വീടുകളിൽ നിന്നും ഓ രോ മാസവും കടകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. ശേഖരിച്ച മാലിന്യങ്ങൾ സം ഭരണ കേന്ദ്രത്തിലെത്തിച്ച് തരംതിരിച്ചതിനു ശേഷം എംസിഎഫുകളിൽ ശേഖരിക്കുന്നു.



ഷെഡ്ഡിംഗ് യൂണിറ്റിൽ വെച്ച് പൊടിക്കുന്നു. ഓരോ ദിവസവും 700 കിലോഗ്രാം പൊടി ക്കാൻ ഇതിനു ശേഷിയുണ്ട്. വീടുകളിൽ നിന്ന് 30 രൂപയും കടകളിൽ നിന്നും 50-100

എല്ലാ സ്ഥാപനങ്ങളിലും ഹരിത ചട്ടങ്ങൾ 2017 ൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോ ഗം ഒഴിവാക്കുന്നതിന് സ്ഥാപന ങ്ങൾക്കും വീടുകൾക്കും 10000 തുണി സഞ്ചികൾ നൽകുക യും വ്യാപകമായ ബോധവത് കരണവും നടത്തുകയും ചെയ് തിട്ടുണ്ട്. ഇതിനായി 'കിനാക്കു ഞ്ഞുങ്ങൾ' എന്ന നാടക സംഘത്തെയും പ്രയോജനപ്പെ ടുത്തി. 'ഇരുളും മുമ്പേ' എന്ന ഡോക്യുഫിഷനും നിർമ്മിച്ച് പ്രദർശിപ്പിച്ചു. വിവിധ പരിപാ ടികളിൽ പ്ലാസ്റ്റിക്, ഡിസ്പോ സിബിൾ പ്ലേറ്റുകൾക്കു പകരം സ്റ്റീൽ പാത്രങ്ങൾ വാടകയ്ക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു. കടകളിൽ പ്ലാസ്റ്റി ക് മാലിന്യങ്ങൾ സംരഭിച്ച് കൈമാറുന്നതിന് വേസ്റ്റ് ബിന്നു കൾ നിർബന്ധിതമാക്കി.







രൂപയും യൂസർഫീ ശേഖരിക്കുന്നുണ്ട്. ഹരിതസേനാംഗങ്ങൾക്ക് യൂസർഫീ കൊണ്ട് മാത്രം മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സ്റ്റീൽ ഗ്ലാസ്സുകൾ, പാത്രങ്ങൾ വാടകയ്ക്ക് നൽകുന്ന യൂണിറ്റ്, തുണിസഞ്ചി നിർമ്മാണം ഉൾപ്പെടെയുള്ള അധിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിച്ചു. 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും നിരോധിച്ചിട്ടുണ്ട്.

## ശീലവത്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

എല്ലാ സ്ഥാപനങ്ങളിലും ഹരിത ചട്ടങ്ങൾ 2017 ൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം ഒഴിവാക്കുന്നതിന് സ്ഥാപനങ്ങൾക്കും വീടുകൾക്കും 10000 തുണി സഞ്ചികൾ നൽകുകയും വ്യാപകമായ ബോധവത്കരണവും നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി 'കിനാക്കുഞ്ഞുങ്ങൾ' എന്ന നാടക സംഘത്തെയും പ്രയോജനപ്പെടുത്തി. 'ഇരുളും മുമ്പേ' എന്ന ഡോക്യുഫിഷനും നിർമ്മിച്ച് പ്രദർശിപ്പിച്ചു. വിവിധ പരിപാടികളിൽ പ്ലാസ്റ്റിക്, ഡിസ്പോസിബിൾ പ്ലേറ്റുകൾക്കു പകരം സ്റ്റീൽ പാത്രങ്ങൾ വാടകയ്ക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു. കടകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിച്ച് കൈമാറുന്നതിന് വേസ്റ്റ് ബിന്നുകൾ നിർബന്ധിതമാക്കി. അജൈവമാലിന്യങ്ങളുടെ അളവ് കുറയ്ക്കൽ, യൂസർ ഫീ ലഭ്യമാക്കൽ, മാലിന്യ പരിപാലനത്തിനുള്ള സാമൂഹ്യപങ്കാളിത്തവും ജനകീയ സംവിധാനവും ഉറപ്പാക്കുന്നതിനായി 17 വാർഡ് തല ഗ്രീൻകൌൺസിലും പ്രദേശികമായി, 40-60 വീടുകൾ ഉൾപ്പെടുന്ന ഹരിത ക്ലസ്റ്ററുകളും രൂപീകരിച്ചു. 10000 ലഘുലേഖകൾ വിതരണം ചെയ്തു.

## സവിശേഷ പ്രവർത്തനങ്ങൾ/ നിയമനടപടികൾ

പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ പുറന്തള്ളിയവർക്കെതിരെ 'ഫാൽക്കൺ പട്രോൾ' എന്ന പേരിൽ സ്ക്വാഡുകൾ രൂപീകരിച്ചു. ഇത്തരക്കാരെ പിടികൂടി നാല് കേസ്സുകളിൽ താക്കീത് ചെയ്യുകയും 25000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വെല്ലുവിളികൾ

ഹരിതകർമ്മസേനയ്ക്ക് യൂസർഫീ കൃത്യമായി നൽകാത്തത് പ്രശ്നമായി നിലനിന്നിരുന്നു. പഞ്ചായത്തിന്റെ ഇടപ്പെടലിലൂടെ അവ പരിഹരിച്ചുവരുന്നു.



# ശുചിത്വം: ഒരു ചെറുവത്തൂർ വിജയഗാഥ

കാസറഗോഡ് ജില്ലയുടെ തെക്കുഭാഗത്ത് ശ്രദ്ധേയമായ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ, നീലേശ്വരം ബ്ലോക്ക് പരിധിയിലാണ് ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്. 18.37 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ജനസംഖ്യ 27498 (2011 സെൻസസ്). പ്രതിദിനം 216 കിലോഗ്രാം ജൈവമാലിന്യങ്ങളും 246 കിലോഗ്രാം അജൈവമാലിന്യങ്ങളും ഇവിടെ രൂപപ്പെടുന്നു. സജീവ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലൂടെയും ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് ശ്രദ്ധക്ഷണിക്കുന്നു.

## മാലിന്യ സംസ്കരണമേഖലയിലെ ഇടപ്പെടലുകൾ

### ജൈവമാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണത്തിനായി പഞ്ചായത്തിലെ 7206 വീടുകളിൽ 5408 വീടുകൾക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇതുകൂടാതെ 302 പൈപ്പ് കമ്പോസ്റ്റുകളും 12 എൻ.എ.ഇ.ഡി.പി. കമ്പോസ്റ്റും വിതരണം ചെയ്തു. ഇതിലൂടെ പഞ്ചായത്തിൻറെ സമഗ്രമായ ജൈവമാലിന്യ സംസ്കരണമാണ് ലക്ഷ്യമിടുന്നത്.

### അജൈവമാലിന്യ സംസ്കരണം

അജൈവമാലിന്യ സംസ്കരണത്തിൽ ഏറെ മുന്നേറാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. 17 വാർഡുകളിലും സജീവമായി പ്രവർത്തിക്കുന്ന ഹരിതകർമ്മസേന കൃത്യമായ ഇടവേളകളിൽ പ്ലാസ്റ്റിക് ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിൽ എത്തി



ഗ്രാമപഞ്ചായത്ത് ഓഫീസ്, ഘടകസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, പഞ്ചായത്തിലെ ഓഡിറ്റോറിയങ്ങൾ, ഹാളുകൾ എന്നിവിടങ്ങളിലെല്ലാം ഹരിത ചട്ടങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലുള്ള 21 അംഗൻവാടിയിലും ഒരു ശിശുമന്ദിരത്തിലുമായി വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ മാസത്തിൽ പരിശോധനയും നടന്നു വരുന്നു. വിവാഹങ്ങൾ, പൊതുചടങ്ങുകൾ, ഉത്സവാഘോഷങ്ങൾ എന്നിവയിലെല്ലാം ഹരിതചട്ടം കൃത്യമായി നടപ്പാക്കുന്നതിന് ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. വിവാഹ രജിസ്ട്രേഷന് ഹരിതചട്ടം പാലിച്ചിട്ടുണ്ടെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധന ഇതിന്റെ ഭാഗമായി പഞ്ചായത്ത് മുന്നോട്ട് വെക്കുന്നു.

ക്കുന്നു. ഹരിതകേരള മിഷന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന മെഹയൂബ വേസ്റ്റ് മാനേജ്മെൻറ് എന്ന സ്ഥാപനം ഈ മാലിന്യങ്ങളത്രയും ശേഖരിക്കുന്നു.

ശരാശരി നാന്നൂറ് വീടുകളാണ് ഗ്രാമ പഞ്ചായത്തിലെ ഓരോ വാർഡുകളിലുമുള്ളത്. രണ്ട് വളണ്ടിയർമാർ ചേർന്ന് പത്താം ദിവസം കൊണ്ടാണ് പ്ലാസ്റ്റിക് ശേഖരിക്കുന്നത്. ശരാശരി ഒരു വളണ്ടിയർമാർക്ക് 400 രൂപ ദിവസവേതനമായി ലഭിക്കുന്ന തരത്തിൽ ശേഖരണം പൂർത്തിയാക്കാൻ സാധിക്കുന്നുണ്ട്. മുഴുവൻ വീടുകളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നതിന് പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് വാർഡ് സാനിറ്റേഷൻ കമ്മിറ്റി ജാഗ്രതയോടെ രംഗത്തുണ്ട്.

## ശീലവത്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

### കോലായ കൂട്ടങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വ്യത്യസ്തമായ ഒരു ആരോഗ്യ ശുചിത്വ ബോധവത്കരണ പരിപാടിയായിരുന്നു കോലായകൂട്ടങ്ങൾ. പരിസ്ഥിതിസംരക്ഷണം, മാലിന്യ നിർമാർജനം, പകർച്ച വ്യാധികൾ എന്നീ വിഷയങ്ങളിൽ പഴയ പുതിയ കാലത്തെ അന്തരങ്ങൾ ചർച്ച ചെയ്യാനും, പുതിയ കാലം സ്വീകരിക്കേണ്ട ജീവിത രീതിയെ കുറിച്ച് അവബോധം വളർത്താനും ലക്ഷ്യമിട്ടു സംഘടിപ്പിച്ച ജനകീയ- സംവാദ വേദികളായിരുന്നു കോലായ കൂട്ടങ്ങൾ.

പതിവ് ബോധവത്കരണ പരിപാടികൾക്കപ്പുറം സന്ധ്യാ നേരത്ത് വീട്ടുമുറ്റങ്ങളിൽ റാന്തൽ വിളക്കിൻറെ വെളിച്ചത്തിൽ നാട്ടുപലഹാരങ്ങൾ ഒരുക്കി ഓർമകളും അനുഭവങ്ങളും പങ്കുവെച്ച് നടത്തിയ കോലായ കൂട്ടങ്ങൾ പുത്തൻ അനുഭവങ്ങളായി മാറി.

### ക്ലീൻ ചെറുവത്തൂർ ക്യാമ്പയ്ൻ

ചെറുവത്തൂരിന്റെ സമ്പൂർണ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്ലീൻ ചെറുവത്തൂർ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടന്ന വേറിട്ട ശുചീകരണ ക്യാമ്പ

യ്ൻ ആണ്. ഗ്രാമപഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നെത്തിയ എൻഎസ് എസ്, ഭൗമിത്രസേന, ആശാവർക്കർമാർ, ഹരിതകർമ്മ സേനഅംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, പഞ്ചാ യത്ത് ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർ ക്ലീൻ ചെറുവത്തൂർ ക്യാമ്പയ്നിൽ പങ്കാളികളായി. ഇതിന്റെ ഭാഗമായി പൊതു ജന ആരോഗ്യപ്രവർത്തകരെ ഉപയോഗപ്പെ ടുത്തികൊണ്ട് ബോധവത്കരണ സെമിനാ റുകൾ ഗൃഹസന്ദർശന ക്യാമ്പയ്നുകൾ, വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി സർവ്വ പ്രവർത്തനങ്ങൾ എന്നിവയും സമയബന്ധി തമായി നടപ്പിലാക്കി.

ഗ്രാമപഞ്ചായത്ത് ഓഫീസ്, ഘടകസ്ഥാ പനങ്ങൾ, വിദ്യാലയങ്ങൾ, പഞ്ചായത്തിലെ ഓഡിറ്റോറിയങ്ങൾ, ഹാളുകൾ എന്നിവിടങ്ങ ളിലെല്ലാം ഹരിത ചട്ടങ്ങൾ നടപ്പിലാക്കിയി ട്ടുണ്ട്. കൂടാതെ പഞ്ചായത്തിലുള്ള 21 അംഗ ൻവാടിയിലും ഒരു ശിശുമന്ദിരത്തിലുമായി വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ മാസ ത്തിൽ പരിശോധനയും നടന്നു വരുന്നു. വിവാഹങ്ങൾ, പൊതുചടങ്ങുകൾ, ഉത്സവാ ഘോഷങ്ങൾ എന്നിവയിലെല്ലാം ഹരിതചട്ടം കൃത്യമായി നടപ്പാക്കുന്നതിന് ഭരണസമി തിക്ക് കഴിഞ്ഞിട്ടുണ്ട്. വിവാഹ രജിസ്ട്രേഷന് ഹരിതചട്ടം പാലിച്ചിട്ടുണ്ടെന്ന വാർഡ് മെമ്പ റുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന നിബന്ധന ഇതിന്റെ ഭാഗമായി പഞ്ചായത്ത് മുന്നോട്ട് വെക്കുന്നു.

## സവിശേഷ ഇടപടലുകൾ

### അതിജീവനം-ഒരു ചെറുവത്തൂർ വിജയഗാഥ

പ്രളയാനന്തരം തേജസ്വിനിയുടെ തീരങ്ങ ളിൽ അടിഞ്ഞുകൂടിയ 80 ടൺ മാലിന്യം സമയബന്ധിതമായി നീക്കം ചെയ്ത് മൈസൂ രിലെ പ്ലാൻറിലേത്തിക്കുന്നതിന് 2000 വളണ്ടി യർമാരെ അണിനിരത്തി നടത്തിയ ഒരു ക്യാമ്പയ്നായിരുന്നു അതിജീവനം. ഭരണസ മിതി ജീവനക്കാർ, ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധപ്രവ ർത്തകർ, തുടങ്ങിയവർ അണിനിരന്നു. മുഴു വൻ അജൈവമാലിന്യങ്ങളും ശേഖരിച്ച് രണ്ട് ദിവസം കൊണ്ട് തരംതിരിച്ചെടുക്കുകയാ യിരുന്നു.





# ശുചിത്വ മികവിൽ നീലേശ്വരം നഗരസഭ

സപ്തഭാഷാ സംഗമഭൂമിയായ കാസർഗോഡിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്നതും, സാംസ്കാരിക തലസ്ഥാനം എന്ന് വിളിക്കപ്പെടുന്ന നഗരമാണ് നീലേശ്വരം. തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ 26.77 ച.കി.മീറ്ററിൽ വ്യാപിച്ച് കിടക്കുന്ന മുനിസിപ്പാലിറ്റിയിൽ 11921 വീടുകളിലായി 40802 ജനങ്ങൾ വസിക്കുന്നു.

പ്രതിദിനം ഏകദേശം എട്ട് ടണ്ണോളം മാലിന്യം ഉത്പാദിപ്പിക്കപ്പെടാം എന്നാണ് എസ്.ഇ.യു.എഫിന്റെ പഠനറിപ്പോർട്ട് ഉറവിട മാലിന്യസംസ്കരണ ഉപാധികളും ഹരിത കർമ്മസേനയുടെ കൃത്യമായ ഇടപെടലുകളും പ്രവർത്തനങ്ങളും മാലിന്യസംസ്കരണ രംഗത്ത് നഗരസഭയ്ക്ക് മുന്നേറ്റം നടത്താൻ സഹായകമായി.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

### ജൈവ മാലിന്യ സംസ്കരണം

നീലേശ്വരം നഗരസഭ മാലിന്യസംസ്കരണ രംഗത്ത് വിവിധ പ്രവർത്തങ്ങളും കൃത്യമായ ഇടപെടലുകളും നടത്തി വരുന്നു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ ബോധവത്കരണ പരിപാടികൾ നഗരസഭ നടത്തി വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 64 ബയോഗ്യാസ് പ്ലാൻറുകളും 2017-18 കാലത്ത് 2840 പൈപ്പ് കമ്പോസ്റ്റുകളും സബ്സിഡി നിരക്കിൽ സാമ്പത്തിക സ്ഥിതി



കുറഞ്ഞവരെ ഗ്രാമസഭകൾ മുഖാന്തരം കണ്ടെത്തി നൽകിയിട്ടുണ്ട്. അവർക്ക് ഇതിന്റെ പ്രവർത്തന രീതികളെ കുറിച്ചും ജൈവ മാലിന്യ സംസ്കരണത്തെ കുറിച്ചും ബോധവത്കരണം നൽകുകയും ഹരിത കർമ്മസേന വഴി തുടർപരിശോധനകൾ നടത്തി വരികയും ചെയ്യുന്നു.

2019–20 വർഷത്തിൽ 999 റിംഗ് കമ്പോസ്റ്റുകൾക്കും 1675 ബയോബിന്നുകളും നൽകുന്നതിന് നഗരസഭ പദ്ധതിയിടുകയും ഗ്രാമസഭകൾ തോറും അപേക്ഷകൾ സ്വീകരിച്ച് വിതരണം തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആകെയുള്ള വീടുകളിൽ 5578 വീടുകളിൽ ജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ ഉപാധികൾ നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം വീടുകളിലുണ്ടാകുന്ന മാലിന്യങ്ങളിൽ നിന്നും ജൈവവളം ഉത്പാദിപ്പിച്ച് വീട്ടിലെ കൃഷി–പൂന്തോട്ടം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നു. നഗരസഭയിലെ 38 അംഗൻവാടികൾക്ക് ബയോഗ്യാസ് പ്ലാന്റ് നൽകുകയും അവയിലേക്ക് ജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി കുടുംബശ്രീ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

### അജൈവ മാലിന്യസംസ്കരണം

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ അജൈവ മാലിന്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ നഗരസഭയെ പ്രാപ്തമാക്കിയിട്ടുണ്ട്. നഗരസഭയിലെ 32 വാർഡ്കളിലായി 32 ഹരിത കർമ്മസേന വൊളണ്ടിയർമാർ കൃത്യമായ ഇടവേളകളിൽ എത്തിച്ചേർന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് എം. സി. എഫ്കളിൽ എത്തിക്കുന്നു. അവിടെ നിന്നും എട്ട് ഇനങ്ങളിലായി തരംതിരിച്ച് ആർ. ആർ. എഫ് സെന്ററുകളിൽ എത്തിച്ച് പ്ലാസ്റ്റിക്കുകൾ ബെയിൽ ചെയ്തും കയറ്റി അയച്ചു വരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി നഗരസഭയ്ക്ക് രണ്ട് വാഹനങ്ങൾ സ്വന്തമായിട്ടുണ്ട്. 80 സെന്റ് സ്ഥലത്ത് 2400 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലുള്ള കെട്ടിടത്തിൽ പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡിങ്ങിനും ബെയിലിങ്ങിനുമായി അഞ്ച് എച്ച്പി മോട്ടോറിൽ പ്രവർത്തിക്കുന്ന രണ്ട് യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ജനപങ്കാളിത്തത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനു വേണ്ട നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നു. ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാകുന്ന മത്സ്യ മാർക്കറ്റുകളിൽ ഇല വിതരണം നടത്തി ജനങ്ങളെ ബോധവത്കരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഏജൻസികളായ ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ എന്നീ ഏജൻസികളുടെ നിർലോഭമായ പിന്തുണ മാലിന്യസംസ്കരണ രംഗത്ത് നഗരസഭയ്ക്ക് ലഭിക്കുന്നു. കൂടാതെ ബോധവത്കരണ രംഗത്ത് കുടുംബശ്രീ മുഖേന ദേശീയ നഗര ഉപജീവന മിഷനും നഗരസഭയെ സഹായിച്ചു വരുന്നു.



ഇത്തരത്തിൽ ശേഖരിച്ച പ്ലാസ്റ്റിക് റോഡ് ടാറിങ്ങിന് വേണ്ടി വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. മറ്റുള്ളവ ക്ലീൻ കേരള കമ്പനി വഴി റീസൈക്ലിങ്ങിനായി നൽകി വരുന്നു. അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക് കുപ്പി പോലെയുള്ളവ പെയിന്റ് ചെയ്ത് അലങ്കാര പുഷ്പങ്ങൾ വെയ്ക്കാവുന്ന പാത്രങ്ങളായും മറ്റും ഉപയോഗിക്കുന്നതിന് നഗരസഭ പ്രോത്സാഹനം നൽകി വരുന്നു. പ്ലാസ്റ്റിക് കുപ്പികൾ പുനരുപയോഗിച്ച് ചെടി വളർത്തുന്നതിനും നഗരസഭ ബോധവത്കരണവും പ്രോത്സാഹനവും നൽകി വരുന്നു. ഇത്തരത്തിൽ പ്ലാസ്റ്റിക്കുകൾ പുനരുപയോഗിക്കുന്നവർക്ക് നഗരസഭ അനുമോദനങ്ങളും പ്രശംസ പത്രവും നൽകി വരുന്നു. നഗരസഭാ പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും ഷോപ്പുകളിലും ഹരിത കർമ്മസേന വാളണ്ടിയർമാരുടെ സേവനം ലഭ്യമാകുന്നു. വീടുകളിൽ നിന്നും യൂസർ ഫീ ഇനത്തിൽ 30 രൂപാ നിരക്കിലും കടകളിൽ നിന്നും 50 മുതൽ 100 രൂപാ നിരക്കിലും പിരിച്ചെടുക്കുന്നു. ഇതുമൂലം ഹരിത കർമസേന വാളണ്ടിയർമ്മാർക്ക് പ്രതിമാസം 6000 രൂപാ നിരക്കിൽ വേതനം നൽകാൻ സാധിക്കുന്നു.

## ശീലവത്കരണത്തിനുള്ള ഇടപെടലുകൾ

ജനങ്ങളിൽ ബോധവത്കരണം നടത്തുന്നത്തിനും പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം കുറക്കുന്നതിനുമായി നഗരസഭാ പ്രദേശത്തുള്ള മുഴുവൻ വീടുകളിലും തുണി സഞ്ചി വിതരണം നടത്തിയിട്ടുണ്ട്. നഗരസഭ പരിധിയിലെ എല്ലാ ഓഡിറ്റോറിയങ്ങളിലും ഹോട്ടലുകളിലും നഗരസഭ പരിധിയിൽ വരുന്ന ഉത്സവങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചാണ് കച്ചവടവും പരിപാടികളും നടത്തുന്നത്. ആയതിന് നഗരസഭ കർശന മേൽനോട്ടം നടത്തി വരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനും അതിനുള്ള ബോധവത്കരണ പ്രവർത്തനമായിട്ടും നഗരസഭാ ബസ്സ്റ്റാൻഡിൽ ബോട്ടിൽ ഫ്രീ എന്ന പേരിൽ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുന്നതിനായി ഒരു കളക്ഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സ്കൂളുകളിലും നഗരസഭ ഓഫീസിലും പെൻഫ്രണ്ട് ബോക്സ് സ്ഥാപിച്ച് എഴുതി തീർന്ന പേനകൾ ശേഖരിച്ചു വരുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനു വേണ്ടിയും പ്ലാസ്റ്റിക് പുനരുപ

### ജൈവോദ്യാനം

നീലേശ്വരം ഗ്രാമ പഞ്ചായത്ത് ഉള്ള കാലം മുതലേ മാലിന്യം നിക്ഷേപിച്ചു വരുന്ന ഒരു സ്ഥലമായിരുന്നു മാർക്കറ്റ് ഹൈവേ പരിസരത്തെ 20 സെന്റ് സ്ഥലം നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ ശ്രമഫലമായി ജൈവോദ്യാനമായി മാറ്റി.

## സ്വാപ്പ് ഷോപ്പ്

കാസറഗോഡ് ജില്ലയിലെ ആദ്യത്തെ സ്വാപ്പ് ഷോപ്പ് നീലേശ്വരം നഗരസഭയിലാണ് ആരംഭിച്ചത്. കർമ്മസേന വാളണ്ടിയർമ്മാരുടെ സേവനം ലഭ്യമാകുന്നു. വീടുകളിൽ നിന്നും യൂസർ ഫീ ഇനത്തിൽ 30 രൂപാ നിരക്കിലും കടകളിൽ നിന്നും 50 മുതൽ 100 രൂപാ നിരക്കിലും സ്വീകരിച്ചുവരുന്നു. ഇതുമൂലം ഹരിത കർമ്മസേന വാളണ്ടിയർമാർക്ക് പ്രതിമാസം 6000 രൂപാ നിരക്കിൽ വേതനം നൽകാൻ സാധിക്കുന്നു.



യോഗിക്കുന്നതിനു വേണ്ടിയും വിവിധ ബോധവത്കരണ പരിപാടികളും വിളംബര ജാഥകളും നഗരസഭയിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിച്ചു വരുന്ന മത്സ്യ മാർക്കറ്റിൽ തേക്കിന്റെയും വട്ടമരത്തിന്റെയും ഇലകളിൽ മത്സ്യം പൊതിഞ്ഞു കൊടുക്കുവാൻ ആരംഭിച്ചു. പുതിയ ബസ്സ്റ്റാൻഡിൽ സ്വാപ്പ് ഷോപ്പിന്റെ പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ ആദ്യത്തെ




സ്വാപ്പ് ഷോപ്പാണ് നീലേശ്വരം നഗരസഭയിൽ ആരംഭിച്ചത്. ജനങ്ങളുടെ വലിയ തിരക്കാണ് സ്വാപ്പ് ഷോപ്പിൽ കണ്ടുവരുന്നത്. ഉത്സവങ്ങൾക്ക് പേരുകേട്ട നീലേശ്വരത്ത് എല്ലാ ഉത്സവങ്ങളിലും പ്രത്യേകിച്ച് ലക്ഷത്തിൽ പരം ജനങ്ങൾ പങ്കെടുക്കുന്ന മന്നംപുറത്തു ക്കാവ് കലശ മഹോത്സവം, അഞ്ഞൂറ്റമ്പലം വീരർക്കാവ് ഉത്സവം തുടങ്ങിയ പരിപാടികൾ നഗരസഭയുടെ ഇടപെടൽ മൂലംഗ്രീൻ പ്രോട്ടോകോൾ പ്രകാരമാണ് നടത്തി വരുന്നത്. വിവിധ ബോധവത്കരണ പരിപാടികൾ വാർഡ്കൾ തോറും നടത്തി വരികയും കുടുംബശ്രീയുടെ നേതൃത്വത്തിൽ വിളംബരജാഥ, വീടുകൾ തോറും ഇതിന്റെ പ്രാധാന്യം ജനങ്ങളെ അറിയിക്കുന്നതിനു വേണ്ടുന്ന പ്രവർത്തനങ്ങളും നഗരസഭ നടത്തി വരുന്നു.

### നിയമനടപടികൾ

നഗരത്തിൽ 24 സിസി ടിവി ക്യാമറകൾ സ്ഥാപിച്ചു മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി പിഴ ചുമത്താൻ നഗരസഭ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവരെ 40 പേരിൽ നിന്നായി കുറഞ്ഞത് 500 രൂപ മുതൽ കൂടിയത് 2500 രൂപ വരെയായി ആകെ 54570 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

### വെല്ലുവിളികൾ

2010 ൽ രൂപീകൃതമായ നഗരസഭയാണ് നീലേശ്വരം. എന്നാൽ അന്ന് തൊട്ട് നഗരസ



ഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാലിന്യനിർമ്മാർജ്ജനം തന്നെയായിരുന്നു. കേന്ദ്രീകൃതമായ മാലിന്യ സംസ്കരണം സാധ്യമാവാതിരുന്നിട്ടും വിവിധ പദ്ധതികളിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വെല്ലുവിളികൾ ഒരു പരിധി വരെ പരിഹരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞു. നല്ലൊരു മാലിന്യ സംസ്കരണ പ്ലാന്റ് നിലവിലുണ്ടായിരുന്നിട്ടും പരിസരവാസികളുടെ എതിർപ്പ് മൂലം പ്ലാന്റ് തുറന്ന് പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ നഗരസഭയുടെ കൃത്യമായ ഇടപെടലുകളിലൂടെ 2018 ഒക്ടോബർ 2 ന് പ്ലാന്റ് വീണ്ടും തുറന്ന് പ്രവർത്തിക്കുകയും ഹരിത കർമ്മസേനയുടെ ആവശ്യത്തിനായി ഷ്രെഡ്ഡിംഗ് മെഷീനും ബെയിലിങ് മെഷീനും സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. പ്ലാന്റിലെ മാലിന്യങ്ങൾ വേർതിരിക്കുന്നത് നിലവിൽ ഹരിത കർമ്മസേനാംഗങ്ങൾ കൈകൾ കൊണ്ടാണ്. ആയത് യന്ത്രവത്കരണം നടത്തുക എന്നത് നഗരസഭയ്ക്ക് മുന്നിലുള്ള വെല്ലുവിളിയാണ്. ചില്ലുകുപ്പികൾ ഏറ്റെടുക്കാൻ ഏജൻസികൾ ഇല്ലാത്തതും നഗരസഭയെ വിഷമിപ്പിക്കുന്നുണ്ട്.

ജനപങ്കാളിത്തത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനു വേണ്ട നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നു. ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നടത്തുന്ന മത്സ്യ മാർക്കറ്റുകളിൽ ഇല വിതരണം നടത്തി ജനങ്ങളെ ബോധവത്കരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഏജൻസികളായ ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ എന്നീ ഏജൻസികളുടെ നിർലോഭമായ പിന്തുണ മാലിന്യസംസ്കരണ രംഗത്ത് നഗരസഭയ്ക്ക് ലഭിക്കുന്നു. കൂടാതെ ബോധവത്കരണ രംഗത്ത് കുടുംബശ്രീ മുഖേന ദേശീയ നഗര ഉപജീവന മിഷനും നഗരസഭയെ സഹായിച്ചു വരുന്നു.



# പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ശുചിത്വത്തിലേക്ക്

കോട്ടയം ജില്ലയുടെ കിഴക്കു ഭാഗത്ത് മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഈരാറ്റു പേട്ട ബ്ലോക്കിലാണ് പൂഞ്ഞാർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 18.2 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്ന ഈ പഞ്ചായത്തിൽ 1944 വീടുകളിലായി 12,649 ആളുകൾ വസിക്കുന്നു. പഞ്ചായത്തില് പ്രതിദിനം 400 കി.ഗ്രാം ജൈവ മാലിന്യവും 73 കി.ഗ്രാം അജൈവ മാലിന്യവും ഉത്പാദിപ്പിക്കുന്നു.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിൽ ഉറവിട മാലിന്യ സംസ്കരണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. അതിനായി ഗാർഹിക തലത്തില് 70 കമ്പോസ്റ്റ് പിറ്റുകൾ 17 ബയോഗ്യാസ് പ്ലാന്റുകൾ 32 പൈപ്പ് കമ്പോസ്റ്റ് 2427 വീടുകളിലായി രണ്ട് ബിന്നുകൾ വീതം വിതരണം ചെയ്തു. കൂടാതെ പൊതു മാലിന്യ സംസ്കരണത്തിനായി രണ്ട് തുമ്പൂർമുഴി പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അതിൽ പച്ചനിറത്തിലുള്ളവ ജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുവാനുള്ളതാണ് ഓരോദിവസവും ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ ആ വീടിന് നൽകിയിട്ടുള്ള ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഉപയോഗിച്ച് വളം ആക്കി മാറ്റുകയും ചെയ്തുവരുന്നു. വീട്ടിലെ പച്ചക്കറി, ഫലവൃക്ഷങ്ങൾ, ചെടികൾ തുടങ്ങിയവയ്ക്ക് ഈ വളം നൽകുകയും ഇത്തരത്തിൽ ജൈവ മാ



ലിന്യ സംസ്കരണത്തോടൊപ്പം വീട്ടിലേക്കുള്ള പച്ചക്കറി പഴവർഗങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യാം എന്ന കാഴ്ചപ്പാടാണ് പഞ്ചായത്തിനുള്ളത്. പ്ലാസ്റ്റിക് പോലുള്ള അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിക്കുവാൻ ചുവപ്പ് കളർ ഉള്ള ബിന്നുകളും നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ 13 വാർഡുകളിലും ഹരിത കർമ്മസേന അംഗങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. അവർ ഓരോ മാസവും വീടുകളിൽ എത്തുകയും വൃത്തിയാക്കി വച്ചിരിക്കുന്ന പ്ലാസ്റ്റിക് വാർഡുകളിൽ പലയിടങ്ങളിലായി ശേഖരിച്ചു വെക്കുകയും പഞ്ചായത്തിന്റെ വാഹനം വരുന്ന ദിവസം അവ എം. സി. എഫിൽ എത്തുകയും ചെയ്യുന്നു. ഇലക്ട്രോണിക് വേസ്റ്റുകൾ, ലതർ ചെരുപ്പ് കുപ്പികൾ എന്നിവയും ഇവർ ശേഖരിക്കാറുണ്ട്. എം.സി.എഫില് കൊണ്ടുവരുന്ന അജൈവ മാലിന്യങ്ങൾ വേർതിരിക്കുകയും വില കിട്ടുന്നവ പ്രാദേശിക ഏജൻസികൾ വഴി വിൽപന നടത്തുകയും ചെയ്യുന്നു. ഇലക്ട്രോണിക് വേസ്റ്റുകൾ ഒരു തവണ സ്വകാര്യ ഏജൻസിക്ക് കൈമാറുകയുണ്ടായി. ഹരിതകർമ്മസേനയുടെ യുസർഫി വീടുകളിൽ 30 രൂപയും കടകളിൽ 50 രൂപയുമാണ്.

ഏകദേശം മാസം 2500 രൂപയാണ് ഓരോ ഹരിതകർമ്മസേന അംഗങ്ങളുടെയും പ്രവർത്തനത്തിനായി വയബിലിറ്റി ഗ്യാപ് ഫണ്ടില് നിന്നും പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്. 1000 രൂപ മുതൽ 5000 രൂപ വരെയാണ് ഹരിതകർമ്മ സേനയുടെ ശരാശരി വരുമാനം.

പഞ്ചായത്തിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിരോധിച്ചിട്ടുണ്ട്. കടകളിൽ അത്തരം കവറുകളുടെ വിപണനം തടയുന്നതിനായി പഞ്ചായത്ത്, ഹെൽത്ത്, ഹരിതകേരള മിഷൻ എന്നിവ ഉൾപ്പെടുന്ന സ്ക്വാഡിന് രൂപം നൽകി പരിശോധന നടത്തുന്നു. അവർ കടകളിൽ കയറുകയും നിരോധിച്ച പ്ലാസ്റ്റിക് കവറുകൾ പിടിച്ചെടുക്കുകയും ചെയ്തു വരുന്നു. ജൈവ മാലിന്യ സംസ്കരണത്തിനായി നൂതന സാങ്കേതിക വിദ്യ തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണ രീതിയും അവലംബിച്ചിട്ടുണ്ട്.. അജൈവ മാലിന്യങ്ങളെ അളവ് കുറയ്ക്കുന്നതിനായി 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിരോധിക്കുകയും 50 മൈക്രോണിൽ കൂടുതലുള്ള കാരി ബാഗുകൾക്ക് കടകളിൽ വിലയീടാക്കണമെന്നും ഈ വിവരം കടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദേശിച്ചതിനാൽ ആളുകൾ പ്ലാസ്റ്റിക് ബാഗുകൾ പുനരുപയോഗം നടത്തുവാനും തുടങ്ങിയിട്ടുണ്ട്. അതുപോലെ പ്ലാസ്റ്റിക് കൂടുകൾ ഉപേക്ഷിക്കുന്നതിനായുള്ള ബോധവത്കരണം നടത്തുകയും തുണിസഞ്ചികൾ വിതരണം ചെയ്യുകയും ചെയ്യുന്നു. ആളുകളിൽ വലിച്ചെറിയുന്ന ശീലം ഇല്ലാതാക്കുവാനുള്ള ബോധവൽക്കരണം ഗ്രാമസഭകൾ വഴി നൽകുന്നത്. ഹരിതകർമ്മ സേന വഴി ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ തരം തിരിച്ച് റീസൈക്കിൾ ചെയ്യുവാൻ സ്വകാര്യ ഏജൻസികൾക്ക് കൈമാറുന്നുണ്ട്. ഉപയോഗിച്ച വസ്ത്രങ്ങൾ കൊണ്ട് തുണിസഞ്ചികൾ പഴയ പേപ്പറുകൾ കൊണ്ട് പേപ്പർ പേനകൾ, പേപ്പർ ബാഗുകള് തുടങ്ങിയവ നിർമ്മിക്കുവാനുള്ള പരിശീലനം കുടുംബശ്രീ അംഗങ്ങൾക്കും സ്കൂൾ കുട്ടികൾക്കും കൊടുക്കാൻ ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രധാന വെല്ലുവിളി ഹരിതകർമ്മസേനയെ ഈ ഉദ്യമത്തിലേക്ക് തിരഞ്ഞെടുക്കുക എന്നതായിരുന്നു. ഈ ജോലി ഒരു സേവനമാണെന്നും ഹരിതകേരളം മിഷന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കാനുള്ള സേന ആണ് ഹരിതകർമ സേനയെന്നും മനസ്സിലാക്കിക്കൊടുത്തപ്പോൾ ആ പ്രശ്നത്തെ അതിജീവിക്കാനായി, പിന്നെ ഉടലെടുത്ത പ്രശ്നം വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക്ക് ശേഖരണം ആയിരുന്നു. പ്ലാസ്റ്റിക് വൃത്തിയാക്കി നൽകണോ, വിലയുള്ള പ്ലാസ്റ്റിക് നൽകുന്നതിനോടൊപ്പം യൂസർഫീ നൽകേണ്ടതുണ്ടോ ഇതൊക്കെയായിരുന്നു വീടുകളിൽ ഉള്ള പ്രതികരണങ്ങൾ. വിലയുള്ള വസ്തുക്കൾ മാത്രമല്ല പുനരുപയോഗം സാധ്യമാകാത്ത അജൈവ മാലിന്യങ്ങൾ എല്ലാ ഹരിതകർമസേന വഴി ശേഖരിക്കും എന്നും നാടിന്റെ നന്മയ്ക്കായി അവരോട് സഹകരിക്ക



## ശുചിത്വ വഴിയിൽ പൂഞ്ഞാർ; രണ്ടര ടൺ ഇ–മാലിന്യങ്ങൾ കൈമാറി

പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന 'ശുചിത്വ പൂഞ്ഞാർ സുന്ദര പൂഞ്ഞാർ' പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ രണ്ടര ടൺ ഇലക്ട്രോണിക് മാലിന്യങ്ങൾ അംഗീകൃത ഏജൻസിക്ക് കൈമാറി. ഹരിത കർമ സേന മുഖേന പഞ്ചായത്തു പരിധിയിലെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും സ്പെഷ്യൽ ഡ്രൈവിലൂടെയാണ് ഇ – മാലിന്യങ്ങൾ ശേഖരിച്ചത്. ടിവി, ഫാൻ, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, മിക്സി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും ജൈവ, അജൈവ, ഇലക്ട്രോണിക് മാലിന്യങ്ങൾ പഞ്ചായത്ത് കളക്ഷൻ സെന്ററിൽ വേർതിരിച്ച് സംഭരിക്കുന്നു. നിലവിൽ 30 രൂപ നിരക്കിലാണ് ഹരിത കർമസേന മാലിന്യങ്ങൾ ശേഖരിക്കുന്നത്. സ്പെഷ്യൽ ഡ്രൈവിലൂടെ ശേഖരിക്കുന്ന ഇ-മാലിന്യങ്ങൾക്ക് വരുംമാസങ്ങളിൽ എണ്ണത്തിനനുസരിച്ച് പ്രത്യേക യൂസർഫീ ഈടാക്കും.



ണമെന്നും എല്ലാം ഉദ്ബോധനം നടത്തി കഴിഞ്ഞപ്പോൾ മിക്കവാറും പ്രശ്നങ്ങൾ പരിഹരിക്കാനായി.

ഗ്രാമസഭകളിലും മറ്റു മീറ്റിംഗിലും സ്കൂളിലും ഈ വിഷയങ്ങൾ പലതവണ ആവർത്തിക്കുകയും പത്രങ്ങൾ, സോഷ്യൽ മീഡിയ എന്നിവ വഴി വാർത്തകൾ പ്രചരിപ്പിക്കുകയും ചെയ്യുതതോടെ ഒരു പരിധിവരെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനായി. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും കടകളിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഇവരുടെയെല്ലാം പ്രാതിനിധ്യത്തോടെ സ്കൂളുകളിൽ ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു. പൂർണ്ണമായും ഹരിത പെരിമാറ്റച്ചട്ടം പാലിച്ചു 4 വിവാഹങ്ങൾ നടത്തി. പഞ്ചായത്തിനു കീഴിലുള്ള 20 സർക്കാർ സ്ഥാപനങ്ങളിലും 26 പൊതുപരിപാടികളിലും ഹരിതചട്ടം നടപ്പിലാക്കി. 'ശുചിത്വ പൂഞ്ഞാർ സുന്ദര പൂഞ്ഞാർ' എന്നത് അന്വർത്ഥമാക്കും വിധത്തിൽ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു.



### മാരത്തോൺ ശുചിത്വ ഗ്രാമസഭ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, പൊലൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സഹകരണത്തോടെ പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിൽ ശുചിത്വ ഗ്രാമസഭകൾ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ അധ്യക്ഷത വഹിച്ച മീറ്റിങ്ങുകൾക്ക് പഞ്ചായത്ത് മെമ്പർമാർ, നേതൃത്വം നൽകുകയും പ്ലാസ്റ്റിക് നിർമാർജ്ജനം, ഉറവിട മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഹരിത സാക്ഷരത എന്നീ വിഷയങ്ങളിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, ഹരിതസഹായ സംഘം പ്രതിനിധികൾ എന്നിവർ ക്ലാസുകൾ എടുക്കുകയും ചെയ്തു. ഒക്ടോബർ 27,28,29 തിയതികളിലാണ് എല്ലാ വാർഡുകളിലും ശുചിത്വഗ്രാമസഭകൾ സംഘടിപ്പിച്ചത്.



# ക്ലീൻ കൂരോപ്പട

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്താണ് കൂരോപ്പട. 27.42 രണ്ട് ചതുരശ്ര വിസ്തീർണമുള്ള പഞ്ചായത്തിന്റെ ജനസാന്ദ്രത 996 ച.കി.മീറ്റർ. പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം 1728 കി.ഗ്രാം അജൈവ മാലിന്യം 32 കി.ഗ്രാം ആണ്. 2019 ലെ മുഖ്യമന്ത്രിയുടെ ഹരിത അവാർഡിന് ഈ പഞ്ചായത്ത് അർഹത നേടി.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

ശുചിത്വ മാലിന്യസംസ്കരണ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ നടത്തി വരികയാണ് ഗ്രാമപഞ്ചായത്ത് കൂരോപ്പട പ്രദേശം മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ മാലിന്യ സംസ്കരണത്തിനായി 125 കമ്പോസ്റ്റ് പിറ്റുകള് 136 ബയോഗ്യാസ് പ്ലാന്റുകൾ 236 പൈപ്പ് കമ്പോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്പാദിപ്പിക്കുന്ന ജൈവ മാലിന്യത്തിൽ നിന്ന് മൂന്നു ടൺ ജൈവവളം ഉത്പാദിപ്പിച്ച് കർഷകസംഘങ്ങൾ മുഖേന എക്കോ ഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നു. ഇതിൽനിന്നും ലഭിക്കുന്ന വരുമാനം കർഷകർക്ക് തന്നെ നല്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ ജൈവമാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചു. തികച്ചും ഗ്രാമപ്രദേശം ആയതിനാലും ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുകൊണ്ടും ജൈവമാലിന്യ സംസ്കരണത്തിനായി പൊ



തു ഉപാധികൾ ഇല്ല. എന്നാൽ അജൈവ മാലിന്യം സംസ്കരിക്കുന്നത് ഒരു വെല്ലുവിളിയായി തന്നെ തുടർന്നു. ഈ അവസരത്തിലാണ് ഹരിതകേരളം മിഷന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി 17 പേരടങ്ങുന്ന ഹരിത കർമ്മസേന രൂപീകരിച്ച് 2018 ജൂൺ 23-ന് പഞ്ചായത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മാലിന്യങ്ങൾ ശരിയായി സംസ്കരിക്കുന്നതിന്റെ ഗുണവശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി വാർഡ് സഭകൾ, ഹരിത നിയമ ബോധവത്കരണം, മൈക്ക് അനൌൻസ്മെന്റ്, നോട്ടീസ് വിതരണം, ശുചിത്വ ബാലസഭാ, ഗ്രാമസഭ ഇവ നടത്തപ്പെട്ടു. ജൂലൈ 1, 2 തീയതികളിലായി വാർഡ് തല



ത്തിൽ സേനയുടെ പ്രവർത്തനമാരംഭിച്ചു. പച്ച, നീല എന്നിങ്ങനെ രണ്ട് കവറുകൾ ഓരോ വീടിനും സ്ഥാപനത്തിനും നൽകി, തരംതിരിച്ച് പച്ച കവറിൽ പ്ലാസ്റ്റിക് കുപ്പികളും നീല കവറിൽ പ്ലാസ്റ്റിക് കവറുകളും മൂന്ന് മാസത്തിൽ ഒരിക്കൽ ഈ വേസ്റ്റ്, വർഷത്തിൽ ഒരിക്കൽ ചെരിപ്പ്, ബാഗ് എന്നിങ്ങനെ ഓരോ കുടുംബത്തിൽ നിന്നും ശേഖരിക്കുവാൻ തുടങ്ങി. എന്നിരുന്നാലും ഒരു പുതിയ സംരംഭത്തോട് പൊതുജനങ്ങൾ വിമുഖത കാണിച്ചു. എന്നാൽ ഇതിന്റെ സദ്ഫലങ്ങൾ അറിഞ്ഞുതുടങ്ങിയ പൊതുജനങ്ങൾ പിന്നീട് സഹകരണം വർദ്ധിപ്പിക്കുകയും ആദ്യഘട്ടത്തിൽ 3500 വീടുകളിൽ സേനയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ സാധിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ്

ശീലവത്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തുണിസഞ്ചി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉപയോഗം പഞ്ചായത്തിൽ നിർത്തലാക്കി. കൂടാതെ രണ്ട് വാർഡുകൾ ജില്ലാമിഷന്റെ നേതൃത്വത്തിൽ ഹരിത വാർഡ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിനോടനുബന്ധിച്ച് പേപ്പർ കവർ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ തുടങ്ങി. ലഭ്യമാകുന്ന ഓർഡറുകൾ അനുസരിച്ചും കൂടാതെ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഇവ ലഭ്യമാക്കുന്നു. ഹരിത ചട്ടം പാലിച്ചുകൊണ്ട് 10 സർക്കാർ സ്ഥാപനങ്ങൾ, എട്ട് പൊതുപരിപാടികൾ, 95 ഹരിത വിവാഹങ്ങൾ എന്നീ തലത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ നടപ്പിലാക്കി.



പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ വകവരുത്തിയ തുക ഉൾപ്പെടുത്തിയാണ് ഹരിതകർമ സേനയുടെ പ്രവർത്തനം 2018 –19 ൽ നടത്തിയത്. 2019 വർഷാവസാനം എത്തി നിൽക്കുമ്പോൾ പഞ്ചായത്തിൽ ആകെയുള്ള 1576 വീടുകളിൽ 80 ശതമാനം വീടുകൾ സഹകരിക്കുന്നു. വീടുകൾക്ക് 30ഉം കടകൾക്ക് 60 രൂപയുമാണ് യൂസർ ഫീസ്. 108 വ്യാപാരസ്ഥാപനങ്ങളും 5000 വീടുകളും നിലവിൽ സഹകരിക്കുന്നുണ്ട്. ഇനിയും ഈ പ്രവർത്തനവുമായി സഹകരിക്കാത്തവർ ഇതിൽ പങ്കാളികളാകുന്നതിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തു തുടങ്ങി. പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകുന്നതിന് തുടർന്നുള്ള ദിവസങ്ങളിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള കാർഡ് നിർബന്ധമാക്കുന്നു. സേനയുടെ പ്രവർത്തനങ്ങൾക്ക് 10,000 രൂപയും നൽകുന്നു. പ്രതിമാസം സേനയുടെ വരുമാനം 5500 രൂപയാണ്. അഞ്ചു ദിവസം കൊണ്ട് സേനാംഗങ്ങൾ വീടുകൾ കയറി മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കിന്നു. ഇവിടെനിന്നും ആർ. ആർ. എഫിൽ വെച്ച് ഒമ്പതായി തരംതിരിച്ച് ബ്ലോക്കിന് കീഴിൽ ഉള്ള ഷ്രെഡിങ് യൂണിറ്റിലേക്ക് കൈമാറുന്നു. ടാറിങ്ങിനു ഉപയോഗിക്കാവുന്നവ പൊടിക്കുകയും അല്ലാത്തവ പുനർചംക്രമണത്തിനു വിധേയമാക്കുകയും ചെയ്യുന്നു. നാളിതുവരെ 45 ടൺ അജൈവ മാലിന്യങ്ങൾ ശേഖരിച്ചു. എല്ലാ വീടുകളും, കടകളും, സ്ഥാപനങ്ങളും ഇതിൽ സഹകരിക്കുന്ന പക്ഷം ഹരിതകർമസേന ഗ്രൂപ്പുകൾ സ്വയംപര്യാപ്തത കൈവരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഹരിതകർമ്മ സേന അംഗങ്ങളുടെ മനുഷ്യവിഭവശേഷി കൂടുതൽ പ്രയോജനപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിപാടികളും പഞ്ചായത്ത് ആസൂത്രണം ചെയ്തു തുടങ്ങി. സുരക്ഷിതമായ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനു ഹരിതകർമ്മ സേന അംഗങ്ങളെ പ്രാപ്തരാക്കുന്നതിന് സഹായ സ്ഥാപനത്തിന്റെ പരിശീലന പരിപാടികൾക്ക് തുടക്കംകുറിച്ചു. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി അധിക വരുമാനം നേടുന്നതിലൂടെ ഹരിതകർമ്മ സേനാംഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഇത് സഹായകമാകും എന്ന പ്രതീക്ഷയിലാണ് പഞ്ചായത്ത്.

## ശീല വത്കരണം

ശീലവത്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തുണിസഞ്ചി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. 50 മൈക്രോണിൽ താഴെയുള്ള പ്ലാ

## ശുചിത്വ ഹർത്താലുമായി കൂരോപ്പട ഗ്രാമപഞ്ചായത്ത്

മാലിന്യസംസ്കരണത്തിന് ശുചിത്വ ഹർത്താൽ എന്ന ആശയവുമായി കൂരോപ്പട ഗ്രാമപഞ്ചായത്ത്. തുടർച്ചയായി മൂന്നു തവണയായി ശുചിത്വ ഹർത്താൽ നടത്തിവരുന്നു. പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങൾ സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, അംഗൻവാടി തുടങ്ങി കക്ഷിരാഷ്ട്രീയ ഭേദമന്യേ മറ്റിതര സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ശുചിത്വ ഹർത്താൽ നടത്തുന്നത്. പഞ്ചായത്തിലെ 17 വാർഡുകളും അതത് മെമ്പർമാറുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ വൃത്തിയാക്കുകയാണ് ഈ ഹർത്താലിന്റെ ലക്ഷ്യം. പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 15000 രൂപ വകയിരുത്തുകയും കൂടാതെ ലഘുലേഖകൾ, നോട്ടീസ്, അനൗൺസ്മെന്റ് എന്നീ പ്രവർത്തനങ്ങളിലൂടെ ബോധവത്കരണം നൽകുന്നു. ശുചീകരണത്തിലൂടെ ലഭ്യമാകുന്ന ജൈവമാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമസേനയ്ക്കും മറ്റ് ഏജൻസികൾക്കും നൽകുന്നു. പ്രകൃതി സൗഹൃദമായി നടത്തുന്ന ശുചിത്വ ഹർത്താലിന് ഒപ്പം ഹരിതകർമ്മസേന കൂടി സാധ്യമായപ്പോൾ കൂരോപ്പട ക്ലീൻ കൂരോപ്പടയായി.

സ്റ്റിക് ഉപയോഗം പഞ്ചായത്തിൽ നിർത്തലാക്കി. കൂടാതെ രണ്ട് വാർഡുകൾ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഹരിത വാർഡ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിനോടനുബന്ധിച്ച് പേപ്പർ കവർ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ തുടങ്ങി. ലഭ്യമാകുന്ന ഓർഡറുകൾ അനുസരിച്ചും കൂടാതെ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഇവ ലഭ്യമാക്കുന്നു. ഹരിത ചട്ടം പാലിച്ചുകൊണ്ട് 10 സർക്കാർ സ്ഥാപനങ്ങൾ, എട്ട് പൊതുപരിപാടികൾ, 95 ഹരിത വിവാഹങ്ങൾ എന്നീ തലത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

## വെല്ലുവിളികളും പരിഹാരവും

ഹരിത കർമ്മസേനക്ക് കൃത്യമായ യൂസർ ഫീസ് ലഭ്യമാകുന്നില്ല, മുഴുവൻ വീടുകളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കുന്നില്ല എന്നിവയാണ് നേരിട്ട വെല്ലുവിളികൾ. ഇത് പരിഹരിക്കുന്നതിനായി സ്കൂൾതലത്തിൽ കുട്ടികളിൽനിന്ന് കുടുംബങ്ങളിലേക്ക് എന്ന ബോധവത്കരണ ക്യാമ്പയിൻ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾക്ക് ഹരിത കാർഡ് ഉറപ്പാക്കി.





# ശുചിത്വ രംഗത്ത് അയ്മനം മുന്നേറുന്നു

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ ഏറ്റുമാനൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന അയ്മനം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി മാറുന്നതിനുള്ള ഒരുക്കത്തിലാണ്. 30.03 ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണത്തിനായി 36436 ആണ് പഞ്ചായത്തിലെ ജനസംഖ്യ. പ്രതിദിനം 266 കി.ഗ്രാം അജൈവ മാലിന്യങ്ങൾ അയ്മനം പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നു. പ്രളയ ബാധിത മേഖലയായ പഞ്ചായത്ത് മാലിന്യ നിർമാർജ്ജന രംഗത്ത് നിരവധി വെല്ലുവിളികൾ നേരിട്ടിരുന്നു. പൊതുവായുള്ള ജൈവമാലിന്യ സംസ്ക്കരണം ഏർപ്പെടുത്തുന്നതിന് സ്ഥലപരിമിതി ഉള്ളതിനാൽ വീടുകളിലെ മാലിന്യം ഉറവിടമാലിന്യ സംസ്ക്കരണം ആണ് പിന്തുടരുന്നത്. ജൈവ മാലിന്യ സംസ്ക്കരണത്തിനായി 2630 വീടുകളിൽ വിവിധ ഗാർഹിക ഉപാധികൾ വിതരണം ചെയ്തിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതികളിലൂടെ 688 വീടുകളിൽ ഗാർഹികതല കമ്പോസ്റ്റു പിറ്റുകൾ നിർമിച്ചു. 346 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നു. 1208 കിച്ചൺ ബിന്നുകളും 686 പൈപ്പ് കമ്പോസ്റ്റുകളും വിതരണം ചെയ്തിട്ടുണ്ട്. പൊതു സ്ഥലങ്ങളും പൊതു സ്ഥാപനങ്ങളും മാലിന്യ വിമുക്ത പദ്ധതികളിൽ ഉൾപ്പെടുത്തുക, തോടുകളും പുഴകളും മാലിന്യ വിമുക്തമായി സംരക്ഷിക്കുക, കേന്ദ്രീകൃത പ്ലാസ്റ്റിക് ശേഖരണം സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക, ശുചിത്വ ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ മാതൃകാപരമായ പദ്ധതികളിലൂടെ ചുരു



ങ്ങിയ കാലയളവിനുള്ളിൽ സമ്പൂർണ്ണ ശുചിത്വ ഗ്രാമത്തിലേക്ക് നടന്നടുക്കുകയാണ് അയ്മനം.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

വീടുകളിലെയും ഫ്ളാറ്റുകളിലെയും മാലിന്യം ഹരിതകർമ്മസേന മുഖാന്തരം സംഭരിച്ച് സംസ്കരിക്കുന്നതിനായി കുടമാളൂർ, അമ്പാടി, കല്ലുമട, കവണാറ്റിൻകര എന്നിവിടങ്ങളിൽ തുമ്പൂർമൂഴി പ്ലാന്റിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. എല്ലാ വീടുകളിലും ശുചിത്വ മുറികൾ ഉപയോഗശേഷം പ്ലാസ്റ്റിക്കുകൾ ശുചിത്വസഭയുടെ സഹായത്തോടെ പഞ്ചായത്തു തലത്തിൽ ശേഖരിക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പകർച്ച വ്യാധികൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഗ്രാമത്തെ മാലിന്യമുക്തമാക്കി ആരോഗ്യ ശുചിത്വ ഗ്രാമം എന്ന പൂർണ്ണതയിലെത്തുകയാണ് മറ്റൊരു ലക്ഷ്യം. പ്രളയാനന്തര ശുചീകരണത്തിലൂടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും 79 ടണ് അജൈവ മാലിന്യങ്ങൾ ശേഖരിച്ച് കുടുംബശ്രീ, ആശാ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ക്ലീൻകേരള കമ്പനിക്ക് കൈമാറിയിരുന്നു. ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ഗ്രാമപഞ്ചയത്തിലെ എല്ലാ വാർഡുകളിലും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നിശ്ചിത സമയം മാത്രം തുറക്കുന്ന ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബിന്നുകളിൽ പൊതുജനങ്ങൾക്ക് വൃത്തിയാക്കിയ പ്ലാസ്റ്റിക്കുകൾ നിക്ഷേപിക്കാം. എല്ലാമാസവും ഏകദേശം 2000 കി.ഗ്രാം പ്ലാസ്റ്റിക് അയ്മനം ഗ്രാമപഞ്ചായത്തിൽ നിന്നു ശേഖരിച്ച് റീ സൈക്ലിങ്ങിനു നല്കുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. പഞ്ചായത്തു പരിധിയിലെ 17 സ്ഥാപനങ്ങളിൽ ഇതിനോടകം തന്നെ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി കഴിഞ്ഞു. പഞ്ചായത്തു ഹാളിൽ സംഘടിപ്പിക്കുന്ന എല്ലാ പൊതുപരിപാടികളും ഹരിതപെരുമാറ്റച്ചട്ടം പാലിച്ചാണ് നടപ്പിലാക്കുന്നത്. ഹരിത നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകളും നടന്നുവരുകയാണ്. ഗ്രാമപഞ്ചായത്തിലെ 20 വാർഡിലും ഗ്രാമസഭകളിലും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പൂര്ണ്ണമായും ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് 12 വിവാഹങ്ങൾ ഇതിനോടകം നടത്തി.





അയ്മനം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ താത്ക്കാലിക എം.സി.എഫ് ആണുള്ളത്. പുതിയ എം.സി.എഫ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. പഞ്ചായത്തിന് ആർയഎഫ് ഇല്ല.

പഞ്ചായത്തിലെ 20 ഹരിതകര്മ്മസേന വീടുകളില് നിന്നും സ്ഥാപനങ്ങളില് നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചതു വഴി 11 ലക്ഷത്തിലധികം രൂപയാണ് യൂസർഫീസ് ആയി ലഭിക്കുന്നത്. ആകെ 10522 വീടുകളിൽ നിന്നു മാലിന്യം ശേഖരിക്കുന്നു. അതിൽ 8122 വീടുകളിൽനിന്നും യൂസർഫീസ് ലഭിക്കുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്ഥാപനങ്ങളിൽനിന്നും 100 രൂപയും വീടുകളിൽനിന്നും 50 രൂപയുമാണ് യൂസർഫീസ് ആയി ലഭ്യമാകുന്നത്. ആകെ 1150 സ്ഥാപനങ്ങളാണ് അയ്മനം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉള്ളത്. ഇതിൽ 816 വ്യാപാര



‘എന്റെ മാലിന്യം എന്റെ ഉത്തര വാദിത്വം’ ‘വൃത്തിയുള്ള ആരോഗ്യമുള്ള ഗ്രാമം എന്റെ ചുമതല’ എന്നീ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നോട്ടീസുകളും ലഘു ലേഖകളും എല്ലാ ഭവനങ്ങളിലും വിതരണം ചെയ്തു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന്റെ നേത്വത്തില് കുടുംബശ്രീ അംഗങ്ങൾ തയ്യാറാക്കിയ തുണിസഞ്ചികൾ എല്ലാ വീടുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ട്. 728 സ്ഥാപനങ്ങളും യൂസർഫീസ് നല്കുന്നു. 2019 സെപ്റ്റംബർ മാസം മാത്രം 1,74,000 രൂപയാണ് യൂസർഫീ ആയി ലഭിച്ചത്. ഒരു മാസം 12000 മുതൽ 18000 വരെയാണ് സേനയ്ക്ക് ലഭിക്കുന്ന യൂസർഫീസ്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവര്ത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി വിവിധ കോളേജുകളിലെ എം.എസ്.ഡബ്ല്യു വിദ്യാർത്ഥികളെ ഉപയോഗിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തില് വിവരശേഖരണം നടത്തുകയും പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് പൊതു ജനങ്ങൾക്ക് ബോധവത്കരണം നല്കുകയും ചെയ്തിരുന്നു.

## ക്ലീൻ അയ്മനം പദ്ധതി

വൃത്തിയും സുന്ദരവുമായ ഗ്രാമം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിലേക്ക് അയ്മനം ഗ്രാമപഞ്ചായത്തില് നിന്നും പഞ്ചായത്തിലെ റോഡുകളിലെ ഇരു വശങ്ങളിലും വളർന്നു നില്ക്കുന്ന കാടുകൾ എല്ലാ ദിവസവും വൃത്തിയാക്കുന്നു. പഞ്ചായത്ത് ജംഗ്ഷനും റോഡും എന്നും പ്രഭാതത്തിൽ ശുചീകരിക്കുന്നു. പഞ്ചായത്തിലെ പ്രധാന വഴികൾ പൂചെടികൾ വച്ച് മോടിപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കും തുടക്കം കുറിച്ചു കഴിഞ്ഞു.

## കുടുംബശ്രീവഴി തുണിസഞ്ചി വിതരണം

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' വൃത്തിയുള്ള ആരോഗ്യമുള്ള ഗ്രാമം എന്റെ ചുമതല' എന്ന സന്ദേശം ഉൾക്കൊള്ളുന്ന നോട്ടീസുകളും ലഘു ലേഖകളും എല്ലാ ഭവനങ്ങളിലും വിതരണം ചെയ്തു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന്റെ നേത്വത്തില് കുടുംബശ്രീ അംഗങ്ങൾ തയ്യാറാക്കിയ തുണിസഞ്ചികൾ എല്ലാ വീടുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

## നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടി

- പഞ്ചായത്ത് നടപ്പാക്കുന്ന 'ഹരിത ഗ്രാമം ക്ലീൻ അയ്മനം' പദ്ധതിയിലൂടെ മാലിന്യ ശുചിത്വ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയാണ്.
- പ്ലാസ്റ്റിക് കത്തിക്കുക, മാലിന്യം വലിച്ചെറിയുക, ഹരിതകർമ്മസേനക്ക് അജൈവമാലിന്യങ്ങള് കൈമാറാതിരിക്കുക തുടങ്ങിയവയ്ക്കെതിരെ പരിശോധന നടത്തി കൃത്യമായ നടപടികൾ സ്വീകരിക്കുന്നു.
- ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, അസിസ്റ്റന്റ് സെക്രട്ടറി, ഹെല്ത്ത് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റഷൻ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ വ്യാഴാഴ്ചയും പരിശോധന നടത്തുന്നു. ആദ്യഘട്ടം താക്കീതും തുടർന്ന് പിഴയും മറ്റു നിയമനടപടികൾ സ്വീകരിച്ച് നിയമവിരുദ്ധപ്രവർത്തനങ്ങൾ തടയുക എന്നതാണ് ലക്ഷ്യം.





# മാലിന്യനിർമാർജനത്തിലെ ഞീഴൂർ മാതൃക

കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ വൈക്കം താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഞീഴൂർ ഗ്രാമപഞ്ചായത്ത് ശുചിത്വ മാലിന്യസംസ്കരണ രംഗത്ത് മാതൃകയായി മുന്നേറുന്നു. 28.91 ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ജനസംഖ്യ 17,608 ആണ്. 14 വാർഡുകൾ ഉള്ള ഈ പഞ്ചായത്തിൽ 4732 വീടുകളിലായി 8,777 പുരുഷന്മാരും 8,831 സ്ത്രീകളും അധിവസിക്കുന്നു. ഏറ്റവും പ്രധാന കമ്പോളമായ ഞീഴൂർ ചന്തയിലെ മാലിന്യസംസ്ക്കരണം ഫലപ്രദമായി നടപ്പിലാക്കിയാണ് പഞ്ചായത്ത് ശുചിത്വ മികവിലേക്ക് ചുവടുവെച്ചത്. ഞീഴൂർ മാർക്കറ്റിലെ ജൈവമാലിന്യ സംസ്ക്കരണത്തിനായി നിലവില് ഒരു തുമ്പൂർമൂഴി പ്ലാന്റ് പ്രവർത്തിക്കുന്നു. പ്രതിദിനം 1500 കിലോ ജൈവമാലിന്യങ്ങളും, 500 കിലോഗ്രാം അജൈവ മാലിന്യങ്ങളും പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നു. 2017 ലെ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' സർവെ പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രതിവര്ഷം ഒൻപത് ടൺ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നു.

## മാലിന്യ സംസ്കരണരംഗത്തെ ഇടപെടലുകൾ.

ജൈവ മാലിന്യം സംസ്ക്കരിക്കാതെ വലിച്ചെറിയുന്ന രീതിയ്ക്ക് പകരം മാതൃകാപരമായ ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നടപ്പിലാക്കിയാണ് പഞ്ചായത്ത് ശുചിത്വ മികവിനു തുടക്കം കുറിച്ചത്. 2321 വീടുകളിൽ പൈപ്പ് കമ്പോസ്റ്റ്, 2200 വീടുകളിൽ കമ്പോസ്റ്റ് പിറ്റുകൾ, 175 വീടുക



ളിൽ ബയോഗ്യാസ് പ്ലാന്റുകൾ, 125 വീടുകളിൽ കിച്ചൺ ബിന്നുകൾ എന്നിവ സ്ഥാപിച്ചു കഴിഞ്ഞു. പൊതു ജൈവമാലിന്യ സംസ്ക്കരണത്തിനായി ചന്തയിലും, സ്കൂളുകളിലും തുമ്പൂർമൂഴി പ്ലാന്റ് പ്രവർത്തിക്കുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന 2600 കി.ഗ്രാം ജൈവമാലിന്യം വളമാക്കി 20 രൂപ നിരക്കില് വില്പന നടത്തുന്നു.

ജൈവ അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനായി 7 അംഗങ്ങളടങ്ങിയ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. വീടുകളിൽനിന്ന് പ്ലാസ്റ്റിക് ശേഖരിക്കുന്നതിനായി 30 രൂപയും സ്ഥാപനങ്ങളിൽനിന്ന് 50 രൂപയും യൂസർഫീസായി നിശ്ചയിച്ചിരിക്കുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. 14 വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന 72 ബിന്നുകളിൽ നിന്നും, വീടുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ ശേഖരിച്ച് പരിശോധിച്ച് തരംതിരിച്ച് ശേഷം വൃത്തിയാക്കിയ പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡിങ് യൂണിറ്റിന് എത്തിച്ച് കൊടുക്കുന്നു. കുടുംബശ്രീ സി.ഡി.എസ് അംഗങ്ങളായ 3 വനിതകളാണ് പ്ലാസ്റ്റിക് പൊടിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ഒരു മാസം 2000 കി.ഗ്രാം പ്ലാസ്റ്റിക് പൊടിക്കുകയും 2100 കി.ഗ്രാം ടാറിംഗിനായി ഉപയോഗിക്കുകയും ചെയ്തു. പൊടിച്ച പ്ലാസ്റ്റിക്കുകൾ പഞ്ചായത്തിലെ റോഡുകൾ ടാർ ചെയ്യുന്നതിനായി ഉപയോഗിച്ചുവരുന്നു.

ഗ്രാമപഞ്ചായത്ത് ഓഫീസ് മറ്റ് ഘടക സ്ഥാപനങ്ങളിലും ഹരിത പെരുമാറ്റച്ചട്ടം പ്രാവർത്തികമാക്കിയിട്ടുണ്ട്. പൊതുപരിപാടികൾ നടത്തുന്ന സ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾക്കും ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നതിന് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെയും മറ്റു ഘടക സ്ഥാപനങ്ങളുടെയും പരിപാടികളിൽ പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കുന്നതിനായി രണ്ട് കുടുംബശ്രീ യൂണിറ്റിന് സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും വാങ്ങി ഉപയോഗിച്ച് വരുന്നു.

ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ജാഗ്രതോത്സവം പോലുള്ള പരിപാടികൾ സംഘടിപ്പിക്കുക, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ക്ലാസ്സുകൾ നയിച്ചും, പ്ലാസ്റ്റിക്കിന്റെ ഉപയോഗം പഞ്ചായത്തിൽ കുറയ്ക്കുവാന് സാധിച്ചു.

തുടർച്ചയായ മാലിന്യ സംസ്കരണ പദ്ധതികളും ബോധവൽകരണ നടപടികളും നടപ്പിൽ വരുത്തുന്നതിനാൽ മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് നടപടിയെടുക്കേണ്ട സാഹചര്യം പഞ്ചായത്തിനുണ്ടായിട്ടില്ല.

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യത്തോടെ ഹരിത കേരള മിഷൻ പിന്തുണയോടുകൂടി പഞ്ചായത്തിൽ ശുചിത്വ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ഒരു ഹരിത ശുചിത്വ സുന്ദര ഗ്രാമം ആയി ഞീഴൂർ മാറുന്നു.





പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ പേപ്പർ ബാഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. രണ്ട് കുടുംബശ്രീ യൂണിറ്റിനു പരിശീലനം നല്കി നിർമ്മിക്കുന്ന തുണിസഞ്ചികൾ 5 രൂപ നിരക്കിൽ കടകളിൽ വിൽക്കുന്നു. തുണി സഞ്ചികളുടെ വലുപ്പത്തിനനുസരിച്ച് വിലയിൽ വ്യത്യാസം വരുത്താറുണ്ട്. പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 12 സ്കൂളുകളിലും ഡിസ്പെൻസറികൾ ഉൾപ്പടെ മൂന്ന് ആശുപത്രികളിലും കൃഷിഭവൻ ഉൾപ്പടെയുള്ള ഗവണ്മെന്റ് സ്ഥാപനങ്ങളിലും, മതപരമായ ചടങ്ങുകളിലും ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നു. പൂർണ്ണമായും ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് പഞ്ചായത്തിന്റെ കീഴിൽ 5 വിവാഹം നടത്തി.

ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ജാഗ്രതോത്സവം പോലുള്ള പരിപാടികൾ സംഘടിപ്പിക്കുക, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ക്ലാസ്സുകൾ നയിച്ചും, പ്ലാസ്റ്റിക്കിന്റെ ഉപയോഗം പഞ്ചായത്തിൽ കുറയ്ക്കുവാന് സാധിച്ചു.

തുടർച്ചയായ മാലിന്യ സംസ്കരണ പദ്ധതികളും ബോധവൽകരണ നടപടികളും നടപ്പിൽ വരുത്തുന്നതിനാൽ മലിനീകരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് നടപടിയെടുക്കേണ്ട സാഹചര്യം പഞ്ചായത്തിനുണ്ടായിട്ടില്ല.

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടുക എന്ന ലക്ഷ്യത്തോടെ ഹരിത കേരള മിഷൻ പിന്തുണയോടുകൂടി പഞ്ചായത്തിൽ ശുചിത്വ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ഒരു ഹരിത ശുചിത്വ സുന്ദര ഗ്രാമം ആയി ഞീഴൂർ മാറുന്നു.



# ശുചിത്വ സംരംഭങ്ങളുമായി കാഞ്ഞിരപ്പള്ളി

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്. 421 ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണമുള്ള ബ്ലോക്കിനുകീഴിൽ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി 209332 ജനങ്ങൾ അധിവസിക്കുന്നു. പഞ്ചായത്തിൽ പ്രതിദിനം ഏഴ് ടൺ ജൈവമാലിന്യവും 41 കി.ഗ്രാം അജൈവ മാലിന്യവും ഉത്പാദിപ്പിക്കപ്പെടുന്നു.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

ബ്ലോക്കിന്റെ പരിധിയിലുള്ള ഏഴ് പഞ്ചായത്തുകളിലായി വിവിധ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കി. ഗാർഹികതലത്തിൽ ജൈവമാലിന്യ സംസ്കരണത്തിനായി 650 ബയോഗ്യാസ് പ്ലാന്റുകളും 1500 പൈപ്പ് കമ്പോസ്റ്റുകളും പൊതു ഇടങ്ങളിൽ 46 ബ്ലോക്കിൽ ഒന്ന് എന്നിങ്ങനെ തുമ്പൂർമൂഴി യൂണിറ്റുകൾ പ്രവർത്തിക്കുന്നു. രൂപപ്പെടുന്ന ജൈവമാലിന്യം വളമാക്കി ബ്ലോക്കിലെ വൃക്ഷത്തൈ നേഴ്സറിയുടെ പരിപാലനത്തിനായി ഉപയോഗിക്കുന്നു. അജൈവ മാലിന്യ സംസ്ക്കരണത്തിനായി 2018 ഒക്ടോബർ 2-ന് പ്ലാസ്റ്റിക് ഷ്രെഡ്ഡിങ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. 18.80 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് 5 വനിതകളാണ്. ഒരു മണിക്കൂറില് 100 കി.ഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള മെഷീൻ ആണ് യൂണിറ്റിൽ സ്ഥാപിച്ചിരിക്കുന്നത്. ബ്ലോക്കിനു കീഴിലുള്ള മുഴുവൻ പഞ്ചായത്തുകളിലുമാ





യി 200 സേനാംഗങ്ങളും ഏഴ് എം.സി.എ ഫുകളും പ്രവർത്തിക്കുന്നു. ഹരിതകർമ്മസേനയ്ക്ക് ശരാശരി 3000 രൂപ വരുമാനം ലഭിക്കുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങള് പഞ്ചായത്തുകളിൽ നിന്ന് എം.സി.എഫിലും ആർ.ആർ.എഫിലും എത്തിക്കുന്നു. ഇവ കൃത്യമായി തരംതിരിച്ച് പൊടിക്കുന്നു. ഒരു വർഷം 15000 കി.ഗ്രാം അജൈവ മാലിന്യം ശേഖരിക്കുന്നു. ഇതിൽ 2018-19 കാലയളവിൽ 12000 കി.ഗ്രാം പ്ലാസ്റ്റിക് പൊടിച്ച് ക്ലീന് കേരള കമ്പനിക്ക് കൈമാറുകയും ടാറിംഗിനു ഉപയോഗിക്കുകയും ചെയ്തു.

## ശീലവത്കരണം

പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി ബ്ലോക്കിന്റെ കീഴിൽ 12 ഉം വിവിധ ഗ്രാമപഞ്ചായത്തുകളിലായി 30 ഉം പൊതുസ്ഥാപനങ്ങൾ ഹരിത പെരുമാറ്റച്ചട്ടം പാലിച്ചു പ്രവർത്തിക്കുന്നു കൂടാതെ നാല് പൊതുപരിപാടികൾ ഹരിതചട്ടം പാലിച്ചു നടപ്പിലാക്കി. വിവിധ പഞ്ചായത്തുകളിലായി പേപ്പർബാഗ്, തുണിസഞ്ചി നിർമാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

## വെല്ലുവിളിയും പരിഹാരവും

വിവിധ പഞ്ചായത്തുകളിൽ നിന്നുമായി ആർ.ആർ.എഫിൽ എത്തുന്ന അജൈവ മാലിന്യത്തിൽ തരംതിരിക്കപ്പെടാത്ത മാലിന്യങ്ങൾ എത്തുന്നു എന്നത് വെല്ലുവിളിയായും ഇതിനു പരിഹാരമായി കൃത്യമായി തരംതിരിക്കുന്നതു പരിശീലനം നടത്തുകയും ചെയ്തു.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി ബ്ലോക്കിന്റെ കീഴിൽ 12 ഉം വിവിധ ഗ്രാമപഞ്ചായത്തുകളിലായി 30 ഉം പൊതുസ്ഥാപനങ്ങൾ ഹരിത പെരുമാറ്റച്ചട്ടം പാലിച്ചു പ്രവർത്തിക്കുന്നു കൂടാതെ നാല് പൊതുപരിപാടികൾ ഹരിതചട്ടം പാലിച്ചു നടപ്പിലാക്കി. വിവിധ പഞ്ചായത്തുകളിലായി പേപ്പർബാഗ്, തുണി സഞ്ചി നിർമാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.





# മാലിന്യമുക്തമാകുന്ന മാറഞ്ചേരി

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ പെരുമ്പടപ്പ് ബ്ലോക്കിൽപെടുന്ന ഗ്രാമപഞ്ചായത്താണ് മാറഞ്ചേരി. മലപ്പുറം,തൃശ്ശൂർ, പാലക്കാട് ജില്ലകളുടെ ഏകദേശം സംഗമസ്ഥാനത്തിൽ ഇത് സ്ഥിതിചെയ്യുന്നു. പുഴകളും കായലും അതിർത്തി പങ്കിടുന്ന, 20.47 ച.കി. വിസ്തീർണ്ണമുള്ള, ഇവിടുത്തെ ജനസംഖ്യ 36320 ആണ്. 1774.30 പഞ്ചായത്തിന്റെ ജനസാന്ദ്രത.

ജൈവസമ്പന്നവും പാരിസ്ഥിതിക പ്രാധാന്യവും 330 ഹെക്ടർ കോൾമേഖലയും അതോടൊപ്പം തന്നെ ഇരിപ്പുകൃഷിക്ക് അനുയോജ്യമായ പാടശേഖരങ്ങളും ഉൾക്കൊള്ളുന്നതാണ് പഞ്ചായത്തിന്റെ ഭൂമേഖല. പൊന്നാനി നഗരസഭയോട് ചേർന്ന ഈ പ്രദേശം, ഒരു നഗരത്തിന്റേതായ സ്വഭാവം അതിവേഗം ആർജ്ജിച്ചുകൊണ്ടിരിക്കുന്നുണ്ട്.

## ജൈവമാലിന്യം

ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്കായി 178 ബയോഗ്യാസ് പ്ലാന്റുകൾ, 560 പൈപ്പ് കമ്പോസ്റ്റ് വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം പഞ്ചായത്ത് മുണ്ടൂർ ഐആർടിസിയുമായി സംയോജിച്ച് ഗാർഹിക ഗുണഭോക്താക്കൾക്ക് 269 ബയോബിന്നുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി ജനങ്ങൾക്ക് ഗാർഹികമായി ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ഒരു ദിശാബോധം നൽകുന്നതിന് സാധിച്ചു. ഒരു നഗര സദൃശതയിലേക്ക് അതിവേഗം മു



ന്നേറികൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്തിന് അനുയോജ്യമായ രീതിയിൽ തന്നെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് സാധിച്ചിട്ടുണ്ട് എന്നത് ഒരു പ്രത്യേകതയാണ്.

## ഹരിതകർമ്മസേന

2017 നവംബർ മാസത്തിൽ 38 അംഗങ്ങളടങ്ങിയ ഹരിതകർമ്മസേന രൂപീകരിച്ചു. പഞ്ചായത്തിലെ 8456 വീടുകളിൽ നിന്നും പരിശീലനം ലഭിച്ച ഹരിതകർമ്മ സേനാംഗങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളും കവറുകളും മറ്റും ശേഖരിക്കുന്നു. ശേഖരിച്ച വസ്തുക്കൾ പഞ്ചായത്തിലെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം.സി.എഫിലേ



ക്ക് കൊണ്ടുവരുന്നു. എം.സി എഫിനോട് ചേർന്ന് 2017 ൽ തന്നെ 12 ലക്ഷംരൂപ ചെലവഴിച്ച് ഒരു പ്ലാസ്റ്റിക് കാരിബാഗ് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ തന്നെ സംസ്കരിക്കേണ്ട പ്ലാസ്റ്റിക്കുകൾ വേർതിരിക്കുകയും, റീ സൈക്കിൾ ചെയ്യാൻ കഴിയാത്തവ മലപ്പുറം ജില്ലയിലെ തന്നെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഷ്രെഡിങ് യൂണിറ്റിലേക്ക് കൈമാറുകയും ചെയ്യുന്നു. പ്രസ്തുത സ്ഥാപനത്തിൽ ഒരു പുരുഷനും മൂന്ന് സ്ത്രീകളും ജോലിചെയ്തുവരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 38 ഹരിതകർമ്മസേനാംഗങ്ങൾ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വീടുകളിൽ നിന്നും, കടകളിൽ നിന്നും പ്ലാസ്റ്റിക് കാരി ബാഗുകൾ ശേഖരിച്ച് യൂണിറ്റിൽ എത്തിക്കുന്നു. ആയതുമുഖേന കഴിഞ്ഞ രണ്ട് വർഷമായി



പഞ്ചായത്ത് പരിധിയിലുണ്ടാവുന്ന ടൺ കണക്കിനു പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന് സാധ്യമായിട്ടുണ്ട്. പ്രതിമാസം ഹരിതകർമ്മസേനക്ക് ലഭിക്കുന്ന വരുമാനം 6000 രൂപയാണ്. പ്രതിദിനം പഞ്ചായത്തിൽ രൂപപ്പെടുന്ന അജൈവമാലിന്യം 180 കി ഗ്രം ആണ്. യൂണിറ്റിൽ ഉല്പാദിപ്പിക്കപ്പെടുന്ന പ്ലാസിറ്റിക് ഗ്രാന്യൂൾസ് റോഡ്, മറ്റ് പ്ലാസ്റ്റിക് ഉപകരണ നിർമ്മാണ ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നതിന് സ്ഥാപനങ്ങൾ പ്ലാസ്റ്റിക് ഗ്രാന്യൂൾസ് കിലോഗ്രാമിന് 28 രൂപ നിരക്കിൽ വാങ്ങുന്നതിന് തയ്യാറായി മുന്നോട്ടുവരുന്നുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് സ്ഥാപനത്തിലെ ജോലിക്കാർക്കും, ഹരിത കർമ്മസേനാംഗങ്ങൾക്കും ശമ്പളം നൽകുന്നതിന് ഉപയോഗിച്ച്വരുന്നു. അങ്ങനെ സർക്കാരിന്റെ യാതൊരു ധനസഹായവുമില്ലാതെ പ്രസ്തുത സ്ഥാപനം നടത്തികൊണ്ടു പോകുന്നതിന് സാധിക്കുന്നു.

ഈയിനത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമായതുകാരണം മെഷീൻ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ചെലവ് മാത്രമാണ് പഞ്ചായത്തിന് വഹിക്കേണ്ടി വന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ രണ്ട് ഘട്ടങ്ങളിലായി ലഭ്യമായ തുക പൂർണ്ണമായും മാലിന്യ സംസ്കരണ യൂണിറ്റിലെ തൊഴിലാളികൾക്കും ഹരിതസേനാംഗങ്ങൾക്കും വേതനമായി നൽകിയിട്ടുണ്ട്. കൂടാതെ ഉത്തരവ് പ്രകാരം കേന്ദ്രീകൃത മാലിന്യ സംസ്കരണ യൂണിറ്റിലെ തൊഴിലാളികൾക്ക് പ്രതിമാസ വേതനവും നൽകിവരുന്നു.

## നിയമ നടപടികൾ

പഞ്ചായത്തിലെ ആരോഗ്യവിഭാഗവും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംയുക്തമായി പൊതുസ്ഥലങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും പരിശോധന നടത്തുകയും മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്തുവരുന്ന സ്ഥാപനങ്ങളേയും പൊതുജനങ്ങളേയും വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുളള സി.സി ടിവികൾ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചുകൊണ്ട് നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പൊതുജന പങ്കാളിത്തത്തോടുകൂടി കൃത്യമായ ഇടവേളകളിൽ ശുചിത്വക്യാമ്പെയിനും ശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.



നാളിതുവരെയായി 88100 രൂപ ഫൈൻ ഇനത്തിൽ പഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണം അജണ്ടയായി പ്രത്യേക ഗ്രാമസഭകൾ കൂടാറുണ്ട്. കുടുംബശ്രീ പ്രവർത്തകർ മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് ബോധവത്കരണ പരിപാടികളും നടത്തിവരുന്നു.

സർക്കാർ, സർക്കാതേര സംഘടനകൾ എന്നിവരെ ഉൾക്കെള്ളിച്ച് മെഡ് എക്സ്പോ എന്ന പേരിൽ പ്ലാസ്റ്റിക് നിരോധനം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകളും എക്സിബിഷനും സംഘടിപ്പിച്ചു. സ്പീക്കർ പി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്ത പ്രസ്തുത പടിപാടിയിൽ 1200-ലേറെ പേർ പങ്കെടുത്തു.

വ്യാപാരികൾ കുടുംബശ്രീ അംഗങ്ങൾ യുവജന ക്ലബുകൾ തൊഴിലുറപ്പ് എന്നിവരുടെ സഹകരണത്തോടെ സെപ്റ്റംബർ 17 ന് 'ശുചിത്വ ഹർത്താൽ' സംഘടിപ്പിച്ചു. ഹരിതനിയമാവലിയുടെ ഭാഗമായി ഒക്ടോബർ 2 ന് പഞ്ചായത്തും പരിസരവും ജനപ്രധിനിധികളും ജീവനക്കാരും ചേർന്ന് വൃത്തിയാക്കി.

### ഗ്രീൻ പ്രോട്ടോക്കോൾ

ഗ്രീൻ പ്രോട്ടോകോൾ പഞ്ചായത്തിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിന്റെ ഭാഗമായി 500 പേർക്ക് സദ്യ നടത്തുന്നതിനാവശ്യമായ സ്റ്റീൽ പാത്രങ്ങൾ വാങ്ങി ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ആയത് വാടകയ്ക്ക് നൽകിയും വരുമാനം കണ്ടെത്താനുള്ള സാഹചര്യവും പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. സുസംഘടിതമായ ഹരിതസേനാപ്രവർത്തനങ്ങൾ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത്. അതീവ ശ്രദ്ധപുലർത്തുന്നു. സർക്കർ സ്ഥാപനങ്ങൾ ഘടക സ്ഥാപനങ്ങൾ എന്നിവയ്ക്ക് സമ്പൂർണ്ണ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാണ്. ഒഡിറ്റോറിയങ്ങൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ പാലനത്തിന് കർശന നിർദ്ദേശമുണ്ട്.

### "മെഡ് എക്സ്പോ"

സർക്കാർ, സർക്കാതേര സംഘടനകൾ എന്നിവരെ ഉൾക്കെള്ളിച്ച് മെഡ് എക്സ്പോ എന്ന പേരിൽ പ്ലാസ്റ്റിക് നിരോധനം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകളും എക്സിബിഷനും സംഘടിപ്പിച്ചു. സ്പീക്കർ പി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്ത പ്രസ്തുത പടിപാടിയിൽ 1200-ലേറെ പേർ പങ്കെടുത്തു.

വ്യാപാരികൾ കുടുംബശ്രീ അംഗങ്ങൾ യുവജന ക്ലബുകൾ തൊഴിലുറപ്പ് എന്നിവരുടെ സഹകരണത്തോടെ സെപ്റ്റംബർ 17 ന് 'ശുചിത്വ ഹർത്താൽ' സംഘടിപ്പിച്ചു. ഹരിതനിയമാവലിയുടെ ഭാഗമായി ഒക്ടോബർ 2 ന് പഞ്ചായത്തും പരിസരവും ജനപ്രധിനിധികളും ജീവനക്കാരും ചേർന്ന് വൃത്തിയാക്കി.





# ശുചിത്വപ്പെരുമയിൽ കൊട്ടാരക്കര

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ സ്ഥിതിചെയ്യുന്ന 17.4 കിലോമീറ്റർ വിസ്തീർണ്ണമുള്ള കൊട്ടാരക്കര നഗരസഭയിൽ 8393 വീടുകളിലായി 32825 ആളുകൾ അതിവസിക്കുന്നു. 3774 സ്ഥാപനങ്ങൾ നഗരപരിധിയിൽ പ്രവർത്തിച്ചുവരുന്നു. കൃഷിയും വ്യാപാരവുമാണ് പ്രധാന തൊഴിൽമേഖലകൾ.

കൊട്ടാരക്കര നഗരസഭ 2015 നവംബർ 1 നാണ് സ്ഥാപിതമായത്. പഞ്ചായത്തായിരുന്ന സമയത്ത് നിലവിലിരുന്ന അശാസ്ത്രീയമായ മാലിന്യസംസ്കരണം കാരണം നഗരത്തിൽ മിക്ക സ്ഥലങ്ങളിലും മാലിന്യക്കൂനകൾ രൂപപ്പെട്ടിരുന്നു. നഗരസഭ രൂപീകൃതമായതിനുശേഷം മാലിന്യ സംസ്കരണ മേഖലയിൽ വളരെയധികം പുരോഗതിയാണ് നഗരസഭ കൈവരിച്ചത്. ചിട്ടയായ പ്രവർത്തനത്തിലും ശാസ്ത്രീയമായ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുക വഴി പൊതു സ്ഥലത്ത് കുമിഞ്ഞുകൂടിയ മാലിന്യത്തിന്റെ അളവ് വളരെയധികം കുറയ്ക്കുവാൻ സാധിച്ചു. ജൈവമാലിന്യ സംസ്കരണത്തിനായി ഉറവിടമാലിന്യ സംസ്കരണ ഉപാധികളായ 250 റിംഗ് കമ്പോസ്റ്റ്, 170 ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചു കൂടാതെ, അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി വീടുകളിൽ 260 കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചു നൽകി. നഗരത്തിലെ പൊതുസ്ഥലങ്ങളായ നഗരസഭ മാർക്കറ്റ്, പ്രൈവറ്റ് ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലെ മാലിന്യം ദിവസേന സംഭരിച്ച് നഗരസഭ വക ഉഗ്രൻകുന്ന് മാലിന്യ സംസ്കരണ പ്ലാന്റിൽ സാനിറ്ററി ലാന്റ്ഫിൽ നടത്തുന്നു. മേൽ



പ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി നഗരത്തിൽ ഒരു ദിവസമുണ്ടാകുന്ന 9.9 ടൺ മാലിന്യത്തിൽ 90% ശാസ്ത്രീയമായി സംസ്കരിക്കാൻ സാധിച്ചു.

2020 മാർച്ച് മാസത്തിനുള്ളിൽ സമ്പൂർണ്ണ ശുചിത്വ നഗരസഭ എന്ന ലക്ഷ്യത്തിനായി പ്രത്യേക വാർഡ് സഭകൾ എല്ലാ വാർഡുകളിലും സംഘടിപ്പിക്കുന്നതിനും നഗരത്തിലെ എല്ലാ വീടുകളിലും ഏതെങ്കിലും ഒരു ഉറവിട മാലിന്യ സംസ്കരണ സംവിധാനം നിർബന്ധമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഉറവിട ജൈവമാലിന്യ ഉപാധികളായ ബയോഗ്യാസ്, റിംഗ് കംപോസ്റ്റ് ഗുണഭോക്താക്കളെ കിട്ടാത്ത സാഹചര്യത്തിൽ പ്രത്യേക വാർഡ് സഭകൾ വിളിച്ചുകൂട്ടി ഉപഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള അവസരം ഒരുക്കി. സ്ഥലപരിമിതിയുള്ള വീടുകളിൽ ബയോപോട്ട്, റിംഗ് കമ്പോസ്റ്റ് തുടങ്ങിയവയും സ്ഥലമുള്ള വീടുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 29 വാർഡുകളിൽ ആവശ്യമായ വളക്കുഴി നിർമ്മിക്കുന്നതിനും നടപടി എടുത്തു. നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും, പൊതുസ്ഥലത്തും തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ സംവിധാനത്തിന് പദ്ധതി തയ്യാറാക്കി നടപടികൾ ആരംഭിച്ചു.

ജൈവമാലിന്യ സംസ്കരണം പോലെ അജൈവമാലിന്യ സംസ്കരണത്തിലും കൊട്ടാരക്കര നഗരസഭ ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. അജൈവ മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി 2016 പ്ലാസ്റ്റിക് നിർമ്മാർജ്ജന നിയന്ത്രണ നിയമം ബൈലോ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. 2017 ആഗസ്റ്റ് മാസം നഗരസഭ ഫണ്ടിൽ നിന്നും എട്ട് ലക്ഷത്തോളം രൂപ ചെലവഴിച്ച് ഉഗ്രൻകുന്ന് മാലിന്യ പ്ലാന്റിൽ പ്ലാസ്റ്റിക് ഷ്രെഡിങ് മെഷീനും, ബെയിലിങ് മെഷീനും സ്ഥാപിക്കുകയുണ്ടായി. 2018 ജൂലായ് 16-ന് ഹരിതകേരള മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

കുടുംബശ്രീ അംഗങ്ങളായ വനിതകളെ ഒരു വാർഡിന് രണ്ട് എന്ന ക്രമത്തിൽ ഹരിതകർമ്മസേനാംഗങ്ങളായി തെരെഞ്ഞെടുത്തു. ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ പരിശീലനം നൽകിയ ഇവർ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി സൂക്ഷിച്ചിട്ടുള്ള പ്ലാസ്റ്റിക്കുകൾ ശേഖരിക്കുന്നു. വീടുകളിൽ നിന്നും മാസത്തിൽ രണ്ടുതവ





ണയും സ്ഥാപനങ്ങളിൽ നിന്ന് ആഴ്ചയിലൊരിക്കലും ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന് ഉപഭോക്താക്കളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കുന്നുണ്ട്. വീടുകൾക്ക് 30 മുതൽ 50 രൂപ വരെയും സ്ഥാപനങ്ങൾക്ക് 100 മുതൽ 500 രൂപ വരെയും ഫീസ് ഈടാക്കുന്നു. വരുമാന സ്ഥിരതവരുത്തുന്നതിന് പ്രോത്സാഹനമായി VGF ഫണ്ടിൽ തുക വകയിരുത്തി നൽകി.

പ്രതിമാസം ഹരിതകർമ്മ സേനയ്ക്ക് 1,50,000 രൂപ ലഭിക്കുന്നുണ്ട്. VGF ഉൾപ്പെടെ ഒരംഗത്തിന് ശരാശരി 3500 രൂപ വരുമാനം ഉണ്ട്. സംഭരിക്കുന്ന പ്ലാസ്റ്റിക് നഗരസഭാ വാഹനത്തിൽ നഗരസഭയിലെ RRF-ലേക്ക് മാറ്റുന്നു. RRF ൽ പ്ലാസ്റ്റിക് ഗ്രേഡ് അനുസരിച്ച് തരം തിരിച്ച് ബെയ്‌ലിങ് ചെയ്ത് ഗ്രേഡ് കൂടിയവ





പുന:ചക്രമണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. കഴിഞ്ഞ ആറ് മാസക്കാലയളവിൽ 9.5 ടൺ പ്ലാസ്റ്റിക് ശേഖരിക്കുകയും അവയിൽ 6.6 സംസ്കരിക്കുകയും ചെയ്ത്. സംസ്കരിച്ച പ്ലാസ്റ്റിക് ക്ളീൻ കേരള കമ്പനിക്കു കൈമാറിയ വകയിൽ 93,200 രൂപ ലഭിക്കുകയുണ്ടായി ബാക്കിയുള്ള പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനായി നൽകുന്നു. നഗരസഭാ പരിധിയിലെ 8393 വീടുകളിൽ 5408 വീടുകളിൽ നിന്നും പ്ലാസ്റ്റിക് നൽകുന്നുണ്ട്.

നഗരസഭയിൽ വ്യാപകമായ രീതിയിൽ പൊതുജന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവയുമായി ചേർന്ന് സെമിനാറുകൾ, സ്റ്റഡിക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു. എല്ലാ വീടുകളിലുമായി പ്ലാസ്റ്റിക് നൽകുന്നതിന് എഗ്രിമെന്റ് പത്രം ഒപ്പിട്ടുവാങ്ങി വാർഡുസഭകൾ, കുടുംബശ്രീ യോഗങ്ങൾ, ക്ലസ്റ്ററുകൾ തിരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി. ജാഗ്രതോത്സവങ്ങൾ സംഘടിപ്പിച്ച് കുട്ടികളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. പെൻസിൽ ക്യാമ്പയിനിൽ ആർ.പി മാർക്ക് ട്രെയിനിംഗ് നൽകി, വാർഡു തലത്തിൽ ആർ.പി മാരായ കുട്ടികൾ ക്യാമ്പുകൾ നടത്തുന്നു. സീറോവേസ്റ്റ് പദ്ധതിയുടെ ഭാഗമായി നാല് പൈലറ്റ് വാർഡുകൾ തെരെഞ്ഞെടുത്ത ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഹരിതകർമ്മ സേനാംഗങ്ങൾക്ക് കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകി. ആദ്യഘട്ടത്തിൽ 10% ആളുകൾ മാത്രമാണ് ഹരിത കർമ്മ സേനയുമായി സഹകരിച്ചിരുന്നെങ്കിൽ ഇത്തരം ബോധവത്കരണ പ്രവർത്തനത്തിന്റെ ഫലമായി 60% ആളുകൾ ഹരിതകർമ്മസേനയുമായി നിലവിൽ സഹകരിക്കുന്നു. പൊതുനിരത്തിൽ മാലിന്യനിക്ഷേപം നടത്തിയതിന് പിഴയായി 49000 രൂപ ഈടാക്കിയിട്ടുണ്ട്.

## മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നേരിടുന്ന വെല്ലുവിളികൾ

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് വളരെയധികം ബുദ്ധിമുട്ടുകൾ പ്രാരംഭ സമയത്തു ഉണ്ടായിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് പ്ലാസ്റ്റിക് നൽകുന്നതിനും, യൂസർഫീസ് നൽകുന്നതിനും കേവലം 20% മാത്രമാണ് തയ്യാറായിട്ടുണ്ടായിരുന്നത്. ആദ്യ കാല

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് വളരെയധികം ബുദ്ധിമുട്ടുകൾ പ്രാരംഭ സമയത്തു ഉണ്ടായിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് പ്ലാസ്റ്റിക് നൽകുന്നതിനും, യൂസർഫീസ് നൽകുന്നതിനും കേവലം 20% മാത്രമാണ് തയ്യാറായിട്ടുണ്ടായിരുന്നത്. ആദ്യ കാലങ്ങളിൽ ബോട്ടിലുകൾ ഒഴികെയുള്ള പ്ലാസ്റ്റിക്കുകൾ എല്ലാം തന്നെ ഷ്രെഡ്ഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് റോഡ് ടാറിങ്ങിന് നൽകുകയായിരുന്നു. റോഡു ടാറിങ്ങിനായി പ്ലാസ്റ്റിക് കൈമാറാൻ സാധിക്കാഞ്ഞ നാളുകളിൽ സ്റ്റോക്ക് കെട്ടി കിടക്കുന്ന സാഹചര്യം ഉളവായി. ഈ സാഹചര്യത്തിൽ ഹരിതകർമ്മ സേനാംഗങ്ങളെ ഉപയോഗിച്ച് പ്ലാസ്റ്റിക് ഒൻപത് ഗ്രേഡായി തരം തിരിച്ച് കൃത്യമായ ഇടവേളകളിൽ വിൽപന നടത്തി പ്ലാസ്റ്റിക് കെട്ടികിടക്കുന്ന സാഹചര്യം ഒഴിവാക്കി.

കൊട്ടാരക്കര പെന്തകോസ്ത് മിഷന്റെ നേതൃത്വത്തിൽ കാലങ്ങളായി നടന്നുവരുന്ന അന്തർദേശീയ കൺവെൻഷനിൽ വളരെയധികം അജൈവമാലിന്യങ്ങൾ യാതൊരുമുൻകരുതലുമില്ലാതെ കൈയൊഴിയുന്നത് നഗരസഭയ്ക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. 2018ൽ നടന്ന കൺവെൻഷനിൽ അജൈവ മാലിന്യ സംസ്കരണം ചർച്ച ചെയ്ത ഒരു വിഷയമായി ഉൾപ്പെടുത്താൻ നഗരസഭയ്ക്കു കഴിഞ്ഞു. കൺവെൻഷൻ പൂർണമായും ഹരിതചട്ടം പാലിച്ച് നടപ്പിലാക്കിയത് അത്ഭുതാവഹമായ മാറ്റത്തിനു കരണമായിത്തീർന്നു. പ്ലാസ്റ്റിക് മാലിന്യം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞതും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കാൻ കഴിഞ്ഞതും പൊതു ജനങ്ങളുടെയും സഘടകരുടെയും മുക്തകണ്ഠ പ്രശംസ നേടുവാൻ സഹായകമായി.



ങ്ങളിൽ ബോട്ടിലുകൾ ഒഴികെയുള്ള പ്ലാസ്റ്റിക്കുകൾ എല്ലാം തന്നെ ഷ്രെഡ്ഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് റോഡ് ടാറിങ്ങിന് നൽകുകയായിരുന്നു. റോഡു ടാറിങ്ങിനായി പ്ലാസ്റ്റിക്ക കൈമാറാൻ സാധിക്കാഞ്ഞ നാളുകളിൽ സ്റ്റോക്ക് കെട്ടി കിടക്കുന്ന സാഹചര്യം ഉളവായി. ഈ സാഹചര്യത്തിൽ ഹരിതകർമ്മ സേനാംഗങ്ങളെ ഉപയോഗിച്ച് പ്ലാസ്റ്റിക്ക് ഒൻപത് ഗ്രേഡായി തരം തിരിച്ച് കൃത്യമായ ഇടവേളകളിൽ വിൽപന നടത്തി പ്ലാസ്റ്റിക് കെട്ടികിടക്കുന്ന സാഹചര്യം ഒഴിവാക്കി.



# ശുചിത്വപാലം തീർത്ത് പുനലൂർ നഗരസഭ

കേരളത്തിലെ പ്രമുഖ വ്യവസായ നഗരമായ പുനലൂർ, പുനലൂർ പേപ്പർ മിൽ, പ്ലൈവുഡ് ഫാക്ടറി തുടങ്ങിയവ കേരളത്തിലെ വിപ്ലവത്തിനു തുടക്കം കുറിച്ചവയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്യത്തിന്റെ ചരിത്ര സ്മാരകമായി നിലകൊള്ളുന്ന പുനലൂർ തൂക്കുപാലം ഇന്നും സഞ്ചാരികളുടെ ശ്രദ്ധകേന്ദ്രമാണ്. 1971ൽ സ്ഥാപിതമായ പുനലൂർ മുനിസിപ്പാലിറ്റി കേരളത്തിലെ മുനിസിപ്പാലിറ്റികളിൽ നിന്നും മോഡൽ ടൗൺ ആയി തിരഞ്ഞെടുക്കുകപ്പെട്ട നഗരസഭയാണ്. ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ മികവിന്റെ അടിസ്ഥാനത്തിലാണ് നഗരസഭക്ക് ഈ നേട്ടം കരസ്ഥമായത്. നൂതനമായ തനതു പദ്ധതികളിലൂടെ അത് വിജയകരമായി നടപ്പിലാക്കുവാൻ നഗരസഭക്ക് കഴിഞ്ഞിട്ടുണ്ട്.

കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ 34.06 ച.കി.മീ. വിസ്തീർണമുള്ള ഈ പ്രദേശത്തു 13062 വീടുകളിലായി 46702 പേർ അധിവസിക്കുന്നു. പ്രതിദിനം ഏഴ് ടൺ ജൈവ മാലിന്യങ്ങളും മൂന്ന് ടൺ അജൈവ മാലിന്യങ്ങളും നഗരസഭാ പരിധിയിൽ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു. സുശക്തമായ ആസൂത്രണത്തിലൂടെ മാലിന്യസംസ്കരണം ഫലപ്രദമായി നടപ്പിലാക്കുവാനും മറ്റുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി മറുവാനും നഗരസഭക്ക് ആയിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണത്തിനായി 1250 ഗാർഹിക തല ബയോഗ്യാസ് പ്ലാന്റുകളും 6000 കമ്പോസ്റ്റ് പിറ്റുകളും



ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കുവാൻ നഗരസഭാ നിതാന്ത ജാഗ്രതകാട്ടി വരുന്നു. 35 വാർഡുകളിലും കല്യാണങ്ങൾക്കും മറ്റു ആഘോഷങ്ങൾക്കും സ്റ്റീൽ പാത്രവും ഗ്ലാസും കുടുംബശ്രീ സിഡിഎസ്സിനുംകർമ്മസേന അംഗങ്ങൾക്കും നഗരസഭ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത് കുടുംബശ്രീ അംഗങ്ങൾക്കും ഹരിത കർമ്മസേനയ്ക്കും മറ്റൊരു വരുമാന മാർഗമായി മാറുകയും ചെയ്യുന്നു. രാത്രികാലങ്ങളിൽ പൊതുയിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താൻ രാത്രി സ്ക്വാഡുകൾ നിലവിലുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ടു നഗരത്തിലെത്തുന്ന സഞ്ചാരികളെ ബോധവാന്മാരാക്കുവാൻ ശുചിത്വസന്ദേശം ആലേഖനം ചെയ്ത ബോർഡുകൾ നഗരത്തിലെങ്ങും സ്ഥാപിച്ചിട്ടുണ്ട്.

5000 പൈപ്പ് കംപോസ്റ്റുകളും നഗരസഭ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ തുമ്പൂർമൂഴി എയറോബിക് സംസ്കരണ സംവിധാനവും നിലവിലുണ്ട്. നഗര പ്രദേശങ്ങളിൽ നിന്നുള്ള ജൈവമാലിന്യം ഗ്രീൻ വോളന്റിയർമാരും മുനിസിപ്പാലിറ്റി ശുചീകരണ തൊഴിലാളികളും ചേർന്ന് ശേഖരിച്ചു തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റിൽ എത്തിച്ചു ജൈവവളമാക്കി മാറ്റുന്നു. ഇങ്ങനെ ലഭിക്കുന്ന ജൈവവളം കൃഷിഭവൻ വഴി കൃഷിക്കാർക്ക് ലഭ്യമാക്കാനുള്ള സംവിധാനവും നിലവിലുണ്ട്. ആധുനിക അറവുശാല നിർമ്മാണത്തിന് കിഫ്ബി അംഗീകാരത്തോടെ ശ്രമമാരംഭിച്ചിട്ടുണ്ട്.

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഉറവിട മാലിന്യ സംസ്കരണ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ലൈസൻസ് നൽകുമ്പോൾ ഇത് ഉറപ്പുവരുത്തുന്നു. സ്ഥാപനങ്ങളിൽ അതിനുള്ള സ്ഥലം ഇല്ലാത്ത പ



ക്ഷം ഉടമയുടെ വീട്ടിലെങ്കിലും ഇത്തരം സംവിധാനങ്ങൾ ക്രമീകരിക്കണം എന്നും കച്ചവട സ്ഥാപനത്തിലെ ജൈവമാലിന്യം അവിടേക്കു കൊണ്ടുപോയി സംസ്കരിക്കണമെന്നും കർശന നിർദേശം നൽകാറുണ്ട്. നഗരപരിധിയിലുള്ള ആശുപത്രികളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ നഗരസഭക്ക് ആയിട്ടുണ്ട്.

അജൈവ മാലിന്യ പരിപാലനം ലക്ഷ്യമിട്ടുകൊണ്ട് 127 അംഗങ്ങൾ ഉള്ള ഹരിത കർമ്മസേന കർമ്മ നിരതമായി പ്രവർത്തി

ഇലക്ട്രോണിക് സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന തെർമോക്കോൾ പരിസ്ഥിതിക്ക് ഹാനികരമായി തീരാതെ ശേഖരിച്ചു കരകൗശല വസ്തുക്കൾ നിർമ്മിച്ച് പ്രദർശിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ജങ്ക് ലീ പാർക്ക് ഏറെ ജനശ്രദ്ധ പിടിച്ചുപറ്റുകയും അഭിനന്ദനാർഹമായ ഒന്നായി മാറിയിരിക്കുന്നു. നിരവധി വിദ്യാർഥികളും സഞ്ചാരികളും നിത്യവും ഇവിടം സന്ദർശിക്കുന്നു. പാഴ്‌വസ്തുക്കൾ കരകൗശല വസ്തുക്കളായി പരിണമിച്ചിരിക്കുന്നത് ഏറെ കൗതുകത്തോടെയും അദ്ഭുതത്തോടെയും മാത്രമേ ആർക്കും നോക്കി കാണുവാൻ കഴിയുകയുള്ളു. ചെക്കോസ്ലോവിക്യ, ബംഗ്ളാദേശ്, തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്ന് പോലും ഈ പാർക്ക് സന്ദർശിക്കുവാൻ പ്രതിനിധികൾ എത്തിച്ചേരുന്നു എന്ന് പറയുമ്പോൾ തന്നെ ഈ പാർക്ക് നേടിയെടുത്ത ജനശ്രദ്ധ വ്യക്തമാകുമല്ലോ.

ച്ചുവരുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ തരം തിരിച്ചു സൂക്ഷിച്ചു വെക്കുവാൻ 50 വീടിനു ഒന്ന് എന്ന നിരക്കിൽ 200 മിനി എംസിഎഫുകൾ നഗരസഭ നിർമിച്ചു നൽകിയിട്ടുണ്ട്. ഇവയിൽ തരം തിരിച്ചു സൂക്ഷിക്കുന്നവ തുടർന്ന് ആർആർഎഫിലേക്കു കൊണ്ട് പോകുന്നു. ഓരോ ദിവസവും ഏഴ് ടണ്ണോളം അജൈവ മാലിന്യം ആർആർഎഫിൽ എത്തിച്ചേരുന്നു. 29 ഗ്രീൻ വോളന്റിയർമാരുടെ സഹായത്തോടെ വീണ്ടും ഇവ വേർതിരിക്കുന്നു. അജൈവ മാലിന്യങ്ങളിൽ പ്ലാസ്റ്റിക് ഒഴികെ ഉള്ളവ സ്ക്രാപ്പ് ഡീലർമാർക്ക് വിൽക്കുന്നു. ഇങ്ങനെ വിൽക്കുന്നതുവഴി നഗരസഭക്ക് ഏകദേശം 30,000 രൂപ പ്രതിമാസം വരുമാനം ലഭിക്കുന്നു. ആർആർഎഫിൽ പ്രവർത്തിക്കുന്ന ഷ്രെഡിങ് യൂണിറ്റിന്റെ സഹായത്തോടെ പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്തു റോഡ് ടാറിങ്ങിനു ഉപയോഗിക്കുന്നു. ക്ലീൻ കേരള കമ്പനിയുമായി ചേർന്നാണ് ഈ പ്രവർത്തനം നടത്തിവരുന്നത്. നഗര



പ്രദേശത്തു പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുവാൻ ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്.

ഗ്രീൻപ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കുവാൻ നഗരസഭാ നിതാന്ത ജാഗ്രത കാട്ടിവരുന്നു. 35 വാർഡുകളിലും കല്യാണങ്ങൾക്കും മറ്റു ആഘോഷങ്ങൾക്കും സ്റ്റീൽപാത്രവും ഗ്ലാസും കുടുംബശ്രീ സിഡിഎസ്സിനും കർമ്മസേന അംഗങ്ങൾക്കും നഗരസഭ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത് കുടുംബശ്രീ അംഗങ്ങൾക്കും ഹരിത കർമ്മസേനയ്ക്കും മറ്റൊരു വരുമാനമാർഗമായി മാറുകയും ചെയ്യുന്നു. രാത്രികാലങ്ങളിൽ പൊതുയിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താൻ രാത്രി സ്‌ക്വാഡുകൾ നിലവിലുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ടു നഗരത്തിലെത്തുന്ന സഞ്ചാരികളെ ബോധവാന്മാരാക്കാൻ ശുചിത്വസന്ദേശം ആലേഖനം ചെയ്ത ബോർഡുകൾ നഗരത്തിലെങ്ങും സ്ഥാപിച്ചിട്ടുണ്ട്.

## പ്രതിസന്ധികളും അതിജീവന മാർഗങ്ങളും

ജനങ്ങളുടെ പൂർണമായ സഹകരണം ഹരിതകർമ്മ സേനയ്ക്ക് ഇനിയും സാധ്യമായിട്ടില്ല. ഇതിനായി നിരവധിയായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പല ഇടങ്ങളിലും പ്ലാസ്റ്റിക് കത്തിക്കുന്ന ശീലം നിലവിലുള്ളതായി അറിയുന്നുണ്ട്. ഇവർക്കെതിരെ നിയമ നടപടികൾ കർശനമാക്കിയിട്ടുണ്ട്. മാലിന്യം കത്തിക്കുന്നത് ക്രിമിനൽ കുറ്റം ആക്കുന്നതിനു സർക്കാരിനോട് നിയമനിർമ്മാണം നടത്തുന്നതിന് ശുപാർശചെയ്യുന്നതിന് കൗൺസിൽ തീരുമാനിച്ചു.



# ശുചിത്വമികവിൽ കുറുമാത്തൂർ

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ തളിപ്പറമ്പ് ബ്ളോക്കിലാണ് കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 50.75 ചതുരശ്ര കിലോമീറ്ററാണ് വിസ്തൃതി. 2011 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 31848 ആണ്. പഞ്ചായത്തിലെ 17 വാർഡുകളിലായി 10887 വീടുകളും 2410 വ്യാപാരസ്ഥാപനങ്ങളും 453 ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും 156 ആരാധനാലയ കെട്ടിടങ്ങളും ഉണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രതിദിനം 2.3 ടൺ ജൈവമാലിന്യങ്ങളും 0.8 ടൺ ജൈവമാലിന്യങ്ങളും ഉല്പാദിക്കപ്പെടുന്നതായി 2017 ഓഗസ്റ്റിൽ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയിൻന്റെ ഭാഗമായി നടത്തിയ സർവേയിലൂടെ കണ്ടെത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷിക ഭൂപ്രദേശമാണ്. തളിപ്പറമ്പ പട്ടണത്തിന്റെ പ്രാന്തപ്രദേശമെന്ന നിലയിലും വികസിച്ചുകൊണ്ടിരിക്കുന്ന ചെറു ടൗൺഷിപ്പുകൾ ഉൾക്കൊള്ളുന്ന പ്രദേശമെന്ന നിലയിലും മാലിന്യപ്രശ്നങ്ങൾ നമ്മളും അഭിമുഖീകരിക്കുന്നു. എന്നാൽ ഇവ അനിയന്ത്രിതമല്ല. ഗൃഹമാലിന്യം, ഹോട്ടൽ, റസ്റ്റോറന്റ്, ഇറച്ചിക്കട എന്നിവിടങ്ങളിലെ ജൈവ മാലിന്യങ്ങളുമാണ് പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നവ. കൂടാതെ മറ്റ് പ്രദേശങ്ങളിൽ നിന്നും നിയമവിരുദ്ധമായി കൊണ്ടുവന്ന് പാതയോരത്തും ജലസ്രോതസ്സുകളിലും തള്ളുന്ന അവശിഷ്ടങ്ങളും ഉണ്ട്. പ്ലാസ്റ്റിക്, കുപ്പി,



ചെരുപ്പ്, ലതർബാഗ്, ഇ–മാലിന്യങ്ങൾ തുടങ്ങിയ അജൈവമാലിന്യങ്ങളും ഉണ്ട്. പ്രതിവർഷം 30 ടൺ എങ്കിലും എന്നതാണ് 2017 ഓഗസ്തിൽ നടന്ന 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ക്യാമ്പയിന്റെ ഭാഗമായി നടന്ന സർവ്വെയിലെ കണ്ടെത്തൽ.

## മാലിന്യസംസ്കരണം – പഞ്ചായത്ത് ഇടപെടലുകൾ

ജൈവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിലെ അടുക്കള മാലിന്യം വളമാക്കി മാറ്റുന്നതിന് 5000 വീടുകൾക്ക് രണ്ട് വീതംപൈപ്പ് കമ്പോസ്റ്റുകൾ വിതരണം ചെയ്തു. അഞ്ച് സ്കൂളുകൾക്കും 34 അംഗനവാടികൾക്കും 322 വീടുകൾക്കും റിംഗ് കമ്പോസ്റ്റ് നൽകി. ദ്രവമാലിന്യ സംസ്ക്കരണത്തിന് എം.ജി.എൻ.ആർ.ഇ.ജി. എസി.ൽ ഉൾപ്പെടുത്തി 1200 വീടുകൾക്ക് സോക്പിറ്റ് നിർമ്മിച്ചു, 12 സ്കൂളുകൾക്ക് പോർട്ടബിൾ ബയോഗ്യാസും 44 വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റും നൽകി. കൂടാതെ ജൈവവള നിർമ്മാണത്തിനായി നാല് കർഷകർക്ക് മണ്ണിര കമ്പോസ്റ്റും നൽകി. പഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ 3000 ത്തോളം വീടുകളിൽകലം കമ്പോസ്റ്റ്, 250 മണ്ണിരകമ്പോസ്റ്റ്, 600 കമ്പോസ്റ്റ് കുഴി, മുതലായവ നിർമ്മിച്ചു. മുഴുവൻ വീടുകളിലും ജൈവമാലിന്യ സംസ്കരണത്തിന് സംവിധാനമായി. വഴിയാത്രക്കാർക്കായി സ്റ്റേറ്റ് ഹൈവേയിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിൽവളരെ ഫലപ്രദമായി പ്രവർത്തിക്കുന്ന 29 അംഗങ്ങളുള്ള ഒരു ഹരിതകർമ്മസേന നിലവിലുണ്ട്. വാർഡുകളിൽ രണ്ട് വീതംഅംഗങ്ങളുള്ള ഗ്രൂപ്പ് വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ മാസത്തിലൊരിക്കലും, ചെരുപ്പ്, ബാഗ്, കുപ്പി, തുണി എന്നിവ ആറ് മാസത്തിലൊരിക്കലും ഇ–വേസ്റ്റ് വർഷത്തിലൊരിക്കലും ശേഖരിക്കുന്നു. ഇതിനായി 14.5 ലക്ഷം രൂപ ചെലവു ചെയ്തു കുറുമാത്തൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും മാലിന്യം

പാതയോരങ്ങൾ ജലാശയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ കണ്ടെത്തി അവരുടെ ഫോട്ടോ പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ടവരുടെ വാട്ട്സ്ആപ്പിലേക്ക് അയച്ചുതന്നാൽ അത് പരിശോധിച്ച് ഉറപ്പ് വരുത്തി ഫോട്ടോ അയച്ച ആൾക്ക് പാരിതോഷികവും മാലിന്യം നിക്ഷേപിച്ചവർക്ക് നിയമാനുസരണം പിഴയും ചുമത്തുന്നു. ഇരുട്ടിന്റെ മറവിൽ സാമൂഹ്യ ദ്രോഹികൾ പാതയോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ 50 ഓളം സി സി ടി വി ക്യാമറകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. 'ചൊട്ടയിലെ ശീലം ചുടല വരെ' എന്ന ആശയം മുൻനിർത്തി സ്കൂളുകളിലും അംഗനവാടികളിലും വേയിസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് 'കലക്ടേഴ്സ് അറ്റ് സ്കൂൾ' പദ്ധതി 13 വിദ്യാലയങ്ങളിലും 34 അംഗനവാടികളിലും രണ്ടു വർഷമായി നടപ്പിലാക്കി വരുന്നു. കണ്ണൂർ ജില്ലാ കലക്ടർ മിർ മുഹമ്മദലി ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്. അടുത്ത നാളുകളിലായി എല്ലാ വിദ്യാലയങ്ങളിലും പെൻ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്.



നേരിട്ട് ശേഖരിക്കുന്നു. വീടുകളിൽ നിന്ന് 30 രൂപയും കടകളിൽ നിന്ന് 50 രൂപ വീതവുമായി യൂസർ ഫീ ഇനത്തിൽ ആകെ 237500 രൂപ പ്രതിമാസം വരുമാനം ലഭിക്കുന്നു. വാഹന വാടകയിനത്തിൽ 50000 രൂപ ചെലവ് വരും. സേന അംഗങ്ങൾക്ക് പ്രതിമാസം 6000 രൂപ ശരാശരി വരുമാനം ലഭിക്കുന്നു. ജൈവമാലിന്യ സംസ്ക്കരണത്തിലൂടെ ലഭിക്കുന്ന വളം സ്വന്തമായി അടുക്കളത്തോട്ട നിർമ്മാണത്തിനും തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി പച്ചക്കറി ഉത്പാദനത്തിനും ഉപയോഗിക്കുന്നു. പഞ്ചായത്തിലാകെ ജൈവകൃഷി വ്യാപിക്കുന്നു. പച്ചക്കറി, പയർവർഗ്ഗം സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

## സവിശേഷ ഇടപെടലുകൾ

എംസി എഫിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തളിപ്പറമ്പ് ബ്ലോക്ക്പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളും സംയുക്തമായി അമ്മാനപാറയിൽ ആർആർഎഫ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

അജൈവ മാലിന്യങ്ങളിലെ പ്ലാസ്റ്റിക് പൊടിച്ച് ടാറിൽ ചേർത്ത് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ച്വരുന്നു. പ്ലാസ്റ്റിക് ക്യാരിബേഗ് ഉപയോഗം കുറക്കാൻ ബദൽ എന്ന നിലയിൽ ഒരു തുണിസഞ്ചി യൂണിറ്റ് പ്രവർത്തിക്കുന്നു മഞ്ചാൽ എന്ന സ്ഥലത്ത് ഒരു പേപ്പർസ്ട്രോ നിർമ്മാണ യൂണിറ്റും പാളപ്ലേറ്റ് നിർമ്മാണ യൂണിറ്റുകളും ഫലപ്രദമായി പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിന് പുറത്ത് നിന്ന് ജൈവ അജൈവ മാലിന്യങ്ങൾ റോഡ് സൈഡിലും പുഴയോരത്തും ആൾപ്പാർപ്പില്ലാത്ത പ്രദേശത്തും രാത്രികാലങ്ങളിൽ വലിച്ചെറിയുന്ന പ്രവണത കൂടുതലാണ്. ഇത് തടയുന്നതിന് പഞ്ചായത്ത് എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3 പേരെ അറസ്റ്റ് ചെയ്തു. 39 കേസുകളിൽ നിന്നായി 57750 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. മാലിന്യങ്ങൾ തള്ളുന്നത് തടയാൻ പ്രധാന കേന്ദ്രങ്ങളിലെല്ലാം നിരീക്ഷണ ക്യാമറകൾ (സിസിടിവി) സ്ഥാപിക്കാനുള്ള പ്രവർത്തനവും നടന്നുവരുന്നു.

മാലിന്യത്തിന്റെ അളവ് കുറക്കാൻ, വലിച്ചെറിയുന്നത് ഇല്ലാതാക്കാൻ ആഘോഷവേളകളിൽ ഹരിത പ്രോട്ടോക്കോൾ നിർബന്ധമാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഹരിതമാംഗല്യം നടപ്പിലാക്കി. 10 അംഗങ്ങളുള്ള ഒരു ഗ്രൂപ്പിനെ ഉണ്ടാക്കി. സ്റ്റീൽ, സിറാമിക് പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ വിതരണംചെയ്തു. ക്ലീനിംഗ് ചുമതലയടക്കം നിർവ്വഹിച്ചു വരുന്നു

## മാലിന്യ സംസ്കരണം – വെല്ലുവിളികളും അതിജീവനവും

പഞ്ചായത്തിലെ 12 വാർഡുകളിലൂടെ കടന്നുപോകുന്ന 18 കി മീദൈർഘ്യമുള്ള കാലിക്കടവ്-കരിമ്പം-പാറാട് പുഴയാണ് പ്രധാന ജല സ്രോതസ്സ്. കൃഷിക്കും, കുടിക്കാനും, കുളിക്കാനും മറ്റ് ഉപയോഗിച്ചിരുന്ന ഈ തെളിനീരുറവ ക്രമേണ കുപ്പത്തൊട്ടിയായി മാറുകയായിരുന്നു. പഞ്ചായത്ത് അഭിമുഖീകരിച്ച വലിയ വെല്ലുവിളിയായിരുന്നു ഇത്. ഇച്ഛാശക്തിയോടെ ഇതിനെ അതിജീവിക്കുകയായിരുന്നു. 2017 ഡിസംബർ 8 ന് ഒറ്റദിവസം നാടൊട്ടാകെ പുഴശുചീകരണത്തിലേർപ്പെട്ടു. ഉപയോഗിച്ച പ്ലാസ്റ്റിക് ബോട്ടിലുകൾ നിക്ഷേപിക്കാൻ പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകളും എല്ലാവിദ്യാലയങ്ങളിലും പെൻ ബൂത്തുകളുംസ്ഥാപിച്ചു. 'കലക്ടേഴ്സ് അറ്റ് സ്കൂൾ' നടപ്പാക്കിവരുന്നു. ചവനപ്പുഴയെ എൻ.എസ്.എസ് ക്ലസ്റ്റർ യൂ





ണിറ്റ് ദത്തെടുത്ത് ഹരിതഗ്രാമമായി പ്രഖ്യാപിച്ചു.

മലിനമായ പൊതുജലാശയങ്ങളും കിണറുകളും ആശാവർക്കർമാരുടെ നേതൃത്വത്തിൽ ക്ലോറിനേഷൻ നടത്തി ശുദ്ധീകരിച്ചു. സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ വീട്ടുകിണറുകളിലെ പിഎച്ച് മൂല്യവും ഘടകങ്ങളും പരിശോധിച്ച് പരിഹാര പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റുള്ളവയും കത്തിച്ച് കളയുന്നതും ഗുരുതരമായ അന്തരീക്ഷ മലിനീകരണ വിഷയമായിരുന്നു. നിരന്തരമായ ബോധവത്കരണങ്ങൾ കർശനമായശിക്ഷാ നടപടികൾ എന്നിവയിലൂടെ ഒരു പരിധിവരെ കുറവ് വന്നിട്ടുണ്ട്.

വാർഡ് ശുചിത്വ സമിതികളുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ, ഗ്രാമസഭകൾ, സമ്പൂർണ്ണ ശുചിത്വ ക്യാമ്പയിനുകൾ, ഗ്രീൻ പ്രോട്ടോക്കോൾ, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം, സ്വച്ഛ്സേവാ ക്യാമ്പയിൻ എന്നിവയിലൂടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.

വിപുലമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ വീടുകളിലും പൊതു ഇടങ്ങളിലും ഉറപ്പ്വരുത്തി അവ കാർഷിക ആവശ്യങ്ങൾക്കുള്ള ജൈവവളമാക്കി ഉപയോഗിച്ചുവരുന്നു. വരുംവർഷം പഞ്ചായത്ത് ഉടമസ്ഥതയിൽ തന്നെ പൊതു ജൈവവള യൂണിറ്റ് ആരംഭിക്കാനുള്ള ആസൂത്രണം ആരംഭിച്ചു കഴിഞ്ഞു. പ്രതിമാസം ഹരിതകർമ്മസേന ഏകദേശം 15 ടൺ വരെ പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, ഇ വെയിസ്റ്റ്, ലെതർ, തുണി, തുടങ്ങിയവ ശേഖരിച്ചു വരുന്നുണ്ട്. അവ പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതുമായ ആർആർഎഫുകൾക്ക് നൽകുന്നു. ഇപ്പോൾ ഒരു സംരഭക യൂണിറ്റായി പേപ്പർ സ്ട്രോ യൂണിറ്റും പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ വരുമാന വർദ്ധന ലക്ഷ്യംവച്ച് ഹരിതമാംഗല്യം എന്ന ഉപഗ്രൂപ്പ് രൂപീകരിക്കുകയുണ്ടായി. ആഘോഷവേളകളിൽ ഡിസ്പോസിബിൾ വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിച്ചു. സ്റ്റീൽ പാത്രം സ്റ്റീൽ ഗ്ലാസ്സ്, ഫൈബർ പ്ലേറ്റ്, കുപ്പി ഗ്ലാസ് എന്നിവ നൽകുകയും അവ കഴുകി ശുചീകരിച്ച് നിശ്ചിത വാടകയും വേതനവും കൈപ്പറ്റുകയും ചെയ്യുന്നു. പൊടിച്ച പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് രണ്ട് റോഡുകൾ ടാർ ചെയ്തിട്ടുണ്ട്. പള്ളിവയൽ-പുതുക്കണ്ടം റോഡ് 215 മീറ്റർ നീളത്തിൽ 65.91 കി.ഗ്രാം ഉപയോഗിച്ചും ബാവുപ്പറമ്പ-താനിക്കുന്ന്-തേർത്തല റോഡ് 270 മീറ്റർ 82.78 കി.ഗ്രാം ഉപയോഗിച്ചും ടാറിംഗ് നടത്തി. 201920 വർഷം 6 വാർഡുകളിലായി 396 കി ഗ്രാം ഉപയോഗിച്ച് 1.25 കി.മീ ദൂരം ടാർ ചെയ്യാനുള്ള പ്രവൃത്തി നടന്നുവരുന്നു.

വിവിധ ജനവിഭാഗങ്ങളുടെ മനോഭാവ മാറ്റത്തിനും ശീലവൽക്കരണത്തിനും പഞ്ചായത്ത് കരുതലോടെയുള്ള പ്രവർത്തനം നടത്തി വരുന്നു. പൂവ്വം പൊക്കുണ്ട് ടൗണുകൾ കേന്ദ്രീകരിച്ച് ജൈവ മാലിന്യ സംസ്ക്കരണത്തിന് നാല് ലക്ഷം രൂപ ചെലവിൽ

## പാതയോരം ഹരിതയോരം

കരിമ്പം ബ്ലോക്ക് ഓഫീസ് മുതൽ നെടുമുണ്ട വരെ അഞ്ചരകിലോമീറ്റർ ദൂരം സംസ്ഥാന പാത കടന്നുപോകുന്നത് നമ്മുടെ പഞ്ചായത്തിലൂടെയാണ്. രാത്രികാലങ്ങളിലും മറ്റും ജൈവ അജൈവ മാലിന്യം വലിച്ചെറിയുന്നത്മൂലം യാത്ര ദുസ്സഹമായിരുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ശുചീകരണത്തിന് പഞ്ചായത്ത് തീരുമാനിക്കുകയായിരുന്നു. കുടുംബശ്രീ പ്രവർത്തകർ, എൻ എസ്എസ് ക്ലസ്റ്റർ യൂണിറ്റിലെ 400 റോളംവളണ്ടിയർമാരടക്കം 2000 പേർ അണിചേർന്നു. ജില്ലാകലക്ടർഉദ്ഘാടനം നിർവ്വഹിച്ചു. 18 ജെസി ബികളും, 18 ടിപ്പറും പൂർണ്ണമായും സൗജന്യമായി പ്രവർത്തനം നടത്തി. വിജനമായ പാതയോരത്ത് മാലിന്യം നിക്ഷേപിക്കു



ന്നത് തടയാൻ രണ്ടര കിലോമീറ്റർ ഇടയിൽ 30 മുന്നറിയിപ്പ് ബോർഡുകൾ സ്പോൺസർഷിപ്പിലൂടെ തയ്യാറാക്കി സ്ഥാപിച്ചു. കാലഘട്ടം ആവശ്യപ്പെടുന്ന പ്രവർത്തനങ്ങളിൽ ജനങ്ങൾ കൈമെയ്മറന്ന് അണിചേരുമെന്ന് ഇത്തരം പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുകയായിരുന്നു.

രണ്ട് തുമ്പൂർമൂഴി മോഡൽ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. എല്ലാവർഷവും ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തിൽ ശുചിത്വ ഹർത്താൽ സംഘടിപ്പിക്കുന്നു. വ്യാപാരികൾ ഒരു മണിക്കൂർ കടകളടച്ച് സ്ഥാപനവും പരിസരവും ശുചീകരിക്കുന്നു. മറ്റ് സ്ഥാപന മേധാവികളുടെ നേതൃത്വത്തിൽ അതാതിടങ്ങളിൽ അന്നേ ദിവസം ശുചീകരിക്കുന്നു. കുടുംബശ്രീ, തൊഴി



ലുറപ്പ് തൊഴിലാളികൾ സാംസ്കാരിക രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ സഹകരണത്തോടെ അഞ്ച് കി.മീ. ദൈർഘ്യമുള്ള സംസ്ഥാന പാതയോരവും ശുചീകരിക്കുന്നു.

പാതയോരങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ കണ്ടെത്തി അവരുടെ ഫോട്ടോ പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ടവരുടെ വാട്ട്സ്ആപ്പിലേക്ക് അയച്ചുതന്നാൽ അത് പരിശോധിച്ച് ഉറപ്പ് വരുത്തി ഫോട്ടോ അയച്ച ആൾക്ക് പാരിതോഷികവും മാലിന്യം നിക്ഷേപിച്ചവർക്ക് നിയമാനുസരണം പിഴയും ചുമത്തുന്നു. ഇരുട്ടിന്റെ മറവിൽ സാമൂഹ്യ ദ്രോഹികൾ പാതയോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ 50 ഓളം സി സി ടി വി ക്യാമറകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. 'ചൊട്ടയിലെ ശീലം ചുടല വരെ' എന്ന ആശയം മുൻനിർത്തി സ്കൂളുകളിലും അംഗനവാടികളിലും വേയിസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് 'കലക്ടേഴ്സ് അറ്റ് സ്കൂൾ' പദ്ധതി 13 വിദ്യാലയങ്ങളിലും 34 അംഗനവാടികളിലും രണ്ടു വർഷമായി നടപ്പിലാക്കി വരുന്നു. കണ്ണൂർ ജില്ലാ കലക്ടർ മിർ മുഹമ്മദലി ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്. അടുത്ത നാളുകളിലായി എല്ലാ വിദ്യാലയങ്ങളിലും പെൻ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്.



# ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

കാസറഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ കാറഡുക്ക ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന മലയോര ഗ്രാമപഞ്ചായത്താണ് ബേഡഡുക്ക. 85.48 ച.കി.മീ. വിസ്തൃതിയിലുള്ള ബേഡഡുക്കയിലെ ജനസംഖ്യ 28623 ആണ്. പഞ്ചായത്ത് പരിധിയിൽ പ്രതിദിനം രൂപപ്പെടുന്ന ജൈവമാലിന്യത്തിന്റെ അളവ് 2524 കിലോ. അജൈവമാലിന്യത്തിന്റെ അളവ് 59.45 കിലോഗ്രാം. കൃത്യമായ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലൂടെ 2019-ലെ മുഖ്യമന്ത്രിയുടെ ജില്ലാതല ഹരിത അവാർഡ് കാസറഗോഡ് നേടിയിട്ടുണ്ട്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടലുകൾ

### ജൈവ മാലിന്യ സംസ്കരണം

പഞ്ചായത്ത് പരിധിയിൽ നിലവിൽ 36 ബയോഗ്യാസ് പ്ലാന്റുകൾ, 12 റിംഗ് കമ്പോസ്റ്റുകൾ, 97 കലം കമ്പോസ്റ്റുകൾ, 329 പൈപ്പ് കമ്പോസ്റ്റുകൾ, 1310 കമ്പോസ്റ്റു കുഴികൾ എന്നിവ മാലിന്യസംസ്കരണത്തിനായി ഉണ്ട് (ആകെ 1784 വീടുകളിൽ). എംജിഎൻആർഇജി സ്കീമിൽ ഉൾപ്പെടുത്തി സോക്പിറ്റ്, കമ്പോസ്റ്റ്പിറ്റ് എന്നിവ നിർമിച്ചുകൊണ്ട് 4513 വീടുകളിലും സ്ഥാപനങ്ങളിലും അവ വ്യാപിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

പൊതു ജൈവ മാലിന്യ സംസ്കരണത്തിനായി നാല് ഇടങ്ങളിൽ തുമ്പൂർമൂഴി മോഡൽ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.



### അജൈവ മാലിന്യ സംസ്കരണം

വൃത്തിയാക്കിയ പ്ലാസ്റ്റിക് വീടുകൾ, കടകൾ, ഇതരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മുപ്പത്തഞ്ചു പേരടങ്ങുന്ന ഹരിത കർമ്മസേന ശേഖരിച്ച് 17 വാർഡുകളിലായി സ്ഥാപിച്ച മിനി എംസിഎഫുകളിൽ എത്തിക്കുന്നു. ഇവ നിറയുമ്പോൾ നെല്ലിയടുക്കം വ്യവസായ എസ്റ്റേറ്റിലേക്ക് മാലിന്യങ്ങൾ മാറ്റുന്നു. വലിച്ചെറിയുന്ന കുപ്പികൾ പ്രധാന ടൗണുകളിലെ എട്ടിടങ്ങളിലായി സ്ഥാപിച്ച ബോട്ടിൽ ബൂത്തുകളിൽ നിന്നും ഹരിത കർമ്മസേന ശേഖരിക്കുന്നു. 2019 ഓഗസ്റ്റ് മുതൽ യൂസർ ഫീ പുതുക്കി കടകൾക്ക് 50, വീടുകൾക്ക് 30 വീതം തുകകൾ ഈടാക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 6287 വീടുകളിൽ നിന്നും 380 കടകളിൽ നിന്നും 50 ഇതരസ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നുണ്ട്. ഹരിത കർമ്മസേന അംഗത്തിന് മാസത്തിൽ ശരാശരി 4000 മുതൽ 6000 രൂപ വരെ വേതനം ലഭിക്കുന്നു. കൂടാതെ പ്രതിമാസ വരുമാനം 10000 രൂപയാക്കാനുള്ള നടപടികളും പഞ്ചായത്ത് സ്വീകരിക്കുന്നുണ്ട്. അതിനായി പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളിൽ 320 ദിവസ വേതന നിരക്കിൽ സ്വീപ്പർ പോസ്റ്റും നൽകിയിട്ടുണ്ട്. രണ്ട് ടൺ പ്ലാസ്റ്റിക് ടാറിംഗിനായി ഇതുവരെ പൊടിച്ചു. അതിൽ 98 കിലോ പീലിക്കോട് പഞ്ചായത്തിന് ടാറിംഗിനായി കൈമാറി.

### ശീലവൽക്കരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ

പ്ലാസ്റ്റിക് ക്യാരി ബാഗിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി തുണിസഞ്ചി നിർമാണം, പഞ്ചായത്തിന്റെ കുടുംബശ്രീ സംരംഭമായ



'അപ്പാരൽ പാർക്കി' ന്റെ നേതൃത്വത്തിൽ നടക്കുന്നു. 1000 തുണി സഞ്ചികൾ സംരംഭം മുഖേന വിതരണം ചെയ്തു. പൊതുസ്ഥലങ്ങളിൽ മാലിന്യം കത്തിക്കുന്നത് ശ്രദ്ധയിൽ



### പ്ലാസ്റ്റിക് ഹർത്താൽ

പഞ്ചായത്ത് പരിധിയിലെ കച്ചവട സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു ദിവസം പ്ലാസ്റ്റിക് ഉപയോഗങ്ങൾക്ക് നിരോധനം ഏർപ്പെടുത്തി.

## വസ്ത്ര ബാങ്ക്

പുനരുപയോഗ സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തിനകത്തെ വീടുകളിൽ നിന്ന് ഉപയോഗപ്രദമായ വസ്ത്രങ്ങൾ ശേഖരിച്ച് പാവപ്പെട്ട ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി വസ്ത്രബാങ്ക് തുടങ്ങി.

പൊതുസ്ഥലങ്ങളിൽ മാലിന്യം കത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ ഒന്നിച്ചുനിന്ന് വിലക്ക് ഏർപ്പെടുത്തുകയും ഒന്നാം ഘട്ടമെന്ന നിലയിൽ വില്പനയ്ക്കു വച്ച പ്ലാസ്റ്റിക് ക്യാരിബാഗ് പിടിച്ചെടുക്കുകയുമാണ് ചെയ്തത്. നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മാലിന്യം തള്ളുന്നത് നിരീക്ഷിക്കാൻ പൊതുസ്ഥാപനങ്ങളുമായി സഹകരിച്ച് സിസിടിവി സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ നവമാധ്യമങ്ങളിലൂടെ മലിനീകരണ പ്രശ്നങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നു.

ഹരിത പെരുമാറ്റച്ചട്ടം പഞ്ചായത്തിനകത്ത് കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നു. അതിന്റെ ഭാഗമായി പഞ്ചായത്തിന്റെ പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കി.

പ്പെട്ടതിനെ തുടർന്ന് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ ഒന്നിച്ചു നിന്ന് വിലക്ക് ഏർപ്പെടുത്തുകയും പ്ലാസ്റ്റിക് ക്യാരി ബാഗ് വിൽപ്പന ഒന്നാം ഘട്ടമെന്ന രീതിയിൽ പിടിച്ചെടുക്കുകയുമാണ് ചെയ്തത്. നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മാലിന്യം തള്ളുന്നത് നിരീക്ഷിക്കാൻ പൊതുസ്ഥാപനങ്ങളുമായി





സഹകരിച്ച് സിസിടിവി ദൃശ്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ നവമാധ്യമങ്ങളിലൂടെ മലിനീകരണ പ്രശ്നങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നു.

ഹരിത പെരുമാറ്റ ചട്ടം പഞ്ചായത്തിനകത്ത് കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നു. അതിന്റെ ഭാഗമായി പഞ്ചായത്തിന്റെ പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ ഊർജ്ജിതമാക്കി. പഞ്ചായത്തിനകത്ത് നടക്കുന്ന തെയ്യം ഉത്സവങ്ങൾ, കൊളത്തൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിൽ വെച്ചു നടന്ന ഉപജില്ലാ കലോത്സവം എന്നിവ ഹരിതചട്ടം പാലിച്ചു നടപ്പിലാക്കാൻ പഞ്ചായത്തിന് കഴിഞ്ഞു.

## സവിശേഷ ഇടപെടലുകൾ

### വെല്ലുവിളികൾ

കടകൾ യഥേഷ്ടം പ്ലാസ്റ്റിക് വിൽക്കുന്നത് ഹരിത കർമ്മസേനയോടുള്ള സഹകരണ മനോഭാവം ഇല്ലാത്തത്, കൃത്യമായി യൂസർ ഫീ നൽകാത്തത് എന്നിവ പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഇതിനെ അതിജീവിക്കുന്നതിനായി ശുചിത്വ പദയാത്ര തെരുവ് നാടകങ്ങൾ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും വാർഡ് തലങ്ങളിൽ ഹരിത നിയമാവലി ക്ലാസ്സുകൾ സംഘടിപ്പിച്ച് ജനങ്ങളെ ബോധവൽക്കരിപ്പിക്കുകയും ചെയ്തു.



# ക്ലീനാകാൻ ചാലിയാർ

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനു കീഴിൽ 124.831 ച.കിമീറ്റർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് ചാലിയാർ. വയനാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഈ പഞ്ചായത്തിൽ 2011 സെൻസെസ്സ് പ്രകാരം 26000 ആണ് ജനസംഖ്യ. 6361 വീടുകളുണ്ട് പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ വരുമാനം കൃഷിയാണ് സ്കൂളുകൾ, വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ, ഫാക്ടറികൾ തുടങ്ങി 220 ൽ പരം സ്ഥാപനങ്ങൾ പഞ്ചായത്തിനു കീഴിലുണ്ട്. അനുദിനം വർദ്ധിച്ചു നരുന്ന ജനസംഖ്യയും നഗരവത്കരണവും മാലിന്യ സംസ്കരണ മേഘലയിൽ വെല്ലുവിളി സൃഷ്ടിച്ചതോടെയാണ് പഞ്ചായത്ത് 'ക്ലീൻ ചാലിയാർ' പദ്ധതിക്ക് രൂപം നൽകിയത്. നിരന്തരമായ ബോധവത്കരണ മാർഗത്തിലൂടെയാണ് പദ്ധതി പ്രാവർത്തികമാക്കിയത്.

## ഉറവിട മാലിന്യ സംസ്ക്കരണ ഉപമിഷൻ

### ജൈവമാലിന്യം

പഞ്ചായത്തിലെ 14 വാർഡുകളിലായി 6361 ആൾത്താമസമുള്ള വീടുകളാണ് നിലവിൽ ഉള്ളത്. ഇതിൽ 60% വീടുകളിലും മാലിന്യസംസ്കരണത്തിനായി വിവിധയിനം കമ്പോസ്റ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രതിദിനം പഞ്ചായത്തിൽ 100 കി.ഗ്രാം ജൈവമാലിന്യം രൂപപ്പെടുന്നു. ജൈവ മാലിന്യ സംസ്കരണത്തിനായി എംജിഎൻആർഇജിഎസ്സിനു കീഴിൽ 263 കമ്പോസ്റ്റുകൾ നിർമ്മിക്കുകയും 70 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും



10 ഗാർഹിക കിച്ചൻ ബിന്നുകളും 756 പൈപ്പ് കമ്പോസ്റ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

### ഹരിത കർമ്മ സേന

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിൽ നിന്നായി 14 അംഗങ്ങൾ അടങ്ങുന്ന ഹരിത കർമ്മസേന മാസത്തിലൊരിക്കൽ വീടുകളിൽ നിന്നും കടകളിൽ നിന്നുമായി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്.





പ്രതിദിനം 250 കിലോ അജൈവ മാലിന്യം പഞ്ചായത്തിൽ രൂപപ്പെടുന്നു. പട്ടികജാതി വിഭാഗങ്ങൾ അടങ്ങുന്ന 600 കുടുംബങ്ങൾ ഒഴികെ വരുന്ന 5761 വീടുകളിൽ നിന്നായി 50 രൂപയാണ് യൂസർഫീ ഈടാക്കുന്നത്. കൂടാതെ ആകെ നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും യൂസർഫീ ഇനത്തിൽ ഈടാക്കുന്നുണ്ട്. മാലിന്യ ശേഖരണത്തിന് പ്രതിദിനം വാഹന ചെലവിനായി 1700 രൂപ ആവശ്യമാണ്. ഒരു മാസം ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂസർഫീ ഇനത്തിൽ 57461 രൂപയാണ് ലഭിക്കുന്നത്. അജൈവ മാലിന്യത്തിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ വിറ്റ ഇനത്തിൽ 13700 രൂപ പ്രതിമാസം വരുമാനം ലഭിക്കുന്നുണ്ട്. ഇങ്ങനെ ആകെ ലഭിക്കുന്ന വരുമാനം 71155 രൂപയാണ്. പ്രതിമാസം ഹരിത കർമ്മസേനയ്ക്ക് 8000 മുതൽ 9000 വരെ കൂലി നൽകാൻ കഴിയാറുണ്ട്.

### എം സി എഫ്

ചാലിയാർ പഞ്ചായത്തിൽ രണ്ടാം വാർഡിൽ വാടക കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. 10000 രൂപ വാടകയിനത്തിൽ പഞ്ചായത്തുമായി കരാർ എഴുതിയാണ് പ്രവർത്തനം ആരംഭിച്ചത്. ഹരിതകർമ്മസേന മുഖാന്തിരം ശേഖരിക്കുന്ന മാലിന്യം 72 ഇനങ്ങളിലായാണ് തരംതിരിക്കുന്നത്. ഹരിതകർമ്മസേന ശേഖരിച്ച അജൈവമാലിന്യം എംസിഎഫി ൽ എത്തിക്കുകയും പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത മാലിന്യം എച്ച്എസ്എസ്സ് നു കൈമാറുകയും ചെയ്യുന്നു. റോൾഡ് ഗോൾഡ് മാല, പിച്ചള, ബാറ്ററി, അലുമിനീയം, മദ്യകുപ്പി തുടങ്ങിയവ വണ്ടൂരിലെ ആക്രി വ്യാപാരികൾക്ക് നൽകുകയും ചെയ്യുന്നു.






### ക്ലീൻ ചാലിയാർ

ചാലിയാർ പഞ്ചായത്തിന്റെ മാലിന്യസംസ്ക്കരണ മേഘലയിൽ 'ക്ലീൻ ചാലിയാർ' പദ്ധതിക്ക് വളരെയധികം മുന്നേറാൻ സാധിച്ചു. ഇതുവരെയായി യൂസർഫീ ഇനത്തിൽ ഒൻപത് ലക്ഷം രൂപ ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിതകർമ്മസേനയെ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പായി പ്രവർത്തിപ്പിക്കാനും കഴിയുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ്സ് പുതുക്കാൻ യൂസർഫീ രസീത് നിർബന്ധമാക്കിയിട്ടുണ്ട്.

പ്രതിദിനം 250 കിലോ അജൈവ മാലിന്യം പഞ്ചായത്തിൽ രൂപപ്പെടുന്നു. പട്ടികജാതി വിഭാഗങ്ങൾ അടങ്ങുന്ന 600 കുടുംബങ്ങൾ ഒഴികെ വരുന്ന 5761 വീടുകളിൽ നിന്നായി 50 രൂപയാണ് യൂസർഫീ ഈടാക്കുന്നത്. കൂടാതെ ആകെ നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും യൂസർഫീ ഇനത്തിൽ ഈടാക്കുന്നുണ്ട്. മാലിന്യ ശേഖരണത്തിന് പ്രതിദിനം വാഹന ചെലവിനായി 1700 രൂപ ആവശ്യമാണ്. ഒരു മാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് യൂസർഫീ ഇനത്തിൽ 57461 രൂപയാണ് ലഭിക്കുന്നത്. അജൈവ മാലിന്യത്തിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ വിറ്റ ഇനത്തിൽ 13700 രൂപ പ്രതിമാസം വരുമാനം ലഭിക്കുന്നുണ്ട്. ഇങ്ങനെ ആകെ ലഭിക്കുന്ന വരുമാനം 71155 രൂപയാണ്. പ്രതിമാസം ഹരിത കർമ്മസേനയ്ക്ക് 8000 മുതൽ 9000 വരെ കൂലി നൽകാൻ കഴിയാറുണ്ട്.




### പിഴ നടപടികൾ

പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുക, ഹോട്ടലുകളിൽ നിന്നുള്ള മാലിന്യം ജലാശയങ്ങളിലേക്ക് ഒഴുക്കുക, വനപ്രദേശങ്ങളിൽ മാലിന്യം വലിച്ചെറിയുക തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചതിന് 12 കേസുകളിലായി 25000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നവരെ പിടിക്കാനായി വനപ്രദേശങ്ങളിലെ റോഡുകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചു. നിരന്തരമായ ബോധവത്കരണ പ്രവർത്തനത്തിലൂടെയാണ് ജനങ്ങളിൽ ബോധവത്കരണം സൃഷ്ടിക്കുന്നത്.

### ഹരിതചട്ടം

ഹരിതചട്ട പാലനത്തിന്റെ ഭാഗമായി 39 സർക്കാർ സ്ഥാപനങ്ങളിലും ഒൻപത് പൊതുപരിപാടികളിലും 27 ഹരിത വിഭാഗങ്ങളും നടത്തി. ഇതിലൂടെ പുതിയൊരു സന്ദേശം കൈമാറാൻ സാധിച്ചു. 2000 പ്ലേറ്റും ഗ്ലാസുകളും ഹരിത കർമ്മസേനക്കുകീഴിൽ വാടകയ്ക്കു നൽകുന്നുണ്ട്. ഹരിത വിവാഹങ്ങളായി നടത്തിയവയ്ക്ക് പ്രത്യേക സർട്ടിഫിക്കറ്റ് നൽകുകയും അവയ്ക്ക് വിവാഹ രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാത്തവയ്ക്ക് ഫൈൻ അടയ്ക്കേണ്ടിവരും.

## വെല്ലുവിളികൾ പരിഹാരശ്രമങ്ങൾ

ഹരിത കർമ്മസേനാഗങ്ങൾക്കു എല്ലാ വീടുകളിൽ നിന്നും യൂസർഫീ ലഭിക്കാത്തത് പ്രതിസന്ധിയാണെങ്കിലും കുടുംബശ്രീ, ആശാവർക്കർ എന്നിവരെ ഉൾപ്പെടുത്തി പദ്ധതിയിലേക്ക് സഹകരിപ്പിക്കാൻ പഞ്ചായത്ത് ശ്രമം നടത്തുന്നുണ്ട്.



# 'ക്ലീനാ'യി കരുളായി

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്കിൽ നിലമ്പൂർ താലൂക്കിലാണ് കരുളായി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. വയനാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 131.3 ച. കി. മീ ആണ്. ഭൂരിഭാഗവും വനമേഖലയായതിനാൽ ജനസാന്ദ്രത കുറഞ്ഞ ഇവിടത്തെ ജനസംഖ്യ 25625 ആണ്. 5625 വീടുകൾ 220 വ്യാപാരസ്ഥാപനങ്ങൾ, രണ്ട് പൊതുവിദ്യാലയങ്ങൾ, ഒരു സർക്കാർ ആശുപത്രി എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. ഉപഭോഗസംസ്കാരവും മാറിയ ജീവിതരീതികളും രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവിൽ വർധന ഉണ്ടാക്കിയതും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിച്ചതുമാണ് ഭരണസമിതി 'ക്ലീൻ കരുളായി' പദ്ധതിക്ക് രൂപം നൽകിയത്. മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിയ പദ്ധതിക്ക് 2017 ഓഗസ്റ്റ് മാസമാണ് തുടക്കം കുറിച്ചത്.

## മാലിന്യസംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ

### ജൈവമാലിന്യ സംസ്കരണ ഉപാധികൾ

ജൈവമാലിന്യം സംസ്കരിക്കുന്നതിനായി വീടുകൾക്ക് എം ജി എൻ ആർ ജി എസിന് കീഴിൽ 500 കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചു. 14 ഗാർഹികതല ബയോഗ്യാസ് പ്ലാന്റുകളും വിതരണം ചെയ്തു. വീടുകളിൽ കിച്ചൺബിന്നുകൾ എട്ട് എണ്ണം വിതരണം ചെയ്യുകയും 500 എണ്ണത്തിന് പ്രൊജക്ട് ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം പഞ്ചായത്തിൽ 400 കി







ലോഗ്രാം ജൈവമാലിന്യം രൂപപ്പെടുന്നുണ്ടെങ്കിലും ഗ്രാമീണമേഖലയായതിലാൽ ഇത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നില്ല. പന്നിഫാം കർഷകർ മലയോര മേഖലയിൽ ഉള്ളതുകൊണ്ട് സ്കൂളുകളിലെയും ഹോട്ടലുകളിലെയും ജൈവമാലിന്യം ഇവർക്ക് കൈമാറുകയാണ് ചെയ്യുന്നത്.

### അജൈവ മാലിന്യ സംസ്കരണ ഉപാധികൾ

ഹരിത സഹായ സ്ഥാപനത്തിന്റെയും പ്രാദേശിക പാഴ്‌വസ്തു വ്യാപാരിയുടയും സഹായത്തോടെയാണ് പഞ്ചായത്ത് ക്ലീൻ കരുളായി പദ്ധതിക്ക് തുടക്കം കുറിച്ചത്. ആദ്യഘട്ടത്തിൽ 15 അംഗ കുടുംബശ്രി അംഗങ്ങളെ ഉപയോഗിച്ച് ശുചിത്വസേന രൂപീകരിക്കുകയും 2018 ഓടുകൂടി ഹരിതകർമ്മസേന എന്ന പുനർനാമകരണം ചെയ്യുകയും ചെയ്തു. ഒന്നാം ഘട്ടത്തിൽ 20 രൂപയും സ്ഥാപനങ്ങൾക്ക് 50 രൂപയും യൂസർഫീ ഈടാക്കി. രണ്ടാം ഘട്ടത്തിൽ കടകൾക്ക് 100 രൂപ വരെയും വീടുകൾക്ക് 30 രൂപയുമായി ഉയർത്തി. പദ്ധതിയുടെ തുടക്കത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്കുള്ള ഗ്ലൗസ്, മാസ്ക്, നോട്ടീസ്, ബുക്ക്, ഷൂ, രസീതി എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ചു. ആദ്യഘട്ടത്തിൽ ഒൻപത് ടൺ പ്ലാസ്റ്റിക് കവർ വിൽപ്പന നടത്തി. 48 ടൺ പ്ലാസ്റ്റിക്, കുപ്പിച്ചില്ല, ബാഗ്,ചെരുപ്പ്, തുടങ്ങിയവ ഹരിതസഹായ സ്ഥാപനത്തിനും പ്രാദേശിക പാഴ്‌വസ്തു വ്യാപാരിക്കും കൈമാറി. രണ്ടാം ഘട്ടത്തിൽ ഹരിതകർമ്മസേനയെ സ്വയംസംരംഭക യൂണിറ്റായി രജിസ്റ്റർ ചെയ്തു. ബോധവത്കരണ പ്രവർത്തനത്തിലൂടെ യൂസർഫീയിൽ വരുമാന വർധനവുണ്ടായി. 15 അംഗ ഹരിതകർമ്മസേനക്ക് വരുമാനം കൂട്ടുന്നതിനായി വിവാഹസൽക്കാരങ്ങൾക്ക് ഗ്ലാസ്, പ്ലെയിറ്റ് എന്നിവ വാടകയ്ക്ക് നൽകി. ആഴ്ചയിലൊരിക്കൽ കരുളായി ടൗൺ ശുചീകരണത്തിന് ഹരിതകർമ്മസേനയെ ഉപയോഗിക്കുന്നു. ആവശ്യാനുസരണം പോലീസ് സ്റ്റേഷൻ, കോടതി, എന്നിവ വൃത്തിയാക്കികൊടുക്കുന്നത് വഴി ഹരിതകർമ്മസേന അധിക വരുമാനം കണ്ടെ





ത്തുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടമായ 2018 ഏപ്രിൽ മുതൽ 2018 ജനുവരി വരെ 33786 കിലോഗ്രാം പ്ലാസ്റ്റിക്, പേപ്പർ തുടങ്ങിയവ 7327 കിലോഗ്രാം ചെരുപ്പ്, ബാഗ് തുടങ്ങിയവയും വിൽക്കാൻ കഴിഞ്ഞു.

2019 ഏപ്രിൽ മുതൽ സാമ്പത്തിക വർഷമാണ് പദ്ധതിയുടെ മൂന്നാം ഘട്ടം. 2019 ഏപ്രിൽ മുതൽ വിൽപ്പന നടത്തിയ ഇനങ്ങളും അളവും ചുവടെ കൊടുക്കുന്നു.

| ഇനം | അളവ (കി.ഗ്രാം) |
|---|---|
| പ്ലാസ്റ്റിക് കവറുകൾ | 4641 |
| ഈ-വേസ്റ്റ് | 647 |
| പേപ്പർ | 4419 |
| കുപ്പിച്ചില്ല് | 4494 |
| പ്സാസ്റ്റിക് ബോട്ടിൽ | 4458 |
| ആഭരണങ്ങൾ | 30 |
| ഇതര പ്ലാസ്റ്റിക് | 1500 |
| ഫുഡ് വേസ്റ്റ് | 75000 |

## ഹരിതകർമ്മസേന

പതിനഞ്ചംഗ ഹരിതകർമ്മസേന ആദ്യഘട്ടത്തിൽ 45 ദിവസം തോറും നടത്തിയിരുന്ന മാലിന്യശേഖരണം രണ്ട് മാസത്തിലായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഒരു വാർഡിൽ നാല് പേർ എന്ന കണക്കിൽ രണ്ടുദിവസംകൊണ്ടാണ് ശേഖരണം പൂർത്തിയാക്കുന്നത്. ഹരിത കർമ്മസേനയ്ക്ക് 8000രൂപ മുതൽ 1000രൂപ വരെ പ്രതിമാസം വേതനം ലഭിക്കുന്നുണ്ട്.

## എംസിഎഫ്-ആർആർഎഫ്

ആദ്യഘട്ടത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അറവുശാലയായിരുന്ന എംസി എഫ് ശുചിത്വമിഷന്റെ സഹായത്തോടെ ഷ്രെഡിംഗ് മെഷീൻ, ബെയ്‌ലിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചു. റോഡ് ടാറിംഗിനായി 2525 കിലോഗ്രാം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് കിലോയ്ക്ക് 15 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറി.ആവശ്യാനുസരണം ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കും കൈമാറിയിട്ടുണ്ട്. ഇതുവരെയായി 6625 കിലോഗ്രാം



ഹരിത സഹായ സ്ഥാപനത്തിന്റെയും പ്രാദേശിക പാഴ്‌വസ്തു വ്യാപാരിയുടെയും സഹായത്തോടെയാണ് പഞ്ചായത്ത് 'ക്ലീൻ കരുളായി' പദ്ധതിക്ക് തുടക്കം കുറിച്ചത്. ആദ്യഘട്ടത്തിൽ 15 അംഗ കുടുംബശ്രീ അംഗങ്ങളെ ഉപയോഗിച്ച് ശുചിത്വസേന രൂപീകരിക്കുകയും 2018 ഓടുകൂടി ഹരിതകർമ്മസേന എന്ന പുനർനാമകരണം ചെയ്യുകയും ചെയ്തു. ഒന്നാം ഘട്ടത്തിൽ 20 രൂപയും സ്ഥാപനങ്ങൾക്ക് 50 രൂപയും യൂസർഫീ ഈടാക്കി. രണ്ടാം ഘട്ടത്തിൽ കടകൾക്ക് 100 രൂപ വരെയും വീടുകൾക്ക് 30 രൂപയുമായി ഉയർത്തി. പദ്ധതിയുടെ തുടക്കത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്കുള്ള ഗ്ലൗസ്, മാസ്ക്, നോട്ടീസ്, ബുക്ക്, ഷൂ, രസീതി എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ചു. ആദ്യഘട്ടത്തിൽ ഒൻപത് ടൺ പ്ലാസ്റ്റിക് കവർ വിൽപ്പന നടത്തി. 48 ടൺ പ്ലാസ്റ്റിക്, കുപ്പിച്ചില്ല, ബാഗ്, ചെരുപ്പ്, തുടങ്ങിയവ ഹരിത സഹായ സ്ഥാപനത്തിനും പ്രാദേശിക പാഴ്‌വസ്തു വ്യാപാരിക്കും കൈമാറി.

ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് വിപണനം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

### ഹരിത ചട്ടം

ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി വിവാഹങ്ങൾക്ക് പ്ലെയ്റ്റ്, ഗ്ലാസ് തുടങ്ങിയവ ഹരിതകർമ്മസേന വാടകയ്ക്ക് നൽകുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ ഉത്സവങ്ങളും പൊതുസ്വകാര്യപരിപാടികളും ഗ്രീൻ പ്രോട്ടോകോൾ പരിപാലത്തിന് പഞ്ചായത്ത് ശ്രമങ്ങൾ നടത്തുന്നുണ്ട്. ഓഡിറ്റോറിയങ്ങൾക്ക് ഗ്രീൻപ്രോട്ടോകോൾ പരിപാലത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെ 32 സർക്കാർ സ്ഥാപനങ്ങളിലും പൊതുപരിപാടികളിലും 22 ഹരിതവിവാഹങ്ങൾക്കും ഗ്രീൻപ്രോട്ടോക്കോൾ നടത്തിയിട്ടുണ്ട്.



### പിഴ നടപടികൾ

പൊതുനിരത്തുകളിൽ അലക്ഷ്യമായി മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയായി ഏഴ് തവണകളായി 6000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

### ക്ലീൻ ക്യാമ്പസ്

പൂർണ്ണമായും വിദ്യാലയങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ക്ലീൻ ക്യാമ്പസ്' പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. സ്കൂളുകളിലെ മാലിന്യം ഹരിതകർമ്മസേന മുഖാന്തരം ശേഖരിക്കുന്നു.

### ശുചിത്വസംഗമം

മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി പഞ്ചായത്തിന് കീഴിൽ ഒക്ടോബർ ഏഴിന് ശുചിത്വസംഗമം സെമിനാർ സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ജാഫർ മാലിക് ഉദ്ഘാടനം ചെയ്ത പ്രസ്തുത പരിപാടിയിൽ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ തുടങ്ങി 1500-ലേറെ പേർ പങ്കെടുത്തു.



# ചോറ്റാനിക്കരയുടെ ശുചിത്വ മികവുകൾ

ചോറ്റാനിക്കര എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി ബ്ലോക്കിൽ ഉൾപ്പെടുന്ന പഞ്ചായത്താണ്. 2011 സെൻസെസ് പ്രകാരം ജനസംഖ്യ: 22656. ഭൂവിസ്തൃതി: 12.68 ച.കി.മീ. 8197 വീടുകളും 480 സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തിലുണ്ട്. കേരളം സംസ്ഥാനത്തെതന്നെ ചരിത്ര പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രമായ ചോറ്റാനിക്കര ദേവി ക്ഷേത്രം ഗ്രാമ പഞ്ചായത്ത് പ്രദേശത്താണ്. ശബരിമല തീർത്ഥാടന കാലത്തും, നവരാത്രി മഹോത്സവ കാലത്തും പ്രതിദിനം പതിനായിരത്തിനുമേലെയും, സാധാരണ ദിവസങ്ങളിൽ ആയിരത്തിൽ കുറയാതെയും തീർത്ഥാടകർ അമ്പലത്തിൽ ദർശനത്തിനെത്തുന്നു.ഇത്രെയും ആളുകൾ എത്തിച്ചേരുന്ന പ്രദേശമെന്നതിനാൽ ഉണ്ടാകുന്ന മാലിന്യപ്രശ്നവും പഞ്ചായത്ത് പരിഹരിക്കേണ്ടതുണ്ട്.

## മാലിന്യ സംസ്കരണരംഗത്തെ ഇടപെടലുകൾ

പ്രതിദിനം രൂപപ്പെടുന്ന 2600കി ഗ്രാം ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നു. ജൈവ-അജൈവ മാലിന്യപരിപാലനത്തിനായി 2018 ഒക്ടോബർ രണ്ടിന് ഹരിതകർമസേന പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. 14 വാർഡുകളിലായി 28 ഹരിതകർമസേനാംഗങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 6205 വീടുകളിൽ നിന്നും, 480 വ്യാപാര സ്ഥാപനങ്ങളിൽനിന്നും പ്രതിമാസം 3000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമസേന ശേഖരിക്കുന്നു.





എല്ലാ മാസവും ഒന്നു മുതൽ 15 വരെയുള്ള കാലയളവിൽ അജൈവ മാലിന്യ ശേഖരണം പൂർത്തിയാക്കുന്നു. ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്തിനോട് ചേർന്നുള്ള സംഭരണ കേന്ദ്രത്തിലെത്തിച്ച് 14 ഇനങ്ങളായി വേർതിരിക്കുന്നു. ഇവ നിശ്ചിത തുകയ്ക്ക് ക്ലീൻ കേരള കമ്പനിക്കു കൈമാറുന്നു. ഇതിനകം തരം തിരിച്ച 2.3 ടൺ പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറി 20,000 രൂപ ആദ്യ ഘട്ടത്തിൽ ഹരിത കർമസേന വരുമാനത്തിൽ ചേർത്തു. അജൈവ മാലിന്യ ശേഖരണത്തിനായി പഞ്ചായത്തിന് ഒരു വാഹനം സ്വന്തമായിട്ടുണ്ട്.



മാലിന്യ പരിപാലനത്തിന് ഹരിതകർമസേനയ്ക്ക് വിദഗ്ദ്ധസഹായം ലഭ്യമാക്കുന്നതിന് ഹരിതസഹായസ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വീടുകളിൽനിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽനിന്ന് 100 മുതൽ 500 രൂപവരെയും യൂസർഫീ ഈടാക്കുന്നു. യൂസർഫീയായി പ്രതിമാസം ശരാശരി 160000 രൂപ ഹരിത കർമസേന ശേഖരിക്കുന്നു. സുസ്ഥിരമായ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞ ഒരു വർഷക്കാലം 18 ലക്ഷംരൂപ ഹരിതകർമസേന യൂസർഫീ ഇനത്തിൽ ശേഖരിച്ചു. 28 ഹരിത കർമസേനാംഗങ്ങൾക്കും ഒരു വർഷമായിപ്രതിമാസം 5000 രൂപ വേതനമായി ലഭിക്കുന്നു. കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന അംഗങ്ങൾക്ക് 10375 രൂപവരെയും പ്രതിമാസ വരുമാനം നേടാൻ കഴിയുന്നുണ്ട്.കൂടാതെ വയബിലിറ്റി ഗ്യാപ്ഫണ്ട് കാര്യമായി ആശ്രയിക്കാതെ തന്നെ ബോണസ്സടക്കമുള്ള ആനുകൂല്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിന് പഞ്ചായത്തിന് സാധിച്ചു. കൃത്യമായ ഇടവേളകളിൽ (എല്ലാ മാസവും 15നകം) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ശേഖ




രിക്കുന്നതുവഴി പഞ്ചായത്തിലെ 75% വീടുകളെയും മുഴുവൻ സ്ഥാപങ്ങളെയും പദ്ധതിയിൽ അംഗങ്ങളാകുന്നതിന് ഹരിത കർമസേനയ്ക്കും പഞ്ചായത്തിനും കഴിഞ്ഞു. ഹരിത കർമ്മസേനക്ക് ഒരു ഓഫീസ് തുടങ്ങിയ ജില്ലയിലെ ആദ്യ പഞ്ചായത്താണ് ചോറ്റാനിക്കര.

## സവിശേഷ ഇടപെടലുകൾ

ഹരിത കർമ്മസേനയെ പൂർണതോതിൽ സുസജ്ജമാക്കി പ്രവർത്തങ്ങൾ സ്ഥായിയാക്കുന്നതിന് മുഴുവൻ വീടുകളെയും സ്ഥാപനങ്ങളെയും മാലിന്യ നിർമാർജന പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വാർഡുകളിൽക്ലസ്റ്ററുകൾ രൂപീകരിച്ചു. 50 വീടുകൾ ഉൾപ്പെടുന്ന ഒരു ക്ലസ്റ്ററിന് കൺവീനർ ഉൾപ്പെടെ 10 കമ്മറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു. പ്രസ്തുത ജനകീയ കമ്മറ്റികൾ, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണാ സംവിധാനമായി പ്രവർത്തിക്കുന്നു.

ഹരിത നിയമങ്ങളെക്കുറിച്ചും മാലിന്യപരിപാലനത്തിന്റെ പ്രസക്തിയെക്കുറിച്ചും സംവദിക്കുന്നതിനായി വാർഡുതല റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. വ്യാപാരി വ്യവസായികളുടെയും, റെസിഡൻസ് അസോസിയേന്റെയും യോഗങ്ങൾ പഞ്ചായത്തുതലത്തിൽ നിരന്തരം നടത്താനും അവരെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ ബോധ്യപ്പെടുത്തി ഹരിതകർമ്മസേനക്കൊപ്പം പൂർണ്ണമനസ്സോടെ സഹകരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതോടോപ്പം തന്നെപ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പാസ്സാക്കുകയും പഞ്ചായത്ത് കോമ്പൗണ്ടിൽ ഇൻസിനറേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണ പദ്ധതിയിൽ അംഗങ്ങളായ വീട്ടുടമകൾക്കു പഞ്ചായത്തിന്റെ സേവനങ്ങൾക്കു മുൻഗണന നൽകിവരുന്നു.



ഹരിതകർമ്മസേനയെ പൂർണ തോതിൽസുസജ്ജമാക്കി പ്രവർത്തങ്ങൾ സ്ഥായിയാക്കുന്നതിന് മുഴുവൻ വീടുകളെയും സ്ഥാപനങ്ങളെയും മാലിന്യ നിർമാർജന പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വാർഡുകളിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചു. 50 വീടുകൾ ഉൾപ്പെടുന്ന ഒരു ക്ലസ്റ്ററിന് കൺവീനർ ഉൾപ്പെടെ 10 കമ്മറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു. പ്രസ്തുത ജനകീയ കമ്മറ്റികൾ, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണാ സംവിധാനമായി പ്രവർത്തിക്കുന്നു.

ഹരിത നിയമങ്ങളെക്കുറിച്ചും മാലിന്യപരിപാലനത്തിന്റെ പ്രസക്തിയെക്കുറിച്ചും സംവദിക്കുന്നതിനായി വാർഡുതല റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. വ്യാപാരി വ്യവസായികളുടെയും, റെസിഡൻസ് അസോസിയേന്റെയും യോഗങ്ങൾ പഞ്ചായത്തുതലത്തിൽ നിരന്തരം നടത്താനും അവരെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ ബോധ്യപ്പെടുത്തി ഹരിതകർമ്മസേനയ്ക്കൊപ്പം പൂർണ്ണമനസ്സോടെ സഹകരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.




ഹരിത കർമസേനവഴി കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 40 ടണ്ണോളം അജൈവ മാലിന്യങ്ങൾ പാഴ്വസ്തു വ്യാപാരികൾക്കും ക്ലീൻ കേരള കമ്പനിക്കും കൈമാറുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഒരുവർഷക്കാലത്തെ നിരന്തര പ്രവർത്തനങ്ങളിലൂടെ ചോറ്റാനിക്കരയെ സമ്പൂർണ ശുചിത്വ ഗ്രാമമായി പ്രഖ്യാപിച്ചു കൊണ്ടുള്ള സമ്മേളനവും വിളംബരജാഥയും 2019 ഒക്ടോബർ 26ന് നടന്നു.

ആദ്യഘട്ടത്തിൽ തരംതിരിക്കാത്ത പ്ലാസ്റ്റിക്കാണ് റീസൈക്കിളേഴ്സിനും, ക്ലീൻ കേരള കമ്പനിയ്ക്കും കൈമാറിയതെങ്കിലും, പിന്നീട് അജൈവ മാലിന്യങ്ങൾ 10 ഇനങ്ങളായി തരംതിരിച്ചു മൂല്യവർദ്ധന വരുത്തി വരുമാനം ലഭിക്കുന്ന തരത്തിലേക്ക് ഉയരാൻ സാധിച്ചു.

ഇതുവരെ മാലിന്യ സംസ്കരണത്തിന് തടസ്സം നിന്ന 3 പേർക്കെതിരെ നടപടി സ്വീകരിച്ചു. സംസ്ഥാന പാതയടക്കം കടന്നു പോകുന്ന പഞ്ചായത്തിന്റെ പാതയോരത്ത് വാഹ




നങ്ങളിൽ നിന്ന് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപടി പുരോഗമിക്കുന്നു.

ജൈവ മാലിന്യ പരിപാലനത്തിന് തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് ചോറ്റാനിക്കര ക്ഷേത്രത്തിന്റെ ഊട്ടുപുരയുടെ പരിസരത്ത്. ഒരു വർഷത്തെ പ്രവർത്തനങ്ങളും ഹരിത കർമസേനയുടെ ചിട്ടയായ പ്രവർത്തനവും നേതൃത്വം നൽകുന്നവരുടെ ആത്മാർത്ഥതയും, തുടർച്ചയായ അവലോകനവും, ജനങ്ങളുടെയും, റെസിഡൻസ് അസ്സോസിയേഷനുകളുടെയും, വ്യാപാരികളുടെയും പൂർണമായ സഹകരണവും മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നു.

## പരിഹാരങ്ങൾ

ആദ്യ ഘട്ടത്തിനു ശേഷം മാലിന്യത്തിന്റെ അളവിൽ കുറവു വരുമെന്ന് പ്രതീക്ഷിച്ചിരുന്നു. മാറിയ ജീവിത ശൈലിയും പ്രതിമാസം നിശ്ചിത ദിവസങ്ങളിൽ ഹരിത കർമസേന അംഗങ്ങൾ നടത്തുന്ന ശേഖരണം കൃത്യമായും കാര്യക്ഷമമായും നടക്കുന്നതും, ജനങ്ങൾ പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിയാതെ കൃത്യമായി സൂക്ഷിച്ചുവച്ച് കൈമാറുന്നതുംമൂലം ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവിൽ കുറവ് അനുഭവപ്പെടുന്നില്ല. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിരോധന വന്നതിനാൽ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചും മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ ശ്രമിക്കുന്നുണ്ട്.

സംസ്ഥാന ഹൈവേ, പഞ്ചായത്തിലൂടെ കടന്നു പോകുന്നതുമൂലം വഴിയരികുകളിൽ മാലിന്യം വൻതോതിൽ വലിച്ചെറിയപ്പെടുന്നുണ്ട് അയൽ പ്രദേശങ്ങളിൽ നിന്നും പഞ്ചായത്തിൽ കൊണ്ട് വന്ന് നിക്ഷേപിക്കുന്നതും പ്രശ്നമാകുന്നുണ്ട്. ഇതു തടയുന്നതിനായി വഴിയരികിൽ ക്യാമറ സ്ഥാപിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടക്കുന്നു



# മുൻപേ ഗമിച്ച് വാരപ്പെട്ടി

എറണാകുളം ജില്ലയുടെ കിഴക്കൻ അതിർത്തിയിലെ കോതമംഗലം താലൂക്കിലും ബ്ലോക്കിലും ഉൾപ്പെടുന്ന മലയോര കാർഷിക ഗ്രാമമാണ് വാരപ്പെട്ടി. 21.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിലെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 18,686 ആണ്. 13 വാർഡുകളിലായി 6080 വീടുകളും 690 സ്ഥാപനങ്ങളും ഉണ്ട്. മാലിന്യപരിപാലന പ്രവർത്തനങ്ങൾ നിയതമായ വിധം ആദ്യം ആരംഭിച്ച ഗ്രാമപഞ്ചായത്ത്. ജില്ലയിൽ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ആദ്യം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണിത്

കോതമംഗലം എം എൽ എ ആന്റണി ജോൺ നിയോജക മണ്ഡലത്തിൽ ആരംഭിച്ച 'അരുത് വൈകരുത്' പദ്ധതിയിലും ആദ്യം പ്രവർത്തനങ്ങളിലും ആദ്യം പ്രവർത്തനങ്ങൾ ഏറ്റെടുത്തത് വാരപ്പെട്ടിയാണ്.

## മാലിന്യ സംസ്കരണത്തിനായി നടത്തിയ ഇടപെടലുകൾ

2017 ലെ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രതിദിനം 3.7 ടൺ മാലിന്യം രൂപപ്പെടുന്നതായി കണ്ടെത്തി. അതിൽ ജൈവമാലിന്യം 3.56 ടണ്ണും അജൈവ മാലിന്യങ്ങൾ 0.1 4 ടണ്ണും ആണ്.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ചു വരുന്നു. 2017-19 കാലയളവിൽ ഗ്രമപഞ്ചായത്തിൽ ഗാർഹിക ബയോഗ്യാസ്പ്ളാൻറ് 132, ഗാർഹിക കംപോസ്റ്റ് കുഴി 62, ഗാർ





ഹിക കിച്ചൺബിൻ 216, ഗാർഹിക ബിയോ പോട്ട് 117, ഗാർഹിക പൈപ്പ് കമ്പോസ്റ്റ് 714, ഗാർഹിക കമ്പോസ്റ്റ്കുഴി 218, ഗാർഹികറിംഗ് കമ്പോസ്റ്റ് 74 എന്നി ഉറവിട മാലിന്യ ഉപാധികൾ സ്ഥാപിച്ചു. 2018-19 വർഷം 14 അംഗൻവാടികളിൽ ബയോപോട്ടുകൾ. പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലെ ജൈവമാലിന്യപരിപാലനത്തിന് പൊതുസംവിധാനമായി 2 വലിയ ബയോബിന്നുകൾ സ്ഥാപിച്ച് ഹരിതകർമ്മസേന പരിപാലിച്ചുവരുന്നു ഉല്പാദിപ്പിക്കപ്പെടുന്ന ജൈവവളം കാർഷിക കർമ്മസേനക്ക് സൗജന്യമായി കൈമാറുന്നു.

അജൈവമാലിന്യം ശേഖരിക്കുന്നതിന് ഹരിത കർമ്മസേന രൂപീകരിച്ചു. നാല് എം ഇ ഗ്രൂപ്പുകളിലായി 26 ഹരിതകർമ്മസേനാംഗങ്ങളാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. പിന്നീട് 21 അംഗങ്ങളായി കുറഞ്ഞിട്ടുണ്ട്. പ്രതിമാസം അഞ്ച് മുതൽ 15 ദിവസംവരെ ഓരോ അംഗവും മാലിന്യപരിപാലന പ്രവർത്തനങ്ങളിൽപങ്കെടുക്കുന്നു. യൂസർഫീ വീടുകളിൽ നിന്ന് 30 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും പ്രതിമാസം ശേഖരിക്കുന്നു. 2795 കുടുംബങ്ങളും 175 സ്ഥാപനങ്ങളും യൂസർഫീ നൽകുന്നു. പ്രതിമാസം 42000 രൂപ മുതൽ 50000 രൂപവരെ യൂസർഫീ ശേഖരിക്കാൻ കഴിയുന്നുണ്ട്. ഹരിതകർമസേനാംഗങ്ങൾക്ക് പ്രവർത്തനത്തിൽ ഏർപ്പെടുന്നതനുസരിച്ച് പ്രതിദിനം 300 രൂപ വേതനം ലഭിക്കുന്നുണ്ട്.

ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പ്രാദേശികമായി ആവശ്യക്കാരുള്ള ഇനങ്ങളുടെ വില്പനയിൽ നിന്നും പ്രതിമാസം 2000 രൂപമുതൽ 3000 രൂപവരെ ലഭിച്ചുവരുന്നു. മറ്റ് അജൈവമാലിന്യങ്ങൾ സ്വകാര്യ ആക്രി കച്ചവടക്കാർക്ക് സൗജന്യമായി കൈമാറുക



എൻഎസ്എസ് വിദ്യാർത്ഥിക ളെയും പൊതുജനങ്ങളെയും അണിനിരത്തി തുടർച്ചയായി ഒരാഴ്ചക്കാലം പൊതുഇടങ്ങൾ മാലിന്യവിമുക്തമാക്കുന്നതിനു ള്ള പ്രവർത്തനങ്ങൾ നടത്തി. സമീപ തദ്ദേശഭരണ സ്ഥാപന ത്തിലെ കോതമംഗലം ചെറിയ പള്ളിയിലെ പെരുന്നാളും കൺ വെൻഷനും ഹരിതപ്രോട്ടോ ക്കോളിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തിലെ ഹരിതകർമ്മ സേന വിദഗ്ധ സഹായം നൽകി. ആയിനത്തിൽ എം.ഇ. ഗ്രൂപ്പിന് 15750 രൂപ പ്രതിഫലം ലഭിച്ചു. മാലിന്യപരിപാലന ഫണ്ടിലേക്ക് 2018-19 വർഷം 10000 രൂപ ശേഖരിച്ചു. ഹരിതനി യമങ്ങൾ ലംഘിച്ചവരിൽ നിന്നും മൂന്ന് കേസുകൾ രജി സ്റ്റർ ചെയ്ത് 5000 രൂപപിഴ ഈടാക്കി. പുനരുപയോഗം ശീ ലമാക്കുന്നതിനു 2018-19 വർഷം മൂന്ന് സ്വാപ്പ്ഷോപ്പുകൾ സംഘ ടിപ്പിച്ചു. ഗ്രൂപ്പിന് വരുമാനം കൂട്ടുന്നതിന് സ്റ്റീൽപ്ലേറ്റുകളും ഗ്ലാസ്സുകളും വാടകയ്ക്ക് നൽ കുന്ന സംരംഭത്തിനായി പ്രൊജക്റ്റ് വച്ചിട്ടുണ്ട്.



യാണ് ഇപ്പോൾ. 2017-19 കാലയളവിൽ 20 ടൺ പ്ലാസ്റ്റിക് മാലിന്യം സംഭരിച്ചു.

ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളി നോട് ചേർന്ന് 1000 ചതുരശ്ര അടിയിൽ മെറ്റീ രിയൽ കളക്ഷൻ ഫെസിലിറ്റി സ്ഥാപിച്ചു. ഹ രിതസഹായ സ്ഥാപനത്തിന്റെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

## സവിശേഷ ഇടപെടലുകൾ

മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതി നായി ഫണ്ട് ഉപയോഗപ്പെടുത്തി 2018 -19 വർ ഷം 5500 തുണിസഞ്ചികൾ വീടുകളിൽ വി തരണം ചെയ്തു. പഞ്ചായത്ത് ഓഫീസ്, ഘ ടക സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിങ്ങനെ 16 സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി. 20 അംഗൻവാടികളിലും നാല് സ്കൂളുകളിലും സ്റ്റീൽ പ്ലേറ്റുകൾ ലഭ്യമാക്കി.





NSS വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും അണിനിരത്തി തുടർച്ചയായി ഒരാഴ്ചക്കാലം പൊതുഇടങ്ങൾ മാലിന്യവിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. സമീപ തദ്ദേശഭരണ സ്ഥാപനത്തിലെ കോതമംഗലം ചെറിയ പള്ളിയിലെ പെരുന്നാളും കൺവെൻഷനും ഹരിതപ്രോട്ടോകോളിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തിലെ ഹരിതകർമ്മസേന വിദഗ്ധ സഹായം നൽകി. ആയിനത്തിൽ ME ഗ്രൂപ്പിന് 15750 രൂപ പ്രതിഫലം ലഭിച്ചു. മാലിന്യ പരിപാലന ഫണ്ടിലേക്ക് 2018-19 വർഷം 10000 രൂപ ശേഖരിച്ചു. ഹരിതനിയമങ്ങൾ ലംഘിച്ചവരിൽ നിന്നും മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്ത് 5000 രൂപപിഴ ഈടാക്കി. പുനരുപയോഗം ശീലമാക്കുന്നതിനു 2018-19 വർഷം മൂന്ന് സ്വാപ്പ്ഷോപ്പുകൾ സംഘടിപ്പിച്ചു. ഗ്രൂപ്പിന് വരുമാനം കൂട്ടുന്നതിന് സ്റ്റീൽപ്ലേറ്റുകളും ഗ്ലാസ്സുകളും വാടകയ്ക്ക് നൽകുന്ന സംരംഭത്തിനായി പ്രൊജക്റ്റ് വച്ചിട്ടുണ്ട്.

## വെല്ലുവിളികൾ പരിഹാരങ്ങൾ

RRF ലിങ്കേജ് ഇല്ലാത്തതിനാൽ പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ കൈമാറുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയത് പ്രാദേശിക സ്ക്രാപ്പ് ഡീലേർസുമായി ലിങ്കേജ് ഉണ്ടാക്കിയാണ് പരിഹരിച്ചുവരുന്നത്. ക്ലീൻകേരള കമ്പനിയുമായി ലിങ്കേജ് ഉണ്ടാക്കുന്നതോടെ ഈ പ്രശ്നം പ്രശ്നം പരിഹരിക്കപ്പെടും. നിരന്തരമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളിലൂടെ മുന്നേറുന്ന ഗ്രാമപഞ്ചായത്ത് ലഭ്യമായ അവസരങ്ങളിലൊക്കെ പ്രമുഖ വ്യക്തിത്വങ്ങളെ അണിനിരത്തി പരിപാടികൾ സംഘടിപ്പിക്കുന്നു. എം.പി, എം.എൽ.എ, ഹരിത കേരളം വൈസ് ചെയർപേഴ്സൺ, ജില്ലാ കളക്ടർ എന്നിവരെ പങ്കെടുപ്പിച്ചു നടത്തിയ ഹരിതപഞ്ചായത്ത് പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രദേശം മാത്രമല്ല ജില്ല മുഴുവൻ ശ്രദ്ധിക്കപ്പെടുവാനും ഉത്തേജനമാകുന്നതിനും സഹായകമായിരുന്നു.



# ആലപ്പുഴ നഗരം സമ്പൂർണ ശുചിത്വത്തിലേക്ക്

കനാലുകളുടെ നഗരമായ ആലപ്പുഴ ലോകവിനോദസഞ്ചാര ഭൂപടത്തിലെ തന്നെ ശ്രദ്ധേയമായ പ്രദേശമാണ്. മദ്ധ്യകേരളത്തിൽ പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് വേമ്പനാട് കായലിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഈ കൊച്ചു പട്ടണം ജനസാന്ദ്രതയേറിയ പ്രദേശമാണ്. നഗരത്തിന്റെ ഹൃദയഭാഗത്ത് കൂടി കടന്നുപോകുന്ന മൂന്നു വലിയ കനാലുകളും അതുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ 104 ഉപകനാലുകളും ആലപ്പുഴുടെ മാത്രം പ്രത്യേകതയാണ്. പ്രൗഢഗംഭീരമായ പാരമ്പര്യംപേറുന്ന ജില്ലയാണ് ആലപ്പുഴ. കിഴക്കിന്റെ വെനീസ് എന്ന പേര് നഗരത്തിന് നേടിക്കൊടുത്തത് ഈ കനാലുകളും അവ സാധ്യമാക്കിയ വാണിജ്യവുമാണ്. ആലപ്പുഴ ജില്ലയിലെ മറ്റ് നഗരസഭകളെ അപേക്ഷിച്ച് ഏറ്റവും ജനസാന്ദ്രതയേറിയതും വാണിജ്യവത്കരിക്കപ്പെട്ടതുമായ ഒന്നാണ് ആലപ്പുഴ നഗരസഭ. 46.77 ച.കി.മി. വിസ്തീർണ്ണമുള്ള നഗരസഭ പ്രദേശത്ത് 48000 വീടുകളും 5421 കച്ചവടസ്ഥാപനങ്ങളും 44 സ്കൂളുകളും 77 ഘടകസ്ഥാപനങ്ങളും ആറ് ആശുപത്രികളും ആറ് ചന്തകളും 324 കവലകളും 620 സ്ഥാപനങ്ങളുമുള്ള. ഈ നഗരസഭയിലെ ജനസംഖ്യ 176124 ആണ്.

## മാലിന്യസംസ്കരണ രംഗത്തെ ഇടപെടൽ

നഗരത്തിൽ പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിൽ 60478 ടൺ ജൈവവും 1.406 ടൺ അജൈവവുമാണ്. മാലിന്യ സംസ്കരണത്തിന്റെ ആദ്യപടി ഉറവിടത്തിൽ തന്നെ മാലിന്യം വേർ



തിരിക്കുകയാണ് എന്നതാണ്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ്, ബയോബിൻ, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയവയും കമ്മ്യൂണിറ്റി തലത്തിൽ എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റുകളും ഉപയോഗിച്ച് ഇതിന് പരിഹാരം കണ്ടെത്തി. ജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 28 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റും 265 എയ്റോബിക് ബിന്നുകളും സ്ഥാപിച്ച നഗരസഭ എല്ലാ വാർഡുകളിലും എയ്റോബിക് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഒരുക്കങ്ങളിലാണ്. എയ്റോബിക് യൂണിറ്റിലെ ബിന്നുകളിൽ നിന്ന് ലഭിക്കുന്ന വളം നഗരസഭാപരിധിയിലെ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. 74.25 ശതമാനം വീടുകളിലാണ് ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചിട്ടുള്ളത്. 62 % സ്ഥാപനങ്ങൾ, 84 % കടകൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് ശേഖരിക്കുന്നു. ഓരോ വാർഡിലും 15 ശതമാനം വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനമുണ്ടാക്കി. സ്ഥലപരിമിതിയുള്ള വീടുകൾക്ക് ജൈവ മാലിന്യ സംസ്കരണത്തിനായി കമ്മ്യൂണിറ്റി ലെവൽ എയ്റോബിക് പ്ലാന്റുകൾ സ്ഥാപിച്ചു. നിലവിൽ വീടുകൾ (4650), സ്കൂളുകൾ (10), ഘടകസ്ഥാപനങ്ങൾ (4), ആശുപത്രികൾ (2), പൊതുഇടങ്ങൾ (30), ചന്തകൾ(2), കവലകൾ (10), സ്ഥാപനങ്ങൾ (14) എന്നിവടങ്ങളിൽ ഉറവിടസംസ്കരണം കാര്യക്ഷമമായി നടന്നുവരുന്നു.

അജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിനായി 18 എം.സി.എഫുകളും 2 ആർ.ആർ. എഫും 3 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റും നഗര പരിധിയിൽ പ്രവർത്തിക്കുന്നു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് പ്ലാസ്റ്റിക് പൊടിച്ച് റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്തി. 17 കി.മീ. റോഡ് ഇത്തരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട്. 2018–19 ൽ ഷ്രെഡ്ഡ് ചെയ്ത 22561.41 കിലോ പ്ലാസ്റ്റിക് വിറ്റഴിച്ച ഇനത്തിൽ 134351 രൂപ നഗരസഭയ്ക്ക് വരുമാനം ലഭിച്ചു.

## ഹരിതകർമ്മ സേന

നഗരത്തിലെ 52 വാർഡുകളിലും ഹരിതകർമ്മസേന പ്രവർത്തനം ആരംഭിക്കുകയാ

വേർതിരിക്കാത്ത മാലിന്യങ്ങളാണ് ഏറ്റവും പ്രതിസന്ധി സൃഷ്ടിച്ചത്. മണ്ണും ജലവും മലിനമാകാതെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടെ എത്തിയ ഹരിതകേരളം മിഷൻ നഗരസഭയ്ക്ക് കൈത്താങ്ങായി. ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ നഗരത്തിലെ പൊതുകുളങ്ങളും ജലാശയങ്ങളും കൈത്തോടുകളും പൊതുജനങ്ങൾ, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ ശുചീകരിച്ചു. നഗരമാലിന്യ സംസ്കരണത്തിൽ ബഹുദൂരം മുന്നേറുവാനായിട്ടുണ്ട്. കനാൽ നവീകരണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പുരോഗമിക്കുകയാണ്. ഇതിന്റെയെല്ലാം ഫലമായി ആലപ്പുഴ നഗരം സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനത്തിലേക്ക് കടക്കുകയാണ്.



ണ്. പതിനായിരത്തോളം വീടുകളിൽ നിന്നും ഇവർ അജൈവമാലിന്യ ശേഖരണം നടത്തി വരുന്നു. ഓരോ ഹരിതകർമ്മസേനാംഗത്തി നും ശരാശരി 8000 രൂപ പ്രതിമാസ വരുമാ നം ലഭിക്കുന്നുണ്ട്.

## ഹരിതചട്ട പാലനം

നഗരസഭാകാര്യാലയത്തിലും ഘടകസ്ഥാ പനങ്ങളിലും ഹരിതചട്ടം പാലിച്ചു വരുന്നു. നഗരസഭയുടെ പൊതുപരിപാടികൾ ഹരിത ചട്ടമനുസരിച്ചാണ് നടത്തുന്നത്. സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ സന്ദേശം ജ നങ്ങളിൽ എത്തിക്കുന്നതിനും അവ ശീല മാക്കുന്നതിനും അൻപതിലധികം ബഹുജന വിദ്യാഭ്യാസ പരിപാടികൾ നടത്തി. നഗരത്തി ലെ എല്ലാ സർക്കാർ ഓഫീസുകളിലും ഹരി തചട്ട പ്രതിജ്ഞ എടുക്കുകയും ഹരിതചട്ടം പാലിക്കുന്നതിനുള്ള ബോർഡുകൾ സ്ഥാപി ച്ച് ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഉല്പന്നങ്ങൾ കുറച്ചു. പ്രകൃതി സൗഹൃദ ഉല് പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചു. ന ഗരത്തിലെ 450 ഓഫീസുകളിൽ ഹരിതചട്ടം പാലിക്കുന്നുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകൾ നി യന്ത്രിക്കുന്നതിന്റെ ഭാഗമായി റസിഡന്റ്സ് അ സോസിയേഷൻവഴി തുണി സഞ്ചികൾ വിത രണം ചെയ്തു. നഗരസഭാപദ്ധതിയിൽ ഉൾപ്പെ ടുത്തി കുടശീലസഞ്ചി നൽകുന്നതിനുള്ള ന ടപടികൾ സ്വീകരിച്ചു. പല സ്ഥാപനങ്ങളുടെ യും ഫണ്ട് ഇതിനായി ഉപയോഗിച്ചു. പുനരു പയോഗ സാധ്യതകൾ പരമാവധി പ്രയോജ നപ്പെടുത്താൻ സ്വാപ്പ്മേളകൾ സംഘടിപ്പിച്ചു.

ഹരിത കേരളം മിഷൻ പദ്ധതികൾ നട പ്പിലാക്കുന്നതിനായി റസിഡൻസ് അസോസി യേഷനുകൾ, കുടുംബശ്രീ, സ്കൂളുകൾ, കോളേജുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നി വയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ശു ചിത്വ ബോധവത്കരണ സെമിനാറുകൾ സം ഘടിപ്പിച്ചു. സ്കൂളുകളിൽ വാട്സ്ആപ്പ് ഗ്രൂ പ്പകൾ രൂപീകരിക്കുകയും ശുചിത്വമാലിന്യ വിഷയങ്ങൾ ചർച്ചാവിഷയമാക്കുകയും അ തിൽ ഇടപെടലുകൾ നടത്തുകയും ചെയ്തു. വീടുകളിൽ കുടുബശ്രീ അംഗങ്ങൾ മുഖേന ബോധവത്കരണം നടത്തുകയും ലഘുരേഖ കൾ വിതരണം ചെയ്യുകയും ചെയ്തു. ശുചി ത്വ സന്ദേശങ്ങൾ അടങ്ങിയ പ്ലക്കാർഡുകളു മായി കുട്ടികൾ നഗരത്തിന്റെ വിവിധ ഭാഗ ങ്ങളിൽ സൈക്കിൾ റാലി നടത്തി. ശുചിത്വ ബോധത്തിലേക്ക് ജനങ്ങളെ നയിക്കുന്നതിനാ യി തെരുവുനാടകങ്ങളും സെമിനാറുകളും ചർച്ചകളും സംഘടിപ്പിച്ചു. 2018-ലെ നെഹ് റു ട്രോഫി ജലോത്സവം പൂർണ്ണമായും ഹരി തചട്ടപ്രകാരം നടത്താനായത് മിഷൻ പ്രവർ ത്തനങ്ങളുടെ വിയജയമായിരുന്നു. പേപ്പർ പ്ലേ റ്റ്, ഡിസ്പോസിബിൾ ഗ്ലാസ്സുകൾ എന്നിവ പുർണ്ണമായും ഒഴിവാക്കി. നെഹ്റുട്രോഫി ജ ലമേള കഴിഞ്ഞ് മണിക്കുറുകൾക്കകം തന്നെ പവിലിയനിലും പരിസര പ്രദേശങ്ങളിലും ശു ചീകരണം പൂർത്തിയാക്കി ആലപ്പുഴ നഗര സഭ മാതൃകയായി. പ്രത്യേകം തയ്യാറാക്കി യ ഹരിത വൊളന്റിയർമാരുടെ നേതൃത്വ ത്തിൽ ആണ് ശുചീകരണം പൂർത്തിയാക്കി യത്. എസ്.ഡി. കോളേജ്, പുന്നപ്ര എൻജി





ബെയ്ലിംഗ് യൂണിറ്റും ഷ്രെഡ്ഡിംഗ് യൂണിറ്റും

## ചാത്തനാട് മുനിസിപ്പൽ കോളനി വികേന്ദ്രീകൃത സാനിറ്റേഷൻ പ്രവർത്തനങ്ങൾ

ഒരു കാലത്ത് ചാത്തനാട് മുനിസിപ്പൽ കോളനി നിവാസികൾക്കായി സർക്കാർ നിർമ്മിച്ച് നൽകിയ പൊതു ശൗചാലയ സമുച്ചയം അതി രൂക്ഷമായ മാലിന്യ പ്രശ്നങ്ങൾക്ക് വഴി വെച്ചിരുന്നു. ഇത് സമീപത്തുള്ള ചാത്തനാട് കനാലിനെ മലിനപ്പെടുത്തുകയും നിരവധി സാംക്രമിക രോഗങ്ങൾക്ക് കാരണമാകുകയും ചെയ്ത് പോന്നു. ഇതിനൊരു പരിഹാരം എന്ന നിലയിൽ ഹരിത കേരളം മിഷനും, കാൻ ആലപ്പിയും, ആരോഗ്യ വകുപ്പ്, ആലപ്പുഴ നഗരസഭ, മുംബൈ ഐ.ഐ.റ്റി വിദ്യാർത്ഥികൾ, അദ്ധ്യാപകർ, കലാകാരൻമാർ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ യുവജന പ്രസ്ഥാനങ്ങൾ തുടങ്ങിയവർ സംയോജിച്ച് കെ.എം.എം.എൽ-ന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ ഈ പദ്ധതി മാലിന്യ സംസ്കരണ മേഖലയിലെ അനുകരണീയ മാതൃകകളിലൊന്നാണ്.

ഇതിന്റെ ഭാഗമായി ചാത്തനാട് കനാൽ ശുചീകരിക്കുകയും കോളനിയിലെ 52 കുടുംബങ്ങൾക്കും പ്രത്യേകം ശൗചാലയം നിർമ്മിച്ചും നൽകി. ഈ ശൗചാലയങ്ങളിലേയും മറ്റ് ഗാർഹിക ആവശ്യങ്ങൾക്ക് ശേഷം പുറന്തള്ളുന്ന മലിനജലവും ഒരു പൊതുടാങ്കിൽ ശേഖരിച്ച് എയ്റോബിക്, അനെയ്റോബിക് പ്രോസസ്സുകൾ, സാൻഡ് ഫിൽട്രേഷൻ, കുളവാഴ പോലുള്ള ചെടികളുടെ വേരുകൾ ഉപയോഗിച്ചുള്ള റൂട്ട്സ് സോൺ ട്രീറ്റ്മെന്റ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ദ്രവമാലിന്യത്തെ ശുദ്ധജലമാക്കി മാറ്റി കനാലിനേക്ക് കടത്തി വിടുന്നു.



മാലിന്യത്തിൽ നിന്നും മനോഹാരിതയിലേയ്ക്ക് ഉള്ള ഏതാനും ചുവടുവെയ്പ്പുകൾ

ഈ പ്രവർത്തനങ്ങളിലൂടെ കോളനിയുടെ മുഖച്ഛായയ്ക്ക് തന്നെ മാറ്റം വന്നു. പഴയ ശൗചാലയ സമുച്ചയം കുട്ടികൾ ഇന്ന് ലൈബ്രറിയായും, പഠന മുറിയായും ഉപയോഗിക്കുന്നു. മാലിന്യങ്ങൾ കുമിഞ്ഞ് കൂടി കാലു കുത്താൻ പോലും മടിച്ചിരുന്ന മുനിസിപ്പൽ കോളനിയിലേക്ക് ഈ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുവാനും പഠനത്തിനുമായി കേരളത്തിനകത്തും പുറത്തും നിന്നുമായി നിരവധി വ്യക്തികളും സംഘടനകളും നിരന്തരമായി എത്തിച്ചേരുന്നുണ്ട്.

നീയറിംഗ് കോളേജ്, കാർമ്മൽ പോളിടെക്നിക് എന്നിവിടങ്ങളിലെ എൻ.എസ്.എസ് യൂണിറ്റുകൾ നഗരസഭയുമായി സഹകരിച്ചായിരുന്നു ഹരിത വൊളന്റിയർമാരെ സജ്ജമാക്കിയത്. ഇതിനുപുറമെ ഇരുപത്തിയഞ്ചോളം ട്രാൻസ്ജെൻഡർമാരും നഗരസഭയുടെ ശുചീകരണത്തൊഴിലാളികളും ശുചീകരണവുമായി സഹകരിച്ചു. അങ്ങനെ ഹരിതചട്ടം വിജയകരമായി നടപ്പിലാക്കാനായി. ഇതിന്റെ ഭാഗമായി മാതാജെട്ടിയിലും പ്രധാന കവാടത്തിനു സമീപവും ആരോഗ്യ വിഭാഗം പ്രത്യേകം ഒരുക്കിയ സ്റ്റാളുകളിൽ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് അതിൽ സ്റ്റിക്കർ പതിപ്പിച്ച് നൽകുകയും ഡെപ്പോസിറ്റ് തുക ഈടാക്കുകയും ചെയ്തു. പ്ലാസ്റ്റിക്ക് സാധനങ്ങൾ തിരികെ ഏൽപ്പിക്കുന്നവർക്ക് പണം തിരിച്ച് നൽ

കുന്ന രീതിയായിരുന്നു സ്വീകരിച്ചത്. ഇങ്ങനെ നാലായിരത്തോളം പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കാനായി. ജില്ലാഭരണകൂടത്തിന്റെയും നഗരസഭയുടെയും കൂട്ടായ പ്രവർത്തനംകൊണ്ടാണ് ഈ വിജയം കൈവരിക്കാനായത്. 45-ാമത് സംസ്ഥാനസ്കൂൾ യുവജനോത്സവവും ഇതേ മാതൃകയിലാണ് നടപ്പാക്കിയത്.

## നിയമ നടപടികൾ

ജലസ്രോതസ്സിലേക്ക് മാലിന്യം നിക്ഷേപിച്ച വ്യക്തികളിൽനിന്ന് നഗരസഭ പിഴയിടാക്കുന്നുണ്ട്. മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ, ഒഴുക്കിവിടൽ എന്നിവയ്ക്കെതിരെ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 116 പേർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചയിനത്തിൽ 184250 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു കേസും നിലവിൽ ഉണ്ട്

## വെല്ലുവിളികൾ അതിജീവനം

ജനസാന്ദ്രതയും വിനോദസഞ്ചാരവും വർദ്ധിച്ച അളവിലുള്ള മാലിന്യകൂമ്പാരങ്ങൾക്ക് കാരണമാകുന്നുണ്ട്. വിനോദസഞ്ചാരത്തിന് ദിനംപ്രതി ഇരുപത്തയ്യായിരത്തോളം വിദേശികളും സ്വദേശികളും വന്നു പോകുന്നു. തൻമൂലം ആലപ്പുഴ നഗരസഭ അഭിമുഖീകരിച്ചിരുന്ന വലിയ പ്രശ്നങ്ങളിൽ ഒന്നായിരുന്നു മാലിന്യ സംസ്കരണം. മാലിന്യം നിക്ഷേപിക്കപ്പെട്ട് ദുർഗന്ധം വമിക്കുന്ന കേന്ദ്രങ്ങളായി കനാലുകൾ പരിണമിച്ചപ്പോൾ മാലിന്യസംസ്കരണം നഗരസഭ നേരിട്ട വലിയ വെല്ലുവിളിയായി മാറി. നിരന്തരമായി വലിയ കനാലുകൾ വൃത്തിയാക്കാറുണ്ടെങ്കിലും ചെറിയ കനാലുകളിൽ നിന്നും വരുന്ന മലിനജലം കൊണ്ട് വീണ്ടും ഈ കനാലുകൾ മലിനമാകുന്നു. സംസ്ഥാന ഗവൺമെന്റും കിലയും ചേർന്ന് ബോംബെ ഐ.ഐ.റ്റിയുടെ സഹായത്തോടെ വിശദമായ പഠനം നടത്തി വികേന്ദ്രീകരണ കനാൽ ശുചീകരണ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മലിനജലം ശേഖരിക്കുന്നതിനും ശുചീകരിക്കുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് നഗരസഭയും ഗവൺമെന്റുമായിച്ചേർന്ന് സബ്സിഡി അടക്കമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നഗരസഭ വികേന്ദ്രീകൃത മലിനജല ശുചീകരണ പ്ലാന്റിന്റെ പ്രവർത്തനങ്ങളും തുടങ്ങിക്കഴഞ്ഞു.

വേർതിരിക്കാത്ത മാലിന്യങ്ങളാണ് ഏറ്റവും പ്രതിസന്ധി സൃഷ്ടിച്ചത്. മണ്ണും ജലവും മലിനമാകാതെ അടിസ്ഥാന വികസന പ്രവർത്തനങ്ങദൾ നടത്തുക എന്ന ലക്ഷ്യത്തോടെ എത്തിയ ഹരിതകേരളം മിഷൻ നഗരസഭയ്ക്ക് കൈത്താങ്ങായി. ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ നഗരത്തിലെ പൊതുകുളങ്ങളും ജലാശയങ്ങളും, കൈത്തോടുകളും പൊതുജനങ്ങൾ, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ ശുചീകരിച്ചു. നഗരമാലിന്യ സംസ്കരണത്തിൽ ബഹുദൂരം മുന്നേറുവാനായിട്ടുണ്ട്. കനാൽ നവീകരണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്വത്തോടെ പുരോഗമിക്കുകയാണ്. ഇതിന്റെയെല്ലാം ഫലമായി ആലപ്പുഴ നഗരം സമ്പൂർണ്ണശുചിത്വ പ്രഖ്യാപനത്തിലേയ്ക്ക് കടക്കുകയാണ്.



# മീനങ്ങാടി: ഒരുമയോടെ മികവിലേക്ക്

മാലിന്യം കൂമ്പാരമായാൽ ജീവിതം ദു:സ്സഹമാവുമെന്ന തിരിച്ചറിവിൽനിന്നാണ് മീനങ്ങാടി ഗ്രാമപഞ്ചായത്ത് 'മണ്ണറിഞ്ഞ് മനം നിറഞ്ഞ് പ്രകൃതിയോടൊപ്പം' എന്ന പ്രകൃതി സൗഹൃദ സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നത്. മനുഷ്യ നിർമ്മിതമായ മാലിന്യം ശാസ്ത്രീയമായി പരിപാലിച്ച്, മണ്ണും, വെള്ളവും, പ്രകൃതിയും, ജൈവസമ്പത്തും സംരക്ഷിക്കപ്പെടുകയാണിവിടെ. പോയ തലമുറ നമ്മെ ഏൽപ്പിച്ച ഈ ഭൂമി, ഒരു പൊതുസ്വത്താണെന്ന കാഴ്ചപ്പാടോടെ, ഒരു കോട്ടവും തട്ടാതെ വരും തലമുറയ്ക്ക് കൈമാറാൻ ഇച്ഛാശക്തിയോടെ നടപ്പിലാക്കുന്ന സമഗ്ര മാലിന്യ പരിപാലന പരിപാടിയാണ് 'ഹൈജിയ – എന്റെ ഗ്രാമം ശുചിത്വ ഗ്രാമം' പദ്ധതി.

## ജനകീയ കൂട്ടായ്മയിലൂടെ ലക്ഷ്യ സാക്ഷാത്കാരത്തിലേക്ക്

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന തിരിച്ചറിവ് മീനങ്ങാടി ജനത കൂട്ടായി ഏറ്റെടുക്കുകയായിരുന്നു. മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഫലമായി വീടുകളിൽ നിന്ന് 3.99 ടൺ ജൈവമാലിന്യങ്ങളും 1.71 ടൺ അജൈവ മാലിന്യങ്ങളും വ്യാവസായിക മേഖലയിൽ നിന്നും 1.01 ടൺ അജൈവ മാലിന്യങ്ങളും ഉണ്ടാകുന്നുണ്ടെന്നാണ് കാർബൺ ന്യൂട്രൽ പദ്ധതിയുമായി നടത്തിയ മാലിന്യ ഓഡിറ്റ് കണ്ടെത്തിയത്. ഒരുവർഷം ഉണ്ടാകുന്ന 1822 ടൺ ജൈവലിന്യത്തിൽ 80 ശതമാനവും



വീടുകളിൽ നിന്നാണ്. ഇതിന്റെ പരിപാലനം ഗ്രാമപഞ്ചായത്ത് മുഖ്യ അജണ്ടയായി ഏറ്റെടുക്കുകയും വൈവിധ്യമാർന്ന മാലിന്യപരിപാലന പരിപാടികൾക്ക് രൂപം നൽകി നടപ്പിലാക്കുകയും ചെയ്തു.

ജൈവ-അജൈവ മാലിന്യങ്ങളുടെ സമഗ്ര പരിപാലനത്തിനായി 50 വീടുകൾക്ക് ഒരു ക്ലസ്റ്റർ എന്ന നിലയിൽ പഞ്ചായത്തിൽ ഇപ്പോൾ 228 ക്ലസ്റ്ററുകൾ പ്രവർത്തനത്തിലുണ്ട്. 11,400 വീടുകൾ ഇതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ശുചിത്വം ഉറപ്പുവരുത്താൻ വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. ഓരോ ക്ലസ്റ്ററിലും 11 അംഗങ്ങൾ ഉൾപ്പെടുന്ന ശുചിത്വ കമ്മിറ്റി രൂപീകരിച്ച് 2500 ൽ അധികം വളണ്ടീയർമാർ ശുചീകരണ രംഗത്ത് സജീവ സാന്നിദ്ധ്യമാണ്.

## ഹരിതകർമ്മ സേനയിലൂടെ ശോഭയേറുന്ന ഗ്രാമഭംഗി

19 വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് വീതം വനിതാ വോളണ്ടിയർമാരെ ഉൾപ്പെടുത്തി 38 വനിതകൾ അടങ്ങുന്ന ഹരിത കർമ്മസേന ശുചിത്വ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നു. എല്ലാ മാസവും ഒന്നാം തീയതി മുതൽ അഞ്ചാം തീയതി വ



പരിസ്ഥിതിക്ക് വില്ലനായി നിലകൊള്ളുന്ന പ്ലാസ്റ്റിക്കിനെ മെരുക്കി, പരുവപ്പെടുത്തി, ഉപ ഉത്പന്നമാക്കി മാറ്റാൻ ഷ്രെഡിങ് യൂണിറ്റ് സ്ഥാപിച്ചു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പൊടിച്ച്, ടാറിംഗിന് ഉപയോഗിച്ചുവരികയാണ്. ഇതുവരെ മൂന്നു ടൺ പ്ലാസ്റ്റിക് പൊടിക്കുകയും സാങ്കേതിക സഹായ സ്ഥാപനമായ ഐആർടിസിക്ക് കൈമാറുകയും ചെയ്യുന്നു. ഇതുവരെ പൊടിച്ച 105 കി.ഗ്രാം പ്ലാസ്റ്റിക് കൊണ്ട് 365 മീറ്റർ റോഡ് റീടാർ പ്രവൃത്തി നടത്തി. അതോടൊപ്പം പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിന് തുണിസഞ്ചി നിർമ്മാണ യൂണിറ്റും പഞ്ചായത്ത് കെട്ടിടത്തോട് ചേർന്ന് യാഥാർത്ഥ്യമാക്കി. ക്ലീൻ കേരള കമ്പനിയുടെ സഹായം പ്ലാസ്റ്റിക് സംസ്കരണത്തിന് ലഭ്യമായിട്ടുണ്ട്.



രെ കടകളിൽ നിന്നും 15-ാം തീയതി മുതൽ 25-ാം തീയതി വരെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. വീടുകൾക്ക് 30 രൂപ കടകൾക്ക് 100 രൂപ. സ്ഥാപനങ്ങൾക്ക് 500 മുതൽ 1000 രൂപ വരെയുമാണ് യൂസർ ഫീ. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇവർ വേർതിരിച്ച് ശേഖരിച്ച മാലിന്യങ്ങൾ സംസ്കരണ പ്ലാന്റിലെത്തിക്കുന്നു. ഇതിനായി വാഹന സംവിധാനവും പ്രത്യേകം ഒരുക്കിയിട്ടുണ്ട്. 2018 ജൂലൈ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ 19 വാർഡുകളിൽ നിന്നായി 333985 രൂപ യൂസർ ഫീ ഇനത്തിൽ ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിതകർമസേനയുടെ മൊത്തം ചെലവ് 550000 രൂപയാണ്. ഹരിതകർമസേനയ്ക്ക് പ്രതിമാസ വരുമാനമായി 3000 രൂപ നൽകിവരുന്നു.

## ശുചിത്വകാർഡ്

'എന്റെ ഗ്രാമം ശുചിത്വഗ്രാമം' എന്ന ലക്ഷ്യത്തോടെ ഓരോ വീട്ടിലും മാലിന്യ ശേഖരണത്തിന്റെ സമയക്രമവും ശേഖരണരീതിയും രേഖപ്പെടുത്തിയ കാർഡ് നൽകി. ഈ കാർഡ് ഓരോ കുടുംബത്തിന്റെയും ശുചിത്വ അവബോധത്തിന്റെ അളവുകോലായി മാറുകയാണ്.

## കേന്ദ്രീകൃത മാലിന്യ പരിപാലനത്തിനായി തുമ്പൂർമുഴി കമ്പോസ്റ്റ് സിസ്റ്റം

ഗ്രാമപഞ്ചായത്ത് പ്രത്യേകം സജ്ജമാക്കിയ മാലിന്യപരിപാലന കേന്ദ്രത്തിൽ, തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് പ്രവർത്തനക്ഷമമാണ്. പഞ്ചായത്തിന്റെ ട്രാക്ടർ ഉപയോഗിച്ച് ടൗണിൽ നിന്ന് ശേഖരിക്കുന്ന ജൈവ മാലിന്യം ഇവിടെ കമ്പോസ്റ്റാക്കി മാറ്റി, കർഷകർക്ക് ലഭ്യമാക്കിവരുന്നു.



## പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ്

പരിസ്ഥിതിക്ക് വില്ലനായി നിലകൊള്ളുന്ന പ്ലാസ്റ്റിക്കിനെ മെരുക്കി, പരുവപ്പെടുത്തി, ഉപ ഉത്പന്നമാക്കി മാറ്റാൻ ഷ്രെഡ്ഡിങ് യൂണിറ്റ് സ്ഥാപിച്ചു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പൊടിച്ച്, ടാറിംഗിന് ഉപയോഗിച്ച് വരികയാണ്. ഇതുവരെ മൂന്നു ടൺ പ്ലാസ്റ്റിക് പൊടിക്കുകയും സാങ്കേതിക സഹായ സ്ഥാപനമായ ഐആർടിസിക്ക് കൈമാറുകയും ചെയ്യുന്നു. ഇതുവരെ പൊടിച്ച 105 കി. ഗ്രാം പ്ലാസ്റ്റിക് കൊണ്ട് 365 മീറ്റർ റോഡ് റീടാർ പ്രവൃത്തി നടത്തി. അതോടൊപ്പം പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിന് തുണിസഞ്ചി നിർമ്മാണ യൂണിറ്റും





പഞ്ചായത്ത് കെട്ടിടത്തോട് ചേർന്ന് യാഥാർത്ഥ്യമാക്കി. ക്ലീൻ കേരള കമ്പനിയുടെ സഹായം പ്ലാസ്റ്റിക് സംസ്കരണത്തിന് ലഭ്യമായിട്ടുണ്ട്.

### എൽ.പി.ജി ശ്മശാനം

ജില്ലയിലെ ആദ്യത്തെ എൽ.പി.ജി ശ്മശാനം മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനോടകം 107 മൃതദേഹങ്ങൾ ദഹിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### സസ്കരണത്തിന് ഉറവിട പരിപാലന കേന്ദ്രം

മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിച്ച് പരിപാലിക്കാൻ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷന്റെ സഹകരണത്തോടെ വീടുകളിൽ ബയോഡൈജസ്റ്റീവ് പോട്ട് വിതരണം ചെയ്തു. ഈ മൺപാത്ര കമ്പോസ്റ്റിൽ നിന്നും ലഭിക്കുന്ന ജൈവ വളം ഉപയോഗിച്ച് ഇപ്പോൾ 'ഹരിതവീടുകൾ' യാഥാർത്ഥ്യമാവുകയാണ്. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ പഞ്ചായത്തുതലത്തിൽ ഓരോ വീട്ടിലും ജൈവ പച്ചക്കറിയും, ശുദ്ധജല ലഭ്യതയും ഉറപ്പാക്കിവരുന്നു.

### 'നടേപ്പ്' കമ്പോസ്റ്റ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ എല്ലാ വീടുകളിലും ജൈവമാലിന്യ പരിപാലനത്തിനായി 'നടേപ്പ്' കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചു. ഇതും കർഷകർക്ക് ഉപയോഗപ്രദമായി ജൈവ വളമായി മാറുകയാണ്. അങ്ങനെ വീട്ടിലെ മാലിന്യം പറമ്പിലെ വളമാകുന്ന പരിപാലന രീതി കർഷകർ ഏറ്റെടുത്തു കഴിഞ്ഞു. 130 കുടുംബങ്ങൾക്ക് മൺകൂട കമ്പോസ്റ്റിങ്ങും 1292 'നടേപ്പ്' കമ്പോസ്റ്റും സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും 100 പോർട്ടബിൾ ബിന്നുകളും വിതരണം ചെയ്തു.



### ഗ്രീൻ പ്രോട്ടോക്കോൾ

ആഘോഷങ്ങൾ ആഹ്ലാദകരമാകുമ്പോഴും മാലിന്യത്തെ മറക്കാൻ മീനങ്ങാടിയിലെ ജനത തയ്യാറല്ല. ആഘോഷവേളകൾ മാലിന്യവിമുക്തമാക്കാൻ ഗ്രാമപഞ്ചായത്ത് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി കഴിഞ്ഞു. ഗ്രാമപഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും ബയോബിന്നുകൾ സ്ഥാപിച്ചു. ശിക്ഷാനടപടികളിലൂടെ വിവിധ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം പിഴയായി 41500 രൂപ ഈടാക്കി. പ്ലാസ്റ്റിക്ക കത്തിച്ചതിനെതിരെ എട്ട് പേർക്കും, ഓടകളിൽ മാലിന്യമിട്ടതിന് ആറ് പേർക്കും. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിച്ചതിന് നാല്



പേർക്കെതിരെയും പിഴ ചുമത്തിയിട്ടുണ്ട്. പ്രകൃതി സൗഹൃദ ആഘോഷത്തിന് പ്രത്യേക പാരിതോഷികം നൽകി വിവാഹച്ചടങ്ങിനും മറ്റും അത്തരം രീതികൾ കൂടുതൽ കൂടുതൽ സ്വീകരിക്കപ്പെടുകയാണിവിടെ.

### പ്ലാസ്റ്റിക് നിയന്ത്രണ ബൈലോ

പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കാൻ ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതോടൊപ്പം പ്ലാസ്റ്റിക് നിയന്ത്രണ ബൈലോ തയ്യാറാക്കി പൊതുജന സമക്ഷംസമർപ്പിച്ചു.

### ഹരിത വിദ്യാലയം

നമ്മുടെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറാൻ, ഗ്രാമപഞ്ചായത്ത് ഇച്ഛാശക്തിയോടെ മുന്നേറുകയാണ്. AIM എന്ന വിദ്യാഭ്യാസ പദ്ധതിയിലൂടെ വിദ്യാലയങ്ങളിൽ മാലിന്യ പരിപാലനത്തിന്റെ നൂതന രീതികൾ പരിചയപ്പെടുത്തി 'ചൊട്ടയിലെ ശീലം ചുടല വരെ' എന്ന നാട്ടുചൊല്ലിനെ അർത്ഥവത്താക്കി കുട്ടികളിൽ ശുചിത്വ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ നമ്മുടെ വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളായി രൂപാന്തരപ്പെടുകയാണ്.

### ഉപസംഹാരം

മാലിന്യ സംസ്കരണമെന്നത് ഓരോ വ്യക്തിയുടെയും ജീവിതചര്യയായി മാറുമ്പോൾ മാത്രമേ സമഗ്രശുചിത്വ മാലിന്യം സാധ്യമാകുകയുള്ളു. ഹരിത കേരളം ശുചിത്വ ഉപമിഷന്റെ ഭാഗമായി ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എങ്കിലും ഇനിയുമേറെ കടമ്പകൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനായുള്ള പരിശ്രമത്തിലാണ് മീനങ്ങാടി ഗ്രാമപഞ്ചായത്ത്.





# ക്ലീൻ, ക്ലിയർ ആനാട്

തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജക മണ്ഡലത്തിൽപ്പെട്ട നെടുമങ്ങാട് ബ്ലോക്കിന്റെ ഭാഗമായ ആനാട് ഗ്രാമപഞ്ചായത്തിന് 24.15 ച.കി.മി. വിസ്തൃതിയുണ്ട്. ജനസംഖ്യ 31,687. 8,968 വീടുകളും 928 വ്യാപാര സ്ഥാപനങ്ങളും 1,140 സ്ഥാപനങ്ങളും ഉള്ള പഞ്ചായത്തിൽ ശരാശരി പ്രതിദിനം 3.95 ടൺ ജൈവമാലിന്യവും 0.65 ടൺ അജൈവ മാലിന്യവും ഉണ്ടാകുന്നു.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

ഗാർഹിക മാലിന്യ സംസ്കരണത്തിനായി 200 ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു. ജൈവമാലിന്യം സംസ്കരിച്ച് എട്ട് ടൺ മണ്ണിര കമ്പോസ്റ്റ് കിലോയ്ക്ക് 10 രൂപ നിരക്കിൽ ഇക്കോഷോപ്പ് വഴി വിപണനം നടത്തുകയും ലഭ്യമായ 80,000 രൂപ ഈ യൂണിറ്റിലെ തൊഴിലാളികൾക്ക് വേതനത്തിനും യൂണിറ്റിന്റെ പ്രവർത്തനത്തിനുമായി വിനിയോഗിക്കുകയും ചെയ്യുന്നു. പബ്ലിക് മാർക്കറ്റിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റും ഒൻപത് സ്കൂളുകളിലും പി.എച്ച്.സി.യിലും ആയുർവേദ ആശുപത്രിയിലും ബയോഗ്യാസ്പ്ലാന്റ്, ഏഴ് അംഗൻവാടിയിൽ പിറ്റ് കമ്പോസ്റ്റ് എന്നിവയും സ്ഥാപിച്ചു. ജൈവമാലിന്യം സംസ്കരിച്ച് ജൈവ വളം ഉല്പാദിപ്പിക്കുന്നതിനായി ആനാട്, ചുള്ളിമാനൂർ മാർക്കറ്റുകളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടക്കുന്നു തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി എല്ലാ വീടുകളിലും കമ്പോസ്റ്റ് പിറ്റും നിർമ്മിക്കുന്നു.



ഗാർഹിക മാലിന്യ സംസ്കരണ ത്തിനായി 200 ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു. ജൈവമാലിന്യം സംസ്കരിച്ച് എട്ട് ടൺ മണ്ണിര കമ്പോസ്റ്റ് കിലോക്ക് 10 രൂപ നിര ക്കിൽ ഇക്കോഷോപ്പ് വഴി വിപ ണനം നടത്തുകയും ലഭ്യമായ 80,000 രൂപ ഈ യൂണിറ്റിലെ തൊഴിലാളികൾക്ക് വേത നത്തിനും യൂണിറ്റിന്റെ പ്രവർത്ത നത്തിനുമായി വിനിയോഗി ക്കുകയും ചെയ്യുന്നു. പബ്ലിക് മാർക്കറ്റിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റും ഒൻപത് സ്കൂളുക ളിലും പി.എച്ച്.സി.യിലും ആയുർവേദ ആശുപത്രിയിലും ബയോഗ്യാസ്പ്ലാന്റ്, ഏഴ് അംഗൻവാടിയിൽ പിറ്റ് കമ്പോസ്റ്റ് എന്നിവയും സ്ഥാപിച്ചു. ജൈവ മാലിന്യം സംസ്കരിച്ച് ജൈവ വളം ഉല്പാദിപ്പിക്കുന്നതിനായി ആനാട്, ചുള്ളിമാനൂർ മാർക്കറ്റുക ളിൽ ജൈവ മാലിന്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടക്കുന്നു. തൊഴി ലുറപ്പു പദ്ധതിയിലുൾപ്പെടുത്തി എല്ലാ വീടുകളിലും കമ്പോസ്റ്റ് പിറ്റും നിർമ്മിക്കുന്നു.

38 ഹരിതകർമ്മ സേനാംഗങ്ങൾ വീടുക ളിൽ നിന്ന് 30 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 50 രൂപയും യൂസർഫീയായി വാങ്ങുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യ ങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. യൂസർഫീ ഇനത്തിൽ ആകെ 1,47,563 രൂപ വരുമാനമായി ലഭിക്കുന്നു. ഓരോ മാസവും ആറു ദിവസത്തെ പ്രവർത്തനത്തിന് 2500 രൂപ നിര ക്കിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് 95000 രൂപ വേതനമായും 4960 രൂപ വാഹന ചെല വിനായും വിനിയോഗിക്കുന്നു. 3500 കിലോ പ്ലാസ്റ്റിക് എം.സി.എഫിൽ ശേഖരിക്കുകയും തരംതിരിച്ച് നെടുമങ്ങാട് ബ്ലോക്കിലെ ആർ. ആർ.എഫിലേക്ക് കൈമാറുകയും ചെയ്തു. തുണിബാഗ്, പേപ്പർബാഗ് പോലുള്ള വസ്തു ക്കൾ കുടുംബശ്രീ വഴി നിർമ്മിക്കുക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഇലക്ട്രോണിക് ഉപ കരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള പരി ശീലനവും തുണിസഞ്ചി നിർമ്മാണ പരിശീ ലനവും നടത്തി. കുടുംബശ്രീയും എസ്.സി. ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ക്യാന്റീൻ, തൊഴിലുറപ്പു പദ്ധതിയുമായി സഹകരിച്ച് പാട്ട കൃഷി എന്നിവയിലൂടെ വരുമാനം ഉയർത്തു ന്നതിനും ശ്രമിക്കുന്നു.

### ഹരിത ചട്ടം

ഹരിത ചട്ടം പാലിക്കുന്നതിനായി എല്ലാ വാർഡിലും 100 സ്റ്റീൽപാത്രവും ഗ്ലാസും പഞ്ചായത്ത് വഴി നൽകുകയും അവിടെ നട ക്കുന്ന എല്ലാ പരിപാടികളിലും ഈ പാത്ര ങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു.

### ബോധവത്കരണ കാമ്പയിൻ

ബോധവത്കരണത്തിലൂടെ ജനങ്ങളെ ശാസ്ത്രീയമായ മാലിന്യ സംസ്കരണ പ്രവ ർത്തനങ്ങളിലേക്ക് കൊണ്ടുവരുകയും ബദൽ ഉല്പന്നമായ തുണിസഞ്ചി ഉപയോഗിക്കുന്ന തിനുള്ള പ്രേരണയുണ്ടാക്കുകയും പുനരുപ യോഗത്തിനായി സ്വാപ് ഷോപ്പുകൾ സംഘ ടിപ്പിക്കുകയും എല്ലാ കവലകളിലും മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം അറിയിച്ചു കൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.







## ഹരിത നിയമനടപടികൾ

കിള്ളിയാർ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ തള്ളുന്നവർക്കെതിരെയും പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരേയും നിയമ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പുള്ള മുന്നറിയിപ്പ് നോട്ടീസുകൾ നൽകുകയും മാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് 10 കേസുകൾ എടുക്കുകയും പിഴ ഈടാക്കുകയും ചെയ്തു.

## വെല്ലുവിളികൾ – പരിഹാരശ്രമങ്ങൾ

കൃത്യമായ മാലിന്യ ശേഖരണ-സംസ്കരണത്തിലൂടെയും നിയമ നടപടികളിലൂടെയും പഞ്ചായത്ത് പ്രദേശത്ത് മാലിന്യം വലിച്ചെറിയുന്നതും കുന്നുകൂടി കിടക്കുന്നതും ഒരു പരിധിവരെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. മാലിന്യം സംസ്കരിക്കാത്ത സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് പുതുക്കി നൽകുന്നില്ല. പൊതുജനങ്ങളുടേയും പഞ്ചായത്തിന്റേയും വ്യാപാരികളുടേയും സഹകരണത്തോടെ കാവൽ കണ്ണ് എന്ന പേരിൽ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും കിള്ളിയാറിന്റെ തീരങ്ങളിലും ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വീടുകളിലെ മലിനജലം കിള്ളിയാറുകളിലേക്കും ഉപതോടുകളിലേക്കും ഒഴുക്കിവിടുന്നതിനായി വീട്ടുകാർ സ്ഥാപിച്ച എല്ലാ പൈപ്പുകളും കണ്ടെത്തി അടയ്ക്കുവാനുള്ള പ്രവർത്തനങ്ങളും നടത്തി.



# വ്യത്യസ്ത പദ്ധതികളുമായി ആറ്റിങ്ങൽ നഗരസഭ

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലും ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലും ഉൾപ്പെട്ട ആറ്റിങ്ങൽ നഗരസഭയുടെ വിസ്തൃതി 16.87 ചതുരശ്ര കിലോമീറ്റർ ആണ്. 37382 ജനസംഖ്യയുള്ള ഇവിടെ വാസയോഗ്യമായ 13891 വീടുകളും 1813 വ്യാപാരസ്ഥാപനങ്ങളും 1316 മറ്റ് സ്ഥാപനങ്ങളും ആണുള്ളത്. പ്രതിദിനം 16 ടൺ ജൈവമാലിന്യവും 1.2 ടൺ അജൈവമാലിന്യവും ഉണ്ടാകുന്ന ഇവിടെ മുഴുവൻ മാലിന്യവും സംസ്കരിക്കുന്നതിനാവശ്യമായ മികച്ച സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ശുചിത്വ മാലിന്യ സംസ്കരണരംഗത്ത് എല്ലാ നഗരസഭകൾക്കും മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതിന് തുടർച്ചയായി 10 പ്രാവശ്യം ഏറ്റവും നല്ല ശുചിത്വ നഗരസഭയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയെടുക്കുവാൻ കഴിഞ്ഞു.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

മാലിന്യ പരിപാലനത്തിനാവശ്യമായ സംവിധാനങ്ങളുള്ള ചുരുക്കം നഗരസഭകളിലൊന്നാണ് ആറ്റിങ്ങൽ. മാലിന്യ സംസ്കരണത്തിന് 'ആറ്റിങ്ങൽ മോഡൽ' എന്ന നാമധേയത്തിലുള്ള പ്രവർത്തനത്തിൽ മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ബോധവത്കരണ പരിപാടികൾ നടത്തുകയും 460 ബയോഗ്യാസ് പ്ലാന്റുകളും, 700 കിച്ചൻ ബിന്നുകളും ഗാർഹിക മാലിന്യ സംസ്കരണത്തിനായി നൽകു



കയും ജൈവമാലിന്യ സംസ്കരണത്തിന് സൗകര്യമില്ലാത്ത വീടുകളിലെ മാലിന്യം ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ച് മാലിന്യ പ്ലാന്റിൽ എത്തിക്കുകയും ചെയ്യുന്നു. പ്രതിദിനം 2465 വീടുകളിലെയും 846 സ്ഥാപനങ്ങളിലേയും ജൈവമാലിന്യം മൂന്ന് യൂണിറ്റുകളിലായി ശേഖരിക്കുന്നു. കൂടാതെ വീടുകൾ, ഹോട്ടലുകൾ, ആഡിറ്റോറിയങ്ങൾ, ഫ്ളാറ്റുകൾ എന്നിവയിൽ ബയോഗ്യാസ് പ്ലാന്റ് ഉൾപ്പടെയുള്ളവ സ്വന്തമായി സ്ഥാപിച്ചിട്ടുണ്ട്. നഗരസഭ 4.39 ഏക്കർ സ്ഥലത്താണ് ജൈവ-അജൈവമാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കിയിട്ടുള്ളത് ഇവിടെ പ്രതിദിനം 15 ടൺ സംസ്കരണശേഷിയുള്ള വിൻഡ്രോ കമ്പോസ്റ്റിങ്, ഒരു ടണ്ണിന്റെ വെർമി കമ്പോസ്റ്റിങ്, മാലിന്യ സംസ്കരണ പ്ലാന്റിലെ ലീച്ചേറ്റ് കൈകാര്യം ചെയ്യുന്നതിനായി ബയോമെത്തനേഷൻ യൂണിറ്റും പ്രവർത്തിക്കുന്നു.

ജൈവ മാലിന്യ സംസ്കരണ പ്ലാന്റിൽ പ്രതിമാസം 400 ടൺ മുതൽ 460 ടൺവരെ ജൈവ മാലിന്യം സംസ്ക്കരിക്കുകയും പ്ലാന്റിൽ പ്രതിദിനം 1.5 ടൺ മുതൽ 2.5 ടൺ വരെ ജൈവ വളം ഉല്പാദിപ്പിച്ച് വളരെ കുറഞ്ഞ അളവിൽ ഈ ജൈവ വളം കിലോ നാല് രൂപയ്ക്കും കൃഷിഭവൻ വഴി മൂന്നു രൂപയ്ക്കും വെർമി കമ്പോസ്റ്റ് 10 രൂപയ്ക്കും വിപണനം നടത്തുകയും ബാക്കിയുള്ളത് പ്രാദേശിക കർഷകർക്ക് നൽകുകയും ചെയ്യുന്നു. ജൈവ വളത്തിന്റെ വിപണനം കാര്യക്ഷമമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകേണ്ടത് അനിവാര്യമാണ്. കുട്ടികളിൽ ശുചിത്വബോധം വളർത്തുന്നതിനായി സ്കൂളുകൾ, ഐ.റ്റി.ഐ, കോളേജുകൾ എന്നിവയിലുമായി ആറ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അറവുശാലയോട് ചേർന്നുള്ള രണ്ട് ബയോഗ്യാസ് പ്ലാന്റുകളിൽ ദിനംപ്രതി 1000 കിലോഗ്രാം അറവ് മാ












ലിന്യം സംസ്കരിക്കുന്നതിനും ഇതിന്റെ സ്ലറി ശേഖരിച്ച് പ്രാദേശിക കർഷകർക്ക് നൽകുന്നതിനും കഴിയുന്നു. നാല് തുമ്പൂർമൂഴിയും പ്രവർത്തിക്കുന്നു.

ആലംകോട് മത്സ്യമൊത്തക്കച്ചവട മാർക്കറ്റിൽ രണ്ട് ബയോഗ്യാസ് പ്ലാന്റും മലിനജലം സംസ്കരിക്കുന്നതിനായി മലിനജല ശുദ്ധീകരണ പ്ലാന്റും പ്രവർത്തിക്കുന്നു. കൃഷിക്ക് ഉപയോഗിക്കത്തക്ക ഗുണനിലവാരത്തോട്കൂടിയ ജലം താഴ്ന്ന പ്രദേശത്തെ കൃഷിയിടങ്ങളിലേക്ക് ഒഴുക്കി വിടുന്നു.

ജൈവമാലിന്യ സംസ്കരണ രംഗത്തെ ഒരു നൂതന ആശയമാണ് തലമുടിയിൽ നിന്ന് കെമിക്കൽ ഉപയോഗിച്ച് ചെടികൾക്കുള്ള ടോണിക്ക് നിർമ്മിക്കുന്നതിനായി ആരംഭിച്ച ഹ്യൂമൻ ഹെയർ കൺവെർട്ടിംഗ് യൂണിറ്റ്. ഇത് ഒരു പൈലറ്റ് പ്രോജക്ടായാണ് ഇപ്പോൾ നടക്കുന്നത്. പ്രതിദിനം 50 കിലോ മുതൽ 100 കിലോ വരെ മുടി സംസ്കരിക്കാം. ഇലയിൽ തളിക്കുന്നതിനായി ദ്രവരൂപത്തിലുള്ള ഈ ടോണിക് ജൈവവളമായും ജൈവകീടനാശിനിയായും ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ്. മൂന്ന് ലിറ്റർ ലായനി ഉപയോഗിച്ച് ഒരേക്കർ സ്ഥലത്തെ കൃഷിയ്ക്ക് ഒരു തവണ വളപ്രയോഗം നടത്താം. സർക്കാർ സബ്സിഡികൂടി ലഭ്യമായാൽ ഒരു ലിറ്റർ ലായനി 35 രൂപയ്ക്ക് നൽകാനും കഴിയും. ഇതിന്റെ പ്രവർത്തനം പൂർണ്ണമായി നടപ്പാക്കിയാൽ വളരെക്കാലം മണ്ണിനടിയിൽപോലും വിഘടിക്കാതെ യഥാസ്ഥിതിയിൽ തുടരുന്ന മുടിയുടെ സംസ്കരണം എളുപ്പമാക്കുന്നതിനും മാലിന്യസംസ്കരണ രംഗത്തെ മറ്റൊരു മികച്ച നേട്ടമാക്കി മാറ്റാനും കഴിയും.

ജൈവമാലിന്യ സംസ്കരണ രംഗത്തെ ഒരു നൂതന ആശയമാണ് തലമുടിയിൽ നിന്ന് കെമിക്കൽ ഉപയോഗിച്ച് ചെടികൾക്കുള്ള ടോണിക്ക് നിർമ്മിക്കുന്നതിനായി ആരംഭിച്ച ഹ്യൂമൻ ഹെയർ കൺവെർട്ടിംഗ് യൂണിറ്റ്. ഇത് ഒരു പൈലറ്റ് പ്രോജക്ടായിട്ടാണ് ഇപ്പോൾ നടക്കുന്നത്. പ്രതിദിനം 50 കിലോ മുതൽ 100 കിലോ വരെ മുടി സംസ്കരിക്കാം. ഇലയിൽ തളിക്കുന്നതിനായി ദ്രവരൂപത്തിലുള്ള ഈ ടോണിക് ജൈവവളമായും ജൈവകീടനാശിനിയായും ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ്. മൂന്ന് ലിറ്റർ ലായനി ഉപയോഗിച്ച് ഒരേക്കർ സ്ഥലത്തെ കൃഷിക്ക് ഒരു തവണ വളപ്രയോഗം നടത്താം. സർക്കാർ സബ്സിഡികൂടി ലഭ്യമായാൽ ഒരു ലിറ്റർ ലായനി 35 രൂപയ്ക്ക് നൽകാനും കഴിയും. ഇതിന്റെ പ്രവർത്തനം പൂർണ്ണമായി നടപ്പാക്കിയാൽ വളരെക്കാലം മണ്ണിനടിയിൽപോലും വിഘടിക്കാതെ യഥാസ്ഥിതിയിൽ തുടരുന്ന മുടിയുടെ സംസ്കരണം എളുപ്പമാക്കുന്നതിനും മാലിന്യ സംസ്കരണ രംഗത്തെ മറ്റൊരു മികച്ച നേട്ടമാക്കി മാറ്റാനും കഴിയും.



സേനാ അംഗങ്ങൾക്കായി 4,20,000 രൂപ ഹോണറേറിയവും 50000 രൂപ വാഹന ചെലവിനായും വിനിയോഗിക്കുന്നു. ആർ.ആർ.എഫിൽ നിന്ന് ലഭിക്കുന്ന വരുമാനവും ഹരിത കർമ്മസേന ശേഖരിക്കുന്ന യൂസർഫീയും ഉപയോഗിച്ച് ഹരിതകർമ്മ സേനയുടെയും ആർ.ആർ.എഫിന്റേയും എല്ലാ ചെലവുകളും കഴിഞ്ഞ് 50000 മുതൽ 80000 രൂപവരെ പ്രതിമാസം അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.

അജൈവ മാലിന്യ സംസ്കരണത്തിനായി ആർ.ആർ.എഫ്., പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. 2000 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത് പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത അജൈവ മാലിന്യത്തെ സാനിട്ടറി ലാന്റ് ഫില്ലിങ്ങിന് ഉപയോഗിക്കുന്നു.

ഹെൽത്ത് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 47 കൺടിജന്റ് ജീവനക്കാരും 44 ഹരിതകർമ്മ സേനാംഗങ്ങളുമാണ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഹരിതകർമ്മസേന വോളണ്ടിയർമാർ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും എല്ലാതരം അജൈവമാലിന്യങ്ങളും ശേഖരിക്കുന്നു. പ്ലാസ്റ്റിക്, ഇലക്ട്രോണിക് വേസ്റ്റ്, ഹസാഡസ് വേസ്റ്റ്, ചെരുപ്പുകൾ, ബാഗുകൾ എന്നിവ പ്രത്യേകം ശേഖരിച്ച് ആർ.ആർ.എഫിൽ എത്തിച്ച് പ്രത്യേകം സൂക്ഷിക്കുന്നു. 40 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും പുനഃചംക്രമണം ചെയ്യാവുന്നവ പാഴ്വസ്തു വ്യാപാരികൾക്ക് നൽകുകയും ചെയ്യുന്നു. റോഡ് ടാറിംഗിനായി 3.3 ടൺ നഗരസഭ ഉപയോഗിക്കുകയും കിലോക്ക് 15 രൂപ നിരക്കിൽ ആവശ്യക്കാർക്ക് നൽകുകയും ചെയ്യുന്നു.

8632 വീടുകളും 846 വ്യാപാര സ്ഥാപനങ്ങളുമാണ് ജൈവ-അജൈവ മാലിന്യം നൽകുന്നത്. യൂസർഫീയായി ഒരോ മാസവും വീടുകളിൽ നിന്നും 50 മുതൽ 200 രൂപവരെയും സ്ഥാപനങ്ങളിൽ നിന്നും 300 മുതൽ 5000 രൂപ വരെയും വാങ്ങുന്നുണ്ട്. പ്രതിമാസം 9000 രൂപ മുതൽ 15000 രൂപ വരെ 44 ഹരിതകർമ്മ

## ഹരിതചട്ട പരിപാലനം

ഹരിതചട്ടം നടപ്പിലാക്കുന്നതിനായി 2016 -ലെ പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യൽ ചട്ടം അനുശാസിക്കുന്ന പ്രകാരം ബൈലോ തയ്യാറാക്കി പ്ലാസ്റ്റിക് നിരോധനം നടപ്പാക്കുന്നതിന് സ്ഥാപന അധികാരികളുടെ യോഗങ്ങൾ സ്ഥിരമായി ചേരുന്നു. ചെയർമാൻ, കൗൺസിലർമാർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ഓഫീസുകളും സന്ദർശിച്ച് ബോധവത്കരണവും നടത്തുകയും എല്ലാ പൊതുപരിപാടികളിലും ഹരിതപെരുമാറ്റച്ചട്ടം നിർബ്ബന്ധമാക്കുകയും ഇത് പരിശോധിക്കുന്നതിന് നഗരസഭയുടെ ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ചുമതല നൽകുകയും ചെയ്തു. നഗരസഭയ്ക്ക് വിട്ടുകിട്ടിയ 42 സ്ഥാപനങ്ങളിലും ഹരിത നിർദ്ദേശങ്ങളുള്ള ബോർഡുകൾ സ്ഥാപിക്കുകയും എല്ലാ ഓഫീസുകളിലും ഹരിതചട്ടം പാലിക്കുകയും ചെയ്യുന്നു.





## ഹരിത നിയമ നടപടികൾ

നിയമനടപടികളുടെ ഭാഗമായി മാലിന്യം വലിച്ചെറിയുകയും കത്തിക്കുകയും ചെയ്ത 80 കേസുകൾക്കായി 2 ലക്ഷം രൂപ പിഴ ഈടാക്കുകയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഹെൽത്ത് സ്ക്വാഡ് നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുത്ത് പിഴ ഈടാക്കുകയും ചെയ്യുന്നു. നദികളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കണ്ടെത്തി ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനായി സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ചു.

## വെല്ലുവിളികൾ പരിഹാരശ്രമങ്ങൾ

ബോധവത്കരണവും ഹെൽത്ത് സ്ക്വാഡിന്റെയും നിരീക്ഷണ ക്യാമറകളുടെയും നിരന്തരമുള്ള നിരീക്ഷണവും മോണിറ്ററിംഗും പിഴ ഈടാക്കലും എല്ലാം പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണതയും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും കുറയ്ക്കാൻ സഹായിച്ചു. ഇവിടെ ഉണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങൾ കൃത്യമായി ശേഖരിച്ച് അതാതു ദിവസം തന്നെ സംസ്കരിക്കുന്ന തരത്തിലുള്ള ആറ്റിങ്ങൽ മോഡൽ സംവിധാനം നടപ്പാക്കികൊണ്ട് ആറ്റിങ്ങൽ നഗരസഭയുടെ മാലിന്യ സംസ്കരണം വ്യത്യസ്ത മാതൃകയായി മാറുകയാണ്.

നഗരസഭയെ വിദ്യാർത്ഥികളിലൂടെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് അവനവൻചേരി ജി.എച്ച്.എസിലെ വിദ്യാർത്ഥികൾ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം എന്ന പദ്ധതി നടപ്പാക്കുന്നു. സ്റ്റുഡന്റ് പൊലീസ് കേഡറ്റും പരിസ്ഥിതി ക്ലബ്ബും സംയുക്തമായി പ്രത്യാശ എന്ന പരിപാടിയും സ്കൂൾ പരിസരത്തെ റസിഡൻസ് അസോസിയേഷനും പൗരസമിതിയുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. ഇങ്ങനെ ശേഖരിച്ച 150 ചാക്ക് പ്ലാസ്റ്റിക് മാലിന്യം റീസൈക്ലിംഗ് യൂണിറ്റിലേക്ക് നൽകി. കുട്ടികൾ എഴുതി ഉപേക്ഷിച്ച 7500 പ്ലാസ്റ്റിക് പേനകൾ പെൻഡ്രൈവ് എന്ന പരിപാടിയിലൂടെ ശേഖരിച്ചു.

ആറ്റിങ്ങൽ ജി.എം.ബി.എച്ച്.എസ്.എസിലെ ഹയർസെക്കൻഡറി വിഭാഗത്തിലെ എൻ.എസ്.എസ്. യൂണിറ്റ് എന്റെ പ്ലാസ്റ്റിക് രഹിത ഗ്രാമം എന്ന പരിപാടിയിലൂടെ പ്ലാസ്റ്റിക് ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായ ബോധവത്ക്കരണം നഗരസഭയുടെ സഹായത്തോടെ സംഘടിപ്പിച്ചു. ഒരു ചെറുപ്രദേശത്ത് നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി മാത്രം ഒരു മിനിലോറി പ്ലാസ്റ്റിക് ക്യാരിബാഗുകൾ ശേഖരിച്ച് കൈമാറിയതിലൂടെ ഇത്രയധികം പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്താനും അതുവഴി അവരുടെ മനോഭാവത്തിൽ മാറ്റം വരുത്താനും കഴിഞ്ഞു.





# പ്രതിസന്ധികൾ തരണം ചെയ്ത് ചെമ്മരുതി

തിരുവനന്തപുരം ജില്ലയിൽ വർക്കല നിയോജക മണ്ഡലത്തിലെ വർക്കല താലൂക്കിലും വർക്കല ബ്ലോക്കിലും ഉൾപ്പെട്ട 17.54 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 32444 ആണ്. 12597 വീടുകളും 29 സ്ഥാപനങ്ങളും 862 വ്യാപാരസ്ഥാപനങ്ങളും ഉള്ള ഇവിടെ പ്രതിദിനം 2.94 ടൺ ജൈവ മാലിന്യവും അജൈവ മാലിന്യവും 1.96 ടൺ അജൈവ മാലിന്യവും ഉണ്ടാകുന്നു.

## മാലിന്യസംസ്കരണ മേഖലയിലെ ഇടപെടൽ

ഗാർഹിക മാലിന്യ സംസ്കരണത്തിനായി 300 കമ്പോസ്റ്റ് പിറ്റുകളും മൂന്ന് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

അജൈവ മാലിന്യ സംസ്കരണത്തിനായി 2018 ജനുവരിയിൽ 10 പേരടങ്ങുന്ന ഹരിതകർമ്മ സേന രൂപീകരിക്കുകയും ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വീടുകളെയും വ്യാപാര സ്ഥാപനങ്ങളെയും സർവ്വേയുടെ ഭാഗമാക്കുകയും ചെയ്തു. 4275 വീടുകളിൽ നിന്നും 525 സ്ഥാപനങ്ങളിൽ നിന്നുമാണ് ശേഖരണം നടക്കുന്നത്. വീടുകളിൽ നിന്നും യൂസർഫീയിനത്തിൽ പ്രതിമാസം 30 രൂപയും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 60 രൂപയുമാണ് ഈടാക്കുന്നത്. 2019 ഫെബ്രുവരി മാസം മുതൽ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 17 ആയി. അതോടുകൂടി സേനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കൃത്യതയും വേഗതയും കൈവന്നു. പ്രതിമാസം 4000 രൂപയായിരുന്ന വേതനം



6000 രൂപയിലേക്കുയർത്തി. അതോടെ ഒരു മാസം 102000 രൂപ പ്രതിമാസ വേതനത്തിനും സംഭരിച്ച അജൈവ മാലിന്യങ്ങൾ വാർഡു കേന്ദ്രങ്ങളിൽ നിന്നും എം.സി.എഫിൽ എത്തിക്കുന്നതിന് പ്രതിമാസം 15000 രൂപ വണ്ടി വാടകയിനത്തിലും കണ്ടെത്തേണ്ടി വന്നു. യൂസർഫീ ഇനത്തിൽ 7,43,475 രൂപ ലഭിച്ചിരുന്നു. ഇതിൽനിന്നും ഏഴ് ലക്ഷം രൂപയും ചേർത്ത് പ്ലാൻ ഫണ്ടിൽ നിന്നും 5,16,000 രൂപയും ആകെ 12,16,000 രൂപയും ഹരിതകർമ്മ സേനയുടെ വേതനം, വണ്ടി വാടക മറ്റു ചെലവുകൾ എന്നീ ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. 2018 ജൂൺ മാസം ആറാം തീയതി തോക്കാട് ആസ്ഥാനമായി എല്ലാ സജ്ജീകരണങ്ങളോടുംകൂടി എം.സി.എഫ് പ്രവർത്തനം ആരംഭിച്ചു. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംഭരിക്കുന്നതിനും വൃത്തിയാക്കി സൂക്ഷിക്കുന്നതിനുമുള്ള സൗകര്യം എം.സി. എഫിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പാഴ്‌വസ്തു വ്യാപാരികൾക്ക് നൽകുന്നു.



### ഹരിതചട്ടം

ഹരിതചട്ടം 12 സ്ഥാപനങ്ങളിൽ നടപ്പാക്കുകയും എല്ലാ പൊതു പരിപാടികളിലും എഴുപത് വിവാഹ ചടങ്ങുകളിലും ഹരിതചട്ടം പാലിക്കാൻ കഴിഞ്ഞതും നേട്ടമാണ്.

### ഹരിത നിയമ നടപടികൾ

ഹരിത നിയമ പരിശീലനം പഞ്ചായത്തിലെ പാലച്ചിറ വാർഡിൽ 35 പേരുടെ പങ്കാളിത്തത്തോടെ നടന്നു. മറ്റു വാർഡുകളിലെ പരിശീലനം നടത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

അജൈവ മാലിന്യ സംസ്കരണത്തിനായി 2018 ജനുവരിയിൽ 10 പേരടങ്ങുന്ന ഹരിതകർമ്മ സേന രൂപീകരിക്കുകയും ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വീടുകളെയും വ്യാപാര സ്ഥാപനങ്ങളെയും സർവ്വേയുടെ ഭാഗമാക്കുകയും ചെയ്തു. 4275 വീടുകളിൽ നിന്നും 525 സ്ഥാപനങ്ങളിൽ നിന്നുമാണ് ശേഖരണം നടക്കുന്നത്. വീടുകളിൽ നിന്നും യൂസർഫീയിനത്തിൽ പ്രതിമാസം 30 രൂപയും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 60 രൂപയുമാണ് ഈടാക്കുന്നത്. 2019 ഫെബ്രുവരി മാസം മുതൽ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 17 ആയി. അതോടുകൂടി സേനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കൃത്യതയും വേഗതയും കൈവന്നു. പ്രതിമാസം 4000 രൂപയായിരുന്ന വേതനം 6000 രൂപയിലേക്കുയർത്തി.

## ഹരിതകർമ്മ സേന കഫ്റ്റേരിയ



ഹരിതകർമ്മ സേനയുടെ പ്രവർത്തനമേഖല വിപുലീകരിച്ച് ഒരു സുസ്ഥിര വരുമാനം സേനാംഗങ്ങൾക്ക് ലഭ്യമാക്കണമെന്നുള്ള പഞ്ചായത്ത് ഭരണസമിതിയുടെ വീക്ഷണഫലമായി സേനാംഗങ്ങൾക്ക് ഒരു സ്വയം തൊഴിൽ സംരംഭം എന്ന ആശയത്തിന് രൂപം നൽകി. അതിൽപ്രകാരം 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഹരിതകർമ്മ സേനയ്ക്ക് ചെമ്മരുതി കുടുംബാരോഗ്യകേന്ദ്രം കോമ്പൗണ്ടിനുള്ളിൽ ഒരു കഫറ്റേരിയ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി.

കേരളാ ഗ്രാമീൺ ബാങ്കിന്റെ നടയറ ശാഖയുമായി സഹകരിച്ച് 4 ലക്ഷം രൂപ വായ്പ ലഭ്യമാക്കുകയും പദ്ധതിയ്ക്കായ് 3 ലക്ഷം രൂപ വായ്പയായി അനുവദിക്കുകയും ചെയ്തു. തുടർന്ന് ചെമ്മരുതി കുടുംബാരോഗ്യകേന്ദ്രം കോമ്പൗണ്ടിനുള്ളിൽ മനോഹരമായ ഒരു കഫറ്റേരിയ നിർമ്മിച്ച് 2019 സെപ്തംബർ 25 പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞത് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിൽ ഒരു നാഴികക്കല്ലായി മാറി. പൂർണ്ണമായും ഹരിതചട്ടം പാലിച്ചുകൊണ്ടാണ് കഫറ്റേരിയ പ്രവർത്തനം പുരോഗമിക്കുന്നത്. ചുരുങ്ങിയ നാളുകൾ കൊണ്ടുതന്നെ വൃത്തിയുള്ളതും ആരോഗ്യദായകവുമായ ഭക്ഷണം നൽകികൊണ്ട് ഹരിതകർമ്മ സേന കഫറ്റേരിയ ജനഹൃദയങ്ങളിൽ ഇടം പിടിച്ചുകഴിഞ്ഞു. പതിനേഴ് കുടുംബങ്ങൾക്ക് സ്ഥിരവരുമാനം നൽകാൻ കഴിഞ്ഞതും അഭിമാനകരമായ നേട്ടമാണ്.

ഭാവിയിൽ നേരിടേണ്ടി വരുന്ന വെല്ലുവിളികളെകൂടി കണക്കിലെടുത്ത് മുന്നേറുന്നതിനുള്ള ആർജ്ജവവും കരുത്തും ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മ സേനയ്ക്കുണ്ട്.

## വെല്ലുവിളികൾ പരിഹാരശ്രമങ്ങൾ

മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും സൂക്ഷിക്കുന്നതിനും അന്നുവരെ ശീലിച്ചിട്ടില്ലാതിരുന്ന ഒരു വലിയ വിഭാഗത്തെ പദ്ധതിയുടെ ഭാഗമാക്കി കൊണ്ടുവരുന്നതിന് തടസ്സങ്ങൾ ഏറെയായിരുന്നു. പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ആദ്യകാലങ്ങളിലുണ്ടായിരുന്ന നിസ്സഹകരണം പരിശീനത്തിലൂടെ സിദ്ധിച്ച മികവുകൊണ്ട് മറികടക്കാൻ സേനാംഗങ്ങൾക്ക് കഴിഞ്ഞു. ബോധവത്കരണവും ഹരിതകർമ്മ സേനയുടെ പ്രവർത്തനവും പഞ്ചായത്തിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ മികച്ചതാക്കി.



# ക്ലീൻ, ഗ്രീൻ കരകുളം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നിയമസഭാമണ്ഡലത്തിൽ തിരുവനന്തപുരം നഗരസഭയ്ക്കും നെടുമങ്ങാട് മുനിസിപ്പാലിറ്റിക്കും ഇടയിൽ നെടുമങ്ങാട് ബ്ലോക്ക് പരിധിയിലാണ് 1953 –ൽ രൂപീകൃതമായ 25.2 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 52418 ജനസംഖ്യയുമുള്ള കരകുളം ഗ്രാമപഞ്ചായത്ത്. ഇവിടെയുള്ള 21132 വീടുകളിൽ ആൾത്താമസം ഉള്ള 19978 വീടുകളും 875 കടകളും 1085 സ്ഥാപനങ്ങളും രണ്ട് ഓഡിറ്റോറിയങ്ങളും ഉണ്ട്. പ്രതിദിനം ഏഴ് ടൺ ജൈവമാലിന്യവും ഒരു ടൺ അജൈവ മാലിന്യവുമാണ് ഇവിടെ രൂപപ്പെടുന്നത്.

കരകുളം ഗ്രാമപഞ്ചായത്തിലെ വർദ്ധിച്ച ജനസാന്ദ്രത, നഗരവത്കരണം, നഷ്ട്ടപ്പെടുന്ന ഹരിതാഭം പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗം, വീടുകളുടേയും വ്യാപാര സ്ഥാപനങ്ങളുടേയും വർദ്ധന ഇവയെല്ലാം മാലിന്യം കൂടുന്നതിന് കാരണമായി. മാലിന്യ പ്രശ്നത്തിന് അടിയന്തിര പ്രാധാന്യം നൽകി ഘട്ടംഘട്ടമായി ഇത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 'ക്ലീൻ കരകുളം ഗ്രീൻ കരകുളം' എന്ന മുദ്രാവാക്യം ഉയർത്തി പ്രവർത്തനങ്ങൾ ആരംഭിച്ചു.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

ഉറവിട മാലിന്യസംസ്കരണശീലം ജനങ്ങളിൽ എത്തിക്കുന്നതിന് 150 ബയോഗ്യാസ് പ്ലാന്റ്, 1200 റിംഗ് കമ്പോസ്റ്റ്, 1000 ബയോബിൻ, 2268 കമ്പോസ്ററ് പിറ്റുകളും മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് എന്നിവ നൽകുകയും ഗ്രാമസഭകൾ വിളിച്ചു ചേർ



വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ച് കടകളിൽ തുണി സഞ്ചികൾ നിർബന്ധമാക്കുകയും വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു. വ്യാപാര സമിതികളുടെ നേതൃത്വത്തിലും കുടുംബശ്രീ വഴിയും പഞ്ചായത്ത് ഗ്രാന്റ് ഉപയോഗിച്ചു കൊണ്ട് വനിതകളുടെ സ്വയം സംരഭപ്രവർത്തനത്തിന്റെ ഭാഗമായും തുണി സഞ്ചി യൂണിറ്റുകൾ ആരംഭിച്ചു. കുടുംബശ്രീ യൂണിറ്റുകൾ ഗ്രീൻ പ്രോട്ടോക്കോൾ അജണ്ടയായി ഉൾപ്പെടുത്തി കമ്മറ്റികൾ നടത്തുന്നു.

2018-ൽ ഗ്രീൻപ്രോട്ടോക്കോൾ പഞ്ചായത്തായി പ്രഖ്യാപിക്കുകയും എല്ലാ ഘടക സ്ഥാപനങ്ങളിലും നടപ്പാക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിലും ഗ്രീൻ പോലീസിനെ നിയമിച്ച് പഞ്ചായത്ത്തല ഗ്രീൻ വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് മൂന്ന് മാസത്തിലൊരിക്കൽ കമ്മിറ്റി കൂടുന്നു. ശുചിത്വ സന്ദേശങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് സ്കൂൾ വിദ്യാർത്ഥികളുടെ ലഘു നാടകങ്ങൾ സ്കൂളുകളിലും, കവലകളിലും അവതരിപ്പിച്ചുരുന്നു.

ത്ത് ബോധവത്കരണം നടത്തുകയും 1000 ച.മീറ്ററിൽ കൂടുതൽ വലിപ്പമുള്ള വീടുവയ്ക്കുന്നവർക്ക് ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനവും മഴവെള്ള സംഭരണിയും നിർബന്ധമാക്കുകയും ചെയ്തു. ലൈഫ് ഭവന പദ്ധതിയുടെ ആദ്യഘട്ടമായ 244 വീടുകളിലും കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചു. 4000 വീടുകളിലും 450 സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പാക്കിവരുന്നു.

പഞ്ചായത്തിലെ കരകുളം പൊതു മാർക്കറ്റ് ഹരിതമാർക്കറ്റായി പ്രവർത്തിക്കുന്നു. മാർക്കറ്റിലെയും ഹോട്ടലുകളിലെയും ജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന അംഗങ്ങൾ വാഹനങ്ങളിൽ ശേഖരിച്ച് കൊണ്ടുവന്ന് തുമ്പൂർമൂഴി മാതൃക കമ്പോസ്റ്റിങ് വിധത്തിൽ സംസ്കരിക്കുന്നു. നാല് തുമ്പൂർമൂഴി യൂണിറ്റിൽ നിന്നും രണ്ടു മാസത്തിലൊരിക്കൽ 2000 കിലോ ജൈവവളം ഉൽപ്പാദിപ്പിക്കുകയും ഈ ജൈവവളം കിലോയ്ക്ക് 5 രൂപ നിരക്കിൽ വിപണനം നടത്തുകയും ചെയ്യുന്നു. ഈ തുക ഇതിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. രണ്ട് സ്കൂളുകളിൽ ബയോഗ്യാസ്, നാല് അംഗൻവാടികൾ രണ്ട് സ്വകാര്യ ആശുപത്രി, ആഡിറ്റോറിയം എന്നിവയിൽ പിറ്റ് കമ്പോസ്റ്റ് സംവിധാനവു ഒരുക്കിയിട്ടുണ്ട്. ഇതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ മറ്റൊരു മാർക്കറ്റായ കല്ലയം മാർക്കറ്റിൽ തുമ്പൂർമൂഴി യൂണിറ്റിന്റെ നിർമ്മാണവും പൂർത്തിയായി.



തുമ്പൂർമൂഴി



ബയോബിൻ



ബയോഗ്യാസ് പ്ലാന്റ്

അജൈവ മാലിന്യ സംസ്കരണ രംഗത്ത് 46 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു. വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന 10 മിനി എം.സി.എഫുകളിൽ ശേഖരിക്കുന്ന അജൈവമാലിന്യം ഹരിത കർമ്മസേനയുടെ വാഹനത്തിൽ കല്ലയം മാർക്കറ്റിൽ സ്ഥിതിചെയ്യുന്ന മെയിൻ എം.സി.എഫിലും അവിടെ നിന്നും തരംതിരിച്ച 70 ടൺ പ്ളാസ്റ്റിക് നെടുമങ്ങാട് ബ്ലോക്കിലെ ആർ.ആർ.എഫിലുമെത്തിക്കുന്നു. തുടർന്ന് ഈ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് റോഡ് ടാറിങ്ങിനായി ഉപയോഗിക്കുന്നു. ഇതുവരെയായി ഇത്തരത്തിൽ 2100 കിലോ പ്ലാസ്റ്റിക് ടാറിങ്ങിന് ഉപയോഗിച്ചു. യൂസർ ഫീയായി വീടുകളിൽനിന്ന് 60 രൂപയും കടകളിൽ നിന്ന് 100 രൂപയും ഈടാക്കുന്നു. പ്രതിമാസം 4200 വീടുകളിൽനിന്നും 246 സ്ഥാപനങ്ങളിൽനിന്നും യൂസർഫീയായി 2,75,000 രൂപ ലഭിക്കുന്നതിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് 5000 രൂപ നിരക്കിൽ 230000 രൂപയും വാഹന ചെലവ് ഇനത്തിൽ 20,000 രൂപയും ചെലവാകുന്നു.









ഹരിതകർമ്മസേന അംഗങ്ങൾ എം.സി.എഫിലെത്തിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിക്കുന്നു.

## ഹരിത ചട്ടം

വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ച് കടകളിൽ തുണി സഞ്ചികൾ നിർബന്ധമാക്കുകയും വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു. വ്യാപാര സമിതികളുടെ നേതൃത്വത്തിലും കുടുംബശ്രീ വഴിയും പഞ്ചായത്ത് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ട് വനിതകളുടെ സ്വയം സംരഭപ്രവർത്തനത്തിന്റെ ഭാഗമായും തുണി സഞ്ചി യൂണിറ്റുകൾ ആരംഭിച്ചു. തൊഴിലുറപ്പു പണിയിടങ്ങളിലുൾപ്പടെ എല്ലായിടത്തും തുണിസഞ്ചികൾ ഉപയോഗിക്കണമെന്ന കർശന നിർദ്ദേശം നല്കി നടപ്പിലാക്കി. കുടുംബശ്രീ യൂണിറ്റുകൾ ഗ്രീൻ പ്രോട്ടോക്കോൾ അജണ്ടയായി ഉൾപ്പെടുത്തി കമ്മറ്റികൾ നടത്തുന്നു.

2018-ൽ ഗ്രീൻപ്രോട്ടോക്കോൾ പഞ്ചായത്തായി പ്രഖ്യാപിക്കുകയും എല്ലാ ഘടക സ്ഥാപനങ്ങളിലും നടപ്പാക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിലും ഗ്രീൻ പോലീസിനെ നിയമിച്ച് പഞ്ചായത്ത്തല ഗ്രീൻ വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് മൂന്ന് മാസത്തിലൊരിക്കൽ കമ്മിറ്റി കൂടുന്നു. ശുചിത്വ സന്ദേശങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് സ്കൂൾ വിദ്യാർത്ഥികളുടെ ലഘു നാടകങ്ങൾ സ്കൂളുകളിലും, കവലകളിലും അവതരിപ്പിച്ചുരുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്കൂളുകളിലും സ്റ്റീൽ വാട്ടർ ബോട്ടിലുകളും, റ്റിഫിൻ ക്യാരിയറുകളും നിർബന്ധമാക്കി. 80 ശതമാനം പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുണ്ട്.





എം.സി.എഫിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ നെടുമങ്ങാട് ആർ.ആർഎഫിലേക്ക് മാറ്റുന്നു.

## ഗ്രീൻ പോലീസ്

പ്ലാസ്റ്റിക് ദുരുപയോഗം തടയുന്നതിനും അവ തരംതിരിച്ച് യഥാവിധി ബിന്നുകളിൽ ശേഖരിച്ച് പാഴ്‌വസ്തു വ്യാപാരികൾക്കും ഹരിത കർമ്മസേനാംഗങ്ങൾക്കും കൈമാറുന്നതിനും സ്കൂളുകളിൽ കുട്ടികൾക്കിടയിൽ നിന്ന് തെരഞ്ഞെടുത്തിരിക്കുന്ന സന്നദ്ധസേനയാണ് ഗ്രീൻ പോലീസ്. ഒരു ക്ലാസിൽനിന്ന് രണ്ട് കുട്ടികൾ എന്ന ക്രമത്തിൽ തെരഞ്ഞെടുത്ത് നിയോഗിച്ചിരിക്കുന്നു. പരിശീലനം ലഭിച്ച കുട്ടികൾ മറ്റു കുട്ടികൾക്ക് ബോധവത്കരണം നൽകുന്നതോടൊപ്പം ദൈനംദിന പരിശോധന നടത്തി സ്കൂളിൽ പ്ലാസ്റ്റിക് കവറുകളും പാത്രങ്ങളും കൊണ്ടു വരുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഹരിതചട്ടം സ്കൂളുകളിൽ നടപ്പിലാക്കുന്നതിനും മാലിന്യം വലിച്ചെറിയുന്ന തരത്തിലുള്ള അനാരോഗ്യ പ്രവർത്തനങ്ങൾക്ക് തടയിടുന്നതിനും ഇവരുടെ പ്രവർത്തനം സഹായിക്കുന്നു. തുടർ പ്രവർത്തനത്തിന്റെ ഭാഗമായി എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയ സംവിധാനങ്ങൾ കൂടി ബന്ധിപ്പിച്ച് വിപുലമായ പ്രവർത്തന മേഖലാ ശൃഖംല രൂപീകരിക്കുന്നതിനും ഗ്രീൻ പോലീസ് സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നു. സ്കൂൾ കലാകായിക മത്സരങ്ങൾ വിവിധ പൊതുപരിപാടികൾ എന്നിവയിലൊക്കെ ഹരിതചട്ടം പാലിക്കപ്പെടാൻ ഇവരുടെ സേവനം ഉപയോഗിക്കും. പഞ്ചായത്തിലെ 12 സ്കൂളുകളിൽ ഗ്രീൻ പോലീസ് സംവിധാനം നടപ്പിലാക്കുകയും കരകുളം സ്കൂളിൽ ആദ്യമായി ഗ്രീൻ പോലീസ് പ്രഖ്യാപനം നടത്തുകയും ചെയ്തു. കുട്ടികളിലൂടെ കുടുബങ്ങളിലേക്ക് ശുചിത്വബോധവും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതുവഴി സമൂഹത്തിൽ വലിയൊരു മാറ്റം ഉണ്ടാക്കുന്നതിനും ഉള്ള ശ്രമത്തിന്റെ ഭാഗമായാണ് ഗ്രീൻ പോലീസ് സംവിധാനം നടപ്പാക്കിയിട്ടുള്ളത്. ഇതിൽ പ്രവർത്തിക്കുന്ന കുട്ടികൾക്ക് യൂണിഫോം, ഐ.ഡി. കാർഡ്, തൊപ്പി എന്നിവ നൽകി പ്രവർത്തനം കൂടിതൽ സജ്ജമാക്കും.

പരിപാടികൾ നടക്കുമ്പോൾ സംഘാടകർക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നൽകുന്നതിനാൽ രാഷ്ട്രീയ പാർട്ടികളുടേയും മറ്റ് സംഘടനകളുടേയും നേതൃത്വത്തിൽ മികച്ച സഹകരണം ലഭിച്ചുവരുന്നു. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന സംഘടനകൾക്ക് പ്രോത്സാഹനമായി പ്രത്യേക പാരിതോഷികവും നൽകുന്നു.

## ഹരിത നിയമ നടപടികൾ

പ്രധാന ജംഗ്ഷനുകളിലും റോഡ് അരികിലും മാലിന്യം വലിച്ചെറിയുന്നതിനെതിരെ നിയമ നടപടികളുടെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും, മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നും പിഴ ഈടാക്കുകയും ചെ



Collectors @ school Programme ന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനുള്ള ബിന്നുകളും സ്ഥാപിച്ചു.



പൊടിച്ച പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡ് ടാറിംഗ്





യ്യുന്നു. 11 കേസുകൾക്ക് പിഴയായി 1,20,000/-രൂപ ലഭിച്ചു. പഞ്ചായത്ത് വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് ഗ്രീൻ ആർമി എന്ന പേരിൽ വ്യാപാര സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്തിയതുവഴി 450 കിലോ പ്ലാസ്റ്റിക് പിടിച്ചെടുക്കുകയും ഏഴ് വ്യാപാര സ്ഥാപനങ്ങൾക്ക് 19,500 പിഴ ചുമത്തുകയും അഞ്ച് ഹോട്ടലുകൾ അടച്ചുപൂട്ടുകയും ചെയ്തു.

കിള്ളിയാറിലേക്കും കൈത്തോടുകളിലേക്കും പൊതുസ്ഥലങ്ങളിലേക്കും ഓടകളി ലേക്കും തുറന്നുവച്ചിരിക്കുന്ന 450 മാലിന്യ പൈപ്പുകൾ അടയ്ക്കുകയും വീണ്ടും ഉപയോഗിച്ച എട്ട് പേർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്തു. അറവു മാലിന്യം നിക്ഷേപിച്ച വാഹനം പിടിക്കുകയും മാലിന്യം വലിച്ചെറിയൽ കത്തിക്കൽ മലിനജലം ഒഴുക്കിവിടൽ എന്നിവയ്ക്കെതിരെ 37 കേസുകൾ രജിസ്റ്റർ ചെയ്യുകയും 19500 രൂപ പിഴ ഈടാക്കുകയും ചെയ്തു. കെ.എസ്.റ്റി.പി, പിഡബ്ല്യുഡി, പിസിബി, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ സംയുക്ത പരിശോധനയുടെ ഭാഗമായി മേൽപറഞ്ഞ സ്ഥലങ്ങളിലേക്ക് മാലിന്യം ഒഴുക്കിവിടുന്നവർക്കെതിരെ നിയമ നടപടി കൈക്കൊള്ളുകയും, അനുസരിക്കാത്തവർക്കെതിരെ പ്രോസ്സിക്യൂഷൻ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. അതുവഴി സ്വമനസ്സാലെ 152 പേർ മാലിന്യപൈപ്പുകൾ അടക്കുകയും മറ്റുള്ള പൊതു ജനങ്ങളെ ഈ പ്രവർത്തനം നടത്തുന്നതിന് നിർബന്ധിതരാക്കാനും കഴിഞ്ഞു. കിള്ളിയാറിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിച്ച ആറ് പേർക്കെതിരെ നെടുമങ്ങാട് പോലീസും 12 പേർക്കെതിരെ അരുവിക്കര പോലീസും നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്വമായി ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്ന സംസ്കാരം പ്രാവർത്തികമാക്കാൻ കഴിഞ്ഞു.



പൊതു സ്ഥലത്തേക്ക് തുറന്നവിട്ട മാലിന്യപൈപ്പ് കോൺക്രീറ്റ് ചെയ്ത് അടയ്ക്കുന്നു.

## വെല്ലുവിളികൾ – പരിഹാരശ്രമങ്ങൾ

പൊതുസ്ഥലങ്ങളിലും വീടുകളിലും പ്ലാസ്റ്റിക്കുകൾ കത്തിക്കുകയും വലിച്ചെറിയുകയും ചെയ്യുന്നവർക്കെതിരെ തെളിവുസഹിതം അറിയിപ്പു നൽകിയ ഒൻപത് പേർക്ക് 5000 രൂപ വീതം പാരിതോഷികം നൽകിയത് ഇത്തരത്തിലുള്ളവരെ കണ്ടെത്താൻ പൊതുജനങ്ങളിൽ പ്രേരണയുണ്ടാക്കുകയും ഇതിന്റെ ഫലമായി പൊതുസ്ഥലത്തെ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും സാധിച്ചു. കാലകാലങ്ങളായി മാലിന്യകൂമ്പാരമായിരുന്ന വഴയില ക്രൈസ്റ്റ്നഗർ റോഡ് ക്യാമറ സ്ഥാപിച്ച് നിലവിൽ മാലിന്യമുക്തമാക്കാൻ കഴിഞ്ഞു. ബോധവത്കരണവും ശക്തമായ നിയമനടപടികളും സ്വീകരിച്ച് എല്ലാ വെല്ലുവിളികളെയും നേരിട്ടുകൊണ്ട് കരകുളം ആരോഗ്യമുള്ളതും ശുചിത്വസുന്ദരവുമായ ഗ്രാമപ്രദേശമായി മാറിക്കൊണ്ടിരിക്കുന്നു.



# ക്ലീൻ വർക്കല

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ വർക്കല താലൂക്കിൽ സ്ഥിതിചെയ്യുന്ന നഗരസഭയാണ് വർക്കല. 1980 മേയ് 15-ന് രൂപീകൃതമായ 15.42 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള നഗരസഭയിലെ ജനസംഖ്യ40048 ആണ്. 12908 വീടുകളും 4373 സ്ഥാപനങ്ങളും 1800 വ്യാപാരസ്ഥാപനങ്ങളും അഞ്ച് ആഡിറ്റോറിയങ്ങളും 28 ചെറുകിട സ്ഥാപനങ്ങളുമുള്ള ഇവിടെ പ്രതിദിനം ഒൻപത് ടൺ ജൈവ മാലിന്യവും ആറ് ടൺ അജൈവ മാലിന്യവും ഉൾപ്പടെ 15 ടൺ മാലിന്യം ഉണ്ടാകുന്നു. മാലിന്യസംസ്കരണത്തിനായി അംഗീകൃത ഏജൻസിയുടെ സഹകരണത്തോടെ വർക്കല നഗരസഭ നടപ്പിലാക്കിയ നൂതന പ്രോജക്ട് ആണ് സീറോ വേസ്റ്റ് ബീക്കൺ വർക്കല മുനിസിപ്പാലിറ്റി പ്രോജക്ട്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

സ്വന്തമായി ഉറവിടമാലിന്യ സംസ്കരണം നടത്തുന്ന 4370 വീടുകളും നഗരസഭ നൽകിയ 500 റിംഗ് കമ്പോസ്റ്റ്, 180 പൈപ്പ് കമ്പോസ്റ്റ് എന്നിവയും സ്വന്തമായി സ്ഥാപിച്ചതും നഗരസഭ സ്ഥാപിച്ചതുമായ 82 കമ്പോസ്റ്റ് പിറ്റുകൾ വഴിയും പ്രതിദിനം അഞ്ച് ടൺ ജൈവമാലിന്യം സംസ്കരിക്കാൻ കഴിയുന്നുണ്ട്.

കമ്മ്യൂണിറ്റിതലത്തിലുള്ള ജൈവ മാലിന്യ സംസ്കരണത്തിനായി ഐ.എസ്.ഡബ്ലിയൂ.എം. പ്ലാന്റിൽ സ്ഥാപിച്ചരിക്കുന്ന 21 തുമ്പൂർമൂഴി യൂണിറ്റുകളിൽ പ്രതിദിനം മൂന്ന് ടണ്ണും പ്ലാന്റിലും സ്ലാട്ടർഹൗസിലുമുള്ള മൂന്ന് ബയോഗ്യാസ് പ്ലാന്റു



സീറോ ബീക്കൺ വർക്കല പദ്ധതിയുടെ ഭാഗമായി 33 വാർഡുകളിലും ബോധവത്ക രണം, റോഡ്ഷോ, ബാനർ, പോസറ്റർ, നോട്ടീസ് തുടങ്ങിയ പ്രചരണ പരിപാടികൾ നടത്തുകയും ഇത് ക്രോഡീകരിക്കുന്നതിനാ യി എട്ട് എക്സിക്യൂട്ടീവുമാരെ യും 16 ഗ്രീൻ ടെക്നീഷ്യന്മാ രെയു ഉൾപ്പെടുത്തുകയും ചെയ്തു. ജനകീയ പങ്കാളി ത്തം ഉറപ്പാക്കുന്നതിനുള്ള വിവിധ പരിപാടികളിലൂടെ ഓരോ വാർഡിൽ നിന്നും ലഭിച്ച 500 വോളന്റീയർമാരും ബീക്കൺ ഉദ്യോഗസ്ഥരും ചേർന്ന് അസോസിയേഷൻ മീറ്റിംഗുകൾ, വാർഡുതല മീറ്റിംഗുകൾ, മാരത്തോൺ എന്നിവ നടത്തി.

കളിലായി പ്രതിദിനം ഒരു ടണ്ണും സംസ്ക രിക്കുന്നു. വർക്കല മോഡൽ മാലിന്യസംസ് കരണ സംവിധാനത്തിൽ പ്രതിമാസം കരയി ല ഉൾപ്പടെ രണ്ട് ടൺ മാലിന്യം സംസ്കരി ക്കുന്നു. നിലവിൽ ജൈവവളം നഗരസഭ പ രിധിയിലെ കാർഷിക കർമ്മ സേനയ്ക്ക് ഫ്രീ യായി നൽകുന്നു. ഇത് ടെസ്റ്റ് ചെയ്ത് സർട്ടി ഫിക്കറ്റ് ലഭ്യമായാൽ കൃഷിഭവൻ വഴിയും അ ല്ലാതെയും വിപണനം ആരംഭിക്കാൻ സാധി ക്കും. രണ്ട് സ്കൂളിലും രണ്ട് സ്ഥാപനങ്ങളി ലും ആറ് ആശുപത്രികളിലുമായി 10 ബയോ ഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നു.

ഹോട്ടലുകൾ ഉൾപ്പടെ 79 കച്ചവട സ്ഥാപ നങ്ങളിലെ ജൈവമാലിന്യം ശേഖരിച്ച് പ്ലാന്റി ലെത്തിക്കുന്നതിന് 11 തൊഴിലാളികളുണ്ട്. പ്ര തിമാസം 10 സീറ്റിന് താഴെയുള്ളവയ്ക്ക് 1250 രൂപയും 10 മുതൽ 15 സീറ്റ് വരെയുള്ളവയ്ക്ക് 2500 രൂപയും 15 സീറ്റിന് മുകളിലുള്ളവയ്ക്ക് 4000 രൂപയും ചേർത്ത് ആകെ 212000 രൂപ യൂ സർഫീയായി ലഭിക്കുന്നു. ഈ തുകയിൽ നി ന്ന് 10000 രൂപ നിരക്കിൽ വേതനം നൽകുന്നു. വർക്കല ബീച്ചിലെ മാലിന്യം ശേഖരിക്കുന്ന തിനും അജൈവ മാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിനുമായി 10 റിട്ടയേർഡ് കണ്ടി ജന്റ് ജീവനക്കാർക്ക് 10000 രൂപ നിരക്കിൽ ടൂ റിസം വകുപ്പിൽനിന്നും വേതനം നൽകുന്നു.





### വർക്കല മോഡൽ

അജൈവ മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി 14 ഗ്രീൻ ടെക്നീഷ്യൻമാരും ഒരു പ്രോജക്ട് ഹെഡും ആണുള്ളത്. വീടുകളിൽ നിന്നും മാസത്തിൽ ഒരു തവണയും സ്ഥാപനങ്ങളിൽ നിന്നും ഷോപ്പുകളിൽ നിന്നും ആഴ്ചയിലൊരിക്കലുമായി 80 ശതമാനം അജൈവമാലിന്യം ശേഖരിക്കുന്നു. വീടുകളിൽ നിന്ന് യൂസർഫീയായി 100 രൂപയും സ്ഥാപനങ്ങളിൽ നിന്ന് ഒരു മാസം ശേഖരിക്കുന്ന 10 കിലോ പ്ലാസ്റ്റിക്കിന് 100 രൂപ



യും അധികമായി ശേഖരിക്കുന്ന ഓരോ കിലോയ്ക്കും 5 രൂപയുമാണ് യൂസർ ഫീയായി വാങ്ങുന്നത്. യൂസർഫീ ഇനത്തിൽ വീടുകളിൽ നിന്നും 1,80,000 രൂപയും സ്ഥാപനങ്ങളിൽ നിന്നും 36,000 രൂപയുമായി 2,16,000 രൂപ ലഭിക്കുന്നതിൽ നിന്ന് പ്രോജക്ട് ഹെഡിന് 18000 രൂപയും ഗ്രീൻ ടെക്നീഷ്യന്മാർക്ക് 10000 രൂപ നിരക്കിൽ 1,68,000 രൂപ വേതനമായും 35,000 രൂപ വാഹനച്ചെലവിനായും മറ്റു ചെലവുകൾക്കായി 5000 രൂപയും വിനിയോഗിക്കുന്നു. അജൈവ മാലിന്യ ശേഖരണത്തിനായി മൂന്ന് ട്രൈസൈക്കിളും രണ്ട് ആട്ടോറിക്ഷയും ഉപയോഗിക്കുന്നു. ഹരിതകർമ്മ സേനയ്ക്ക് അധിക വരുമാനമുണ്ടാക്കുന്നതിനായി തുണിസഞ്ചി, തലയണ ഉറ, തലയണ, സോപ്പ്, ലോഷൻ എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പൂർത്തിയാകുന്നുണ്ട്. 33 മിനി എം.സി.എഫും., മൂന്ന് എം.സി.എഫും പ്രവർത്തിക്കുന്നു. 96 ടൺ പ്ലാസ്റ്റിക് അജൈവ വസ്തുക്കളും 37 ടൺ കുപ്പിച്ചില്ലും ഗ്ലാസും 27.5 ടൺ പേപ്പറും പുനഃചംക്രമണത്തിന് കൈമാറാൻ കഴിഞ്ഞു. 800 കിലോഗ്രം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് ടാറിംഗിനായി ഉപയോഗിച്ചു. സ്കൂളുകളിൽ ഓൾഡ് ഈസ് മൈ ഗോൾഡ് എന്ന പ്രവർത്തനത്തിലൂടെ പുനരുപയോഗിക്കാൻ കഴിയുന്ന വസ്ത്രങ്ങളുൾപ്പടെയുള്ളവ ശേഖരിച്ച് എം.സി.എഫിൽ നൽകുന്നു.

### ബോധവത്കരണ ക്യാമ്പയിൻ

സീറോ ബീക്കൺ വർക്കല പദ്ധതിയുടെ ഭാഗമായി 33 വാർഡുകളിലും ബോധവത്കരണം, റോഡ്ഷോ, ബാനർ, പോസറ്റർ, നോട്ടീസ് തുടങ്ങിയ പ്രചരണ പരിപാടികൾ നടത്തുകയും ഇത് ക്രോഡീകരിക്കുന്നതിനായി എട്ട് എക്സിക്യൂട്ടീവുമാരെയും 16 ഗ്രീൻ ടെക്നീഷ്യന്മാരെയു ഉൾപ്പെടുത്തുകയും ചെയ്തു. ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള വിവിധ പരിപാടികളിലൂടെ ഓരോ വാർഡിൽ നിന്നും ലഭിച്ച 500 വോളന്റീയർമാരും ബീക്കൺ ഉദ്യോഗസ്ഥരും ചേർന്ന് അസോസിയേഷൻ മീറ്റിംഗുകൾ, വാർഡുതല മീറ്റിംഗുകൾ, മാരത്തോൺ എന്നിവ നടത്തി.

### ഹരിത ചട്ടം

നഗരസഭാ പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ 77 ആഡിറ്റോറിയങ്ങൾ എന്നിവയിലും ശിവഗിരി തീർത്ഥാടനം, കർക്കിടക വാവുബലി തുടങ്ങിയ പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. നഗരസഭ പരിധിയിൽ നടത്തുന്ന എല്ലാ പൊതുപരിപാടികളും മുൻകൂട്ടി അറിയിക്കുന്നതിനും ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നതിനും ഉള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹരിത നിയമ നടപടികൾ

നിയമ നടപടിയുടെ ഭാഗമായി പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതിന് 234070 രൂപയും പ്ലാസ്റ്റിക് കത്തിച്ചതിനും സുരക്ഷിതമല്ലാതെ മാലിന്യം നിക്ഷേപിച്ചതിനും 17520 രൂപയും നിരോധിത പ്ലാസ്റ്റിക് കൈവശം വച്ചതിന് 132410 രൂപയും പിഴ ഈടാക്കിയിട്ടുണ്ട്. പരാതികൾ ശേഖരിക്കാനും കളക്ഷൻ

## ഓൾഡ് ഈസ് മൈ ഗോൾഡ്

വർക്കല നഗരസഭാ പരിധിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ കഴിഞ്ഞ വർഷം ഉപയോഗിച്ച വസ്തുക്കളുമായി എത്തുന്ന കുട്ടികളെ ബീക്കൺ വിദ്യാർത്ഥിയായി ആദരിക്കുകയും ശുചിത്വ മിഷന്റെ സർട്ടിഫിക്കറ്റ് നൽകുകയും അതോടൊപ്പം ബീക്കൺ വിദ്യാർത്ഥിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി 500 രൂപ നിക്ഷേപിക്കുകയും ചെയ്യുന്നു.

തീയതികൾ അറിയിക്കാനും വാർഡുതലത്തിൽ വാട്സ്ആപ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

## വെല്ലുവിളികൾ – പരിഹാരശ്രമങ്ങൾ

നഗരസഭാ പ്രദേശത്ത് ഗ്രീൻ പ്രോട്ടോക്കോൽ നടപ്പിലാക്കിയതും ദൈനംദിന മാലിന്യ ശേഖരണവും ഉദ്യോഗസ്ഥരുടെ കൃത്യമായ സ്ക്വോഡ് പ്രവർത്തനവും സ്കൂൾ കുട്ടികളെ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ക്യാമ്പയിൻ പ്രവർത്തനങ്ങളും വിവിധ സംഘടനകളുടെ സഹകരണത്തോടെയുള്ള പ്രവർത്തനങ്ങളും ബോധവത്കരണവും സീറോ ബീക്കൺ വർക്കല എന്ന നൂതന പദ്ധതിക്ക് തടസ്സങ്ങളെ മറികടന്ന് മുന്നോട്ടു പോകാൻ ഏറെ സഹായകരമായി.





# സമഗ്ര ഇടപെടലിലൂടെ ശുചിത്വ മികവിലേക്ക്

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് നിയമസഭ മണ്ഡലത്തിലെ നെടുമങ്ങാട് താലൂക്കിലുൾപ്പെട്ട വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമായ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയ മാണിക്കൽ പഞ്ചായത്തിലെ ജനസംഖ്യ 39444 ആണ്. ഇവിടെ 13743 വീടുകൾ, 162 സ്ഥാപനങ്ങൾ, 2321 വ്യാപാരസ്ഥാപനങ്ങൾ, 19 ആഡിറ്റോറിയങ്ങൾ എന്നിവയാണുള്ളത്. പ്രതിദിനം മൂന്ന് ടൺ ജൈവമാലിന്യവും അര ടൺ അജൈവമാലിന്യവുമാണുണ്ടാകുന്നത്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

ഉറവിട മാലിന്യസംസ്കരണത്തിനായി വീടുകളിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 500 കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. വാമനപുരം ബ്ലോക്കിന്റെ ശാന്തിഗിരിയിലുള്ള ആർ.ആർ.എഫ്.നോട് ചേർന്ന് നാലര ഏക്കർ സ്ഥലത്ത് ജൈവമാലിന്യ സംസ്കരണത്തിനായി മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിക്കുന്നു. 50 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള യൂണിറ്റിൽ ശാന്തിഗിരി ആശ്രമത്തിലുള്ള ജൈവ മാലിന്യമുൾപ്പടെ സംസ്കരിച്ച് അവയെ അരിച്ചെടുത്ത് പായ്ക്ക് ചെയ്ത് കിലോയ്ക്ക് 15 രൂപ നിരക്കിൽ വിൽക്കുന്നു. ഇവിടെ പണിയെടുക്കുന്ന എട്ട് ജീവനക്കാർക്കും ശമ്പളത്തിനുള്ള തുക ഇതിൽ നിന്നും ലഭിക്കുന്നു. ഈ വളം ഉപയോഗിച്ച് നാലരയേക്കർ സ്ഥലത്ത് പച്ചക്കറി കൃഷിയും നടത്തുന്നു.

പ്ലാസ്റ്റിക്കിനെതിരെ പടയൊരുക്കം എന്ന ആശയത്തിലൂന്നിയാണ് മാണിക്കൽ ഗ്രാമപഞ്ചായത്ത് അജൈവ മാലിന്യ സം



സ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ശാന്തിഗിരി ആശ്രമം 20 വർഷത്തേക്ക് പഞ്ചായത്തിന് വിട്ടുനൽകിയ 50 സെന്റ് സ്ഥലത്ത് 20 ലക്ഷം രൂപ ചെലവിൽ കെട്ടിടവും യന്ത്ര സാമഗ്രികളും സ്ഥാപിക്കുകയും ശാന്തിഗിരി ആശ്രമവുമായി സഹകരിച്ചുകൊണ്ട് പഞ്ചായത്ത് ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ പഞ്ചായത്തുകളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയുന്ന ഒരു യൂണിറ്റായി ഇത് പ്രവർത്തിച്ചിരുന്നു.

ഗ്രാമപഞ്ചായത്ത് തലത്തിൽ ഉജ്ജ്വല എന്ന പേരിൽ അഞ്ച് പേരടങ്ങുന്ന ഒരു സൂക്ഷ്മ സംരംഭ യൂണിറ്റും ഇതിനു കീഴിൽ ഓരോ വാർഡിനും ഒരാൾ വീതം എന്ന രീതിയിൽ 21 വോളണ്ടിയർമാരും ഉൾപ്പടെ 26 പേരടങ്ങുന്ന ഹരിതകർമ്മ സേന വീടുകളിൽ നിന്നും 30 രൂപയും സ്ഥാപനങ്ങളിൽ നിന്നും 50 മുതൽ 200 രൂപവരെയും യൂസർഫീയായി ഈടാക്കുന്നു. ഇങ്ങനെ ലഭിക്കുന്ന 137962 രൂപയിൽ പ്രതിമാസം 4000 രൂപ നിരക്കിൽ 26 ഹരിതകർമ്മ സേനാംഗങ്ങൾക്ക് 104000 രൂപ വേതനമായും 18000 രൂപ വാഹനചെലവിനായും വിനിയോഗിക്കുന്നു. 9000 കിലോഗ്രാം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് കൈമാറിയിട്ടുണ്ട്. ശാന്തിഗരിയിലെ ആർ.ആർ.എഫിൽ പ്രതിദിനം 200 കിലോഗ്രാം പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുന്നതിനും 10000 കിലോഗ്രാം സ്റ്റോക്ക് ചെയ്യുന്നതിനുമുള്ള സൗകര്യമുണ്ട്. 4500 കിലോഗ്രാം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് കിലോയ്ക്ക് 15 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് നൽകുകയും 6000 കിലോഗ്രാം പ്ലാസ്റ്റിക് കമ്പനിയുടെ പക്കൽ നിന്നും മാണിക്കൽ ഗ്രാമ പഞ്ചായത്തിലും മറ്റു വിവിധ തദ്ദേശസ്ഥാപനങ്ങളിലും റോഡുകളുടെ ടാറിംഗിനായി ഉപയോഗിക്കുകയും ചെയ്തു. നിലവിൽ ഒരു വർഷത്തേക്ക് ആർ.ആർ.എഫിന്റെ പ്രവർത്തനം ക്ലീൻ കേരളാ കമ്പനിക്ക് നൽകിയിരിക്കുന്നു.

### ഹരിത ചട്ടം

പഞ്ചായത്തിലെ വിവിധ ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഇതി

പഞ്ചായത്തിലെ വിവിധ ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഇതിന്റെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടി ഓരോ വാർഡിലെയും എ.ഡി.എസ് ഗ്രൂപ്പുകൾക്ക് 240 വീതം സ്റ്റീൽ പ്ലേറ്റുകളും സ്റ്റീൽ ഗ്ലാസുകളും വാങ്ങി നൽകുകയും ചെയ്തു. അതത് വാർഡുകളിലെ ചടങ്ങുകൾക്ക് ഇവ രണ്ടുരൂപ നിരക്കിൽ വാടകയ്ക്ക് നൽകി കിട്ടുന്ന വരുമാനം അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഘടക സ്ഥാപനങ്ങളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ഇവിടെ നടക്കുന്ന പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടക്കോൾ പാലിക്കുകയും ഘടക സ്ഥാപനങ്ങളിൽ ബാൾപോയിന്റ് പേനയ്ക്ക് പകരം മഷിപ്പേന ഉപയോഗിക്കുകയും ചെയ്യുന്നു.





ന്റെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടി ഓരോ വാർഡിലെയും എ.ഡി.എസ് ഗ്രൂപ്പുകൾക്ക് 240 വീതം സ്റ്റീൽ പ്ലേറ്റുകളും സ്റ്റീൽ ഗ്ലാസുകളും വാങ്ങി നൽകുകയും ചെയ്തു. അതത് വാർഡുകളിലെ ചടങ്ങുകൾക്ക് ഇവ രണ്ട് രൂപ നിരക്കിൽ വാടകയ്ക്ക് നൽകി കിട്ടുന്ന വരുമാനം അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഘടക സ്ഥാപനങ്ങളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ഇവിടെ നടക്കുന്ന പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടക്കോൾ പാലിക്കുകയും ഘടക സ്ഥാപനങ്ങളിൽ ബാൾ പോയിന്റ് പേനക്ക് പകരം മഷിപ്പേന ഉപയോഗിക്കുകയും ചെയ്യുന്നു.

## ഹരിതനിയമ നടപടികൾ

ഹരിത നിയമലംഘനങ്ങൾക്ക് അഞ്ച് പേർക്കെതിരെ നോട്ടീസ് നൽകുകയും മൂന്ന് പേർക്ക് രണ്ടാംഘട്ടം നോട്ടീസ് നൽകുകയും ചെയ്തു.

## വെല്ലുവിളികൾ – പരിഹാരശ്രമങ്ങൾ

അജൈവ മാലിന്യങ്ങൾ വലിച്ചെറിയൽ, കത്തിക്കൽ എന്നിവയ്ക്കെതിരെ ബോധവത്കരണം, നിയമലംഘനങ്ങൾക്കെതിരെ നോട്ടീസ് നൽകൽ, മാലിന്യ ശേഖരണവും സംസ്കരണവും ശക്തമാക്കൽ എന്നിവയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞു.



# ശുചിത്വം ശീലമാക്കൻ പാറശ്ശാല

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല നിയമാസഭാ മണ്ഡലത്തിലും നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാല ബ്ലോക്ക് പരിധിയിലും ഉൾപ്പെടുന്ന 20.02 ച:കി.മീ വിസ്തൃതിയുള്ള പാറശാല ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 62,175 ആണ്. 18,009 വീടുകളും 2,439 സ്ഥാപനങ്ങളും ആറ് ആഡിറ്റോറിയങ്ങളും ഉള്ള ഇവിടെ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' സർവ്വേ പ്രകാരം പ്രതിദിനം 2.76 ടൺ ജൈവ മാലിന്യവും 0.79 ടൺ അജൈവ മാലിന്യവുമാണുണ്ടാകുന്നത്.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

ഗാർഹിക മാലിന്യം സംസ്കരിക്കുന്നതിനായി 200 പിറ്റ് കമ്പോസ്റ്റും മലിനജല സംസ്കരണത്തിനായി 200 സോക്പിറ്റും നിർമ്മിക്കുകയും 230 കിച്ചൻബിന്നുകളും വിതരണം ചെയ്തു. സ്വന്തമായി ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പടെ സ്ഥാപിച്ചുകൊണ്ട് ജൈവ മാലിന്യം പൂർണ്ണമായും ഉറവിടത്തിൽ സംസ്കരിക്കുന്നു. സ്കൂളുകളിലും ആഡിറ്റോറിയങ്ങളിലും ഉല്പാദിപ്പിക്കുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി പാറശാല താലൂക്ക് ആശുപത്രിയിൽ ഒരു യൂണിറ്റ് തുമ്പൂർമൂഴിയും മാർക്കറ്റിലുണ്ടാകുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്ന ബയോഗ്യാസ് പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ബയോഗ്യാസ് ഉപയോഗിച്ചുകൊണ്ട് മാർക്കറ്റ് മുതൽ ബിവറേജ് ഷോപ്പ് വരെ 16 വഴിയോര വിളക്കുകൾ തെളിയിക്കുന്നു.









41 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യ ശേഖരണത്തിനായി വീടുകളിൽ നിന്നും 20 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 30 രൂപയും യൂസർ ഫീയായി ഈടാക്കുന്നു. 3650 വീടുകളിലും 125 സ്ഥാപനങ്ങളിൽ നിന്നുമായി 140,000 രൂപ ലഭിക്കുന്നു. ഇതിൽ വാഹന ചെലവിനായി 10,000 രൂപയും വേതനമായി 2500 രൂപ വീതം 102,500 നൽകുന്നു. മൂന്ന് മിനി എം.സി.എഫുകളിലും പുത്തൻകട മാർക്കറ്റിനുള്ളിൽ പ്രവർത്തിക്കുന്ന എം.സി.എഫിലും ശേഖരിക്കുന്ന ഇ-വേസ്റ്റ്, ഗ്ലാസ് മാലിന്യങ്ങൾ, ബെയിൽ ചെയ്ത പ്ലാസ്റ്റിക് മാലിന്യം എന്നിവ പുനചംക്രമണത്തിനായി നൽകുന്നു. ഇതുവരെ 79,000 കിലോ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനായി പഞ്ചായത്തിന് കീഴിൽ തുണിസഞ്ചി, പേപ്പർ ബാഗ് എന്നിവ നിർമ്മിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി തുണി സഞ്ചികൾ വിതരണം ചെയ്യുകയും ബോധവത്കരണ ക്ലാസുകൾ, നോട്ടീസ് വിതരണം എന്നിവ നടത്തുകയും ചെയ്തു.

### ഹരിത ചട്ടം

പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലും എല്ലാ പൊതു പരിപാടികളിലും ഹരിത ചട്ടം പാലിക്കുകയും ക്ലീൻ പഞ്ചായത്ത് പ്രഖ്യാപനത്തിനു മുന്നോടിയായി മേഖല ക്യാമ്പയിൻ, വാർഡ്തല സെമിനാറുകൾ, ബോധവത്കരണം എന്നിവ നടത്തുകയും ചെയ്തു.

## ഹരിതനിയമ നടപടികൾ

മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 26 കേസുകൾ രേഖപ്പെടുത്തുകയും ഇതിൽ അഞ്ച് കേസുകൾക്ക് 31000 രൂപ പിഴയായി ചുമത്തുകയും മാലിന്യങ്ങൾ വലിച്ചെ

റിയുന്നവരെ കണ്ടെത്തുന്നതിനായി പാറശ്ശാല പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുകയും അനധികൃതമായി നടത്തുന്ന പ്ലാസ്റ്റിക് ക്യാരിബാഗ് വില്പനക്കെതിരെയും അന്യസ്ഥലങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന് ജലസ്രോതസുകളിലും റോഡിന്റെ വശങ്ങളിലും ഉപേക്ഷിക്കുന്നതിനെതിരേയും കർശനമായ നിയമ നടപടികൾ സ്വീകരിച്ചു. വീടുകളിൽ നിന്ന് ഓടകളിലേക്ക് മലിന ജലം ഒഴുക്കി വിടുന്നതിനെതിരെ ബോധവത്കരണം നടത്തുകയും നടപടി സ്വീകരിക്കുകയും ഈ പൈപ്പുകൾ നീക്കംചെയ്യുകയും ചെയ്തു. പ്രധാന റോഡുകൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ജംഗ്ഷനുകളിൽ 16 ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണത്തിലാക്കുകയും ദൃശ്യങ്ങൾ പോലീസിനുകൂടി ലഭ്യമാകുന്ന തരത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തു. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് സഹായകമായി വിവിധ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും കൂടുതൽ ക്യാമറകൾ സ്ഥാപിച്ചു.

മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനായി പാറശ്ശാല പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുകയും അനധികൃതമായി നടത്തുന്ന പ്ലാസ്റ്റിക് ക്യാരിബാഗ് വില്പനക്കെതിരെയും അന്യസ്ഥലങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടുവന്ന് ജലസ്രോതസുകളിലും റോഡിന്റെ വശങ്ങളിലും ഉപേക്ഷിക്കുന്നതിനെതിരേയും കർശനമായ നിയമ നടപടികൾ സ്വീകരിച്ചു. വീടുകളിൽ നിന്ന് ഓടകളിലേക്ക് മലിന ജലം ഒഴുക്കി വിടുന്നതിനെതിരെ ബോധവത്ക്കരണം നടത്തുകയും നടപടി സ്വീകരിക്കുകയും ഈ പൈപ്പുകൾ നീക്കംചെയ്യുകയും ചെയ്തു. പ്രധാന റോഡുകൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ജംഗ്ഷനുകളിൽ 16 ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണത്തിലാക്കുകയും ദൃശ്യങ്ങൾ പോലീസിനുകൂടി ലഭ്യമാകുന്ന തരത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തു.

## വെല്ലുവിളികൾ പരിഹാരശ്രമങ്ങൾ

ജനസാന്ദ്രത കൂടിയ പഞ്ചായത്ത് ആയതിനാലും സ്ഥലസൗകര്യം കുറവായതിനാലും മാലിന്യ സംസ്കരണത്തിൽ വലിയ വെല്ലുവിളിയാണുള്ളത്. ബോധവത്കരണത്തിലൂടെയും ക്ലാസുകളിലുടേയും ജനങ്ങൾക്ക് ഇടയിലെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നത് കുറയ്ക്കാനും കടകളിലും അറവുശാലകളിലും നിന്നുമുള്ള മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ തള്ളുന്നത് കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പഞ്ചായത്തായി മാറുന്നതിനുള്ള യജ്ഞത്തിന്റെ ഭാഗമായി പഞ്ചായത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളും ശുചിയായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാറശാല പഞ്ചായത്തിനെ ഒരു പരിധിവരെ മാലിന്യമുക്തമാക്കുന്നതിന് സഹായിച്ചു.



# പൂ പോൽ പൂവച്ചൽ

തിരുവനന്തപുരം ജില്ലയിൽ അരുവിക്കര നിയമസഭാ മണ്ഡലത്തിൽ പുതിയതായി രൂപീകരിക്കപ്പെട്ട മലയോര താലൂക്കായ കാട്ടാക്കടയിലെ വെള്ളനാട് ബ്ലോക്കിൽ ഉൾപ്പെട്ട 33 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന പൂവച്ചൽ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 45586 ആണ്. 15429 വീടുകളിൽ 15229 ആൾ താമസമുള്ളതും 1429 സ്ഥാപനങ്ങളും 750 വ്യാപാരസ്ഥാപനങ്ങളും 10 ഓഡിറ്റോറിയങ്ങളും ഒരു തീപ്പെട്ടി ഫാക്ടറിയും ആണുള്ളത്. പ്രതിദിനം 7.72 ടൺ ജൈവമാലിന്യവും 1 ടൺ അജൈവമാലിന്യവും ഉണ്ടാകുന്നു.

## മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടൽ

അന്തരീക്ഷത്തെയും പ്രകൃതിയെയും മലീമസമാക്കുന്ന രീതിയിൽ റോഡിന്റെ വശങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം വലിച്ചെറിയുന്ന പ്രക്രിയ അനുദിനം വർദ്ധിച്ചുവന്ന സാഹചര്യത്തിലാണ് പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പൂപോൽ പൂവച്ചൽ എന്ന പേരിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

ഗാർഹിക മാലിന്യ സംസ്കരണത്തിന് സ്വന്തമായി സംവിധാനങ്ങളുള്ള 4640 കുടുംബങ്ങളുണ്ട്. പഞ്ചായത്തിൽ നിന്ന് 200 കിച്ചൻബിൻ, 72 ബയോഗ്യാസ് പ്ലാന്റ്, 345 കമ്പോസ്റ്റ് പിറ്റ് എന്നിവ നൽകുകയും ജൈവമാലിന്യം സംസ്കരിക്കാൻ സൗകര്യമില്ലാത്തവരുടെ മാലിന്യം ശേഖരിച്ച് അഞ്ച് കേന്ദ്രങ്ങളിലുള്ള എയ്റോബിക് ബിന്നുകളിലായി സംസ്കരിക്കുകയും യൂ



സർഫീ ഈടാക്കുകയും ചെയ്യുന്നു. 650 കമ്പോസ്റ്റ്പിറ്റിന്റെയും നാല് തുമ്പൂർ മുഴിയുടെ നിർമ്മാണവും നടക്കുന്നു.



പിറ്റ് കമ്പോസ്റ്റ്

കാട്ടാക്കട പബ്ലിക് മാർക്കറ്റിൽ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ഷ്രെഡിങ് യൂണിറ്റിലേക്ക് കൊണ്ടുപോകുകയും ജൈവമാലിന്യങ്ങൾ അവിടെയുള്ള എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനത്തിലൂടെ സംസ്കരിക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ 12 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ജൈവ മാലിന്യ സംസ്കരിക്കുന്നു.

അജൈവ മാലിന്യ സംസ്കരണത്തിനായി പൂവച്ചൽ ഗ്രാമപഞ്ചായത്ത് 25 ലക്ഷം രൂപയും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് 15 ലക്ഷം രൂപയും ചെലവഴിച്ച് പട്ടകുളം മാർക്കറ്റിൽ ആർ.ആർ.എഫ്.സ്ഥാപിച്ചു. 50 ഹരിതകർമ്മസേന അംഗങ്ങളുടെ നേതൃത്വത്തിൽ 9860 വീടുകൾ, 347 വ്യാപാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് പഞ്ചായത്തിന്റെ മൂന്ന് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫുകളിൽ എത്തിക്കുന്നു. ഹരിതകർമ്മസേന യൂസർഫീയായി വീടുകളിൽ നിന്ന് 20 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 50 മുതൽ 100 രൂപയും ഈടാക്കുന്നു. പ്രതിമാസ വരുമാനം 500000 രൂപയാണ് ആർ.ആർ.എഫിൽ നിൽക്കുന്ന 6 പേർക്ക് 6000 രൂപ നിരക്കിലും വീടുകളിൽ പോയി ശേഖരണം നടത്തുന്നവർക്ക് 5000 രൂപ നിരക്കിലും ആണ് വേതനം നൽകുന്നത്. ആകെ ശേഖരിച്ച 9.632 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്തതിൽ ടാറിംഗിനായി ഉയോഗിച്ചത് 7.722 ടൺ ആണ്. ഇതിൽ 1.910 ടൺ പ്ലാസ്റ്റിക് ക്ലീൻ കേരളാ കമ്പനിക്ക് കിലോയ്ക്ക് 15 രൂപ നിരക്കിൽ നൽകുന്നു. ഈ തുകയും പ്ലാസ്റ്റിക് കുപ്പി ശേഖരിച്ച് പാഴ്വസ്തു വ്യാപാരിക്ക് നൽകി കിട്ടുന്നതും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിന് കെട്ടിടനിർമ്മാണം പൂർത്തിയായി. പുനരുപയോഗത്തിലൂടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി കാട്ടാക്കട മാർക്കറ്റിൽ വച്ച് 'കൈമാറ്റക്കട'-സ്വാപ് ഷോപ്പ് സംഘടിപ്പിച്ചു. അജൈവ മാലിന്യസംസ്കരണം ശാസ്ത്രീയമായും കൃത്യമായും നടപ്പാക്കുന്നതിനായി പഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നതിന് യൂസർഫീ ഒടുക്കിയതിന്റെ രസീത് നിർബന്ധമാക്കിയിട്ടുണ്ട്.



പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം

## ബോധവത്കരണ കാമ്പയിൻ

ബോധവത്കരണത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങൾ ശുചിയാക്കൽ, ശുചിത്വ ദീപം തെളിയിക്കൽ, എല്ലാ സ്കൂളുകളിലും ഹരിതോത്സവം, ശുചിത്വ സന്ദേശയാത്ര, എൻ.എസ്.എസ്. വിദ്യാർത്ഥികളുടെ റോഡ്ഷോ, ഭവനസന്ദർശനം, ശുചിത്വ ഭവനം തെരഞ്ഞെടുത്ത് ട്രോഫി നൽ

ബോധവത്കരണത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങൾ ശുചിയാക്കൽ, ശുചിത്വ ദീപം തെളിയിക്കൽ, എല്ലാ സ്കൂളുകളിലും ഹരിതോത്സവം, ശുചിത്വ സന്ദേശയാത്ര, എൻ.എസ്.എസ്. വിദ്യാർത്ഥികളുടെ റോഡ്ഷോ, ഭവനസന്ദർശനം, ശുചിത്വ ഭവനം തെരഞ്ഞെടുത്ത് ട്രോഫി നൽകി ആദരിക്കൽ, വീടുകളിലും കടകളിലും ശുചിത്വ സന്ദേശ കാർഡ് വിതരണവും ബോധവത്കരണവും, കാട്ടാക്കട ഗവ. എൽ.പി. സ്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ പ്ലക്കാർഡുകളുമായി വീടുകളും കടകളും സന്ദർശിച്ച് ബോധവത്കരണം, ശുചിത്വ പ്രതിജ്ഞ, ശുചിത്വ ദീപ പ്രയാണം, വാർഡുതല ശുചിത്വ സംഗമം, ഹരിത നിയമ ബോധവത്കരണം എന്നിവയും നടത്തി.

കി ആദരിക്കൽ, വീടുകളിലും കടകളിലും ശുചിത്വ സന്ദേശ കാർഡ് വിതരണവും ബോധവത്കരണവും, കാട്ടാക്കട ഗവ. എൽ.പി. സ്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ പ്ലക്കാർഡുകളുമായി വീടുകളും കടകളും സന്ദർശിച്ച് ബോധവതകരണം, ശുചിത്വ പ്രതിജ്ഞ, ശുചിത്വ ദീപ പ്രയാണം, വാർഡുതല ശുചിത്വ സംഗമം, ഹരിത നിയമബോധവത്കരണം എന്നിവയും നടത്തി.

### ഹരിത ചട്ടം

വ്യാപാര സ്ഥാപനങ്ങളിൽ 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായി നിരോധിച്ചിരിക്കുകയും പഞ്ചായത്തിലും എല്ലാ ഘടകസ്ഥാപനങ്ങളിലും 13 സ്കൂളുകളിലും 38 പൊതുപരിപാടികളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുണ്ട്. ആഡിറ്റോറിയങ്ങൾ, കടകൾ, വാർഡുകളിൽ നടക്കുന്ന പരിപാടികൾ എന്നിവയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്.

## ഹരിത നിയമ നടപടികൾ

മലിനജലമൊഴുക്കി വിടുന്നതിനെതിരെ 15 പേർക്കും മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ എന്നിവയ്ക്കെതിരെ 26 പേർക്കും നോട്ടീസ് നൽകുകയും പരിഹാരം കാണുകയും ചെയ്തു. ജലാശയങ്ങളിലേക്ക് അടുക്കള മാലിന്യം മറ്റ് മലിനവസ്തുക്കൾ എന്നിവ നിക്ഷേപിക്കുന്നതിനെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതിനായി സ്കൂൾ, കോളേജ്, എൻ.എസ്.എസ്. കുട്ടികളുടെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു

## വെല്ലുവിളികൾ – പരിഹാരശ്രമങ്ങൾ

അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ആർ.ആർ.എഫിനെതിരെ പൊതുജനങ്ങളുടെ ഇടയിൽ നിന്നും ഉണ്ടായിരുന്ന എതിർപ്പ് ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ പരിഹരിക്കാൻ കഴിഞ്ഞു.





# ഏലൂരിന്റെ നവ മാതൃക

എറണാകുളം ജില്ലയുടെ ഏകദേശം വടക്കുപടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്ന വ്യവസായ നഗരമാണ് ഏലൂർ. കേരളത്തിൻറെ വ്യവസായങ്ങളുടെ ആസ്ഥാനമായ ഉദ്യോഗ മണ്ഡൽ ഏലൂർ നഗരസഭയിൽ സ്ഥിതി ചെയ്യുന്നു. എഫ്എസിറ്റി, ടിസിസി, ഐആർഇ, എച്ച്ഐഎൽ തുടങ്ങിയ നിരവധി വൻകിട വ്യവസായങ്ങളും അനേകം ചെറുകിട വ്യവസായങ്ങളും ഈ നഗരസഭയിൽ ഉണ്ട്. പെരിയാറിന്റെ രണ്ടു കൈവഴികളാൽ ചുറ്റപ്പെട്ട് ഒരു ദ്വീപായി സ്ഥിതി ചെയ്യുന്ന നഗരസഭയിൽ അനേകം വ്യവസായങ്ങൾ സ്ഥിതി ചെയ്യുന്നത് കൊണ്ടു തന്നെ വലിയ തോതിൽ വ്യാവസായിക മലിനീകരണ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. 2018 ലെ മഹാപ്രളയത്തിൽ വളരെയധികം നാശനഷ്ടങ്ങൾ അനുഭവിച്ച ഒരു പ്രദേശം കൂടിയാണിത്. 2019 ലും വെള്ളം കയറിയതിന്റെ ദുരന്ത ഫലങ്ങൾ അനുഭവിച്ച നഗരസഭയ്ക്ക്, പ്രളയശേഷമുള്ള മാലിന്യ സംസ്കരണം വലിയ വെല്ലുവിളിയായിരുന്നു. കുന്നു കൂടിയ ടൺ കണക്കിന് മാലിന്യങ്ങൾ ഹരിത കേരളം മിഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സമയോചിതമായ സഹകരണത്തോടെ സമയബന്ധിതമായി നീക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞു.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടൽ

വലിയതോതിലുള്ള വിജ്ഞാന വ്യാപനപ്രവത്തനങ്ങളിലൂടെ ‘എൻറെ മാലിന്യം എൻറെ ഉത്തരവാദിത്വം’ എന്ന സന്ദേശം പൊതു ജനങ്ങളിലേക്ക് എത്തിക്കാൻ നഗരസഭയ്ക്കായിട്ടുണ്ട്. തുടർച്ചയായ വർഷങ്ങളിൽ നേരിടേണ്ടി വന്ന പ്രളയം






ഹരിതകർമ്മസേനാംഗങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ, ഹരിതകേരളം മിഷൻ എക്സി. വൈസ് ചെയർപേഴ്സൺ ഡോ ടി.എൻ. സീമ എന്നിവർക്കൊപ്പം.

വെല്ലുവിളിയായെങ്കിലും മാലിന്യ സംസ്കരണമേഖലയിൽ വളരെയേറെ മുന്നോട്ടു പോകുന്നതിനും മറ്റു സ്ഥാപനങ്ങൾക്ക് മാതൃകയാവുന്നതിനും ഏലൂരിന് കഴിഞ്ഞിട്ടുണ്ട്. 1100 വീടുകളിൽ ഗാർഹികതല ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥല പരിമിതിയുള്ള വീടുകളിൽ നിന്നുള്ള ജൈവ മാലിന്യം നഗരസഭയുടെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള അഞ്ച് എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകളിൽ നിക്ഷേപിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു യൂണിറ്റിൽ 10 തുമ്പൂർ മുഴി മോഡൽ ബിന്നുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇനോകുലം, ചകിരിച്ചോർ, കരിയില, എന്നിവ ഉപയോഗിച്ച് ജൈവമാലിന്യം വളമാക്കിമാറ്റി കൃഷിക്ക് പ്രയോജനപ്പെടുത്താനും സ്ഥാപനങ്ങളുടെ ജൈവമാലിന്യ പരിപാലനത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച ആശുപത്രികളുടെ എണ്ണം രണ്ടും മറ്റു സ്ഥാപനങ്ങൾ 15 ഉം ആണ്.

ഹരിതകർമ്മസേനാംഗങ്ങൾ എല്ലാ മാസവും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള തീയതികളിൽ വീടുകളിൽ നിന്ന് അജൈവമാലിന്യ ശേഖരണം നടത്തിവരുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ താൽക്കാലികമായി തരംതിരിച്ച് സൂക്ഷിച്ച് വയ്ക്കുന്നതിന് നഗരസഭയ്ക്ക് സ്ഥിരമായ എംസിഫ് ഇല്ല. നിലവിൽ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യങ്ങൾ എയറോബിക് കാമ്പോസ്റ്റിങ് യൂണിറ്റുകളോട് ചേർന്ന് താത്കാലികമായി സൂക്ഷിച്ചു വയ്ക്കുകയാണ് ചെയ്തുവരുന്നത്. ഇത് സ്വകാര്യ ഏജൻസിയെ ഏല്പിച്ചു നിർമാർജനം ചെയ്ത് വരികയാണ്. 2018 ഏപ്രിൽ മുതൽ 2018 ജൂലൈ വരെ ശേഖരിച്ച 24250 കി ഗ്രാം അജൈവമാലിന്യങ്ങൾ, ഓസോൺ വേസ്റ്റ് സൊല്യൂഷൻ എന്ന കമ്പനിയുടെ സഹായത്തോടെയും ശേഷം 2019 മുതൽ ശേഖരിച്ച 108460 കി ഗ്രാം അജൈവമാലിന്യങ്ങൾ ഇക്കോ ഗ്രീൻ എന്ന ഏജൻസി വഴിയുമാണ് നഗരസഭയിൽ നിന്ന് കൊണ്ടുപോയത്. 2018, 2019 വർഷങ്ങളിൽ പ്രളയശേഷം അടിഞ്ഞുകൂടിയ 223 ടൺ അജൈവമാലിന്യങ്ങൾ പ്രൊഫഷണൽ ഏജൻസിയുടെ സഹായത്തോടെ നിർമാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 7000 വീടുകളിൽ നിന്നും ഗോഡൗണുകൾ ഒഴികെയുള്ള ലൈസൻസോടെ പ്രവൃത്തിക്കുന്ന 972 വ്യാപാര സ്ഥാപനങ്ങളിൽ 770 ൽ നിന്നും ജൈവ അജൈവമാലിന്യങ്ങൾ ശേഖരിക്കുകയും ഫീ ഈടാക്കുക





യും ചെയ്യുന്നു. ഗോഡൗണുകൾക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

31 വാർഡുകളിലായി 19 ഹരിതകർമ്മസേനാംഗങ്ങൾ ആണ് പ്രവർത്തിക്കുന്നത്. അജൈവ മാലിന്യം ശേഖരിക്കുന്നതിന് യൂസർ ഫീ ആയി 50 രൂപ ഓരോ വീട്ടിൽ നിന്നും ഈടാക്കുന്നു. ഹരിതകർമസേനാംഗങ്ങൾക്ക് പ്രതിമാസം 14000 രൂപ വരുമാനമുണ്ട്. ഇതിൽ 1,00,000 യൂസർ ഫീ ഇനത്തിലും 1,66, 000 രൂപ വി ജി എഫിൽ നിന്നും ആണ് കൊടുക്കുന്നത്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കിയിട്ടുണ്ട്. ഹരിതകർമസേനയെ സ്വയം പര്യാപ്തമാക്കാൻ ഇതുവഴി കഴിയും.

നഗരസഭയുടെ തുമ്പൂർമുഴി യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു. വീട്ടുമുറ്റത്തു കൃഷി ചെയ്യുന്നവർക്കും മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർക്കുമാണ് സൗജന്യമായി വളം വിതരണം ചെയ്യുന്നത്. പുനരുപയോഗം ശീലമാക്കുക എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് ഉപയോഗക്ഷമമായ ഉത്പന്നങ്ങൾ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനായി ഒരു സ്വാപ്പ് ഷോപ് പാതാളത്ത് പ്രവർത്തിക്കുന്നുണ്ട്. “ഇനിയില്ല ഇ വേസ്റ്റ്” എന്ന പേരിൽ ജില്ലാ ഹരിത കേരളം മിഷനുമായി ചേർന്ന്, നഗരസഭാ പരിധിയിലെ ട്യൂബ്ലൈറ്റുകളും സിഎഫ്എൽ ലൈറ്റുകളുമുൾപ്പെടെ ആപത്കരമായ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുക












യുണ്ടായി. പ്രസ്തുത പരിപാടിയുടെ ഫ്ളാഗ് ഓഫ് ബഹു. തദ്ദേശ ഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ 2019 ജനുവരി 26 ന് നിർവഹിക്കുകയുണ്ടായി. ആറ് ടണ്ണോളം ആപത്കര മാലിന്യങ്ങൾ അന്നേ ദിവസം തന്നെ നഗരസഭാ പരിധിയിൽ നിന്ന് ശാസ്ത്രീയ സംസ്കരണത്തിന് കൈമാറി.

മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ, ഒഴുക്കിവിടൽ എന്നിവയ്ക്കെതിരെ കർശനമായ നിയമ നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നു. 30 കേസുകളിലായി സ്പോട്ട് ഫൈൻ ഇനത്തിൽ 32770 രൂപ നഗരസഭ നേരിട്ടും 75000 രൂപ പോലീസ് അധികാരികൾ മുഖേനയും പിഴ ഈടാക്കിയിട്ടുണ്ട്. സെപ്റ്റിക് ടാങ്ക് മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിച്ചതിനു ആറ് വാഹനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു.

സമഗ്ര മാലിന്യ സംസ്കരണ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന് പരസ്യങ്ങൾ, ഫ്ളാഷ് മൊബ്, വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണം മാതൃകാ വാർഡുകളിൽ കർമ്മ സമിതിയുടെ പ്രവർത്തനം തെരുവ് നാടകങ്ങൾ, മതിലെഴുത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടത്തിവരുന്നു.

ജൈവമാലിന്യ സംസ്കരണ രംഗത്ത് മാതൃകാപരമായി മുന്നേറാൻ നഗരസഭയ്ക്ക് ആയെങ്കിലും, അജൈവ മാലിന്യ സംസ്കരണം ഇപ്പോഴും വലിയ വെല്ലുവിളി സൃഷ്ടിക്കുന്നു. നഗരസഭയിൽ അജൈവ മാലിന്യം ശേഖരിക്കുന്നതിന് സ്ഥിരമായൊരു എംസിഫ് ഇതുവരെ ആയിട്ടില്ല. ഇവ തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് പ്ലാന്റുകളുടെ സമീപത്ത് ശേഖരിച്ചു സൂക്ഷിക്കുകയാണ്. ഇത് പൊതുജനങ്ങൾ ദുരുപയോഗപ്പെടുത്തി മാലിന്യം റോഡരികിൽ നിക്ഷേപിക്കുന്ന പ്രവണതയുണ്ട്. പൊതുജനങ്ങൾ ജൈവ-അജൈ

## എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കാൻ നിരവധി വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ ഏലൂർ നഗരസഭ നടത്തിയിട്ടുണ്ട്. സ്ഥലപരിമിതിയുള്ള വീടുകളുടെ ജൈവ മാലിന്യ സംസ്കരണത്തിനായി 10 ബിന്നുകളടങ്ങുന്ന തുമ്പൂർ മുഴി എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 5 പൊതു ഇടങ്ങളിലായി സ്ഥാപിച്ചിട്ടുമുണ്ട്. ഈ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവവളം വീട്ടുമുറ്റത്തും മട്ടുപ്പാവിലും കൃഷി ചെയ്യുന്ന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു.

കുട്ടികളിൽ പുനരുപയോഗ ശീലം കൊണ്ടുവരുന്നതിന് വേണ്ടി ഒരു സ്വാപ്പ് ഷോപ് പാതാളത്ത് പ്രവർത്തിക്കുന്നു.

വ മാലിന്യം വേർതിരിച്ചു നൽകാത്തതും ഹരിതകർമസേനാംഗങ്ങൾക്ക് വളരെ അധികം വെല്ലുവിളിയാകുന്നുണ്ട്.

ഷ്രഡിംഗിനും ബെയ്‌ലിങ്ങിനുമുള്ള മെഷിനറി നഗരസഭ വാങ്ങിച്ചിട്ടുണ്ട്. റിസോഴ്സ് റിക്കവറി സെന്റർ പ്രവർത്തനക്ഷമമായാൽ പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യ സംസ്കരണത്തിൽ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവും.

നഗരസഭയുടെ തുമ്പൂർമുഴി യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു. വീട്ടുമുറ്റത്തു കൃഷി ചെയ്യുന്നവർക്കും മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർക്കുമാണ് സൗജന്യമായി വളം വിതരണം ചെയ്യുന്നത്. പുനരുപയോഗം ശീലമാക്കുക എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് ഉപയോഗക്ഷമമായ ഉത്പന്നങ്ങൾ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനായി ഒരു സ്വാപ്പ് ഷോപ് പാതാളത്ത് പ്രവർത്തിക്കുന്നുണ്ട്. “ഇനിയില്ല ഇ വേസ്റ്റ്” എന്ന പേരിൽ ജില്ലാ ഹരിത കേരളം മിഷനുമായി ചേർന്ന്, നഗരസഭാ പരിധിയിലെ ട്യൂബുലൈറ്റുകളും സിഎഫ്എൽ ലൈറ്റുകളുമുൾപ്പെടെ ആപത്കരമായ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുണ്ടായി.



## ‘ഇനിയില്ല ഇ-വേസ്റ്റ്’

‘ഇനിയില്ല ഇ-വേസ്റ്റ്’ എന്നപേരിൽ ജില്ല ഹരിതകേരളം മിഷനുമായി ചേർന്ന് നഗരസഭാ പരിധിയിലെ ആപത്കരമായ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്ന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഫ്ളാഗ് ഓഫ് ചെയ്യുകയുണ്ടായി. അന്നേ ദിവസം തന്നെ, സി എഫ് എൽ ലൈറ്റുകളും, ട്യൂബുലൈറ്റുകളും ഉൾപ്പെടെയുള്ള ആറ് ടണ്ണോളം വരുന്ന ആപത്കരമായ മാലിന്യങ്ങൾ ശാസ്ത്രീയ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിക്ക് കൈമാറി.




പ്ലാൻ ഫണ്ടിൻറെ 15% പൂർണ്ണമായി ശുചിത്വ മേഖലയ്ക്ക് വകയിരിത്തിയിട്ടുണ്ട്. തനതുഫണ്ട്, ശുചിത്വമിഷൻ ഫണ്ട്, സ്വച്ഛ ഭാരത് മിഷൻ ഫണ്ട് എന്നിവയും ഈ മേഖലയ്ക്കുവേണ്ടി ഉപയോഗിക്കുന്നു. ആർആർഎഫ്, എംസിഎഫ് എന്നിവ നടപ്പ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇൻസിനറേറ്റർ, വെൻഡിങ് മെഷീൻ, ബക്കറ്റ് കമ്പോസ്റ്റ്, ബയോഗ്യാസ്പ്ലാന്റ് എന്നിവയും വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പ്രോജെക്ടുകളും നിർവഹണ പഥത്തിൽ എത്തുന്നതോടെ ഏലൂർ നഗരസഭയിലെ ജൈവ-അജൈവ മാലിന്യ സംസ്കരണ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനാവും.

കേന്ദ്രസർക്കാരിന്റ സ്വച്ഛ് സർവേക്ഷൻ 2019 അവാർഡിൽ സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനവും ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും ഏലൂർ നഗരസഭയ്ക്കു നേടാൻ സാധിച്ചിട്ടുണ്ട്.



# മാലിന്യ വിമുക്തി ലക്ഷ്യമിട്ട് മൂവാറ്റുപുഴ

നഗരസഭയായി പ്രഖ്യാപിക്കപെട്ട 1958-ൽ മുവാറ്റുപുഴ കേരളത്തിലെ ഏറ്റവും പഴക്കംചെന്ന നഗരസഭകളിൽ ഒന്നാണ്. തൊടുപുഴയാർ, കോതമംഗലം പുഴ, കാളിയാർ എന്നി പുഴകളുടെ സംഗമസ്ഥാനമാണ് മൂവാറ്റുപുഴ. 1914-ൽ നിർമ്മിച്ച മൂവാറ്റുപുഴ പഴയപാലം ഏഷ്യയിലെ ആദ്യത്തെ കോൺക്രീറ്റ് പാലമാണ്.

എറണാകുളം ജില്ലയുടെ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഈ മുൻസിപ്പാലിറ്റി, മൂവാറ്റുപുഴ താലൂക്കിൽ മൂവാറ്റുപുഴ അസംബ്ലി നിയോജക മണ്ഡലത്തിന്റെയും ഇടുക്കി ലോക്സഭാ മണ്ഡലത്തിന്റെയും ഭാഗമാണ്. ഒരു ഇടത്തരം നഗരമായ ഇവിടത്തെ ജനസംഖ്യ 2011 കാനേഷുമാരി കണക്കനുസരിച്ച് 30397 ഉം, വിസ്തൃതി 13.18 സ്ക്വയർ കി മീറ്ററുമാണ്, വാർഡുകളുടെ എണ്ണം 28, ആകെ വീടുകൾ 8200 ഉം സ്ഥാപനങ്ങൾ 3140 ഉം ആണ്. ശരാശരി മൂന്ന് ടൺ ജൈവമാലിന്യവും ഒരു ടൺ അജൈവമാലിന്യവും ഉണ്ടാവുന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കുന്നതുവരെ 28 കുടുംബശ്രീ തൊഴിലാളികൾ മുൻസിപ്പൽ വാഹനം ഉപയോഗിച്ച് മാലിന്യം വേർതിരിക്കാതെ ശേഖരിക്കുകയും നഗരസഭയുടെ ഡംപിങ് യാർഡിൽ നിക്ഷേപിക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. വീടുകളിൽ നിന്നും ശേഖരിക്കുന്ന യൂസർഫീ തുല്യമായി വീതിച്ചെടുക്കുകയാണ് അവർ ചെയ്തിരുന്നത്. ആകെയുള്ള 8200 വീടുകളിൽ 750 ഉം 3140 സ്ഥാപനങ്ങളിൽ 1057 എണ്ണവും മാത്രമായിരുന്നു നിലവിലുണ്ടായിരുന്ന സംവിധാനത്തിന്റെ സേവനം ഉപയോഗിച്ചിരുന്നത്.



’എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം’ എന്ന സന്ദേശം ജനങ്ങളിലെത്തിച്ചു. ഗാർഹിക വാണിജ്യ ഉപഭോക്താക്കൾക്ക് അതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും സബ്സിഡിയോടുകൂടിയ സംസ്കരണ ഉപാധികളും നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ, ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങൾ തുടങ്ങി നഗരസഭാപരിധിയിലുള്ള എല്ലാ മേഖലകളിലും ഹരിത പെരുമാറ്റച്ചട്ടം ബാധകമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ സിവിൽ സ്റ്റേഷനിലെ 26 ഓഫീസുകൾ ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നു. മുൻസിപ്പാലിറ്റിയിൽ നടക്കുന്ന എല്ലാ പരിപാടികളും ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഹരിത കർമസേന

നിലവിലുണ്ടായിരുന്ന കുടുംബശ്രീ അംഗങ്ങളെ ഹരിതകർമസേന അംഗങ്ങളാക്കി പുനഃസംഘടിപ്പിക്കുകയും ഹരിത മുവാറ്റുപുഴ എന്ന പേരിൽ 2019 മുതൽ പുതിയ പദ്ധതിക്ക് തുടക്കം കുറിക്കുകയുമുണ്ടായി. തുടർന്ന് ഹരിതകർമസേനയ്ക്കും ജനപ്രതിനിധികൾ



ക്കും മുൻസിപ്പൽ തലത്തിലെ വിവിധ വിഭാഗങ്ങൾക്കും വേണ്ടി പ്രത്യേകം പ്രത്യേകമായി പരിശീലനങ്ങൾ ഹരിത കേരളം മിഷനും, ശുചിത്വ മിഷനും, ഹരിത സഹായസ്ഥാപനമായ നോർത്ത് ആംസും ചേർന്ന് സംഘടിപ്പിച്ചു. 2019 ജുലൈ 2 മുതൽ ഒക്ടോബർ 5 വരെ നടത്തപ്പെട്ട എട്ട് പരിശീലന പരിപാടികളിൽ 123 പേർ പങ്കെടുത്തു. 2019 ഒക്ടോബർ



ഒന്നാം തീയതി മുതൽ വീടുകളിൽ നിന്നും ജൈവ മാലിന്യങ്ങൾ സ്വീകരിക്കുന്നത് അവസാനിപ്പിച്ചു. യൂസർ ഫീ 150 രൂപയിൽ നിന്ന് 50 രൂപയായി കുറച്ചു. തുടർന്ന് സ്ഥാപങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും മാലിന്യം കർശനമായ ഉപാധികളോടെ തരംതിരിച്ച് സ്വീകരിക്കുന്നതിനും സമയപരിധി നിശ്ചയിച്ചു. ശേഖരിക്കുന്ന മാലിന്യങ്ങൾ ഡംപിങ് യാർഡിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർ മുഴി ബിന്നുകളിൽ സംസ്കരിച്ചു തുടങ്ങി. സ്ഥാപങ്ങളെ അവരുൽപാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവനുസരിച്ച് ഗ്രേഡ് നിശ്ചയിച്ച് യൂസർ ഫീ ഈടാക്കി. ഗാർഹിക ഉപഭോക്താക്കൾക്ക് 124 ബയോ പോട്ടുകൾ, 15 ബയോ ഗ്യാസ് പ്ലാൻറ് 1175 പൈപ്പ് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്തു. പുനരുപയോഗിക്കാവുന്ന സ്ക്രാപ് ഉത്പന്നങ്ങളുടെ വിൽപ്പനയിലും വർദ്ധനവുണ്ടായി. പ്ലാസ്റ്റിക് മാലിന്യം ഹരിത സഹായ സ്ഥാപനമായ നോർത്ത് ആംസ്, സ്വകാര്യ സംരംഭകരുമായി ചേർന്ന് നീക്കം ചെയ്യുകയാണ് ചെയ്യുന്നത്.

## ബോധവത്കരണവും നിയനടപടികളും

ബോധവത്കരണം പൂർണമാക്കൻ പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 28 വാർഡുകളിലായി 2019 ആഗസ്റ്റ് 5 മുതൽ നവംബർ 6 വരെ 47 പരിശീലന പരിപാടികളിലായി 1515 ആളുകൾ പങ്കെടുത്തു. 2019 ജൂലൈ മുതലായിരുന്നു യൂസർഫീ പിരിക്കുന്നത് ഹരിത കർമസേന ഏറ്റെടുക്കുന്നത് 1.07.19 മുതൽ 31.10.19 വരെ 16,47,350 രൂപ യൂസർ ഫീ ഇനത്തിൽ പിരിച്ചെടുക്കുകയുണ്ടായി. ഹരിത കർമസേനയെ സ്വയം പര്യാപ്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ഇതുകൊണ്ട് സാധിക്കും. ഒരു ഹരിതകർമസേന അംഗത്തിന് പ്രതിമാസം 15000 രൂപ വരുമാനമുണ്ട്. മാലിന്യം വലിച്ചെറിയുന്നവരെ പിടികൂടാനും പിഴയീടാക്കാനും നഗരസഭ സ്ക്വാഡുകൾ രൂപികരിച്ചു. രാത്രികാല പട്രോളിങ് ശക്തമാക്കി. 39 പേർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും 63500 രൂപ പിഴയീടാക്കുകയും ചെയ്തു.

## ഹരിത പെരുമാറ്റച്ചട്ടം

'എന്റെ മാലിന്യം എൻറെ ഉത്തരവാദിത്വം' എന്ന സന്ദേശം ജനങ്ങളിലെത്തിച്ചു. ഗാർഹിക വാണിജ്യ ഉപഭോക്താക്കൾക്ക് അതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും സബ്സീഡിയോടുകൂടിയ സംസ്കരണ ഉപാധികളും നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ, ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങൾ തുടങ്ങി നഗരസഭാ പരിധിയിലുള്ള എല്ലാ മേഖലകളിലും ഹരിത പെരുമാറ്റച്ചട്ടം ബാധകമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ സിവിൽ സ്റ്റേഷനിലെ 26 ഓഫീസുകൾ ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നു. മുൻസിപ്പാലിറ്റിയിൽ നടക്കുന്ന എല്ലാ പരിപാടികളും ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വെല്ലുവിളികളും പരിഹാരങ്ങളും

ഗാർഹിക ഗുണഭോക്താക്കൾക്കുള്ള ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ പാവപ്പെട്ടവർക്ക് സൗജന്യമായും, മറ്റുള്ളവർക്ക് സബ്സിഡിയോട് കൂടിയും ലഭ്യമായി തുടങ്ങുകയും നഗരസഭയിലെ 50 % വീടുകളും മുഴുവൻ സ്ഥാപനങ്ങളും പദ്ധതിയുടെ ഭാഗമാകുകയും ചെയ്താൽ തന്നെ ഹരിത കർമസേനയ്ക് സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കും. 2020 മാർച്ച് മാസത്തോടെ 80 % വീടുകളിലും പദ്ധതി പ്രാവർത്തികമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള തീവ്ര ശ്രമങ്ങൾ നടന്നുവരികയാണ്.



# പുതുമാതൃകകളുമായി വടക്കൻ പറവൂർ

വടക്കൻ പറവൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വടക്കൻ പറവൂർ നഗരസഭയിലെ ആകെ ജനസംഖ്യ 31506 ആണ്. 9.2 ച.കി.മീ. വിസ്തീർണ്ണത്തിൽ 29 വാർഡുകൾ ഉൾക്കൊള്ളുന്ന ഒരു ചെറിയ പട്ടണപ്രദേശമാണിത്. നഗരപരിധിയിൽ 8964 വീടുകളും 2800 വ്യാപാര സ്ഥാപനങ്ങളുമാണ് ഉള്ളത്. മത്സ്യബന്ധന സംബന്ധമായ പ്രവർത്തനങ്ങൾ, ചെറുകിട വ്യവസായം, കൈത്തറി അനുബന്ധപ്രവർത്തനങ്ങൾ എന്നിവയാണ്, നഗരസഭയിലെ ജനങ്ങളുടെ പ്രധാന വരുമാനസ്രോതസ്സ്.

## മാലിന്യ സംസ്കരണം

ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും ഇവിടെ വളരെ നല്ല രീതിയിൽ തരംതിരിച്ച് സംസ്ക്കരിച്ചു പോകുന്നു. പ്രതിദിനം 7.4 ടൺ ജൈവമാലിന്യവും 2.1 ടൺ അജൈവമാലിന്യവും മുൻസിപ്പാലിറ്റിയിൽ രൂപപ്പെട്ടുവരുന്നു. സംസ്കരണത്തിനായി മണ്ണിര കമ്പോസ്റ്റിങ്, വിൻഡ്രോ കമ്പോസ്റ്റിങ് എന്നീ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. നഗരസഭയിലെ 10-ാം വാർഡിലെ വെടിമറയിൽ സ്ഥിതി ചെയ്യുന്ന ഡംപിങ് ഗ്രൗണ്ടിൽ വിൻഡ്രോ കമ്പോസ്റ്റിങ് കപ്പാസിറ്റി 12-15 ടണ്ണും മണ്ണിര കമ്പോസ്റ്റിങ് കപ്പാസിറ്റി 6.7 ടണ്ണുമാണ്. ഒരു ദിവസം 4 ടൺ ജൈവവളം ഉൽപ്പാദിപ്പിക്കുന്നു. ഉറവിട മാലിന്യസംസ്കരണത്തിന് 4600 വീടുകളിൽ, പദ്ധതിയിലുൾപ്പെടുത്തി പൈപ്പ് കമ്പോസ്റ്റിങ് യൂണിറ്റുകൾ സ്ഥാപിച്ചു.



മാലിന്യ സംസ്കരണത്തിൽ നഗരസഭ ഏറ്റവും വലിയ വെല്ലുവിളി നേരിടുന്നത് അജൈവ മാലിന്യ സംസ്കരണത്തിലാണ്. പറവൂർ നഗരസഭയിലെ അജൈവ മാലിന്യ സംസ്കരണത്തിനായി 180 ഹരിതകർമ്മ സേന അംഗങ്ങൾ 29 വാർഡുകളിലെ എല്ലാ വീടുകളിലും നിന്നുമായി 50 രൂപ യൂസർഫീ വാങ്ങി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി







പുനരുപയോഗം പ്രോത്സാഹിപ്പിക്കുക എന്ന സന്ദേശം സ്കൂൾ കുട്ടികളിലേക്കത്തിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റേയും ശുചിത്വ മിഷന്റേയും സഹകരണത്തോടെ പറവൂർ നഗരസഭയിലെ കുടുംബശ്രീ യൂണിറ്റുകൾ 3500 തുണി പൗച്ചുകൾ നിർമ്മിച്ച് ചങ്ങാതിചെപ്പ് എന്ന പേരിൽ അധ്യായന വർഷാരംഭത്തിൽ സ്കുൾ കുട്ടികൾക്ക് വിതരണം ചെയ്തു.

Collectors@school മാലിന്യം വേർതിരിച്ചു സൂക്ഷിക്കുന്ന സ്വഭാവം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി മൂന്ന് സ്കൂളുകളിൽ Collectors@school എന്ന ജില്ലാതല ഉദ്ഘാടനം നടത്തി.

പറവൂർ നഗരത്തിലെ പ്രധാന ആരാധനാലയമായ മൂകാംബിക ക്ഷേത്രത്തിലും നവരാത്രി ആഘോഷത്തിനും കോട്ടയ്ക്കാവ് പള്ളിയിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി.





ശേഖരിക്കുന്നു. മൂന്ന് മാസത്തിൽ ഒരിക്കൽ ഇ – വേസ്റ്റ് ശേഖരിക്കുന്നു. ഇങ്ങനെ ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 1Kg യ്ക്ക് 5.10 രുപ നിരക്കിൽ എൻ.ജി.ഒ ആയ 'ഇക്കോ ഗ്രീൻ' ന് കൈമാറുന്നു. വീടുകളിൽ നിന്നും പ്രതിമാസം ഏകദേശം 2,52,000 രൂപയും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 60,000 രൂപയും മറ്റു വരുമാനമായി 32000 രൂപയും ചേർന്ന് ആകെ കിട്ടുന്ന 3,44,000 രൂപയും ബാക്കി വരുന്ന തുക അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സർക്കാർ അനുവാദത്തോടെ ഒരോ ഹരിത കർമ്മസേനാംഗത്തിനും 6900 രുപ പ്രതിമാസം കൊടുക്കുവാൻ സാധിക്കുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം വൈവിധ്യവൽകരിച്ച് സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ മുന്നോട്ടു പോവുന്നുണ്ട്.

കൂടാതെ ഹോട്ടലുകളിലും മറ്റു വ്യാപാര സ്ഥാപനങ്ങളിലും നിന്നും ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ മാലിന്യത്തിന്റെ അളവിനനുസരിച്ച് മാസംതോറും 100 രൂപ മുതൽ 3000 രൂപ വരെ ഫീസ് നഗരസഭ ഈടാക്കി മാലിന്യം സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ സംസ്കരിക്കുന്ന മാലിന്യങ്ങൾ വിൻഡ്രോ കമ്പോസ്റ്റായും തൂമ്പൂർമുഴി മോഡൽ വഴിയും വളമാക്കി മാറ്റുന്നു.

## ഹരിതപെരുമാറ്റം കർശനമാക്കുന്നു

ജവർഹലാൽ നെഹ്റുവിന്റെ ജൻമദിനത്തോടനുബന്ധിച്ച് നവമ്പർ14ന് നഗരസഭ പുതുതായി ഒരു പദ്ധതി ആരംഭിച്ചു.

1. ഹോട്ടൽ ആൻഡ് റസിഡന്റ്സ് അസോസിയേഷനുമായി സഹകരിച്ച് ഇനി മുതൽ ഹോട്ടലിൽ നിന്നും പാഴ്സൽ വാങ്ങുന്ന ആളുകൾ പാത്രങ്ങൾ കൊണ്ടു വരികയാണെങ്കിൽ അവർ വാങ്ങുന്ന ഭക്ഷണത്തിന് 5% ഡിസ്ക്കൗണ്ട് നൽകുന്നതിന് ധാരണയായി.



2. വ്യാപാര സ്ഥാപനങ്ങളിൽ ഇതേ പദ്ധതി നടപ്പിലാക്കുന്നതിന് വ്യാപാരി വ്യവസായി അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്തിവരുകയാണ്.

3. ഓഡിറ്റോറിയങ്ങളിലെ വിവാഹസത്കാരങ്ങൾക്കും, മറ്റ് ആഘോഷങ്ങൾക്കും ഹരിത നിയമാവലി കർശനമായി നടത്തിവരികയാണ്. ഇതിനോടനുബന്ധിച്ച് നഗരസഭ സ്റ്റീൽ പാത്രങ്ങളും, സ്റ്റീൽ ഗ്ലാസ്സുകളും വിതരണം ചെയ്ത് വരുന്നു.

4. സൂപ്പർമാർക്കറ്റുകളിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ കർശനമായി നിരോധിച്ചതിനെ തുടർന്ന് തുണി സഞ്ചി ഉപയോഗിച്ചു വരുന്നു.





വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭയുടെ ഷ്രെഡ് യൂണിറ്റിൽ പൊടിക്കുന്നു. രണ്ട് വർഷകാലമായി നഗരസഭയുടെ 10 കിലോമീറ്ററുകളോളം റോഡുകൾ ടാർ ചെയ്യുന്നതിനായി ഇത്തരത്തിൽ ഷ്രെഡ് ചെയ്ത് നൽകിയ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നു.

## ഇതര പ്രവർത്തനങ്ങൾ

തയ്യൽകടകളിൽ നിന്നുള്ള വെട്ടുതുണി കഷ്ണങ്ങൾ ശേഖരിച്ച് കുടുംബശ്രീ യൂണിറ്റുകളും സ്വയം തൊഴിൽ സംരഭങ്ങളും ആകർഷകമായ പെൻസിൽ പൗച്ച്, തുണിസഞ്ചികൾ എന്നിവ നിർമ്മിക്കുന്നു. ഇത് നഗരസഭയുടെ എല്ലാ മാസവും നടക്കുന്ന കുടുംബശ്രീ മേളയിലെ ഇക്കോ ഷോപ്പിലൂടെ വിറ്റഴിച്ചു വരുന്നു. പൊതുനിരത്തിലും ജലാശയങ്ങളിലും വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ കണ്ടുപിടിക്കുനതിനായി ക്യാമറകൾ സ്ഥാപിക്കുകയും കൂടാതെ ഹെൽത്ത് സ്ക്വാഡ് പ്രവർത്തനത്തിലൂടെയും മാലിന്യം നിക്ഷേപിക്കുന്നവരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 വർഷങ്ങളിലായി 15 പേർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും, 23790 രൂപ പിഴ ഈടാക്കുകയും ചെയ്തു.

## പ്രചരണപരിപാടികൾ

അജൈവമാലിന്യങ്ങളുടെ അളവ് കുറയ്ക്കൽ, പുനചംക്രമണം എന്നിവ പ്ലാസ്റ്റിക് ഉപയോഗത്തെക്കുറിച്ചുള്ള ബോധവത്ക്കരണത്തിനായി വാർഡുകൾതോറും 50 വീടുകൾ കേന്ദ്രീകരിച്ച് Zero Waste on Ground Campaign നടത്തിയാണ് പ്ലാസ്റ്റിക് ശേഖരണ പ

### കിളിക്കൂടം പദ്ധതി

ഹരിത സന്ദേശവും പ്രകൃതി സ്നേഹവും ജനങ്ങൾക്ക് നൽകുന്നതിനായി പറവൂർ നഗരസഭ അവതരിപ്പിച്ച മറ്റൊരു മാതൃക പദ്ധതിയാണ് കിളിക്കൂടം പദ്ധതി. വേനൽക്കാലത്ത് കിളികൾക്ക് ദാഹശമനത്തിനായി സൗജന്യമായി മൺചട്ടികൾ നൽകി അവ നഗരത്തിലെ എല്ലാ വിദ്യാലയങ്ങളിലും, അംഗൻവാടികളിലും തെരഞ്ഞെടുക്കപ്പെട്ട ഭവനങ്ങളിലും നൽകി നന്നായി പ്രവർത്തിക്കുന്നു.




### ചങ്ങാതിച്ചെപ്പ്

തയ്യൽ ഷോപ്പുകളിൽ നിന്നും മറ്റും പുറംതള്ളപ്പെടുന്ന ഉപയോഗശൂന്യമായ വെട്ടുകഷ്ണങ്ങൾ ഉപയോഗിച്ചുകൊണ്ട് ചങ്ങാതിചെപ്പ് എന്ന പേരിൽ പെൻസിൽ പൗച്ചസും മഷിപ്പേനയും നഗരസഭ അതിർത്തിയിലുള്ള എല്ലാ എൽ.പി., യു.പി കുട്ടികൾക്കും സൗജന്യമായി നൽകി.

ദ്ധതിയിൽ ആളുകളെ ചേർക്കാനായത്. നിർബന്ധമായും ഈ പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ട് കർശനനിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ ഫ്ളാഷ് മോബ്, തെരുവുനാടകം, ജാഗ്രതോത്സവം എന്നിവ നടത്തി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## ഗ്രീൻ പ്രോട്ടോകോൾ

പുനരുപയോഗം പ്രോത്സാഹിപ്പിക്കുക എന്ന സന്ദേശം സ്കൂൾ കുട്ടികളിലേക്കത്തിക്കുന്നതിന്റെ ഭാഗമായി ഹരിതകേരള മിഷന്റേയും ശുചിത്വ മിഷന്റേയും സഹകരണത്തോടെ പറവൂർ നഗരസഭയിലെ കുടുംബശ്രീ യൂണിറ്റുകൾ 3500 തുണി പൗച്ചുകൾ നിർമ്മിച്ച് ചങ്ങാതി ചെപ്പ് എന്ന പേരിൽ അധ്യായന വർഷാരംഭത്തിൽ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്തു.

Collectors@school മാലിന്യം വേർതിരിച്ചു സൂക്ഷിക്കുന്ന സ്വഭാവം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി മൂന്ന് സ്കൂളുകളിൽ Collectors@school എന്ന ജില്ലാതല ഉദ്ഘാടനം നടത്തി.

പറവൂർ നഗരത്തിലെ പ്രധാന ആരാധനാലയമായ മൂകാംബിക ക്ഷേത്രത്തിലും നവരാത്രി ആഘോഷത്തിനും കോട്ടയ്ക്കാവ് പള്ളിയിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി. മാലിന്യം കുമിഞ്ഞുകൂടിയിരുന്ന പഷ്ണിതോടും ചന്തപ്പുര തോടും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയോളം ചെലവ് ചെയ്ത് നീരൊഴുക്ക് വർദ്ധിപ്പിച്ചു.



# പുതുവഴികളിലൂടെ പൂതൃക്ക

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ കുന്നത്തുനാട് അസംബ്ലി നിയോജകമണ്ഡലത്തിൽ വടവുകോട് ബ്ലോക്കിൽ ഉൾപ്പെടുന്നു പൂതൃക്ക പഞ്ചായത്ത്. 25.56 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിലെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 18330 ആണ്. 14 വാർഡുകളിലായി 6025 വീടുകളും 514 സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. ഗ്രാമപഞ്ചായത്തിലെ കോലഞ്ചേരി പട്ടണത്തിൽ ബ്ലോക്കിന്റെ ആർ ആർ എഫ് സ്ഥാപിക്കുന്നതോടെയാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 90% സ്ഥാപനങ്ങളും കോലഞ്ചേരിയിലാണ് സ്ഥിതി ചെയ്യുന്നത്.

ശക്തമായ IEC പ്രവർത്തനങ്ങളുടെ ഫലമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ വീട്ടുടമകളും സ്ഥാപന ഉടമകളും വൃത്തിയായി സൂക്ഷിച്ച് ആർആർഎഫിൽ എത്തിച്ചുകൊടുക്കുന്ന വേറിട്ട രീതി പൂതൃക്ക പഞ്ചായത്തിൽ ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്നു.

## മാലിന്യ പരിപാലനത്തിനായി നടത്തിയ ഇടപെടലുകൾ

2019 ൽ നടത്തിയ സർവ്വേ പ്രകാരം പ്രതിദിനം അഞ്ച് ടൺ ജൈവ മാലിന്യവും 500 കി ഗ്രാം അജൈവ മാലിന്യവും രൂപപ്പെടുന്നു. ജൈവമാലിന്യങ്ങൾ പൊതുഇടങ്ങളിൽ കേന്ദ്രീകരിച്ചു സംസ്കരിക്കുന്ന രീതി ഗ്രാമപഞ്ചായത്തിനില്ല. ഹരിത കർസേനയിൽ 26 അംഗങ്ങൾ ഉണ്ട്. അതിൽ നാല് പേർ ആർആർഎഫിൽ ഷ്രെഡിങ് ബെയിലിങ്ങ് പ്രവർത്തനങ്ങളിൽ



ഏർപ്പെട്ടുവരുന്നു. വീടുകളിൽ നിന്നും 30 രൂപയും സ്ഥാപനങ്ങളിൽ നിന്നും 50 രൂപയും യൂസർ ഫീ ശേഖരിക്കുന്നു. 2500 കിലോഗ്രാം തരം തിരിച്ച പ്ലാസ്റ്റിക് ബെയിൽ ചെയ്തും 7500 കിലോ ഗ്രാം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്കും ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഹരിത കർമ്മ സേനയ്ക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഹരിത സഹായസ്ഥാപനത്തെ പഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുണ്ട്. കോലഞ്ചേരി ടൗണിലുള്ള പഞ്ചായത്ത്



ഷോപ്പിംഗ് കോംപ്ലെക്സിലാണ് ആർആർഎഫ്, എംസിഎഫ് എന്നിവ പ്രവർത്തിച്ചവരുന്നത്. 1800 ചതുരശ്രഅടി വിസ്തീർണത്തിൽ രണ്ട് നിലകളിലായി എംസിഎഫ് പ്രവർത്തിക്കുന്നു. മാസത്തിൽ ശരാശരി 92 കിലോഗ്രാം പ്രോസെസ്സഡ് പ്ലാസ്റ്റിക്, 62 കിലോ പ്ലാസ്റ്റിക് ബോട്ടിൽ, 10 കിലോ മിൽമ കവർ, 1000 കിലോ മറ്റ് കവറുകൾ ശേഖരിച്ചവരുന്നു. 1500 രൂപ മുതൽ 8000 രൂപ വരെ പ്രതിമാസം ഹരിത കർമ്മ സേനയ്ക്ക് വരുമാനം ലഭിക്കു

ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ കേന്ദ്രികരിച്ചിട്ടുള്ള കോലഞ്ചേരി ടൗണിൽ മാലിന്യം വലിയൊരു പ്രശ്നമായിരുന്നു. ഐഇസി പ്രവർത്തനങ്ങളിലൂടെയും നിയമനടപടികളിലൂടെയും എംസിഎഫ്-ൽ മാലിന്യ ഉത്പാദകർ തന്നെ വൃത്തിയായി എത്തിക്കുന്ന ഒരു രീതി ഇവിടെ രൂപപ്പെട്ടിരിന്നു. ഹരിത കർമസേന പ്രവർത്തനം തുടങ്ങിയതോടെ മാലിന്യം നേരിട്ട് എംസിഎഫിൽ എത്തിക്കുന്ന പ്രവണത കുറഞ്ഞു. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ച 10 പേർക്ക് എതിരെ നിയമനടപടി എടുക്കുകയും 2000 രൂപ പിഴ ഈടാക്കുകയും ചെയ്തു. ഗ്രാമപഞ്ചായത് ഓഫീസ് ഹരിതചട്ടം പരിപാലിച്ച് പ്രവർത്തിക്കുന്നു. രാത്രികാലങ്ങളിൽ പട്രോളിങ് നടത്തിയത്തിന്റെ ഫലമായി അഞ്ച് ഡമ്പിങ് പോയിന്റുകൾ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.







ന്നുണ്ട്. നിലവിൽ 380 ബയോഗ്യാസ് പ്ളാന്റു കളും 30 ബയോബിന്നുകളും പഞ്ചായത്ത് നൽ കിയിട്ടുണ്ട്.

## സവിശേഷ ഇടപെടലുകൾ

ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ കേന്ദ്രികരിച്ചിട്ടുള്ള കോലഞ്ചേരി ടൗണിൽ മാലിന്യം വലിയൊരു പ്രശ്നമായിരുന്നു. ഐഇസി പ്രവർത്തനങ്ങളിലൂടെയും നിയമനടപടികളിലൂടെയും എംസിഎഫ്-ൽ മാലിന്യ ഉത്പാദകർ തന്നെ വൃത്തിയായി എത്തിക്കുന്ന ഒരു രീതി ഇവിടെ രൂപപ്പെട്ടിരിന്നു. ഹരിത കർമ സേന പ്രവർത്തനം തുടങ്ങിയതോടെ മാലിന്യം നേരിട്ട് എംസിഎഫിൽ എത്തിക്കുന്ന പ്രവണത കുറഞ്ഞു. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ച 10 പേർക്ക് എതിരെ നിയമനടപടി എടുക്കുകയും 2000 രൂപ പിഴ ഈടാക്കുകയും ചെയ്തു. ഗ്രാമപഞ്ചായത് ഓഫീസ് ഹരിതചട്ടം പരിപാലിച്ച് പ്രവർത്തിക്കുന്നു. രാത്രികാലങ്ങളിൽ പട്രോളിങ് നടത്തിയത്തിന്റെ ഫലമായി അഞ്ച് ഡമ്പിങ് പോയിന്റുകൾ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. 12 ബോധവത്കരണ യോഗങ്ങൾ നടത്തി.



# തുവ്വൂരിന്റെ ഗ്രാമജ്യോതി

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്കിലുൾപ്പെട്ട ഗ്രാമപഞ്ചായത്താണ് തുവ്വൂർ. വയനാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട ഈ ഗ്രാമപഞ്ചായത്തിൽ മുപ്പത്തൊന്നായിരമാണ് ജനസംഖ്യ. (2011 സെൻസസ്) ഏകദേശം 6500 ഓളം വീടുകളുള്ള പഞ്ചായത്തിൽ ഏതാണ്ട് 200 ഓളം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 31.38 ച.കിമി. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 987.89 ആണ് ജനസാന്ദ്രത. പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യവരുമാനം കൃഷിയും ഗൾഫ് പണവുമാണ്. 50-ഓളം എസ്‌സി കോളനികളും ഒരു ഗോത്രവർഗ്ഗ കോളനിയുമുൾപ്പെടുന്നു. അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ ഹരിതാഭാമയ ഭൂപ്രദേശത്തിന് വെല്ലുവിളിയായി പകർച്ച വ്യാധികൾ പടർന്ന് പിടിക്കുകയും ചെയ്തു. ഇതിന് ശാശ്വത പരിഹാരമായി പഞ്ചായത്ത് ഭരണസമിതി രൂപീകരിച്ച പദ്ധതിയാണ് തുവ്വൂർ ഗ്രാമജ്യോതി. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ മോഡൽ പഞ്ചായത്തുകളിലൊന്നായി തുവ്വൂരിന്റെ മാലിന്യ സംസ്കരണ പദ്ധതിയായ ഗ്രാമജ്യോതി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇതുവരെയായി എൺപതോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഠനത്തിനായി പഞ്ചായത്ത് സന്ദർശിച്ചു.

## മാലിന്യ സംസ്കരണ ഉപാധികൾ

### ജൈവ മാലിന്യം

പഞ്ചായത്തിലെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ ഭാഗമായി 10 കമ്പോസ്റ്റ് ഷീറ്റുകൾ നിർമിച്ചിട്ടുണ്ട്. സ്ഥാപ





നതല ബയോഗ്യസ് പ്ലാന്റുകളുടെ വിതരണത്തിന്റെ ഭാഗമായി ഒരെണ്ണവും വിതരണം ചെയ്തിട്ടുണ്ട്. പ്രതിമാസം ജൈവമാലിന്യം 350 കിലോയോളം രൂപപ്പെടുമെങ്കിലും ഗ്രാമീണ മേഖല ആയതുകൊണ്ട് ജൈവമാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്കരിക്കുന്നു. കൃഷിക്കും തോട്ടവിളകൾക്കും മറ്റും വീടുകളിലെ ഗാർഹിക ജൈവമാലിന്യം ഉപയോഗിക്കുന്നു. നഗര പ്രദേശങ്ങളിലെ ഹോട്ടലുകളിലേയും മറ്റും സ്കൂളുകളിലേയും ജൈവ മാലിന്യം പന്നിഫാം, കന്നുകാലി കർഷകർക്ക് കൈമാറുകയാണ് ചെയ്യുന്നത്. ജൈവമാലിന്യ സംസ്കരണത്തിനായി വീടുകൾ തോറും കംബോസ്റ്റ് കുഴി നിർമിക്കാൻ പഞ്ചായത്ത് ഫണ്ട് കരുതിയിട്ടുണ്ട്. പഞ്ചായത്തിലെ കോഴിവേസ്റ്റ് കരുവാരക്കുണ്ട് പഞ്ചായത്തിലെ ജൈവവള നിർമ്മാണ കേന്ദ്രത്തിലേക്ക് കൈമാറുന്നു.

### ഹരിതകർമ്മസേന

15 അംഗ ഹരിതകർമ്മസോനാഗംങ്ങളാണ് ഗ്രാമജ്യോതി പദ്ധതിയുടെ നട്ടെല്ല് പദ്ധതി തുടങ്ങി രണ്ട് വർഷത്തോളമായിട്ടും ഒരംഗം പോലും കൊഴിഞ്ഞുപോയില്ലായെന്നത് പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് കൈയ്യുറ, മാസ്ക്, പ്രത്യേകം യൂണിഫോം, ഷൂ ആറുമാസത്തിലൊരിക്കൽ ഫ്രീ ആരോഗ്യ പരിശോധന എന്നിവ ലഭ്യമാക്കുന്നു. മാലിന്യ ശേഖരണത്തിനായി എല്ലാ വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും ചാക്കുകൾ നൽകി. ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുമ്പോൾ പകരം പുതിയ ചാക്കുകളും നൽകുന്നു. വീടുകളിൽ തന്നെ പ്രാഥമിക തരംതിരിക്കലിന് വിധേയമാക്കിയതിന് ശേഷമേ എം സി എഫ് ലേക്ക് കയറ്റുകയുള്ളു. ഒരു വാർഡിൽ ശേ





ഖരണത്തിനായി രണ്ട് ദിവസമെങ്കിലും വേണ്ടി വരുന്നു. ഒരു വാർഡിൽ നിന്ന് ഒരു ടണ്ണോളം മാലിന്യം എംസിഎഫിലേക്ക് മാറ്റാൻ സാധിക്കുന്നു.

വീടുകൾക്ക് 30 രൂപയും സ്ഥാപനങ്ങ ൾക്ക് 50 രൂപയും വലിയ കടകൾക്ക് അളവിനനുസരിച്ചുമാണ് യൂസർ ഫീ ഈടാക്കുന്നത്. 4500 ഓളം വീടുകളിൽ നിന്ന് യൂസർ ഫീ ലഭിക്കുന്നു.. പ്രതിദിനം വാഹനത്തിനായി 1500 രൂപയും ഹരിതകർമ്മസേനയ്ക്ക് പ്രതിമാസം 8000 ഓളം രൂപ സ്ഥിരവേതനവും നൽകുന്നുണ്ട് നഗരപ്രദേശങ്ങളിൽ നിന്ന് 15 ദിവസത്തിലൊരിക്കലും വീടുകളിൽ നിന്ന് മുന്ന് മാസത്തിലൊരിക്കലും മാലിന്യം ശേഖരിക്കുന്നു.

### എംസിഎഫ്

പഞ്ചായത്തിന് സമീപത്തുതന്നെ സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് എംസിഎഫ് പ്രവർത്തിക്കുന്നത്. 10000 രൂപ വാടകയിന





15 അംഗ ഹരിതകർമ്മസോനാഗംങ്ങളാണ് ഗ്രാമജ്യോതി പദ്ധതിയുടെ നട്ടെല്ല് പദ്ധതി തുടങ്ങി രണ്ട് വർഷത്തോളമായിട്ടും ഒരംഗം പോലും കൊഴിഞ്ഞു പോയില്ലായെന്നത് പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് കൈയ്യുറ, മാസ്ക്, പ്രത്യേകം യൂണിഫോം, ഷൂ ആറുമാസത്തിലൊരിക്കൽ ഫ്രീ ആരോഗ്യ പരിശോധന എന്നിവ ലഭ്യമാക്കുന്നു. മാലിന്യ ശേഖരണത്തിനായി എല്ലാ വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും ചാക്കുകൾ നൽകി. ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുമ്പോൾ പകരം പുതിയ ചാക്കുകളും നൽകുന്നു. ഒരു വാർഡിൽ നിന്ന് ഒരു ടണ്ണോളം മാലിന്യം എംസിഎഫിലേക്ക് മാറ്റാൻ സാധിക്കുന്നു.



എ സി സി സിമന്റ് ഫാക്ടറിയിലേക്ക് അജൈവമാലിന്യം കയറ്റി അയക്കുന്നു

ത്തിൽ പഞ്ചായത്തുമായി കരാർ എഴുതിയാണ് പ്രവർത്തനമാരിംഭിച്ചത്. വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യം എം സി എ ഫിൽ എത്തിച്ച് 58 ഇനങ്ങളിലായാണ് തരം തിരിക്കുന്നത്. വില ലഭിക്കുന്ന ഉത്പന്നങ്ങൾ ആക്രി വ്യാപാരിക്ക് കൈമാറുന്നു. ഇതിനായി പഞ്ചായത്ത് വ്യാപാരിയുമായി പ്രത്യേക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ഇതുവരെയായി 25 ലക്ഷത്തോളം ഉപയോഗിച്ച കവർ പാഴ് വസ്തു വ്യാപരിക്ക് കൈമാറാൻ സാധിച്ചു. ഇത് ഹരിതകർമ്മസേനയുടെ വരുമാനത്തിന് മുതൽ കൂട്ടായി.

## കോർപ്പറേറ്റ് കരാർ

എംസിഎഫിൽ എത്തി തരംതിരിക്കുന്ന മാലിന്യത്തിൽ നിന്നും വില ലഭിക്കാത്ത ബാഗ്, തെർമ്മോക്കോൾ, റെക്സിൻ, ലൈസ് കവർ എന്നിവ അവശിഷ്ടമായി അവശേഷിച്ചു. തുടർന്ന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പുനഃചക്രമണ സാധ്യത ആരായുകയും ശുചിത്വമിഷന്റെ സഹകരണത്തോടെ എസിസി സിമന്റ് കമ്പനിയുമായ കരാറിലൊപ്പിട്ടു. സംസ്ഥാനത്താദ്യമായി മാലിന്യ സംസ്കരണ മേഖലയിൽ ഒരു കോർപ്പറേറ്റ് കമ്പനിയുമായി കരാർ ഒപ്പ് വെച്ച ആദ്യ തദ്ദേശസ്വയം ഭരണ സ്ഥാപനമാണ് തൂവ്വൂർ ഗ്രാമപഞ്ചായത്ത്. 200 ടൺ മാലന്യം കൈമാറ്റ വ്യവസ്ഥയിൽ കരാറെഴുതുകയും ഇതുവരെയായി 6 ലോഡുകളിലായി 35 ടണ്ണോളം മാലിന്യം കൈമാറുകയും ചെയ്തു. ഇതിലൂടെ എംസിഎഫിൽ മാലിന്യം കെട്ടികിടക്കുന്നത് ഒഴിവാക്കാൻ സഹായകമായി. സർക്കാർ തലത്തിൽ പഞ്ചായത്തുമായി ഹരിതകേരളമിഷന്റെയും ശുചിത്വമിഷന്റെയും വലിയ രീതിയിലുള്ള സഹകരണം കൊണ്ടാണ് എസിസി യുമായി കരാറിലെത്താൻ സാധിച്ചത്.

## പിഴ നടപടികൾ

മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്തതിന് പിഴ ഈടാക്കുകയും കോഴി വേസ്റ്റ് പുഴയിലേക്ക് തള്ളിയതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇതുകൊണ്ടെല്ലാം പൊതുജനത്തിന്റെ നൂറുശതമാനം പിൻന്തുണ പദ്ധതിക്ക് ലഭിച്ചു. കടകൾക്ക് ലൈസൻസ് പുതുക്കുന്നതിന് ഗ്രാമജ്യോതിയിലടച്ച യൂസർഫീ രശീതി നിർബന്ധമാണ്.

## വെല്ലുവിളികൾ – പരിഹാര ശ്രമങ്ങൾ

ഹരിത കർമ്മസേനയ്ക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്നും യൂസർ ഫീ ലഭിക്കാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെങ്കിലും അധിക വരുമാനത്തിനുള്ള മാർഗ്ഗങ്ങൾ രൂപപ്പെടുത്തി പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.



# നിശ്ശബ്ദ വിപ്ലവത്തിന്റെ നേർക്കാഴ്ച

പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന അകത്തേത്തറ ഗ്രാമ പഞ്ചായത്ത് പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ ധോണിമലയുടെ താഴ്‌വരയിൽ സ്ഥിതിചെയ്യുന്ന നഗര സ്വഭാവമുള്ള പഞ്ചായത്താണ്. ആകെ 23 ച.കി.മീ. വിസ്തൃതിയുള്ള പഞ്ചായത്തിൽ ജനസംഖ്യ 25458 ആണ്. ആകെയുള്ള പഞ്ചായത്തിന്റെ 20% ഭൂമിയും വനം വകുപ്പിന്റെ പരിധിയിലാണുള്ളത്. പഞ്ചായത്തിൽ ആരംഭിച്ച പാതയോരങ്ങളിലെ വൃക്ഷവൽക്കരണത്തിലൂടെ 1 ലക്ഷം തൈകൾ വെച്ച് പിടിപ്പിക്കുകയും പരിപാലിക്കുകയു ചെയ്ത ജില്ലയിലെ ഏക പഞ്ചായത്താണ് അകത്തേത്തറ. പഞ്ചായത്തിലെ ആകെയുള്ള 5378 വീടുകളിലെ 1655 വീടുകളിൽ നിന്നാണ് ഹരിത കർമ്മ സേന അജൈവ മാലിന്യം ശേഖരിക്കുന്നത്. ഇപ്രകാരം പ്രതിദിനം 80 കി.ഗ്രാംഅജൈവ മാലിന്യം ശേഖരിച്ച് എം.സി.എഫിലേക്ക് മാറ്റുന്നു. ജൈവമാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനായി 1575 വീടുകളിൽ ജൈവമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചു.

## മാലിന്യപരിപാലനം

ജൈവമാലിന്യ സംസ്കരണത്തിനായി വീടുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ 150 കമ്പോസ്റ്റ് പിറ്റുകളും 800 പൈപ്പ് കമ്പോസ്റ്റും 600 കിച്ചൺ കമ്പോസ്റ്റുകളും വീടുകളിൽ ബയോഗ്യാസ് സ്ഥാപിച്ചു. പൊതുഇടങ്ങളിലെ മാലിന്യ പരിപാലനത്തിനായി 2 തുമ്പൂർമുഴി മോഡൽ മാലിന്യ



സംസ്കരണ സംവിധാനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇവയിൽ ഒരു യൂണിറ്റ് കല്യാണമണ്ഡപത്തിലും ഒരു യൂണിറ്റ് എം.സി.എഫിലുമാണ്. പ്രവർത്തിക്കുന്നത്. കല്യാണമണ്ഡപത്തിലുണ്ടാകുന്ന ജൈവാവശിഷ്ടം ഷ്രെഡ്ഡിങ് മെഷീനുപയോഗിച്ച് ചെറിയ കഷണങ്ങളാക്കി മാറ്റുകയും, ഇത് തുമ്പൂർമുഴിയിൽ നിക്ഷേ







അകത്തേത്തറ പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും അടക്കം 10 സ്ഥാപനങ്ങളിൽ ഹരിതചട്ടം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും നടപ്പിലാക്കി. പഞ്ചായത്തിൽ നടത്തുന്ന പൊതുചടങ്ങുകളും യോഗങ്ങളും ഗ്രാമ പഞ്ചായത്ത് ഹരിതചട്ടം പാലിച്ചാണ് നടത്തിവരുന്നത്. പാലക്കാട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴയിലേക്കുള്ള പ്രവേശനപാത അകത്തേത്തറ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. വിനോദസഞ്ചാരികൾ വലിച്ചെറിയുന്ന മാലിന്യങ്ങൾ ഒരു പ്രധാന വെല്ലുവിളിതന്നെയാണ്. കൃത്യമായ ഇടവേളകളിൽ സന്നദ്ധ സംഘടനകളും വിവിധ ക്ലബുകളുമായി ചേർന്ന് ശുചീകരണം നടത്തിയാണ് ഇതിന് പരിഹാരം കാണുന്നത്.

തുടർച്ചയായി ഉണ്ടാവുന്ന വെള്ളപ്പൊക്ക സമയത്ത് പഞ്ചായത്തിൽ ഉണ്ടാവുന്ന ജലജന്യ രോഗങ്ങൾ പഞ്ചായത്ത് പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ശക്തമായ ഇടപെടൽ മൂലം പരിഹരിക്കാൻ കഴിഞ്ഞു.



പിക്കുകയും ചെയ്യുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന ജൈവവളം കൃഷിഭവൻ മുഖേന കൃഷിക്കാർക്ക് കിലോക്ക് 10 രൂപ നിരക്കിൽ നൽകുന്നു. വിദ്യാലയങ്ങളിലെ ജൈവമാലിന്യം സംസ്കരിക്കുന്നതിനായി നാല് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്ലാന്റിൽ നിന്ന് ലഭിക്കുന്ന ബയോഗ്യാസ് ഉപയോഗിച്ചാണ് സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്യുന്നത്.

പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നായി 28 ഹരിത കർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നു. 5000 രൂപയാണ് ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്ന പ്രതിമാസ വരുമാനം. വീടുകളിൽ നിന്ന് 30 രൂപയും കടകളിൽ നിന്ന് 50 രൂപയും എന്ന നിരക്കിലാണ് യൂസർഫീ ഈടാക്കുന്നത്. ഹരിത കർമ്മ സേനാംഗങ്ങൾ സംഭരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പൊടിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. 2018-19 കാലയളവിൽ ഷ്രെഡ് ചെയ്ത 10000 കി.ഗ്രാം പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയ ഇനത്തിൽ 200000 രൂപ വരുമാനം ലഭിച്ചു.

## ശീലവത്കരണം

അകത്തേത്തറ പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും അടക്കം 10 സ്ഥാപനങ്ങളിൽ ഹരിതചട്ടം ഗ്രാമ പഞ്ചായത്ത് പൂർണ്ണമായും നടപ്പിലാക്കി. പഞ്ചായത്തിൽ നടത്തുന്ന പൊതുചടങ്ങുകളും യോഗങ്ങളും ഗ്രാമ പഞ്ചായത്ത് ഹരിതചട്ടം പാലിച്ചാണ് നടത്തിവരുന്നത്. പാലക്കാട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴയിലേക്കുള്ള പ്രവേശനപാത അകത്തേത്തറ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. വിനോദസഞ്ചാരികൾ വലിച്ചെറിയുന്ന മാലിന്യങ്ങൾ ഒരു പ്രധാന വെല്ലുവിളിതന്നെയാണ്. കൃത്യമായ ഇടവേളകളിൽ സന്നദ്ധ സംഘടനകളും വിവിധ ക്ലബുകളുമായി ചേർന്ന് ശുചീകരണം നടത്തിയാണ് ഇതിന് പരിഹാരം കാണുന്നത്.

തുടർച്ചയായി ഉണ്ടാവുന്ന വെള്ളപ്പൊക്ക സമയത്ത് പഞ്ചായത്തിൽ ഉണ്ടാവുന്ന ജലജന്യരോഗങ്ങൾ പഞ്ചായത്ത് പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ശക്തമായ ഇടപെടൽ മൂലം പരിഹരിക്കാൻ കഴിഞ്ഞു.



# ജനപിന്തുണയേറുന്ന ശുചിത്വ മാതൃകകൾ

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലാണ് ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി. 14.71 ച.കി.മീ. വിസ്തൃതിയിൽ ആകെ 29 വാർഡുകളിലായി 32291 ആണ് മുനിസിപ്പാലിറ്റിയിലെ ജനസംഖ്യ. തരിശുരഹിതമായ ചിറ്റൂർ-തത്തമംഗലം നഗരസഭകളിലായി നിലവിലെ ജനസാന്ദ്രത 2195 ച.കി.മീ. ആണ്. നഗരസഭയിലെ വീടുകളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നുമായി പ്രതിദിനം 1250 കി.ഗ്രാം ജൈവമാലിന്യമാണ് ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്നത്. ഈ ജൈവമാലിന്യങ്ങൾ ജൈവവളമാക്കി മാറ്റി നഗരസഭയുടെ ബ്രാൻഡ് വളമായ അമൃതകം എന്ന പേരിൽ സബ്സിഡി നിരക്കിന്റ സൊസൈറ്റികളും ബാങ്കുകളും വഴിവിതരണം ചെയ്ത് നഗരസഭയിൽ പൂർണ്ണമായും ജൈവകൃഷി അവലംബിക്കുന്ന 450 ഹെക്ടർ സ്ഥലത്തെ കൃഷിയെ പരിപോഷിപ്പിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 36000 കി.ഗ്രാം ജൈവവളം 3,10,000/- രൂപയ്ക്ക് കർഷകർക്ക വിപണനം ചെയ്തിട്ടുണ്ട്.

## മാലിന്യ സംസ്കരണമേഖലയിലെ ഇടപെടലുകൾ

നാളിതുവരെയായി ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ വ്യത്യസ്ത മേഖലകളിൽ നിന്നായി 17 അവാർഡുകൾ നഗരസഭ കരസ്ഥമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതിനിധികൾ ഹരിത കർമ്മസേനയുടെ പ്രവർത്തന



2018 ജൂൺ 5 മുതൽ ചിറ്റൂർ-തത്തമംഗലം നഗരസഭ പൂർണ്ണമായും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കി മാതൃകയായി തീർന്നു. ഈ പ്രവർത്തനങ്ങൾക്കായി ഒരുപാട് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടിവന്നിട്ടുണ്ട്. നഗരസഭയിലെ മുഴുവൻ ഉത്സവങ്ങളും ചടങ്ങുകളും ഹരിതചട്ടം അനുസരിച്ച് മാത്രമാണ് നടക്കുന്നത്. 2019 ജനുവരി മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള 200 വിവാഹങ്ങൾ ഹരിതചട്ടപ്രകാരം മാത്രമാണ് നടന്നിരിക്കുന്നത്. മാത്രമല്ല, വീടുകളും, വിദ്യാലയങ്ങളിലും, സ്ഥാപനങ്ങളിലും നടക്കുന്ന മുഴുവൻ പരിപാടികളും ഗ്രീൻപ്രോട്ടോക്കോൾ പ്രകാരമാണെന്ന് ഉറപ്പിച്ച് പറയുവാൻ നഗരസഭയ്ക്ക് സാധിക്കും.

ങ്ങൾ പഠിക്കുവാൻ വേണ്ടി സന്ദർശിക്കാറുണ്ട്. 45 സെന്റ് സ്ഥലത്ത് സ്ഥാപിച്ച കേന്ദ്രീകൃത പ്ലാന്റിലാണ് നഗരസഭയിൽ നിന്നും ശേഖരിക്കുന്ന മുഴുവൻ ജൈവമാലിന്യങ്ങളും സംസ്കരിക്കുന്നത്. ഹോട്ടലുകൾ, സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, വീടുകൾ എന്നിവിടങ്ങളിൽ നിന്നും നഗരസഭ ശുചീകരണവിഭാഗം നേരിട്ട് ശേഖരിക്കുന്ന ജൈവമാലിന്യം പിന്നീട് സംസ്കരണശാലയിൽ വിൻഡ്രോ കമ്പോസിറ്റിലൂടെ വളമാക്കിമാറ്റുന്നു. പ്രതിദിനം 1200 kg ജൈവമാലിന്യം ഇത്തരത്തിൽ വളമാക്കി മാറ്റുന്നുണ്ട്. 201819 കാലയളവിൽ 36 ടൺ ജൈവവളം നിർമ്മിക്കുകയും ചെയ്തു.



ഗാർഹിക ജൈവ മാലിന്യ സംസ്കരണത്തിനായി നിലവിൽ 1200 ബക്കറ്റ് കമ്പോസ്റ്റും, 42 ബയോഗ്യാസ് പ്ലാന്റും, 295 റിംഗ് കമ്പോസ്റ്റും വിതരണം ചെയ്തിട്ടുണ്ട്. പൊതുജൈവ മാലിന്യ സംസ്കരണത്തിനായി രണ്ട് തുമ്പൂർമുഴി സ്ഥാപിക്കുകയും, ശേഖരിക്കപ്പെടുന്ന മാലിന്യം കേന്ദ്രീകൃത ജൈവ വള പ്ലാന്റിലേക്ക് മാറ്റുന്നു.

രണ്ട് തുമ്പൂർമൊഴി വികേന്ദ്രീകരണ മാലിന്യസംസ്കരണ ശാലകൾ നിർമ്മിച്ചിട്ടുണ്ട്. നഗരസഭ അങ്കണത്തിലും, താലൂക്ക് ആശുപത്രി കോമ്പൗണ്ടിലുമാണ് ഇവ നല്ല രീതിയിൽ പ്രവൃത്തിച്ചുവരുന്നത്. ഇവിടെ നിർമ്മിക്കുന്ന ജൈവവളം ഖരമാലിന്യ ശാലയിൽ കൊണ്ടുപോയി പായ്ക്ക് ചെയ്തു വിൽക്കുന്നു.

2012 മുതൽ നഗരസഭ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിച്ചു. നാളിതുവരെ ഒരു ക്യാരി ബാഗ് പോ



ലും ഉപയോഗിക്കാൻ സാധിക്കാത്തവിധം കർശനമായി പരിശോധനകളും ബോധവത്കരണവും നഗരസഭ നടത്തിവരുന്നു. 2019 നവംബർ 1 മുതൽ നഗരസഭ പൂർണ്ണമായും തുണിസഞ്ചിയുടെ ഉപയോഗത്തിലേക്ക് മാറി. ഇതിന്റെ ഭാഗമായി റേഷൻ കാർഡുകളുള്ള എല്ലാ കുടുംബങ്ങൾക്കും വലുതും ചെറുതുമായ തുണിസഞ്ചികൾ വിതരണം ചെയ്തു. 2016, 2017, 2018 എന്നീ വർഷങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ മികച്ച ഖരമാലിന്യ സംസ്കരണത്തിനുള്ള അവാർഡുകൾ തുടർച്ചയായി നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

ചിറ്റൂർ പുഴയിലേക്ക് മാലിന്യം എറിയുന്നത് തടയുവാൻ 8 ലക്ഷത്തോളം രൂപ ചിലവിൽ ഇരുമ്പിന്റെ വല നിർമ്മിച്ച് സോളാർ ലൈറ്റുകൾ സ്ഥാപിച്ചു.

### അജൈവ മാലിന്യ സംസ്കരണം

**ഹരിതകർമ്മസേന:** 2018 ജൂലൈ 18-ന് മുപ്പതംഗ ഹരിതകർമ്മസേന രൂപികൃതമായി. ഒരു വർഷക്കാലയളവിനുള്ളിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ സമ്പൂർണ്ണമായ പിന്തുണലഭിച്ചിട്ടുണ്ട്. ഇപ്പോൾ 90 ശതമാനം (മൊത്തം 8072) വീടുകളിൽ നിന്ന് യൂസർഫീ ഈടാക്കിക്കൊണ്ട് അജൈവ മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. നഗരസഭയുടെ തുണിസഞ്ചി വിതരണം പൂർണ്ണമായും ഹരിതകർമ്മ സേനയിലൂടെയാണ് നഗരസഭ നടപ്പലാക്കിവരുന്നത്. പ്രതിമാസം 6500 രൂപയാണ് ഹരിതകർമ്മ സേനയിലെ ഒരു അംഗത്തിന് ലഭിക്കുന്നത്. ആറ് മിനി എം.സി.എഫുകളാണ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നത്.









സ്വന്തമായി വാഹനവും ഡ്രൈവറും ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് നൽകുന്നു. വീടുകളിൽ നിന്നും 50 രൂപയും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 50-100 രൂപയും മാലിന്യത്തിന്റെ തോതനുസരിച്ചുമാണ് യൂസർ ഫീസ് ഈടാക്കുന്നത്. 2018-19 വർഷകാലയളവിൽ 20 ടൺ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിച്ച് വിറ്റിട്ടുണ്ട്. ഈ ഇനത്തിൽ 97,764 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. ബാക്കിവന്നവ പൊടിച്ച് വിറ്റവകയിൽ 30,368 രൂപയും ലഭിച്ചിട്ടുണ്ട്.

**മാലിന്യസേഖരണ സംവിധാനം**: ഹരിതകർമ്മസേന മുഖേന വിവിധ എം.സി.എഫ്.കളിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ വേർതിരിച്ച് കേന്ദ്രീകൃത മാലിന്യ സംസ്കരണശാലയുടെ പരിസരങ്ങളിലായി നിർമ്മിച്ചിരിക്കുന്ന രണ്ട് എം.ആർ.എഫ്കളിലാണ് ശേഖരിച്ച് വെയ്ക്കുന്നത്. ഇ-വേസ്റ്റുകൾ ക്ലീൻ കേരള കമ്പനി മുഖേന സംസ്കരിക്കുന്നു. ചില്ലുകുപ്പികളും ബിയർകുപ്പികളും കഞ്ചിക്കോട് യൂ.ബി. ഗ്രൂപ്പ് കമ്പനിക്കാണ് കിലോക്ക് ഒന്നര രൂപ നിരക്കിൽ നൽകുന്നത്.

**റിസോഴ്സ് റിക്കവറി ഫെസിലിറ്റി**: നഗരസഭയിൽ നിന്നും ശേഖരിക്കുന്ന വിവിധ തരത്തിലുള്ള പ്ലാസ്റ്റിക്ക് കവറുകൾ യഥാവിധം വേർതിരിച്ച് പുനർചക്രമണത്തിന് വിധേമാക്കുന്നത് 2300 kg പ്ലാസ്റ്റിക്ക് പൊടിക്കുകയും 1684 kg ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് വിവിധ പഞ്ചായത്തുകളിലെ നിർമ്മാണത്തിനായി ക്ലീൻകേരള കമ്പനി മുഖേന നൽകിയിട്ടുണ്ട്.

## നിയമ നടപടികൾ

മാലിന്യം പൊതുസ്ഥലങ്ങളിൽ തള്ളുന്നവർക്ക് എതിരെ കർശനമായി ശിക്ഷനടപടികളും സ്വീകരിച്ചുവരുന്നു. പിഴയിനത്തിൽ 1,17,650 രൂപ ഈടാക്കിയിട്ടുണ്ട്. മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിനും പിഴയീടാക്കുന്നതിനായി 'മൂവബിൾ ക്യാമറകൾ' മൂന്നെണ്ണം സ്ഥാപിച്ചിട്ടുണ്ട്.



## സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്

കേരളത്തിൽ ആദ്യമായി 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്' എന്ന പദവി ചിറ്റൂർ - തത്തമംഗലം നഗരസഭയ്ക്ക് 2018 നവംബർ 1 ന് ലഭിക്കുകയുണ്ടായി



## ഗ്രീൻ പ്രോട്ടോക്കോൾ

2018 ജൂൺ 5 മുതൽ ചിറ്റൂർ-തത്തമംഗലം നഗരസഭ പൂർണ്ണമായും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കി മാതൃകയായി തീർന്നു. ഈ പ്രവർത്തനങ്ങൾക്കായി ഒരുപാട് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടി വന്നുട്ടുണ്ട്. നഗരസഭയിലെ മുഴുവൻ ഉത്സവങ്ങളും ചടങ്ങുകളും ഹരിതചട്ടം അനുസരിച്ച് മാത്രമാണ് നടക്കുന്നത്. 2019 ജനുവരി മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള 200 വിവാഹങ്ങൾ ഹരിതചട്ടപ്രകാരം മാത്രമാണ് നടന്നിരിക്കുന്നത്. മാത്രമല്ല, വീടുകളും, വി



ദ്യാലയങ്ങളിലും, സ്ഥാപനങ്ങളിലും നടക്കുന്ന മുഴുവൻ പരിപാടികളും ഗ്രീൻപ്രോട്ടോക്കോൾ പ്രകാരമാണെന്ന് ഉറപ്പിച്ച് പറയുവാൻ നഗരസഭയ്ക്ക് സാധിക്കും.

കുടുംബശ്രീ മുഖേന 2000 സ്റ്റീൽ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഐസ്ക്രീം ബൗളുകൾ, സ്പൂണുകൾ എന്നിവ തുച്ഛമായ നിരക്കിൽ നഗരസഭ വാടകയ്ക്ക് മേൽ പറയുന്ന ആവശ്യങ്ങൾക്കായി നൽകിവരുന്നു. 2019 പാർലിമെന്റ് തിരഞ്ഞെടുപ്പിൽപോലും പൂർണ്ണമായും ഹരിതചട്ട പ്രകാരമാണ് ബൂത്തുകൾ പ്രവൃത്തിച്ചത്. പ്രസിദ്ധമായ അങ്കാടിവേല, കൊങ്ങൻപട എന്നീ ആഘോഷങ്ങൾ തികച്ചും ഹരിത പെരുമാറ്റച്ചട്ട പ്രകാരമായിരുന്നു.

മാസത്തിലൊരിക്കൽ അണിക്കോട് ജംഗ്ഷനിൽ വെച്ച് കൈമാറ്റക്കടയുടെ (സ്വാപ്പ് ഷോപ്പ്) പ്രവർത്തനം നടത്തിവരുന്നു. ജനങ്ങളുടെയിടയിൽ നിന്നും വലിയ തോതിലുള്ള പിന്തുണ ഇക്കാര്യങ്ങളിൽ നഗരസഭയ്ക്ക് ലഭിച്ചുവരുന്നുണ്ട്.




# നവമാതൃകയുമായി പുതുപ്പരിയാരം

പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കിലാണ് പുതുപ്പരിയാരം പഞ്ചായത്ത്. 29.58 ച.കി.മീ. 2011 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 35838. പാലക്കാട്-കോഴിക്കോട് ദേശീയപാത കടന്നുപോകുന്ന ഈ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ മാലിന്യ പ്രശ്നം പാതയോരത്തെ മാലിന്യ നിക്ഷേപമാണ്.

സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് എന്ന സ്വപ്നവുമായി പുതുപ്പരിയാരം തീവ്രവേഗ പ്രചാരണവും പ്രയാണവും ആരംഭിച്ചത് ഒരു വർഷം മുൻപാണ്. പക്ഷെ അപ്പോഴും ഒലവക്കോട് റെയിൽവെ സ്റ്റേഷന് അടുത്തുനിന്നും ആരംഭിക്കുന്ന ദേശീയപാത ഉൾക്കൊള്ളുന്ന ഈ ടൗൺ പഞ്ചായത്തിന്, മാലിന്യങ്ങൾ പ്രത്യേകിച്ച് വഴിയോര മാലിന്യങ്ങൾ വെല്ലുവിളി ഉയർത്തിക്കൊണ്ടേയിരുന്നു. ഈ പ്രതിസന്ധിയെ വിജയകരമായി മറികടന്നിരിക്കുന്നത് 'ക്ലീൻ പുതുപ്പരിയാരം-ഗ്രീൻ പുതുപ്പരിയാരം' എന്ന നൂതനവും ചലനാത്മകവുമായ ജനകീയ പദ്ധതിയിലൂടെയാണ്. ഇതോടുകൂടി ഹരിത - ശുചിത്വ ബോധവത്കരണങ്ങളും പ്രവർത്തനങ്ങളും ഊർജ്ജിതമായതോടെ പ്രവർത്തന പുരോഗതി ദൃശ്യമായിത്തുടങ്ങി. വഴിയോര മാലിന്യങ്ങളുടെ തോതിൽ 90 ശതമാനവും ഗ്രാമീണമേഖല ഉൾപ്പെടെയുള്ള ആകെ മാലിന്യങ്ങളുടെ തോതിൽ 89 ശതമാനവും കുറവുവന്നു എന്നത് ഭരണസമിതിക്കു നൽകുന്ന ആത്മവിശ്വാസം ഏറെ വലുതാണ്. വഴിയോര മാലിന്യ വിമുക്തി എന്ന പഞ്ചായത്തിന്റെ ജനകീയ പദ്ധതി വിജയിച്ചത് ബോധവത്കരണത്തിന്റേ







യും കർശന നടപടികളുടേയും ഫലമായാണ്. പ്രതിമാസം പഞ്ചായത്തിൽ 72 ടൺ അജൈവ മാലിന്യവും 4.5435 ടൺ ജൈവ മാലിന്യവും ഉൾപ്പെടെ ആകെ 76.5435 ടൺ മാലിന്യം രൂപപ്പെടുന്നുണ്ട്. വീടുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ പൂർണ്ണമായും ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നു. ഇതിനായി കമ്പോസ്റ്റ് പിറ്റുകളും സോക്കേജ് പിറ്റുകളും ബയോഗ്യാസ് പ്ലാന്റുകളും നിർമ്മിച്ച് നൽകി. ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്കരണം പരമ്പരാഗതമായ രീതിയിലും നിർവ്വഹിച്ചുവരുന്നുണ്ട്. ഇപ്രകാരമുള്ള ജൈവ മാലിന്യ ഉറവിട സംസ്കരണം (വീടുകളിലെ) ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനും വീട്ടുടമകൾക്ക് അത് വരുമാനപ്രദമാക്കി മാറ്റുന്നതിനും ലക്ഷ്യമിട്ട് വീടുകൾതോറും 90 ശതമാനം സബ്സിഡി നിരക്കിൽ ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കി നടപ്പാക്കി

ഉറവിട മാലിന്യ സംസ്കരണത്തിൽ ഹരിത വിപ്ലവം സൃഷ്ടിക്കാമെന്ന ഉത്സാഹത്തിലാണ് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും. ഖരമാലിന്യ പ്ലാന്റിലെ എട്ട് വനിതാ തൊഴിലാളികളും ട്രാക്ടർഡ്രൈവറും മുഴുവൻ കടകളിൽ നിന്നും മണ്ഡപങ്ങൾ, ഹാളുകൾ തുടങ്ങിയവയിൽ നിന്നും നിത്യേന ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് വളമാക്കി മാറ്റുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കപ്പെടുന്ന വളം 'സമൃദ്ധി' എന്ന പേരിൽ ബ്രാന്റഡ് ഉൽപ്പന്നമായി വിറ്റഴിക്കുകയും ചെയ്തുവരുന്നു. പഞ്ചായത്തിലെ ജൈവകൃഷിയെ സമൃദ്ധമാക്കുന്ന ഈ വളത്തിന് കർഷകരിൽനിന്നും നല്ല ഡിമാൻഡാണ് ലഭിച്ചുവരുന്നത്. കിലയുടെ പരിശീലനത്തിന്റെ ഭാഗമായി പാലക്കാട് മുണ്ടൂരിലെ ഐ.ആർ.ടി.സി യിലേക്ക് മാലിന്യ പരിപാലന ക്ലാസ്സുകൾക്കായി സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ നിന്നും എത്തുന്ന ഹരിതകർമ്മ സേനാംഗങ്ങളും ഹെൽത്ത് ഇൻസ്പെക്ടർമാരും പ്രാക്ടിക്കൽ പഠനത്തിനായി എത്തുന്നത് ഈ പ്ലാന്റിലേക്കാണ്.

വരുന്നു. ആകെ 1890000 രൂപ വകയിരുത്തിയിട്ടുള്ള ഈ ബൃഹദ് ഹരിത പദ്ധതി 2019 ഡിസംബർ മാസത്തിൽത്തന്നെ പൂർത്തിയാക്കി ഉറവിട മാലിന്യ സംസ്കരണത്തിൽ ഹരിത വിപ്ലവം സൃഷ്ടിക്കാമെന്ന ഉത്സാഹത്തിലാണ് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും. ഖരമാലിന്യ പ്ലാന്റിലെ എട്ട് വനിതാ തൊഴിലാളികളും ട്രാക്ടർ ഡ്രൈവറും മുഴുവൻ കടകളിൽ നിന്നും മണ്ഡപങ്ങൾ, ഹാളുകൾ തുടങ്ങിയവയിൽ നിന്നും നിത്യേന ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് വളമാക്കി മാറ്റുന്നു. ഇപ്രകാരം ഉൽപ്പാദിപ്പിക്കപ്പെടുന്ന വളം 'സമൃദ്ധി' എന്ന പേരിൽ ബാന്റ് ഉൽപ്പന്നമായി വിറ്റഴിക്കുകയും ചെയ്തു വരുന്നു. പഞ്ചായത്തിലെ ജൈവകൃഷിയെ സമൃദ്ധമാക്കുന്ന ഈ വളത്തിന് കർഷകരിൽനിന്നും നല്ല ഡിമാൻഡാണ് ലഭിച്ചുവരുന്നത്. ഇപ്രകാരം ജൈവവളവിൽപ്പനയിൽനിന്നും ജൈവ മാലിന്യ ശേഖരണത്തിനുള്ള (കടകൾ, മണ്ഡപങ്ങളിൽ നിന്നും) പ്രത്യേക യൂസർഫീ ഇനത്തിലും പഞ്ചായത്തിന് പ്രതിമാസം ഒരുലക്ഷം രൂപയോളം വരുമാനം ലഭിക്കുന്നു. കിലയുടെ പരിശീലനത്തിന്റെ ഭാഗമായി പാലക്കാട് മുണ്ടൂരിലെ ഐ.ആർ.ടി.സിയിലേക്ക് മാലിന്യ പരിപാലന ക്ലാസ്സുകൾക്കായി സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ നിന്നും എത്തുന്ന ഹരിതകർമ്മ സേനാംഗങ്ങളും ഹെൽത്ത് ഇൻസ്പെക്ടർമാരും പ്രാക്ടിക്കൽ പഠനത്തിനായി എത്തുന്നത് ഈ പ്ലാന്റിലേക്കാണ്. ഇപ്രകാരം പുതുപ്പരിയാരം പഞ്ചായത്തിലെ മാലിന്യ-സംസ്കരണ-പരിപാലന പ്ലാന്റ് സംസ്ഥാനത്തെ തന്നെ മികച്ച പഠന കേന്ദ്രങ്ങളിലൊന്നായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നത് ഏറെ അഭിമാനകരവും ആവേശകരവുമാണ്. അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാന്റിലെത്തിച്ച് പരിപാലിക്കുന്നതിനും തുടർ വേർതിരിവ് നടത്തി 'സിഡ്കോ' ഏജൻസിക്ക് (നിലവിൽ) കൈമാറുന്നതിനുമായി പഞ്ചായത്തിലെ 21 വാർഡുകളിലുമായി 30 ഹരിത കർമ്മ സേനാംഗങ്ങൾ ഊർജ്ജിത പ്രവർത്തനം നടത്തിവരുന്നു. പ്ലാസ്റ്റിക്ക് മാലിന്യങ്ങളിൽ ഒഴിവാക്കിയവയും (Rejected Waste) പുനർ നിർമ്മാണം (Recycle) ചെയ്യാവുന്നവയും പ്രത്യേക തരംതിരിവ് നടത്തി ഏജൻസിക്ക് കൈമാറുന്നു. അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതസേനയ്ക്ക് വീട് ഒന്നിന് 30 രൂപയും കടകളിൽ നിന്ന് 100 രൂപയും മാസം തോറും (തവണക്കനുസൃതമായി കൂടും) യൂസർ ഫീയായി ലഭിക്കുന്നു. ഇത്തരത്തിലുള്ള മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്ക് മുണ്ടൂരിലെ 'ഐ.ആർ.ടി.സി' എന്ന സ്ഥാപനം ആവശ്യമായ സാങ്കേതിക സഹായം നൽകി വരുന്നു. ഹരിതസേനയുടെ പ്രതിമാന വരുമാനം 6000 രൂപയാണ്.







ജൂൺ അഞ്ചിലെ പരിസ്ഥിതി സൗഹൃദ പൊതുയോഗം, 2019 ഓഗസ്റ്റ് 30 ന് നടന്ന ജനകീയ വിളംബരറാലി, സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം വന്നുതുടങ്ങുന്നതിന് മുമ്പേ

തന്നെ ഹരിത നിയമബോധവത്കരണം ആരംഭിച്ചത്, നടപടി തുടങ്ങിയത്, 2019 ഓഗസ്റ്റ് 15 ന് തന്നെ മാലിന്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യം രണ്ടാംഘട്ടം തുടങ്ങിയത് തുടങ്ങിയവ മാലിന്യ പരിപാലനത്തിന് പുതുപ്പരിയാരം പഞ്ചായത്ത് നൽകുന്ന മുന്തിയ പരിഗണനയ്ക്കുള്ള മികച്ച ദൃഷ്ടാന്തങ്ങളാണ്. പഞ്ചായത്തിന് അഭിമാനകരമായി പാലക്കാട് ജില്ലയിലെ ജില്ലാ ഹരിതസദസ്സിന്റെ ഉദ്ഘാടനം 2019 സെപ്തംബർ 16 ന് പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ നടന്നത്. പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിരുന്നു. ഹരിത – ശുചിത്വ പ്രവർത്തനങ്ങളെ പരിസ്ഥിതി – ജൈവ സംരക്ഷണം, പച്ചത്തുരുത്ത്, ജലസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള മാതൃകാ പ്രവർത്തനമാണ് 'ക്ലീൻ പുതുപ്പരിയാരം-ഗ്രീൻ പുതുപ്പരിയാരം' പദ്ധതി. ഈ പദ്ധതി ജനങ്ങളിലെത്തിക്കാനും അവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിനുമായി സംസ്ഥാനത്തുതന്നെ ആദ്യമായി നിരവധി ഗ്രാമസഭകളാണ് നടത്തിയത്. വ്യാപാരി-വ്യവസായി ഗ്രാമസഭ, ഗ്രാമജലസഭ, ഹരിത ഗ്രാമസഭയും ആയതിന്റെ ഭാഗമായുള്ള തുടർ ഗ്രാമസഭകളുമായ കുടുംബശ്രീ-തൊഴിലുറപ്പ് ഗ്രാമസഭ, കർഷക ഗ്രാമസഭ, സന്നദ്ധ-യുവജന ഗ്രാമസഭ, വയോജന ഗ്രാമസഭ, വിദ്യാർഥി ഗ്രാമസഭ, വനിത ഗ്രാമസഭ തുടങ്ങിയവ ഇതിനോടകം നടത്തിക്കഴിഞ്ഞു. ഓരോ വാർഡിലും ഒരു ഹരിത ഗ്രാമസഭയും രണ്ട് നിയമസദസ്സുകളും കൂടാതെ പ്രത്യേക ഗ്രാമസഭകളും, പ്രത്യേക നിയമസദസ്സുകളും നടത്തി. ഈ മഹത്തായ പ്രവർത്തനം തുടരുകയാണ്. ക്ലസ്റ്റർ യോഗങ്ങൾ, ഹരിത ഗ്രാമസഭകൾ, നിയമ സദസ്സുകൾ എന്നിവയിലായി ഇതിനോടകം പതിനായിരത്തിലധികം പേരുടെ പങ്കാളിത്തമാണ് ഉണ്ടായിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ വീടുകളിലും ഹരിതസന്ദേശ – ലഘുലേഖകൾ വിതരണം ചെയ്തു. ഹരിത ഗ്രാമസഭകളിലെ വനിതാ മുന്നേറ്റവും അസാധാരണ പങ്കാളിത്തവും സവിശേഷ ശ്രദ്ധയാകർഷിച്ചു.

## സവിശേഷ പ്രവർത്തനം

50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിച്ചതിനോടൊപ്പം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക്കുകളുടെ നിയന്ത്രണവും കർശനമായി നടപ്പിലാക്കി വരുന്നു. ജനുവരി 1 മുതൽ സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധനം നടപ്പിലാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങളും നടന്നുവരുന്നു. സ്കൂളുകൾ തോറും – വീടുകൾ തോറും പ്ലാസ്റ്റിക്ക് ബോധവത്കരണം നടന്നുവരുന്നു. ഇത് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വീടുകൾകേന്ദ്രീകരിച്ചുള്ള ക്ലസ്റ്റർ ഗ്രാമസഭകളും വിദ്യാലയങ്ങളിലെ വിദ്യാർത്ഥി ഗ്രാമസഭകളുംസവിശേഷയുള്ളതാണ്.





## ഹരിതചട്ടം

മുഴുവൻ കടകളും പരിശോധിച്ചും, പ്ലാസ്റ്റിക്ക് കത്തിക്കുന്നത്, മാലിന്യങ്ങൾ വലിച്ചെറിയുന്നത്, നിരോധിത പ്ലാസ്റ്റിക് കവറുകൾ നൽകുന്നത് തുടങ്ങിയ ഹരിത ചട്ടലംഘനങ്ങൾ സംബന്ധിച്ച് ഫീൽഡ്തല അന്വേഷണം നടത്തിയും കർശനവും മാതൃകാപരവുമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. നാളിതുവരേയ്ക്കും ഇതുമായി ബന്ധപ്പെട്ട് 30 ൽ അധികം പേർക്ക് നോട്ടീസ് നൽകുകയും 15 പേരിൽ നിന്നുമായി 15000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ടൗണിൽ എക്സ്പോ നടത്തിവരുന്നവർ പഞ്ചായത്തിന്റെ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച പ്ലാസ്റ്റിക്ക് ബോർഡുകൾ നോട്ടീസ് നൽകി പോലീസ് സഹായത്തോടെ നീക്കം ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്തു.

പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രചരണങ്ങളിലും, വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനം വിജയകരമായി നടപ്പിലാക്കി. പഞ്ചായത്ത് ഓഫീസ് ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസാക്കി മാറ്റിയതിനോടൊപ്പം ഘടക സ്ഥാപനങ്ങൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കിവരുന്നു. ശുചിത്വ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ശുചിത്വ സംഗമങ്ങളും - സമ്മേളനങ്ങളും, സ്വച്ഛതാഹിസേവ പ്രവർത്തനങ്ങളും ഗാന്ധിജയന്തി പൂർവ്വപക്ഷ ശുചീകരണവും, പ്രളയാനന്തര ശുചീകരണവും മാതൃകാപരമായി നിർവ്വഹിച്ചു. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ പുഴ, തോടുകൾ, കിണറുകൾ, കുളങ്ങൾ, ഓടകൾ, വെള്ളംകയറിയ വീടുകൾ തുടങ്ങിയവയുടെ ശുചീകരണം മികച്ച ജനപങ്കാളിത്തത്തോടെ നിർവ്വഹിച്ചു. ഹരിത ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഹരിത വോളണ്ടിയർമാർക്ക് മികച്ച പരിശീലനം നൽകാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. ഭാവിയിൽ ഇവരെ ഹരിത - മാനവ വിഭവശേഷിയായി ഉപയോഗപ്പെടുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ലക്ഷ്യമാണ്. നിലവിൽ ഹരിതസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 38 പേർക്കാണ് തൊഴിൽ നൽകിയത്. മാലിന്യ പരിപാലന രംഗത്തെ തുടർവെല്ലുവിളികളെ യുവജനശേഷി ശാക്തീകരിച്ച് വിജയകരമായി നേരിടുന്നതിനായി യുവതീ യുവാക്കളുടെ സർഗ്ഗ ശേഷിയെ ഹരിത പ്രവർത്തനവുമായി കൂട്ടിയിണക്കി 'അതിജീവന കല' ശിൽപ്പശാലയ്ക്കുള്ള പ്രവർത്തനങ്ങളും പൂർത്തിയായി. ജനങ്ങളുടെ ശുചിത്വ മനോഭാവത്തിലും ഹരിത അവബോധത്തിലും കാതലായ അനുകൂല മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് പഞ്ചായത്തിന്റെ മഹത്തായ ശുചിത്വ സന്ദേശപ്രചരണങ്ങൾക്ക് സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റസിഡൻഷ്യൽ അസോസിയേഷനുകളും, സന്നദ്ധ സംഘടനകളും, ഗ്രന്ഥശാലകളും കൂടുതൽ കൂടുതൽ മുന്നോട്ടുവരുന്നത് ഏറെ ആത്മവിശ്വാസം നൽകുന്നു.



# ശ്രീകൃഷ്ണപുരത്തെ ശുചിത്വത്തിളക്കം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിലാണ് 38.6 ച.കി.മീ. വിസ്തൃതിയുള്ള പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 2019 ഒക്ടോബർ 2-ന് മാതൃകാ ശുചിത്വ ഗ്രാം എന്ന പ്രഖ്യാപനം നടത്തിയ പഞ്ചായത്തിന്റെ ജനസംഖ്യ 23880 ആണ്. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ അമിതമായ ഉപയോഗം തടയുന്നതിന്റെ ഭാഗമായി 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ 2016 ൽ പഞ്ചായത്തിൽ നിരോധിച്ചു. പഞ്ചായത്തിലെ ആകെയുള്ള 5350 വീടുകളിലെ 2996 വീടുകളിൽ നിന്നാണ് അജൈ മാലിന്യം ഹരിത കർമ്മസേന ശേഖരണം നടത്തുന്നത്. ഇപ്രകാരം പ്രതിമാസം 2700 കി.ഗ്രാം അജൈവ മാലിന്യം ശേഖരിച്ച് എം.സി.എഫിലേക്ക് മാറ്റുന്നു. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി 3202 വീടുകളിലായി വിവിധതരം ഗാർഹിക ജൈവ മാലിന്യസംസ്കരണ ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട്. 2002 മുതൽ വർഷക്കാലം തുടർച്ചയായി സ്വരാജ് ട്രോഫി കരസ്ഥമാക്കിയ നേട്ടവും പഞ്ചായത്തിനുണ്ട്.



## മാലിന്യപരിപാലനം

ജൈവമാലിന്യ സംസ്കരണത്തിനായി ഗാർഹിക തലത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ന്റെ സഹായത്തോടെ 1577 കമ്പോസ്റ്റ് പിറ്റുകളും, 1400 പൈപ്പ് കമ്പോസ്റ്റുകളും, 225 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു. പൊതുയി

ടങ്ങളിലെ മാലിന്യപരിപാലനത്തിനായി 10 തുമ്പൂർമുഴി മോഡൽ എയറോബിക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ആരംഭിച്ചു. ഇവയിൽ എട്ട് എണ്ണം പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഇവയിൽ നിന്നും ലഭിക്കുന്ന ജൈവവളം പ്രസ്തുത സ്ഥാപനങ്ങളിലെ തന്നെ കൃഷി പരിപാലനത്തിനായി ഉപയോഗിക്കുന്നു.

15 പേരടങ്ങുന്ന ഹരിത കർമ്മ സേന 2017 നവംബർ 1-ന് പ്രവർത്തനം ആരംഭിച്ചു. വീടുകളിൽ നിന്ന് 30 രൂപയും, കടകളിൽ നിന്ന് 50 രൂപ ഈടാക്കിയുമാണ് പ്രവർത്തിക്കുന്നത്. 5100 രൂപയാണ് ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്ന പ്രതിമാസ വരുമാനം.



ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തും, 12 ഘടക സ്ഥാപനങ്ങളിലുമായി ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായും നടപ്പാക്കി. പഞ്ചായത്തിൽ നടക്കുന്ന എല്ലാ ചടങ്ങളുകളും പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചാണ് നടത്തി വരുന്നത്. വിദ്യാലയങ്ങളിൽ പെൻബിന്നുകൾ സ്ഥാപിച്ചുനൽകി. പഞ്ചായത്തിലെ കച്ചവടസ്ഥാപനങ്ങളിലും, ഹോട്ടലുകളിലും ഉദ്യോഗസ്ഥരടങ്ങുന്ന സംഘം ഇടവേളകളിൽ പരിശോധന നടത്താറുണ്ട്. ഇത്തരത്തിൽ നടത്തിയ പരിശോധനകളിൽ 2018-19 സാമ്പത്തിക വർഷത്തിൽ 5,500 രൂപ വിവിധ കച്ചവടസ്ഥാപനങ്ങൾക്ക് പിഴ ചുമത്തി നൽകി.







ഹരിത കർമ്മ സേനാംഗങ്ങൾ സംഭരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് എം.സി.എഫിൽ സംഭരിക്കുകയും, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് നടത്തുന്നതിന് ഹരിശ്രീ ഷ്രെഡ്ഡിംഗ് യൂണിറ്റും 2018-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ 4500 കി.ഗ്രാം ഷ്രെഡ്ഡിംഗ് പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയ വകയിൽ 45,000/- രൂപ സമാഹരിക്കുവാനും സാധിച്ചു. ഹരിത കർമ്മ സേനയുടെ ശേഖരണത്തിന് പുറമെ സ്കൂളുകളിലും പ്ലാസ്റ്റിക് ശേഖരണ സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ട്.



## ഹരിത ചട്ടം

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തും, 12 ഘടക സ്ഥാപനങ്ങളിലുമായി ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായും നടപ്പാക്കി. പഞ്ചായത്തിൽ നടക്കുന്ന എല്ലാ ചടങ്ങുകളും പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചാണ് നടത്തി വരുന്നത്. വിദ്യാലയങ്ങളിൽ പെൻ ബിന്നുകൾ സ്ഥാപിച്ച് നൽകി. പഞ്ചായത്തിലെ കച്ചവടസ്ഥാപനങ്ങളിലും, ഹോട്ടലുകളിലും ഉദ്യോഗസ്ഥരടങ്ങുന്ന സംഘം ഇടവേളകളിൽ പരിശോധന നടത്താറുണ്ട്. ഇത്തരത്തിൽ നടത്തിയ പരിശോധനകളിൽ 2018-19 സാമ്പത്തിക വർഷത്തിൽ 5,500/- രൂപ വിവിധ കച്ചവടസ്ഥാപനങ്ങൾക്ക് പിഴ ചുമത്തി നൽകി.

## വെല്ലുവിളികൾ നേരിട്ട രീതി

പഞ്ചായത്തിനകത്തും നിന്നും പുറത്തുനിന്നുമായി സ്ഥിരമായി മാലിന്യ നിക്ഷേപം നടത്തുന്ന 30 കേന്ദ്രങ്ങളാണ് ഉണ്ടായിരുന്നത്. സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചും രാത്രികാല പരിശോധനകൾ നടത്തിയുമാണ് പഞ്ചായത്ത് ഇതിന് പരിഹാരം കണ്ടത്.



# വെള്ളിനേഴിയുടെ 'അതിജീവന' പദ്ധതി

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലാണ് വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ കഥകളിയുടെ ഈറ്റില്ലമായ ഒളപ്പമണ്ണ മനയും ഒട്ടേറെ വിഖ്യാത കലാകാരന്മാർക്ക് ജന്മം നല്കിയ കലാഗ്രാമ പദവിയിലേക്ക് ഉയർന്ന ഗ്രാമപഞ്ചായത്താണിത്. 2011 സെൻസസ് പ്രകാരം 20168 പേരാണ് ജനസംഖ്യ. 31.18 ച.കി.മീ. വിസ്തൃതിയുള്ള ഗ്രാമ പഞ്ചായത്തിൽ 5722 വീടുകളാണ് സ്ഥിതിചെയ്യുന്നത്. തൂതപ്പുഴ അതിർത്തി പങ്കിടുന്നതും അഞ്ച് ചെറു നീർത്തടങ്ങൾ അടങ്ങിയതും 133.9 ഹെക്ടർ വനഭൂമിയുമുള്ളതുമായ പഞ്ചായത്താണ് വെള്ളിനേഴി. 2016-17 പദ്ധതിയിലുൾപ്പെടുത്തിയ സമഗ്ര പ്ലാസ്റ്റിക് മാലിന്യമുക്ത പഞ്ചായത്ത് പദ്ധതിയാണ് അതിജീവനം.

## അതിജീവനം – കുന്നോളം പ്ലാസ്റ്റിക് മാലിന്യം

ഒക്ടോബർ 29 മുതൽ നവംബർ 3 വരെ എല്ലാ വീട്ടുകാരും സ്ഥാപനങ്ങളും തങ്ങളുടെ അകത്തും പുറത്തുമുള്ള എല്ലാവിധ അജൈവ മാലിന്യങ്ങളും സമാഹരിച്ച് വിവിധ വാർഡുതല അതിജീവന കേന്ദ്രത്തിലെത്തിച്ചു. കവറുകൾ, ടിന്നുകൾ, കുപ്പികൾ, ടയറുകൾ, ബാഗുകൾ, ചില്ലുകൾ, ബൾബ്, ട്യൂബ്‌ലൈറ്റുകൾ, മുടികെട്ടുകൾ, ഇലക്ട്രോണിക് ഇലക്ട്രിക്കൽ മാലിന്യങ്ങൾ തുടങ്ങി വാർഡുതല അതിജീവനം കേന്ദ്രത്തിൽ സമാഹരിച്ചവ ചെറുവാഹനങ്ങളിലായി അഞ്ച് കേന്ദ്രങ്ങളിൽ സമാഹരിച്ചു. നാല് ടോറസ് അടക്കം 10 ലോറിയോളം ഉണ്ടായി (30 ടൺ).



‘അതിജീവനം’ ഗ്രാമ പഞ്ചായ ത്തിന്റെ തദ്ദേശീയ ശുചിത്വ മാലിന്യ സംസ്കരണ പ്ലാസ്റ്റിക് മുക്ത യജ്ഞം. അതിജീവനത്തി ന്റെ സാക്ഷാത്കാരത്തിനായി പഞ്ചായത്ത്തല സംഘാടക സമിതി, വിശേഷാൽ ഗ്രാമസഭ, ഗൃഹസന്ദർശനം എന്നിവയ്ക്കാ യി വിവിധ ലഘുലേഖകൾ തയ്യാറാക്കി. എല്ലാ വാർഡു കളിലും തുണിയിൽ അച്ചടിച്ച ബാനറുകൾ, വാഹനങ്ങളിൽ പ്രചരണ സ്റ്റിക്കറുകൾ, സ്ക്വാഡുകൾക്ക് പ്ലക്കാർഡു കൾ എന്നിവ നൽകി. ഇതിനായി അനവധി ബോധവത്കരണ ക്ലാസുകളും ചർച്ചകളും സംഘടിപ്പിച്ചു. ഓരോ യോഗ ങ്ങളും ഹരിത ചട്ടപരിപാലന ത്തിന്റെ ക്ലാസ്മുറികളാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തി.











നവംബർ 5, 6 തിയ്യതികളിലായി ഇവ ക്ലീൻ കേരളമിഷൻ അംഗീകരിച്ച എക്കോഗ്രീൻ മലപ്പുറം എന്ന സ്ഥാപനം ഏറ്റെടുത്തുകൊണ്ടുപോയി. ഇതിനായി പഞ്ചായത്ത് ഇക്കോ ഗ്രീൻ കമ്പനിക്ക് 30000 രൂപ നൽകി.

കേരള സർക്കാർ പരിസ്ഥിതി വകുപ്പ് 2019 മെയ് 31 ന് ഇറക്കിയ ഉത്തരവ് 45/2019 പ്രകാരം പാലക്കാട് ജില്ലയിൽ നിന്നും ശ്രീകൃഷ്ണപുരം, മുതുതല പഞ്ചായത്തുകൾക്കൊപ്പംവെള്ളിനേഴി ഗ്രാമപഞ്ചായത്തും സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി തെരഞ്ഞെടുക്കപ്പെട്ടു.

ജൈവ മാലിന്യ സംസ്കരണം- പഞ്ചായത്തിന്റെ നേതൃത്വത്തിൽ നാല് തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റുകൾ സ്ഥാപിച്ചു. വീടുകളിലേക്ക് 300 ബയോ-റിംഗ് കമ്പോസ്റ്റുകൾ, 30 ബയോഗ്യാസ് യൂണിറ്റുകൾ, മുഴുവൻ ഘടകസ്ഥാപനങ്ങളിലേക്ക് (13 എണ്ണം) ബയോബിന്നുകൾ എന്നിവ നൽകി.

പൊതുഇട ശുചീകരണങ്ങൾക്ക് ശേഷം ഓരോ വാർഡുകളിലും അതത് വാർഡുകളെ സമ്പൂർണ്ണ ശുചിത്വവാർഡുകളായി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേക്ക് ബയോബിന്നുകൾ വിതരണം ചെയ്തു.

ഹരിത കർമ്മസേന വാതിൽപ്പടി സമാഹരണം 90 ശതമാനത്തിന് മുകളിലാണ്. വ്യാപാര സ്ഥാപനങ്ങൾ 95 ശതമാനത്തിന് (മൊത്തം കടകൾ 372) മുകളിലും. ശരാശരി ഹരിതസേന അംഗത്തിന്റെ പ്രതിമാസ വരുമാനം 4000 രൂപയാണ്. വീടുകളിൽ നിന്ന് 30 രൂപയും, കടകളിൽ നിന്ന് 40 രൂപ ഈടാക്കിയുമാണ് പ്രവർത്തിക്കുന്നത്. അധിക വേതന ലഭ്യതക്കായി ഹരിത പ്രോട്ടോക്കോൾ ആഘോഷങ്ങൾക്കുള്ള സ്റ്റീൽപാത്ര വിതരണം മൂല്യവർദ്ധിത മാലിന്യ വസ്തുക്കളുടെ സമാഹരണം എന്നിവയുമുണ്ട്.

## സവിശേഷം പ്രവർത്തനങ്ങൾ

'അതിജീവനം' ഗ്രാമ പഞ്ചായത്തിന്റെ തദ്ദേശീയ ശുചിത്വ മാലിന്യ സംസ്കരണ പ്ലാസ്റ്റിക് മുക്ത യജ്ഞം. അതിജീവനത്തിന്റെ സാക്ഷാത്കാരത്തിനായി പഞ്ചായത്ത്തല സംഘാടക സമിതി, വിശേഷാൽ ഗ്രാമസഭ, ഗൃഹസന്ദർശനം എന്നിവയ്ക്കായി വിവിധ ലഘുലേഖകൾ തയ്യാറാക്കി. എല്ലാ വാർഡുകളിലും തുണിയിൽ അച്ചടിച്ച ബാനറുകൾ, വാഹനങ്ങളിൽ പ്രചരണ സ്റ്റിക്കറുകൾ, സ്ക്വാഡുകൾക്ക് പ്ലക്കാർഡുകൾ എന്നിവ നൽകി. ഇതിനായി അനവധി ബോധവത്കരണ ക്ലാസുകളും ചർച്ചകളും സംഘടിപ്പിച്ചു. ഓരോ യോഗങ്ങളും ഹരിത ചട്ടപരിപാലനത്തിന്റെ ക്ലാസ്മുറികളാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തി.



# ശുചിയാവുന്ന ഭരണിക്കാവ്

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ഭരണിക്കാവ് ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ വിസ്തീർണ്ണം 23.25 ച.കി.മീ. ആണ്. ജനസംഖ്യ 35426. ഇതിൽ സ്ത്രീകൾ 19172 പുരുഷൻമാർ 16254 പുരുഷന്മാരും. 9485 വീടുകളും 2796 സ്ഥാപനങ്ങളും ഉൾപ്പെടുന്ന പഞ്ചായത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണായതിനാൽ ജൈവ കൃഷിക്ക് ഇവിടെ വളരെ പ്രാധാന്യമുണ്ട്. തെങ്ങ്, എള്ള്, വാഴ കപ്പ കൂടാതെ ചക്ക, മാങ്ങ തുടങ്ങിയ പഴവർഗ്ഗങ്ങളും കൂടുതലായി കാണാൻ കഴിയും. എന്നിരുന്നാലും വ്യാപാര മേഖലകളിലും ഈ പഞ്ചായത്ത് ഒട്ടും പിന്നിലല്ല.

## മാലിന്യസംസ്കരണരംഗത്തെ ഇടപെടൽ

പഞ്ചായത്തിൽ പ്രതിദിനം 4000 കിലോ ഗ്രാം ജൈവമാലിന്യവും 650 കിലോഗ്രാം അജൈവമാലിന്യവും രൂപപ്പെടുന്നുണ്ട്. ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിനായി കമ്പോസ്റ്റ് യൂണിറ്റും, പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലായി എയ്റോബിക് യൂണിറ്റുകളും 'നടേപ്പ്' യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ സ്കൂളുകൾ, ആളുകൾ കൂടുതലായി ഒത്തുകൂടുന്ന ജങ്ഷനുകൾ എന്നിവയ്ക്കാണ് മുൻതൂക്കം. കൂടാതെ വേഗം മണ്ണിൽ അലിഞ്ഞു ചേരുന്ന ജൈവ മാലിന്യങ്ങളായ ഭക്ഷണ പദാർത്ഥങ്ങളുടെ അവശിഷ്ടങ്ങൾ, പച്ചക്കറി, മൽസ്യ, മാംസ മാലിന്യങ്ങൾ മുതലായവയുടെ സംസ



ഭരണിക്കാവ് ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്തായി മാറ്റുന്നതിനുള്ള എല്ലാ തീവ്രപരിശ്രമങ്ങളും നടന്നുവരികയാണ്. ആദ്യഘട്ടമായി ഏറ്റവും കൂടുതൽ മാലിന്യ പ്രശ്നമുണ്ടാക്കുന്ന പ്ലാസ്റ്റിക്ക് സഞ്ചിയുടെ ഉപയോഗം പരമാവധി കുറയ്ക്കുക, ജൈവ വസ്തു നിർമ്മിതമായ തുണി സഞ്ചി, ചണ സഞ്ചി, കടലാസ് സഞ്ചി തുടങ്ങിയവയുടെ ഉപയോഗം കൂട്ടുക എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

പൊതുപരിപാടികളിൽ ഹരിതചട്ട പാലനം നടപ്പിലാക്കാൻ ഹരിത കർമ്മസേനയുടെ സേവനം ഉറപ്പാക്കുവാനും, ചടങ്ങുകളിലും പരിപാടികളിലും സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും നൽകി വാടക ഈടാക്കുന്നുണ്ട്.

കരണത്തിനായി എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

### കമ്പോസ്റ്റ് യൂണിറ്റ്

അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി ക്രമീകരിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ വളരെയധികം മികച്ചതാണ്. ഇവിടെ ഹരിത കർമ്മസേനയുടെ പങ്കാളിത്തം എടുത്തു പറയേണ്ടത് തന്നെയാണ്. മൊത്തം. ഒരു ദിവസം 20 വീടുകൾ എന്ന നിലയിൽ 21 വാർഡുകളിലായി എല്ലാ വീടുകളും സന്ദർശിച്ച് പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തെ പറ്റി ബോധവത്കരണം നടത്തി. എല്ലാ മാസവും ഒരു തവണ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യാപാര ശാലകളിൽ നിന്നും വൃത്തിയാക്കിയ 50 മൈ



ക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കിറ്റുകളും, ഷീറ്റുകളും, മറ്റു വസ്തുക്കളും ശേഖരിച്ചു വാർഡുകളിലെ രണ്ടോ മൂന്നോ സൗകര്യപ്രദമായ സ്ഥലങ്ങളിൽ സൂക്ഷിച്ചു വയ്ക്കും. പിന്നീട് മാസാവസാനം പഞ്ചായത്തു തലത്തിൽ ക്രമീകരിച്ചിരിക്കുന്ന ശേഖരണ കേന്ദ്രത്തിൽ എത്തിക്കും. തുടർന്ന് ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് കൈമാറും.

### ഹരിതകർമ്മസേന

42 അംഗങ്ങൾ അടങ്ങിയ ഹരിതകർമ്മ സേനയാണ് ഇവിടെ ഉള്ളത്. നിലവിൽ 6000 വീടുകളിൽ നിന്നാണ് മാലിന്യശേഖരണം

## 'ഓരം മനോഹരം' ശുചീകരണം

മലിനീകരണത്തിന് എതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് പൊതുവെ ഭരണിക്കാവ് ഗ്രാമവാസികൾ. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ് ഉപയോഗ ശൂന്യമായിരുന്ന നാല് കുളങ്ങൾ വൃത്തിയാക്കി നാല് വശവും സംരക്ഷണ വലയം തീർത്ത് ഉപയോഗപ്രദമാക്കി. റോഡ് സൈഡുകളിൽ മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നതും, പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതും കുറ്റകരമാണെന്ന് വീടുകൾക്കും സ്ഥാപനങ്ങൾ



ക്കും നോട്ടീസ് അയക്കുകയും അത് നിയന്ത്രണവിധേയമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിൽ വളരെ ശ്രദ്ധ നേടിയ പ്രവർത്തനങ്ങളാണ് 'ഓരം മനോഹരം' നിർമ്മലം പരിസരം എന്നിവ. ഓരം മനോഹരം പദ്ധതിയുടെ ഭാഗമായി റോഡ് സൈഡുകൾ വൃത്തിയാക്കി പൂച്ചെടികൾ വെച്ച് പിടിപ്പിച്ചു. നിർമ്മലം പരിസരത്തിന്റെ ഭാഗമായി വർഷത്തിൽ മൂന്നു തവണ വീടിന്റെ ചുറ്റുപാട്, കുളങ്ങൾ എന്നിവ വൃത്തിയാക്കി മാലിന്യമുക്തമായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരുന്ന പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനായും, പ്രകൃതി സൗഹൃദവസ്തുക്കൾ ജീവിതശൈലിയുടെ ഭാഗമാക്കുന്നതിനായും വാർഡുതല ഹരിത ശില്പശാലകളും ഡോക്യുമെന്ററി പ്രദർശനവും പ്രഭാഷണവും സംഘടിപ്പിച്ചു. പരിസര ശുചിത്വത്തിന്റെയും, രോഗ പ്രതിരോധന പ്രവർത്തനങ്ങളുടെയും പ്രാധാന്യം മുൻനിർത്തിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നിരന്തരമായി പഞ്ചായത്തിൽ നടക്കുന്നു. ഇങ്ങനെ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വിജയകഥകൾ രചിച്ചു കൊണ്ട് മുന്നേറുകയാണ്. ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് പ്രവർത്തകർ, ഹരിത കർമ്മ സേന, യുവജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഭരണിക്കാവ് നവീനമായ രീതിയിൽ പുതിയ പാഠങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയുമാണ്.

നടക്കുന്നത്. 40 ശതമാനത്തോളം വീടുകളിൽ നിന്നും ഇനിയും ശേഖരണം നടത്താനുണ്ട്. യൂസർ ഫീയായി വീടുകളിൽ നിന്ന് 30 രൂപയും സ്ഥാപനങ്ങളിൽ നിന്നും 60 രൂപയും ചെറുകിട കച്ചവട ശാലകളിൽ നിന്ന് 100 രൂപയും കൈപ്പറ്റുന്നുണ്ട്. ഇങ്ങനെ 3000 രൂപ വീതം മാസ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. മാസം 5000 രൂപ വീതം ഹരിത കർമ്മസേന അംഗങ്ങൾക്ക് ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ആകുന്നു. പഞ്ചായത്തിൽ നടക്കുന്ന ശുചിത്വ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കുന്നതിനായി ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

## ഹരിതചട്ട പാലനം

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തിർത്തും ഹരിത പെരുമാറ്റ ചട്ടം പാലിച്ചുകൊണ്ട് മുന്നോട്ട് പോകുവാൻ പഞ്ചായത്തിന് നാളിതുവരെ സാധിച്ചിട്ടുണ്ട്. മാലിന്യസംസ്കരണ രംഗത്തേക്ക് കടക്കുകയാണെങ്കിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്തായി മാറ്റുന്നതിനുള്ള എല്ലാ തീവ്രപരിശ്രമങ്ങളും നടന്നുവരികയാണ്. ആദ്യഘട്ടമായി ഏറ്റവും കൂടുതൽ മാലിന്യ പ്രശ്നമുണ്ടാക്കുന്ന പ്ലാസ്റ്റിക്ക് സഞ്ചിയുടെ ഉപയോഗം പരമാവധി കുറയ്ക്കുക, ജൈവ വസ്തു നിർമ്മിതമായ തുണിസഞ്ചി, ചണ സഞ്ചി, കടലാസ് സ





ഞ്ചി തുടങ്ങിയവയുടെ ഉപയോഗം കൂട്ടുക എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

പൊതുപരിപാടികളിൽ ഹരിതചട്ടപാലനം നടപ്പിലാക്കാൻ ഹരിതകർമ്മസേനയുടെ സേവനം ഉറപ്പാക്കുവാനും, ചടങ്ങുകളിലും പരിപാടികളിലും സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും നൽകി വാടക ഈടാക്കുന്നുണ്ട്. പഞ്ചായത്തിലെ വാർഡുകളിലും വീടുകളിലും നടക്കുന്ന ചടങ്ങുകളിലും സേവനം നല്കി പ്രതിഫലം ഇടയാക്കുന്നുണ്ട്. തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്തതിന് പഞ്ചായത്തിൽ രണ്ടു നിയമ നടപടികളാണ് ഇതുവരെ എടുത്തിട്ടുള്ളത്.പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള എല്ലാ സർക്കാർ ഓഫീസുകളിലും പൊതുപരിപാടികളിലും ഹരിതചട്ടം നടപ്പാക്കിയിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു പൊതുപരിപാടിയാണ് 2018-19-ൽ നടന്ന ബാലോത്സവം. ഇവിടെ ഭക്ഷണം വിതരണം ചെയ്യുന്നതിനായി സ്റ്റീൽ ഗ്ലാസ്സുകളും പ്ലേറ്റുകളുമാണ് ഉപയോഗിച്ചത്. കലാമത്സരങ്ങളിൽ പങ്കെടുത്തവർ ഡിസ്പോസിബിൾ വസ്തുക്കൾ ഒന്നും തന്നെ ഉപയോഗിക്കുന്നില്ല എന്നുറപ്പു വരുത്തി. അലങ്കാരങ്ങൾക്കും ബാനറിനുമെല്ലാം പ്രകൃതിസൗഹൃദ വസ്തുക്കളാണ് ഉപയോഗിച്ചത്.

### ഹരിതവിവാഹങ്ങൾ

ഹരിതകേരളം മിഷൻ ആശയങ്ങൾ പ്രാവർത്തികമാക്കിയാണ് 12 വിവാഹങ്ങൾ ഇവിടെ നടന്നിട്ടുണ്ട്.



# മാലിന്യസംസ്കരണത്തിലെ പത്തിയൂർ വിശേഷങ്ങൾ

ആലപ്പുഴ ജില്ലയിലെ പേരുകേട്ട കാർഷിക പ്രദേശമായ ഓണാട്ടുകരയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന പത്തിയൂർ ഗ്രാമ പഞ്ചായത്ത്. മുതുകുളം ബ്ലോക്കിൽ ഉൾപ്പെടുന്നതാണ്. 16.27 ച.കി.മീ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ 33925 ജനങ്ങൾ താമസിച്ചു വരുന്നു. 11953 വീടുകളും 75 സ്ഥാപനങ്ങളും പഞ്ചായത്തിന്റെ അതിർത്തിയിൽപ്പെടുന്നു. ഓണാട്ടുകരയുടെ ഇതര ഗ്രാമങ്ങളെപ്പോലെ കൃഷിക്ക് വളരെയേറെ പ്രാമുഖ്യം നല്കി വരുന്ന ഒരു പ്രദേശമാണിത്. ചോളം, നിലക്കടല, റാഗി, മുതിര, എള്ള്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, തീറ്റപ്പുൽ എന്നിവയുടെ കൃഷി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഇന്ന് പഞ്ചായത്തിൽ വളരെ വ്യാപകമായി നടത്തി വരുന്നത് ഇതിന്റെ വെളിച്ചത്തിൽ ആണ്. എന്നാൽ ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ, വിവിധ കശുവണ്ടി ഫാക്ടറികൾ മുതലായ വ്യവസായങ്ങളും കായംകുളം പട്ടണത്തോടുള്ള സാമിപ്യവും ഈ പ്രദേശത്തിന് ഒരു വ്യവസായിക മേഖലയുടെ പരിവേഷം നല്കി. കാർഷിക സംസ്കാരത്തിൽ നിന്ന് വ്യാവസായിക സംസ്കാരത്തിലേയ്ക്കുള്ള ക്രമാനുഗതമായ മാറ്റം മൂലം ഒരു വശത്ത് ഒട്ടേറെ ഗുണങ്ങൾ ഈ പ്രദേശത്തിനുണ്ടായപ്പോൾ മറുവശത്ത് ഇതുമൂലമുള്ള മലിനീകരണത്തിന്റെ തോത് കൂടി വന്നു



ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലും ഹരിതചട്ടം നടപ്പാക്കിയിട്ടുണ്ട്. പൊതുപരിപാടികൾ, മതപരമായ ചടങ്ങുകൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നീ അവസരങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പവരുത്തുന്നതിന് പഞ്ചായത്ത് ജാഗ്രത പുലർത്തുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് ലക്ഷക്കണക്കിന് ഭക്തജനങ്ങൾ സന്ദർശിക്കുന്ന പത്തിയൂർ ദുർഗ്ഗാ ക്ഷേത്രത്തിലെ നവാഹ യജ്ഞത്തിന്റെ സദ്യയ്ക്ക് സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും ആണ് ഉപയോഗിച്ചത്. ഇത് വിജയിച്ചതന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ ക്ഷേത്രങ്ങളിലും നോമ്പ്തുറ പ്രമാണിച്ച് എട്ട് പള്ളികളിലും ഹരിത പെരുമാറ്റച്ചട്ടം നിലവിൽ കൊണ്ടുവന്നു. വാർഡ് അടിസ്ഥാനത്തിൽ ഹരിതകേരളം മിഷനിൽ നിന്ന് പരിശീലനം ലഭിച്ച റിസോഴ്സ്പേഴ്സൺമാരെ ഉപയോഗിച്ച് ഹരിത നിയമത്തിൽ ബോധവത്കരണം നടത്തി.

## മാലിന്യസംസ്കരണരംഗത്തെ ഇടപെടൽ

2017-ലെ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' സർവ്വേ പ്രകാരം പത്തിയൂർ പഞ്ചായത്തിൽ ദിവസേന രൂപപ്പെടുന്ന മാലിന്യത്തിൽ 980 കിലോ ജൈവവും 260 കിലോ അജൈവവുമാണ്. ഈ നിരീക്ഷണം മുന്നോട്ട് വച്ച ആശങ്കകൾക്ക് പരിഹാരമാർഗ്ഗമെന്ന നിലയ്ക്ക് ഫലപ്രദമായ രീതിയിൽ നിരവധി പദ്ധതികൾ പഞ്ചായത്ത് ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചു. കൂട്ടുത്തരവാദിത്വം ഏറ്റെടുക്കാൻ മടിയില്ലാത്ത പത്തിയൂരിലെ ജനത അവയ്ക്ക് ചലനവും വേഗവും നല്കി. അതിന്റെ തെളിവാണ് ഇന്നത്തെ പത്തിയൂർ.



മാലിന്യ സംസ്കരണത്തിന്റെ ആദ്യപടിയായി ജൈവമാലിന്യം സംസ്കരിക്കുന്നതിനായി വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾ എന്നിവടങ്ങളിൽ മാലിന്യ സംസ്കരണ ഉപാധികൾ കുറഞ്ഞ തോതിലെങ്കിലും സ്ഥാപിച്ചു കഴിഞ്ഞു. കൂടുതൽ പ്രവർത്തനങ്ങൾ വരും കാലങ്ങളിൽ ഈ ദിശയിൽ നടത്താൻ പഞ്ചായത്ത് ലക്ഷ്യമിടുന്നു. നാല് സ്ഥലങ്ങളിൽ തുമ്പൂർമുഴി മാതൃകയിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 372 ഗാർഹികതല ഉറവിട ജൈവ മാലിന്യ സംസ്ക്കരണ ഉപാധികൾ ഉള്ള വീടുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. നാലു സ്കൂളുകളിലും ഈ സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

## ശ്രമങ്ങൾ പലവിധം

പഞ്ചായത്തിൽ നടക്കുന്ന മാലിന്യസംസ്കരണ പരിപാടികളിൽ പൊതുവെ ജനപങ്കാളിത്തം ഉണ്ടെങ്കിൽക്കൂടി തോടുകളും പുഴകളും മാലിന്യമുക്തമായി നിലനിർത്തുന്നതിനായി പരിസരങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വിഠോബ ദേവസ്വം വക പൊതുകുളം അടക്കം നാലു കുളങ്ങൾ ശുചീകരിച്ച് ഉപയോഗയോഗ്യമാക്കി. കാർഷിക മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കുമ്പോഴും മാലിന്യസംസ്കരണത്തെ അതിനു ബലം നല്കുന്ന ഒന്നായി മാറ്റാനാണ് പഞ്ചായത്ത് ശ്രമിച്ചിരിക്കുന്നത്. നിലവിൽ പഞ്ചായത്തിൽ ചാണകം പൊടിച്ച് വളമാക്കുന്ന 10 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മാതൃകയിൽ ജൈവവള നിർമ്മാണം വ്യാപകമാക്കാനുള്ള ശ്രമങ്ങളും പഞ്ചായത്ത് നടത്തി വരുന്നു. ഹരിതകേരളം, ശുചിത്വ കേരളവും ആരോഗ്യ കേരളവുമാണ് എന്ന ബോധത്തിന്റെ നിറവിൽ പത്തിയൂർ ഗ്രാമപഞ്ചായത്ത് കൂടുതൽ തെളിച്ചമുള്ള ആശയങ്ങളിലേക്കും യാഥാർത്ഥ്യങ്ങളിലേക്കും അടുക്കുകയാണ്.

അജൈവ മാലിന്യ ശേഖരണത്തിനായി പത്തിയൂർ പി.എച്ച്.സി യിൽ ഖരമാലിന്യ യൂണിറ്റ് സ്ഥാപിക്കാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനം വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക്ക്, ചാക്കുകളിൽ സംഭരിച്ച് പഞ്ചായത്തിൽ ഇതിനായി വാങ്ങിയ പെട്ടി ഓട്ടോയിൽ കയറ്റി എം.സി.എഫിൽ എത്തിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ക്ലീൻ കേരള കമ്പനിക്കു കൈമാറുകയാണു ചെയ്യുന്നത്.

### ഹരിത കർമ്മസേന

പത്തിയൂർ ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്ക്കരണ ശുചീകരണ പരിപാടികളെ മികവുറ്റതാക്കുന്നതിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം അഭിനന്ദനീയമാണ്. പഞ്ചായത്തിലെ വീടുകളിൽ നിന്ന് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 19 വാർഡുകളിൽ നിന്ന് 2 വീതം ഹരിതകർമ്മസേനാംഗങ്ങളെയാണ് നിയമിച്ചിരിക്കുന്നത്. മാസാടിസ്ഥാനത്തിൽ 4500 രൂപയാണ് ഹരിതകർമ്മസേനാംഗത്തിന് വേതനമായി ലഭിയ്ക്കുന്നത്. വീടുകളിൽനിന്ന് 40 രൂപവീതവും 1029 കടകളിൽ നിന്നും 100 രൂപവീതവും യൂസർഫീ വാങ്ങുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാണ് ഇത് വിനിയോഗിക്കുന്നത്.

### ഹരിതചട്ടപാലനം

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലും ഹരിതചട്ടം നടപ്പാക്കിയിട്ടുണ്ട്. പൊതുപരിപാടികൾ, മതപരമായ ചടങ്ങുകൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നീ അവസരങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പവരുത്തുന്നതിന് പഞ്ചായത്ത് ജാഗ്രത പുലർത്തുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് ലക്ഷക്കണക്കിന് ഭക്തജനങ്ങൾ സന്ദർശിക്കുന്ന പത്തിയൂർ ദുർഗ്ഗാ ക്ഷേത്രത്തിലെ നവാഹ യജ്ഞത്തിന്റെ സദ്യയ്ക്ക് സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും ആണ് ഉപയോഗിച്ചത്. ഇത് വിജയിച്ചതന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ ക്ഷേത്രങ്ങളിലും നോമ്പ്തുറ പ്രമാണിച്ച് എട്ട് പള്ളികളിലും ഹരിത പെരുമാറ്റച്ചട്ടം നിലവിൽ കൊണ്ടുവന്നു. വാർഡ് അടിസ്ഥാനത്തിൽ ഹരിതകേരളം മിഷനിൽ നിന്ന് പരിശീലനം ലഭിച്ച റിസോഴ്സ്പേഴ്സൺമാരെ ഉപയോഗിച്ച് ഹരിത നിയമത്തിൽ ബോധവത്ക്കരണം നടത്തി. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പൊതു ശൗചാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സമഗ്ര ശുചിത്വ-മാലിന്യ സംസ്ക്കരണ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും അവ ശീലമാക്കി മാറ്റുന്നതിനും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. സ്കൂളുകളിൽ ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റുകളും അംഗനവാടികളിൽ ശിശുസൗഹൃദ ടോയ്ലറ്റുകളും സ്ഥാപിച്ചു. ഹൈസ്ക്കൂളുകളിൽ നാപ്കിൻ വെൻഡിങ് മെഷീനുകളും സ്ഥാപിച്ചിട്ടുണ്ട്.





# 'സ്മാർട്ട്' സംരംഭങ്ങളുമായി ആര്യാട്

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന ആര്യാട് ഗ്രാമപഞ്ചായത്ത് പലകുറി കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലത്തിന്റെ ശ്രദ്ധാകേന്ദ്രം ആയിട്ടുണ്ട്. 6.87 ച.കി.മീ വിസ്തീർണ്ണം മാത്രമുള്ള താരതമ്യേന ചെറിയ പഞ്ചായത്തിൽ 18 വാർഡുകളിലായി 9588 വീടുകളാണുള്ളത്. 30,983 ജനങ്ങൾ ഗ്രാമപഞ്ചായത്തിൽ പാർക്കുന്നു കായലും കടലും കനാലുകളും ഇടത്തോടുകളും അടങ്ങുന്നതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. വ്യാവസായിക അടിസ്ഥാനത്തിൽ കാർഷിക വൃത്തിയെ പിൻപറ്റുന്ന നാഗരിക സാംസ്കാരം പിന്തുടരുന്ന ആളുകളാണ് ബഹുഭൂരിപക്ഷവും.

## മാലിന്യസംസ്കരണ രംഗത്തെ ഇടപെടൽ

2017 ലെ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം സർവ്വേ പ്രകാരം ദിനംപ്രതി 950 കിലോ ഗ്രാം ജൈവ മാലിന്യങ്ങളും 250 കിലോ അജൈവ മാലിന്യങ്ങളും 15 കിലോ ഇലക്ട്രോണിക് വേസ്റ്റുകളും 18 കിലോ ബയോ മെഡിക്കൽ മാലിന്യങ്ങളും രൂപപ്പെടുന്നു. ഇവയുടെ നിർമ്മാർജ്ജനവും സംസ്കരണവും നവീനവും തനതുമായ പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കുന്നു.. മാലിന്യ നിർമ്മാർജ്ജനത്തിനായി 'ശുചിത്വഹർത്താൽ' ആചരിച്ച പഞ്ചായത്താണ് ആര്യാട്. ക്ലൈമാറ്റിക് സ്ട്രൈക്കുകളുടെ കാലത്ത് പഞ്ചായത്തിലെ ശുചീകരണ യജ്ഞത്തിന് അടിയന്തിര സ്വഭാവം കൊണ്ടു വരുന്നതിനായിരുന്നു അത്തരം ഒരു ശീർഷകം. ഈ അടിയന്തര സ്വഭാവം പദ്ധതികൾ നടപ്പാക്കു



ന്നതിലും രൂപകൽപ്പന ചെയ്യുന്നതിലും പിന്തുടരുന്നു.രൂപപ്പെടുന്ന ജൈവ- അജൈവ മാലിന്യങ്ങളെ തരം തിരിച്ചു പരിഗണിച്ച് കൊണ്ടാണ് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ 250 കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചു നൽകുകയും 9000 വീടുകൾക്ക് ബയോബിന്നുകളും 300 കടകൾക്ക് കിച്ചൻ ഡൈജസ്റ്ററുകളും വിതരണം ചെയ്യുകയും ചെയ്തു. പഞ്ചായത്തിലെ എല്ലാ വീടുകളിലും ബയോ ഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ സ്കൂളുകളിലും ഹോട്ടലുകളിലും ഈ സംവിധാനം നിർബന്ധമാണ്.



ഇതു കൂടാതെ ആര്യാട് പി.എച്ച്.സിയോട് ചേർന്ന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റും കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് കുടുംബശ്രീ പ്രവർത്തകരുടെ മണ്ണിര കമ്പോസ്റ്റ് യൂണിറ്റും പ്രവർത്തിക്കുന്നു. ഇങ്ങനെ പഞ്ചായത്തിലെ 296 സ്ഥലങ്ങളിൽ (കടകൾ/സ്ഥാപനങ്ങൾ/വീടുകൾ) ജൈവ മാലിന്യ സംസ്കരണത്തിനായി ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചു.

അജൈവമാലിന്യങ്ങൾ ഹരിത കർമ്മ സേനയുടെ സഹായത്തോടെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) യിൽ ശേഖരിക്കുന്നു. 36 അംഗ ഹരിതസേന ശേഖരിച്ചു എം.സി.എഫിൽ എത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുന്നതിനായി പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഷ്രെഡ്ഡിങ് യൂണിറ്റിൽ വൈദഗ്ധ്യം നേടിയ മൂന്ന് വനി

50 മൈക്രോണിൽ താഴെയുള്ള അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന, കത്തിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കളെ ശാസ്ത്രീയമായ രീതിയിൽ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ പുനഃചംക്രമണത്തിന് വിധേയമാക്കി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുകയും മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണ് Plastic Smart Aryad. നാല് എൻജിനിയറിങ് വിദ്യാർഥികൾ ചേർന്ന് രൂപകൽപ്പന ചെയ്ത പ്ലാസ്റ്റിക് സ്മാർട് ആര്യാട് എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഹരിതസേനയുടെ പ്ലാസ്റ്റിക് ശേഖരണം ഏകോപിപ്പിക്കുന്നതും നിരീക്ഷിക്കുന്നതും. ഇതിന്റെ പ്രവർത്തനം ലളിതവും മാതൃക ആക്കാവുന്നതുമാണ്.

താ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവർ പ്ലാസ്റ്റിക്കിനെ HM, LD, PP എന്നിങ്ങനെ തരംതിരിക്കുന്നു. ഷ്രഡിങ് യൂണിറ്റിനോട് ചേർന്ന് ബെയ്‌ലിംഗ് മെഷീനും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി ഡസ്റ്റ് റിമൂവൽ മെഷീൻ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. യൂണിറ്റിൽ ഷ്രഡ് ചെയ്യുന്ന പ്ലാസ്റ്റിക് നിലവിൽ PWD, ക്ലീൻ കേരള കമ്പനി തുടങ്ങിയവയുടെ സഹായത്തോടെ പഞ്ചായത്തിലെയും ജില്ലയിലെ മറ്റ് സ്ഥലങ്ങളിലേയും റോഡ് നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തിവരികയാണ്. ഇതുവരെ ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് 2620 കി.മീ റോഡ് ടാർ ചെയ്തിട്ടുണ്ട്. 2019 മാർച്ച് മാസം വരെ ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് വിറ്റ വകയിൽ 201482 രൂപയാണ് പഞ്ചായത്തിന് ലഭിച്ചിരിക്കുന്നത്. നിലവിൽ 5000 കി.ലോ ഷ്രെഡ്സ് പ്ലാസ്റ്റിക് സ്റ്റോക്കുണ്ട്. മാലിന്യത്തെ സാമ്പത്തികമായ മൂലധനമാക്കി അവതരിപ്പിക്കാൻ കഴിയും എന്നതിന്റെ ഉദാഹരണമാണിത് മുന്നോട്ട് വയ്ക്കുന്നത്.

## ഹരിത കർമ്മസേന

മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ നെടുംതൂണായി നിൽക്കുന്നത് പഞ്ചായത്തിലെ 36 അംഗ ഹരിത സേനയാണ്. ജില്ലയിൽ ആദ്യം രൂപീകരിച്ച ഹരിത സേനയിൽ ഒന്നാണ് ആര്യാടിന്റേത്. അഞ്ച് പുരുഷ സേന അംഗങ്ങളും ആര്യാട് ഹരിതകർമ്മസേനയിൽ ഉണ്ട്. നിലവിൽ 9588 വീടുകളിൽ നിന്നും 388 സ്ഥാപനങ്ങളിൽ നിന്നും സേന വാതിൽപടി ശേഖരണം നടത്തുന്നു. ഇനിയും 1918 വീടുകളെയും 78 സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രതിമാസം 6000 രൂപ ശമ്പളവും മറ്റ് അലവൻസുകളും ഹരിതകർമ്മ സേനക്ക് ലഭിക്കുന്നുണ്ട്. പ്ലാസ്റ്റിക് ശേഖരണത്തിൽ ഒതുങ്ങി നിൽക്കാതെ ഹരിത കർമ്മസേനയെ സ്വയംപര്യാപ്തവും വൈവിധ്യമാർന്നതും ആക്കുവാൻ കാറ്ററിങ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ വഴിയും കാറ്ററിങ്ങിലൂടെയും ഹരിതകർമ്മ സേനയ്ക്ക് 20000 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. യൂസർ ഫീ എന്ന നിലയിൽ വീടുകളിൽ നിന്നും 30 രൂപയും കടകളിൽ നിന്നും പ്രതിമാസം 100 രൂപയുമാണ് നിലവിൽ പഞ്ചായത്ത് ഈടാക്കുന്നത്. വീടുകളിൽ നിന്നും യൂസർ ഫീ പിരിക്കുന്നതിനായി 14 ബില്ലിംഗ് മെഷീനുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. പഞ്ചായത്തിന്റെ പദ്ധതികളെ ജനകീ







യവത്കരിക്കുന്നത് ഹരിത കർമ്മസേനയാണ്. ആര്യാടിന്റെ ഹരിത കർമ്മ സേന ആധുനികതയുടെ മാത്രമല്ല പ്രകൃതിയുടെയും മിടുപ്പ് അറിഞ്ഞവരാണ്, അത് തിരികെ തരുന്നവരാണ്.

ജൈവ മാലിന്യ QR കോഡു പതിച്ച ബിന്നുകളിൽ പച്ച, നീല എന്നീ കളറുകളിലുള്ള ക്യാരി ബാഗുകൾ സ്ഥാപിച്ചിട്ടുണ്ട്.

## ഹരിത ചട്ട പാലനം

സ്വയം മാതൃകയായി ജനങ്ങളെ പ്രചോദിപ്പിക്കുക എന്ന നിലയ്ക്കാണ് പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ഹരിത പെരുമാറ്റച്ചട്ടം നിലവിൽ കൊണ്ട് വരുന്നത്. പഞ്ചായത് ഗ്രാമ സഭ പൂർണമായും ഹരിത പെരുമാറ്റച്ചട്ടപ്രകാരമാണ് നടക്കുന്നത്. ഇതിനോടനുബന്ധിച്ച് ഹരിത പെരുമാറ്റച്ചട്ടം നിർബന്ധിതമായി പാലിക്കണമെന്ന് വ്യാപാര സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ഹരിത പെരുമാറ്റ ചട്ടങ്ങളുടെ വ്യാപനത്തിന് സഹായകമാകുന്ന രീതിയിൽ ബോധവത്കരണ ബോർഡുകൾ, പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെ (മഷി പേന, സ്റ്റീൽ ഗ്ലാസ്സ്, തുണി സഞ്ചി) പ്രോത്സാഹനം എന്നിവ നൽകി പോരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ 519,588 രൂപ ധനസഹായത്തിൽ 5000 വീതം സ്റ്റീൽ പാത്രങ്ങളും സെറാമിക് പാത്രങ്ങളും ചെറുതും വലുതുമായ ആഘോഷ പരിപാടികളിൽ കുറഞ്ഞ നിരക്കിൽ ഹരിത കർമ്മ സേന വഴി നൽകുന്നു. പ്ലാസ്റ്റിക്കിന് ബദൽ എന്ന ചോദ്യത്തിന് മറുപടി എന്ന നിലയ്ക്കാണിത് നൽ





കുന്നത്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ 50 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക്ക് പിടിച്ചെടുക്കുമ്പോൾ തന്നെ കുടുംബശ്രീ പ്രവർത്തകരുടെ മുൻകയ്യിൽ തുണിസഞ്ചി നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത് ബദൽ അവതരിപ്പിച്ചുകൊണ്ട് പ്ലാസ്റ്റിക് മുതലായ അജൈവ വസ്തുക്കളുടെ നിർമ്മാർജ്ജനത്തിനാണ്.

## പ്ലാസ്റ്റിക് സ്മാർട്ട് ആര്യാട്

50 മൈക്രോണിൽ താഴെയുള്ള അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന, കത്തിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കളെ ശാസ്ത്രീയമായ രീതിയിൽ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ പുനഃചംക്രമണത്തിന് വിധേയമാക്കി റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുകയും മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണ് Plastic Smart Aryad. നാല് എൻജിനിയറിങ് വിദ്യാർഥികൾ ചേർന്ന് രൂപകൽപ്പന ചെയ്ത പ്ലാസ്റ്റിക് സ്മാർട് ആര്യാട് എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഹരിത സേനയുടെ പ്ലാസ്റ്റിക് ശേഖരണം ഏകോപിപ്പിക്കുന്നതും നിരീക്ഷിക്കുന്നതും. ഇതിന്റെ പ്രവർത്തനം ലളിതവും മാതൃക അക്കാവുന്നതുമാണ്. ആര്യാട് പഞ്ചായത്ത് ആറാം വാർ

ഡിൽ പ്രവർത്തിക്കുന്ന ഷ്രഡിങ് യൂണിറ്റിലേക്ക് ഹരിതസേന വഴി പ്ലാസ്റ്റിക്കുകൾ എത്തിക്കുന്നു 4 സ്ത്രീ തൊഴിലാളികളും ഒരു സോഫ്ട്‌വെയർ പ്രോഗ്രാമിങ് അസിസ്റ്റന്റും യൂനിറ്റോൾ ജീവനക്കാരായിട്ടുണ്ട്. QR കോഡ് പതിച്ചിരിക്കുന്ന ബിന്നിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് മുൻപായി ഹരിതസേന അംഗം അത് പഞ്ചായത്തു നൽകിയിരിക്കുന്ന android mobile phone ഉപയോഗിച്ചു സ്കാൻ ചെയ്യുന്നു. അതുവഴി മാലിന്യം ശേഖരിച്ച വീട്ടിലെ ഗൃഹനാഥന്റെ പേരും ഹരിത സേന അംഗത്തിന്റെ ഐഡി നമ്പറും കംപ്യൂട്ടറിൽ രേഖപ്പെടുത്തപെടുന്നു. ഈ സംവിധാനം ഏതു മേഖലയിലാണ് മാലിന്യം അധികമായി കണപ്പെടുന്നതെന്ന് അറിയാനും അവിടെ ശ്രദ്ധ കേന്ദ്രീകരിക്കാനും ഉപകരിക്കുന്നു. ഏതെങ്കിലും തരത്തിൽ ഫീഡ്ബാക്ക് വീടുകളെ അറിയിക്കുന്നതിന് sങട സംവിധാനവും ആവശ്യമെങ്കിൽ ഫോണിലൂടെ വിവരങ്ങൾ അറിയിക്കുന്ന സംവിധാനവും ഇതിനൊപ്പം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വേസ്റ്റ് മാനേജ്മെന്റ് മോണിറ്ററിങ് മാപ്പിംഗ് വഴി കൃത്യമായി പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും കഴിയും. ആപ്ലിക്കേഷനിലെ മൂന്ന് അടയാളങ്ങളാണ് ഇതിന് സഹായിക്കുന്നത്. ചുവന്നനിറം ഹരിതസേനാംഗം സന്ദർശിച്ചില്ല എന്നും മഞ്ഞ ഒരുതവണ സന്ദർശിച്ചെന്നും പച്ച രണ്ടുതവണ സന്ദർശിച്ചെന്നും സൂചിപ്പിക്കുന്നു. ഈ രീതിയിൽ നവ മാധ്യമങ്ങളുടേയും നവീന സാങ്കേതികതയുടേയും സാധ്യതകൾ പ്രയോജനപ്പെടുത്തി കേരളത്തോട് മൊത്തം പ്ലാസ്റ്റിക്കിനെ സ്മാർട്ടായി തുരത്താൻ ആഹ്വാനം ചെയ്യുകയാണ് ആര്യാട്.

## വെല്ലുവിളികൾ അതിജീവനം

ആര്യാടിന്റെ ഭൂപ്രകൃതിയുടെ ജീവൻ നിലനിർത്തുന്ന നീരുറവകളെ മാലിന്യത്തിൽ നിന്നും മോചിപ്പിച്ചത് ഘട്ടം ഘട്ടമായുള്ള പ്രയത്നത്തിലൂടെയാണ്. 6 വാർഡുകളിലൂടെ കടന്നു പോകുന്ന മാലിന്യ കൂമ്പാരമായ മൂങ്ങാത്തോട് നവീകരിച്ച് ഭൂവസ്ത്രം വിരിച്ചതിന്റെ വിജയം നൽകിയ ആവേശത്തിൽ പഞ്ചായത്തിലെ 37 കുളങ്ങളും 108 തോടുകളും മാലിന്യം നീക്കി നവീകരിച്ചു. വൃത്തിയും മാലിന്യ മുക്തവുമായ ജലത്തിന്റെ ലഭ്യത ഒരു പഞ്ചായത്തിന്റെ സമ്പത്താണ്. കണ്മുന്നിൽ മാലിന്യം മൂടി കിടന്ന ആ സ്വത്ത് വീണ്ടെടുക്കുകയാരുന്നു ഈ യത്നത്തിലൂടെ.

ആര്യാട് പഞ്ചായത്തിലെ മുഴുവൻ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം, വെല്ലുവിളികളിൽ സാധ്യത ഒളിഞ്ഞു കിടക്കുന്നു എന്ന തിരിച്ചറിവാണ്. പ്ലാസ്റ്റിക്കിനെ നിർമ്മാർജ്ജനം ചെയ്യുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ മറ്റെല്ലാ ഭൂപ്രദേശങ്ങളെയും പോലെ ഇ- വേസ്റ്റിന്റെ സാന്നിധ്യം അധികമാകുന്നു. നിലവിൽ ഗജ്ജ കഘല ന്റെ സഹകരണത്തോടെ ഇ വേസ്റ്റുകളും നീക്കം ചെയ്യുന്നു എങ്കിൽ കൂടി ഇന്ത്യയിൽ പൊതുവായി സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രതിഭാസത്തിന്റെ അലകൾ ഈ പഞ്ചായത്തിനേയും ബാധിക്കുന്നു. നിലവിൽ മറ്റൊരു വെല്ലുവിളിയായി മുന്നിലുള്ളത് ഹരിത പെരുമാറ്റ ചട്ടം കർശനമാക്കുന്നതിന്റെ ഭാഗമായി പിഴയീടാക്കുന്നത് കർശനം ആക്കാൻ സാധിക്കാത്തതാണ്. ബദലായി പരിപാടികളിൽ എത്തിക്കുവാൻ തക്ക പാത്രങ്ങളും മാറ്റ് അനുബന്ധ വസ്തുക്കളും ഇല്ല എന്നതാണിതിന് കാരണം. ഇതു മറികടക്കുന്നതിനായി വാർഡ് അടിസ്ഥാനത്തിൽ അധികം വസ്തുക്കൾ വാങ്ങുന്നത് പഞ്ചായത്തിന്റെ പദ്ധതിയിലുണ്ട്. അതുപോലെ തന്നെ ങഇഎന്റെ സംഭരണ ശേഷി നിലവിൽ അപര്യാപ്തമാണ്. ഭാവി പരിപാടിയായി മറ്റു പഞ്ചായത്തിലെ മാലിന്യങ്ങൾ എത്തിയാൽ കൂടി സംഭരിക്കാൻ കഴിയുന്ന തരത്തിൽ ങഇഎ വികസിപ്പിക്കുന്നതും വ്യാപിപ്പിക്കുന്നതും പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. നവീനമായ രീതിയിൽ തനത് ആശയങ്ങൾ പ്രാവർത്തികമാക്കി കൊണ്ട് കേരള ജനതയെ ആര്യാടിന്റെ പറ്റി വാചാലരാവാൻ പ്രേരിപ്പിക്കുന്ന നിലയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ ശുചിത്വ മാലിന്യ സംസ്കരണം സാധ്യമാക്കി തീർക്കുന്നതിനൊടൊപ്പം ശുചിത്വ കേരളം സാധ്യമാക്കാൻ വേണ്ടി സ്വയം മാതൃകയാകുകയാണ് ആര്യാട്.



# മാലിന്യപരിപാലനത്തിന്റെ കുമളി പാഠം

പെരിയാർ വന്യജീവി സങ്കേതവും തേക്കടിയുമൊക്കെ ഉൾപ്പെടുന്ന കുമളി ഗ്രാമപ്പഞ്ചായത്തിന്റെ മാലിന്യ പരിപാലന മികവ് നല്ലൊരു അനുഭവപാഠമാണ്. ഇടുക്കി ജില്ലയുടെ മാലിന്യക്കുപ്പയെന്ന് വിളിച്ചിരുന്ന ഇടമായിരുന്നു ഒരു കാലത്ത് കുമളി. സമഗ്ര മാലിന്യ പരിപാലനം സാധ്യമാക്കിയതോടെ ഇന്ന് ഏവർക്കും സ്വീകരിക്കാവുന്ന അനുഭവസാക്ഷ്യമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ് പീരുമേട് നിയമസഭാ മണ്ഡലത്തിലെ അഴുത ബ്ലോക്കിലെ ഈ ഗ്രാമപ്പഞ്ചായത്ത്.

816 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള, 20 വാർഡുകളുള്ള ഇവിടെ 35,915 (2011ലെ സെൻസസ്) ആണ് ജനസംഖ്യ. ലക്ഷക്കണക്കായ ശബരിമല തീർഥാടകരുടെ പ്രധാന ഇടത്താവളം കൂടിയായ കുമളിയിൽ ദശലക്ഷക്കണക്കിനും തീർഥാടകരും വിനോദ സഞ്ചാരികളുമൊക്കെയായി പ്രതിദിനം ഉണ്ടാകുന്നത് 4000 കിലോഗ്രാം ജൈവമാലിന്യവും 1000കിലോഗ്രാം അജൈവ മാലിന്യവുമാണ്.ഈ കൂറ്റൻ മാലിന്യക്കൂമ്പാരത്തെയാണ് സമഗ്രമായ പരിപാലന തന്ത്രങ്ങളിലൂടെ കുമളി സുരക്ഷിതമായി കൈയ്യൊഴിയുന്നത്.

കുമളിയിലെ മാലിന്യ പ്രശ്നങ്ങൾ വിശ്വോത്തര ടൂറിസ്റ്റു കേന്ദ്രമായ തേക്കടിയെ നാണം കെടുത്തുന്ന നിലയിലേക്ക് എത്തിയതോടെയാണ് ഗ്രാമപ്പഞ്ചായത്ത് ഈ പ്രശ്നത്തിൽ ക്രിയാത്മകമായി ഇടപെട്ടത്. മാലിന്യ സംസ്കരണത്തിനായി ഗ്രാമപ്പഞ്ചായത്തിന്റെ കീഴിൽ പ്രസിഡന്റ് ചെയർമാനും



പാഴ്‌വസ്തുക്കൾ തരംതിരിച്ച് ആക്രിവ്യാപാരികൾക്ക് നൽകിയതിലൂടെ ഈ വർഷം 65000 രൂപ സേനയ്ക്ക് ലഭിച്ചു. എല്ലാ ആഴ്ചയിലും ഇത്തരത്തിൽ വിറ്റഴിക്കുന്നുണ്ട്. ഇവിടെ ഹരിതകർമ്മ സേനയെ ഒരു എന്റർപ്രൈസസ് എന്ന നിലയിലേയ്ക്ക് വളർത്തിക്കൊണ്ടു വരികയാണ്. സേനയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് ബസ്സ്റ്റാന്റിൽ ഒരു സ്വാപ്ഷോപ്പും പ്രവർത്തനം ആരംഭിച്ചു. 20 അംഗ ഹരിതകർമ്മ സേനയെ അഞ്ചുപേർ വീതമുള്ള നാല് ഗ്രൂപ്പുകളായി തിരിച്ചാണ് ഷോപ്പിന്റെ ചുമതല .മാസാവസാനം കണക്കുകൾ സഹിതം ഷോപ്പ് നടത്തിപ്പ് അടുത്ത ഗ്രൂപ്പിന് കൈമാറണം. നവംബറിൽ 6370 രൂപ വരുമാനം ലഭിച്ചു. പേപ്പർ കവറുകളും തുണിസഞ്ചികളും ഹരിതകർമ്മ സേന നിർമ്മിച്ചു നൽകുന്നുണ്ട്. പുനഃചംക്രമണം ചെയ്ത പ്ലാസ്റ്റിക്കുപയോഗിച്ച് ചെടിച്ചട്ടികൾ നിർമ്മിക്കുന്ന പ്രോജക്ടിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. പുനഃചംക്രമണം ചെയ്ത് ഗ്രോബാഗിന് പകരം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് ചെടിച്ചട്ടികളുണ്ടാക്കുന്നതാണ് പ്രോജക്ട്.

സെക്രട്ടറി കൺവീനറുമായി ഒരു സൊസൈറ്റി രൂപീകരിച്ചുകൊണ്ടായിരുന്നു ആ ഇടപെടലിന് തുടക്കമിട്ടത്. മാലിന്യം ശേഖരിച്ച് എവിടെയെങ്കിലും കുന്നുകൂട്ടിയിടുകയെന്നതല്ലാതെ ശാസ്ത്രീയ പരിപാലനം സാധ്യമായിരുന്നില്ല. 2018ലെ പ്രളയത്തിൽ ആ മല ഇടിഞ്ഞത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമായി.

11850 ആൾത്താമസമുള്ള വീടുകളും 2280 സ്ഥാപനങ്ങളുമാണ് കുമളിയിലുള്ളത്. ഇവയിൽ 1600 സ്ഥാപനങ്ങളിൽ നിന്ന് അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇവയിൽത്തന്നെ 780സ്ഥാപനങ്ങൾ ജൈവമാലിന്യങ്ങളും പഞ്ചായത്തിന് നൽകുന്നുണ്ട്.50% സ്ഥാപനങ്ങളും 4200 വീടുകളും യൂസർഫീ



നൽകുന്നു. ഗ്രാമപ്പഞ്ചായത്തിന്റെയും ജില്ലാ ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും കൂട്ടായ ഇടപെടലിലാണ് മാതൃകാപരമായി തരംതിരിച്ചുള്ള സമഗ്ര മാലിന്യ പരിപാലനം സാധ്യമായത്. രണ്ട് എംസിഎഫുകൾ, ഒരു ആർആർഎഫ്, അഞ്ച് തുമ്പൂർമൂഴി, രണ്ട് മെഷീനുകളുള്ള ഒരു ഷ്രഡിംഗ് യൂണിറ്റ് എന്നിവ കുമളിയിലുണ്ട്.

2019 ഡിസംബർ വരെ 25000കിലോഗ്രാം ജൈവ വളമാണ് ഉൽപ്പാദിപ്പിച്ചത്. 12000 കിലോ ഇതുവരെ വിറ്റഴിച്ചു.കിലോഗ്രാമിന് 12 രൂപ നിരക്കിലാണ് ഇത് വിൽക്കുന്നത്.റോഡ് ടാറിംഗിനായി 4000 കിലോ ഷ്രെഡഡ് പ്ലാസ്റ്റിക് ഈ വർഷം (2019) വിൽപ്പന നടത്തി.ഷ്രഡഡ് പ്ലാസ്റ്റിക്ക് 7000 കിലോഗ്രാം ഇപ്പോൾ സ്റ്റോക്കുണ്ട്.

കച്ചവട സ്ഥാപനങ്ങളിൽ നിന്നും 100 രൂപ മുതൽ 4000 രൂപവരെ മാലിന്യത്തിന്റെ

## ആദ്യ സമ്പൂർണ്ണ ഹരിതവാർഡ് കുമളി പഞ്ചായത്തിൽ

കുമളി ഗ്രാമപ്പഞ്ചായത്തിലെ സ്പ്രിംഗ് വാലിയെ ആദ്യ സമ്പൂർണ്ണ ഹരിതവാർഡാ യി പ്രഖ്യാപിച്ചു. പഞ്ചായത്തിലെ 16ാം വാർഡാണ് ഇത്. 2019 നവംബർ പത്തിന് കുമളിയിൽ ഇതു സംബന്ധിച്ച പ്രഖ്യാപ നം നടത്തി. ത്രിതലപഞ്ചായത്ത് പ്രതിനി ധികളുൾപ്പടെ നിരവധി ആളുകൾ ഈ ച രിത്ര പ്രഖ്യാപനത്തിന് സാക്ഷിയായി. ആ കെയുള്ള 434 വീടുകളിൽ 17 ആശ്രയ വീ ടുകളൊഴികെ എല്ലാ കുടുംബങ്ങളും യൂ സർഫീ നൽകുന്നുണ്ട്.

സ്പ്രിംഗ് വാലി വാർഡിനെ ഹരിത വാർഡ് ആക്കി മാറ്റണമെന്ന ആലോചന 2019 ജൂണിൽ നടന്ന ഗ്രാമസഭയിലാണ് മു ളപൊട്ടിയത്. തുടർന്ന് വാർഡ് വികസനസമ തി യോഗം ചേർന്ന് അയൽസഭകൾ കേന്ദ്രീ കരിച്ച് മാലിന്യ സംസ്കരണം, ജൈവ-അജൈവ മാലിന്യം വേർതിരിച്ച് ശേഖരി ക്കൽ, ഭവനങ്ങളിലെ ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നത് സംവിധാനം ഒരുക്കൽ എന്നീ തീരുമാന ങ്ങളെടുത്തു. ഇത് സംബന്ധിച്ച് വിപു ലമായ ബോധവത്കരണ പരിപാടികൾ ന ടത്തി. ഇതിനായി വാർഡിൽ 13 അയൽ സഭകളുണ്ടാക്കി. ഓരോന്നിനും ചെയർ മാനും കൺവീനർമാരും ചുമതലപ്പെടുത്തി യിരുന്നു.

ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ല ക്ഷ്യങ്ങളായ ശാസ്ത്രീയ ജൈവ, അജൈ വ മാലിന്യ സംസ്കരണം, ജല സ്രോത സ്സുകളുടെ നവീകരണം, പുനരുദ്ധാരണം, ജൈവ കൃഷിയുടെ പുനരുജ്ജീവനം എന്നിവ വാർഡിൽ സാധ്യമാക്കി. വാർ ഡിലെ എല്ലാ വീടുകളും പൊതു സ്ഥല ങ്ങളും ജല സ്രോതസ്സുകളും നവീകരിച്ചു. പാതയോരങ്ങൾ ഹരിതാഭമാക്കിയിട്ടുമുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി എല്ലാ വീടുകൾക്കും സ്ഥിരം കമ്പോസ്റ്റ് പിറ്റുകളും സോക്പിറ്റും നിർമ്മിച്ചു നൽ കാനുള്ള പദ്ധതി നടന്നു വരുന്നു. കമ്പോ സ്റ്റ് സംവിധാനമില്ലാത്ത വീടുകളിൽ മൺകുഴികൾ നിർമ്മിച്ചാണ് ജൈവ മാലിന്യം ഇപ്പോൾ സംസ്കരിക്കുന്നത്. അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുകയും അവ ഹരിത കർമ്മ സേനക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. കുമളി ഗ്രാമ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ പഞ്ചായത്ത് പ്രസിഡന്റ് ഷീബാ സുരേഷിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ കുഞ്ഞുമോൾ ചാക്കോ ഹരിത വാർഡായി സ്പ്രിംഗ് വാലിയെ പ്രഖ്യാ പിച്ചു.





അളവ് അനുസരിച്ച് യൂസർ ഫീ ഈടാക്കുന്നു. വീടുകളിൽ നിന്നും 40 രൂപയാണ് വാങ്ങുന്നത്. പ്രതിമാസം 2,50,000 രൂപയിലേറെ വരുമാനം യൂസർഫീയിനത്തിൽ ലഭിക്കുന്നു.സൈസൈറ്റിയ്ക്കു വേണ്ടി 23 പേരാണ് മാലിന്യം നീക്കം ചെയ്യുന്നതിൽ ഏർപ്പെട്ടിരുന്നത്. ഇവർ ടൗൺ വാർഡുകളുടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇവർക്ക് പഞ്ചായത്ത് 12,000 രൂപ പ്രതിമാസ വേതനം നൽകുന്നു.

2019 ജൂലൈയിലാണ് പഞ്ചായത്ത് ഗ്രീൻ ആർമി എന്ന പേരിൽ മറ്റ് വാർഡുകളിലേക്കും ഹരിതകർമ്മ സേനാംഗങ്ങളെ നിയോഗിച്ചത്. ഗ്രീൻ ആർമിയിൽ 20 അംഗങ്ങളാണുള്ളത്. ഇവർക്ക് വിജിഎഫ് ഇല്ലാതെ തന്നെ പ്രതിമാസം 8132 രൂപ വേതനം നൽകാനാകുന്നുണ്ട്. പാഴ്വസ്തുക്കൾ തരം തിരിച്ച് ആക്രിവ്യാപാരികൾക്ക് നൽകിയതിലൂടെ ഈ വർഷം 65000 രൂപ സേനയ്ക്ക് ലഭിച്ചു. എല്ലാ ആഴ്ചയിലും ഇത്തരത്തിൽ വിറ്റഴിക്കുന്നുണ്ട്. ഇവിടെ ഹരിതകർമ്മ സേനയെ ഒരു എന്റർപ്രൈസസ് എന്ന നിലയിലേയ്ക്ക് വളർത്തിക്കൊണ്ടു വരികയാണ്. സേനയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് ബസ് സ്റ്റാന്റിൽ ഒരു സ്വാപ്ഷോപ്പും പ്രവർത്തനം ആരംഭിച്ചു. 20 അംഗ ഹരിതകർമ്മ സേനയെ അഞ്ചുപേർ വീതമുള്ള നാല് ഗ്രൂപ്പുകളായി തിരിച്ചാണ് ഷോപ്പിന്റെ ചുമതല .മാസാവസാനം കണക്കുകൾ സഹിതം ഷോപ്പ് നടത്തിപ്പ് അടുത്ത ഗ്രൂപ്പിന് കൈമാറണം. നവംബറിൽ 6370 രൂപ വരുമാനം ലഭിച്ചു. പേപ്പർ കവറുകളും തുണിസഞ്ചികളും ഹരിതകർമ്മ സേന നിർമ്മിച്ചു നൽകുന്നുണ്ട്. പുനഃചംക്രമണം ചെയ്ത പ്ലാസ്റ്റിക്കുപയോഗിച്ച് ചെടിച്ചട്ടികൾ നിർമ്മിക്കുന്ന പ്രോജക്ടിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. നാല് ലക്ഷം രൂപയാണ് ഇതിന് നീക്കിവെച്ചിരിക്കുന്നത്. പുനഃചംക്രമണം ചെയ്ത് ഗ്രോബാഗിന് പകരം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ചെടിച്ചട്ടികളുണ്ടാക്കുന്നതാണ് പ്രോജക്ട്.

2018 ഒക്ടോബറിൽ പഞ്ചായത്ത് ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തിയിരുന്നു. പഞ്ചായത്തിലെ 12 ഘടക സ്ഥാപനങ്ങളും ഹരിതചട്ടം കർശനമായി പാലിക്കുന്നു. വിവാഹങ്ങളിലും പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കിയിട്ടുണ്ട്. മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കും അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കുമെതിരെ കർശന നിയമ നടപടികളും സ്വീകരിച്ചുവരുന്നു. മാലിന്യം തള്ളിയയിനത്തിൽ 36 കേസുകൾ രജിസ്റ്റർ ചെയ്തു.പിഴയിനത്തിൽ 86,500 രൂപയും ഇതുവരെ ഈടാക്കി.

ജില്ലാ ഹരിതകേരളം മിഷനും ശുചിത്വ മിഷനും പുറമേ ഹരിത സഹായ സ്ഥാപന മായ നിറവും കൂട്ടുചേർന്നാണ് ഇവിടെ മാ ലിന്യപരിപാലനം ഇന്നത്തെ നിലയിലേയ് ക്ക് ആവിഷ്കരിച്ചത്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ലഭിച്ചു തുടങ്ങിയിട്ടില്ല. ബോധവൽക്കരണ ത്തിന്റെ ഭാഗമായി വിവിധ വിഭാഗങ്ങൾ ക്കായി 160 പരിശീലന പരിപാടികൾ സം ഘടിപ്പിച്ചു.തുടർച്ചയായ ബോധവത്കരണ ത്തിലൂടെ ഈ ലക്ഷ്യം നേടിയെടുക്കാൻ ആ കുമെന്നാണ് പഞ്ചായത്തിന്റെ പ്രതീക്ഷ. പ ഞ്ചായത്തിന്റെ സ്വീവേജ് മാലിന്യപ്രശ്നം പ രിഹരിക്കുന്നതിന് ആധുനിക സംവിധാന ങ്ങൾ സജ്ജമാക്കേണ്ട തുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെ ടൽ പഞ്ചായത്ത് ആഗ്ര ഹിക്കുന്നുണ്ട്. ഉത്പാദി പ്പിക്കുന്ന ജൈവവളം പൂർണ്ണമായി വിറ്റഴിക്കാ നാവുന്നില്ലെന്ന പ്രശ്ന വുമുണ്ട്. ഇത് പരിഹരി ക്കാൻ ജൈവവളം പൊ തുവിപണിയിലെത്തി ക്കാനുള്ള ശ്രമത്തിലാ ണ് പഞ്ചായത്ത്. ഇതി ന് അനുമതിയ്ക്കായി കൃഷി വകുപ്പിനെ സ മീപിച്ചിട്ടുണ്ട്.

## മാലിന്യമല നീക്കാൻ അനുവദിച്ചത് 1.72 കോടി രൂപ

കുമളി ഗ്രാമപ്പഞ്ചായത്ത് നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു കുമളിയിലെ മാലിന്യമലയിടിച്ചിൽ. കാലങ്ങളായി പഞ്ചായ ത്ത് ഭൂമിയിൽ തള്ളിയിരുന്ന മാലിന്യക്കൂന 2018ലെ പ്രളയത്തിൽ 'പൊട്ടിത്തെറി'ക്കുക യായിരുന്നു. മാലിന്യമലയിടിഞ്ഞ് വൻതോ തിൽ കൃഷിനാശവും പരിസ്ഥിതി നാശവു മാണ് ഉണ്ടാക്കിയത്. ഏറെ പരിശ്രമത്തിനൊ ടുവിൽ ഹരിതകേരളം ജില്ലാ മിഷന്റെ പ്ര ത്യേക ഇടപെടലിനെ തുടർന്ന് ഈ മാലി ന്യം നീക്കം ചെയ്ത് സുരക്ഷിതമായി സം സ്കരിക്കുന്നതിന് 1.72 കോടി രൂപ സർക്കാർ



അനുവദിച്ചു. എന്നാൽ ഇപ്പോഴും മാലിന്യം പൂർണ്ണമായും നീക്കാൻ കഴിഞ്ഞിട്ടില്ല.



# മുമ്പേ പറന്ന് അടിമാലി

മാലിന്യ പരിപാലനത്തിൽ എന്നും മുന്നിലാണ് ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപ്പഞ്ചായത്ത്. പഞ്ചായത്തീരാജ് നിയമപ്രകാരം എല്ലാത്തരം വ്യാപാരകേന്ദ്രങ്ങളിലും വീടുകളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ആറ് മാസത്തിനുള്ളിൽ ഏർപ്പെടുത്തണമെന്ന് കാണിച്ച് വിശദമായ വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ടാണ് 2016ൽ പഞ്ചായത്ത് സമഗ്ര മാലിന്യ പരിപാലനത്തിന് തുടക്കമിട്ടത്. ദേവികുളം താലൂക്കിലെ ദേവികുളം നിയമസഭാ മണ്ഡലത്തിൽ അടിമാലി ബ്ലോക്കിലാണ് ഈ ഗ്രാമപ്പഞ്ചായത്ത്. 271.53 ചതുരശ്ര കിലോമീറ്ററാണ് വിസ്തീർണ്ണം. 21 വാർഡുകളാണ് ഉള്ളത്. 40,484 ആണ് മൊത്തം ജനസംഖ്യ.പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 2016 ഡിസംബർ മുതൽ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കി മുമ്പേ പറക്കുകയായിരുന്നു ടൂറിസം കേന്ദ്രമായ മൂന്നാറിലേക്കുള്ള പ്രധാന ദേശീയ പാതയുടെ ഓരത്തുള്ള ഈ ഗ്രാമപ്പഞ്ചായത്ത്.

## നിയമം നടപ്പാക്കുന്നതിൽ കർശന ഇടപെടൽ

മാലിന്യപരിപാലന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ഏറ്റവും കൂടുതൽ പിഴ ഈടാക്കിയത് ജില്ലയിൽ അടിമാലി പഞ്ചായത്താണ്. 65 കേസുകളിലായി 2018 ഒക്ടോബർ വരെ 1,27,500 രൂപയാണ് നിയമലംഘകരിൽ നിന്നും ഈടാക്കിയത്.

ആൾത്താമസമുള്ള വീടുകൾ 10484. കടകളും മറ്റുമായി 1189 സ്ഥാപനങ്ങളുണ്ട്. 7300 വീടുകളും 350 കച്ചവടസ്ഥാപ






നങ്ങളും യൂസർഫീ നൽകുന്നുണ്ട്. വീടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 മുതൽ 750 രൂപ വരെയുമാണ് യൂസർ ഫീ. പ്രതിദിനം 20 ടൺ ജൈവമാലിന്യവും 200 കിലോ അജൈവ മാലിന്യവും ഉണ്ടാക്കുന്നതായാണ് പഞ്ചായത്ത് നടത്തിയ പ്രത്യേക സർവേയിൽ കണ്ടെത്തിയത്.എംസിഎഫും ആർആർഎഫും ഷ്രഡിംഗ് യൂണിറ്റും പഞ്ചായത്തിലുണ്ട്. ഹരിതകർമ്മ സേനയിൽ 42 അംഗങ്ങൾ. 3000രൂപയാണ് പ്രതിമാസ വരുമാനം.

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. എല്ലാത്തരം പ്ലാസ്റ്റിക്കുകളും ശേഖരിച്ച് ഷ്രെഡിംഗ് യൂണിറ്റിൽ ഷ്രെഡ് ചെയ്തും ഗ്രാന്യൂൾസ് ആക്കിയും മറ്റും വിൽപ്പന നടത്തുന്നു. സമീപ പഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുന്നുണ്ട്. 28000 കിലോ ഷ്രെഡഡ് പ്ലാസ്റ്റിക് പഞ്ചായത്ത് ഇതുവരെ റോഡ് ടാറിംഗിന് കൈമാറി.



പഞ്ചായത്തിന്റെ 2017-18, 2018-19 വാർഷിക പദ്ധതികളിലായി 1050 കുടുംബങ്ങളിൽ 2 വീതം റിംഗ് കമ്പോസ്റ്റുകളും 450 വീടുകൾക്ക് പൈപ്പ് കമ്പോസ്റ്റുകളും 105 ബയോഗ്യാസ് പ്ലാന്റുകളും 470 കുടുംബങ്ങൾക്ക് വളക്കുഴികൾ എന്നിവയും നൽകി. കൂടാതെ 70 വീടുകളിൽ ഒരു ഘനമീറ്റർ ബയോഗ്യാസ് പ്ലാൻറുകൾ നൽകി. പഞ്ചായത്ത് ഓഫീസിന് മുമ്പിലും മാർക്കറ്റ് ജംഗ്ഷനിലും നാല് യൂണിറ്റുകൾ വീതമുള്ള രണ്ട് തുമ്പൂർമൂഴി എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം പ്രവർത്തന സജ്ജമാണ്. സ്കൂളുകളിലും ദേശീയ പാതയോരങ്ങളിലും ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ച് പാഴ് വസ്തുക്കൾ ശേഖരണം നടത്തുന്നു.

## പുതിയ പദ്ധതികൾ... പ്രോജക്ടുകൾ

ഗോബർദ്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി അടിമാലി പഞ്ചായത്ത് മാർക്കറ്റിൽ 27 ലക്ഷം രൂപയുടെ 50 ഘനമീറ്റർ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്.പ്രതിദിനം 500 കിലോ അറവ് മാലിന്യങ്ങൾ ഇവിടെ സംസ്കരിക്കാനാകുമെന്നാണ് കരുതുന്നത്.പഞ്ചായത്തിലും ഘടക

## മാലിന്യ പരിപാലനത്തിന് വാട്സാപ്പ് ഗ്രൂപ്പുകൾ

സോഷ്യൽ മീഡിയയെ ഉപയോഗിച്ചു കൊണ്ട് പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ പ്രത്യേക വാട്സ് ആപ്പ് ഗ്രൂപ്പുകളും രൂപീകരിച്ചതും മാലിന്യ നിക്ഷേപം പഞ്ചായത്തധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നവർക്ക് കാഷ് പ്രൈസും ഏർപ്പെടുത്തിയതും അടിമാലിയുടെ സവിശേഷ ഇടപെടലുകളാണ്. ഗ്രീൻ അടിമാലി, ക്ലീൻ ദേവിയാർ എന്ന പേരിൽ രണ്ട് ഗ്രൂപ്പുകളുണ്ട്. മാതൃകാ പഞ്ചായത്ത്, ശുചിത്വ പഞ്ചായത്ത് എന്നിങ്ങനെയാണ് മറ്റ് ഗ്രൂപ്പുകൾ. നേര്യമംഗലം മുതലുള്ള 862 പേർ ഈ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ അംഗമാണ്. ആരെങ്കിലും പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്താൽ അപ്പോൾത്തന്നെ സചിത്ര വിവരം ഗ്രൂപ്പ് അഡ്മിൻ കൂടിയായ പഞ്ചായത്ത് സെക്രട്ടറിക്ക് മുന്നിലെത്തും. ഇത് ഫലപ്രദമെന്ന് കണ്ടെത്തിയതോടെ വിവരദായകന് പ്രോൽസാഹന സമ്മാനമായി 2500 രൂപയും പ്രഖ്യാപിച്ചു.



സ്ഥാപനങ്ങളിലും മറ്റ് പൊതു സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുണ്ട്. പൊതുപരിപാടികളിലും ഹരിതചട്ടം ഉറപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ മെയിൻ ബസ് സ്റ്റാൻറിലെ പൊതു കംഫർട്ട് സ്റ്റേഷനിൽ 19 ലക്ഷം രൂപ വകയിരുത്തി സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറ് പണി പുരോഗമിക്കുന്നു. ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശത്തെ തുടർന്ന് സാനിറ്ററി ലാന്റ് ഫില്ലിംഗ് സൗകര്യങ്ങൾ പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്. അടിമാലി പഞ്ചായത്തിലെ എല്ലാ ആശുപത്രികളും ക്ലിനിക്കൽ ലാബുകളും ഇമേജ് എന്ന സ്ഥാപനവുമായി കരാർ വെച്ച് ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ ആളുകളേയും കുടുംബങ്ങളേയും സ്ഥാപനങ്ങളേയും ഈ സമഗ്ര ശുചിത്വമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമാക്കി മാറ്റാൻ വൈകാതെ സാധിക്കുമെന്നാണ് പഞ്ചായത്ത് കരുതുന്നത്.

## വെല്ലുവിളികളെ നേരിട്ട് മുന്നോട്ട്

ഭൂപ്രകൃതിയും ഗതാഗത സൗകര്യങ്ങളുടെ കുറവുംമൂലം ഹരിത കർമ്മസേനാംഗ

ഗോബർദ്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി അടിമാലി പഞ്ചായത്ത് മാർക്കറ്റിൽ 27 ലക്ഷം രൂപയുടെ 50 ഘനമീറ്റർ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്.പ്രതിദിനം 500 കിലോ അറവ് മാലിന്യങ്ങൾ ഇവിടെ സംസ്കരിക്കാനാകുമെന്നാണ് കരുതുന്നത്. പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും മറ്റ് പൊതു സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുണ്ട്. പൊതുപരിപാടികളിലും ഹരിതചട്ടം ഉറപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ മെയിൻ ബസ് സ്റ്റാൻറിലെ പൊതു കംഫർട്ട് സ്റ്റേഷനിൽ 19 ലക്ഷം രൂപ വകയിരുത്തി സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറ് പണി പുരോഗമിക്കുന്നു. ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശത്തെ തുടർന്ന് സാനിറ്ററി ലാന്റ് ഫില്ലിംഗ് സൗകര്യങ്ങൾ പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്.







ങ്ങൾക്ക് പഞ്ചായത്തിന്റെ മുക്കിലും മൂലയിലും എത്തിപ്പെടുന്നത് ശ്രമകരമാണ്. ഉൾപ്രദേശങ്ങളിൽ രൂപപ്പെടുന്ന അജൈവ മാലിന്യങ്ങളുടെ അളവ് താരതമ്യേന കുറവാണെന്നതും ആശ്വാസം പകരുന്നുണ്ടെങ്കിലും ഒറ്റപ്പെട്ട വീടുകൾ ഈ പദ്ധതിയിൽ വിട്ടുപോകുന്നു. അവിടെയും ഉറവിട മാലിന്യ സംവിധാനം ലഭ്യമാക്കാനുള്ള യത്നത്തിലാണ് പഞ്ചായത്ത്. ജില്ലയിൽനിന്നും ഗ്രീൻട്രിബ്യൂണൽ തിരഞ്ഞെടുത്തിട്ടുള്ള മൂന്ന് പഞ്ചായത്തുകളിൽ ഒന്നാണ് ഹരിതകേരളം ബീക്കൺ ലിസ്റ്റിൽപ്പെട്ട അടിമാലി. ജനുവരി 31നുള്ളിൽ സമഗ്ര മാലിന്യപരിപാലനം സമ്പൂർണ്ണമായി നടപ്പാക്കി ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തണമെന്നാണ് ഗ്രീൻട്രിബ്യൂണൽ ഉത്തരവ്. അതിനുള്ള തയ്യാറെടുപ്പിലാണ് പഞ്ചായത്ത്.



# മാലിന്യപരിപാലനത്തിലെ തൊഴിലുറപ്പ് സാധ്യതകൾ

ജലസംരക്ഷണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് അത്ഭുതങ്ങൾ കാഴ്ചവെച്ച ഗ്രാമപ്പഞ്ചായത്താണ് വെള്ളിയാമറ്റം. സമഗ്ര മാലിന്യ പരിപാലനത്തിലും തൊഴിലുറപ്പിന്റെ അനന്തമായ സാധ്യതകളാണ് ഹരിതകേരളം ബീക്കൺ ലിസ്റ്റിൽപ്പെട്ട ഈ പഞ്ചായത്ത് തേടുന്നത്. എല്ലാ ജലസ്രോതസ്സുകളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനൊപ്പം എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ ലഭ്യമാക്കുന്നതിനുമാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. വ്യവസായശാലകളോ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളോ ആശുപത്രികളോ ഒന്നുംതന്നെയില്ലാത്തതിനാൽ മാലിന്യം അത്രമേൽ പ്രശ്നമായി ഇവിടെ വളർന്നിട്ടില്ല. പ്രകൃതിദത്തമായ പ്രത്യേകതകളാൽ മാലിന്യത്തിന്റെ തോത് കുറഞ്ഞ അളവിലാണെങ്കിലും അവയെ സമഗ്രമായും ശാസ്ത്രീയമായും പരിപാലിക്കുന്നതാണ് പഞ്ചായത്തിന്റെ നേട്ടം. തൊടുപുഴ നിയോജകമണ്ഡലത്തിൽ ഇളംദേശം ബ്ലോക്കിലാണ് ഇടുക്കിയിൽ ഏറ്റവും കൂടുതൽ (60%) പട്ടികജാതിക്കാർ അധിവസിക്കുന്ന ഈ പഞ്ചായത്ത്. മലനിരകൾക്കിടയിൽ 36.6 ച: കിലോമീറ്ററിലാണ് പഞ്ചായത്തിന്റെ കിടപ്പ്. 21,440 ആണ് ജനസംഖ്യ. ആൾത്താമസമുള്ള 6944 വീടുകളും ചെറുതും വലുതുമായ 571 കടകളും സ്ഥാപനങ്ങളുമുണ്ട്. കൃഷിയും കാലി വളർത്തലും കൂലിപ്പണിയുമായി ആളുകൾ ജീവിതം കണ്ടെത്തുന്നു. പ്രതിദിനം 100കിലോ അജൈവമാലിന്യവും 200 കിലോ ജൈവമാലിന്യവും രൂപപ്പെടുന്നതായാണ് പഞ്ചായത്ത് സർവെയിൽ കണ്ടെത്തിയത്.



## ഗ്രാമ വിശുദ്ധി നിലനിർത്താൻ കരുതലോടെ

ഗാർഹിക ഉറവിട മാലിന്യ സംസ്കരണ -പരിപാലനം 2018 മുതൽ ഗ്രാമ പഞ്ചായത്ത് പ്രവർത്തനങ്ങളുടെ ഭാഗമാണ്. പഞ്ചായത്ത് ആവിഷ്കരച്ച ക്ലീൻ വെള്ളിയാമറ്റം പദ്ധതി യുടെ ഭാഗമായി സ്കൂളുകൾ, അയൽക്കൂട്ട ങ്ങൾ, അങ്കണവാടികൾ മത-സമുദായ സ്ഥാ പനങ്ങൾ എന്നിവ മുഖേന മാലിന്യ പരിപാ ലന ബോധവൽക്കരണ പ്രവർത്തനങ്ങൾ സം ഘടിപ്പിച്ചുവരുന്നു. ഭവന സന്ദർശന പരിപാ ടികളിലൂടെയും വിവിധ വിഭാഗം സ്ഥാപന ങ്ങളുടെയും പ്രത്യേക യോഗങ്ങൾ വിളിച്ചു കൂട്ടിയും ജൈവ-അജൈവ മാലിന്യങ്ങൾ അ ലക്ഷ്യമായി കൈകാര്യം ചെയ്യരുതെന്ന സ ന്ദേശം വ്യാപകമാക്കി.

പഞ്ചായത്തിന്റെ ഒന്നാം വാർഡായ കല യന്താനിയിൽ മെറ്റീരിയൽ കളക്ഷൻ ഫെ സിലിറ്റി സെന്റർ പ്രവർത്തിക്കുന്നു. പൊതു തുമ്പൂർമൂഴി യൂണിറ്റ് നിർമ്മാണം പുരോഗമി ക്കുകയാണ്. 30 അംഗ ഹരിത കർമ്മ സേന യാണ് മാലിന്യ സംസ്കരണ-പരിപാലന പ്ര വർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നത്. മാ സത്തിൽ മൂന്നു തവണയാണ് അജൈവ മാ ലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങ ളിൽ നിന്നും ശേഖരിക്കുന്നത്. ഇതിന് പ്രതി മാസം 3500 രൂപ വേതനം സേനയ്ക്ക് ലഭി ക്കുന്നു. അജൈവ മാലിന്യശേഖരണത്തിന് യൂസർ ഫീയായി വീടിന് 30 രൂപയും കച്ചവ ടസ്ഥാപനങ്ങൾക്ക് 50 രൂപയുമാണ് ഈടാ ക്കുന്നത്. 52%വീടുകളും 65% കച്ചവടസ്ഥാപ നങ്ങളും മടികൂടാതെ യൂസർഫീ നൽകുന്നു ണ്ട്. ഗ്രാമങ്ങളിൽ നിന്നും അജൈവ മാലിന്യ ങ്ങൾ ശേഖരിക്കുന്നതിന് 30 താൽക്കാലിക കളക്ഷൻ സെന്ററുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ മുഖ്യ എംസിഎഫിൽ എത്തിച്ച ശേഷം തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ഷ്രഡിം ഗ് യൂണിറ്റിൽ നൽകുകയാണ് ചെയ്യുന്നത്.

പ്ലാസ്റ്റിക് കാരിബാഗിന് ബദലായി തു ണി സഞ്ചി ഉപയോഗിക്കാനുള്ള പ്രചരണം നടത്തുന്നതോടൊപ്പം തന്നെ തുണി സഞ്ചി കൾ നിർമ്മിച്ച് വീടുകളിലും കടകളിലും എ ത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകളുമുണ്ട്.

തുണി സഞ്ചികൾ വീടുകളിലെത്തിച്ചുകൊടുക്കുന്നതാണ് വെള്ളിയാമറ്റം ഗ്രാമപ്പഞ്ചായത്തിലെ ഹരിതകർമ്മസേന സവിശേഷമായ രീതി. അജൈവ മാലിന്യങ്ങൾ ശേഖരിക്കാനെത്തുമ്പോൾ പത്തുകിലോ വരെ ഭാരം താങ്ങുന്ന തുണിസഞ്ചിയും പരിചയപ്പെടുത്തും. കുടുംബശ്രീ യൂണിറ്റായ എവർ ഷൈനുമായി ചേർന്നാണ് പ്രകൃതി സൗഹൃദ തുണിസഞ്ചികളുടെ വ്യാപനം സംഘടിപ്പിക്കുന്നത്. ആകർഷകമായ തുണിസഞ്ചികൾ ഇതിനകം പേരുകേട്ടു കഴിഞ്ഞു. ഹരിതകർമ്മസേനാംഗങ്ങൾ മുഖേനയാണ് ഇവയുടെ വിപണനം. ഇതിനകം 500ലേറെ എണ്ണം വീടുകളിൽ നൽകിക്കഴിഞ്ഞു. 40 രൂപയാണ് പത്ത് കിലോ വരെ ഭാരം താങ്ങുന്ന ഈ സഞ്ചിയുടെ വില. കോറത്തുണിയിൽ വിവിധ നിറങ്ങളിലാണ് ഇത് തയ്യാറാക്കുന്നത്.



മാലിന്യപരിപാലന പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി നിയമലംഘകർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. തുടർച്ചയായി നിയമം ലംഘിച്ചു പ്രവർത്തിച്ച 2 പന്നിഫാമുകൾ അടച്ചുപൂട്ടിച്ചു. മറ്റൊരു റബ്ബർ അധിഷ്ഠിത സ്ഥാപനത്തിന് നോട്ടീസും നൽകി.

## കർഷക സഭയിലൂടെ മാലിന്യ ബോധവത്ക്കരണം

പഞ്ചായത്തിലെ കർഷകസഭയെ മാലിന്യപരിപാലന ബോധവത്കരണത്തിന് സന്നദ്ധമാക്കിയതും പഞ്ചായത്തിന്റെ നേട്ടമാണ്. കാർഷികമേഖലയായതിനാൽ ഇവിടെ കർഷകസഭ വളരെ സജീവമാണ്. ഇക്കാരണത്താലാണ് കർഷകരെ ഉപയോഗിച്ച് ബോധവത്കരണത്തിന് പരിപാടിയിട്ടത്. അതിന് തുടക്കമിട്ട് 'ഹരിതശ്രീ' എന്ന പേരും കർഷകസഭ സ്വീകരിച്ചിട്ടുണ്ട്. ഗൃഹനാഥരായ കർഷകരെ ഇക്കാര്യത്തിൽ മുന്നിട്ടിറക്കാനായാൽ പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളിലും സമഗ്ര മാലിന്യപരിപാലനത്തിന്റെ സന്ദേശമെന്ന് പഞ്ചായത്ത് കരുതുന്നു.

ക്ഷീരകർഷകർ ധാരാളമുള്ള പഞ്ചായത്തിൽ ജൈവവളം ഉൽപ്പാദനത്തിനും വിപണനത്തിനും പദ്ധതി പരിഗണിച്ചുവരികയാണ്.

## തൊഴിലുറപ്പിലൂടെ എല്ലാ വീടുകളിലും കമ്പോസ്റ്റ് പിറ്റുകൾ

തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി എല്ലാ വീടുകളിലും കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ചു നൽകി വരികയാണ് പഞ്ചായത്ത്. ആദ്യഘട്ടത്തിൽ ഓരോ വാർഡിലും പത്ത് വീടുകളിലാണ് കമ്പോസ്റ്റ് പിറ്റുകൾ നൽകുന്നത്.ആകെ 15 വാർഡുകളാണ് ഉള്ളത്. പ്രത്യേക പരിശീലനം നേടിയ തൊഴിലുറപ്പ് വനിതകളാണ് നിർമ്മാണ ജോലികൾ നിർവഹിക്കുന്നത്. ഒരു യൂണിറ്റിന് മെറ്റീരിയൽ കോസ്റ്റുൾപ്പടെ 10500 രൂപയാണ് ചെലവു വരുന്നത്. ഇതിനകം 10 എണ്ണം നിർമ്മാണം പൂർത്തിയായി. തൊഴിലുറപ്പ് ഗ്രാമസഭയിൽ ലഭിക്കുന്ന അപേക്ഷകരിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. ഒന്നരമീറ്റർ ഉയരവും അത്രയോളം നീളവും വീതിയുമുള്ള പിറ്റുകളാണ് ഉണ്ടാക്കിക്കൊടുക്കുന്നത്. രണ്ട് ദിവസത്തിനുള്ളിൽ ഒരെണ്ണം നിർമ്മാണം പൂർത്തിയാകും.

## തുണി സഞ്ചികൾ വീടുകളിലെത്തിച്ച് ഹരിതകർമ്മസേന

തുണി സഞ്ചികൾ വീടുകളിലെത്തിച്ച് കൊടുക്കുന്നതാണ് വെള്ളിയാമറ്റം ഗ്രാമപ്പഞ്ചായത്തിലെ ഹരിതകർമ്മസേന സവിശേഷമായ രീതി. അജൈവ മാലിന്യങ്ങൾ ശേഖരിക്കാനെത്തുമ്പോൾ പത്തുകിലോ വരെ ഭാരം താങ്ങുന്ന തുണിസഞ്ചിയും പരിചയപ്പെടുത്തും. കുടുംബശ്രീ യൂണിറ്റായ എവർഷൈനുമായി ചേർന്നാണ് പ്രകൃതി സൗഹൃദ തുണിസഞ്ചികളുടെ വ്യാപനം സംഘടിപ്പിക്കുന്നത്. ആകർഷകമായ തുണിസഞ്ചികൾ ഇതിനകം പേരുകേട്ടുകഴിഞ്ഞു. ഹരിതകർ




മ്മസേനാംഗങ്ങൾ മുഖേനയാണ് ഇവയുടെ വിപണനം. ഇതിനകം 500ലേറെ എണ്ണം വീടുകളിൽ നൽകിക്കഴിഞ്ഞു. 40 രൂപയാണ് പത്ത് കിലോ വരെ ഭാരം താങ്ങുന്ന ഈ സഞ്ചിയുടെ വില. കോറത്തുണിയിൽ വിവിധ നിറങ്ങളിലാണ് ഇത് തയ്യാറാക്കുന്നത്. എറണാകുളത്തുനിന്നും ഹോൾസെയിൽ വിലയിലാണ് തുണി വാങ്ങുന്നത്. തുണി സഞ്ചിയെക്കുറിച്ച് കേട്ടറിഞ്ഞ് നിരവധി പേർ ആവശ്യക്കാരായെത്തുന്നുണ്ട്. പന്നിമറ്റത്താണ് യൂണിറ്റ് പ്രവർത്തിക്കുന്നത്.



# ശുചിത്വ മികവിൽ എരമം കുറ്റൂർ

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലാണ് എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 1955 ഏപ്രിലിൽ നിലവിൽ വന്ന കുറ്റൂർ വില്ലേജ് പഞ്ചായത്തും 1956 ഏപ്രിലിൽ നിലവിൽ വന്ന എരമം വില്ലേജ് പഞ്ചായത്തും സംയോജിപ്പിച്ച് 1962 ജനുവരിയിലാണ് ഇന്നത്തെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് രൂപം കൊണ്ടത്. 85.74 ച.കി.മീ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 2011 ലെ ജനസംഖ്യ സെൻസസ് പ്രകാരം 27830 ആളുകൾ വസിക്കുന്നു. 7500 വീടുകളും 730 മറ്റു സ്ഥാപനങ്ങളുമാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിൽ പ്രതിദിനം 2.5 ടൺ ജൈവമാലിന്യങ്ങളും 0.35 പ്ലാസ്റ്റിക് മാലിന്യങ്ങളും രൂപപ്പെടുന്നതായി 2017 ആഗസ്റ്റിൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന ക്യാമ്പയിന്റെ ഭാഗമായി നടത്തിയ സർവേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. വീടുകളിലെയും ഇതര സ്ഥാപനങ്ങളിലെയും ജൈവമാലിന്യങ്ങൾ അതാതിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനായി പഞ്ചായത്ത് വിപുലമായ സൗകര്യങ്ങൾ ഇതിനകംതന്നെ ഒരുക്കിയിട്ടുണ്ട്. 1150 കമ്പോസ്റ്റ് പിറ്റുകളും 1200 പൈപ്പ് കമ്പോസ്റ്റും 270 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്കളും 210 റിംഗ് കമ്പോസ്റ്റുകളും 16 മണ്ണിര കമ്പോസ്റ്റുകളും പഞ്ചായത്ത് ഇതിനായി നൽകിയിട്ടുണ്ട്.

## മാലിന്യസംസ്കരണ രംഗത്തെ ഇടപെടലുകൾ

പഞ്ചായത്തിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തെളിമ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിൽപ്പെടുത്തി അജൈവ മാ



എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിനകത്ത് പൊതു ജൈവമാലിന്യ യൂണിറ്റുകൾ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചവയാണ് കൂടാതെ മാതമംഗലം തുമ്പത്തടത്ത് സ്ഥിതി ചെയ്യുന്ന തുമ്പൂർമൂഴി പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. ടൗൺ ശുചീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ചപ്പ് ചവറുകളും മറ്റ് ജൈവമാലിന്യങ്ങളും തുമ്പൂർ മുഴി സംവിധാനം ഉപയോഗിച്ച് സംസ്കരിച്ച് വളമാക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ് നിലവിൽ ഹോട്ടലുകളിലും മറ്റുമുള്ള മാലിന്യങ്ങൾ പന്നി ഫാമുകളിലേക്ക് ഉടമകൾ തന്നെ കൈമാറുകയാണ് ചെയ്യുന്നത്.

ലിന്യശേഖരണം 2016-18 വർഷം മുതൽ നടന്നുവരികയാണ്. ബ്ലോക്ക് പഞ്ചായത്ത് അതിനായി പ്രത്യേക വാഹനം ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ തരം അജൈവ മാലിന്യങ്ങൾ ഓരോ ഘട്ടത്തിലായി ശേഖരിക്കുകയും പ്ലാസ്റ്റിക് ഒഴികെയുള്ളവ സ്ക്രാപ്പ് ഡീലർമാർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പ്ലാസ്റ്റിക് നമ്മുടെ പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന എം.സി.എഫിൽ റീ സൈക്കിൾ ചെയ്യുന്നു. പയ്യന്നൂർ ബ്ലോക്ക് പഞ്ചാ





യത്തിന്റെ ആർ.ആർ.എഫ്. കേന്ദ്രവും നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് പഞ്ചായത്തിലെ മാതമംഗലം വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ഹരിതകർമ്മസേന 2018 ജൂലായ് മാസം മുതൽ പ്രവർത്തിച്ചുവരുന്നു. 17 വാർഡുകളിലായി 34 പേർ പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് പു





റമെ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, ചെരുപ്പ്, ബാഗ്, കുപ്പികൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ എന്നിവ ശേഖരിച്ചുവരുന്നു. സ്ഥാപനങ്ങളിൽ നിന്നും 60 രൂപയും വീടുകളിൽ നിന്ന് 30 രൂപ വീതവും യൂസർ ഫീസ് ഇനത്തിൽ ശേഖരിക്കുന്നു. ഏകദേശം 80 ശതമാനം വീടുകളിൽ നിന്നും യൂസർഫീ ലഭിക്കുന്നുണ്ട്. യൂസർ ഫീ ഇനത്തിൽ ഒരു മാസം ഏകദേശം 110000 രൂപ ശേഖരിക്കുന്നു. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് വേതനം വാഹന ചെലവ് ഉൾപ്പെടെ ഒരു മാസം ഏകദേശം 130000 രൂപ ചെലവ് വരും. എന്നാൽ സമീപഭാവിയിൽ തന്നെ സംരംഭം എന്ന നിലയിൽ ജൈവവള യൂണിറ്റ്. അജൈവ വസ്തുക്കളിൽ നിന്നുള്ള മൂല്യവർദ്ധിത വസ്തുനിർമ്മാണം എന്നീ സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്.

ടൗൺ ശുചീകരണത്തിനായി പ്രതിമാസം 9000 രൂപ വേതനം എന്ന നിരക്കിൽ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ഒന്നിടവിട്ട ദിവസങ്ങളിൽ ശുചീകരണം നടത്തിവരുന്നു. വലിച്ചെറിയുന്ന പ്ലാസ്റ്റിക് പേനകൾ കയ്യൊഴിയുന്നതിന് പെൻ ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇത് ശേഖരിച്ച് കൈയ്യൊഴിയുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ കടലാസ് പേനകളും മഷിപേനകളും പ്രോത്സാഹിപ്പിച്ചുവരുന്നു. പെൺകുട്ടികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് പ്രൈമറി സ്കൂളുകളിൽ പഞ്ചായത്തും ഹയർ സെക്കൻഡറി സ്കൂളുകളിൽ ജില്ലാ പഞ്ചായത്തും വാർഷിക പദ്ധതിയിൽപ്പെടുത്തി ഷീ പാഡ് വെന്റിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഷീ ടോയ്‌ലറ്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങൾ ശുചീകരിക്കുന്നതിന് സ്കൂൾ ഹരിതക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. 2019–20 വാർഷിക പദ്ധതിയിൽപ്പെടുത്തി ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് അഞ്ച് സ്കൂളുകൾക്ക് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം നടന്നുവരുന്നു.

## മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നേരിടുന്ന വെല്ലുവിളികൾ

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പ്ലാസ്റ്റിക്കിന്റെ ഉപയോഗം തന്നെയാണ്. പ്ലാസ്റ്റിക്ക് ഉത്പാദനത്തിലും പാക്കിംഗിലും സർക്കാർ തലത്തിൽ തന്നെ നിയന്ത്രണം കൊണ്ടുവരുന്നത് ഒരു പരിധി വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറക്കുന്നതിന് സഹായിക്കും.

ബോധവത്കരണം ഒരു പരിധിവരെ ഫലപ്രദമാണെങ്കിലും ഇതൊന്നും തങ്ങൾക്ക് ബാധകമല്ല എന്ന നിലയിൽ പ്രവർത്തിക്കുന്ന ചുരുങ്ങിയ ഒരു വിഭാഗം ഇപ്പോഴുമുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് യുസർഫീ നൽകാൻ വിമുഖത കാണിക്കുന്ന ഇത്തരം

വിഭാഗക്കാരെ വാർഡ് തലത്തിൽ ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രത്യേക വിജിലൻസ് ആന്റ് മോണിറ്ററിംഗ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തുന്നു. വിവാഹം ഉൾപ്പെടെയുള്ള പൊതു പരിപാടികളിൽ കുടുംബശ്രീ സംരംഭങ്ങൾ മുഖേന സ്റ്റീൽ ഗ്ലാസ്സുകളും പ്ലേറ്റുകളും വാടകയ്ക്ക് നൽകി വരുന്നു. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും രാത്രി കാലങ്ങളിൽ വാഹനങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് ഇറച്ചി മാലിന്യങ്ങളും പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്ന പ്രവണത ഉണ്ടായിട്ടുണ്ട്. ഇത്തരം അവസരങ്ങളിൽ കർക്കശമായി പിഴ ഈടാക്കികൊണ്ടും മാലിന്യങ്ങൾ നിക്ഷേപിച്ചവരെ കൊണ്ടു തന്നെ തിരിച്ച് എടുപ്പിച്ച് കൊണ്ടും പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. കൂടാതെ ഇത്തരം വാർത്തകൾ അതീവ പ്രാധാന്യത്തോടെ പത്രമാധ്യമങ്ങളിൽ പ്രചരണവും നൽകുന്നു. ഈ സാമ്പത്തിക വർഷം ഇതുവരെയായി 51900 രൂപ പിഴയിനത്തിൽ പഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്ത് പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വിപുലമായ ബോധവത്കരണ പരിപാടികളാണ് പഞ്ചായത്ത് ആസൂത്രണം ചെയ്തിരുന്നത്. വിവിധ കലാരൂപങ്ങൾ (ഓട്ടൻതുള്ളൽ, ലഘു നാടകം, മെഗാ തിരുവാതിര, ശുചിത്വ ശൃംഖല, ശുചിത്വ ദീപം തെളിയിക്കൽ) മുഖേന ശുചിത്വ സന്ദേശം പരമാവധി ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു. വ്യാപാരി വ്യവസായികൾ, ഓഡിറ്റോറിയം ഭാരവാഹികൾ, ക്ഷേത്രം, പള്ളി ഭാരവാഹികൾ തുടങ്ങിയവരുടെ യോഗം പ്രത്യേകം വിളിച്ച് ചേർക്കുകയും പൊതു പരിപാടികളിലും ഉത്സവ പരിപാടികളിലും മറ്റും ഗ്രാൻ പ്രോട്ടോകോൾ പാലിക്കേണ്ടതിന്റെ പ്രാധാന്യവും ആയത് ലംഘിച്ചാലുള്ള പിഴ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയും ഓരോ കുറ്റങ്ങൾക്കുമുള്ള പിഴ സംബന്ധിച്ച്



നോട്ടീസ് തയ്യാറാക്കി പ്രധാന കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിനകത്ത് പൊതു ജൈവമാലിന്യ യൂണിറ്റുകൾ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചവയാണ് കൂടാതെ മാതമംഗലം തുമ്പത്തടത്ത് സ്ഥിതി ചെയ്യുന്ന തുമ്പൂർ മുഴി പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. ടൗൺ ശുചീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ചപ്പ് ചവറുകളും മറ്റ് ജൈവമാലിന്യങ്ങളും തുമ്പൂർ മുഴി സംവിധാനം ഉപയോഗിച്ച് സംസ്കരിച്ച് വളമാക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ് നിലവിൽ ഹോട്ടലുകളിലും മറ്റുമുള്ള മാലിന്യങ്ങൾ പന്നി ഫാമുകളിലേക്ക് ഉടമകൾ തന്നെ കൈമാറുകയാണ് ചെയ്യുന്നത്.

പ്ലാസ്റ്റിക് നിരോധനം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ബദൽ സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ സംരംഭമായി പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കക്കറയിൽ ഒരു പേപ്പർ ബാഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് ഉത്സവങ്ങളിലും ആഘോഷങ്ങളിലും സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും കുടുംബശ്രീ യൂണറ്റുകൾ മുഖേന വാടകയ്ക്ക് നൽകിവരുന്നു

ഗ്രാമപഞ്ചായത്തിനകത്തെ കല്യാണങ്ങൾ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമാണ് നടക്കുന്നതെന്ന് ഉറപ്പ് വരുത്താറുണ്ട്. 2018-19 മാത്രമായി പഞ്ചായത്തിനകത്ത് മാലിന്യം തള്ളിയതും/കത്തിച്ചത്/പ്ലാസ്റ്റിക് ക്യാരി ബാഗിൽ വിൽപന നടത്തിയത് എന്നിവയുമായി ബന്ധപ്പെട്ട് ഒൻപത് കേസുകളൽ ആകെ 51900 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് നിലവിൽ രണ്ട് റോഡുകൾ ടാറിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്.



# ബോധവത്കരണം വിജയത്തിലേക്ക്

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽപ്പെട്ട പ്രദേശമാണ് എരഞ്ഞോളി ഗ്രമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 25818 ആണ്. 10.08 ച .കി.മീ വിസ്തീർണ്ണം ഉണ്ട്. ആകെ 7795 വീടുകളും 364 സ്ഥാപനങ്ങളും നിലവിലുണ്ട്. എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും മാലിന്യമുക്തമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടം മുതൽ പഞ്ചായത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. പഞ്ചായത്തിൽ പ്രതിദിനം 1.8 ടൺ ജൈവ മാലിന്യവും 0.1 ടൺ അജൈവ മാലിന്യവും രൂപപ്പെടുന്നുണ്ടെന്ന് 2017 ആഗസ്ത് മാസത്തിൽ നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും മാലിന്യ മുക്തമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. തലശ്ശേരി എൻജിനീയറിങ് കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റെ സഹകരണത്തോടെ എല്ലാ വീടുകളിലും ശുചിത്വ സന്ദേശം അടങ്ങിയിട്ടുള്ള നോട്ടീസ് നൽകുകയും, ശുചിത്വ സന്ദേശം നൽകുകയും ചെയ്തു. കൂടാതെ 50 വീടുകൾക്ക് ഒരു അയൽക്കൂട്ടം എന്ന നിലയിൽ എല്ലാ അയൽക്കൂട്ടങ്ങളും വിളിച്ചുചേർത്ത് പ്ലാസ്റ്റിക് കത്തിച്ചാൽ ഉണ്ടാകുന്ന വിപത്തിനെപ്പ



പഞ്ചായത്തിനു പുറത്ത് നിന്നുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് പഞ്ചായത്തിന് വലിയ പ്രതിസന്ധി ആയിരുന്നു ആയത് പരിഹരിക്കുന്നതിന് പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെയും സാംസ്കാരിക കൂട്ടായ്മകളുടെയും നേതൃത്വത്തിൽ വിവിധ വാർഡുകളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തുന്നതിന് ടീമുകളെ സജ്ജമാക്കിയിട്ടുണ്ട്.

ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും നിർദ്ദേശങ്ങളും പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് തല പരിശോധനാ റിപ്പോർട്ടുകളും മറ്റ് പ്രവർത്തനങ്ങളും ശുചിത്വ പരിപാലനത്തിന് ഏറെ സഹായകരമായിട്ടുണ്ട്. പ്ലാസ്റ്റിക്കിന് ബദൽ സംവിധാനവുമായി ബി ആർ സി അംഗങ്ങൾ തുണി സഞ്ചി, പേപ്പർ ബാഗ്, പേപ്പർ പേന ഉപയോഗശൂന്യമായ വസ്തുക്കൾ കൊണ്ടുള്ള കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നു.

റ്റി ബോധവത്കരണം നടത്തി .അതിനാൽ വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ പഞ്ചായത്ത് നേതൃത്വത്തിൽ ശേഖരിക്കുന്നുണ്ടെന്നും നിർബന്ധമായും നിശ്ചിത തീയതികളിൽ വാർഡു കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കുകൾ എത്തിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.അതുപോലെതന്നെ സ്വന്തം വീട്ടിലെ ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനുള്ള ഉത്തരവാദിത്വം ഉണ്ടാവണമെന്നുംനിർദേശം നൽകി. ഈ പ്രവർത്തനങ്ങളുടെ ഫലമായി സുസ്ഥിര ശുചിത്വ പദ്ധതി നടപ്പിലാക്കുകയും ഏറെക്കാലം നല്ല രീതിയിൽ മുന്നോട്ടു പോവുകയും ഉണ്ടായി. എന്നാൽ ചില സ്ഥലങ്ങളിൽ നിന്ന് മാലിന്യം അടങ്ങിയ കവറുകൾ ലഭിക്കാൻ തുടങ്ങിയതോടുകൂടി ഇതിൽ നിന്ന് ഒരു മാറ്റം വേണമെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിനെ തുടർന്ന് ഓരോ ടീമിനെ ഓരോ വാർഡിലും ഉപയോഗപ്പെടുത്തി ശുചിത്വ സർവേ നടത്തുകയും ചെയ്തു .

ജൈവ മാലിന്യ സംസ്കരണത്തിനായി വിവിധ കമ്പോസ്റ്റ് പദ്ധതികൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ പദ്ധതികളിലായി 1750 ഓളം മാലിന്യ സംസ്കരണ യൂണിറ്റുകൾ ഓരോ വീടുകളിലേക്കും നൽകിയിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റ് നിർമിച്ചു നൽകുകയും ചെയ്യുന്നുണ്ട്.

### ഹരിത കർമ്മസേന

ഹരിത കേരള മിഷന്റെ ഭാഗമായി എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 2017 നവംബർ ഒന്ന് മുതലാണ് ഹരിത കർമ്മസേന പ്രവർത്തനമാരംഭിച്ചത്. ആദ്യകാലത്ത് ആറുപേരാണ് അംഗങ്ങളായിട്ടുണ്ടായിരുന്നത്. നിലവിൽ 12 അംഗങ്ങളാണ് ഉള്ളത്. അവർ അജൈവ മാലിന്യ ശേഖരണത്തിന് പോകുന്ന ദിവസങ്ങളിൽ 400 രൂപവീതം ഒരു മാസം ശരാശരി 24 ദിവസം ജോലി നൽകുകയും 9600 രൂപ വേതനമായി നൽകുകയും ചെയ്യുന്നുണ്ട്. യൂസർഫീ ഇനത്തിൽ വീടുകളിൽ നിന്നും





പ്രതിമാസം 20 രൂപ നിരക്കിലും കടകളിൽ നിന്നും കിലോക്ക് ഏഴ് രൂപ നിരക്കിലും ഈടാക്കുന്നു.ഒരു ദിവസം ശരാശരി 40 വീടെങ്കിലും ഒരു ഹരിതകർമ്മസേന അംഗം സന്ദർശിക്കേണ്ടതാണ്. ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ച പ്ലാസ്റ്റിക്കുകൾ എം.സി.എഫ് സെൻററിൽ എത്തിച്ച് തരംതിരിക്കുന്നു. പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ക്ലീൻ കേരള കമ്പനി മുഖേന ഷ്രഡ്ഡിംഗ് & ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി വി.ജി.എഫ് ആറുമാസത്തേക്ക് 359310 രൂപ ചെലവഴിച്ചിട്ടുണ്ട് 2019 സെപ്റ്റംബർ വരെ യൂസർഫീ ഇനത്തിൽ 979080 രൂപ ലഭിച്ചിട്ടുണ്ട്. യൂസർഫീയിൽ നിന്നും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്താൻ സാധിക്കുന്നു. ശേഖരിക്കുന്ന പ്ലാസ്റ്റിക് ബോട്ടിലുകളും മറ്റും വില്പന നടത്തി അധിക വരുമാനം കണ്ടെത്തുന്നു. ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 120കിലോ ഷ്രഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് കിലോയ്ക്ക് 21 രൂപ പ്രകാരം നമ്മുടെ പഞ്ചായത്തിലെ റോഡ് ടാറിങ്ങിന് ഉപയോഗിച്ചിട്ടുണ്ട്.

ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്നതിൻറെ ഭാഗമായും ഡിസ്പോസിബിൾ ഫ്രീ പഞ്ചായത്തായി മാറ്റുന്നതിന്റെ ഭാഗമായും 6000 സെറാമിക്, സ്റ്റീൽ ഗ്ലാസ്സ്, പായസക്കപ്പുകൾ എന്നിവ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഹരിതശ്രീ സംരംഭത്തിനും തുടക്കം കുറിക്കാനും സാധിച്ചു.

പഞ്ചായത്തിന്റെ പുറത്ത് നിന്നുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് പഞ്ചായത്തിന് വലിയ പ്രതിസന്ധി ആയിരുന്നു ആയത് പരിഹരിക്കുന്നതിന് പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെയും സാംസ്കാരിക കൂട്ടായ്മകളുടെയും നേതൃത്വത്തിൽ വിവിധ വാർഡുകളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തുന്നതിന് ടീമുകളെ സജ്ജമാക്കിയിട്ടുണ്ട്.

ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും നിർദ്ദേശങ്ങളും പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ്തല പരിശോധനാ റിപ്പോർട്ടുകളും മറ്റ് പ്രവർത്തനങ്ങളും ശുചിത്വ പരിപാലനത്തിന് ഏറെ സഹായകരമായിട്ടുണ്ട്. പ്ലാസ്റ്റിക്കിന് ബദൽ സംവിധാനവുമായി  ബി ആർ സി അംഗങ്ങൾ തുണിസഞ്ചി, പേപ്പർ ബാഗ്, പേപ്പർപേന ഉപയോഗശൂന്യമായ വസ്തുക്കൾ കൊണ്ടുള്ള കരകൌശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നു.

പഞ്ചായത്ത് 23.10.2017 തിയ്യതിയിൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിച്ച് നടപ്പാക്കുകയും ആയത് പ്രകാരം പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങളിലെല്ലാം ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് അടിച്ച് പ്രസിദ്ധീക

രിക്കുന്ന എല്ലാ നോട്ടീസുകളിലും ഗ്രീൻപ്രോട്ടോകോൾ പാലിക്കേണ്ടത് സംബന്ധിച്ച വിവരങ്ങളും ഹരിത നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഹരിത ബൈലോ പ്രകാരം 50 പേരിൽ കൂടുതൽ പേർ ഒത്തുകൂടുന്ന പൊതുപരിപാടികൾക്ക് ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആകെ 407 പേർ രജിസ്ട്രേഷൻ ചെയ്യുകയും ഫീസിനത്തിൽ 86350 രൂപ ലഭിക്കുകയും ചെയ്തു.







ജലാശയങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നുണ്ട്. നാളിതുവരെ 11 കേസുകൾ ആകെ റിപ്പോർട്ട് ചെയ്യുകയും ഫൈൻ ഇനത്തിൽ ആകെ 120800 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വെല്ലുവിളികളും അതിജീവന നടപടികളും

പഞ്ചായത്തിന്റെ പുറത്ത് നിന്നുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് പഞ്ചായത്തിന് വലിയ പ്രതിസന്ധി ആയിരുന്നു. ഇത് പരിഹരിക്കുനതിനു പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെയും പ്രാദേശിക സ്ക്വാഡുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് വലിയ അളവിൽ ഒഴിവാക്കുന്നതിനു സാധിച്ചിട്ടുണ്ട്.

പ്രാരംഭഘട്ടത്തിൽ ഹരിത കർമ സേനക്ക് വീടുകളിൽ നിന്നും കടകളിൽ നിന്നും മാലിന്യങ്ങൾ കയ്യൊഴിയാൻ ആളുകൾ വിമുഖത കാണിച്ചു. തുടർച്ചയായ ബോധവല്കരണം വഴി നിലവിൽ 90% വീടുകളും സ്ഥാപനങ്ങളും സേനയുമായി സഹകരിക്കുകയും യൂസർ ഫീ നൽകുകയും ചെയ്യുന്നു. വാർഡ് മെമ്പർമാർ, വാർഡ് വികസന സമിതി ഭാരവാഹികൾ എന്നിവരുടെ നിരന്തരമായ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്.

## ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിലൂടെ പഞ്ചായത്തിന് അധികവരുമാനം

എരഞ്ഞോളി പഞ്ചായത്തിൽ ഹരിത പെരുമാറ്റചട്ടങ്ങൾ നടപ്പിലാക്കി പൊതുചടങ്ങുകളിൽ സംഘടിപ്പിക്കുന്ന വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അപേക്ഷാ ഫീസ് നൽകുന്നതിലൂടെ പഞ്ചായത്തിന് അധിക വരുമാനം ലഭിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഓരോ അപേക്ഷകളും 200 രൂപയാണ് അപേക്ഷാ ഫീസായി ഒടുക്കേണ്ടത്. ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കിയത് മുതൽ 2019 ഒക്ടോബർ വരെ 432 അപേക്ഷകളിൽ നിന്നായി 86400 രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.



# ശുചിത്വ മികവിലേക്ക് കതിരൂർ

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ പാനൂർ ബ്ലോക്കിൽ ഉൾപ്പെട്ടതാണ് കതിരൂർ ഗ്രാമപഞ്ചായത്ത്. 12.30 ച.കി.മീറ്റർ സ്ഥലത്ത് പരന്ന് കിടക്കുന്ന ഈ ഗ്രാമത്തിൽ 2011ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ 31087 ആണെങ്കിലും 2017 ലെ സർവ്വെ അടിസ്ഥാനമാക്കി 34183 ആണ്. 7485 വീടുകൾ ഉണ്ടെങ്കിലും ആൾതാമസമുള്ളവ 6536 മാത്രമാണ്. 23 വിദ്യാലയങ്ങളും 30 അങ്കണവാടികളും കടകളും ഉൾപ്പെടെ 494 സ്ഥാപനങ്ങളാണ് ഇവിടെയുള്ളത്. പഞ്ചായത്തിൽ പ്രതിദിനം 2929 കിലോ ജൈവ മാലിന്യവും 410 കിലോഗ്രാം അജൈവ മാലിന്യവും രൂപപ്പെടുന്നതായി 2017 ആഗസ്റ്റ് മാസത്തിൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന കാമ്പയിനിന്റെ ഭാഗമായി നടത്തിയ സർവേയിൽ കണ്ടെത്തിയിട്ടുണ്ട്.

## മാലിന്യ സംസ്കരണം – അടിസ്ഥാന സൗകര്യങ്ങൾ

ആദ്യകാലങ്ങളിൽ പതിനെട്ടു വാർഡുകളിലെ കവലകളിലായി 252 പ്ലാസ്റ്റിക് കലക്ഷൻ ബോക്സുകൾ സ്ഥാപിക്കുകയുണ്ടായി. കഴുകിയുണക്കിയ പ്ലാസ്റ്റിക് കവറുകൾ ഓരോ വീട്ടുകാരും ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിൽ ഇതിൽ നിക്ഷേപിക്കും. അതാതിടത്തെ വനിതാ വളണ്ടിയർമാരാണ് ഓരോ ബോക്സിന്റെയും ചുമതലകൾ ഏറ്റെടുത്തത്.

ഹരിത കർമ്മസേനയിലെ അംഗങ്ങൾ ബോക്സുകളിൽ നിന്നും ഇവ ശേഖരിച്ചു കുറ്റ്യേരിച്ചാലിലുള്ള RRF/MLF കേന്ദ്ര



ത്തിൽ എത്തിച്ചു. അവ തരംതിരിക്കുന്ന ജോലിയും വളണ്ടിയർമാർ തന്നെ നിർവ്വഹിക്കുന്നു.

എന്നാൽ ഈ സംവിധാനം മാറ്റി, വീടുകളിൽ നേരിട്ടു ചെന്ന് അവ ശേഖരിച്ചു പഞ്ചായത്തിന്റെ ശുചിത്വ വാഹനങ്ങളിൽ കേന്ദ്രത്തിൽ എത്തിക്കുന്ന രീതിയാണ് ഇന്നു നിലവിലുള്ളത്.

ജൈവമാലിന്യ സംസ്കരണം-ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന നയം പ്രവർത്തികമാക്കിയ ഗ്രാമമാണ് കതിരൂർ. മഹാത്മാഗാന്ധി എൻആർഇജിഎയിലൂടെ 782 കമ്പോസ്റ്റ് കുഴികളും വിവിധ വാർഷിക പദ്ധതികളിലായി 276 റിംഗ് കമ്പോസ്റ്റും 538 പൈപ്പ് കമ്പോസ്റ്റും 8 മണ്ണിര കമ്പോസ്റ്റും 68 ബയോഗ്യാസ് പ്ലാന്റും ഇതിനകം നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 6236 വീടുകളും സ്ഥാപനങ്ങളും സ്വന്തം നിലയിൽ വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനം ഒരുക്കിയിട്ടുണ്ട്.

### ഹരിത കർമ്മസേന

23 വളണ്ടിയർമാരാണ് ഹരിത കർമ്മസേനയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. ഇവരിൽ 10 പേർ ആധുനിക രീതിയിലുള്ള ഷ്രഡ്ഡിംഗ് യൂണിറ്റിലും പതിമൂന്ന് പേർ മാലിന്യ ശേഖരണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു. ഈ സംവിധാനത്തെ ജനങ്ങൾ നന്നായി സ്വീകരിച്ചുകഴിഞ്ഞു.

വീടുകളിൽ നിന്നും 30 രൂപയും സ്ഥാപനങ്ങളിൽ നിന്നും 50 രൂപയും യൂസർഫീ വാങ്ങിക്കൊണ്ട് സുസ്ഥിര ശുചിത്വ പദ്ധതി പ്രകാരം വാങ്ങിയ ഗുഡ്സ് വെഹിക്കൾ മുഖേന ശേഖരിച്ചു എംസിഎഫിൽ വെച്ച് തരംതിരിച്ച്, ആർആർഎഫിൽ നിന്നും ഷ്രഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുകയും ചെയ്യുന്നു. മറ്റ് പ്ലാസ്റ്റിക് വസ്തുക്കൾ എംആർഎം കോഴിക്കോട് എന്ന സ്വകാര്യ സ്ഥാപനത്തിന് പുനഃചംക്രമണത്തിനായി നൽകുന്നു. 4166 വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസം 1,24,980രൂപ യൂസർഫീയായി ലഭിച്ചുവരുന്നു. ഷ്രെഡ്ഡ് ചെയ്ത് കൈമാറുന്ന വകയിൽ 15,000

മണ്ണ്, വായു, ജലം എന്നിവ മലിനമാക്കപ്പെടുന്ന അവസ്ഥ മനുഷ്യരാശിക്ക് ഹാനികരമാണെന്നു കാലെകൂട്ടി തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ഘട്ടങ്ങളിൽ കതിരൂർ ഗ്രാമ പഞ്ചായത്ത് ശക്തിയായി ഇടപ്പെട്ടിട്ടുണ്ട്. സുസ്ഥിര ശുചിത്വ പദ്ധതി-ഒന്നിനു പുറകെ ഒന്നായി ശുചിത്വ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്യുന്നതിനു പേരുകേട്ട ഗ്രാമമാണ് കതിരൂർ. അവയിൽ ഏറ്റവും പ്രധാനമാണ് ശുചിത്വമിഷൻ പ്രശംസിച്ച സുസ്ഥിര ശുചിത്വ പദ്ധതി. വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞ ഈ പദ്ധതിക്ക് തുടർച്ചയായി മൂന്ന് വർഷം ആരോഗ്യകേരളം പുരസ്കാരം ലഭിച്ചു. കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഭോപ്പാലിൽ വച്ചു നടന്ന അഖിലേന്ത്യ സെമിനാറിൽ സുസ്ഥിര ശുചിത്വപദ്ധതി അവതരിപ്പിച്ചു. ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 32 പ്രോജക്ടുകളിൽ ഒന്നായിരുന്നു ഇത്.



രൂപയും തരംതിരിച്ച പ്ലാസ്റ്റിക്കിന്റെ വിൽപന യിലൂടെ പ്രതിമാസം 10,000 രൂപയും കൂടി ആകെ 1,49,980,രൂപ വരുമാനമായി ലഭിക്കുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് പ്രതി മാസം 1,38,000 രൂപ ഹോണേറിയം ആയി ന കുന്നു. ബാക്കി വരുന്ന തുക അനുബന്ധ ചെലവുകൾക്കു നീക്കിവെക്കുന്നു. ഹരിതകർമ്മ സേനാംഗത്തിനു പ്രതിമാസം 8125 രൂപ നൽകിവരുന്നു.

## നിയമ നടപടികൾ

കടകളിൽ നിന്നു നിരോധിക്കപ്പെട്ട പ്ലാസ്റ്റിക്ക് കവറുകൾ പിടിച്ചെടുത്ത വകയിൽ 10,000 രൂപയും പുഴയിൽ മാലിന്യങ്ങൾ തള്ളിയതിനു 12,000 രൂയും പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ തള്ളിയതിനു 5000 രൂപയും പിഴയായി ഈടാക്കി. ആകെ 4 നിയമ നടപടികൾ സ്വീകരിച്ചു. അതിൽ 4 എണ്ണവും പിഴ ചുമത്തിയതാണ്.

## പാഴായ തുണിത്തരങ്ങളുടെ പുനരുപയോഗം

അജൈവമാലിന്യമായ കുടത്തുണികൾ ശേഖരിച്ചു മത്സ്യമാംസാദികൾ വാങ്ങുന്നതിനുള്ള സഞ്ചികൾ നിർമ്മിച്ചു ഗ്രാമ പഞ്ചായത്തിലെ മത്സ്യമാർക്കറ്റിലും ഇറച്ചികടകളിലും ഉപയോഗിക്കന്നതിലൂടെ മൂല്യ വർദ്ധിത ഉൽപന്നമായി മാറ്റാൻ സാധിച്ചിട്ടുണ്ട്.

കോട്ടൺ നിർമ്മിത ജീൻസ് ഉപയോഗിച്ച് ഗ്രോബാഗുകൾ നിർമ്മിച്ചു പ്ലാസ്റ്റിക്ക് ഗ്രോബാഗുകളുടെ ഉപയോഗം കുറക്കാൻ സാധിച്ചിട്ടുണ്ട്. ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ കാര്യക്ഷമായ പ്രവർത്തനം അജൈവ മാലിന്യങ്ങളു





ടെ പുന:ചംക്രമണം വഴി ഒരു വരുമാന മാർഗ്ഗമാക്കാനും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കാനും സാധിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ, പരിഹാരങ്ങൾ

മണ്ണ്, വായു, ജലം എന്നിവ മലിനമാക്കപ്പെടുന്ന അവസ്ഥ മനുഷ്യരാശിക്ക് ഹാനികരമാണെന്നു കാലെകൂട്ടി തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ഘട്ടങ്ങളിൽ കതിരൂർ ഗ്രാമ പഞ്ചായത്ത് ശക്തിയായി ഇടപ്പെട്ടിട്ടുണ്ട്.

സുസ്ഥിര ശുചിത്വ പദ്ധതി-ഒന്നിനു പുറകെ ഒന്നായി ശുചിത്വ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്യുന്നതിനു പേരുകേട്ട ഗ്രാമമാണ് കതിരൂർ. അവയിൽ ഏറ്റവും പ്രധാനമാണ് ശുചിത്വമിഷൻ പ്രശംസിച്ച സുസ്ഥിര ശുചിത്വ പദ്ധതി. വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞ ഈ പദ്ധതിക്ക് തുടർച്ചയായി മൂന്ന് വർഷം ആരോഗ്യകേരളം പുരസ്കാരം ലഭിച്ചു. കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന കെവി പവിത്രൻ, സെക്രട്ടറി എൻ പവിത്രൻ, വിഇഒ സുരേഷ്കുമാർ വി എന്നിവർ കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഭോപ്പാലിൽ വച്ചു നടന്ന അഖിലേന്ത്യ സെമിനാറിൽ നമ്മുടെ സുസ്ഥിര ശുചിത്വപദ്ധതി അവതരിപ്പിച്ചു. ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 32 പ്രോജക്ടുകളിൽ ഒന്നായിരുന്നു ഇത്.

## പ്രകൃതി സ്നേഹികളെ ഇതിലെ... ഇതിലെ...

ഖരമാലിന്യ സംസ്കരണം എന്ന പ്രതിസന്ധി പരിഹരിക്കാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ 20 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ആർആർഎഫ് മുഖേന പ്രതിമാസം ഏകദേശം 2 ടൺ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പുന:ചംക്രമണത്തിനായി നിശ്ചിത വിലയ്ക്ക്, കോഴിക്കോട് ഉള്ള ഒരു സ്വകാര്യ സ്ഥാപനത്തിന് കൈമാറുന്നുണ്ട്.

മത്സ്യ-ഇറച്ചി മാർക്കറ്റുകളിൽ മുമ്പ് പ്ലാസ്റ്റിക്ക് കാരിബാഗുകളുമായി പോയിരുന്ന ഉപഭോക്താക്കൾക്ക് ബദൽ സംവിധാനം എന്ന നിലയിൽ കതിരൂർ ശ്രീനാരായണ മഠത്തിന്റെ നേതൃത്വത്തിൽ പഴയ കുടയുടെ തുണി ഉപയോഗിച്ച് പുനരുപയോഗയോഗ്യമായ സഞ്ചികൾ നിർമ്മിച്ചു വിതരണം ചെയ്തുവരുന്നു.

## സവിശേഷ ഇടപെടലുകൾ

### വാതക ശ്മശാനം

മലബാറിലെ ആദ്യമാതൃകയാണിത്. ജനനിബിഡമായ സ്ഥലങ്ങളിൽ ഭൗതികശരീരം സംസ്കരിക്കുന്നതുകൊണ്ട് വായു, മണ്ണ്, ജലം എന്നിവ മലിനപ്പെടുന്ന അവസ്ഥയിൽ നിന്ന് മോചനം നേടുന്നതിനു വേണ്ടിയുള്ള വ്യത്യസ്ഥമായ ഒരു പദ്ധതിയാണ് ഇത്. മലബാറിൽ മറ്റിടങ്ങളിൽ ഈ സംവിധാനം ആരംഭിക്കാൻ പ്രചോദനമായ മാതൃകയാണിതെന്ന് പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

### സമ്മാനപദ്ധതികൾ

ശുചിത്വ പ്രവർത്തനത്തിന് മികവ് കാട്ടുന്ന സ്ഥാപനങ്ങൾക്ക് അവാർഡുകൾ നൽകി ആദരിക്കുക വഴി ഓരോ മേഖലയിലും സുസ്ഥിരമായ മികവുകൾ കണ്ടെത്താനായി

### ഹരിത പെരുമാറ്റചട്ടം

ഡിസ്പോസിബിൾ ഇനങ്ങൾക്ക് പകരമായി സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും ഫൈബർ പ്ലേറ്റുകളും ഒരുക്കാൻ കുറേ സാംസ്കാരിക സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്.





# സമ്പൂർണ ഉറവിട മാലിന്യ സംസ്കരണ നഗരത്തിലേക്ക്

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ 54.32 ച.കി.മീ വിസ്തൃതിയുള്ള നഗരസഭയാണ് മട്ടന്നൂർ. 2011 ലെ സെൻസസ് പ്രകാരം 49569 ആണ് കണക്കാക്കിയ ജനസംഖ്യ. നഗരസഭാ പരിധിയിൽ 18699 വീടുകളും 1031 വ്യാപാര വാണിജ്യസ്ഥാപനങ്ങളുമാണ് ഇപ്പോൾ നിലവിലുള്ളത്. നഗരസഭാ പരിധിയിൽ പ്രതിദിനം 1000 കിലോഗ്രാം ജൈവ മാലിന്യവും 233 കിലോഗ്രാം അജൈവ മാലിന്യവും രൂപപ്പെടുന്നതായി 2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ സർവേയിലൂടെ കണ്ടെത്തിയിട്ടുണ്ട്.

## മാലിന്യസംസ്കരണരംഗത്തെ ഇടപെടലുകൾ

മട്ടന്നൂരിനെ സമ്പൂർണ ഉറവിട മാലിന്യ സംസ്കരണ നഗരമാക്കി മാറ്റാനുള്ള പരിശ്രമത്തിലാണ് നഗരഭരണകൂടം. മുഴുവൻ വീടുകളിലും ജൈവമാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്യാൻ ലക്ഷ്യമിട്ട് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സിഎസ്ആർ ഫണ്ട് ആയി 1.93 കോടി രൂപയുടെ പദ്ധതിയാണ് നഗരസഭ നടപ്പിലാക്കിയത്. 70 ശതമാനത്തോളം വീടുകളിലും റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാൻ ഇതുവഴി സാധിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വീടുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കുഴിക്കമ്പോസ്റ്റുകൾ നിർമ്മിച്ചിട്ടുണ്ട്. നഗര



ത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ഈ പ്രവർത്തനങ്ങളിലൂടെ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നതിന് പുറമെ, ലഭിക്കുന്ന ജൈവവളം ഉപയോഗിച്ച് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ഉപയുക്തമാവുന്നു.



അജൈവ മാലിന്യ സംസ്കരണ രംഗത്തും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നഗരസഭ നടത്തുന്നത്. നഗരസഭയിലെ 35 വാർഡുകളിലും ഹരിതകർമ്മസേന രണ്ട് വർഷമായി പ്രവർത്തിച്ചുവരുന്നു. വാർഡ് സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ നഗരസഭയിലെ 86 അയൽക്കൂ ട്ടങ്ങളിലും ആദ്യഘട്ടമായി അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കാൻ ശീലവത്കരണം നടത്തുകയും വാർഡുതലത്തിൽ നിശ്ചിത ദിവസങ്ങളിൽ എല്ലാ മാസവും അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.

ശേഖരിച്ച പ്ലാസ്റ്റിക് സംഭരിച്ച് സൂക്ഷിക്കുന്നതിന് എംസിഎഫ് സംവിധാനം നിലവിലുണ്ട്.

അജൈവ മാലിന്യങ്ങളെ തരംതിരിക്കുന്നതിനും പുനഃചംക്രമണം ചെയ്യുന്നതിനും രണ്ട് എംസിഎഫ് കെട്ടിടങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒന്നിൽ ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. ഇവിടെ ഉത്പാദിക്കപ്പെടുന്ന ഷ്രഡ്ഡ്

പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി നഗരസഭയിലെ മുഴുവൻ വീടുകളിലും തുണിസഞ്ചികൾ വിതരണം ചെയ്തു. വിവാഹങ്ങളും മറ്റ് ചടങ്ങുകളും ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി ഹരിത വിവാഹങ്ങൾക്ക് സമ്മാനമേർപ്പെടുത്തി. പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിന്റെ ഭാഗമായി 5000 സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ നഗരസഭ വിവിധ ചടങ്ങുകൾക്ക് നൽകിവരുന്നു. നഗരസഭയുടെ വിവിധഭാഗങ്ങളിൽ സ്വാപ് ഷോപ്പ് നടത്തിവരുന്നു. പൊതുപരിശീലന പരിപാടികളിലും വിദ്യാലയങ്ങളിലും ഉപയോഗിച്ച് വലിച്ചെറിയുന്ന പേനകളുടെ ഉപയോഗം കുറയ്ക്കുന്നതിന് നഗരസഭയിലെ ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികൾ പേപ്പർ പേന നിർമ്മിച്ച് വിതരണം ചെയ്യുന്നു. ഉപയോഗശൂന്യമായ മറ്റ് പല വസ്തുക്കളിൽ നിന്നും കൗതുക വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും ബഡ്സ് സ്കൂളിൽ നടത്തപ്പെടുന്നു.

പ്ലാസ്റ്റിക് നഗരത്തിലെയും സമീപ പ്രദേശത്തെയും റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നു. ആറു ടണ്ണോളം പ്ലാസ്റ്റിക് ഇങ്ങനെ ടാറിങ്ങിനായി ഉപയോഗിച്ചുണ്ട്. അവശേഷിക്കുന്ന പ്ലാസ്റ്റിക് ഇവിടെതന്നെ സ്ഥാപിച്ച ബെയിലിംഗ് യൂണിറ്റിൽ ബെയിൽ ചെയ്ത് റീസൈക്ലിംഗ് സ്ഥാപനത്തിന് കൈമാറുന്നു. നാളിതുവരെ 85 ടൺ പ്ലാസ്റ്റിക് ഇങ്ങനെ കൈമാറിയിട്ടുണ്ട്. കരിത്തൂർപറമ്പ് എന്ന സ്ഥലത്തെ നഗരസഭാ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിൽ ഉൽപാദിപ്പിച്ചുവരുന്ന ജൈവവളം വിപണനം നടത്തി വരുന്നു.



നഗരസഭ നിശ്ചയിച്ച പ്രതിമാസ യൂസർ ഫീസായ 30 രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തിയ വയബിലിറ്റി ഗ്യാപ്പ് ഫണ്ടുമാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി വേതന ഇനത്തിൽ ചെലവഴിച്ചുവരുന്നത്. ഹരിതകർമ്മസേനയുടെ പ്രതിമാസ ആകെ വരുമാനം 2,62,500 രൂപയും സേനാംഗങ്ങളുടെ ശരാശരി പ്രതിമാസ വരുമാനം 7500 രൂപയുമാണ്.

2019 സെപ്റ്റംബർ വരെ ഹരിത നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് പിഴയായി 5,81,260 രൂപ ഈടാക്കിയിട്ടുണ്ട്.

പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റും, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും, പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റും, ബയോഗ്യാസ് പ്ലാന്റും നഗരസഭാ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കോഴിമാലിന്യം സംസ്കരിക്കുന്നതിനുള്ള റന്ററിംഗ് പ്ലാന്റിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്ലാസ്റ്റിക് ബോട്ടിൽ ശേഖരണത്തിന്റെ ഭാഗമായി നഗരസഭയുടെ വിവിധ കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്.

## ഹരിത പെരുമാറ്റച്ചട്ടം

പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറക്കുന്നതിന്റെ ഭാഗമായി നഗരസഭയിലെ മുഴുവൻ വീടുകളിലും തുണിസഞ്ചികൾ വിതരണം ചെയ്തു. വിവാഹങ്ങളും മറ്റ് ചടങ്ങുകളും ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി ഹരിത വിവാഹങ്ങൾക്ക് സമ്മാനമേർപ്പെടുത്തി. പ്ലാസ്റ്റിക് മാലിന്യം കുറക്കുന്നതിന്റെ ഭാഗമായി 5000 സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ നഗരസഭ വിവിധ ചടങ്ങുകൾക്ക് നൽകിവരുന്നു. നഗരസഭയുടെ വിവിധഭാഗങ്ങളിൽ സ്വാപ് ഷോപ്പ് നടത്തിവരുന്നു. പൊതുപരിശീലന പരിപാടികളിലും വിദ്യാലയങ്ങളിലും ഉപയോഗിച്ച് വലിച്ചെറിയുന്ന പേനകളുടെ ഉപയോഗം കുറയ്ക്കുന്നതിന് നഗരസഭയിലെ ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികൾ പേപ്പർ പേന നിർമ്മിച്ച് വിതരണം ചെയ്യുന്നു. ഉപയോഗശൂന്യമായ മറ്റ് പല വസ്തുക്കളിൽ നിന്നും കൗതുക വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും ബഡ്സ് സ്കൂളിൽ നടത്തപ്പെടുന്നു. ഇത് മാലിന്യത്തിന്റെ അളവ് ലഘൂകരിക്കുന്നതിന് സഹായിക്കുന്നു. ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികൾ നിർമ്മിക്കുന്ന പേനയാണ് നഗരസഭ വിവിധ പരിപാടികളിൽ വിതരണം ചെയ്തുവരുന്നത്.

മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കിയതോടെ നഗരസഭാ പ്രദേശങ്ങൾ പകർച്ചവ്യാധികളിൽ നിന്നും ഒരു പരിധിവരെ വിമുക്തമായിരിക്കുന്നു. ജലസ്രോതസ്സുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തതോടെ ജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കിയിരിക്കുന്നു. നീർച്ചാലുകൾ ശുചീകരിച്ചതോടെ സ്വാഭാവിക ഒഴുക്ക് പുനസ്ഥാപിക്കുന്നതിന് സാധിച്ചിരിക്കുന്നു. മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം കർഷകർക്ക് അങ്ങേയറ്റം ഉപകാരപ്രദമായി. ഇതുവഴി നിരവധി പേർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.



# 'സ്റ്റുഡന്റ് ഡോക്ടർ' പദ്ധതിയുമായി പായം

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ കർണാകടകയിലെ കൂർഗ് വനാതിർത്തിയോട് ചേർന്നുകിടക്കുന്ന കാർഷിക പ്രധാനമായ ഒരു പ്രദേശമാണ് പായം ഗ്രാമപഞ്ചായത്ത്. 31.21 ച.കി.മീ വിസ്തൃതിയുള്ള പഞ്ചായത്തിൽ 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 28781 ആണ്. പഞ്ചായത്തിൽ ആകെ 7166 വീടുകളും 1034 വ്യാപാര വാണിജ്യസ്ഥാപനങ്ങളും ഉണ്ട്. ഇവിടെ നിന്നും പ്രതിദിനം 1433.2 കിലോ ജൈവ മാലിന്യങ്ങളും 358 കിലോ അജൈവ മാലിന്യങ്ങളും രൂപപ്പെടുന്നതായി 2017 ആഗസ്റ്റ് മാസത്തിൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന കാമ്പയിനിന്റെ ഭാഗമായി നടത്തിയ സർവേയിലൂടെ  കണ്ടെത്തിയിട്ടുണ്ട്.

## മാലിന്യസംസ്കരണ രംഗത്തെ ഇടപെടലുകൾ

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സംവിധാനമുണ്ടാക്കുക എന്ന ലക്ഷ്യത്തിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ഏതെങ്കിലുമൊരു ജൈവമാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി കാര്യക്ഷമമായ പ്രവർത്തനം പഞ്ചായത്ത് നടത്തി. ഇതിന്റെ ഭാഗമായി ശുചിത്വമിഷനുമായി സഹകരിച്ച് 194 ബയോഗ്യാസ് പ്ലാന്റുകൾ, 300 പൈപ്പ് കമ്പോസ്റ്റ്, 992 കലംകമ്പോസ്റ്റ്, 450 റിംഗ് കമ്പോസ്റ്റും ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ 2100 വീടുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചു നൽകി. നടപ്പുവർ



സ്റ്റുഡന്റ് പോലീസ് മാതൃകയിൽ സംസ്ഥാനത്തെ ആദ്യത്തെ സ്റ്റുഡന്റ് ഡോക്ടർമാർ പായം പഞ്ചായത്തിന് സ്വന്തം. പഞ്ചായത്തിലെ 11 വിദ്യാലയങ്ങളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 101 വിദ്യാർത്ഥികൾക്ക് നാഷണൽ ഹെൽത്ത് മിഷന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് വള്ളിത്തോട് എഫ്.എച്ച്.സി നേതൃത്വത്തിലാണ് പരിശീലനം നടത്തിയത്. പരിശീലനത്തിന് ശേഷം 101 സ്റ്റുഡന്റ് ഡോക്ടർമാരെ കേരള ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ ശൈലജ ടീച്ചർ ബാഡ്ജ് നൽകി കർമ്മ രംഗത്തിറക്കി. ഈ സ്റ്റുഡന്റ് ഡോക്ടർമാർ മുഖേന വിദ്യാലയങ്ങളിലും ഗൃഹസന്ദർശനം നടത്തി വീടുകളിലും മാലിന്യങ്ങൾ സംസ്കരിക്കേണ്ട പ്രാധാന്യവും പ്ലാസ്റ്റിക് വരുത്തി വെയ്ക്കുന്ന ദുരന്തങ്ങളും കുട്ടി ഡോക്ടർമാർ വിശദീകരിച്ചു. നൂതന പദ്ധതിയെന്ന നിലയിൽ സ്റ്റുഡന്റ് ഡോക്ടറെ രംഗത്തിറക്കിയതിന് ജില്ലാ കലക്ടറുടെ പ്രത്യേക പുരസ്കാരം പായം ഗ്രാമപഞ്ചായത്തിന് ലഭിച്ചു.



ഷം 200 റിംഗ് കമ്പോസ്റ്റ് നൽകുന്നതിന് 2500 വീടുകളിൽ കമ്പോസ്റ്റ് പിറ്റ് സ്ഥാപിക്കുന്നതിനും നടപടി ആരംഭിച്ചുകഴിഞ്ഞു. 36 അംഗങ്ങളുള്ള ഹരിത കർമസേന രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വീടുകളിൽ നിന്നും 30 രൂപയും കടകളിൽ നിന്നും 50 രൂപയും യൂസർഫീ ഇനത്തിൽ ഈടാക്കുന്നു.

ആകെയുള്ള 7166 വീടുകളിൽ നിന്നും ശരാശരി 50 ഗ്രാം അജൈവ മാലിന്യങ്ങൾ ദിവസവും ഉദ്ഭവിക്കുന്നുണ്ട്. ആയത് ഹരിത കർമസേന വഴി ശേഖരിച്ച് എം.സി.എഫിൽ സംസ്കരണത്തിനായി എത്തിക്കുന്നു. ഓരോ മാസവും 358 കി.ഗ്രാം അജൈവ മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. 993 കടകളിൽ നിന്നായി അജൈവ/പ്ലാസ്റ്റിക് മാലിന്യങ്ങൾ മാസത്തിൽ രണ്ടുതവണയായി ഹരിതകർമസേന വഴി സംഭരിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.സി.എഫിൽ എത്തിക്കുന്നു. ഇവ തരംതിരിച്ച് സ്ക്രാപ് ഡീലർമാർക്ക് നൽകുന്നതിലൂടെ പ്രതിമാസം 10000 രൂപ ഹരിത കർമസേനയ്ക്ക് വരുമാനമായി ലഭിക്കുന്നു.

## ഹരിത ചട്ടം

2018 ഏപ്രിൽ മാസം മുതൽ ഗ്രീൻ പ്രോട്ടോക്കോൾ പഞ്ചായത്തിൽ നടപ്പിലാക്കി. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ അഞ്ച് കല്യാണ മണ്ഡപങ്ങളിലും ഓഡിറ്റോറിയങ്ങളിലും മതസ്ഥാപനങ്ങലിലും വിദ്യാലയങ്ങലിലും നടക്കുന്ന എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കി. ലംഘിക്കുന്നവർക്ക് പിഴ ചുമത്തുന്നതിനും തീരുമാനിച്ചു. ഹരിതമാംഗല്യം കുടുംബശ്രീ ഇലകളിലൂടെ എന്ന പദ്ധതി പ്രകാരം ആവശ്യക്കാർക്ക് വാഴയിലകൾ നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇങ്ങനെ 41000

രൂപ പിഴ ഈടാക്കിയിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട് 5 വ്യക്തികൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. ഈടാക്കിയ പിഴ 39000 രൂപ.







## വെല്ലുവിളികൾ – പരിഹാര നടപടികൾ

1. പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതാണെന്ന് പൊതുജനങ്ങൾക്കുള്ള അറിവില്ലായ്മ ഹരിത നിയമാവലി സംബന്ധിച്ച ബോധവല്ക്കരണ കാമ്പയിൻ ഊർജിതമാക്കി.

2. മാലിന്യ സംസ്കരണത്തിന് പരമ്പരാഗതമായി ജീവിച്ച ശീലങ്ങൾ ശാസ്ത്രീയ സംവിധാനത്തിലേക്ക് മാറാനുള്ള വൈമനസ്യം. ഹരിത നിയമാവലി സംബന്ധിച്ച ബോധവല്ക്കരണ കാമ്പയിൻ ഊർജിതമാക്കി.

3. പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം എം.സി.എഫ് സ്ഥാപിച്ചു.

4. ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകളുടെ കുറവ്. ആവശ്യമായ പദ്ധതികൾ എൻ.ആർ.ഈ.ജി.എസിലും പഞ്ചായത്ത് വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തി.

പായം ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും, അയൽസഭ അടിസ്ഥാനത്തിലും, പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും നിരവധി ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവത്തകർ, ആശാ വർക്കർമാർ, രാഷ്ട്രീയ സന്നദ്ധ സംഘടനാ പ്രവത്തകർ, വ്യാപാരി വ്യവസായി സംഘടനകൾ, യുവജന ക്ലബ് ഭാരവാഹികൾ, ടാക്സി, ചുമട്ട് തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തികൊണ്ടാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയത്.

### ഹരിത മാംഗല്യം കുടുംബശ്രീ ഇലകളിലൂടെ

ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന എല്ലാ ആഘോഷ പരിപാടികളിലും പൊതുപരിപാടികളിലും കുടുംബശ്രീ മുഖേന പ്ലേറ്റുകളും, ഗ്ലാസ്സുകളും, വാഴയിലകളും നൽകിവരുന്നു. ഡിസ്പോസിബൾ ഗ്ലാസ്സ്, പ്ലേറ്റ് എന്നിവയുടെ ഉപയോഗം പൂർണ്ണമായും തടയാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു.

ഗ്രാമപഞ്ചായത്ത് 36 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിത കർമ്മസേന രൂപീകരിച്ച് പ്ലാസ്റ്റിക് ശേഖരണം നടത്തി വരുന്നത്, 36 വനിതകൾക്ക് 3000–4000 രൂപയും ഇതിനു പുറമെ ആഘോഷ വേളകൾക്ക് വാഴയില നൽകുന്നത് വഴി മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്തുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചു.

### തോടഴക് പുഴയഴക്

പഞ്ചായത്തിലെ പുഴകളിലും തോടുകളിലും പുഴ നടത്തം നടത്തി വട്ടത്തോണികൾ സംഘടിപ്പിച്ച് വർഷത്തിൽ രണ്ട് തവണ 100 കണക്കിന് ആളുകളെ അണിനിരത്തി ജനകീയമായി മാലിന്യങ്ങൾ നീക്കം ചെയ്തുവരുന്നു.

### 3. ജൈവവള നിർമ്മാണ യൂണിറ്റ്

കാർഷിക മേഖലയിൽക്കൂടി പുത്തനുണർവ്വുണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടി പഞ്ചാ



യത്തിലെ വ്യാപാര സ്ഥാപനങ്ങളിലെയും മറ്റും ജൈവാവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി പഞ്ചായത്ത് ഒരു ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും 'പായം ജൈവ' എന്ന പേരിൽ സ്വന്തം ജൈവ വളം മാർക്കറ്റിൽ ഇറക്കുന്നതിനും സാധിച്ചു.

ജൈവവള നിർമ്മാണ യൂണിറ്റിന് 900 കി.ഗ്രാം കപ്പാസിറ്റി ഉണ്ട്. രണ്ട് മാസത്തിലൊരിക്കൽ 700 കി.ഗ്രാം വളം ഉൽപാദിപ്പിക്കുന്നുണ്ട്. പ്രതിവർഷം 42000 കി.ഗ്രാം വളം ഉൽപാദിപ്പിച്ച് വിൽക്കുന്നതിന് നമ്മുടെ ജൈവവള നിർമ്മാണ യൂണിറ്റിന് സാധിക്കുന്നുണ്ട്. ഇങ്ങനെ കി.ഗ്രാമിന് 25 രൂപ നിരക്കിൽ ഒരു വർഷം 105000 രൂപ വരുമാനം ലഭിക്കുന്നതിന് സാധിക്കുന്നുണ്ട്.

## സ്റ്റുഡന്റ് ഡോക്ടർ

സ്റ്റുഡന്റ് പോലീസ് മാതൃകയിൽ സംസ്ഥാനത്തെ ആദ്യത്തെ സ്റ്റുഡന്റ് ഡോക്ടർമാർ പായം പഞ്ചായത്തിന് സ്വന്തം. പഞ്ചായത്തിലെ 11 വിദ്യാലയങ്ങളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 101 വിദ്യാർത്ഥികൾക്ക് നാഷണൽ ഹെൽത്ത് മിഷന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് വള്ളിത്തോട് എഫ്.എച്ച്.സി നേതൃത്വത്തിലാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തിയത്. പരിശീലനത്തിന് ശേഷം 101 സ്റ്റുഡന്റ് ഡോക്ടർമാരെ കേരള ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ ശൈലജ ടീച്ചർ ബാഡ്ജ് നൽകി കർമ്മ രംഗത്തിറക്കി. ഈ സ്റ്റുഡന്റ് ഡോക്ടർമാർ മുഖേന വിദ്യാലയങ്ങളിലും ഗൃഹസന്ദർശനം നടത്തി വീടുകളിലും മാലിന്യങ്ങൾ സംസ്കരിക്കേണ്ട പ്രാധാന്യവും പ്ലാസ്റ്റിക് വരുത്തി വെയ്ക്കുന്ന ദുര



ന്തങ്ങളും കുട്ടി ഡോക്ടർമാർ വിശദീകരിച്ചു. 2019 ലെ പ്രളയത്തിന് ശേഷം വെള്ളം കയറിയ വീടുകളിലെ കിണറുകൾ ക്ലോറിനേഷൻ നടത്തുന്നതിനും പരിസര ശുചീകരണത്തിനും കുട്ടി ഡോക്ടർമാർ സജീവമായി രംഗത്തിറങ്ങി. നൂതന പദ്ധതിയെന്ന നിലയിൽ സ്റ്റുഡന്റ് ഡോക്ടറെ രംഗത്തിറക്കിയതിന് ജില്ലാ കലക്ടറുടെ പ്രത്യേക പുരസ്കാരം പായം ഗ്രാമപഞ്ചായത്തിന് ലഭിച്ചു.



# പരിയാരം ഹരിതയോരം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ അസംബ്ളി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പരിയാരം ഗ്രാമപഞ്ചായത്ത്പ്രദേശം 54.77 ച.കി.മീ വിസ്തൃതിയിൽ 18 വാർഡുകളിലായി കുപ്പം പുഴയുടെ ഇരുകരയിലുമായി സ്ഥിതിചെയ്യുന്നു. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യ 33011 ആണ്. (2019 നടത്തിയ പ്രാദേശിക കണക്കെടുപ്പിൽ ഇത് 42000 കടന്നിട്ടുണ്ട്.) ആകെയുള്ള 11073 വാസഗൃഹങ്ങളിൽ 10360 എണ്ണത്തിൽ മാത്രമാണ് ആൾ താമസമുള്ളത്. സർക്കാർ, അർദ്ധസർക്കാർ, സഹകണസ്ഥാപനങ്ങൾ എന്നിവ കൂടാതെ ഒട്ടേറെ വ്യവസായ-വാണിജ്യ കെട്ടിടങ്ങളും ഈ പ്രദേശത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നു. 657 വാണിജ്യകെട്ടിടങ്ങളും 35 ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങളും 15 സ്കൂളുകളും (3 സ്വകാര്യസ്ഥാപനങ്ങളടക്കം) 33 അങ്കണവാടികളും രണ്ട് കോളേജുകളും ഒരു തൊഴിൽ പരിശീലനകേന്ദ്രവുമുൾപ്പെടെ 743 ഗാർഹികേതര കെട്ടിടങ്ങളും ഉണ്ട്. പ്രതിദിനം 430 കിലോഗ്രാം ജൈവമാലിന്യവും 83 കിലോ ഗ്രാം അജൈവ മാലിന്യവും രൂപപ്പെടുന്നതായി 2017 ൽ ആഗസ്റ്റിൽ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന കാമ്പയിനിന്റെ ഭാഗമായി നടത്തിയ സർവേയിൽ കണ്ടെത്തിയിട്ടുണ്ട്.

## മാലിന്യസംസ്കരണ മേഖലയിലെ ഇടപെടൽ

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന പ്രഖ്യാപിത നയം അടിസ്ഥാനപ്പെടുത്തി ഉറവിട മാലിന്യസംസ്കരണം



വഴി ജൈവമാലിന്യപരിപാലനം ഫലപ്രദമായി നടക്കുന്നുണ്ട്. 564 നാനോ ക്ളസ്റ്ററുകൾ വഴി ബോധവത്കരണ, ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. 3830 പൈപ്പ് കമ്പോസ്റ്റ്, 4800 ബയോബിൻ, 360 റിംഗ് കമ്പോസ്റ്റ്, 20 മണ്ണിര കമ്പോസ്റ്റ് എന്നിവയിലൂടെ 9030 വീടുകളിൽ ഉറവിട മാലിന്യ സൗകര്യമൊരുക്കി. ഈ വർഷം 500 വീടുകൾക്ക് കൂടി റിംഗ് കമ്പോസ്റ്റ് നല്കുന്നതിനും ബാക്കി വീടുകൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കമ്പോസ്റ്റ് പിറ്റ് ഒരുക്കുന്നതിനും പദ്ധതി തയ്യാറാക്കി നടപടി ആരംഭിച്ചിട്ടുണ്ട്. 2019-20 വർഷം തുമ്പൂർമൊഴി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മൂന്ന് ശുചിത്വ കോംപ്ലക്സുകളും ഒരു കമ്മ്യൂണിറ്റി ടോയ്‌ലറ്റും സ്ഥാപിച്ചിട്ടുണ്ട്.

### ഹരിതകർമ്മ സേന

2018 ജനുവരിയിൽ 10 പേരടങ്ങുന്ന ഹരിതകർമ്മസേന പ്രവർത്തനമാരംഭിച്ചു. 2018 ഡിസംബറോടെ അംഗസംഖ്യ 20 ആയി ഉയർത്തി. 9500 നും 10000 നും ഇടയിൽ പ്രതിമാസ വേതനം ഉറപ്പാക്കിയിട്ടുണ്ട്. ഓഫീസ്, യൂണിഫോം, ഉപകരണങ്ങൾ എന്നിവ കൂടാതെ ഈ വർഷം മുതൽ ഇൻഷുറൻസ് പരിരക്ഷക്കുള്ള നടപടികൾകൂടി ആരംഭിച്ചിട്ടുണ്ട്. 'നെല്ലിക്ക' എന്ന മൊബൈൽ ആപ് ഉപയോഗിച്ച് ക്യൂ.ആർ.കോഡ് വഴി കലക്ഷൻ ഫീസ് ഈടാക്കൽ എന്നിവ ശാസ്ത്രീയമായി നടപ്പിലാക്കി. പ്രതിമാസം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ, ഗ്ലാസുകൾ എന്നിവ വിവിധ ചടങ്ങുകൾക്ക് വിതരണം ചെയ്ത് ഹരിതചട്ടം ഉറപ്പുവരുത്തുന്നു. 40 രൂപ വീടുകൾക്ക്, 50-100 രൂപ സ്ഥാപനങ്ങൾക്ക് എന്നിങ്ങനെയാണ് യൂസർഫീ ഈടാക്കുന്നത്. 70% വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ലഭിക്കുന്നുണ്ട്. വാഹനവാടകയായി പ്രതിമാസം 50000 രൂപ ചെലവഴിക്കുന്നു. ഒരുമാസം മൂന്ന് ലക്ഷം രൂപ യൂസർഫീയായി ലഭിക്കുന്നുണ്ട്. നിലവിലുള്ള എം.സി.എഫ്നു പുറമെ രണ്ട്

നാളികേര മാലിന്യത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ചകിരിനൂൽ കൂടാതെ ചകിരിച്ചോർ ജൈവ മാലിന്യങ്ങളും മറ്റുമുപയോഗിച്ച് ജൈവവളം നിർമ്മിക്കുന്നു. പഞ്ചായത്തിലെ എല്ലാ വർഡുകളിലും കാർഷികപദ്ധതി മുഖേന ജൈവവളം വിതരണം ചെയ്യുന്നത് ഈ യൂണിറ്റാണ്. ഉപയോഗശൂന്യമായ സാരി മുതലായ തുണികളുപയോഗിച്ച് സമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി തുണിസഞ്ചി നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റ് മറ്റൊരു മാതൃകാസംരഭമാണ്. അഞ്ച് പേരടങ്ങുന്ന യൂണിറ്റ് നിർമ്മിക്കുന്ന വിവിധ തരത്തിലുള്ള സഞ്ചികൾ തളിപ്പറമ്പ മുതലായ നഗരങ്ങളിലെ വ്യാപാര സ്ഥാപനങ്ങളിലടക്കം ധാരാളമായി വിതരണം ചെയ്യുന്നു.

എം.സി.എഫ് കളുടെ പ്രവർത്തനം ഈ വർഷത്തോടെ ആരംഭിക്കും. ആർ.ആർ.എഫ് പൊടിക്കുന്ന പ്ളാസ്റ്റിക് നാല് കി.മീ. റോഡ് ടാറിംഗിനായി ഇതിനോടകം തന്നെ ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ട്.

നാളികേര മാലിന്യത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ചകിരിനൂൽ കൂടാതെ ചകിരിച്ചോർ ജൈവമാലിന്യങ്ങളും മറ്റുമുപയോഗിച്ച് ജൈവവളം നിർമ്മിക്കുന്നു. പഞ്ചായത്തിലെ എല്ലാ വർഡുകളിലും കാർഷികപദ്ധതി മുഖേന ജൈവവളം വിതരണം ചെയ്യുന്നത് ഈ യൂണിറ്റാണ്. ഉപയോഗ ശൂന്യമായ സാരി മുതലായ തുണികളുപയോഗിച്ച് സമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി തുണിസഞ്ചി നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റ് മറ്റൊരു മാതൃകാ സംരഭമാണ്. അഞ്ച് പേരടങ്ങുന്ന യൂണിറ്റ് നിർമ്മിക്കുന്ന വിവിധ തരത്തിലുള്ള സഞ്ചികൾ തളിപ്പറമ്പ മുതലായ നഗരങ്ങളിലെ വ്യാപാര സ്ഥാപനങ്ങളിലടക്കം ധാരാളമായി വിതരണം ചെയ്യുന്നു.



കഴിഞ്ഞ ഒരു വർഷത്തിലധികമായി മാലിന്യനിക്ഷേപത്തിനെതിരെ 17 നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കേസ് പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ 43500 രൂപ പിഴയിനത്തിൽ ഈടാക്കി. ഫ്ളക്സ് ബോർഡുകൾ, ഹോർഡിങ്സുകൾ എന്നിവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു. 2500 രൂപ പിഴയും ഈടാക്കിയിട്ടുണ്ട്.

## പ്രചരണവും മോണിട്ടറിംഗ് സംവിധാനവും

ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകൾ, ഫ്ളക്സുകൾ എന്നിവ ഹരിത നഴ്സറികൾക്കു പയുക്തമാക്കി. ജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഗ്രാമസഭകൾ കൂടാതെ കൂട്ടയോട്ടം, സംഗീതശില്പം, ശുചിത്വജാഥ, ലഘുലേഖ, നോട്ടീസ്, ബോർഡുകൾ എന്നിവ പ്രയോജനപ്പെടുത്തി. പ്ലാസ്റ്റിക്, ഖര-ദ്രവ-ഇ-മാലിന്യപരിപാലന നിയമാവലി പാസ്സാക്കി. എല്ലാ ഓഫീസുകളിലും പൊതു-സ്വകാര്യ ചടങ്ങുകളിലും ഹരിതചട്ടം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി. വാർഡ്തല ശുചിത്വ സമിതികൾ, വാർഡ്തല വിജിലൻസ് ടീമുകൾ എന്നിവ ശുചിത്വ പ്രവർത്തനങ്ങൾ നിരന്തരം മോണിറ്റർ ചെയ്യുന്നു. കൂടാതെ ഹരിതമിഷൻ പഞ്ചായത്ത് തല യോഗങ്ങളും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ഹരിതചട്ടങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനായി സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ഉള്ള ജനവിഭാഗങ്ങൾ/പ്രതിനിധികൾ എന്നിവരുടെ യോഗം രണ്ടു പ്രാവശ്യം പഞ്ചായത്ത് തലത്തിലും വാർഡുകളിൽ ഗ്രാമസഭ, ക്ലസ്റ്റർ, ശുചിത്വസമിതി വഴിയും നടത്തി ബോധവത്കരണം നൽകി. പ്ലാസ്റ്റിക് ഖര, ദ്രവ, ഇ-മാലിന്യ പരിപാലന നിയമാവലി രൂപീകരിച്ചു.

പൊതു-സ്വകാര്യ ചടങ്ങുകളിൽ പഞ്ചായത്ത് മെമ്പർമാർ, വിജിലെൻസ് ടീം, ശുചിത്വസമിതി, ഹരിത കർമ്മസേന എന്നിവ വഴി ഹരിതചട്ടം നിർബന്ധമാക്കി. ലംഘിക്കുന്നവർക്ക് നോട്ടീസ് നൽകുകയും പിഴ ഈടാക്കുകയും ചെയ്തു.

സ്ഥാപന മേധാവികളുടെ യോഗങ്ങൾ ചേർന്ന് ഹരിത നിയമാവലി നടപ്പിലാക്കേണ്ടതിന്റെയും പ്രചരിപ്പിക്കേണ്ടതിന്റെയും ആവശ്യകത ആദ്യം തന്നെ വ്യക്തമാക്കി. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേകം ബിന്നുകൾ (ഖര/ദ്രവ മാലിന്യങ്ങൾക്ക് പ്രത്യേകം) സ്ഥാപിച്ചു. സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ബോട്ടിലുകൾ, മഷിപ്പേനകൾ എന്നിവ നിർബന്ധമാക്കി. ബോർഡുകൾ സ്റ്റിക്കറുകൾ എന്നിവ സംഘടിപ്പിച്ചു.

## ജൈവ വള നിർമാണം വിതരണം

കഴിഞ്ഞ രണ്ട് വർഷത്തോളമായി മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്ന ചകിരി സംസ്കരണ യൂണിറ്റ്, ചകിരിച്ചോറ് മുതലായ ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് പ്രതിവർഷം ശരാശരി 39 ടൺ ജൈവവളം നിർമിച്ച് ഗ്രാമപഞ്ചായത്തിലെ രണ്ട് സഹകരണ ബാങ്കുകൾ വഴി (നേരിട്ടും) പഞ്ചായത്തിലെ വാർഷിക പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കിലോഗ്രാമിന് 11 രൂപ നിര



ക്കിൽ കാർഷിക കർമസേന പ്രതിവർഷം ശരാശരി നാല് ടൺ ജൈവവളം ഉല്പാദിപ്പിക്കുന്നു. ആയതിൽ മൂന്ന് ടൺ സ്വന്തം ആവശ്യത്തിനുപയോഗിക്കും (നഴ്സറി, കൃഷി) ഒരു ടൺ ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ സഹകരണ രംഗത്തു പ്രവർത്തിക്കുന്ന ചകിരി സഹകരണ സംഘം പ്രതിവർഷം 50 ടണ്ണോളം ജൈവവളം നിർമിച്ച് നേരിട്ട് കർഷകർക്ക് വിതരണം ചെയ്തുവരുന്നു

## പാതയോരം ഹരിതയോരം

ആയിരക്കണക്കിന് പൊതുജനങ്ങളെ അണിനിരത്തി 9.1 കിലോ മീറ്റർ കുപ്പം പാലം മുതൽ പരിയാരം വരെ മാലിന്യ മുക്തമാക്കി മാറ്റി. പ്രധാനമായും മാലിന്യം വലിച്ചെറിയുന്ന കേന്ദ്രങ്ങൾ സിസി ടിവി കാമറയുടെ നിരീക്ഷണത്തിൻ കീഴിൽ കൊണ്ടുവന്നു. ഇതിനാവശ്യമായ സിസി ടിവി സ്പോൺസറിങ്ങിലൂടെ സമാഹരിച്ചു. പാതയോര പൂന്തോട്ടം, ഇരിപ്പിടങ്ങൾ, ബോട്ടിൽ ബൂത്തുകൾ, ബയോബിന്നുകൾ എന്നിവയും സ്പോൺസറിങ്ങിലൂടെ സമാഹരിച്ച് പാതയിലെ വിവിധ ഇടങ്ങളിൽ സ്ഥാപിച്ചു.



## ശുചിത്വ സംരംഭങ്ങൾ, സ്ഥിരവരുമാനം

- ശുചിത്വ സംരംഭങ്ങൾ-തുണിസഞ്ചി നിർമ്മാണം, ചകിരി നിർമ്മാണം, ജൈവവള നിർമ്മാണം, പാത്രങ്ങൾ, ഗ്ലാസുകൾ വിതരണം, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയിലൂടെ 45 കുടുംബങ്ങൾക്ക് സ്ഥിര വരുമാനം
- ഹരിതനിയമാവലി, ഹരിത ഓഫീസുകൾ
- പ്ലാസ്റ്റിക്, ഖര, ദ്രവ, ഇ-മാലിന്യ പരിപാലന നിയമാവലി പാസ്സാക്കി.
- പൊതുപരിപാടികളിൽ, സ്വകാര്യചടങ്ങുകളിൽ ഹരിതചട്ടം നിർബന്ധം
- സ്കൂളുകൾ, ഓഫീസുകൾ എന്നിവയിൽ ശുചിത്വസംവിധാനങ്ങൾ/ബിന്നുകൾ, 'ഗ്രീൻ' സ്ഥാപനങ്ങൾ



# ഉദയഗിരി ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിന്റെ കിഴക്ക് ഭാഗത്ത് കർണാടക സംസ്ഥാന അതിർത്തിയിൽ കുടക് മലനിരകളോട് ചേർന്ന് കിടക്കുന്ന ഒരു മലയോര ഗ്രാമപഞ്ചായത്താണ് ഉദയഗിരി. 51.84 ച.കി.മീ വിസ്തൃതിയും 21432 ജനസംഖ്യയുമുള്ള പഞ്ചായത്തിൽ 15 വാർഡുകളാണുള്ളത്. 16 കോളനികളിലായി 532 എസ്.ടി കുടുംബങ്ങളും 45 എസ്.സി കുടുംബങ്ങളും ഉണ്ട്. ആകെ 6230 വീടുകളും 250 കച്ചവടസ്ഥാപനങ്ങളുമുള്ള ഈ പഞ്ചായത്തിൽ കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന ജനവിഭാഗമാണ് ഭൂരിഭാഗവും. പ്രതിദിനം രണ്ടര ടൺ അജൈവ മാലിന്യവും 12 ടൺ ജൈവ മാലിന്യവും രൂപപ്പെടുന്നതായി 2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിനിന്റെ ഭാഗമായുള്ള സർവേയിലൂടെ കണ്ടെത്തിയിട്ടുണ്ട്.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേകം പരിശീലനം ലഭിച്ച 15 അംഗ ഹരിതകർമ്മസേന പ്രവർത്തകർ മാസത്തിൽ ഒരു പ്രാവശ്യം എന്ന തോതിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള വസ്തുകൾ ശേഖരിക്കുകയും ആയത് എം.സി.എഫ് കേന്ദ്രത്തിൽ എത്തിക്കുകയും അവിടെനിന്ന് തരംതിരിച്ച് വിവിധ ഏജൻസികൾക്ക് കൈമാറുകയും ചെയ്യുന്നു ഇതിലൂടെ പ്രതിമാസം 1500 രൂപ ഹരിത കർമസേനയ്ക്ക് വരുമാനം ലഭിക്കുന്നു



ശുചിത്വ ആരോഗ്യ ബോധവത്ക രണം കുട്ടികളിലുടെ വരുന്ന തലമുറയെ പൂർണ്ണമായും പ്ലാസ്റ്റിക് ബഹിഷ്ക്കുന്നതിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യ ത്തോടുകൂടി ലിറ്റിൽ ഹെൽത്ത് മാസ്റ്റർ പദ്ധതി നടപ്പിലാക്കി. കുടുംബശ്രീകളിലൂടെ തെരഞ്ഞ ടുത്ത കുട്ടികളെ പരിശീലനത്തി ലൂടെ ലിറ്റിൽ ഹെൽത്ത് മാസ്റ്റർ ആക്കുന്നതായിരുന്നു പരിപാടി. ശുചിത്വം, ആരോഗ്യം, പകർച്ച വ്യാധി പ്രതിരോധം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്ക് സമഗ്ര പരിശീലനം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വെച്ച് നടപ്പിലാക്കി. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉപയോഗ ശൂന്യമായ പേനകൾ നിക്ഷേപി ക്കുന്നതിനായി പെൻ ബൂത്തു കൾ സ്ഥാപിക്കുകയും ചെയ്തു. മഷിക്കുപ്പിയും മഷിപ്പേനയും പ രിപാടിയിലൂടെ സ്കൂൾ വിദ്യാർ ത്ഥികളുടെ ഉപയോഗശേഷമു ള്ള വലിച്ചെറിയലിന് എതിരെ സന്ദേശം പകരാൻ കഴിഞ്ഞു.

ണ്ട്. വീടുകളിൽ നിന്ന് 30 രൂപയും കടക ളിൽ നിന്ന് 50 രൂപയും യൂസർ ഫീസ് പ്രതി മാസം സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 5000 രൂപ ലഭിച്ചിരുന്നത് ഇപ്പോൾ 6000 രൂപയോ ളം പ്രതിമാസ വരുമാനം ലഭിച്ചുവരുന്നു. വ രുമാന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കാറ്റ റിംഗ് സേവനങ്ങൾക്കൊപ്പം സ്റ്റീൽ പാത്രം, ഗ്ലാസ് എന്നിവ വാടകയ്ക്ക് നൽകുകയും ചെ യ്തുവരുന്നു. 6182 വീടുകളിലും 238 സ്ഥാപ നങ്ങളിലും ഹരിത കർമ്മസേന മാലിന്യ ശേ ഖരണം നടത്തുന്നു. 68 വീടികളും 9 സ്ഥാ പനങ്ങളും കൂടി ഹരിതകർമ്മസേനയുടെ സേ വനം പ്രയോജനപ്പെടുത്താൻ ബാക്കിയുണ്ട്.

വീടുകളിൽ തന്നെ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തിയതുവഴി മാലിന്യം പുഴയിലേക്കും അരുവിയിലേക്കും ഓടയിലേ ക്കും നിക്ഷേപിക്കുന്നത് തടയാൻ സാധിച്ചു.



ശുചിത്വത്തിന്റെ ഭാഗമായി ഉദയഗിരിയിലെ ഭൂരിഭാഗം വീടുകളിലും ഏതെങ്കിലും ഒരു ക മ്പോസ്റ്റ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, കു ഴികമ്പോസ്റ്റ് തുടങ്ങിയ ഏതെങ്കിലും ഒരു മാർ ഗ്ഗത്തിലൂടെ ജൈവ മാലിന്യങ്ങളുടെ സംസ്കരണം നടക്കുന്നു. പഞ്ചായത്തിലെ 5400 വീ ടുകളിലും 220 സ്ഥാപനങ്ങളിലും ജൈവ മാ ലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനു ള്ള ഉപാധികൾ സ്ഥാപിച്ചു. 850 വീടുകളി ലും 27 സ്ഥാപനങ്ങളിലും ജൈവ മാലിന്യം



ഉറവിടത്തിൽ സംസ്കരിക്കാനുള്ള ഉപാധികൾ ഈ വർഷം തന്നെ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഉദയഗിരിയിലെ എല്ലാ പ്രധാന ടൗണുകളിലും പൊതു ശൗചാലയങ്ങൾ നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു. ടൗണുകളിലെ വ്യാപാരികൾ, ചുമട്ടുതൊഴിലാളികൾ, ടാക്സി ഡ്രൈവേഴ്സ് എന്നിവരടങ്ങിയ കമ്മറ്റിക്കാണ് പരിപാലന ചുമതല.

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ബോട്ടിൽ ബൂത്തുകൾ എല്ലാ ടൗണുകളിലും സ്ഥാപിച്ചിട്ടുള്ളത്. ഉപയോഗശേഷം വലിച്ചെറിയാതെ പ്ലാസ്റ്റിക് ബോട്ടിലുകൾ ടൗണുകളിൽ സ്ഥാപിച്ചിട്ടുള്ള ബൂത്തുകളിൽ നിക്ഷേപിക്കുന്നു.

ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി 'ഇമേജ്' സംവിധാനത്തിലൂടെ സംസ്കരണ പ്രക്രിയയിലേക്ക് എത്തിക്കുന്നു.

പുഴകളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2018 ഒക്ടോബർ 2-ന് 1200 ഓളം ആളുകൾ പുഴശുചീകരണ യജ്ഞം നടത്തുകയുണ്ടായി.

ആരോഗ്യ വകുപ്പിന്റേയും പഞ്ചായത്തിന്റേയും നേതൃത്വത്തിൽ എല്ലാ മാസവും എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തുകയും 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾ പിടിച്ചെടുക്കുകയും സ്ഥാപന ഉടമകളിൽ നിന്ന് 48000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## സവിശേഷ ഇടപെടലുകൾ

ശുചിത്വ ആരോഗ്യ ബോധവത്കരണം കുട്ടികളിലൂടെ വരുന്ന തലമുറയെ പൂർണ്ണമായും പ്ലാസ്റ്റിക് ബഹിഷ്ക്കുന്നതിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ലിറ്റിൽ ഹെൽത്ത് മാസ്റ്റർ പദ്ധതി നടപ്പിലാക്കി. കുടുംബശ്രീകളിലൂടെ തെരഞ്ഞെടുത്ത കുട്ടികളെ പരിശീലനത്തിലൂടെ ലിറ്റിൽ ഹെൽത്ത് മാസ്റ്റർ ആക്കുന്നതായിരുന്നു പരിപാടി. ശുചിത്വം, ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്ക് സമഗ്ര പരിശീലനം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വെച്ച് നടപ്പിലാക്കി. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉപയോഗ ശൂന്യമായ പേനകൾ നിക്ഷേപിക്കുന്നതിനായി പെൻ ബൂത്തുകൾ സ്ഥാപിക്കുകയും ചെയ്തു. മഷിക്കുപ്പിയും മഷിപ്പേനയും പരിപാടിയിലൂടെ സ്കൂൾ വിദ്യാർത്ഥികളുടെ ഉപയോഗശേഷമുള്ള വലിച്ചെറിയലിന് എതിരെ സന്ദേശം പകരാൻ കഴിഞ്ഞു. ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ കുട്ടികൾ പേപ്പർകൊണ്ട് പേനകൾ നിർമ്മിച്ച് ഉപയോഗിക്കുന്നു.

## വെല്ലുവിളികൾ അതിജീവന മാർഗങ്ങൾ

പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നതായിരുന്നു പ്രധാന വെല്ലുവിളി. ഇതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ഹരിതസഭ. ആദ്യം വാർഡ് തലത്തിൽ ശുചിത്വ മീറ്റിംഗ് കൂടുകയും ആ വാർഡിനെ 50 വീടുകളടങ്ങുന്ന നാലോ അഞ്ചോ ക്ലസ്റ്ററുകളാക്കി തിരിച്ച ഓരോ ക്ലസ്റ്ററിലേയും എല്ലാ കുടുംബങ്ങളേയും പങ്കെടുപ്പിച്ച് പ്രത്യേകം പ്രത്യേകം മീറ്റിംഗുകൾ നടത്തുകയും ജലസംരക്ഷണ പ്രവർത്തനങ്ങളും ശുചിത്വ മാലിന്യ സംസ്കരണ രീതികളും ജൈവകൃഷിയുടെ പ്രാധാന്യവും എല്ലാം വിശദീകരിക്കുകയും അവ നടപ്പാക്കാൻ ഓരോ ക്ലസ്റ്ററിനും കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

എല്ലാ കുടുംബങ്ങൾക്കും വിതരണം ചെയ്ത തുണിസഞ്ചി ഉപയോഗിക്കുന്നതിലൂടെ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കാൻ കഴിഞ്ഞു. വിവാഹം, ആഘോഷം, മറ്റ് പൊതു ചടങ്ങുകൾ എന്നിവയ്ക്ക് സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും





ഉപയോഗിക്കുന്നതിലൂടെ പേപ്പർ പ്ലേറ്റ്, ഗ്ലാസ് എന്നിവയുടെ ഉപയോഗം കുറയ്ക്കുവാൻ സാധിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുകയും കുളത്തിൽ വിരിക്കുവാനുള്ള പടുത ഗുണഭോക്താവും ഗ്രാമപഞ്ചായത്തും സംയുക്തമായി വാങ്ങുകയും മീൻ കുഞ്ഞുങ്ങളെ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുഖേന വിതരണം ചെയ്യുകയും ചെയ്യുന്നു. 2018-19 വർഷം ഇത്തരത്തിൽ 58 കുളം നിർമ്മിച്ച് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് കഴിഞ്ഞു. ഭക്ഷ്യാവശിഷ്ടങ്ങളും, കോഴികടകളിൽ നിന്നുള്ള മാലിന്യങ്ങൾ മീൻകുഞ്ഞുങ്ങൾക്ക് തീറ്റയായി നൽകുന്നു. പച്ചക്കറി, ഹോട്ടൽ മാലിന്യങ്ങൾ എന്നിവ പന്നി ഫാമുകൾ തീറ്റയായി ഉപയോഗിക്കുന്നു.

പഞ്ചായത്തിലെ എല്ലാസ്ഥാപനങ്ങളും സ്കൂളുകളും ഹരിതപെരുമാറ്റച്ചട്ടം അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. നിയമലംഘനം നടത്തിയ 21 പേർക്ക് 33,000 രൂപ പിഴ ചുമത്തി.




# ഹരിത സഭയിലൂടെ ശുചിത്വ മികവിലേക്ക്

കൊല്ലം ജില്ലയിലെ ചാത്തന്നൂർ മണ്ഡലത്തിന്റെ തെക്കു പടിഞ്ഞാറേയറ്റത്ത് ഇടവ നടയറ കായലിനോട് ചേർന്ന് കിടക്കുന്ന ഒരു ഗ്രാമപ്രദേശമാണ് പൂതക്കുളം ഗ്രാമപഞ്ചായത്ത്. 'പൂതം' എന്നാൽ പരിശുദ്ധം എന്നാണർത്ഥം. അതിനാൽ പരിശുദ്ധമായ പ്രദേശം എന്ന അർത്ഥത്തിലും പൂതക്കുളം അറിയപ്പെടുന്നു. ഒരു വശത്ത് കുഞ്ഞോളങ്ങൾ കളിയാടുന്ന കായൽ തീരങ്ങളുള്ള ഈ പ്രദേശം വയലേലകളാൽ അനുഗ്രഹീതമാണ്. മണ്ണിനെ സ്നേഹിച്ചിരുന്ന പൂർവികരുടെ ആത്മവീര്യം പുതുതലമുറയും കാത്തുസൂക്ഷിക്കുന്നു. 1953 ആഗസ്റ്റ് 1 നാണ് പൂതക്കുളം ഗ്രാമപഞ്ചായത്ത് രൂപീകൃതമാകുന്നത്. 16.56 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഭൂപ്രദേശത്ത് 9263 വീടുകളിലായി 29447 പേർ അതിവസിക്കുന്നു. കൃഷി, ക്ഷീരോത്പാദനം എന്നിവയാണ് പൂതക്കുളം ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗങ്ങൾ. ഒരു മാസം രണ്ട് ടൺ മാലിന്യം ഉല്പ്പാദിക്കപ്പെടുന്നു.

## മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ

ഖരമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിലും ഘടകസ്ഥാപനങ്ങളിലും തുമ്പൂർമുഴി പ്ലാന്റ് സ്ഥാപിച്ചു. 806347 രൂപയാണ് ചെലവഴിച്ചത്. സ്ഥാപനങ്ങളിലേയും പരിസരപ്രദേശങ്ങളിലെ വീടുകളിൽ നിന്നും ശേഖരിക്കുന്നതുമായ മാലിന്യങ്ങൾ ഈ പ്ലാന്റുകളിൽ സംസ്കരിക്കുന്നു. വളം കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.



വീടുകളിൽ ജൈവമാലിന്യ സംസ്കരണത്തിനായി 270 ബയോഗ്യാസ് പ്ലാന്റ് 1220 ബയോബിന്നുകൾ, എന്നിവ വിതരണം ചെയ്തു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2900 കമ്പോസ്റ്റ് പിറ്റുകൾ, കൂടാതെ 7000ത്തോളം വീടുകളിൽ സോക്ക് പിറ്റ് എന്നിവ നിർമ്മിച്ച് നൽകി.

അജൈവമാലിന്യം ശരിയായി സംസ്കരിക്കണം എന്ന സദുദ്ദേശത്തോടെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ 2017 ഒക്ടോബർ 30ന് ഹരിതകർമസേനയ്ക്ക് രൂപം നല്കി. ഒരു വാർഡിൽ നിന്നും രണ്ട് പേർ വീതം 36 പേരടങ്ങുന്ന ഹരിതകർമസേനയ്ക്കാണ് രൂപം നൽകിത്. ഇതുവരെ 52 ടൺ അജൈവമാലിന്യം ശേഖരിച്ചു.



ഹരിതകർമസേന വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യം എം.സി.എഫിൽ എത്തിക്കുന്നു. എം.സി.എഫിൽ എത്തിക്കുന്നതിന് പൂതക്കുളം ഗ്രാമപഞ്ചായത്ത് കുടുംബശ്രീക്ക് മിനിട്രക്ക് ഉണ്ട്. വനിതാ ഡ്രൈവറാണ് ട്രക്കിന്റെ സാരഥി. വീടുകളിൽ നിന്ന് 50 രൂപയും വാണിജ്യസ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ശേഖരിക്കുന്നു. 5000ത്തോളം വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിക്കുന്നുണ്ട്. യൂസർഫീ വേതനമായി സേനാംഗങ്ങൾക്ക് നല്കുന്നു. ഓരോ ഹരിതകർമസേനാംഗത്തിനും പ്രതിമാസം 5000 രൂപയ്ക്ക് മുകളിൽ യൂസർഫീ ഇനത്തിൽ വരുമാന

നാടുനീളെ കാണപ്പെടുന്ന ഉപയോഗം കഴിഞ്ഞ ഫ്ളക്സ് ബോർഡുകൾ കുടുംബശ്രീ വഴിയും ഹരിതകർമ്മസേന വഴിയും മറ്റ് സന്നദ്ധ പ്രവർത്തകർ വഴിയും ശേഖരിച്ച് അവ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മിക്കുക എന്ന നൂതന ആശയത്തിന് രൂപം നൽകുകയും അത് ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുകയും ചെയ്തു. പ്രകൃതിയ്ക്ക് ഹാനികരമാകുന്ന ഫളെക്സിനെ കാർഷിക ഉപയോഗത്തിനു ഉപയുക്തമാക്കി മാറ്റാൻ ഇതു വഴി കഴിഞ്ഞു.

ഹരിതകർമ്മസേനാംഗങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുന്ന ഉപയോഗം കഴിഞ്ഞ തുണികളും വസ്ത്രങ്ങളും ഉപയോഗിച്ച് കുടുംബശ്രീ തയ്യൽ യൂണിറ്റുകളുടെയും, ഹരിതകർമ്മ സേനാംഗങ്ങളുടെയും സഹായത്തോടെ പലതരം തുണിസഞ്ചികൾ നിർമ്മിച്ച് കുറഞ്ഞ തുകയ്ക്ക് കടകളിലും വീടുകളിലും വിപണനം ചെയ്തു വരുന്നു.





മായി ലഭിക്കുന്നു. ഏകദേശം 52 ടണ്ണോളം പ്ലാസ്റ്റിക്ക് ശേഖരിച്ച് സ്ക്രാപ്പ് ഡീലേഴ്സിനും ക്ലീൻ കേരള കമ്പനിക്കുമായി കൈമാറി.

കുടുംബശ്രീ യൂണിറ്റുകൾ വഴി ജൈവ മാലിന്യം ജൈവവളമാക്കി മാറ്റി കർഷകർക്ക് കൈമാറുന്നു. ഹരിതകർമ്മസേനാംഗങ്ങൾവഴി ശേഖരിക്കുന്ന പഴയ വസ്ത്രങ്ങളും തുണികളും ഉപയോഗിച്ച് തുണി ബാഗ് പോലെയുള്ള മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾഉണ്ടാക്കി വിൽപ്പന നടത്തുന്നു.

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ ആളൊഴിഞ്ഞ പുരയിടത്തിൽ രണ്ട് വാഹനങ്ങളിലായി കൊണ്ട് വന്ന മാലിന്യം പിടികൂടുകയും ആയത് നിക്ഷേപിച്ചതിന് വാഹന ഉടമയ്ക്ക് 2000 രൂപ പിഴ ചുമത്തുകയുമുണ്ടായി.

സ്ഥിരമായി മാലിന്യം നിക്ഷേപിക്കുന്നതായി കണ്ടെത്തിയ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനായി പഞ്ചായത്തിൽ മൂന്ന് ഇടങ്ങളിൽ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ആയതിലൂടെ മാലിന്യനിക്ഷേപം ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി വ്യാപാര സ്ഥാപനങ്ങളിൽ സ്ഥിരമാ

യി പരിശോധന നടത്തുകയും പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ പിടിച്ചെടുക്കുകയും ചെയ്യുന്നു. കൂടാതെ പ്ലാസ്റ്റിക്കിന് പകരം തുണി സഞ്ചി, പേപ്പർ മുതലായവ കൊണ്ടുള്ള കവറുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച ബോധവല്ക്കരണം നടത്തുന്നു. ആയവ സംബന്ധിച്ച് നവമാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്ട്സ് ആപ്പ് എന്നിവയിലൂടെ പ്രചാരണം നടത്തുന്നു. ഗ്രീൻ പ്രോട്ടോകോൾ കർശനമായി നടപ്പിലാക്കി വരുന്നു.

## സവിശേഷ ഇടപെടലുകൾ

### ഗ്രോബാഗും, തുണിസഞ്ചിയും

നാടുനീളെ കാണപ്പെടുന്ന ഉപയോഗം കഴിഞ്ഞ ഫ്ളക്സ് ബോർഡുകൾ കുടുംബശ്രീ വഴിയും ഹരിതകർമ്മസേന വഴിയും മറ്റ് സന്നദ്ധ പ്രവർത്തകർ വഴിയും ശേഖരിച്ച് അവ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മിക്കുക എന്ന നൂതന ആശയത്തിന് രൂപം നൽകുകയും അത് ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുകയും ചെയ്തു. പ്രകൃതിയ്ക്ക് ഹാനികരമാകുന്ന ഫ്ളെക്സിനെ കാർഷിക ഉപയോഗത്തിനു ഉപയുക്തമാക്കി മാറ്റാൻ ഇതുവഴി കഴിഞ്ഞു. ഈ പദ്ധതി തുടങ്ങി 6 മാസകാലയളവിൽ തന്നെ 350 ഫ്ളക്സു



## ശുചീകരണത്തിനായി വളയം പിടിക്കുന്ന വളയിട്ട കൈകൾ

കുടുംബശ്രീ സി.ഡി.എസ് പ്രവർത്തകർ പങ്കെടുത്ത റിയാലിറ്റി ഷോയിൽ നിന്നും ലഭിച്ച തുക പൂതക്കുളത്തെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനായ ചാരിതാർത്ഥ്യത്തിലാണ് പൂതക്കുളം ഗ്രാമപഞ്ചായത്ത്. ലഭിച്ച സമ്മാനതുകയിൽ നിന്നും 50% തുക ചെലവഴിച്ച് എ.സി.ഇ. പിക്ക്അപ് വാൻ വാങ്ങിയത് ഹരിതകർമ്മ സേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എളുപ്പത്തിൽ മിനി കളക്ഷൻ സെന്ററിൽ എത്തിക്കുവാൻ സഹായകമായി. കുടുംബശ്രീ പ്രവർത്തകർ തന്നെയാണ് വാഹനത്തിന്റെ സാരഥി. പൂതക്കുളം പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന മറ്റാവശ്യങ്ങൾക്കും പൊതുആവശ്യങ്ങൾക്കും ഈ വാഹനം ഉപയോഗിച്ചുവരുന്നു.



കൾ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മിച്ച് കഴിഞ്ഞു.

ഹരിതകർമ്മസേനാംഗങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുന്ന ഉപയോഗം കഴിഞ്ഞ തുണികളും വസ്ത്രങ്ങളും ഉപയോഗിച്ച് കുടുംബശ്രീ തയ്യൽ യൂണിറ്റുകളുടെയും, ഹരിതകർമ്മ സേനാംഗങ്ങളുടെയും സഹായത്തോടെ പലതരം തുണിസഞ്ചികൾ നിർമ്മിച്ച് കുറഞ്ഞ തുകയ്ക്ക് കടകളിലും വീടുകളിലും വിപണനം ചെയ്തു വരുന്നു. ഇത് പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗം ഒരു പരിധി വരെ തടയാൻ കാരണമായി തീർന്നിട്ടുണ്ട്.

### മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വെല്ലുവിളികളും ഇടപെടലുകളും

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും, ആയത് കത്തിയ്ക്കുകയും വലിച്ചെറിയുകയും ചെയ്യുന്നത് ഒരു വെല്ലുവിളിയാകുന്നുണ്ട്. ആയത് മൂലമുണ്ടാകുന്ന വിപത്തുകളും, നിയമ നടപടികളെ സംബന്ധിച്ച് എല്ലാ വാർഡുകളിലും ബോധവത്കരണ ക്ലാസ്സുക.ൾ നടത്തിയിട്ടുണ്ട്. ഫെയ്സ്ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെ നടത്തിയ പ്രചാരണത്തിന്റെ ഭാഗമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ തുടങ്ങിയവയിൽ നിന്നും ഇതിലേക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ലഭിക്കുന്നുണ്ട്.

'പൂതക്കുളം' എന്ന വാക്കിനെ അന്വർത്ഥമാക്കുന്ന തരത്തിൽ പരിശുദ്ധമായ പ്രദേശം സൃഷ്ടിക്കുന്നതിനും മണ്ണിനെ സ്നേഹിച്ചിരുന്ന പൂർവികരുടെ ആത്മവീര്യം പുതുതലമുറയിലും കാത്ത് സൂക്ഷിക്കുന്നതിനും കേരള സർക്കാരിന്റേയും ഹരിതകേരള മിഷന്റേയും സഹായത്തോടെ പൂതക്കുളം ഗ്രാമപഞ്ചായത്തും ഉണർന്ന് ഒന്നായി പ്രവർത്തിക്കുന്നതിന്റെ ദൃഷ്ടാന്തമാണ് ഈ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ

# ജില്ലകളിൽ നടന്ന
# സവിശേഷ പ്രവർത്തനങ്ങൾ

## മാലിന്യമില്ലാത്ത മംഗല്യം

തൊടുപുഴയ്ക്ക് സമീപം കുമാരമംഗലം കാഞ്ഞിരക്കാട്ട് റിട്ട. കൃഷി ഓഫീസർ കെ.കെ. ശ്രീകുമാറിന്റെയും ഉഷയുടെയും മകൻ ശ്രീജേഷിന്റെ ഹരിതവിവാഹം ശുചിത്വ മാതൃകയായി. ദീർഘകാലം നിലനിൽക്കേണ്ട വിവാഹമെന്ന മംഗളകർമ്മത്തിന്റെ പേരിൽ പ്രകൃതിയെ യാതോരു തരത്തിലും ക്ഷീണിപ്പിക്കില്ലെന്ന ഇരു കുടുംബങ്ങളുടെ നിശ്ചയദാർഢ്യമാണ് സമ്പൂർണ മാലിന്യരഹിത മംഗല്യം യാഥാർഥ്യമാക്കിയത്.
വിവാഹസൽക്കാരവേദി അലങ്കരിക്കാൻ കുരുത്തോലയും മാറാഞ്ചേമ്പിന്റെ ഇലയും കുടപ്പനയുമാണ് ഉപയോഗിച്ചത്. മാറാഞ്ചേമ്പിന്റെ ഇലകളിൽ മനോഹരമായ വർണ്ണച്ചിത്രങ്ങളും ശുചിത്വത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്ന സന്ദേശങ്ങളും കോറിയിരുന്നു. കുടിക്കാൻ പ്ലാസ്റ്റിക് കുപ്പികളിലെ വെള്ളത്തിനു പകരം ചില്ലുഗ്ലാസിൽ നല്ല ചൂട് ചുക്ക് വെള്ളം.ഭക്ഷണം വിളമ്പിയത് പോഴ്സലീൻ പാത്രത്തിൽ. ഭക്ഷണകഴിഞ്ഞ് കഴുകിയ കൈ തുടയ്ക്കാൻ എല്ലാവർക്കും തുണി ത്തുവാലകളും നൽകി. ഐസ്ക്രീമുകൾ സ്റ്റീൽ കപ്പിലായിരുന്നു. കോരിക്കഴിക്കാൻ സ്റ്റീൽ സ്പൂണുകൾ... കൂടാതെ 400 ചില്ല് ഗ്ലാസുകളും 1000 തുണിത്തുവാലകളും വിലയ്ക്കു വാങ്ങിയിരുന്നു.
1500പേരാണ് വധുവരന്മാരെ ആശീർവദിക്കാൻ വീട്ടിലെത്തിയത്. സൽക്കാരശേഷം ഭക്ഷണാവശിഷ്ടം ജൈവ വളമാക്കുന്നതിന് കമ്പോസ്റ്റ് പിറ്റും നിർമ്മിച്ചിരുന്നു. ഇത് ചാണകപ്പൊടിയും മണ്ണും കലർന്ന മിശ്രിതവും കരിയിലകളും ഇട്ടു മൂടിയതോടെ വിവാഹം സമ്പൂർണ്ണ ഹരിതവും സീറോ വേസ്റ്റുമായി. വിവാഹശേഷം ശ്രീകുമാറിന്റെ ചില്ല് ഗ്ലാസുകൾ വീടുകളിൽ നിന്നും വീടുകളിലേയ്ക്ക് കൊണ്ടു പോവുകയാണ്. വിവാഹങ്ങൾക്കും മറ്റ് സൽക്കാരങ്ങൾക്കും സൗജന്യമായാണ് ശ്രീകുമാർ തന്റെ ഗ്ലാസുകൾ നൽകുന്നത്.

## എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണത്തിന് സംവിധാനമൊരുക്കി നെടിയശാല

എല്ലാ വീടുകളിലും ജൈവമാലിന്യ സംസ്കരണത്തിന് പ്രത്യേക സംവിധാനം ഒരുക്കി പുറപ്പുഴ



ഗ്രാമപ്പഞ്ചായത്തിലെ നെടിയശാല ഗ്രാമം. പുതിയൊരു ഗാർഹിക സംസ്കാരമാണ് പുറപ്പുഴ ഗ്രാമപ്പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രാവർത്തികമാക്കിയത്. ജില്ലാ ഹരിതകേരളം മിഷനും ഗാന്ധിജി സ്റ്റഡി സെന്ററും തൊടുപുഴ ലയൺസ് ക്ലബ്ബും ചേർന്നാണ് ഈ പദ്ധതി യാഥാർത്ഥ്യമാക്കിയത്.

ഹരിതകേരളം വിഭാവനം ചെയ്യുന്ന സമ്പൂർണ്ണ ഹരിതഗ്രാമമാകുന്നതിന് തയ്യാറെടുക്കുന്നതിന്റെ ഭാഗമായാണ് നെടിയശാലയുടെ ഈ തയ്യാറെടുപ്പ്. വാർഡിലെ 235 കുടുംബങ്ങൾക്കും അവരുടെ ജൈവമാലിന്യങ്ങൾ ഏറ്റവും സുരക്ഷിതമായി സംസ്കരിക്കുന്നതിനും അവ നല്ല വളമാക്കുന്നതിനും 2000 രൂപ വിലയുള്ള ബയോ ഡൈജസ്റ്റർ പോട്ടുകളാണ് നൽകിയത്.വീടിനുള്ളിൽത്തന്നെ സ്ഥാപിച്ച് ചെറിയ തോതിലുള്ള ഭക്ഷണാവശിഷ്ടങ്ങളും മറ്റും അപ്പോൾത്തന്നെ നിക്ഷേപിക്കാനുള്ള സൗകര്യമാണൊരുക്കി നൽകിയത്.ഇനോക്കുലമായി ഉപയോഗിക്കാൻ 10 കിലോ ചാണകപ്പൊടി കിറ്റുകളും എല്ലാ കുടുംബങ്ങൾക്കും നൽകി.

ഈ സംവിധാനം ലഭ്യമാക്കുന്നതിന് മുന്നോടിയായി വാർഡിൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. വാർഡ് മെംബർ സിനി ജസ്റ്റിന്റെ നേതൃത്വത്തിൽ ശാന്തിഗിരി കോളജിലെ എം.എസ്.ഡബ്ല്യു. വിദ്യാർഥികളും ഹരിതകേരളം പ്രവർത്തകരുമുൾപ്പടെ എട്ട് സ്ക്വാഡുകൾ ഇതിനായി രൂപീകരിച്ചിരുന്നു. ഇവർ വാർഡിലെ എല്ലാ വീടുകളിലുമെത്തി പുതിയ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നതെങ്ങനെയെന്നും വിശദീകരിച്ചിരുന്നു.

## മാലിന്യപരിപാലനത്തിൽ നൂതന മാതൃകയായി തമ്പി ദാസ്

മാലിന്യപരിപാലനത്തിൽ നൂതന മാതൃകയാണ് ഗ്ലെൻമേരി എസ്റ്റേറ്റ് പുതുവൽ സ്വദേശി തമ്പി ദാസിന്റെ ജീവിതം. പൊതു റോഡിൽ കന്നുകാലികൾ അവശേഷിപ്പിച്ചുപോകുന്ന ചാണകം ശേഖരിച്ച് ജൈവവളമാക്കുന്ന വേറിട്ട വഴിയാണ് ഇദ്ദേഹത്തിന്റേത്. ദിവസവും രാവിലെ ബക്കറ്റിൽ ചാണകം ശേഖരിക്കുന്ന മുൻ തോട്ടം തൊഴിലാളിയായ തമ്പി ദാസിനെ 11 വർഷമായി പുതുവൽ ഗ്രാമം കാണുകയാണ്. എന്നും രാവിലെ ആറുമണിയോടെ ഇദ്ദേഹം കളത്തിലിറങ്ങും.ദിവസവും നാല് ബക്കറ്റ് ചാണകമാണ് ഇങ്ങനെ സമ്പാദിക്കുന്നത്. ഇവ വീട്ടിൽക്കൊണ്ടുവന്ന്





പുരയിടത്തിൽ ഒരുക്കിയിട്ടുള്ള കുഴിയിൽ നിക്ഷേപിക്കും.വീട്ടിലെ ഭക്ഷ്യമാലിന്യ സംസ്കരണവും ഇവിടെത്തന്നെയാണ്.വീടും പരിസരവും തൂത്ത് വൃത്തിയാക്കി കരിയിലകളും കേടായി വീഴുന്ന മരച്ചില്ലകളുമെല്ലാം കുഴിയിൽ ഇടും. ഇങ്ങനെയുണ്ടാകുന്ന ജൈവവളമാണ് തന്റെ രണ്ടേക്കർ പുരയിടത്തിലെ കൃഷിക്കുപയോഗിക്കുന്നത്. ഏലം, കുരുമുളക്, കാപ്പി, വാഴ, ഇഞ്ചി, മഞ്ഞൾ, വിവിധയിനം പച്ചക്കറികൾ എന്നിവയെല്ലാംകൊണ്ട് സമൃദ്ധമാണ് ഈ കൃഷിയിടം. പ്രതിവർഷം മൂന്ന് ലക്ഷം രൂപയിലേറെ വരുമാനമുണ്ട് ഈ പുരയിടത്തിൽ നിന്നും.തമ്പിദാസിന്റെ ഈ അനന്യ മാതൃകയ്ക്ക് പീരുമേട് ഗ്രാമപ്പഞ്ചായത്തും അഴുത ബ്ലോക്ക് പഞ്ചായത്തും അവാർഡ് നൽകിയിരുന്നു.

പണം മുടക്കി ഇന്നോളം ഒരു വളവും വാങ്ങിയിട്ടില്ല അഴുതബ്ലോക്കിന്റെ ഈ മാതൃകാ കർഷകൻ. വീടിനു സമീപം ഇപ്പോൾ മൂന്നു വലിയ കുഴികളിലായി ജൈവവളം നിറഞ്ഞു കിടക്കുകയാണ്. ഈ ജൈവവളം വിറ്റ് കാശാക്കാനാണ് ഇദ്ദേഹത്തിന്റെ തീരുമാനം.

## ഒരു ഗ്രീൻ ചായക്കട...

ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം പാലിച്ചുകൊണ്ട് 'ചേട്ടാ ഒരു ചായക്കട' ജനശ്രദ്ധയാകർഷിച്ച് വരികയാണ്. മാലിന്യത്തിന് അളവ് കുറയ്ക്കുക വഴി പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് പൂർത്തീകരിച്ച് ചായക്കടയിൽ വിവിധ ഇടങ്ങളിൽ നിന്നായി ചായ കുടിക്കുന്നതിന് ആളുകളെത്തുന്നു. ചായ നൽകുന്നത് പ്രത്യേകം തയ്യാറാക്കിയ കപ്പുകളിൽ ആണെന്നത് മറ്റൊരു പ്രത്യേകത. ചായ നൽകിയതിനു ശേഷം കപ്പ് ചൂടുവെള്ളത്തിൽ കഴുകി ഇതിന്റെ ശുചിത്വം ഉറപ്പാക്കുന്നു. കൂടാതെ സ്നാക്സ് നൽകുന്നതിനായി ബട്ടർ പേപ്പർ സ്റ്റീൽ പാത്രം, ജ്യൂസ് നൽകുന്നതിനായി കുപ്പി ഭരണി ഇവ ഉപയോഗിക്കുന്നു. വിവിധ കുപ്പികളിലായി പുനരുപയോഗത്തിന്റെ മാതൃകയും കടയിൽ നമുക്ക് കാണാൻ സാധിക്കും. ഇതിലൂടെ ഒരു ഗ്രീൻ ചായക്കടയായി മാറിയിരിക്കുകയാണ് 'ചേട്ടാ ഒരു ചായക്കട'

## ദക്ഷിണ മൂകാംബിയുടെ മണ്ണിൽ ഹരിത നവരാത്രി

അക്ഷരനഗരിയിലെ പ്രസിദ്ധമായ ക്ഷേത്രങ്ങളിലൊന്നാണ് പനച്ചിക്കാട് സരസ്വതി ദേവീക്ഷേത്രം. ദക്ഷിണ മൂകാംബിക എന്നും ഈ ക്ഷേത്രം അറിയപ്പെടുന്നു. ക്ഷേത്രത്തിലെ പ്രധാന ഉത്സവം നവരാത്രിയോടനുബന്ധിച്ചുള്ള സരസ്വതി പൂജയാണ്. എല്ലാവർഷവും നവരാത്രി മഹോത്സവത്തിന്



കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നായി പതിനായിരക്കണക്കിന് ജനങ്ങളാണ് ഇവിടെ ദർശനത്തിന് എത്തുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പനച്ചിക്കാട് ദേവസ്വത്തിന്റെ സഹകരണത്തോടെ 2019 ലെ നവരാത്രി മഹോത്സവം പൂർണമായും ഹരിതചട്ടം പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞു. ക്ഷേത്രം ദേവസ്വം മാനേജർ കെ നാരായണൻ നമ്പൂതിരിയുമായി ഹരിതകേരളം മിഷൻ 2019 ജൂലൈ മാസത്തിൽ നടത്തിയ ചർച്ചയിലാണ് നവരാത്രി മഹോത്സവം ഹരിതമാക്കാം എന്ന തീരുമാനത്തിലെത്തിയത്. ഇതു സംബന്ധിച്ച് പത്രക്കുറിപ്പ്, വ്യാപാരികൾക്ക് ബോധവത്കരണ നോട്ടീസ്, മാലിന്യശേഖരണത്തിന് ക്ഷേത്രപരിസരത്ത് ജൈവ ബിന്നുകൾ, ഹരിത കർമസേനക്ക് പ്രത്യേക പരിശീലനം എന്നിവ നടപ്പിലാക്കാന് തീരുമാനിച്ചു.

ക്ഷേത്രപരിസരത്ത് സ്ഥാപിക്കുന്നതിനായി പ്രകൃതിസൗഹൃദ ബോർഡുകളും പോസ്റ്ററുകളും തയ്യാറാക്കാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ഹരിത സഹായ സ്ഥാപനമായ നിറവിന്റെ നേതൃത്വത്തിൽ ഹരിതകർമ്മ സേനയുടെ സഹായത്തോടെ അമ്പതോളം ജൈവ ബിന്നുകൾ തയ്യാറാക്കുകയും ചെയ്തു. ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള ഫ്ളക്സ് ബോർഡുകൾ പൂർണമായും നീക്കം ചെയ്തു. മലയാള മനോരമ, മാതൃഭൂമി, മംഗളം പത്ര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരസ്യ ഫ്ളക്സ് ബോർഡുകൾ ശ്രദ്ധയിൽപ്പെട്ടതോടെ ഇവ അടിയന്തരമായി നീക്കം ചെയ്യണമെന്ന നിർദ്ദേശം നൽകി. ക്യാരി ബാഗിനു പകരം ഭക്തജനങ്ങൾക്ക് പ്രസാദം വിതരണം ചെയ്യുന്നതിന് തുണിസഞ്ചി ഉപയോഗിച്ച് ക്ഷേത്രം ട്രസ്റ്റ് മാതൃകയായി. ക്ഷേത്രം ട്രസ്റ്റുമായി ബന്ധപ്പെട്ട് നവരാത്രി മഹോത്സവത്തിൽ ഹരിത നവരാത്രിയെ കുറിച്ചുള്ള മൈക്കിലൂടെ ഉള്ള അനൗൺസ്മെന്റ്, ജൈവബിന്നുകളില് നിന്നും ഹരിതകർമ്മ സേന അംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ വേർതിരിക്കുന്നതിന് ക്ഷേത്രപരിസരത്ത് താത്കാലിക എം.സി.എഫ് സജ്ജീകരണങ്ങളും ക്രമീകരിച്ചു. അന്നദാന വിതരണം പൂർണമായും ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കി. അന്നദാനത്തിന് ഉപയോഗിച്ച സ്റ്റീൽ പാത്രങ്ങൾ ചൂടുവെള്ളത്തിൽ കഴുകിയായിരുന്നു പുനരുപയോഗിച്ചത്.

ചരിത്രത്തിൽ ആദ്യമായി നടന്ന ഹരിത നവരാത്രി മഹോത്സവത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. കടകളിൽ ലഘു ഭക്ഷണങ്ങൾ വിതരണം ചെയ്യുന്നതിന് വൻ ഭക്തജനത്തിരക്കുകൾക്കിടയിലും വാഴയിലകൾ ഉപയോഗിച്ച് താൽക്കാലിക കടയുടമകൾ ഉൾപ്പെടെയുള്ള വ്യാപാരികൾ മാതൃകയായി. ശീതള പാനീയങ്ങൾ വിതരണം ചെയ്യുന്ന കടകളിൽ ഡിസ്പോസിബിൾ ഗ്ലാസിനു പകരം സ്റ്റീൽ ഗ്ലാസും കുപ്പി ഗ്ലാസും ഉപയോഗിച്ചു. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ കടകളിൽ പൂർണമായും നിരോധിച്ചു. മാലിന്യങ്ങൾ വലിച്ചെറിയാതെ സൂക്ഷിക്കാൻ എല്ലാ കടകളിലും ജൈവ ബിന്നുകൾ സ്ഥാപിച്ചിരുന്നു. ഹരിതകർമ്മ സേന അംഗങ്ങൾക്കു പുറമെ ക്ഷേത്രം വക ശുചീകരണ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകര് എന്നിവരുടെ നേതൃത്വത്തിൽ ഭക്തജനപ്രവാഹത്തിനിടയിലും മികച്ച രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പതിനായിരക്കണക്കിന് ഭക്തജനങ്ങൾ എത്തുന്ന ദക്ഷിണ മൂകാംബിയുടെ മണ്ണിൽ ഒരു തരി പ്ലാസ്റ്റിക് പോലും അവശേഷിക്കാതെ ആയിരുന്നു ഹരിത നവരാത്രി 2019 ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയത്. അന്നദാന വിതരണത്തിന് ശേഷമുള്ള ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

ജില്ലാകളക്ടർ പി.കെ സുധീർബാബു, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബിനു ജോൺ, പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ ക്ഷേത്രം സന്ദർശിക്കുകയും ഹരിത പെരുമാറ്റച്ചട്ട പ്രവർത്തനങ്ങൾ വിലയിരുത്തി അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. ഹരിത നവരാത്രി എന്ന ആദ്യ ശ്രമം വിജയം കണ്ടതോടെ വരുംവർഷങ്ങളിലും പൂർണമായും ഹരിതപെരുമാറ്റച്ചട്ടം പാലിക്കാം എന്ന് പനച്ചിക്കാട് ദേവസ്വം ഉറപ്പു നൽകി.

## ലൂർദ് ഫൊറോന പള്ളി

അക്ഷരനഗരിയുടെ ആത്മീയവെളിച്ചമായ സീറോ മലബാർ സഭയുടെ ഫൊറോനയായ ലൂർദ് പള്ളിയുടെ കൂദാശ കോട്ടയം ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ പൂർണമായും ഹരിത പെരുമാറ്റച്ചട്ടം പാലിച്ചുകൊണ്ട് നടത്തപ്പെട്ടു.

2019 നവംബർ 23-ന് ഉച്ചക്കഴിഞ്ഞ് 2.30 നു നടത്തിയ കൂദാശ ചടങ്ങുകൾക്ക് ശേഷമുള്ള സാംസ്കാരിക സമ്മേളനത്തിൽ വിവിധ സഭാ തലവന്മാർ, രാഷ്ട്രീയ പ്രമുഖർ, വിവിധ മത നേതാക്കന്മാരുൾപ്പെടെ നിരവധിയാളുകൾ പങ്കെടുത്തു, പുനർനിർമിച്ച കോട്ടയം ലൂർദ് ഫൊറോന ദേവാലയത്തിന്റെ കൂദാശ അക്ഷരനഗരിക്ക് പുതുഅനുഭവങ്ങളായി. കൂദാശയും തുടർന്നുള്ള ചടങ്ങുകളും പൂർണ്ണമായും പരിസ്ഥിതി സൗഹൃദ അന്തരീക്ഷത്തിലാണ് നടത്തിയത്. വിശ്വാസികളെ സ്വീകരിച്ച പ്രവേശനകവാടം പൂർണ്ണമായും ചണച്ചാക്കിൽ നിർമ്മിച്ചതാണ്, പൊതുസമ്മേളനം നടത്തിയ വേദിയും സമീപപ്രദേശങ്ങളും അലങ്കരിച്ചത് ചണച്ചാക്കും പ്രകൃതി സൗഹൃദ പൂക്കൾ ഉപയോഗിച്ചാണ്, കൂദാശ ദിവസങ്ങളിൽ പള്ളിയും പരിസരങ്ങളും പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പ്രകാരം പരിസ്ഥിതി സൗഹൃമാക്കുകയും, സമ്പൂർണ പ്ലാസ്റ്റിക് രഹിതവും മാലിന്യ രഹിതവുമായ പ്രവർത്തങ്ങൾ കാഴ്ചവെയ്ക്കുക എന്നതുമായിരുന്നു ഹരിതകേരളം മിഷൻ ലക്ഷ്യമിട്ടത്. ദിശാ ബോർഡുകളും പരസ്യബോർഡുകളും പൂർണമായും പ്ലാസ്റ്റിക് വിമുക്തമാക്കി തുണി ഉപയോഗിച്ച് നിർമ്മിക്കുകയും ഇതിനു പുറമെ കൂദാശയോട് അനുബന്ധിച്ച് നടത്തിയ സ്നേഹവിരുന്നിൽ ഭക്ഷണം വിതരണം ചെയ്തത് ജർമ്മൻ സാങ്കേതികവിദ്യയിൽ നിർമ്മിച്ച, ഭൂമിയിൽ അഴുകി ചേരാവുന്ന പാത്രങ്ങളിലാണ് നൽകിയത്, ഉപയോഗിച്ച ശേഷം 10 ദിവസത്തിനുള്ളിൽ ഭൂമിയിലേക്ക് ചെയ്യുന്ന പാത്രങ്ങൾ കരിമ്പ്, ചോളം എന്നിവയുടെ ചണ്ടിയിൽ നിന്നും നിർമിച്ചവയാണ്. വിവിധ സമയങ്ങളിൽ കുടിവെള്ളം, പാനീയങ്ങൾ കാപ്പി എന്നിവ നൽകുന്നതിന് 6000 ഗ്ലാസ്സുകളാണ് തൃശ്ശൂർ ആസ്ഥാനമായുള്ള സി. എ. ആന്റണി ആൻഡ് സൺസ് നൽകിയത്, വീണ്ടും ഉപയോഗിക്കാവുന്ന ഗ്ലാസ്സുകൾ തുടർന്ന് പള്ളിയുടെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ സാധിക്കും.



പരിസ്ഥിതി സൗഹൃദാന്തരീക്ഷം നിലനിർത്തിക്കൊണ്ട് ഏറ്റവും മനോഹരമായ രീതിയിൽ പള്ളിയുടെ കൂദാശയും അനുബന്ധ ചടങ്ങുകളും നടത്തുവാൻ സാധിച്ചു.

## ഹരിതാഭമായി കോട്ടയം ജില്ലാ പോലീസ് ഓഫീസ്

കോട്ടയം ജില്ലാ പോലീസ് ഓഫീസ് സംസ്ഥാന സർക്കാർ ഹരിത കേരള മിഷൻ വിഭാവനം ചെയ്യുന്ന ഹരിത പെരുമാറ്റച്ചട്ടം പാലിച്ചുകൊണ്ട് ജില്ലയിലെ മാതൃക ഹരിത ഓഫീസ് ആയി പ്രവർത്തിക്കുകയാണ്. ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം കഴിഞ്ഞ ഒരു വർഷമായി ഭക്ഷ്യസുരക്ഷ, ശുചിത്വ മാലിന്യ സംസ്കരണം, ജല സുരക്ഷ  എന്നീ മൂന്നു



മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജൈവ കൃഷിയുടെ ഭാഗമായി ഓഫീസിലേക്കുള്ള നടപ്പാതയുടെ വശങ്ങൾ ഉൾപ്പടെ ജൈവകൃഷിക്കായി മാറ്റിവച്ചിരിക്കുന്നു. വെണ്ട, വഴുതന, പാവല്, ചീര, കോവൽ തുടങ്ങി വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നു. ഉദ്യോഗസ്ഥർ തന്നെയാണ് ഇവിടെ പരിപാലനവും, കൂടാതെ മാലിന്യസംസ്കരണത്തിന്റെ ഭാഗമായി നഗരസഭയുടെ സഹായത്താൽ തുമ്പൂർമുഴി മോഡൽ പ്ലാന്റും ഓഫീസ് പരിസരത്ത് ക്രമീകരിച്ചിരിക്കുന്നു. ഭാവിയിൽ കൃഷിക്കാവശ്യമായ വളം ഇതിൽ നിന്നു ലഭ്യമാകും. കൂടാതെ വലിച്ചെറിയപ്പെട്ട നൂറിലധികം കുപ്പികൾ അലങ്കാരച്ചെടികൾ വയ്ക്കുന്നതിനായി ഒരുക്കിയെടുത്തിരിക്കുന്നു.

ജലസംരക്ഷണവുമായി ബന്ധപ്പെട്ട മഴവെള്ളസംഭരണി, കിണർ റീചാർജ് ഇവയും സാധ്യമാക്കിയിരിക്കുന്നു. മിഷന്റെ ഇടപെടലിന്റെ ഭാഗമായി ഓഫീസ് പൂർണമായും ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി പേപ്പർ പേന, പ്രകൃതിസൗഹൃദ വസ്തുക്കൾ ഇവ ഉപയോഗിച്ചു വരുന്നു. തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ ജില്ലാപോലീസ് ഓഫീസ് ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് മുന്നോട്ടുപോവുകയാണ്. ജില്ലയിൽ മാതൃകാ ഹരിത ഓഫീസാവുകയാണ് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം.

## ജില്ലാതല മാതൃകാ പദ്ധതികൾ

മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിൽ പ്രധാന വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുകയാണ്. ദിനംപ്രതി മണ്ണിലും റോഡിലും പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്ന മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക-ആരോഗ്യ-സാമ്പത്തിക-സാമൂഹിക പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. സമൂഹത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വ്യക്തമായ അവബോധം ഇല്ലാത്തതാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമാകുന്നത്. അതിനാൽ ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജില്ലയിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. മാലിന്യ പരിപാലനം ഒരു സംസ്കാരമാക്കുന്നതിന് വേണ്ടി പുതിയ തലമുറയെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് മികച്ച പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ ഇതിനോടകം ആവിഷ്കരിച്ചു. കുട്ടികൾ ഇടപെടുന്ന പ്രവർത്തനങ്ങളിലൂടെ ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ് ചുരുക്കൽ, പുനരുപയോഗം, പുനഃചംക്രമണം എന്നിവ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കുകയാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുള്ള ഉത്തരവാദിത്വവും ചുമതലയും സംബന്ധിച്ച അവബോധം കുട്ടികളിലൂടെ സൃഷ്ടിച്ചെടുക്കുക, പുതിയ മാലിന്യ പരിപാലന സംസ്കാരം എല്ലാവരിലും വളർത്തിയെടുക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് ജില്ലയിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

## പെൻഫ്രണ്ട്

ജില്ലയിൽ മുഴുവൻ സ്കൂളുകളിലും സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഉപയോഗ ശൂന്യമായ പേനകൾ ശേഖരിച്ച് പുനചംക്രമണത്തിന് കൈമാറാൻ ആവിഷ്കരിച്ച 'പെൻഫ്രണ്ട്' പദ്ധതി വൻ വിജയമായി മുന്നേറുന്നു. ഉപയോഗ ശൂന്യമായ പേനകൾ ശേഖരിച്ച് പുനഃചംക്രമണത്തിന് കൈമാറുക, സമൂഹത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അവബോധം വളർത്തുക, ഒറ്റത്തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന പേനകളുടെ ഉപയോഗം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 'പെൻഫ്രണ്ട്' പദ്ധതിക്ക് തുടക്കമിട്ടത്.



Now, pen drop boxes against plastic menace in Kasaragod

*Used pens can be dropped for recycling*

2019 ജൂൺ 11 ന് കാസറഗോഡ് കളക്ട്രേറ്റിൽ ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു പെൻഫ്രണ്ട് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. പെൻഫ്രണ്ട് പദ്ധതി ഇപ്പോൾ നിരവധി വിദ്യാലയങ്ങൾ, കോളേജുകൾ, ഐ.ടി.ഐകൾ, പോസ്റ്റ് ഓഫീസ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ മികച്ച രീതിയിൽ നടന്നു വരുന്നുണ്ട്. മുന്നോറോളം സ്കൂളുകളിൽ പെൻഫ്രണ്ട് പദ്ധതി ഇതിനോടകം ആരംഭിച്ചിരിക്കുന്നു.

പദ്ധതിയുടെ ഭാഗമായി പെൻ ഡ്രോപ്പ് ബോക്സിൽ നിക്ഷേപിക്കുന്ന ഉപയോഗ ശൂന്യമായ പേനകൾ നിശ്ചിത കാലയളവിൽ അംഗീകൃത പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുകയും ചെയ്തു കൊണ്ടിരിക്കുന്നു. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കളക്ട്രേറ്റിൽ നിന്നും 25 കിലോ പേനകൾ ശേഖരിച്ച് സ്ക്രാപ് മർച്ചൻസിന് കൈമാറി. ജി.എം.ആർ.എച്ച്.എസ്.എസ് പരവനടുക്കത്ത് നിന്നും 1 ക്വിൻറൽ പേനകൾ കൈമാറിയത് പദ്ധതിയുടെ എക്കാലത്തെയും മികച്ച വിജയമായി കാണാൻ സാധിക്കുന്നു. തുടർന്ന് കാസറഗോഡ് ചിന്മയ വിദ്യാലയത്തിൽ നിന്ന് 35 കിലോ പേനകളും, ഇക്ബാൽ എച്ച്.എസ്.എസിൽ നിന്നും 13 കിലോ പേനകളും, ജി.എച്ച്.എസ്.എസ് ചായ്യോത്ത്, കേന്ദ്ര സർവകലാശാല എന്നിവിടങ്ങളിൽ നിന്ന് 10 കിലോ പേനകൾ വീതവും സ്ക്രാപ് മർച്ചൻസിന് കൈമാറാൻ സാധിച്ചു.

രാവണീശ്വരം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കേന്ദ്ര സർവ്വകലാശാല എന്നിവിടങ്ങളിൽ 'പെൻഫ്രണ്ട്' പദ്ധതി നടപ്പിലാക്കി. മുഴുവൻ വിദ്യാർത്ഥികൾക്കും മഷിപ്പേനയും മഷിയും നൽകിയതിലൂടെ പ്രകൃതി സംരക്ഷണത്തിന്റെ പാഠങ്ങൾ പകർന്നുകൊടുത്ത് സംസ്ഥാനത്ത് തന്നെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കാൻ സാധിച്ചു.


പെൻഫ്രൻഡ് 25 കിലോ പേനകൾ കൈമാറി

## കുപ്പി – കാസറഗോഡ് യൂണിക് പ്രോഗ്രാം ഫോർ പ്ലാസ്റ്റിക് ബോട്ടിൽ ഫ്രീ യജ്ഞ

സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉപയോഗശുന്യമായ പ്ലാസ്റ്റിക് ബോട്ടിലുകൾ വിദ്യാർത്ഥികൾ ശേഖരിക്കുകയും അവ കൃത്യമായ സംസ്കരണത്തിന് കൈമാറുകയും ചെയ്യാൻ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച നൂതന പദ്ധതിയായ 'കുപ്പി' മാലിന്യശേഖരണ പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. 'കുപ്പി' അഥവാ

'കാസറഗോഡ് യൂണിക് പ്രോഗ്രാം ഫോർ പ്ലാസ്റ്റിക് ബോട്ടിൽ ഫ്രീ യജ്ഞ' എന്ന വേറിട്ട പേരിൽ ആരംഭിച്ച പദ്ധതി ലക്ഷ്യമിടുന്നത് വിദ്യാർത്ഥികളിലൂടെ സമൂഹത്തിൽ മാലിന്യപരിപാലനത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുക, പുനഃചംക്രമണത്തിന് കൈമാറുന്നതിൻറെ ഭാഗമായി ലഭിക്കുന്ന തുക പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക, പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്നിവയാണ്.

'കുപ്പി' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ജി.എച്ച്.എസ്.എസ് ദുർഗയിൽ വച്ച് സബ് കളക്ടർ അരുൺ കെ വിജയൻ നിർവ്വഹിച്ചു. വളരെ ചുരുങ്ങിയ ദിവസം കൊണ്ട് ദുർഗ സ്കൂളിലെ എൻ.എസ്.എസ് വിദ്യാർത്ഥികൾ ശേഖരിച്ചത് ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിഞ്ഞ പതിനയ്യായിരം കുപ്പികളായിരുന്നു. തുടർന്ന് ഇക്ബാൽ എച്ച്.എസ്.എസിൽ നിന്നും 22 കിലോ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കാനും സ്ക്രാപിന് കൈമാറാനും ഹരിതകേരളം മിഷന് സാധിച്ചു. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളുടെ കൂമ്പാരം ഭീമമായ കണക്കാണെന്ന് സമൂഹത്തിന് മുൻപിൽ വെളിപ്പെടുത്താൻ ഹരിതകേരളം മിഷന്റെ 'കുപ്പി' പദ്ധതി നിർണ്ണായകമായ പങ്കു വഹിച്ചു.

## ഹരിത സ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ ദുരിതം വിതച്ച മഹാപ്രളയത്തിൽ നിന്ന് കേരള ജനതയെ കൈപിടിച്ചുയർത്താൻ ജില്ലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിദ്യാലയം കേന്ദ്രീകരിച്ച് വളരെ വ്യത്യസ്തമായ പരിപാടി ആവിഷ്കരിച്ചു. 'ഹരിത സ്പർശത്തിന് ഞാനും എൻറെ വിദ്യാലയവും' പദ്ധതിയിലൂടെ ജില്ലയിലെ 30 വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ പുനരുപയോഗ സാധ്യതയുള്ള പാഴ് വസ്തുക്കൾ ശേഖരിച്ച് അംഗീകൃത പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുകയുണ്ടായി. കൂടാതെ എ.യു.പി.എസ് മുള്ളേരിയയിലെ വിദ്യാർത്ഥികൾ പേപ്പർ ബാഗുകളും



തുണിസഞ്ചികളും നിർമ്മിച്ച് വിറ്റാണ് ദുരിതാശ്വാസ നിധിയിലേക്ക് തുക സംഭാവന ചെയ്യാൻ ഹരിതകേരളം മിഷനെ സഹായിച്ചത്.

ജില്ലയിലെ അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ പുനചംക്രമണം സാധ്യമാക്കുക, വിദ്യാർത്ഥികളിലെ മാലിന്യ പരിപാലനത്തെ സംബന്ധിച്ച അവബോധം വളർത്തുക, കാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി സാമ്പത്തിക സമാഹരണം നടത്തുക, എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. മാതൃകാപരമായ ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികൾ സമാഹരിച്ച 115411 രൂപ മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിലേക്ക് കൈമാറാൻ സാധിച്ചതിലൂടെ കേരളജനതയെ അതിജീവനത്തിന്റെ പുതിയ പാതയിലേക്ക് കൊണ്ടുവരുന്നതിൽ ജില്ലാ ഹരിതകേരളം മിഷനും പങ്കുചേർന്നു.

## ശുചീകരണ പ്രവർത്തനങ്ങൾ

ജില്ലയിലെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ നാഷണൽ സർവ്വീസ് സ്കീം വളണ്ടിയർമാരുടെ സഹായത്തോടെ നിരവധി ശുചീകരണ പ്രവർത്തനങ്ങൾ മാതൃകാപരമായി ചെയ്യാൻ ഹരിതകേരളം മിഷന് സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പാതയോരം, കടൽത്തീരം എന്നിവ ശുചീകരിക്കാൻ കഴിഞ്ഞു.

ഗാന്ധി ജയന്തി പക്ഷാചരണത്തിൻറെ ഭാഗമായി ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൌൺസിൽ, ഫിഷറീസ് ഡിപ്പാർട്ട്മെൻറ്, ഹരിതകേരളം മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് മീനാപ്പീസ് കടൽത്തീരം ഒന്നര കിലോമീറ്റർ ശുചീകരിച്ചു. കാഞ്ഞങ്ങാട് ജി.ആർ.എഫ്.റ്റി.എച്ച്.എസ് ഫോർ ഗേൾസിലെ കുട്ടികളാണ് കടൽത്തീര ശുചീകരണത്തിന് മുന്നിട്ടിറങ്ങിയത്. ശേഖരിച്ച മാലിന്യങ്ങൾ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലെ ഹരിത കർമ്മസേനാംഗങ്ങളുടെ സഹായത്തോടെ മാലിന്യ സംസ്കരണ യൂണിറ്റിലേക്ക് കൈമാറുകയാണുണ്ടായത്. കടൽത്തീര ശുചീകരണത്തിലൂടെ ഒട്ടനേകം മാലിന്യങ്ങൾ നീക്കം ചെയ്ത് മാലിന്യ സംസ്കരണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ ജില്ലാ ഹരിതകേരളം മിഷന് സാധിച്ചു.

കാഞ്ഞങ്ങാട് സൗത്ത് മുതൽ കാസറഗേഡ് പ്രസ് ക്ലബ് ജംഗ്ഷൻ വരെ 29 കി.മീ നീളമുള്ള കെ.എസ്.ടി.പി പാതയോരം ജില്ലാ ഹരിതകേരളം മിഷന്റെയും നാഷണൽ സർവ്വീസ് സ്കീം വളണ്ടിയർമാരുടെയും മേൽനോട്ടത്തിൽ ശുചീകരിച്ചിരുന്നു. കൂടാതെ കാർഷിക കോളേജ് പടന്നക്കാട്, ഹൊസ്ദുർഗ് ഹയർ സെക്കണ്ടറി സ്കൂൾ, ദുർഗാ ഹയർ സെക്കണ്ടറി സ്കൂൾ, ഇക്ബാൽ ഹയർ സെക്കണ്ടറി സ്കൂൾ, ഉദുമ ഹയർ സെക്കണ്ടറി സ്കൂൾ, ചെമ്മനാട് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ നിന്നുള്ള വളണ്ടിയർമാർ പാതയോരത്തെ മാലിന്യങ്ങൾ ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ സംസ്കരിക്കുകയും ചെയ്തു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ വ്യാപാകമാകുന്ന സാഹചര്യത്തിൽ ഹരിതകേരളം മിഷൻറെ നേതൃത്വത്തിൽ ഹരിതനിയമാവലി ക്യാമ്പയിൻ സ്കൌട്ട് & ഗൈഡ്സ് വിദ്യാർത്ഥികൾക്ക് നൽകിയതിന്റെ ഫലമായി നടന്ന ശുചീകരണ പ്രവർത്തനങ്ങൾ പ്രശംസനീയമായിരുന്നു. ഇതിൻറെ ഭാഗമായി ഗാന്ധിജയന്തി ദിനത്തിൽ കൂളിയാട് ഗവ.ഹൈസ്കൂളിലെ സ്കൌട്ട് & ഗൈഡ്സ് കുട്ടികൾ ചാനടക്കം ടൌൺ,

പോസ്റ്റ് ഓഫീസ് പരിസരം എന്നിവ ശുചീകരിച്ചിരുന്നു.

## 'സ്നേഹത്തൂലിക – ഹരിതാക്ഷരം' പദ്ധതി

ഹരിതകേരളം മിഷൻറെയും ഹൊസ്ദുർഗ് ജില്ലാ ജയിലിൻറെയും സംയുക്താഭിമുഖ്യത്തിൽ ജയിലിലെ അന്തേവാസികൾ നിർമ്മിച്ച പേപ്പർപേനകൾ വയനാട് ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുത്തതിലൂടെ 'സ്നേഹ തൂലിക ഹരിതാക്ഷരം' പദ്ധതിക്ക് തുടക്കം കുറിക്കുകയായിരുന്നു. ജയിലിലെ അന്തേവാസികളുടെ മാനസിക സംഘർഷം ലഘൂകരിക്കുക, മാലിന്യ പരിപാലനത്തിന്റെ സന്ദേശങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുക, പ്രളയത്തെ തുടർന്ന് കഷ്ടപ്പെടുന്ന കുട്ടികൾക്ക് ചെറുസഹായം നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ്  ഈ പദ്ധതി നടപ്പിലാക്കിയത്.

'സ്നേഹത്തൂലിക-ഹരിതാക്ഷരം' പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി വയനാട്ടിൽ എത്തിച്ച ആയിരം പേപ്പർ പേനകൾ ജി.എൽ.പി.എസ് പുത്തുമല, മേപ്പാടി മുണ്ടുക്കൈ സ്കൂൾ, ജി.എച്ച്.എസ് പനമരം എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കാണ് വിതരണം ചെയ്തത്. ഈ പ്രവർത്തനത്തിലൂടെ  പ്ലാസ്റ്റിക് പേനകളുടെ ഉപയോഗം പരമാവധി കുറച്ച് പ്രകൃതി സൗഹാർദ്ദപരമായ പേപ്പർപേനകൾ ഉപയോഗിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുകയായിരുന്നു. പ്രളയം അതിഭീകരമായി വേട്ടയാടിയ പുത്തുമലയിലെ വിദ്യാർത്ഥികളെ സംബന്ധിച്ച്  ഈ പേപ്പർ പേനകൾ അതിജീവനത്തിനായുള്ള പുത്തൻ പ്രതീക്ഷയായിരുന്നു. ദുരന്ത ഭൂമിയിലെ ദുരാനുഭവങ്ങൾക്കിടയിൽ കുട്ടികൾക്ക് കിട്ടിയ ആനന്ദനിമിഷമായിരുന്നു അത്.

## സീറോ പ്ലാസ്റ്റിക് ക്യാമ്പസ്

ദൈനംദിന പ്രവൃത്തികളിൽ ചെറിയ മാറ്റങ്ങൾ വരുത്തിക്കൊണ്ട് മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനു വേണ്ടിയുള്ള വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെയാണ് കൂളിയാട് ഗവ. ഹൈസ്കൂൾ വിദ്യാർത്ഥികൾ മാലിന്യ സംസ്കരണ രംഗത്ത് പുത്തൻ ആശയവുമായി കടന്നു വന്നത്. ഇതിനായി സൗജന്യ നിരക്കിൽ മഷിപ്പേന വിതരണം, ഒരു കുട്ടിക്ക് ഒരു പ്ലേറ്റും ഗ്ലാസും പദ്ധതി, മുഴുവൻ കുട്ടികൾക്കും പേപ്പർപേന പരിശീലനം, രക്ഷിതാക്കൾക്കായി പേപ്പർബാഗ് നിർമ്മാണ പരിശീലനം, സ്കൂളുകളിൽ സീറോപ്ലാസ്റ്റിക് ക്യാമ്പസ് പദ്ധതിക്കായുള്ള ഹരിത സേന രൂപവത്കരണം എന്നിവ മികച്ച രീതിയിൽ നടത്തി വരുന്നു. കൂടാതെ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്ക് തുണി സഞ്ചിയും 20 ക്ലാസ് മുറികളിലേക്ക് മുള കൊണ്ട് നിർമ്മിച്ച വേസ്റ്റ്ബിൻ വിതരണം എന്നിവയിലൂടെയാണ് കൂളിയാട് സ്കൂളുകളിലെ കുട്ടികൾ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ  വ്യത്യസ്തരാകുന്നത്.

## പുനരുപയോഗത്തിന്റെ സാധ്യത തേടി പരപ്പയിലെ കുട്ടികൾ

സേ നോ ടു പ്ലാസ്റ്റിക് പദ്ധതിയുടെ ഭാഗമായി പരപ്പ സ്കൂളിലെ എൻ.എസ്.എസ് വളണ്ടിയർമാർ വ്യത്യസ്തമായ ഗ്രോബാഗ്  നിർമ്മാണത്തിലൂടെയാണ് മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനത്തിലേക്ക് കടന്നു വന്നത്. പരിസ്ഥിതി സൌഹാർദ്ദപരമായി നിർമ്മിച്ച ജീൻസ് ഗ്രോബാഗുകളിൽ മണ്ണും വളവും നിറച്ച് വൃക്ഷത്തൈകൾ നട്ട് വിതരണം ചെയ്തു കൊണ്ടാണ് വിദ്യാർത്ഥികൾ പ്ലാസ്റ്റികിനെതിരെയുള്ള സന്ദേശം പൊതു ജനങ്ങളിലേക്ക് കൈമാറിയത്.



## ജില്ലാതല മാതൃകാ പ്രവർത്തനങ്ങൾ

പുരോഗതിയിലേക്ക് കുതിക്കുമ്പോഴും ഒപ്പം പ്രകൃതിയെയും നാടിന്റെ പച്ചപ്പിനെയും സംരക്ഷിക്കുന്നതിനും വികസനവും പരിസ്ഥിതിയും സന്തുലിതമാക്കുന്നതിനും ശ്രമിക്കുന്ന നാടാണ് കണ്ണൂർ.

ആകെയുള്ള 71 ഗ്രാമപഞ്ചായത്തുകളിൽ 65 ലും ഇതിനകം എം.സി.എഫ് സംവിധാനമായി. ആകെയുള്ള 11 ബ്ലോക്ക് പഞ്ചായത്തുകളിൽ ഒൻപതിലും ആർ.ആർ.എഫുകൾ സ്ഥാപിക്കപ്പെട്ടു. മുനിസിപ്പൽ നഗരപ്രദേശങ്ങളിൽ ഒൻപത് എണ്ണത്തിലും ഇതിനകം ആർ.ആർ.എഫുകൾ സ്ഥാപിച്ചു. 51 ഗ്രാമ പഞ്ചായത്തുകളിലും ഏഴ് മുനിസിപ്പാലിറ്റികളും സജീവ ഹരിതകർമ്മസേന പ്രവർത്തന രംഗത്തുണ്ട്. ഹരിത കർമ്മസേന അംഗങ്ങളാണ് ജില്ലയിൽ പ്രവർത്തന രംഗത്തുള്ളത്. ശരാശരി 47 ശതമാനം വീടുകളിൽ നിന്ന് യൂസർ ഫീ പ്രതിമാസം ലഭിക്കുന്നു എന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്ന് 32 ശതമാനമാണ് യൂസർ ഫീ ലഭിക്കുന്നത്, 2019 മാർച്ച് 31 വരെയുള്ള കണക്കാണിത്. 318 ടൺ മാലിന്യമാണ് 2019 മാർച്ച് 31 വരെയുള്ള വരെയുള്ള കാലയളവിൽ ജില്ലയിൽ ഹരിത കർമ്മസേന ശേഖരിച്ചത്. മാലിന്യ ശേഖരണത്തിൽ നൂതന രീതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിൽ കണ്ണൂർ ജില്ല എന്നും മുന്നിലാണ്.

## കുപ്പി ബൂത്ത്

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്താണ് ജില്ലയിൽ ഇത്തരമൊരു സംവിധാനത്തിന് തുടക്കം കുറിച്ചത്. കോളയാട് ഗ്രാമ പഞ്ചായത്തുവഴി കടന്നു പോകുന്ന കണ്ണൂർ -വയനാട് സംസ്ഥാന പാതയുടെ ഇരുവശങ്ങളിലും കുപ്പികളും മറ്റു മാലിന്യങ്ങളും വലിയ പ്രശ്നമായി മാറിയപ്പോൾ കണ്ടെത്തിയതാണ് കുപ്പി ബൂത്തു എന്ന പരിഹാരമാർഗം. 25 കുപ്പി ബൂത്തുകളാണ് ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ളത്. സംസ്ഥന പാതയിൽ മാത്രം 13 എണ്ണം സ്ഥാപിച്ചു. കുപ്പിബൂത്തുകൾ സ്ഥാപിക്കുകവഴി കുപ്പികൾ



വലിച്ചെറിയുന്നു എന്ന പ്രശ്നത്തിന് പരിഹാരം ആയി എന്ന് മാത്രമല്ല അതൊരു വരുമാന മാർഗം കൂടിയായി മാറുകയും ചെയ്തു. ഇപ്പോൾ ജില്ലയിൽ 48 ഗ്രാമ പഞ്ചായത്തുകളും 6 നഗരസഭകളും കുപ്പി ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്. കുപ്പി ബൂത്തുകൾ നിറയുമ്പോൾ അവ ബന്ധപ്പെട്ട ഏജെൻസികളെ അറിയിച്ചാൽ അവരെത്തി ബൂത്ത് തുറന്നു കുപ്പികൾ കൊണ്ടുപോകുകയും ആയതിന്റെ പ്രതിഫലം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യും.

കുപ്പി ബൂത്തുകളുടെ നിർമാണ ചെലവ് വിവിധ ഏജൻസികളെ കണ്ടെത്തി ചെയ്യാൻ സാധിക്കുന്നുവെന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അതൊരു ബാധ്യതയും ആവുന്നില്ലതാനും.

### എന്താണ് കുപ്പിബൂത്ത്

വലിയ സാങ്കേതിക കാര്യങ്ങളോടെയുള്ള സംവിധാനമൊന്നുമല്ല ഇത്. കമ്പിവല കൊണ്ട് തീർത്ത ഒരു പെട്ടി രൂപത്തിലുള്ള, അകം ശൂന്യമായ സംവിധാനം. ഒരു കുപ്പി അകത്തു കടന്നു പോകത്തക്ക വിധം വാവട്ടം മാത്രം ഉള്ള ദ്വാരമാണ് ഇതിനുള്ള ഏക പ്രവേശന കവാടം. ഇതിലൂടെ വേണം കുപ്പികൾ അകത്തിടാൻ. കുപ്പികൾ നിറഞ്ഞാൽ പുറത്തെടുക്കാൻ ഒരു കിളിവാതിൽ ഉണ്ടാകും അതിനൊരു പൂട്ടും താക്കോലും കുപ്പികൾ മഴ നനയാതിരിക്കാൻ ചെറിയൊരു മേൽക്കൂരയും ഉണ്ടാകും ഇത്രയുമായാൽ കുപ്പിബൂത്തായി. ചതുരാകൃതിയിലോ, വൃത്താകൃതിയിലോ കുപ്പി ബൂത്തുകൾ ഉണ്ടാക്കാം

## ജൈവ മാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണം യഥാർത്ഥത്തിൽ പ്രാദേശിക ഭരണകൂടം ഇടപെടേണ്ടുന്ന വിഷയമല്ല. പക്ഷെ കോഴി ഇറച്ചി മാലിന്യം, തലമുടി മാലിന്യം, ഹോട്ടൽ ഭക്ഷണ മാലിന്യം, ബേക്കറി അവശിഷ്ട മാലിന്യം തുടങ്ങിയവ വലിയ പ്രശ്നങ്ങളാണ് സമൂഹത്തിൽ ഉണ്ടാക്കുന്നത്. ഏതെങ്കിലും പ്രാദേശിക സർക്കാരുകൾക്ക് മാത്രം കൈകാര്യം ചെയ്യാവുന്ന പ്രശ്നമല്ല ഇത്. കണ്ണൂർ ജില്ലയിൽ ജില്ലാ തലത്തിൽ കണ്ണൂരിനൊരു ജൈവ കർമ്മ പദ്ധതിയെന്ന പേരിൽ പ്രത്യക കർമ്മ പദ്ധതി തയ്യാറാക്കുകയും അവ പ്രയോഗത്തിൽ കൊണ്ട് വരാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ജൈവ മാലിന്യത്തിൽ കോഴി ഇറച്ചി മാലിന്യമാണ് ഏറ്റവും വലിയ പ്രശ്നമായി മാറിയിട്ടുള്ളത്. പുഴകളിലും റോഡുകളിലും വെളിമ്പ്രദേശങ്ങളിലും കോഴി മാലിന്യം കൊണ്ട് വന്നിട്ടു വലിയ പരിസ്ഥിതി പ്രശ്നങ്ങളാണ് സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. അത് പരിഹരിക്കാനുള്ളമാർഗം തേടിയുള്ള യാത്ര ചെന്നെത്തിച്ചത് ജില്ലയിലെ കോഴി ഇറച്ചി വിൽപ്പന ശാലകളുടെ കണക്കെടുപ്പിലാണ്. 30 വളണ്ടിയർമാരെ കണ്ടെത്തി പ്രത്യകം പരിശീലനം നൽകി ജില്ലയിലെ മുഴുവൻ പ്രദേശത്തുമുള്ള കോഴി ഇറച്ചിക്കടകളുടെയും കോഴി വളർത്തു ഫാമുകളുടെയും കണക്കെടുത്തു. പ്രസ്തുത കണക്കെടുപ്പിൽ ലഭ്യമായ വിവരപ്രകാരം കണ്ണൂർ ജില്ലയിൽ 1124 കോഴി ഇറച്ചി വില്പന ശാലകൾ ഉണ്ട്.

പ്രസ്തുത കണക്കെടുപ്പിലൂടെ കണ്ടെത്തിയ വിവരങ്ങൾ പ്രയോജനപ്പെടുത്തി കോഴി ഇറച്ചി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ തലപര്യമുള്ളവരെ കണ്ടെത്തുകയെന്നതായിരുന്നു അടുത്ത നടപടി. അതും വിജയകരായി



സാധിച്ചു. ജില്ലയിൽ നിലവിൽ ഒരു ഇറച്ചി മാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. മറ്റൊന്ന് ജനവരിയിൽ പ്രവർത്തനം തുടങ്ങും.

ഇതോടെ ജില്ലയിലെ കോഴി ഇറച്ചി മാലിന്യ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം ഉണ്ടാകും. കോഴി ഇറച്ചി മാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം ഉണ്ടാക്കുന്നു എന്ന് മാത്രമല്ല ആറ് കോടി രൂപ ജില്ലയിൽ വ്യവസായ രംഗത്ത് മൂലധന നിക്ഷേപമായി വന്നു എന്നതുംകൂടി കണക്കിലെടുക്കുമ്പോൾ മാത്രമേ ഈ പ്രവർത്തനത്തിന്റെ വ്യാപ്തി മനസ്സിലാവൂ.

## മുടിമാലിന്യ സംസ്കരണ സംവിധാനം

മുടി മാലിന്യം ഉണ്ടാക്കുന്ന വിപത്തു പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ കണ്ണൂർ ജില്ലയിൽ ആരംഭിക്കുന്ന പ്രവർത്തനമാണ് മുടി മാലിന്യ ശേഖരണവും അവയുടെ സംസ്കരണ ശാല സ്ഥാപനവും.

ജില്ലയിലെ ബാർബർ ഷോപ്പുകൾ, ബ്യൂട്ടി പാർലറുകൾ എന്നിവയിൽ നിന്നുണ്ടാകുന്ന മുടി മാലിന്യവും അനുബന്ധ മാലിന്യവും ശേഖരിച്ചു സംസ്കരിച്ചു അമിനോ ആസിഡ്  ഉണ്ടാക്കുന്ന സംസ്കരണ ശാല സ്ഥാപിക്കാൻ ഉള്ള പ്രവർത്തനങ്ങൾക്ക് ജില്ലയിൽ തുടക്കം കുറിച്ച് കഴിഞ്ഞു. കണ്ണൂർ വിരാട് എന്ന സ്ഥാപനമാണ് ഈ പ്രവർത്തനങ്ങൾക്കു നേതൃത്വത്തെ കുറിച്ചിട്ടുള്ളത്. തളിപ്പറമ്പ് നാടുകാണി എന്ന സ്ഥലത്തുള്ള വ്യവസായ എസ്റ്റേറ്റിലാണ് സംസ്കരണ ശാല സ്ഥാപിക്കുക. ഇതിന്റെ ഭാഗമായി മുടി അടിസ്ഥാന ഘടകമായി പ്രവർത്തിക്കുന്ന മേഖലയിലെ തൊഴിലാളി സംഘടനകളുമായി ഇതിനകം ചർച്ച പൂർത്തീകരിച്ചു കഴിഞ്ഞു. സംസ്കരണ സംവിധാനത്തിനാവശ്യമായ സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിനുള്ള ധാരണ പത്രത്തിലും പ്രസ്തുത സ്ഥാപനം ഒപ്പിട്ടു. മുടി ശേഖരണത്തിനും അവ ലക്ഷ്യസ്ഥാനത്തു യഥാസമയം എത്തിക്കുന്നതിനും പ്രത്യേകം സംവിധാനം ഉണ്ടാക്കുവാൻ പദ്ധതി തയ്യാറായി കഴിഞ്ഞു. ജില്ലയിലെ ബ്യൂട്ടി പാർലറുകൾ, ബാർബർഷോപ്പു



കൾ എന്നിവയെ കുറിച്ചുള്ള പ്രാഥമിക വിവരശേഖരണവും പൂർത്തിയായി. സംസ്ഥാനത്തു ഇത്തരത്തിലുള്ള സംസ്കരണശാല ദക്ഷിണേന്ത്യയിൽ ഇത് ആദ്യത്തേതാണ്.

## പച്ചക്കറി അവശിഷ്ടങ്ങളിൽ നിന്നും ജൈവവളം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ പുതിയൊരു പ്ലാന്റ് ഒരുങ്ങുകയാണ്. പച്ചക്കറി അവശിഷ്ടങ്ങളിൽ നിന്നും ജൈവവളം നിർമിക്കുന്ന ജപ്പാൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് കൊണ്ടുള്ള സംസ്കരണ ശാല. മട്ടന്നൂർ നഗരസഭയുടെ പൊറോറയിലുള്ള സ്വന്തം സ്ഥലത്താണ് ഈ പ്ലാന്റ് സ്ഥാപിക്കുന്നത്.

പച്ചക്കറി അവശിഷ്ടങ്ങൾ 10–15 ദിവസങ്ങൾ മാത്രം സമയമെടുത്തു സംസ്കരിച്ചു ജൈവ വളമാക്കുന്നതാണ് ഈ പ്ലാന്റിന്റെ പ്രത്യേക യാതൊരു ദുർഗന്ധവും ഇല്ലാതെ സംസ്കരണം സാധിക്കുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ഗുണം 80 ശതമാനം വരെ ജലാംശമുള്ള ജൈവമാലിന്യം പോലും ഈ പ്ലാന്റിൽ ജൈവവവളമാക്കാൻ സാധിക്കും ഒരു ദിവസം ഒരു ടൺ ജൈവവളമാണ് ഈ സംവിധാനത്തിൽ സംസ്കരിക്കാൻ സാധിക്കും. പൂർണമായും ജപ്പാനിൽ നിർമിച്ച യന്ത്രങ്ങളാണ് പ്ലാന്റിൽ ഉപയോഗിക്കുന്നത്. മട്ടന്നൂർ, കൂത്തുപറമ്പ്, ഇരിട്ടി നഗരസഭകളിൽ മുഴുവൻ പച്ചക്കറികടകളിലെയും അവശിഷ്ടങ്ങൾ ഇവിടെ സംസ്കരിക്കാൻ സാധിക്കും.

## മികച്ച മാലിന്യ സംസ്കരണം പുരസ്കാരങ്ങളുടെ പ്രവാഹം

ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ, എന്നിവ നടപ്പിലാക്കിയ മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾക്ക് വലിയ അംഗീകാരമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. റെൻഡർ പ്ലാന്റ് സ്ഥാപിച്ചതിനും കൂറ്റൻ മഴവെള്ള സംഭരണിയും ജൈവവ മാലിന്യ സംസ്കരണത്തിനായി കൂറ്റൻ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിനും മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലിനും പാപ്പിനിശേരി ഗ്രാമ പഞ്ചായത്തിന് കേന്ദ്ര സർക്കാരിന്റെ പ്രഥമ പഞ്ചായത്തു ഡവലപ്മെന്റ് പ്ലാൻ അവാർഡ് ലഭിച്ചു. മികച്ച ഗ്രാമ പഞ്ചായത്തുകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ സ്വരാജ് ട്രോഫിയും (ഒന്നാം സ്ഥാനം) ഈ വർഷം പാപ്പിനിശേരി ഗ്രാമ

പഞ്ചായത്തിനായിരുന്നു. പടിയൂർ ഗ്രാമ പഞ്ചായത്തു കഴിഞ്ഞ വർഷം നടത്തിയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഇന്ത്യക്കാകെ മാതൃകയായി മാറി. അതിനു പ്രസ്തുത ഗ്രാമപഞ്ചായത്തിന് സ്വച്ഛ് ഭാരത് പുരസ്കാരം ലഭിച്ചു.

ജില്ലയിലെ പരിയാരം ഗ്രാമ പഞ്ചായത്തു ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് നടത്തിയ മികച്ച ഇടപെടൽ അഖിലേന്ത്യാ തലത്തിൽ 10 മികച്ച സ്വച്ഛ ഭാരത പഞ്ചായത്തുകളിലൊന്നായി തെരഞ്ഞെടുക്കാൻ ഇടയാക്കി.

## മാലിന്യ ശേഖരണത്തിന് ഡിജിറ്റൽ സംവിധാനവുമായി തളിപ്പറമ്പ നഗരസഭ

മാലിന്യ സംസ്കരണത്തിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ പ്രധാനമായും നിർദേശിച്ച പ്രവർത്തനമാണ് ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക എന്നുള്ളത്. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ നഗരസഭ ഇക്കാര്യത്തിൽ വളരെ നേരത്തെ തന്നെ സംസ്ഥാനത്തെ ആദ്യ നഗരസഭയായി മാറി. നെല്ലിക്ക എന്ന മൊബൈൽ ആപ് ഉപയോഗിച്ചാണ് നഗരസഭയിൽ ഹരിത കർമ്മസേന മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഓരോ വീടിനും സ്ഥാപനത്തിനും പ്രത്യേകം ക്യു ആർ കോഡ് നൽകി. വീടുകളിൽ ഹരിത കർമ്മ സേന എത്തിയാൽ ക്യു ആർ കോഡ് സ്കാൻ ചെയ്യുകയും ലഭിക്കുന്ന അജൈവ മാലിന്യത്തിന്റെ അളവും ലഭിച്ച യുസർ ഫീയുടെ വിശദാംശങ്ങളും രേഖപ്പെടുത്തുകയും ചെയ്യും. വീടുകളിൽ ആളില്ല എങ്കിൽ പ്രസ്തുത ആപ്പിൽ നിന്ന് തന്നെ വീട്ടിലെ താമസക്കാർക്ക് സന്ദേശം അയക്കാനും സാധിക്കും. വീടിന്റെ സ്ഥാനം അറിയാനും വീട്ടുകാർക്ക് ഹരിത കർമ്മ സേന അംഗത്തെ ക്കുറിച്ചു എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അത് മുനിസിപ്പൽ ഓഫീസിൽ പോകാതെ തന്നെ പരാതി നൽകാനും ഈ ആപ്പിൽ സംവിധാനം ഉണ്ട്. ഓരോ ദിവസവും ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് എത്ര എന്ന് അറിയാനും ലഭിച്ച യുസർ ഫീസ് അറിയാനും ഇത് കൊണ്ട് സാധിക്കും. ഇതിനു പുറമെ മുനിസിപ്പാലിറ്റി ഓഫീസുമായി ബന്ധപ്പെട്ട മറ്റു നികുതികൾ അടക്കാനും വാട്ടർ ബില്ല് വൈദ്യുതി ബില്ല് മറ്റു നികുതികൾ എന്നിവ അടക്കാനും ഈ അപ്പു കൊണ്ട് സാധിക്കുന്നു. നിർമൽ ഭാരത് എന്ന ചാരിറ്റബിൾ സൊസൈറ്റിയാണ് തളിപ്പറമ്പ നഗരസഭയിലെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്. 34 ഹരിത കർമ്മ സേന അംഗങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ മാസത്തിൽ ഒരു തവണയും മറ്റു അജൈവ മാലിന്യങ്ങൾ നിശ്ചിത സമയ ക്രമത്തിൽ വർഷത്തിൽ നാലു തവണയായും എല്ലാ വീടുകളിൽ നിന്നും ശേഖരിക്കുകയും ചെയ്യുന്ന രീതിയാണ് തളിപ്പറമ്പിൽ നിലവിലുള്ളത്.



## നിയമ നടപടികളിലും ജില്ല മുന്നിൽ

പ്ലാസ്റ്റിക് ദുരുപയോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തുമ്പോൾ തന്നെ നിയമ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും കണ്ണൂർ ജില്ല മുന്നിലാണെന്ന് കഴിഞ്ഞ ഒരു വർഷത്തെ കണക്കുകൾ തെളിയിക്കുന്നു.

## തീർത്ഥാടനങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ

വലിയ ഉത്സവങ്ങൾക്കും, ആഘോഷങ്ങൾക്കും, മേളകൾക്കും ശേഷമുണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ വളരെ വലുതാണ്. ജൈവാവശിഷ്ടങ്ങളുടെ ഉറവിട മാലിന്യ സംസ്കരണവും പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയമായസംസ്കരണവും പുനഃ ചംക്രമണവുമാണ് ഏറ്റവും ഉചിതമായ പ്രശ്നപരിഹാര മാർഗം. ഇതിനുവേണ്ടി ശാസ്ത്രബോധവും സന്നദ്ധതയുമുള്ള ഒരു കൂട്ടം ആളുകളുടെ സേവനം, ആവശ്യഘട്ടങ്ങളിൽ നിയമത്തിന്റെ പിൻബലം, സർക്കാർ വകുപ്പുകളുടെയും ഇതര ഏജൻസികളുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം എന്നിവ അനിവാര്യമാണ്. ഈ തിരിച്ചറിവോടെയാണ് എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, ഹരിത കേരളം മിഷനും, ശുചിത്വ മിഷനും മറ്റ് ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലയിലെ വലിയ ഉത്സവാഘോഷാങ്ങളും പെരുന്നാളുകളും മാറിയിരുന്നു ഉത്സവങ്ങളും പെരുന്നാളും ഹരിത ചട്ടം പാലിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതിന് കഴിഞ്ഞത്. പേപ്പറിലും പ്ലാസ്റ്റിക്കിലും, തെർമോക്കോളിലും നിർമിതമായ എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം പൂർണമായി ഒഴിവാക്കിയും, മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും, ജൈവ മാലിന്യം വളമാക്കി മാറ്റിയും, അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും, ഗ്രീൻ പ്രോട്ടോകോൾ ജില്ലയിൽ വിജകരമായി നടപ്പിലാക്കാനായത് മേൽപ്പറഞ്ഞ ഘടകങ്ങൾ ഒത്തിണക്കത്തോടെ പ്രവർത്തിച്ചത് കൊണ്ടാണ്.

ഉറവിട മാലിന്യ സംസ്കരണത്തിനും പ്ലാസ്റ്റിക് വസ്തുക്കളുടെ ശേഖരണത്തിനും തുടർന്നുള്ള തരംതിരിക്കലിനും താൽക്കാലിക എം സി എഫ് -നുള്ള സ്ഥലം സംഘാടകർ തന്നെ കണ്ടെത്തി. ഉത്സവ പെരുന്നാൾ കാലഘട്ടത്തിൽ നിശ്ചിത ദിവസത്തേക്ക് ആഘോഷ പ്രദേശത്ത് ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കും ഡിസ്പോസിബിൾസും നിരോധിച്ചുകൊണ്ട് കേരള പോലീസ് ആക്ട് സെക്ഷൻ 80 പ്രകാരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. എൻ എസ് എസ് ടെക്നിക്കൽ സെൽ വിദ്യാർഥികൾക്ക്, പ്രോഗ്രാം കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ കച്ചവടക്കാരെയും പൊതുജനങ്ങളെയും ലക്ഷ്യമാക്കിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ചുമതല നൽകി. ജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനും അജൈവ മലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനും തരംതിരിവിനും സാങ്കേതിക ഉപദേശം നല്കാൻ ഏജൻസികളെ ഏർപ്പെടുത്തി. ഇതുകൂടാതെ ഓരോ പ്രദേശത്തേയും സന്നദ്ധസേവകരായ സംഘടനകളുടെയും ആളുകയുടെയും മറ്റ് സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി .ചുമതലകൾ വീതിച്ചു നല്കപ്പെട്ടപ്പോൾ എല്ലാവരേയും കൂട്ടിയോജിപ്പിക്കുന്ന കണ്ണികളായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, ഹരിത കേരളം മിഷനും, ശുചിത്വ മിഷനും പ്രവർത്തിച്ചു .



## തിരുവൈരാണിക്കുളം ക്ഷേത്ര നടതുറപ്പ് ഉത്സവം

എല്ലാവർഷവും ധനുമാസത്തിലെ തിരുവാതിര നാളിൽ നടത്തപെടുന്ന തിരുവൈരാണിക്കുളം നടതുറപ് മഹോത്സവം12 ദിവസങ്ങളിലായി 10 ലക്ഷത്തോളം ഭക്തത ജനങ്ങൾ പങ്കെടുക്കുന്ന ഒരു ഉത്സവമാണ്.

തുരുവൈരാണിക്കുളം മഹാദേവ ട്രസ്റ്റ്, ജില്ലാ ഭരണകൂടം, ഹരിതകേരളം മിഷൻ, ജില്ലാ ശുചിത്വ മിഷൻ എന്നിവർ ചേർന്നുകൊണ്ട് പോലീസ്, പഞ്ചായത്ത്, റവന്യൂ, ഹെൽത്ത് വകുപ്പുകളുടെ ഏകോപനത്തോടെ 2018, 2019 വർഷത്തിൽ തിരുവൈരാണിക്കുളം നടതുറപ്പ് ഉത്സവം ഹരിതചട്ടപ്രകാരം നടത്തി. പരിപാടിയുടെ സുഗമമായ നടത്തിപ്പിനും ഉപയോഗശേഷം വലിച്ചെറിയുന്ന അജൈവ മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും പ്ലാസ്റ്റിക് ക്യാരിബാഗുകൾ ,ഡിസ്പോസിബിൾസ് എന്നിവ നിരോധിച്ചുകൊണ്ട് ജില്ലാ കളക്ടർ മജിസ്റ്റീരിയൽ ഉത്തരവ് പുറപ്പെടുവിച്ചു. ക്ഷേത്ര ട്രസ്റ്റിന്റെ ഇച്ഛാശക്തിയും, ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവും, ഹരിതസഹായസ്ഥാപനവുമായ ഹൈടെക്ബയോ ഫെർട്ടിലൈസേഴ്സിന്റെ സാങ്കേതിക ഉപദേശവും, എസ് സിഎംഎസ്എഞ്ചിനീയറിംഗ് കോളേജ്എൻഎൻഎസ് ടെക്നിക്കൽ സെൽ വോളണ്ടീയേഴ്സിന്റെയും ഹരിതകർമ സേനയുടെയും സജീവപങ്കാളിത്തവും ചിട്ടയായ കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങളും പദ്ധതി വിജയകരമാക്കി. ജൈവമാലിന്യം പ്രത്യേകം ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിച്ചു. അജൈവ മാലിന്യങ്ങൾ താൽക്കാലിക മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിച്ച് തരംതിരിച്ച് പുനഃചംക്രമണത്തിനായി കൈമാറി. 12 ദിവസങ്ങളിൽ 10 ലക്ഷം ഭക്തജനങ്ങളിലേക്ക് ശുചിത്വ സന്ദേശം എത്തിക്കുന്നതിനോടൊപ്പം ഏകദേശം 15 ടൺ മാലിന്യം ശാസ്ത്രീയസംസ്കരണത്തിന് വിധേയമാക്കുന്നതിനും കഴിഞ്ഞു

കഴിഞ്ഞ രണ്ട് വർഷങ്ങളിലും ഇതേ മാതൃക അനുവർത്തിച്ചതുമേൽ തീർത്ഥാടനം വിജയകരമായി നടത്തി. ആദ്യവർഷത്തെ ഗ്രീൻ പ്രോട്ടോകോളിന്റെ അഭൂത



പൂർവ്വമായ വിജയത്തെ തുടർന്ന് ശ്രീ മൂലനഗരം ക്ഷേത്ര ട്രസ്റ്റ് 50 ലക്ഷം രൂപ ചിലവിൽ ഒരു എസ് റ്റി പി പ്ലാൻറ് അടുത്ത ഉത്സവ കാലത്തിനു മുന്നേ തന്നെ നിർമിക്കുകയുണ്ടായി

## മലയാറ്റൂർ തീർത്ഥാടനം

മലയാറ്റൂർ അന്താരാഷ്ട്ര തീർഥാടന കേന്ദ്രത്തിൽ 2015-മുതൽ തുടർച്ചയായി 3 വർഷക്കാലം 'ഗ്രീൻ പ്രോട്ടോകോൾ' നടപ്പിലാക്കുന്നു. ജില്ലാ ഭരണകൂടം, ജില്ലാ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, എറണാകുളം രൂപത, മലയാറ്റൂർ പള്ളി ഇടവക വനം വകുപ്പ്, എൻ എസ് എസ്, കുടുംബശ്രീ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയും സന്നദ്ധ വോളന്റിയർമാരുടെയും സഹകരണത്തോടെയുമാണ് പദ്ധതി വിജയകരമായി നിർവഹിച്ചത്. പള്ളിപരിസരത്ത് ഡിസ്പോസിബിൾ വസ്തുക്കളും പാക്കേജ് വസ്ത്തുക്കളും അവയുടെ വില്പനയും കർശനമായി നിരോധിച്ചു കൊണ്ട് കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. തീർത്ഥാടന കേന്ദ്രത്തിന്റെ ഒരു വശം ഗ്രീൻ സോൺ ആയി പ്രഖ്യാപിച്ചു. സ്റ്റീൽ പാത്രങ്ങളിൽ അന്നദാനം നടത്തി . തീർത്ഥാടനകേന്ദ്രത്തിന്റെ പലഭാഗത്തായി കുടിവെള്ള കിയോസ്ക്കും, സ്റ്റീൽ ഗ്ലാസുകളും ഉറപ്പുവരുത്തി. ഡിസ്പോസിബിൾ കത്തിക്കുന്നതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള സന്ദേശങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള പ്രകൃതി സൗഹൃദ ബാനറുകൾ അടിവാരം മുതൽ മലമുകൾ വരെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചു. മലയാറ്റൂർ പഞ്ചായത്തിന്റെ കുടുംബശ്രീ യൂണിറ്റുകളുടെയും ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥി വൊലെന്റിയര്മാരുടെയും സഹകരണത്തോടെ കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. 2018 ൽ മാത്രം 22000 രൂപ ഫൈൻ ഈടാക്കി. സെൻറ് തെരേസാസ് കോളേജ് എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ തീർത്ഥാടകരെ ബോധവാന്മാരാക്കി. കവാടത്തിൽ വച്ച് തന്നെ പ്ലാസ്റ്റിക് ബോട്ടിലുകൾ തിരികെ വാങ്ങി. അടിവാരം മുതൽ ഏറ്റവും മുകളിൽ വരെ നടപ്പാതയിൽ ശുദ്ധജല പൈപ്പുകൾ സ്ഥാപിച്ച പള്ളി ട്രസ്റ്റ് ഹരിത പെരുന്നാളിന് എല്ലാ പിന്തുണയും നൽകി.

## ആലുവ ശിവരാത്രി മഹോത്സവം

ആലുവ നഗരസഭ, ജില്ലാ ഭരണകൂടം, ജില്ലാ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ ദേവസ്വം ബോർഡ് എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളോടെ 2019 മാർച്ചിൽ നടത്തിയ ശിവരാത്രി മഹോത്സവം ഹരിതചട്ടം അനുസരിച്ച് നടന്നു. പ്ലാസ്റ്റിക്-ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കിക്കൊണ്ട് ജില്ലാ കളക്ടർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചു . കച്ചവടക്കാരെയും താൽക്കാലിക സ്റ്റാൾ ഉടമകളെയും ലക്ഷ്യമാക്കി എൻ എസ് എസ് വോലെന്റിയേർസ് വഴി പ്രത്യേക ബോധവത്കരണ പരിപാടികൾ നടത്തി . ജില്ലാ കളക്ടറുടെ പ്രത്യേക ഉത്തരവനുസരിച്ച് മുൻസിപ്പൽ ആരോഗ്യവിഭാഗം, റവന്യൂ, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്ക്വഡ്, പ്ലാസ്റ്റിക്ക്യാരിബാഗുകളും ഡിസ്പോസിബിൾപാത്രങ്ങളും ഉപയോഗിച്ച കച്ചവടക്കാരിൽ നിന്നും 9500 രൂപ ഫൈൻ ഈടാക്കി. താത്കാലിക എം സി എഫ് മണപ്പുറത്ത് തന്നെ സജ്ജീകരിച്ചു. ആയിരങ്ങൾ പങ്കെടുത്ത അന്നദാനം സ്റ്റീൽ പത്രങ്ങളും ഗ്ലാസുകളും ഉപയോഗിച്ച് നടത്തി.

## ചങ്ങാതിച്ചെപ്പ്



വിദ്യാർത്ഥി ജീവിതത്തെ സമ്പുഷ്ടമാക്കുവാൻ വേണ്ടി അവർക്ക് സമഗ്ര വിദ്യാഭ്യാസം പ്രദാനം ചെയ്തുകൊണ്ട് 94 വർഷമായി നിലകൊള്ളുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് സെൻറ് തെരേസാസ് കോളേജ്. സെൻറ് തെരേസാസ് കോളേജിന്റെയും ഹരിത കേരള മിഷന്റെയും സംയുക്ത സംയോജനമാണ് 'ചങ്ങാതിച്ചെപ്പ്'. 'സമ്പൂർണമാലിന്യ വിമുക്തി' എന്ന ലക്ഷ്യം വെച്ചുകൊണ്ട് നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളിൽ നിന്നും മാലിന്യ സംസ്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും, പ്ലാസ്റ്റിക് പ്രകൃതിക്കുണ്ടാക്കുന്ന ദൂഷ്യ വശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുകയും അതുവഴി പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം കുറക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ലക്ഷ്യങ്ങൾ:**

- റെക്സിൻ പെൻസിൽ പൗച്ചുകൾക്ക് പകരം പരിസ്ഥിതി സൗഹൃദ പൗച്ചുകളുടെ ഉപയോഗം വർധിപ്പിക്കുക.
- തയ്യൽകടകളിൽ നിന്നുമുള്ള പാഴ്തുണിക്കഷ്ണങ്ങളെ പുനരുപയോഗിക്കുക
- പഠനത്തോടൊപ്പം ജോലി എന്ന ആശയം വിദ്യാർഥികളിൽ എത്തിക്കുക
- മൂന്ന് എൽ മോഡലിലൂടെ (ലോക്കൽ ടെലറിംഗ് വേസ്റ്റ്, ലോക്കൽ പ്രൊഡക്ഷൻ, ലോക്കൽ മാർക്കറ്റ്) നിരവധി സ്ത്രീകളെ/ കുടുംബശ്രീ അംഗങ്ങളെ സ്വയം തൊഴിൽ പദ്ധതിയിലേക്കു നയിക്കുക.
- വിദ്യാർഥിസമൂഹത്തിനു പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു അറിവ് പകരുക.

**പങ്കാളിത്തം**

- എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ
- ഹരിത കേരളം മിഷന്റെ എഇഡിസി ക്യാമ്പയിനും ഇതിനുവേണ്ടി പ്രവർത്തിക്കുന്നു.
- രസകരമായ ട്രോളുകളിലൂടെ സോഷ്യൽ മീഡിയ വഴിയും ക്യാമ്പയിൻ നടത്തുന്ന ഒരു കൂട്ടം വിദ്യാർത്ഥികളും ഉണ്ട്.

ഡോ. പത്മനാഭന്റെ നേതൃത്വത്തിൽ മിസ്. ശിവപ്രഭ ജി കമ്മത്തും ശ്രീമതി തസ്നിമും ചേർന്നാണ് ചങ്ങാതിച്ചെപ്പ് എന്ന ആശയം കൊണ്ടുവന്നത്. തുടർന്ന് അതിന്റെ രണ്ടാം ഘട്ടത്തിൽ സെൻറ് തെരേസാസ് കോളേജിന്റെ ഭാഗമായ സ്റ്റെപ് എന്ന സൊസൈറ്റിയിൽ അംഗമായ മിസ് ചങ്ങാതിചെപ്പിന്റെ ഭാഗമാവുകയും പരമാവധി കുടുംബശ്രീ അംഗങ്ങളെയും തെരേസാസ് വിദ്യാർത്ഥികളെയും ഇതിൽ ഉൾപ്പെടുത്തുകയും ചെയ്തു.



മിസ് ബിബിയ ബെന്നിയാണ് പെൻസിൽ പൗച്ചിന്റെ പ്രൊജക്റ്റ് ഹെഡ്. 'ചങ്ങാതിച്ചെപ്പ്' എന്ന പേര് തിരഞ്ഞെടുക്കുന്നതിൽ ക്ലബ് എഫ് എം 94.3 യുടെ സഹകരണവും ലഭിച്ചു. ഡോ. നിർമല പദ്മനാഭൻ, ഹരിത മിഷൻ കൺസൾറ്റൻറ് ശ്രീ ജഗ്ജീവൻ, ശ്രീ. സുജിത് തരുൺ എന്നിവരുടെ നിരന്തരമായ പരിശ്രമത്തിനൊടുവിലാണ് 'ചങ്ങാതിച്ചെപ്പിന്റെ' ലോഗോ ഉണ്ടായത്.

സെൻറ് തെരേസാസ് കോളേജിൻറെ സംരംഭങ്ങളായ സ്റ്റെപ്പ്, ഭൂമിത്ര സേന, ഇൻക്യൂബേഷൻ സെന്റർ എന്നിവയിലെ അംഗങ്ങളും 'ചങ്ങാതിച്ചെപ്പ്' അതിന്റെ പൂർണ രൂപത്തിലാവാൻ പിന്നിൽ പ്രവർത്തിച്ചു. യുവജനങ്ങളെ പോലെ തന്നെ മുതിർന്നവരെയും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചു ബോധവാൻമാരാക്കുന്നതിൽ ചങ്ങാതിച്ചെപ്പു വലിയൊരു പങ്ക് വഹിക്കുന്നു സമീപത്തുള്ള തയ്യൽക്കടകളിൽ നിന്നുമുള്ള വെയിസ്റ്റ് തുണികൾ ശേഖരിച്ചു മേൽത്തരം സിബ്ബും എല്ലാം നൽകി വിദ്യാർത്ഥികൾ അതിന്റെ പൂർണ്ണ രൂപത്തിൽ എത്തിക്കുന്നു. മൂന്നു മാസം കൊണ്ട് പത്തു കുട്ടികളും ശ്രീമതി തസ്നീമിന്റെ നേതൃത്വത്തിലുള്ള കുടുംബശ്രീ അംഗങ്ങളും ചേർന്നാണ് മൂവായിരം പൗച്ചുകൾ നിർമിച്ചത്.

ഹരിത കേരള മിഷൻ ഡിസ്ട്രിക്ട് കോർഡിനേറ്റർ ശ്രീ സുജിത് തര്യന്റ നേതൃത്വത്തിൽ കോളേജിന്റെ അലുംനി മിസ് കരീനയും ചങ്ങാതിച്ചെപ്പു ടീമിനോടൊപ്പം



ചേർന്ന് ഒട്ടനവധി മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും സ്ക്കൂൾ വിദ്യാർത്ഥികൾക്കായി ചങ്ങാതിച്ചെപ്പു നൽകുവാൻ പ്രവർത്തിച്ചു. ചങ്ങാതിച്ചെപ്പ് തിയെ എല്ലാവരിലേക്കും എത്തിക്കുവാൻ സെൻറ് തെരേസാസ് കോളേജിലെ വിദ്യാർത്ഥി സംഘവും രസകരമായ ട്രോളുകൾ നിർമിച്ചുകൊണ്ട് അവരുടെ പങ്കാളിത്തം ഉറപ്പാക്കി. ചങ്ങാതിച്ചെപ്പ് പദ്ധതി സെൻറ് തെരേസാസ് കോളേജ്, ചെങ്ങന്നൂർ, പറവൂർ മുനിസിപ്പാലിറ്റി, തുരുത്തിക്കര പഞ്ചായത്ത് എന്നിവിടങ്ങളിൽ നടപ്പാക്കി കഴിഞ്ഞു.

**മറ്റ് പ്രകൃതി ഉൽപ്പന്നങ്ങൾ:**

എറണാകുളം സെൻറ് തെരേസാസ് കോളേജ് വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് രൂപീകരിച്ച ഒരു ചാരിറ്റബിൾ സൊസൈറ്റി ആണ് സ്റ്റെപ്പ് (സൊസൈറ്റി ഓഫ് തെരേസിയൻസ് ഫോർ എൻവിറോൺമെന്റ് പ്രൊട്ടക്ഷൻ). തിരുവിതാംകൂർ കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിസ് റെജിസ്ടഷ്രേൻ ആക്ട്, 1955 പ്രകാരമാണ് ഇത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിനായി പ്രവർത്തനങ്ങൾ നടത്തുക, അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ



പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികൾക്കിടയിൽ സാമൂഹിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവന മാർഗം നൽകുക എന്നിവയാണ് സ്റ്റെപ്പിന്റെ ലക്ഷ്യങ്ങൾ.

കോളേജ് ക്യാമ്പസ്സിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സൗഹൃദ തുണി സഞ്ചികളാണ് നൽകുന്നത്. റെക ്സിനും ബാഗുകൾക്കും പകരമാണ് 'പ്രകൃതി ബാഗ്' ഭൂമിത്രം സഞ്ചി' എന്നെല്ലാം അറിയപ്പെടുന്ന ഈ തുണിസഞ്ചികൾ നൽകുന്നത്.

ക്യാമ്പസ്സിൽ പ്ലാസ്റ്റിക്, പേപ്പർ കപ്പുകൾ ഇല്ലാതാക്കാൻ സ്റ്റീൽ കപ്പുകളും പകരം നൽകുന്നു. ജില്ലാ കളക്ടറുടെ 'എന്റെ ഹരിത ഭവനം' എന്ന പദ്ധതിയും കോളേജ് ഏറ്റെടുത്തിട്ടുണ്ട്.

റീയൂസബിലെ സാനിറ്ററി നാപ്കിൻ, ഡയപ്പെർ എന്നിവയും ഉത്പാദിപ്പിക്കുന്നു. എറണാകുളം ജില്ലാ അഡ്മിനിസ്ട്രേഷൻ, ജില്ലാ ശുചിത്വ മിഷൻ, എന്നിവയുടെ സഹായ സഹകരണവും ഈ പദ്ധതികൾക്കു ലഭിക്കുന്നുണ്ട്.

കുടുംബശ്രീ അംഗങ്ങൾക്കും ഇത്തരം തുണിസഞ്ചികൾ/പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ തയ്ച്ചു നൽകുവാൻ മാർഗനിർദേശം നൽകുന്നു. കോളേജിലെ ഭൂമിത്ര സേന ക്ലബ് അംഗങ്ങളാണ്. നിരവധി സ്ഥാപനങ്ങളിലും, പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ഒട്ടനവധി ആളുകളെ ഇത്തരത്തിൽ ഭൂമിത്ര സേന അംഗങ്ങൾ ട്രെയിൻ ചെയ്യുന്നു.